Δ26xM52:13
32F4

152:13
32F4
DA-
OGI.

MUL
034887

**Madras University Library.**

Call Number [redacted] Δ26xM5'Z:13
32F4

Accession Number 34887

Available for loan from

This book should be returned on or before the date last marked below.

11 MAY 1962

7 JAN 1963

14 JAN 1965

19 FEB 1966

061

Mokshapradipam. by
Brahmananda Swami Sivayogi

ആനന്ദ ഏവ വിജയതേ
മനഃസ്വാസ്ഥതൈവാനന്ദഃ
മനോജയ ഏവ മഹാജയഃ
അഹിംസൈവ പരമോധർമ്മഃ

# മോക്ഷപ്രദീപം

ഭഗവൽഗീതാസാരസഹിതം

ഗ്രന്ഥകർത്താ
ബ്രഹ്മാനന്ദസ്വാമിശിവയോഗീ

ഏഴാം പതിപ്പ്

തൃശ്ശിവപേരൂർ
വാണീകളേബരം അച്ചുകൂടത്തിൽ
അച്ചടിക്കപ്പെട്ടത്.

All Rights Reserved

1924

വില ഉറുപ്പിക 1—8—0

34887
D26xM52:13
32F4

# വിഷയസൂചിക


| | | ഭാഗം. |
|---|---|---|
| ൧. | ശക്തിമാഹാത്മ്യപ്രകരണം ... ... | ൧ |
| ൨. | മതഭേദപ്രകരണം ... ... | ൧൪ |
| ൩. | യോഗമാഹാത്മ്യപ്രകരണം ... ... | ൧൭ |
| ൪ | യോഗമാഹാത്മ്യ ഭഗവൽഗീതാസാരം ... | ൫൯ |
| ൫ | സാംഖ്യജ്ഞാനവൈകല്യപ്രകരണം ... | ൯൩ |
| ൬. | യാഗാദി കർമ്മഖണ്ഡനപ്രകരണം ... | ൧൧൬ |
| ൭. | ജാതിഭേദ ഖണ്ഡനാദിപ്രകരണം ... | ൧൩൨ |
| ൮. | കലികാലാപവാദ ഖണ്ഡനാദിപ്രകരണം .. | ൧൫൧ |
| ൯. | അഹങ്കാരശങ്കാഖണ്ഡനാദിപ്രകരണം ... | ൧൬൧ |
| ൧൦. | ഭിക്ഷാടന ഖണ്ഡനാദിപ്രകരണം ... | ൧൬൪ |
| ൧൧. | മൂത്തത്വശങ്കാ ഖണ്ഡനപ്രകരണം ... | ൧൬൯ |
| ൧൨. | വേഷപ്രയോജനപ്രകരണം ... ... | ൧൭൦ |
| ൧൩. | രാജയോഗപ്രകരണം ... ... | ൧൭൩ |
| ൧൪. | അഷ്ടാംഗയോഗപ്രകരണം ... ... | ൧൭൬ |
| ൧൫. | രൂപധ്യാനാദി ഖണ്ഡനപ്രകരണം ... | ൧൯൬ |
| ൧൬. | ആഹാരാദി ക്രമപ്രകരണം ... ... | ൨൦൪ |
| ൧൭. | മനഃസിദ്ധിപ്രകരണം ... ... | ൨൦൬ |
| ൧൮. | വ്യവഹാരം ഇന്ദ്രിയനിഗ്രഹം ... | ൨൧൧ |
| ൧൯. | യോഗാധികാരം... ... ... | ൨൧൨ |
| ൨൦. | പൌരുഷം ... ... ... | ൨൧൪ |
| ൨൧. | രാഗാദി ജയം ... ... ... | ൨൧൬ |
| ൨൨. | മാനുഷത്വം ... ... ... | ൨൧൮ |
| ൨൩ | ആലോചനാ ... ... ... | ൨൧൯ |
| ൨൪. | സൽസംഗഗുണം ... ... | ൨൨൩ |

| | | ഭാഗം. |
|---|---|---|
| ൨൫. | സാരഗ്രഹണം ... ... ... | ൨൨൪ |
| ൨൬ | ശക്തിതത്വം ... ... ... | ൨൨൬ |
| ൨൭. | മൂൎത്തിഭേദം ... ... ... | ൨൩൯ |
| ൨൮. | സ്നാനവ്രതപൂജാദി ... ... | ൨൪൨ |
| ൨൯. | ശാസ്ത്രാദി നിരാകരണം ... ... | ൨൪൯ |
| ൩൦. | ഭാഷാനിന്ദാ ഖണ്ഡനാദി ... ... | ൨൫൦ |
| ൩൧ | സ്വതഃസിദ്ധി, ജാതിഭേദാദി ത്യാഗം ... | ൨൫൧ |
| ൩൨ | വിദ്യാഭ്യാസഗുണം, വിജനസ്ഥിതിഹേതു ... | ൨൫൪ |
| ൩൩ | യോഗസിദ്ധി ... ... | ൨൫൬ |
| ൩൪ | സപ്തഭൂമ്യാദിസിദ്ധി ... ... | ൨൫൭ |

UNIVERSITY LIB

ആനന്ദശ്ചൈവവിജയതെ
മനഃസ്വാസ്ഥ്യമെതവാനന്ദഃ
മനോജയശ്ചൈവമഹാജയഃ
അഹിംസൈവപരമോധർമ്മഃ.

## മുഖവിന്യാസഃ

ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്ന ചതുർവ്വിധപുരുഷാർത്ഥങ്ങളിൽ വെച്ചു മോക്ഷമാണ് മുഖ്യ പുരുഷാർത്ഥം എന്നു മിക്കജനങ്ങളും അറിയുന്നു. അങ്ങിനെയുള്ള മോക്ഷത്തെ സാധിപ്പാനുള്ള മുഖ്യസാധനം യോഗമാണെന്നറിയുന്നവർ വളരെ ചുരുക്കമായിരിക്കുന്നു. യോഗമാഹാത്മ്യത്തെ അറിയാതെ അതിനെ ദൂഷിക്കുന്ന വേദാന്തികൾ ദിശി ദിശി വർദ്ധിച്ചും വന്നിരിക്കുന്നു. അറിവില്ലാത്ത ചില കൂട്ടർ ആ ദൂഷണത്തെ വിശ്വസിക്കയും ചെയ്യുന്നു. അതിന്നുപുറമെ ചില ദുർബ്ബലസ്മൃതികളിൽ ഘോഷിച്ചിരിക്കുന്ന യാഗാദികർമ്മങ്ങൾ മോക്ഷോപായങ്ങളാകുന്നു എന്നു ഭ്രമിച്ചു ചിലർ അനേകകർമ്മങ്ങൾ ചെയ്തു കഷ്ടപ്പെട്ടു കാലം മിഥ്യയാക്കി കളയുന്നു. പഠിപ്പില്ലാത്തവർക്കു മോക്ഷം കിട്ടില്ലെന്നു പണ്ഡിതന്മാരുടെ ദുരുക്തിയും ദുര്യുക്തിയും കേട്ടു ചില സാധുക്കൾ പരിതപിക്കുന്നു. ഈശ്വരനെ ആരാധിപ്പാൻ നമുക്ക് അധികാരമില്ലല്ലോ എന്നു ചിലർ വ്യസനിക്കുന്നു. സംസാരമെല്ലാം ഉപേക്ഷിച്ചു കാട്ടിലൊ ഗുഹയിലൊ പർവ്വതത്തിലൊ ക്ഷേത്രത്തിലൊ ചെന്നിരുന്നാലെ മുക്തി കിട്ടു, വീട്ടിലൊ നാട്ടിലൊ ഇരുന്നാൽ മുക്തി കിട്ടില്ലെന്നു വിചാരിച്ചു ചിലർ സംഭ്രമിക്കുന്നു. ചിലർ പുത്രനില്ലെങ്കിൽ ഗതിയില്ലല്ലോ എന്നു വ്യസനിക്കുന്നു. ചിലർ പട്ടിണികിടന്നു സൽഗതിയെ സാധിക്കാമെന്നു കരുതി ക്ലേശിക്കുന്നു. ചിലർ തീർത്ഥാടനത്താൽ ദുഃഖ നിവൃത്തി വരുമെന്നു വിചാരിച്ച്

അലയുന്നു. ചിലർ വേദശാസ്ത്രാദികളെല്ലാം പഠിച്ചാലെ തത്വം അറിവാനും ദുഃഖത്തിൽനിന്നു കരകയറുവാനും കഴികയുള്ളു എന്നു കരുതി കഠിനകഷ്ടം ചെയ്തു കാലം കഴിക്കുന്നു. ഇങ്ങിനെയുള്ള കഠിനകഷ്ടദുഃഖങ്ങളുടെ നിവാരണത്തിന്നുവേണ്ടി യോഗമാർഗ്ഗത്തെ ഒന്നു പ്രകാശിപ്പിക്കേണമെന്നാണ് എന്റെ ഒന്നാമത്തെ ഉദ്ദേശം. പിന്നെ ഹിന്തുക്കൾ അസമദൃഷ്ടികളായും സ്വജനദ്വേഷികളായും തീർന്ന് അത്യുന്നതസ്ഥിതിയിൽനിന്ന് അധഃപതിച്ചതു ജാതിഭേദാദ്യനാചാരങ്ങൾകൊണ്ടാകുന്നു. ആ അനാചാരങ്ങളെ ഖണ്ഡിക്കേണമെന്നാണ് രണ്ടാമത്തെ ഉദ്ദേശം. ഇതുകൊണ്ടു ഹിന്തുക്കൾക്കു സിദ്ധിക്കുന്ന ഗുണം മറെറാന്നുകൊണ്ടും സിദ്ധിക്കയില്ല. വാസ്തവം അങ്ങിനെയാകുന്നുവെങ്കിലും അനേകജനം എന്നെ അധിക്ഷേപിക്കും. അങ്ങിനെയല്ലെ അനാചാരങ്ങളെ ഖണ്ഡിച്ച് അഹിംസാ എന്ന മുഖ്യധർമ്മത്തെ ആഘോഷിച്ച ഗുണനിധിയും ദയാനിധിയും ജ്ഞാനനിധിയും നിർദ്ദോഷിയും വിഷ്ണുവിന്റെ അവതാരമാണെന്നു ഹിന്തുക്കളാൽ സമ്മതിക്കപ്പെടുന്ന മഹാനും ആയ ബുദ്ധനെക്കൂടി നാട്ടിൽനിന്ന് ഓടിച്ച കൂട്ടരല്ലെ നമ്മുടെ കൂട്ടക്കാർ? ഈ കൂട്ടരിൽനിന്നു ഭയപ്പെട്ടിട്ടാണ് ഹിന്തുക്കളുടെ ഇടയിലുള്ള മഹായോഗികൾ യോഗജ്ഞാനവഴിയെ പ്രസംഗിച്ചു നടക്കാതെ ഗ്രന്ഥങ്ങളിൽ മാത്രം എഴുതിയിട്ടും സാരഗ്രാഹികൾക്കു മാത്രം ഉപദേശിച്ചതും. ആ പ്രബലപ്രമാണങ്ങളേയും സാരോപദേശത്തേയും അറിയാത്തവരും ചില മത്സരദൃഷ്ടികളും സ്ഥൂലബുദ്ധികളും മാത്രമെ എന്നെ അധിക്ഷേപിക്കയുള്ളൂ. പണ്ടു മഹാന്മാർ സംസ്കൃതഭാഷയിൽ പറഞ്ഞ സിദ്ധാന്തപക്ഷത്തെയാണ് ഞാൻ മലയാളത്തിൽ പറഞ്ഞിട്ടുള്ളത് എന്നു ഞാൻ ഉദാഹരിച്ചിരിക്കുന്ന പ്രമാണങ്ങളാൽ അറിയുന്നതുകൊണ്ടു വിദ്വാന്മാർ എന്നെ ദൂഷിക്കയില്ല. അഥവാ അതും എനിക്കു ചിന്തിക്കേണ്ട ആവശ്യമില്ല. അനാചാരങ്ങളെ ഖണ്ഡിച്ചു യോഗതത്വത്തെ പ്രകാശിപ്പിക്കുന്നതു ലോകോപകാരമായിവരുമൊ എന്നുമാത്രമെ സൂക്ഷ്മത്തിൽ ചിന്തിക്കേണ്ടതുള്ളു. ൧൲൦൮-ൽ ഞാൻ ഉണ്ടാക്കി പ്രസിദ്ധം ചെയ്ത "സിദ്ധാന്തശ്രുതി" എന്ന പുസ്തകം ഒരുകൊല്ലത്തിലകംതന്നെ ചിലവായി

രണ്ടാമത് അച്ചടിക്കുവാൻ സംഗതിവന്നിരിക്കുന്നു. ആ പുസ്തകത്തെ വായിച്ചു പരമാനന്ദിച്ചുകൊണ്ടു പലരും ഇനിക്ക് എഴുതിയിരിക്കുന്നു. ചിലർ അതിദ്ദൂരദിക്കിൽനിന്നുകൂടി എന്റെ അരികിൽ വന്നു സിദ്ധോപദേശത്തേയും വാങ്ങിയിരിക്കുന്നു. വിശേഷിച്ച് ഈ മോക്ഷപ്രദീപം എന്ന പുസ്തകത്തെ പ്രസിദ്ധം ചെയ്യാൻ തക്ക ദ്രവ്യം ഇനിക്കില്ലെന്ന് എന്റെ സിദ്ധാനുഭൂതി മുഖവിന്യാസത്തിൽനിന്നറികയാൽ "അതിന്നു വേണ്ടിവരുന്ന പണം ഞാൻ അയച്ചുതരാം" എന്നു മുമ്പു പരിചയമില്ലാത്ത അയിനിപ്പിള്ളി ഉണ്ണീരിനാമ പരമഭക്തൻ ഇനിക്ക് എഴുതിയിരിക്കുന്നു. ആ എഴുത്തിന്നു മുമ്പായിത്തന്നെ രാ. രാ. ശ്രീ. വണ്ടാഴി നെല്ലിക്കലെടം കോമ്പിയച്ഛനവർകൾ മോക്ഷപ്രദീപത്തിനെ പ്രസിദ്ധം ചെയ്യാൻ വേണ്ട പണം തരാമെന്നു നിശ്ചയിച്ചപോയിരിക്കുന്നു. ആ സംഗതിയെ മറുപടിയിൽ കാണിച്ച പണം വേണ്ടെന്ന് എഴുതുകയാൽ ടി. ഉണ്ണീരിനാമ ഭക്തശിരോമണിക്കു കണ്ഠിതമുണ്ടെന്ന് ഇനിക്ക് എഴുതി അറിയിച്ചിരിക്കുന്നു. മേൽപറഞ്ഞ സംഗതികൾ സാരഗ്രാഹികളുടെ ഇടയിൽ എന്റെ ഉദ്യമം പരമോപകാരമായിത്തീരുമെന്ന് എന്നെ ധൈര്യപ്പെടുത്തുന്നു. പണ്ടുള്ള മഹായോഗികളുടെ ഉദ്യമവും സാരഗ്രാഹികളിൽ മാത്രമെ ഫലിച്ചിട്ടുള്ളു. വായുപീഡാദിരോഗം നിമിത്തവും ദേഹപ്രകൃതിഭേദം നിമിത്തവും വിശേഷപ്പെട്ട അന്നവർഗ്ഗംകൂടി ചിലക്ക് അനുഭവിപ്പാൻ നിർവ്വാഹമില്ലാതെ അപത്ഥ്യമായും അനിഷ്ടമായും ഇരിക്കുന്നു. പിത്തത്താൽ ദുഷിച്ചിരിക്കുന്ന നാവിന്നു പഞ്ചസാരകൂടി കയ്ക്കുന്നു. കണ്ണിൽ ദീനമുള്ളവന്നു രാത്രി ദീപത്തെ നോക്കുമ്പോൾ ഉപദ്രവകരമായിട്ടിരിക്കുന്നു. ലോകപ്രകാശകരനായ സൂര്യന്റെ വെളിച്ചം ദിവാന്ധന്ന് അഹിതമായിരിക്കുന്നു. ഇങ്ങിനെ ലോകോപകാരങ്ങളായി ഇരിക്കുന്നവയിൽകൂടി പലതും പലക്കും അനിഷ്ടമായിരിക്കുന്നവസ്ഥയ്ക്ക് എന്റെ ഉദ്യമം സർവ്വത്ര ഫലിച്ചില്ലെങ്കിലൊ എന്നു വികാരപ്പെടുവാനും ഇനിക്കവകാശമില്ല. അതുകൊണ്ട് ഇഹലോകസുഖത്തിന്നും മോക്ഷത്തിന്നും വിഘ്നങ്ങളായ അനാചാരങ്ങളെ ഖണ്ഡിച്ച യോഗതത്വത്തെ പ്രകാശിപ്പിക്കുന്നത് ഉചിതംതന്നെ. ൧൦൮൯-ൽ യോഗത

ത്വത്തെ പ്രകാശിപ്പിക്കുന്നതായ 'ശിവയോഗരഹസ്യം' എന്ന ഒരു പുസ്തകത്തെ ഞാൻ പ്രസിദ്ധം ചെയ്കയുണ്ടായി. ൧൮൯൮-ൽ ബ്രഹ്മസമാജക്കാരുടെ ആവശ്യപ്രകാരം 'ബ്രഹ്മകീൎത്തനം' എന്ന ഒരു പുസ്തകം ഞാൻ എഴുതുകയുണ്ടായി. അത് അവരുടെ ചിലവിന്മേൽ അവർ പ്രസിദ്ധം ചെയ്തിട്ടുണ്ട്. ൧൮൯൯-ൽ 'സ്ത്രീവിദ്യാപോഷിണീ' എന്നൊരു പുസ്തകത്തെ പ്രസിദ്ധം ചെയ്തിട്ടുണ്ട്. സ്ത്രീകളെ വിദ്യ അഭ്യസിപ്പിച്ചുകൂടാ എന്നുള്ള അനാചാരത്തെ ഈ പുസ്തകം വായിച്ചവരാരും ആചരിക്കയില്ല. ൧൯൦൩-ൽ 'സിദ്ധാനുഭൂതി' എന്നൊരു പുസ്തകത്തെ ഞാൻ പ്രസിദ്ധം ചെയ്ത വിവരം മുമ്പു പ്രസ്താപിച്ചുവല്ലൊ. ഈ മോക്ഷപ്രദീപത്തെ പ്രസിദ്ധം ചെയ്വാൻ ഇപ്പൊഴെ സംഗതിവന്നിട്ടുള്ളു. ഹിന്തുമതമാകുന്ന രത്നാകരത്തിൽ (സമുദ്രത്തിൽ) മുങ്ങിത്തപ്പി അനാചാരകൎമ്മങ്ങളാകുന്ന തിമിംഗലനക്രചക്രങ്ങളുടെ വായിലകപ്പെട്ടു ഹിന്തുക്കൾ വളരെ നശിക്കുന്നു. അതിന്റെ നിവൃത്തിക്കുവേണ്ടി യോഗജ്ഞാനരത്നത്തെ പണ്ടുള്ള മഹായോഗികൾ വേറെ എടുത്തുവെച്ചിട്ടുണ്ട്. എങ്കിലും കാലക്രമംകൊണ്ട് ആ യോഗത്തിലും ചിലേടത്തു വ്യാഖ്യാതാക്കന്മാരുടെ ചിത്തശുദ്ധിക്കുറവുകൊണ്ടും മററു കൃത്രിമംകൊണ്ടും അജ്ഞാനകൎമ്മങ്ങളെ ഘടിപ്പിച്ചിരിക്കുന്നു. സംസ്കൃതഭാഷയിലാകുന്നു ആ യോഗരത്നം പ്രകാശിപ്പിച്ചിട്ടുള്ളതും. അതു പണ്ഡിതന്മാൎക്കുകൂടി ദുരവഗാഹമായിട്ടും ഇരിക്കുന്നു. യോഗത്തിൽ പരിചയവും സ്വാനുഭവവും പാണ്ഡിത്യവും ഈ മൂന്നും ഉണ്ടെങ്കിലെ അതു മനസ്സിലാകയുള്ളു. അതിനാൽ മഹാന്മാർ നിക്ഷേപിച്ച യോഗരത്നം അത്യഗാധസ്ഥിതിയിൽ പെട്ടുപോയി. അതിലെ വിരുദ്ധാംശങ്ങളെ നീക്കി മലയാളഭാഷയിൽ ഞാൻ പുറത്തുകു പ്രകാശിപ്പിക്കുകയാകുന്നു ചെയ്തിട്ടുള്ളത്. കരിമ്പിന്റെ കമ്പും തോലും ചണ്ടിയും നീക്കി രസം മാത്രം എടുത്തുവെച്ചാൽ പല്ലില്ലാത്തവൎക്കും ആസ്വദിക്കാവുന്നതാണെല്ലൊ. അതിനാൽ മോക്ഷകാംക്ഷികളായ സാരഗ്രാഹികൾക്കു വേദശാസ്ത്രേതിഹാസപുരാണങ്ങളെക്കാൾ എന്റെ ഗ്രന്ഥങ്ങൾ ഉപകാരപ്പെടുന്നതാകുന്നു. അങ്ങിനെയല്ലെ? മുത്തുമാലയെ ധരിപ്പാൻ ആശയുള്ളവൻ മുത്തിനെ വാങ്ങുന്ന

തല്ലെ നല്ലത്? എന്നാൽ ഉടൻതന്നെ തന്റെ ആശയെ സാധിക്കാമെല്ലൊ. അങ്ങിനെ ചെയ്യാതെ മുത്തിന്നിരിപ്പിടം സമുദ്രങ്ങളാകുന്നു എന്നുവെച്ചു സമുദ്രങ്ങളിൽ മുങ്ങിത്തപ്പുവാൻ തുടങ്ങിയാൽ മനോരഥം എളുപ്പത്തിൽ സാധിക്കയില്ല. കഠിനകഷ്ടങ്ങൾ അനുഭവിക്കേണ്ടിവരും. ഒരു സമയം മനോരഥം സാധിക്കാതെതന്നെ മരിച്ചുപോയി എന്നും വരാം. എന്തുകൊണ്ടെന്നാൽ, സമുദ്രങ്ങൾ അനേകയോജന വിസ്താരം ഉള്ളവയാകുന്നു. ചിലേടത്തുമാത്രം മുത്തുരത്നം ഉണ്ടാകും. ആ സ്ഥലം അറിയുന്നവർക്കല്ലാതെ മററുള്ളവർക്കു നോക്കിയാൽ അറികയില്ല. ആയതുകൊണ്ടു പല ദിക്കിലും മുങ്ങിത്തപ്പി ഉപ്പുവെള്ളം കുടിച്ചു ശ്വാസംമുട്ടി കഷ്ടപ്പെടുവാൻ ഇടയുണ്ട്. ഉഗ്രങ്ങളായ നക്രചക്രതിമിംഗലാദിജലജന്തുക്കൾക്ക് ഇരയാവാനും ഇടയുണ്ട്. അപ്പോലെ യോഗത്തെ വിട്ടു വേദശാസ്ത്രങ്ങളെല്ലാം വായിച്ചാലെ മുക്തി കിട്ടു എന്നു ഭ്രമിച്ചു് അതിന്നു പുറപ്പെട്ടാൽ മുമുക്ഷുവിന്റെ ഇച്ഛ വേഗത്തിൽ സാധിക്കുന്നതല്ല. വളരെ അദ്ധ്വാനിച്ചു ദുഃഖിക്കേണ്ടിവരും. ഒരു സമയം മുക്തി ലഭിക്കാതെതന്നെ നശിച്ചു എന്നും വരാം. എന്തുകൊണ്ടെന്നാൽ, വേദശാസ്ത്രങ്ങൾ സമുദ്രപ്രായങ്ങളാകുന്നു. സമുദ്രത്തിൽ മുത്ത് എന്നപോലെ വേദശാസ്ത്രങ്ങളിൽ സൂക്ഷ്മം ചിലേടത്തു മാത്രം നിക്ഷേപിച്ചിരിക്കുന്നു. നാനാകർമ്മങ്ങളെ വിധിക്കുന്ന കപടകർമ്മകാണ്ഡത്താൽ ആ സൂക്ഷ്മം മറയ്ക്കപ്പെട്ടുപോയി. ആയതിനാൽ ദേഹത്താൽ മറയ്ക്കപ്പെട്ട ആത്മാവിനെ അറിയാതെ ദേഹത്തിൽ ഭ്രമിച്ചു നിത്യസംസാരികളായി ദുഃഖിച്ചു നശിക്കുന്നതുപോലെ കർമ്മകാണ്ഡത്താൽ മറയ്ക്കപ്പെട്ട വേദസാരത്തെ അറിയാതെ കർമ്മകാണ്ഡത്തിൽ ഭ്രമിച്ചു പലവിധം കർമ്മം ചെയ്തു സങ്കടത്തിൽപെട്ടു നശിപ്പാനാകുന്നു് അധികം അവകാശമുള്ളത്. അങ്ങിനെതന്നെ പ്രായേണ കാണുന്നു. അങ്ങിനെയല്ലെ? സ്വർണ്ണാഭരണത്തെ ധരിപ്പാൻ ഇച്ഛയുള്ളവൻ സ്വർണ്ണം വാങ്ങി ആഭരണം ഉണ്ടാക്കാതെ ഭൂമി രത്നഗർഭയാകുന്നു എന്നുവെച്ചു സ്വർണ്ണത്തിന്നുവേണ്ടി ഭൂമി മുഴുവൻ കിളപ്പാൻ പുറപ്പെടുന്നത് എന്തു പുറപ്പാടാണ്? അത്യന്തരോഗപീഡിതൻ സിദ്ധൌഷധം അരികിലിരിക്കെ അതിനെ ആദരിക്കാതെ വൈ

ദ്യഗ്രന്ഥംമുഴവനം വായിച്ചാലെ രോഗം ശമിക്കു എന്നുവിചാരിക്കുന്നത് എന്തു വിചാരമാണ്? സിദ്ധൌഷധം വൈദ്യശാസ്ത്രം പഠിക്കാത്തവൻെറയും രോഗദുഃഖത്തെ തീൎത്തു സുഖപ്പെടുത്തും. അപ്പോലെ യോഗം വേദശാസ്ത്രേതിഹാസപുരാണാദി പഠിപ്പ് ഒന്നും ഇല്ലാത്തവൻെറയും സംസാരസന്താപത്തെ നശിപ്പിച്ചു സദാനന്ദത്തെ നല്കും. അങ്ങിനെയുള്ള യോഗം ഇരിക്കെ അതിനെ ആശ്രയിക്കാതെ വേദാദികളിൽ ഭ്രമിച്ചു പല വഴികളും വലയുന്നതു മഹാ ദുഃഖംതന്നെ. ഹിന്തുമതം രസം എന്നപോലെയും കരിമ്പ് എന്നപോലെയും നാളികേരം എന്നപോലെയും ഗുണദോഷസമ്മിശ്രമായിട്ടിരിക്കുന്നു. രസത്തിൻെറ ദോഷത്തെ നീക്കി സേവിച്ചാൽ അതുതന്നെ കായകല്പം(ദിവ്യരസായനം). സകല രോഗത്തെയും നീക്കിസുഖിക്കാം. അപ്പോലെ ഹിന്തുമതത്തിലുള്ള അനാചാരാദിദോഷങ്ങളെനീക്കി ആചരിച്ചാൽ സകലദുഃഖങ്ങളെയുംനീക്കി ശാശ്വതാനന്ദത്തിലിരിക്കാം. കരിമ്പിൻെറ കമ്പും തോലും ചണ്ടിയും നീക്കി രസത്തെ മാത്രം സേവിക്കുമ്പോഴും നാളികേരത്തിൻെറ ചകിരിയും ചിരട്ടയും നീക്കി സേവിക്കുമ്പോഴും ആസ്വാദ്യമായിട്ടിരിക്കുന്നു. ഈശ്വരസൃഷ്ടമാണെന്നുവെച്ചു രസത്തിൻെറ ദോഷത്തെ നീക്കാതെ സേവിച്ചാൽ അനേകരോഗത്തെ ഉണ്ടാക്കി ദുഃഖിപ്പിക്കും. സുഖിക്കുവാൻ ഇടവരികയില്ല. നാളികേരത്തിൻെറ ചകിരിയും ചിരട്ടയും കടിച്ചുവലിച്ചാൽ പല്ലിടിഞ്ഞു രക്തം ചാടും. കരിമ്പിൻെറ കമ്പും തോലും വിഴുങ്ങിയാൽ തൊണ്ടയിൽ പെട്ടു ബുദ്ധിമുട്ടും. രസവും സിദ്ധിക്കയില്ല. അപ്രകാരംതന്നെ ഹിന്തുമതത്തിൻെറ ദോഷാംശങ്ങളായ അനാചാരങ്ങളേയും അസൽപ്രമാണങ്ങളേയും സേവിച്ചാൽ ദുഃഖത്തിൽപെട്ടു വലയും, പരമാനന്ദരസവും സിദ്ധിക്കയില്ല. അതിനാൽ ത്യാജ്യങ്ങളായവയെ തള്ളി ഗ്രാഹ്യമായതിനെ മാത്രമെ ഞാൻ എൻെറ ഗ്രന്ഥത്തിൽ നിക്ഷേപിച്ചിട്ടുള്ളു. അതുകൊണ്ട് എൻെറ പുസ്തകം വായിച്ചാൽ മോക്ഷമാൎഗ്ഗത്തിൽ യാതൊരു സംശയവും ഉണ്ടാകയില്ല. അനേകദിവസംകൊണ്ടു വായിച്ചു സമാപിക്കേണ്ട വലിപ്പത്തിലുള്ള മോക്ഷശാസ്ത്രങ്ങൾ ഇരിക്കെ ഈ ചെറിയ പുസ്തകങ്ങൾ വായിച്ചതുകൊണ്ടു മതിയൊ എന്നു ശങ്കിപ്പാനും തരമല്ല. "സത്തിനെ മാത്രം എടുക്കുമ്പോൾ കുറച്ചുമാത്ര

മേ ഉണ്ടായിരിക്കയുള്ളു. അതാണ് വിലയേറിയതും. നോക്കുക. അനേക തടി കരിമ്പിനെ മഥിച്ച് എടുക്കുന്ന ശക്കര അത്രയില്ല. അതിനെ തൂക്കിയിട്ടാകുന്നു വില്ക്കുന്നത്. കരിമ്പിനെ തൂക്കി വില്ക്കുന്നില്ല". എന്നിങ്ങിനെ ആലോചിക്കുമ്പോൾ ഹിന്തുമതത്തെ കടഞ്ഞെടുത്ത എന്റെ പുസ്തകങ്ങൾ ചെറിയ പുസ്തകങ്ങൾ എന്ന അഗണ്യതയ്ക്ക് അവകാശം സിദ്ധിക്കയില്ല. എന്നുള്ള സവ്വമതങ്ങളെക്കാളും യോഗം ഉൽകൃഷ്ടമാകുന്നു എന്നതു ഏകസംഗതികൊണ്ടുതന്നെ ബുദ്ധിമാന്മാക്ക് തീച്ചപ്പെടുത്താം. അതായതു കരയുന്ന കുട്ടിയെ അമ്മ പാട്ടുപാടി ഉറക്കുന്നതുപോലെ സംസാരത്തിൽ തപിക്കുന്ന മനസ്സിനെ ആനന്ദനിദ്രയെ പ്രാപിപ്പിക്കുന്ന മണിനാദാദിചിഹ്നങ്ങളും കൂരിരുട്ടിൽപെട്ടു ദിക്കറിയാതെ സമുദ്രത്തിലുഴലുന്ന കപ്പലിനെ ലൈററ് ഹൌസ്സിലെ വെളിച്ചം കരയണയിക്കുംപ്രകാരം സംസാരത്തിൽ ഉഴലുന്ന മനസ്സിനെ ആനന്ദക്കരയണയിക്കുന്ന മണിദീപാദിവെളിച്ചങ്ങളും കാട്ടിൽ കിടക്കുന്ന തേനീച്ചയെ സുഗന്ധത്താലും മധുരസത്താലും പുഷ്പം ആകർഷിക്കുന്നതുപോലെ വിഷയവനത്തിൽ അലയുന്ന മനസ്സിനെ സുഗന്ധത്താലും അമൃതരസത്താലും വശീകരിക്കുന്ന ശക്തിയും യോഗത്തിലല്ലാതെ ഏതെങ്കിലും ഒരു മതത്തിൽ കേട്ടിട്ടുണ്ടോ? മററുള്ള മതങ്ങളും പരമാനന്ദത്തിന്റെ പരമകാഷ്ഠയിൽ എത്തീട്ടുണ്ടെങ്കിൽ മേൽവർണ്ണിക്കപ്പെട്ട മനോലയഹേതുഭൂതങ്ങളായ വിസ്മയാനന്ദചിഹ്നങ്ങളെ ആ മതങ്ങളിൽ പ്രകാശിപ്പിപ്പാൻ സംഗതിയുണ്ടായിരുന്നു. യോഗത്തിലുള്ള സിദ്ധികളെ കേട്ടാൽ സവ്വമതങ്ങളും ലജ്ജിച്ച് ഓടിപ്പോകും. യോഗത്തെ ഞാൻ പ്രശംസിച്ചതുകൊണ്ടു മററുള്ള മതങ്ങളെ ഞാൻ നിന്ദിച്ചിട്ടുണ്ടെന്നു വിചാരിക്കരുത്. മനോജയം വേണമെന്നു പറയുന്ന മതമെല്ലാം എനിക്ക് ഇഷ്ടംതന്നെ. സമഷ്ടിയെ കളയുന്നതായും ഹിംസാപരമായും മനോലയവിരോധിയായും അയുക്തമായും ഇരിക്കുന്ന അംശത്തെ മാത്രമെ ഞാൻ അസാധുവാണെന്നു പറഞ്ഞിട്ടുള്ളു. അതെല്ലാം മോക്ഷപ്രദീപം കൊണ്ടറിയാം. യോഗത്തിന്റെ സർവ്വോൽകൃഷ്ടതയേയും പ്രമാണയുക്തിപുരസ്സരം അറിയാം. മോക്ഷപ്രദീ

പത്തിൽ ഞാൻ ഉദാഹരിച്ചിട്ടുള്ള പ്രമാണങ്ങളിൽനിന്നും ഉദാഹരണങ്ങളിൽനിന്നും ഞാൻ പറഞ്ഞ സംഗതികളെ തെളിയിപ്പാൻ എത്ര ആവശ്യമുണ്ടോ അത്രമാത്രം എടുത്തുകൊള്ളേണ്ടതാകുന്നു. ഞാൻ പറഞ്ഞതിന്ന് എതിരായി പ്രമാണങ്ങളെ കാണിച്ച് എതൃക്കുവാൻ വിചാരിക്കുന്ന കൂട്ടർ, ആ പ്രമാണങ്ങൾ നിർദ്ദോഷങ്ങളായും മോക്ഷസഹായികളായും സമദൃഷ്ടിപ്രദങ്ങളായും ഇരിക്കുന്നവയാകുന്നു എന്നു യുക്തികൊണ്ടും അനുഭവംകൊണ്ടും തെളിയിച്ച് എതൃക്കേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ, ഹിന്തുമതത്തിൽ കളവുചെയ്യുന്നതിനും കള്ളുകുടിക്കുന്നതിനും കൊല്ലുന്നതിനുംകൂടി വിരോധമില്ലെന്നു ദുഷ്ടപ്രമാണങ്ങൾ ഉണ്ട്. നോക്കുക.

അദാതൃണാംധനംഹൃത്വാ യോദദാതിതദർത്ഥിനെ

തസ്യമോഷണജൊദോഷൊ ദാനധർമ്മേണനശ്യതി.

എന്നു വിലാസവ്യാഖ്യാ. അർത്ഥം:— ലോഭികളുടെ പണത്തെ മോഷ്ടിച്ചു യാചകന്നു ദാനംചെയ്താൽ കളവുചെയ്ത ദോഷം തീരും. ഈ പ്രമാണത്തെ വിശ്വസിച്ചു കക്കാൻപോയാൽ ജേലിൽ കിടക്കേണ്ടിവരും. നരബലി, ഉടൻതടി മുതലായ അസൽക്രിയകൾക്ക് ആസ്പദങ്ങളായ പ്രമാണങ്ങളെ എടുത്തുചേർത്ത് എൻെറ പുസ്തകത്തെ ഞാൻ മലിനമാക്കുന്നില്ല. ഗ്രന്ഥവിസ്താരഭയവും അതിന്ന് എന്നെ അനുവദിക്കുന്നില്ല. ബുദ്ധൻ വിഷ്ണുവിൻെറ അവതാരമാണെന്നും നിരുപദ്രവമായ ശ്രേഷ്ഠധർമ്മത്തെ തന്നെയാണ് പ്രസംഗിച്ചത് എന്നും കാണിപ്പാനുള്ള പ്രമാണം.

ദുഷ്ടയജ്ഞവിഘാതായ പശുഹിംസാനിവൃത്തയെ

ബൌദ്ധരൂപംദധൌയൊഽസൌ തസ്മൈദേവായതെനമഃ.

ഇതു ദേവീഭാഗവതത്തിൽ വിഷ്ണുസ്തുതിയിലുള്ള ഒരു പദ്യമാകുന്നു. അർത്ഥം:— യാതൊരു ഭഗവാൻ ദുഷ്ടങ്ങളായ യാഗകർമ്മങ്ങളെ നശിപ്പിപ്പാൻവേണ്ടിയും പശുഹിംസയെ നിർത്തൽചെയ്യാൻ വേണ്ടിയും ബുദ്ധരൂപത്തെ ധരിച്ചുവൊ ആ ദേവനായ ഭവാന്നു നമസ്കാരം.

എന്നു ഗ്രന്ഥകർത്താ ബ്രഹ്മാനന്ദസ്വാമി, ശിവയോഗീ.

## നാലാം പതിപ്പിന്റെ മുഖവിന്യാസം.

ഈ മോക്ഷപ്രദീപത്തിന്റെ ഒന്നാമത്തെ പതിപ്പ് ൧൦൮൦-ൽ ആയിരുന്നു. ൧൦൮൪-ൽ രണ്ടാംപതിപ്പിന്നു സംഗതിവന്നു. ൧൦൯൦-ൽ മൂന്നാം പതിപ്പിന്നും ൧൦൯൪-ൽ നാലാംപതിപ്പിന്നും സംഗതിവന്നു. ബുക്കഡിപ്പോവിൽ കൊടുത്തിട്ടോ ആൾവശം കൊടുത്തയച്ചിട്ടോ ഞാൻ മോക്ഷപ്രദീപത്തെ വില്പിച്ചിട്ടില്ല. വി. പി. മാർഗ്ഗമായിട്ടും ഇവിടെ വന്ന് ആളുകൾ ആവശ്യപ്പെട്ടിട്ടുമാണ് ചിലവായത്. ഈ വിധത്തിൽ ഇത്ര വേഗത്തിൽ ചിലവായി നാലാംപതിപ്പിന്നു സംഗതിവന്നതു മോക്ഷപ്രദീപത്തിന്റെ സ്ഥിതിക്കും എന്റെ സ്ഥിതിക്കും അത്ഭുതപ്പെടേണ്ടതായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ.

൧. അനാദി കാലമായി ആചരിച്ചുവരുന്ന ജാതിഭേദത്തെയും യാഗം, വ്രതം, തീർത്ഥസ്നാനം, വിഗ്രഹാരാധനം മുതലായ കർമ്മങ്ങളേയും അവയെ വിധിക്കുന്ന ശാസ്ത്രങ്ങളേയും മോക്ഷപ്രദീപത്തിൽ ഖണ്ഡിച്ചിരിക്കുന്നു. എന്നുമാത്രമല്ല അവ മോക്ഷത്തിന്നു വിഘ്നങ്ങളും കപടപ്രമാണങ്ങളും ആകുന്നു എന്നുംകൂടി ഘോഷിച്ചിരിക്കുന്നു. ഇതിൽ മീതെ ഹിന്തുക്കൾക്കു നീരസമായും അസഹ്യമായും ഇരിക്കുന്ന വിഷയം എന്താ ഉള്ളത്? ജാതിഭേദവും തങ്ങൾകർമ്മങ്ങളും മോക്ഷത്തിന്ന് ആദിപടവാണെന്നും അവയെ കല്പിക്കുന്ന പ്രമാണങ്ങൾ ഈശ്വരനാവും മഹർഷിശ്രേഷ്ഠന്മാരാലും മഹാചാര്യന്മാരാലും മററും നിർമ്മിക്കപ്പെട്ടവയാണെന്നുമാകുന്നു ഹിന്തുക്കൾ വിശ്വസിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെയാകുന്നു അനേകായിരം ദ്രവ്യം ചിലവുചെയ്തു ക്ഷേത്രം കെട്ടി വിഗ്രഹാരാധന ചെയ്തിട്ടും യാഗാദികർമ്മങ്ങൾ ചെയ്തിട്ടും ചെയ്യിപ്പിച്ചിട്ടും അജ്ഞാനതിമിരത്തെ നാടെല്ലാം പരത്തി ജനങ്ങളെ അന്ധകാരത്തിൽ പെടുത്തുന്നതും അതിന്നു വിരോധം പറയുന്ന എന്നേയും എന്റെ മോക്ഷപ്രദീപാദിയേയും ദൂഷിക്കുന്നതും. ഈ സ്ഥിതിക്കും കർമ്മികൾ പ്രബു

ലന്മാരായിരിക്കുന്ന സ്ഥിതിക്കും അവരുടെ സംഖ്യ അളവില്ലാതെ നാടെല്ലാം വ്യാപിച്ചിരിക്കുന്ന അവസ്ഥയ്ക്കും എന്റെ മോക്ഷപ്രദീപത്തിന്റെ പ്രസിദ്ധിക്കും പ്രചാരത്തിനും ഇത്ര വേഗത്തിൽ സംഗതിവന്നു നാലാം പതിപ്പിന്ന് ഇടവന്നത് ഓൎക്കുമ്പോൾ അത്ഭുതപ്പെടേണ്ടതായിരിക്കുന്നു.

൨. എന്റെ പ്രബലതകൊണ്ടോ ഇങ്ങിനെ വന്നത് എന്ന് അണുവോളവും ആലോചിപ്പാൻ അവകാശമില്ല. ഞാൻ പരമ്പരയാ പൂജ്യസ്ഥാനത്തെ വഹിച്ചിരിക്കുന്ന ആചാൎയ്യാദിഗോത്രത്തിലൊ രാജവംശത്തിലൊ പെട്ടവനും അല്ല. ഞാൻ ബി. എ., എം. എ. മുതലായ പരീക്ഷകളിൽ വിജയം പ്രാപിച്ചവനും അല്ല. ഉദ്യോഗവലിപ്പവും ഇനിക്കില്ല. ബഹുമാനചിഹ്നങ്ങളായ സ്ഥാനമാനങ്ങളും ഇനിക്കില്ല. ബന്ധുജനധനപുഷ്ടിയും ഇനിക്കില്ല. വിനോദത്തിന്നുള്ള കഥകളും മോക്ഷപ്രദീപത്തിൽ ഘടിപ്പിച്ചിട്ടില്ല. ഹിന്തുക്കളാൽ പരമഭക്തിപുരസ്സരം പാരായണം ചെയ്യപ്പെടുന്ന വേദശാസ്ത്രേതിഹാസപുരാണങ്ങളുടെ പരിപൂൎണ്ണമായ തൎജ്ജമയും ഇതിൽ ഇല്ല. പണ്ഡിതന്മാരുടെ സൎട്ടിഫിക്കെറ്റുകളും വാങ്ങി മോക്ഷപ്രദീപത്തിൽ ചേൎത്തിട്ടില്ല. ഇപ്പറഞ്ഞവയിൽ വല്ലതും ഉണ്ടെങ്കിലെ ജനങ്ങൾ കൊണ്ടാടുകയുള്ളു എന്നത് ഒരു നിയമംപോലെ ലോകത്തിൽ പ്രബലപ്പെട്ടിരിക്കുന്നു. ഈ സ്ഥിതിക്കും എന്റെ മോക്ഷപ്രദീപത്തെ കൊണ്ടാടുവാൻ ജനങ്ങൾ ഉണ്ടായതും ഇത്ര വേഗത്തിൽ നാലാംപതിപ്പിന്നു സംഗതിവന്നതും അത്ഭുതപ്പെടേണ്ടതായിരിക്കുന്നു. ഇങ്ങിനെ അത്ഭുതപ്പെടേണ്ട സംഗതി വന്നതു പലേടങ്ങളിലും ഇക്കാലത്തു സാരഗ്രാഹികൾ ഉള്ളതുകൊണ്ടാകുന്നു. അതുകൊണ്ടു സാരഗ്രാഹികൾ വൎദ്ധിച്ചുവരട്ടെ! എന്നാൽ "ഇതുവരെ ആരും ഹിന്തുമതത്തിൽ കള്ളപ്രമാണങ്ങൾ ഉണ്ടെന്നു കൊട്ടിഘോഷിച്ചിട്ടില്ല. ഇങ്ങിനെ കൎമ്മങ്ങളെ ഖണ്ഡിച്ചിട്ടും ഇല്ല. ഇദ്ദേഹം മാത്രമെ ഒന്നാമതായി ഒരു ഇതൊപ്പി ലോകത്തിൽ ഉണ്ടായിട്ടുള്ളു" എന്നും മററു പലവിധത്തിൽ എന്നെ നിന്ദിക്കുന്നതുപോലെ മറെറാരുഗ്രന്ഥത്തെയൊ നിന്ദിക്കയില്ല, നന്ദിക്കയെ ഉള്ളു എന്നത്, സാരഗ്രാഹികൾ മോക്ഷപ്രദീപത്തെ നന്ദിക്കുന്നതുകൊണ്ടും എന്റെ സിദ്ധാന്ത

മത്തിൽ വിസ്മയിച്ചുംകൊണ്ടു വരുന്നതുകൊണ്ടും ഇത്ര വേഗത്തിൽ മോക്ഷപ്രദീപത്തിന്റെ ൪-ാംപതിപ്പിന്ന് അപരിമിതന്മാരായ അവർ സംഗതി വരുത്തിയതുകൊണ്ടും "ആനന്ദസൂത്രത്തിന്റെ" കർത്തൃത്വത്തിന്നുകൂടി എന്നെ പാത്രമാക്കിയതുകൊണ്ടും ഇനിക്ക് അനുഭവമാകുന്നു. അതുകൊണ്ടു സാരഗ്രാഹികൾ വർദ്ധിച്ചുവരട്ടെ! വിദ്വാന്മാർ സഭകൂടി കപടപ്രമാണങ്ങളെ തീയിലിട്ടു ചുടട്ടെ. അതിന്നു പ്രയാസം ഉണ്ടെങ്കിൽ കപടപ്രമാണങ്ങളെ ഖണ്ഡിച്ച് ഓരോ വിദ്വാന്മാർ ഓരോ പുസ്തകങ്ങളെ എഴുതട്ടെ. വിദ്വാന്മാർ ലോകത്തെ കെടുത്തു എന്ന അപവാദത്തെ നാടുകടത്തട്ടെ. അങ്ങിനെ ഒരപവാദം വിദ്വാന്മാർക്കുണ്ടോ എന്നു ശങ്കിക്കുന്നു എങ്കിൽ ഉണ്ടെന്നു പ്രബലപ്പെട്ട രേഖാപുരസ്സരം ഇതാ ഞാൻ തെളിയിക്കുന്നു.

"നാനാകപടശാസ്ത്രാണി പ്രപഞ്ചകഥിതാനിവൈ
ദൃഷ്ട്വാവിശ്വാസപൂർവ്വന്തു വിദ്വാനപിചലത്യഹോ
പ്രപഞ്ചം കർമ്മസംഭിന്നം തൽസംഗാൽ കർമ്മഠാജനാഃ."

എന്നു ശിവജ്ഞാനദീപികയിൽ പറഞ്ഞിരിക്കുന്നു. അർത്ഥം:— (പലവിധത്തിലുള്ള കള്ളപ്രമാണങ്ങൾ പ്രപഞ്ചത്തിൽ ഘോഷിക്കപ്പെട്ടിരിക്കുന്നു. അവയെ വിശ്വസിച്ചു വിദ്വാന്മാരും തെററിനടക്കുന്നു. ആ വിദ്വാന്മാരുടെ സംസർഗ്ഗംഹേതുവായിട്ടു ജനങ്ങളെല്ലാം കർമ്മങ്ങളിൽ ആസക്തന്മാരായിത്തീർന്നു. കർമ്മങ്ങൾകൊണ്ടു ജനങ്ങൾ കെട്ടുപോയി). ജനങ്ങൾ കെട്ടുപോകാതെ ഇരിക്കേണമെങ്കിൽ ഭേദദൃഷ്ടിയേയും മത്സരത്തെയും വർദ്ധിപ്പിച്ച് ഐകമത്യത്തെ കെടുത്ത് ഐഹികസുഖത്തിൽനിന്നും ശാശ്വതസുഖത്തിൽനിന്നും ഭ്രഷ്ടന്മാരാക്കിത്തീർക്കുന്ന ജാതിഭേദത്തെയും അജ്ഞാനകർമ്മങ്ങളെയും വിദ്വാന്മാർ ഖണ്ഡിക്കേണ്ടതായിരുന്നു. അങ്ങിനെ ചെയ്യാതെ വിദ്വാന്മാർ അവയെ അനുഷ്ഠിക്കയും അനുഷ്ഠിപ്പിക്കയും ചെയ്യുന്നു. വിദ്വാന്മാരെ പ്രമാണിച്ചു മററുള്ളവരും ആചരിക്കുന്നു. അങ്ങിനെയാണ് ഹിന്തുക്കൾ കെട്ടതും കെടുന്നതും തീവണ്ടിയുടെ മുഖവണ്ടി കണ്ടിൽ ചാടിയാൽ അതോടു കോർത്തുകിടക്കുന്ന വണ്ടികളുടെ

ഗതിയും അങ്ങിനെതന്നെ. അതുകൊണ്ടു ശിവജ്ഞാനദീപികയിൽ വിദ്വാന്മാർ കർമ്മകാണ്ഡത്തെ വിശ്വസിച്ചിട്ടും വിദ്വാന്മാരെ വിശ്വസിച്ചിട്ടു ലോകവും കെട്ടുപോയി എന്നു പറഞ്ഞത് അനുഭവമായിട്ടിരിക്കുന്നു. ക്ഷേത്രനിർമ്മാണം, യാഗം, വ്രതം, തീർത്ഥസ്നാനം മുതലായ കർമ്മങ്ങൾക്കുവേണ്ടി എത്ര വളരെ ദ്രവ്യമാണ് ഇന്നും നശിപ്പിച്ചുകൊണ്ടിരിക്കുന്നത്? അജ്ഞാനത്തേയും ദുഃഖത്തേയും വർദ്ധിപ്പിക്കുന്ന ഈ കർമ്മങ്ങൾക്കുവേണ്ടി ഇത്രയെല്ലാം ചിലവുചെയ്യുന്നുവല്ലൊ. യോഗജ്ഞാനവിഷയത്തിലേക്കുവേണ്ടി ഒററപ്പൈ ചിലവുചെയ്യുന്നുണ്ടൊ? "പല സ്ഥലങ്ങളിലും സംസ്കൃതവിദ്യാശാലകളെ സ്ഥാപിച്ചു സംസ്കൃത ഭാഷയിൽ പാണ്ഡിത്യമുണ്ടാക്കി വേദശാസ്ത്രാദികളെ പഠിപ്പിച്ചു ഹിന്തുമതസ്വരൂപത്തെ ഗ്രഹിപ്പിക്കുന്നുണ്ടല്ലൊ. പിന്നെ നാം യോഗജ്ഞാനവിഷയത്തിന്നുവേണ്ടി ഒററപ്പൈ ചിലവു ചെയ്യുന്നുണ്ടൊ എന്നു പറഞ്ഞത്" എന്നു ചോദിക്കുന്നു എങ്കിൽ പറയാം. ഇപ്പോൾ അങ്ങിനെ പഠിപ്പിക്കുന്നതിൽനിന്നു സംസ്കൃതഭാഷയുടെ ഒരു അറിവു വർദ്ധിക്കുന്നുണ്ട്. അത്രമാത്രമെ ഉള്ളു. ഹിന്തുമതവിഷയമായ അജ്ഞാനം നീങ്ങുന്നില്ല. വർദ്ധിക്കുന്നതെയുള്ളു. അതുകൊണ്ട് ആ പഠിച്ചകൂട്ടർക്കും ഉപകാരമില്ല. അവരെക്കൊണ്ടു മററുള്ളവരുടെ മതവിഷയമായ അജ്ഞാനത്തെ നീക്കുവാൻ കഴിയുന്നതും ഇല്ല. എന്നുമാത്രമല്ല ആ പഠിച്ച കൂട്ടർ അജ്ഞാനത്തെ വർദ്ധിപ്പിപ്പാൻ മുമ്പത്തേക്കാൾ അതിശക്തന്മാരായിട്ടും തീരുന്നു. ഇത് എത്ര വലിയതായ ഒരു ദോഷമായി കലാശിക്കുന്നു? ഇങ്ങിനെ വരുവാൻ കാരണമെന്താകുന്നു എങ്കിൽ ജാതിഭേദങ്ങളേയും യാഗാദികർമ്മങ്ങളേയും വിധിക്കുന്ന ശാസ്ത്രങ്ങളെ ഹിന്തുമതമായി സ്വീകരിച്ചുംകൊണ്ടാകുന്നു ആ പാഠശാലകളിൽ പഠിപ്പിക്കുന്നത്. അങ്ങിനെ പഠിപ്പിക്കുന്നതുകൊണ്ട് അവിടെ പഠിച്ചവർക്ക് ആ പ്രമാണങ്ങളെ പ്രകടിപ്പിച്ചു മററുള്ളവരെ ഭ്രമിപ്പിക്കുവാൻ ഒരു വിശേഷസാമർത്ഥ്യം മുമ്പുള്ളതിനേക്കാൾ സിദ്ധിക്കുന്നു. അതാകുന്നു അജ്ഞാനത്തെ വർദ്ധിപ്പിപ്പാൻ മുമ്പേത്തേക്കാൾ അവർ അതിശക്തന്മാരായിത്തീരുന്നു എന്നു പറവാൻ കാരണ

മായത്. അതുകൊണ്ടു ജാതിഭേദ തത്തൽകർമ്മങ്ങളെ വിധിക്കുന്ന പ്രമാണങ്ങൾ കപടപ്രമാണങ്ങളാകുന്നു എന്നു പ്രബലപ്പെട്ട പ്രമാണങ്ങൾകൊണ്ടും യുക്തികൾകൊണ്ടും അനുഭവങ്ങൾകൊണ്ടും തെളിയിച്ചുകൊടുത്ത് ആ അശുദ്ധഭാഗത്തെ നീക്കി ഹിന്ദുമതത്തിന്റെ ശുദ്ധജ്ഞാനഭാഗത്തെ മാത്രം എടുത്തു പഠിപ്പിക്കേണ്ടതാകുന്നു. എന്നാൽ ഭേദദൃഷ്ടി, അജ്ഞാനം, ജാത്യഭിമാനം, മാത്സര്യം, കർമ്മഭ്രാന്തി മുതലായ ദുർഗ്ഗുണങ്ങൾ ഓടിപ്പോയി സമദൃഷ്ടി, ദയാ, ജ്ഞാനം, ശാന്തി, അഹിംസാ, സന്തോഷം മുതലായ ഗുണങ്ങൾ വർദ്ധിച്ചുവന്നു ഹിന്തുക്കൾക്കു പരമാനന്ദപദവിയിൽതന്നെ കഴിയാമായിരുന്നു. അതിന്നു നമ്മുടെ കൂട്ടർ സമ്മതിക്കയില്ല. അതിന്ന് അനേക ദൃഷ്ടാന്തങ്ങൾ ഉണ്ട്. ചിലതു പറയാം. സ്വത്തുള്ള തറവാട്ടിൽ ജനിച്ചിട്ടും മരുമക്കത്തായക്കാരുടെ ഇടയിൽ ചോറുംകൂടി കുടുംബങ്ങൾക്കു കിട്ടാതെ വ്യവഹരിച്ചു വ്യവഹരിച്ചു വളരെ തറവാടുകൾ കെട്ടുപോയി. ഇതിന്റെ നിവാരണത്തിന്നു ചില ബുദ്ധിമാന്മാർ ഭാഗിപ്പാനുള്ള ഒരു നിയമം പാസ്സാക്കാൻ എത്രയൊ യത്നം ചെയ്തിട്ടും സമ്മതിച്ചിട്ടില്ല. ജാതിഭേദംകൊണ്ടുള്ള ദോഷത്തെ കണ്ടു സഹിച്ചുകൂടാതെ നായർസംഘത്തെയെങ്കിലും ഏകജാതിയാക്കിയാൽ കൊള്ളാമെന്ന് ഉത്സാഹിച്ചു ചിലർ പുറപ്പെട്ടു. ആ യോഗ്യന്മാരുടെ അഭിപ്രായത്തെയും സമ്മതിച്ചിട്ടില്ല. ബ്രാഹ്മണരുടേയും മററും ഇടയിൽ ബാല്യകാലത്തിലെ വൈധവ്യം വന്നു ദുഃഖാഗ്നിയിൽ ദഹിക്കുന്ന സ്ത്രീജനത്തിന്റെ ദുഃഖനിവാരണത്തിന്നു പുനൎവിവാഹവിധിയെ ഏൎപ്പെടുത്തുവാൻ ചിലർ പുറപ്പെട്ടു. ആ ദയാലുക്കളുടെ അഭിപ്രായത്തേയും സമ്മതിച്ചിട്ടില്ല. ഇങ്ങിനെ പലതും സമ്മതിക്കാതെ പല ദോഷങ്ങൾ ഹിന്തുക്കളുടെ ഇടയിൽ നിലനില്ക്കുന്നതുകൊണ്ടു ദുഃഖിക്കുന്നു. എങ്കിലും പറയുന്നതു മറിച്ചാകുന്നു. "പണ്ടുള്ള മഹാന്മാർ വെച്ച വെപ്പിനെ ഇന്നുള്ളവർ ഇളക്കുവാൻ നിരൂപിച്ചാൽ കഴിയുമൊ? അവരുടെ മഹിമ അങ്ങിനെയല്ലെ? ഇന്നുള്ളവൎക്ക് ആ യോഗ്യതയുണ്ടോ?" എന്നാകുന്നു പറയുന്നത്. അന്ധപരമ്പരയാ ആലോചിക്കാതെ കണ്ണുചിമ്മി അന്നേമുതൽ ഇന്നേവരെ ആചരിച്ച് ഉറച്ചുപോയ

അജ്ഞാനതിമിരച്ചടങ്ങിൻെറ ശക്തിയാകുന്നു ദോഷകരമായ പൂൎവ്വനടവടിയെ പരിഷ്കരിക്കേണമെന്നു പറയുമ്പോൾ സമ്മതിക്കാത്തത്. ഈ അജ്ഞാനച്ചടങ്ങിൻെറ ശക്തിതന്നെ, യാഗവ്രതതീൎത്ഥസ്നാനവിഗ്രഹാരാധനാദികളെ നിലനിറുത്തിവരുന്നതും യോഗജ്ഞാനത്തെ പരത്താൻ സമ്മതിക്കാത്തതും. ഈ സ്ഥിതിക്ക് എങ്ങിനെ യോഗക്ഷേമങ്ങൾ ഉണ്ടാകും? ആംഗ്ലേയ ചക്രവൎത്തിയുടെ ഭരണവിശേഷംകൊണ്ടു മാത്രമാകുന്നു ഇപ്പോൾ ഹിന്തുക്കൾ മത്സരിച്ചു തമ്മിൽതല്ലി നശിക്കാതെ ഒരുവിധം ക്ഷേമത്തോടുകൂടിയിരിക്കുന്നത് എന്നു മാത്രമെ പറവാൻ തരം കാണുന്നുള്ളൂ. കപടപ്രമാണങ്ങൾ എന്നു പറഞ്ഞതു കൎമ്മകാണ്ഡമാകുന്നു എന്നും അതിൽ പറയുന്ന കൎമ്മങ്ങൾ ആനന്ദപദവിയിൽനിന്നു തെററിച്ചു ദുഃഖത്തിൽ പതിപ്പിക്കുന്നവയാകുന്നു എന്നും പ്രബലപ്പെട്ട പ്രമാണങ്ങൾകൊണ്ടും യുക്തികൾകൊണ്ടും അനുഭവംകൊണ്ടും മോക്ഷപ്രദീപത്തിലും ആനന്ദസൂത്രത്തിലും ഞാൻ നല്ലവണ്ണം തെളിയിച്ചിട്ടുണ്ടു. യോഗജ്ഞാനം ആനന്ദത്തെ കൊടുക്കുന്നതും സൎവ്വൎക്കും സുകരമായിട്ടുള്ളതാകുന്നു എന്നതും മേല്പറഞ്ഞ ഗ്രന്ഥങ്ങളിൽ ഞാൻ തെളിയിച്ചിട്ടുണ്ടു. എങ്കിലും ഇവിടെകൂടി യോഗജ്ഞാനവിശേഷത്തെ അല്പം ഓൎമ്മപ്പെടുത്തുന്നത് അത്യാവശ്യമായിരിക്കുന്നു.

"അയംമുഖ്യോരാജയോഗസ്സൎവ്വവൎണ്ണാശ്രമക്ഷമഃ
ഹീനാനാംപതിതാനാഞ്ച സങ്കരാണാംതഥൈവ ച
സ്ത്രീണാഞ്ചരാജയോഗോയം പാവനഃപരികീൎത്തിതഃ."

അൎത്ഥം:—ഈ രാജയോഗം ഗോപ്യമായിട്ടുള്ളതും എല്ലാ ജാതികൾക്കും ഹീനന്മാൎക്കും ഭ്രഷ്ടന്മാൎക്കും സങ്കരവൎണ്ണങ്ങൾക്കും സ്ത്രീകൾക്കും പററുന്നതും പരിശുദ്ധമായിട്ടുള്ളതും ആകുന്നു. നാളികേരജലം ബാലന്മാൎക്കും യുവാക്കൾക്കും വൃദ്ധന്മാൎക്കും സ്ത്രീകൾക്കും എല്ലാവൎക്കും പാനം ചെയ്യപ്പെടാവുന്നതാകുന്നു. അപ്രകാരം രാജയോഗം സ്വല്പബുദ്ധികൾക്കും ബുദ്ധിമാന്മാൎക്കും എല്ലാവൎക്കും ആദ്യത്തിൽതന്നെ അനുഷ്ഠിക്കപ്പെടാവുന്നതാകുന്നു. അത് അറിയാതെ രാജയോഗം ബുദ്ധിമാന്മാൎക്കു വെച്ചിട്ടുള്ളതാകുന്നു; ബിംബാരാധനാദികൎമ്മങ്ങൾ സ്വല്പബുദ്ധികൾക്കു

വെച്ചിട്ടുള്ളതാകുന്നു എന്നു പറയുന്നത് എല്ലുപോലെ ഇരിക്കുന്നു എങ്കിൽ നാളികേരജലം പല്ലുള്ള മതിന്ന് കൂട്ടക്ക് വെച്ചിട്ടുള്ളതാകുന്നു, ചക്കിരിയും ചിരട്ടയും പല്ലില്ലാത്ത പച്ചക്കുട്ടികൾക്ക് ആദിയിൽ തിന്നാൻവേണ്ടി സൃഷ്ടിച്ചിട്ടുള്ളതാകുന്നു എന്നു പറയുമ്പോലെ തീരെ അസംബന്ധമായിരിക്കുന്നു. ചിലർ വിഗ്രഹാരാധനാദികൾ വേണ്ടാ എന്നു വിധിച്ചിട്ടുള്ളതു ജ്ഞാനികൾക്കാകുന്നു, അജ്ഞാനികൾക്കല്ല, അജ്ഞാനികൾ അവയെ ചെയ്യണം എന്നു പറയുന്നു. അതും തീരെ അസംബന്ധമാകുന്നു. അജ്ഞാനികൾക്കു ജ്ഞാനമല്ലെ ഉണ്ടാകേണ്ടത്? അതിന്നു ജ്ഞാനമാർഗ്ഗത്തിലല്ലയൊ പരിചയിക്കേണ്ടത്? അങ്ങിനെ ചെയ്യാതെ വിഗ്രഹാരാധനാദികളായ അജ്ഞാനകർമ്മങ്ങൾ ചെയ്താൽ അജ്ഞാനമല്ലെ മേൽക്കുമേൽ വർദ്ധിപ്പാൻ അവകാശം? അതുകൊണ്ടു വിഗ്രഹാരാധനാദികളെ നിഷേധിച്ചിട്ടുള്ളത് അജ്ഞാനികൾക്കു വേണ്ടിത്തന്നെ. ജ്ഞാനികൾക്കല്ല ജ്ഞാനികൾവിഗ്രഹാരാധനാദി കർമ്മങ്ങളെ ദോഷമെന്നറിഞ്ഞു ഖണ്ഡിച്ചവരാകുന്നു. അങ്ങിനെ ഇരിക്കുന്ന ജ്ഞാനികൾ അവയെ ഒരിക്കലും ചെയ്കയില്ല. മദ്യപാനദോഷത്തെ അറിഞ്ഞ് അതിനെ ദൂരെ വർജ്ജിച്ചിരിക്കുന്ന സത്തുക്കൾ മദ്യപാനത്തെ ചെയ്കയില്ല. അതുകൊണ്ടു "നസുരാം പിബേൽ" മദ്യപാനം ചെയ്യരുത് എന്ന വിധി മദ്യപാനത്തെ വർജ്ജിച്ച സത്തുകൾക്കു വേണ്ടിയല്ല, മദ്യപിച്ചു കെട്ടുപോകുന്ന കൂട്ടക്ക് വേണ്ടിത്തന്നെ. ചിലർ, ഒരു പട്ടണത്തിൽ ചെന്നുചേരുവാൻ പല വഴികളും ഉണ്ട്. ഏതു വഴിക്കുചെന്നാൽ എന്താണ്? അപ്രകാരം മുക്തിക്കുപല വഴിയുണ്ട്. അതുകൊണ്ടു മുക്തിക്ക് ഒരേവഴിയെ ഉള്ളു എന്നു പറഞ്ഞു മററുള്ള വഴികളെദ്ദൂഷ്യം പറയുന്നതു ശരിയല്ല എന്നു പറയുന്നു. മുക്തിയെന്ന വാക്കിന്റെ അർത്ഥം അവക്ക് അറികയില്ല. അതുകൊണ്ടു പലവഴിയുണ്ടെന്ന് അവർ പറയുന്നതാകുന്നു. ദുഃഖത്തിൽനിന്നുള്ള മോചനം=വേറുപെടൽ എന്നാകുന്നു മുക്തി എന്ന വാക്കിന്റെ അർത്ഥം. കർമ്മങ്ങൾ ദുഃഖങ്ങളായിരിക്കുന്നതുകൊണ്ടു മുക്തിക്കു വിരോധികളാകുന്നു. അതുകൊണ്ടു ജാതിഭേദാചരണം, വിഗ്രഹാരാധനം, തീർത്ഥസ്നാനം, യാഗം, വ്രതം മുതലായ കർമ്മങ്ങൾ

ദുഃഖത്തിന്നുള്ള വഴിയാകുന്നു, മുക്തിക്കുള്ള വഴികൾ അല്ല എന്നു പറയുമ്പോൾ പലതും അസംബന്ധം പറഞ്ഞു കർമ്മികൾ ശണ്ഠയ്ക്കു വരുന്നു, അസ്മാദൃക്കുകളെ ദുഷിച്ച് എഴുതുകയും ചെയ്യുന്നു. ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു വിഗ്രഹാരാധനാദികർമ്മങ്ങൾ ബ്രഹ്മജ്ഞാനത്തിന്നുള്ള ഒന്നാമത്തെ പടവല്ല, അജ്ഞാനത്തെ വർദ്ധിപ്പിപ്പാനുള്ള മുഖ്യപടവാകുന്നു എന്നാകുന്നു തെളിയുന്നത്. അങ്ങിനെയല്ലെ? വിഗ്രഹാരാധനാദികർമ്മങ്ങളെ ഖണ്ഡിക്കുകനിമിത്തം ജ്ഞാനനിധിയായ ബുദ്ധന്റെ മതത്തെ കർമ്മികൾ നാടുകടത്തിക്കളഞ്ഞു. കുട്ടിച്ചാത്തനേയും കരിങ്കുട്ടിയേയും ഘണ്ടാകർണ്ണനേയും കാളിയേയും കൂളിയേയും പ്രേതങ്ങളേയും അവതാരമാണെന്നു പറഞ്ഞുംകൊണ്ടു മററും പല പല മൂർത്തികളേയും പൂജിപ്പാൻവേണ്ടി അനേകായിരം ഉറുപ്പിക ചിലവുചെയ്തു ക്ഷേത്രങ്ങൾ കെട്ടുന്നു, പൂജിക്കുന്നു. സംസാരികളിൽ ചിലരുടെ ഓർമ്മയ്ക്കുവേണ്ടിക്കൂടി അനവധി ദ്രവ്യം ചിലവുചെയ്ത് അവരുടെ പേർകൊടുത്ത് ഓരോവിധ സ്മാരകശാലകളെ കെട്ടിയിടുന്നു. ബുദ്ധന്റെ സ്മൃതിക്കുവേണ്ടി സൂചീമുനയോളം സ്ഥലമാവട്ടെ ഒററപ്പൈ ആവട്ടെ ഹിന്തുക്കൾ ഉപയോഗപ്പെടുത്തീട്ടില്ല. ശ്രീരാമൻ, ശ്രീകൃഷ്ണൻ, ശങ്കരാചാര്യർ മുതലായ ഹിന്തുമതമാന്യന്മാരെ ഗണിക്കാതെ അന്യമതക്കാർ കൂടി ബുദ്ധന്റെ ചരിത്രത്തിൽ അത്യന്തം അഭിനന്ദിക്കുന്നു. അങ്ങിനെയുള്ള ഗുണഗണങ്ങൾ തികഞ്ഞ മഹാത്മാവാകുന്നു ബുദ്ധൻ. ബുദ്ധൻ വിഷ്ണുവിന്റെ അവതാരമാകുന്നു, ദുഷ്ടകർമ്മത്തെ നഷ്ടമാക്കാൻവേണ്ടി അവതരിച്ചതാകുന്നു എന്നു ഹിന്തുക്കൾ സമ്മതിക്കയും ചെയ്യുന്നു. എന്നിട്ടും വിഗ്രഹാരാധനാദികളായ അജ്ഞാനകർമ്മങ്ങളെ ഖണ്ഡിച്ചു ജ്ഞാനത്തെ മാത്രം പ്രസംഗിച്ചമൂലം ബുദ്ധനെ നിഷിദ്ധനാക്കി. വിഗ്രഹാരാധനാദികളായ കർമ്മങ്ങൾ അജ്ഞാനത്തെ വർദ്ധിപ്പിക്കുവാനുള്ള മുഖ്യപടവാകുന്നു എന്നതിന്ന് ഇതിൽമീതെ എന്തൊ ദൃഷ്ടാന്തം വേണ്ടത്? ഈ സ്ഥിതിക്ക് എന്നെയും എന്റെ സിദ്ധാന്തഗ്രന്ഥങ്ങളേയും കർമ്മികൾ ദുഷിക്കുന്നതിൽ എന്താ ആശ്ചര്യം? കാട്ടാന കുത്തിക്കൊന്നാലും വേണ്ടതില്ല, കരടി കടിച്ചുകൊന്നാലും വേണ്ടതില്ല, സർപ്പം കടിച്ചുകൊന്നാലും വേണ്ടതില്ല, സിംഹമൊ വ്യാ

ഘ്രമൊ ചെന്നായൊ കടിച്ചു കൊന്നുതിന്നാലും വേണ്ടതില്ല കർമ്മകാണ്ഡപ്പരിഷകളുടെ അസംബന്ധപ്രലാപവും അസഭ്യവും കേൾക്കാതേയും ഹിംസയിൽ പെടാതേയും കാലം കഴിഞ്ഞാൽ മതി എന്നു കരുതി ചില ജ്ഞാനികൾ പണ്ടു കാട്ടിലും ഗുഹയിലും പർവ്വതത്തിലും ചെന്നിരുന്നതും മൌനം ദീക്ഷിച്ചതുമാകുന്നു. ഹൃദയസ്ഥിതനായ ഈശ്വരനെ കാണ്മാൻ കാട്ടിൽ പോകേണമൊ? മൌനം ദീക്ഷിക്കേണമൊ? പണ്ടുള്ള ജ്ഞാനികൾ ഒന്നും അറിഞ്ഞുകൂടാത്തവരാണോ? അന്യമതക്കാരെക്കൂടി ആനന്ദിപ്പിക്കുന്ന ജ്ഞാനപ്രസംഗം ഇന്നും കർമ്മികൾക്കു കണ്ണുശൂലയായിട്ടിരിക്കുന്നു. അന്യമതക്കാരാലും ഹിന്തുമതതത്വജ്ഞാനികളാലും ഹിന്തുക്കളാൽ വിഷ്ണ്വവതാരമെന്നു സമ്മതിക്കപ്പെട്ട ബുദ്ധമഹർഷിയാലും നിന്ദിക്കപ്പെട്ടതും അന്നും ഇന്നും കലഹത്തിന്നും നാശത്തിന്നും മുഖ്യകാരണമായിട്ടുള്ളതും ആയ ജാതിഭേദവിഗ്രഹാരാധനാദി കർമ്മപ്രസംഗം കർമ്മികൾക്കു കണ്ണാമൃതമായിട്ടും ഇരിക്കുന്നു. ഇതു ബിംബപ്രതിഷ്ഠാദ്വാരേണ മോക്ഷദ്വാരത്തെ കല്ലിട്ടടച്ചു പണം സമ്പാദിക്കുന്ന ആചാര്യന്മാരുടെ ശുക്രദശതന്നെ. ഈ ശുക്രദശക്കാർ ആര്യമതഹൃദയത്തെ അറിഞ്ഞവരല്ല. അറിഞ്ഞവർ, ഇംഗ്ലീഷു ഭാഷാജ്ഞാനത്തിന്നുള്ള ഒന്നാമത്തെ പടവ് ഇംഗ്ലീഷുഭാഷാജ്ഞാനമുള്ള ജനത്തോടുള്ള സംസർഗ്ഗംപോലെ ജ്ഞാനത്തിന്നുള്ള ഒന്നാമത്തെ പടവു ജ്ഞാനമുള്ളവരോടുള്ള സംസർഗ്ഗംതന്നെ, വിഗ്രഹാരാധനാദികൾ അല്ല എന്നെ പറകയുള്ളു. നാളികേരത്തിന്റെ അന്തർഭാഗത്തിലുള്ള ആസ്വാദ്യാംശത്തെ ഭുജിച്ചവർ നാളികേരത്തിന്റെ ചകിരിയും ചിരട്ടയും തിന്നതിന്റെ ശേഷമെ ആ ആസ്വാദ്യാംശത്തെ തിന്നുകൂട എന്ന് ഉപദേശിച്ചു കുട്ടികളുടെ വായിൽ ചകിരിയും ചിരട്ടയും കുത്തിത്തിരുകി കുട്ടികളെ കരയിപ്പിച്ചു കൊല്ലുകയില്ല. ചകിരിയും ചിരട്ടയും തിന്നാൽ പല്ലിടിഞ്ഞു രക്തം ചാടി ദുഃഖിച്ചു മരിക്കയേയുള്ളൂ എന്നു മാത്രമെ എല്ലാകാലത്തും സിദ്ധാന്തിക്കയുള്ളു. അപ്രകാരം ആര്യമതഹൃദയത്തെ അറിഞ്ഞ ആര്യന്മാർ ജാതിഭേദവിഗ്രഹാരാധനാദികർമ്മങ്ങളെ ആദിയിൽ അനുഷ്ഠിച്ചതിന്നു ശേഷമെ യോ

ഗജ്ഞാനത്തെ അഭ്യസിച്ചുകൂട എന്ന് ഉപദേശിച്ചു മററുള്ളവരെ ദുഃഖത്തിൽ ചാടിച്ചു നശിപ്പിക്കയില്ല. ജാതിഭേദവിഗ്രഹാരാധനാദികളെ ആചരിച്ചാൽ അജ്ഞാനം വദ്ധിച്ചു ദുഃഖിച്ചു നശിക്കയേയുള്ളു എന്നുമാത്രമെ എപ്പോഴും ഏവരോടും സിദ്ധാന്തിക്കയുള്ളു. ഇങ്ങിനെ യഥാൎത്ഥത്തെ മാത്രം ഘോഷിച്ച ജ്ഞാനികളുടെ മതത്തെ ധിക്കരിച്ചു കമ്മകാണ്ഡപ്രവത്തകന്മാരുടെ മതത്തെ പ്രബലപ്പെടുത്തി ആചരിച്ചുവന്നതുകൊണ്ടുതന്നെ ഹിന്തുക്കൾ ഇന്നും തമ്മിൽതല്ലി അസ്വതന്ത്രന്മാരായി ദുഃഖിക്കുന്നത്. ഹേ ദൈവമേ! ഹേ പരിപൂൎണ്ണ! നീ പണ്ടു രാമാദികളായി അവതരിച്ചുപോൽ. രാവണരാക്ഷസാദികളെ വധിച്ചു ലോകദുഃഖം തീൎത്തുപോൽ. ഇതു ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. കമ്മകാണ്ഡബ്രഹ്മരാക്ഷസനെ അല്ലയോ വധിക്കേണ്ടിയിരുന്നത്? അന്നും ഇന്നും അനന്തദുഃഖത്തിൽ പെടുത്തിക്കൊണ്ടിരിക്കുന്ന അതിഭയങ്കരരാക്ഷസൻ കമ്മകാണ്ഡബ്രഹ്മരാക്ഷസനാകുന്നു. രാവണാദികൾ അല്ല. ഇനിയും ദുഷ്ടനിഗ്രഹത്തിന്നുവേണ്ടി നീ അവതരിക്കുമെന്നു നീ ഭഗവൽഗീതയിൽ പറഞ്ഞിരിക്കുന്നുപോൽ. സവ്വശക്തനായ നിണക്ക് അവതരിക്കാതെതന്നെ വേണ്ടുന്ന കൃത്യങ്ങളെല്ലാം നടത്തുവാൻ കഴിയും. പിന്നെന്തിന്ന് അവതാരം? നമ്മുടെ കൂട്ടർ പറയുന്നതുപോലെ ഭവാൻ അവതരിക്കുന്നവനാകുന്നു എങ്കിൽ അന്നു കമ്മകാണ്ഡബ്രഹ്മരാക്ഷസനെയാകുന്നു വധിക്കേണ്ടത്. എങ്കിലെ ദുഷ്ടനിഗ്രഹമായിട്ടുള്ളു. എങ്കിലെ ഹിന്തുക്കൾക്കു ദുഃഖനിവൃത്തിയും യോഗക്ഷേമങ്ങളും ഉണ്ടാകയുള്ളു. അവതരിക്കുന്നപക്ഷം ദിവ്യശസ്ത്രങ്ങളോടും സൈന്യങ്ങളോടും കൂടിത്തന്നെ അവതരിക്കേണം. അല്ലെങ്കിൽ കമ്മികൾ ഭവാനെ ഹിംസിക്കും. 'ജ്ഞാനിനോ ദുല്ലഭാ ലോകെ കമ്മിണഃ കോടികോടയഃ' എന്നു ശിവജ്ഞാനദീപികയിൽ പറഞ്ഞപ്രകാരം ജ്ഞാനികൾ ദുല്ലഭം. കമ്മികൾ കോടികോടി.

സിദ്ധാശ്രമം, ആലത്തൂർ — എന്നു ബ്രഹ്മാനന്ദസ്വാമി,

1914 ഫിബ്രുവരി 16-ാംനു — ശിവയോഗീ.

NIVERS... LIBRA...
DEC 1926

ആനന്ദ ഏവ വിജയതേ

മനഃസ്വസ്ഥതൈവാനന്ദഃ

മനോജയ ഏവ മഹാജയഃ

അഹിംസൈവ പരമോധർമ്മഃ

---

# മോക്ഷപ്രദീപം.

## ശക്തിമാഹാത്മ്യം

ആനന്ദത്തിങ്കൽനിന്നീ സകലഭുവനവും സംഭവിക്കുന്നുപിന്നെ
ആനന്ദത്താലിവണ്ണം നിഖിലമുലകവും നിത്യവും വാണിടുന്നു
ആനന്ദത്തെക്കുറിച്ചിട്ടഖിലരുമലയുന്നെങ്ങഹോ തത്വമോർത്താൽ
ആനന്ദം ശക്തിയാംനീയടിയനുഗതിനീ വന്ദനം വന്ദനംതേ.

ശിഷ്യൻ:-സ്വാമിൻ ഗുരോ! അങ്ങുന്നു ശക്തിയെ പ്രധാനയായി സ്ഥാപിച്ചു വന്ദിച്ചത് എന്താണ്? ഈശ്വരന്റെ ശക്തി എന്നു പറയുമ്പോൾ അത് ഈശ്വരനിൽ അടങ്ങിപ്പോയി. എന്റെ ശക്തി എന്നു പറയുമ്പോൾ അത് എന്നിൽ അടങ്ങിപ്പോയി. മരുന്നിന്റെ ശക്തി എന്നു പറയുമ്പോൾ അതു മരുന്നിൽ അടങ്ങിപ്പോയി. ഇങ്ങിനെ സർവ്വത്രയും പരിശോധിക്കുമ്പോൾ അതാതുവസ്തുക്കളിൽ ശക്തി അടങ്ങിപ്പോയി. ശക്തി വേറിട്ടൊരു പദാർത്ഥമല്ല. അതുകൊണ്ട് ആ വസ്തുക്കൾക്കാകുന്നു പ്രാധാന്യം ഇരിക്കുന്നത്. ശക്തിക്കല്ല. പിന്നെങ്ങിനെ ശക്തിക്കു പ്രാധാന്യം കൊടുത്തു?

ഗുരു:—ഹേ ശിഷ്യ! ഒരു വസ്തുവിൽ ഒന്ന് ഇരിക്കുന്നതുകൊണ്ട് ആ വസ്തുവിൽ അത് അടങ്ങിപ്പോയി. ആ വസ്തുവിന്നാണ് പ്രാധാന്യം എന്നു വിചാരിക്കുന്നപക്ഷം ഈശ്വരൻ നിന്റെ ഹൃദയവാസിയാകുന്നു. ഈശ്വരൻ നിന്നിൽ അടങ്ങി

പ്പോയി. നീ ഈശ്വരനേക്കാൾ പ്രധാനം എന്നു പറയേണം. ഈ സ്ഥൂലദേഹത്തിന്റെ ഉള്ളിൽ പ്രാണൻ ഇരിക്കുന്നു. അതുകൊണ്ടു സ്ഥൂലദേഹമാണ് പ്രാണനേക്കാൾ പ്രധാനം എന്നു പറയേണം. അത് അനുഭവത്തിന്നും യുക്തിക്കും പ്രമാണത്തിന്നും വിരോധമല്ലെ? ഈശ്വരൻ ഉള്ളിലും പുറമെയും ഉണ്ട്. പ്രാണവായുവും ഉള്ളും പുറത്തും ഉണ്ട്. ഇല്ലെങ്കിൽ നോം എങ്ങിനെ ശ്വസിക്കും? എങ്ങിനെ ജീവിക്കും? പ്രാണൻ പോയാൽ ദേഹം ശവമായി. ദേഹത്തിനെ വീഴാതെ ധരിച്ചിരിക്കുന്നതു പ്രാണനാകുന്നു. അപ്പോലെ ബ്രഹ്മവിഷ്ണു മഹേശ്വരന്മാരിലും, സൎവ്വ ദേവന്മാരിലും, സൎവ്വ പ്രാണികളിലും, സൎവ്വ ചരാചരങ്ങളിലും വ്യാപിച്ച് ഉള്ളും പുറമേയും ഇരുന്നു സൎവ്വത്തെയും പതിച്ചുപോകാതെ വഹിച്ചുകൊണ്ടിരിക്കുന്നത് ഒരു ശക്തിയാകുന്നു. ആ ശക്തിയില്ലെങ്കിൽ എല്ലാം ശവംതന്നെ. ഒന്നിന്നും കഴികയില്ല. നോക്കുക. എന്റെ കാലിന്നു ശക്തിയില്ല, എനിക്കു നടപ്പാൻ കഴികയില്ല. എന്റെ കയ്യിന്നു ശക്തിയില്ല, എനിക്കു ഒന്നിനെ എടുപ്പാൻ കഴികയില്ല. എന്റെ അവയവങ്ങൾക്ക് ഒന്നിന്നും ശക്തിയില്ല. എനിക്ക് അവയവങ്ങൾ ഒന്നും അനക്കാൻ കഴികയില്ല. എനിക്ക് അവനോളം ശക്തിയില്ല, അവനോട് എതിൎപ്പാൻ കഴികയില്ല. ഈ കാളയ്ക്കു ശക്തിയില്ല, ഇതിന്നു വണ്ടിവലിപ്പാൻ കഴികയില്ല. ഈ ഔഷധത്തിന്നു ശക്തിയില്ല, ഇതിന്ന് ഈ രോഗം ശമിപ്പിപ്പാൻ കഴികയില്ല. ഇങ്ങിനെ സൎവ്വമതക്കാരും നിരീശ്വരന്മാരും പറയുന്നുണ്ട്. ഒരു മതക്കാരും എന്റെ കാലിന്നു ശിവനില്ല, എന്റെ കാലിന്നു ബ്രഹ്മമില്ല, എന്റെ കാലിന്നു വിഷ്ണുവില്ല, എന്റെ കാലിന്നു ക്രിസ്തുവില്ല അതുകൊണ്ടു നടപ്പാൻ കഴികയില്ല എന്നു പറയുന്നില്ല. ഇങ്ങിനെ ചരാചരാത്മകമായ ജഗത്തിനെ മുഴുവൻ പരിശോധിക്കുമ്പോൾ ശക്തിയില്ലെങ്കിൽ ഒന്നും സാരമില്ല തൃണംപോലെതന്നെ ഒന്നിന്നും കഴികയില്ല എന്നു തീൎച്ചപ്പെടുന്നു. പിന്നെ ഇവന്നു ബുദ്ധിക്കും സൎവ്വാംഗങ്ങൾക്കും ശക്തിയുണ്ട്, ഇവന്ന് ഇക്കാൎയ്യം സാധിപ്പാൻ കഴിയും. ഈ ഔഷധത്തിന്നു നല്ല ശക്തിയുണ്ട്, ഇതിന്നു സൎവ്വരോഗത്തെയും ശമിപ്പിപ്പാൻ കഴിയും

ഈശ്വരന്ന് എല്ലാററിന്നും ശക്തിയുണ്ടു്, അതുകൊണ്ടു സൃഷ്ടിപ്പാനും രക്ഷിപ്പാനും സംഹരിപ്പാനും കഴിയും. ഇങ്ങിനെ പറയുന്ന സമ്പ്രദായമുണ്ടു്. ഇവന്നു ബുദ്ധിക്കു സർവ്വാംഗങ്ങൾക്കും ബ്രഹ്മമുണ്ടു്, ശിവനുണ്ടു്, വിഷ്ണുവുണ്ടു്, ക്രിസ്തുവുണ്ടു്. അതുകൊണ്ടു് ഇവന്ന് ഇക്കാൎയ്യം സാധിപ്പാൻ കഴിയും. ഇങ്ങിനെ ഒരു മതക്കാരും പറയുന്ന സമ്പ്രദായമില്ല. അപ്പോൾ ശക്തിയുണ്ടെങ്കിലെ എല്ലാററിന്നും എല്ലാ ജീവികൾക്കും ഈശ്വരന്നും അതാതു കൃത്യങ്ങൾക്കു കഴിവു, യോഗ്യതയും ഉള്ളു എന്നു സിദ്ധിക്കുന്നു. അപ്പോൾ ശക്തിയാണു് ഈശ്വരനിലും സ്ഥാവരജംഗമസ്വരൂപമായ ജഗത്തിലും വ്യാപിച്ചിരിക്കുന്നതു് എന്നു് ആസ്തികന്മാൎക്കും നാസ്തികന്മാൎക്കും സമ്മതിക്കാതെയിരിപ്പാൻ നിർവ്വാഹമില്ലെന്നായി. അതുകൊണ്ടു ശക്തിയാണു് എല്ലാററിന്നും മീതെ എന്നും സിദ്ധിച്ചു. കുളത്തിലെ വെള്ളം, കിണററിലെ വെള്ളം എന്നു പറയുന്നുണ്ടു്. അതുകൊണ്ടു വെള്ളം കുളത്തിലും കിണററിലും അടങ്ങിയതാകുന്നു എന്നു തീൎച്ചപ്പെടുത്തുന്നതു ശരിയല്ല. കുളവും കിണറും കുഴിക്കുന്നതിന്നുമുമ്പുതന്നെ വെള്ളം ഉണ്ടു്. അതു ഭൂമിയിലെങ്ങും വ്യാപിച്ചും ഇരിക്കുന്നുണ്ടു്. പക്ഷെ കുഴിച്ചപ്പോഴെ കാണ്മാൻ കഴിഞ്ഞിട്ടുള്ളു. കുളവും കിണറും കുഴിച്ചതിന്നു ശേഷമല്ല വെള്ളം ഉണ്ടായതു്. തീ, തിരിയിൽ കത്തി കാണുന്നതുകൊണ്ടു് അതു തിരിയുടെ തീയു് എന്നല്ല തീൎച്ചപ്പെടുത്തേണ്ടതു്. തിരിക്കു മുമ്പുതന്നെ തീയുണ്ടു്. തിരി തിരിച്ചു ഉണ്ടാക്കിയതിന്നു ശേഷമല്ല തീ ഉണ്ടായതു്. എന്നാൽ തിരി മുതലായ ഉപാധിയിൽകൂടി മാത്രമെ തീയിനെ അറിവാൻ കഴികയുള്ളു. അപ്പോലെ ഓരോ വസ്തുവിൽകൂടിമാത്രമെ ശക്തിയേയും പരീക്ഷിച്ചു് അറിവാൻ കഴികയുള്ളു. അതു ദ്രവ്യവസ്തുവല്ലല്ലൊ. ആ ശക്തി സൃഷ്ടിക്കുമുമ്പെ ഉള്ളതും ആകുന്നു. അഗ്നിയെ തിരിയിൽ പ്രവേശിച്ചതുകൊണ്ടു കാണ്മാൻ കഴിഞ്ഞതുപോലെ ശക്തി ചരാചരലോകത്തിൽ വ്യാപിച്ചിരിക്കയാൽ അറിവാൻ ഇടവന്നതുകൊണ്ടു് ഓരോ വസ്തുക്കളുടെ ശക്തിയാണെന്നു പറയുന്നതു തിരിയുടെ തീ ആണെന്നും കുളത്തിന്റെ വെള്ളമാണെന്നും പറയുമ്പോലെയാണു്. നമുക്കു കുടിപ്പാൻ ചുക്കുവെള്ളം കൊണ്ടുവന്നുവെച്ചാൽ തൊട്ടുനോക്കി

ട്ടു വെള്ളത്തിൻെറ ചൂടുകൊണ്ടു കൈ പൊള്ളുന്നു, എങ്ങിനെയാണ് കടിക്കുന്നത് എന്നു പറയുന്നുണ്ട്. സൂക്ഷ്മം ആലോചിച്ചാൽ ചൂട്, വെള്ളത്തിൻേറയാണൊ? വെള്ളത്തിൽ ഇരിക്കുന്നതു ശൈത്യമല്ലെ, തിയ്യിൽ ഇരിക്കുന്നതല്ലെ ഉഷ്ണം, നോം പറയുന്നത് അങ്ങിനെയല്ലെല്ലൊ, വെള്ളത്തിൻെറ ചൂടുകൊണ്ടു കടിച്ചുകൂട എന്നു പറയുന്നു. അപ്പോലെതന്നെ ഓരൊ പദാൎത്ഥങ്ങളുടെ ശക്തി എന്നു പറയുന്നതും പരമാൎത്ഥം വിട്ടു പറകയാകുന്നു. എൻെറ ഭൂമി, നിൻെറ ഭൂമി, ജന്മിയുടെ ഭൂമി എന്ന് അഭിമാനത്താൽ ജനങ്ങൾ അതുപ്പിപ്പെടുത്തി വിഭാഗിച്ചു പറയുന്നുണ്ട്. അതുകൊണ്ടു ഭൂമി ഖണ്ഡം ഖണ്ഡമായി തീൎന്ന് ഇവരിൽ അടങ്ങിയിരിക്കുന്നില്ല. അപ്പോലെ എൻെറ ശക്തി നിൻെറ ശക്തി ഔഷധത്തിൻെറ ശക്തി ഈശ്വരൻെറ ശക്തി എന്നു പറയുന്നതുകൊണ്ടു ശക്തി പരിമിതവസ്തുവായി അതാതു വസ്തുക്കളിൽ അടങ്ങിയിരിക്കുന്നില്ല. അങ്ങിനെ വിചാരിക്കുന്നതു ശക്തിയുടെ മാഹാത്മ്യത്തെ അറിയാതെയാകുന്നു. വെള്ളത്തിൽ വ്യാപിച്ചുകാണുകയാൽ വെള്ളത്തിൻെറ ചൂട് എന്നു പറയുമ്പോലെ അതാതു വസ്തുക്കളിൽ വ്യാപിച്ചു കാണുകയാൽ അതാതു വസ്തുക്കളുടെ ശക്തി എന്നു പറയുന്നതു മുഴവൻ വാസ്തവവും അല്ല. ശക്തി എങ്ങും വ്യാപിച്ച് അഖണ്ഡാകാരമായിതന്നെ ഇരിക്കുന്ന അതിരില്ലാത്ത അനിൎവ്വചനീയവസ്തുവാകുന്നു നമ്മുടെ സ്ഥൂലദേഹം നശിച്ചാലും പ്രാണൻ നശിക്കുന്നില്ല. അപ്പോലെ ലോകം നശിച്ചാലും ശക്തി നശിക്കുന്നില്ല. തീ കെട്ടാലും ചൂടു വിടുന്നില്ല. തീ കത്തിപ്പാൻ ഉരയ്ക്കുമ്പോഴും മുമ്പിൽ ചൂടു തുടങ്ങി പിന്നീടു തീ കത്തുന്നു. ചൂട് എന്നു പറയുന്നതു തീയിൻെറ (അഗ്നിയുടെ) ദാഹശക്തിയാകുന്നു. പ്രകാശസ്വരൂപനായ അഗ്നിയുടെ മുമ്പും പിമ്പും മദ്ധ്യകാലത്തിലും ദാഹശക്തിയിരിക്കുന്നതുകൊണ്ട് ആ ദാഹശക്തിയിൽനിന്നാണ് പ്രകാശസ്വരൂപം ഉണ്ടാകുന്നത് എന്നും ദാഹശക്തിക്കാണ് പ്രാധാന്യം എന്നും വരുന്നു. രണ്ടു വസ്തുക്കളെ തമ്മിൽ ഉരയ്ക്കുമ്പോഴാണ് ചൂടും പുറപ്പെടുന്നത്. ഉരയ്ക്കുന്നതും ഒരു ശക്തിയാകുന്നു. അപ്പോൾ ശക്തിയിൽനിന്നാണ് മറെറാരു ശക്തിയും ഉണ്ടാവുന്നത് എന്നും സിദ്ധിക്കുന്നു.

ഇങ്ങിനെ സൂക്ഷ്മം ആലോചിക്കുമ്പോൾ ആദിയിലും മദ്ധ്യത്തിലും അവസാനത്തിലും ത്രികാലത്തിലും ശ്രദ്ധയായിരിക്കുന്നതു ശക്തിയാണെന്നും ശക്തിയിൽനിന്നാണ് എല്ലാം ഉണ്ടായത് എന്നും അതുകൊണ്ടാണ് എല്ലാററിന്നും ശക്തി കാണുന്നത് എന്നും സിദ്ധിക്കുന്നു. എൻെറ ശക്തി നിൻെറ ശക്തി എന്നു പറയുന്നതുകൊണ്ടു ശക്തി ഒരുവന്ന് അധീനയും അവനിൽ അടങ്ങിപ്പോയി എന്നും വിചാരിക്കുന്നവൎക്ക ശക്തിയെ എന്നും ഒരുപോലെ നിലനിറുത്താമെല്ലൊ. അതു സാധിക്കുന്നില്ല. ശക്തിയില്ലാതെ വരുമ്പോൾ ഞാൻ എന്നു പറവാൻകൂടി കഴിയുന്നില്ല. അതുകൊണ്ടു ശക്തിക്കധീനന്മാരാണ് സൎവ്വരും എന്നു തീൎച്ചപ്പെടുന്നു. മേൽപറഞ്ഞ സംഗതികളെ സാധിപ്പാനുള്ള പ്രമാണങ്ങൾ.

ശൃണുരാമ സദാനിത്യാ ശക്തിരാദ്യാസനാതനീ
സൎവ്വകാമപ്രദാദേവീ പൂജിതാദുഃഖനാശിനീ. ൧

കാരണം സൎവ്വജന്തൂനാം ബ്രഹ്മാദീനാം രഘൂദ്വഹ
തസ്യാഃശക്തിംവിനാകോപി സ്പന്ദിതുംനക്ഷമോഭവേൽ. ൨

വിഷ്ണോഃപാലനശക്തിസ്സാ കൎത്തൃശക്തിഃ പിതുൎമ്മമ
രുദ്രസ്യനാശശക്തിസ്സാ ത്വന്യശക്തിഃ പരാശിവാ. ൩

യച്ചകിഞ്ചിൽ ക്വചിദ്വസ്തു സദസൽ ഭുവനത്രയെ
തസ്യ സൎവ്വസ്യയാശക്തി സ്തദുൽപത്തിഃ കുതോഭവേൽ. ൪

പൂൎവ്വം സംസൃജ്യബ്രഹ്മാദീൻ ദത്വാശക്തീശ്ച സൎവ്വശഃ
താംജ്ഞാത്വാമുച്യതെ ജന്തുൎജ്ജന്മസംസാരബന്ധനാൽ. ൫

അസംഖ്യാതാനിനാമാനി തസ്യാബ്രഹ്മാദിഭിഃകില. ൬

(എന്നു ദേവീഭാഗവതം, നാരദർ ശ്രീരാമനോടു പറഞ്ഞതാകുന്നു)

അൎത്ഥം:— ൧. ഹേ രാമ കേൾക്ക, കാലത്രയത്തിലും നാശമില്ലാത്ത ഒരു ശാശ്വതശക്തി ലോകത്തിന്നു മുമ്പ് ഉണ്ട്. അതിനെ പൂജിച്ചാൽ സൎവ്വദുഃഖത്തെയും നശിപ്പിച്ചു സൎവ്വാഭീഷ്ടത്തേയും നൽകും. ൨. ബ്രഹ്മാദികളായ സൎവ്വ ജീവികളും ആ ശക്തിയിൽനിന്ന് ഉണ്ടായവരാകുന്നു. അതിൻെറ ശക്തി കൂടാതെ ഒരുവനും ഇളകുവാൻകൂടി ശക്തനാകയില്ല. ൩. വിഷ്ണുവിന്നു പാലിപ്പാനുള്ള ശക്തി അതാണ്. എൻെറ പിതാവിന്നു (ബ്രഹ്മാവിന്നു) സൃഷ്ടിപ്പാനുള്ള ശക്തിയും അതുതന്നെ.

രുദ്രനു സംഹരിപ്പാനുള്ള ശക്തിയും അതാകുന്നു. അന്യജീവികൾക്കുള്ള ശക്തിയും ആ പരാശക്തിതന്നെ. ൪. മൂന്നുലോകത്തിലും ജംഗമമായിട്ടും സ്ഥാവരമായിട്ടും ഏതൊരു വസ്തുവുണ്ടോ അതിന്നെല്ലാം ഏതേതു ശക്തിയുണ്ടോ അത് എവിടെനിന്നുണ്ടായി? (ശക്തിയിൽനിന്നുണ്ടായതാകുന്നു) ൫. ആ ശക്തി ആദിയിൽ ബ്രഹ്മാദികളെ സൃഷ്ടിച്ച് അവക്കെല്ലാവക്കും ശക്തികളെ കൊടുത്തു. ആ ശക്തിയെ അറിഞ്ഞാൽ പ്രാണിവഗ്ഗം സംസാരബന്ധത്തിൽനിന്നു മുക്തിയെ പ്രാപിക്കും. ൬. ആ ശക്തിക്കു ബ്രഹ്മം എന്നും മററും അസംഖ്യം നാമങ്ങൾ ഉണ്ട്.

ശിഷ്യൻ:—സ്വാമിൻ! ഇവിടത്തെ ഗ്രന്ഥങ്ങളിൽ എല്ലാം ശക്തി എന്ന നാമത്തെത്തന്നെ വെക്കാതെ ബ്രഹ്മം, പരമാത്മാവ്, ആത്മാവ് എന്നും മററും പല നാമങ്ങൾ വെച്ചതെന്താണ് എന്നു ചോദിക്കേണ്ടാമെന്നു വിചാരിച്ചു. മേൽപറഞ്ഞ ശ്ലോകംകൊണ്ടു ശക്തിക്കുതന്നെ ആണ് ബ്രഹ്മം എന്നുംമററും അസംഖ്യം നാമം കല്പിച്ചിരിക്കുന്നത് എന്നു കണ്ടതുകൊണ്ട് ആ സംശയം തീൎന്നു.

ഗുരു:—ചട്ടി, പാനി, കുടം, കലം എന്നെല്ലാം വ്യവഹരിക്കുന്നുണ്ടെങ്കിലും അവയെ പരിശോധിക്കുമ്പോൾ ഒക്കെ മണ്ണുതന്നെ. നാമങ്ങൾ കല്പിതങ്ങളാകുന്നു. അപ്രകാരം ബ്രഹ്മാവ്, വിഷ്ണു, ശിവൻ, ബ്രഹ്മം, ആത്മാവ്, പരം, അപരം എന്നു പറയപ്പെടുന്ന സകലത്തേയും പരിശോധിക്കുമ്പോൾ എല്ലാം ശക്തിമയമായിത്തന്നെ ഇരിക്കുന്നു. നാമത്താൽ ഭ്രമിക്കുന്ന കുട്ടികൾക്കും രുചിക്കേണമെങ്കിൽ അതാതു നാമങ്ങളെത്തന്നെ പറയണം. അതുകൊണ്ട് അങ്ങിനെ പറഞ്ഞതാകുന്നു. ഞാൻ വൎണ്ണിച്ചതെല്ലാം ഒരെ വസ്തുവെത്തന്നെ എന്നു സാരഗ്രാഹികൾക്ക് അറിയാം. ശക്തിയുടെ അംശമല്ലാതെ ജഗത്തിൽ ഒന്നും ഇല്ല. നോക്കുക. സ്ത്രീ, പുരുഷൻ, നപുംസകം എന്നു മൂന്നായി വിഭാഗിച്ചു പറയപ്പെട്ട സൎവ്വപ്രാണികളുടെ ദേഹത്തെയും പരിശോധിക്കുമ്പോൾ പഞ്ചഭൂതവികാരമായിരിക്കുന്നു. പഞ്ചഭൂതമൊ ശക്തിയുടെ അപരാ എന്നംശമാകുന്നു. ദേഹത്തെ കഴിച്ചാൽ പിന്നെ ഒരു ചൈതന്യമാണ് എല്ലാ

ദേഹങ്ങളുടെ ഉള്ളിൽ വിളങ്ങുന്നത്. അതു ശക്തിയുടെ പരാ എന്നംശമാകുന്നു. അപ്പോൾ ആണും പെണ്ണും നപുംസകവും ശക്തിയുടെ അംശം എന്നു സിദ്ധിച്ചു. ശക്തിയെ സ്ത്രീയെന്നു നമ്മുടെ ചില കൂട്ടക്കാർ പറയുന്നുണ്ട്. അങ്ങിനെ ആയാൽ എല്ലാവരും സ്ത്രീകൾതന്നെ. പുരുഷന്മാരും നപുംസകങ്ങളും ലോകത്തിൽ ഇല്ല. എല്ലാം ശക്തിമയമല്ലെ? ശക്തിയൊ സ്ത്രീയാണെന്നും അവർ പറയുന്നുവെല്ലൊ. സ്ഥാവരങ്ങളും പഞ്ചഭൂതവികാരങ്ങളാകയാൽ ശക്തിയുടെ അപരാ എന്ന അംശത്തിൽ അടങ്ങിപ്പോയി. അപ്പോൾ സ്ഥാവരങ്ങളെയും പെണ്ണുങ്ങൾ എന്നു പറയേണം. തത്വജ്ഞന്മാൎക്ക് അതു സമ്മതമല്ല. അവർ സകല ലോകത്തേയും ശക്തിമയമായിട്ടാകുന്നു തീൎച്ചപ്പെടുത്തിയത്. അതിന്നു പ്രമാണം മുമ്പ് ഉദാഹരിച്ചതുതന്നെ മതിയെങ്കിലും പ്രമാണപ്രിയന്മാൎക്കുവേണ്ടി ഒന്നുകൂടി ഉദാഹരിക്കാം.

ഭൂമിരാപോനലോവായുഃ ഖംമനോബുദ്ധിരേവച
അഹങ്കാര ഇതീയംമേ ഭിന്നാപ്രകൃതിരഷ്ടധാ. ൧
അപരേയമിതസ്ത്വന്യാം പ്രകൃതിംവിദ്ധിമേപരാം
ജീവഭൂതാംമഹാബാഹോ യയേദംധാൎയ്യതെ ജഗൽ. ൨
(എന്നു ഭഗവൽ ഗീതാ)

അൎത്ഥം:— ൧. ഭൂമി, വെള്ളം, അഗ്നി, വായു, ആകാശം, മനസ്സു, ബുദ്ധി, അഹങ്കാരം എന്നിങ്ങിനെ എട്ടുവിധത്തിൽ എന്റെ ശക്തി പിരിഞ്ഞു. ഇത് അപരാ എന്ന അംശമാകുന്നു. ഹേ അൎജ്ജുന! പരാശക്തിയാണ് എല്ലാററിന്റെയും ജീവനായി ഭവിച്ച് ഈ ജഗത്തെല്ലാം വഹിക്കുന്നത്. ഈ പ്രമാണംകൊണ്ടും മുമ്പെചൊല്ലിയ പ്രമാണംകൊണ്ടും യുക്തികൊണ്ടും അനുഭവംകൊണ്ടും ആലോചിക്കുമ്പോൾ ആത്മാവ് എന്നു പറയപ്പെടുന്നതും ദേഹം എന്നു പറയപ്പെടുന്നതും സ്ഥാവരങ്ങൾ എന്നു പറയപ്പെടുന്നതും ശക്തിയുടെ അംശങ്ങളാകുന്നു എന്നു സിദ്ധിക്കുന്നു. അതുകൊണ്ട് എന്റെ ശക്തി എന്നു പറയുന്നതും യുക്തംതന്നെ. എങ്ങിനെ എന്നാൽ, ആസ്തികന്മാർ ദൈവത്തെ പ്രാൎത്ഥിക്കുമ്പോൾ എന്റെ സ്വാമിൻ! എന്റെ ഈശ്വര! എന്റെ ആത്മാവെ! എന്റെ പിതാവേ! ലോക

പിതാവേ! എന്നും മററും സംബോധനവാക്കുകളെ ഉപയോഗിക്കുന്നുണ്ട്. എന്റെ മാതാവ്, എന്റെ അച്ഛൻ എന്നു സാധാരണ അമ്മ അച്ഛന്മാരെയും പറയുന്നു. എന്റെ ഈശ്വരൻ എന്നു പറഞ്ഞതുകൊണ്ട് ഈശ്വരൻ അവനിൽ മാത്രം അടങ്ങിയതും അവനിൽനിന്നു താന്നതുമല്ല. എന്റെ അച്ഛൻ എന്റെ അമ്മ എന്നു പറഞ്ഞതുകൊണ്ട് അച്ഛനും അമ്മയും പുത്രനിൽ അടങ്ങിപ്പോയവരും പുത്രനിൽനിന്നു ജനിച്ചവരും അല്ല. എന്നാൽ മമത്വംകൊണ്ട് എന്റെ എന്ന വാക്കിനെ, ഉപയോഗിക്കുന്നതാകുന്നു. അപ്രകാരംതന്നെ എന്റെ ശക്തി എന്നു പറയുന്നതും ഈശ്വരന്റെ ശക്തി എന്നും മററും പറയുന്നതും ശക്തിയുടെ അംശമാകയാൽ പറയുന്നതാകുന്നു. ശക്തി ഇല്ലെങ്കിൽ ആർ ഈശ്വരനെ സേവിക്കും. ദാഹശക്തിയില്ലെങ്കിൽ തീയിനെ കാലുകൊണ്ടു ചവിട്ടിത്തേക്കാം. പചനാദി കാൎയ്യത്തിൽ അഗ്നിക്കു കഴികയില്ല അപ്പോലെതന്നെ ഈശ്വരനും ഒന്നിനും കഴികയില്ല. അതുകൊണ്ട് ആസ്തികന്മാർ ഈശ്വരനുണ്ടെന്നു പറയുന്നതും ശക്തിക്ക് അധീനനാകുന്നു. ഇതിന്നു പ്രമാണങ്ങൾ മുമ്പ് ഉദാഹരിച്ചിട്ടുണ്ടെങ്കിലും കുറെക്കൂടി ഇവിടെ ചേൎക്കുന്നു.

ജഗൽസംജനനെശക്തി സ്ത്വയിതിഷ്ഠതിരാജസീ
സാത്വികീമയിരുദ്രെച താമസീപരികീൎത്തിതാ. ൧
തയാവിരഹിതസ്ത്വംന തൽകൎമ്മകരണെപ്രഭുഃ
നാഹം പാലയിതും ശക്തഃ സംഹൎത്തും നാപിശങ്കരഃ. ൨
തദധീനാവയംസൎവ്വേ വൎത്താമഃ സതതം വിഭൊ. ൩

ശേഷേസ്വപിമിപൎയ്യങ്കെ പരതന്ത്രോ നസംശയഃ
തദധീനസ്സദൊത്തിഷ്ഠെ കാലെ കാലെ വശംഗതഃ ൪
കശ്ചപഃ കോലസിംഹശ്ച വാമനശ്ച യുഗേ യുഗേ
നകസ്യാപിപ്രിയോലോകെ തിൎയ്യഗ്യോനിഷുസംഭവഃ ൫

വിഹായലക്ഷ്മ്യാസഹ സംവിഹാരം
കോയാതി മത്സ്യാദിഷു ഹീനയോനിഷു
ശയ്യാംച മുക്ത്വാ ഗരുഡാസനസ്ഥഃ
കരോതിയുദ്ധം വിപുലം സ്വതന്ത്രഃ. ൬

തസ്മാന്നാഹം സ്വതന്ത്രോസ്മി ശക്ത്യധീനോസ്മി സൎവ്വഥാ
താമേവശക്തിം സതതം ധ്യായാമി ച നിരന്തരം. ൧

നാതഃ പരതരം കിഞ്ചിജ്ജാനാമി കമലോത്ഭവ! ൨

(എന്നു ദേവീഭാഗവതം)

ഒരുനാൾ വിഷ്ണു, ധ്യാനനിഷ്ഠനായിരിക്കുമ്പോൾ ബ്രഹ്മാവു ചോദിച്ചു. ഹേ ദേവദേവ! അങ്ങുന്നു സമസ്തജഗത്തിന്നും പ്രഭുവായിരിക്കുന്നു. സൃഷ്ടിപ്പാനും രക്ഷിപ്പാനും സംഹരിപ്പാനും സൎവ്വത്തിനും അങ്ങുന്നു സമൎത്ഥനാകുന്നു. അങ്ങയിൽനിന്നു ജാതനായ ഞാൻകൂടി സൃഷ്ടിക്കുന്നു. നിന്നിൽമീതെ ഒരു ദൈവമുണ്ടെന്നു ഞാൻ അറിയുന്നില്ല. അങ്ങുന്നു പിന്നെ ആരെയാണ് ധ്യാനിക്കുന്നത്? കേട്ടാൽ കൊള്ളാം. ഈ ചോദ്യത്തിന്ന് ഉത്തരമായിപ്പറഞ്ഞ പദ്യങ്ങളിൽ ചിലതാകുന്നു മേൽകാണിച്ചവ.

അൎത്ഥം:— ൧. ഹേ ബ്രഹ്മാവേ! ജഗത്തിനെ സൃഷ്ടിപ്പാൻ രാജസിയായ ശക്തി നിന്നിൽ ഇരിക്കുന്നു. സാത്വികിയായ ശക്തി എന്നിലും താമസിയായ ശക്തി രുദ്രങ്കലും ഇരിക്കുന്നു. ൨. ആ ശക്തിയെക്കൂടാതെ നീ സൃഷ്ടിപ്പാനും ഞാൻ പാലിപ്പാനും രുദ്രൻ സംഹരിപ്പാനും ശക്തന്മാരാകയില്ല. ൩. നോം എല്ലാപ്പോഴും ആ ശക്തിക്ക് അധീനന്മാരാകുന്നു. ൪. ഞാൻ അതാത്കാലത്തിൽ ശേഷനാകുന്ന ശയ്യയിൽ കിടന്നുറങ്ങുന്നു, ഉണരുകയും ചെയ്യുന്നു. അതുകൊണ്ടു ഞാൻ സ്വാതന്ത്ര്യമുള്ളവൻ അല്ല, ശക്തിക്ക് അധീനൻതന്നെ സംശയമില്ല; (ഞാൻ സ്വതന്ത്രനാണെങ്കിൽ നിദ്രയ്ക്കു വശനാകയില്ല എന്നു സാരം). ൫. ഒരുവനും തിൎയ്യക്ജന്തുക്കളുടെ യോനിയിൽ ജന്മം ഇഷ്ടപ്പെടുന്നതല്ല. അങ്ങിനെയാണെങ്കിലും ഞാൻ ആമയായിട്ടും പന്നിയായിട്ടും സിംഹമായിട്ടും വാമനനായിട്ടും യുഗന്തോറും ജനിക്കുന്നു. ൬. സ്വാതന്ത്ര്യമുണ്ടെങ്കിൽ വൈകുണ്ഠത്തിൽ ലക്ഷ്മീദേവിയോടുകൂടിയുള്ള സുഖക്രീഡയേയും ശയനത്തേയും വിട്ടു മത്സ്യാദികളായ ഹീനയോനികളിൽ പോയി ജനിക്കുമോ? മഹായുദ്ധത്തെ ചെയ്യുമോ? (മേൽപറഞ്ഞ രണ്ടു ശ്ലോകത്തെക്കൊണ്ടു വിഷ്ണുവിന്റെ മത്സ്യാദ്യവതാരം തനിക്കു സങ്കടമാണെന്നും ലക്ഷ്മിയോടുകൂടിയുള്ള വൈകുണ്ഠനിവാസമാണ് സുഖകരമെന്നും ത

നിക്കു സ്വാതന്ത്ര്യമില്ലായ്കയാൽ ശക്തിയുടെ പ്രേരണകൊണ്ട് അവതാരങ്ങളും യുദ്ധങ്ങളും ചെയ്യുന്നതാകുന്നു എന്നും സിദ്ധിക്കുന്നു.) ൭. അതുകൊണ്ടു ഞാൻ സ്വാതന്ത്ര്യമുള്ളവനല്ല. എല്ലാംകൊണ്ടും ശക്തിക്ക് അധീനനാകുന്നു. ആ ശക്തിയെത്തന്നെ എല്ലായ്പ്പോഴും ഞാൻ ധ്യാനിക്കുന്നു. ൮. ഹേ ബ്രഹ്മാവേ! ശക്തിയിൽമീതെ പ്രധാനമായിട്ടു ഞാൻ ഒന്നും അറിയുന്നില്ലാ എന്നു വിഷ്ണുഭഗവാൻ ബ്രഹ്മാവിനോട് ഉത്തരം പറഞ്ഞു.

മുക്തിദാതാവായിട്ടും ഭുക്തിദാതാവായിട്ടും ഈശ്വരനായിട്ടും ജനങ്ങളാൽ ഭജിക്കപ്പെടുന്ന വിഷ്ണുഭഗവാൻകൂടി ശക്തിയെ ഭജിക്കുന്ന അവസ്ഥയ്ക്കു മനുഷ്യർക്ക് അതിനു ബുദ്ധി വരാത്തതു ഭാഗ്യദോഷംതന്നെ. ഒരേ ദൈവംതന്നെ ആണ് സൃഷ്ട്യാദികൾ ചെയ്യുന്നത്. അല്ലാതെ ബ്രഹ്മാവെന്നും വിഷ്ണുവെന്നും രുദ്രനെന്നും ഭിന്നമൂർത്തികൾ ഇല്ലാ എന്നു ചില മതക്കാർ വാദിക്കുന്നുണ്ട്. ആ പക്ഷത്തിലും ശക്തിയെ ആശ്രയിക്കാതെ ഇരിപ്പാൻ നിർവ്വാഹമില്ല. അതിനു പ്രമാണം.

പരോപിശക്തിരഹിതഃ ശക്ത്യായുക്തോ ഭവേദ്യദി
സൃഷ്ടിസ്ഥിതിലയാൻകർത്തു മശക്തഃ ശക്തഏവഹി.

(എന്നു രുദ്രയാമളം)

അർത്ഥം:— പരമാത്മാവും ശക്തിയോടുകൂടിയെങ്കിൽ സൃഷ്ടിപ്പാനും രക്ഷിപ്പാനും സംഹരിപ്പാനും സമർത്ഥനായിത്തീരുന്നു. ശക്തിയോടുകൂടിയിട്ടില്ലെങ്കിൽ മേല്പറഞ്ഞ കൃത്യങ്ങൾക്കു കഴികയില്ല. തീർച്ചതന്നെ.

ശിഷ്യൻ:— എല്ലാററിലും വ്യാപിച്ചിരിക്കുന്നത് ഒരേ ശക്തിയാണെങ്കിൽ അതു പലവിധത്തിൽ കാണ്മാൻ കാരണമെന്താണ്? അങ്ങിനെ കാണുന്നതുകൊണ്ട് അതാതുവസ്തുക്കളുടെ ശക്തിയെന്നല്ലേ പറയേണ്ടത്.

ഗുരു:— ഹേ ശിഷ്യ! ശക്തിയുടെ വൈഭവത്തേയും വൈചിത്ര്യത്തേയും പററി അണുപോലവും പറവാൻകൂടി ദേവന്മാർക്കും കഴിയാത്ത കാര്യമാകുന്നു. അങ്ങിനെയിരിക്കുമ്പോൾ ഞാൻ എന്തുപറയട്ടെ? ശക്തി ഏകയായും അനേകയായും ഇ

രിക്കുന്നു. അത് അസംബന്ധമല്ലേ എന്നു വിചാരിക്കേണ്ട. നമ്മിൽ ഇരിക്കുന്ന മനനശക്തിയുടെ (മനസ്സിന്റെ) സ്ഥിതിയെ നോക്കുക. നിദ്രയിൽ അത് എന്തെല്ലാം സൃഷ്ടിക്കുന്നു. ചിലപ്പോൾ ചില സ്ത്രീകളോടുകൂടി ക്രീഡിച്ചു സുഖിച്ചു കാണുന്നു. എന്നുമാത്രമല്ല രേതഃസ്ഖലനംകൂടി ഉണ്ടാകുന്നു. ചിലപ്പോൾ ചില സ്നേഹിതന്മാരോടും ബന്ധുക്കളോടും മററും സംഭാഷണം ചെയ്തുകാണുന്നു. ചിലപ്പോൾ ശത്രുക്കളോടു കലഹിച്ചും ഭയപ്പെട്ടും മററും കാണുന്നു. ചിലപ്പോൾ അനേകജനങ്ങളോടുകൂടിയ ഉത്സവത്തെ കാണുന്നു. ചിലപ്പോൾ നദികൾ, പൎവ്വതങ്ങൾ, കാടുകൾ, ഗജങ്ങൾ, അനേകരാജ്യങ്ങൾ, പ്രേതങ്ങൾ ഇവയെല്ലാം കാണുന്നു. ചിലപ്പോൾ വരാൻപോകുന്ന ചില കാൎയ്യങ്ങളെ ശരിയായി അറിയിച്ചുതരുന്നു. യോഗജ്ഞാനോപദേശത്തെയും ചെയ്യുന്നു. ഇന്നിന്നവയാണെന്ന് ആൎക്കും തിട്ടപ്പെടുത്തുവാൻ കഴിയാത്ത അനേകസംഭവങ്ങൾ ഉണ്ടാകുന്നു. നാം ഉണൎന്നതിന്റെ ശേഷം സ്വപ്നത്തിൽകണ്ടു സംഭാഷണംചെയ്ത സ്നേഹിതനോട് ഇന്നലെ നാം രാത്രിയിൽ ഇന്നിന്നതു സംഭാഷിച്ചില്ലേ എന്നു ചോദിച്ചാൽ അവൻ അത് ഇല്ലെന്നല്ലാതെ മറെറാരു മറുപടിയും പറകയില്ല. ചില ഭവിഷ്യത്തോ ദൂരദേശവൃത്താന്തമോ കാണിച്ചുതന്നതു പരമാൎത്ഥമായിട്ടും ഭവിക്കുന്നു. അപ്പോൾ മിഥ്യയായിട്ടും സത്യമായിട്ടും കാണിച്ചതും ദ്രഷ്ടാവായിട്ടും ദൃശ്യമായിട്ടും അനന്തമായി അനവധി വൈചിത്ര്യത്തോടുകൂടി ഇരുന്നതും മനസ്സാകുന്നു എന്നത് അനുഭവസിദ്ധമാകുന്നു. അതു വിചാരിക്കുമ്പോൾ ഏകയായിട്ടും അനേകയായിട്ടും ഒരേ ശക്തിക്കു ഭവിക്കുന്നതിന്ന് എന്താ വിരോധം? വിരോധമില്ല. അത് ഇരിക്കട്ടെ. ശുദ്ധജലം ഈഷന്മധുരമാകുന്നു എങ്കിലും ആ ജലത്താൽ വളൎത്തപ്പെടുന്ന സസ്യങ്ങളാകുന്ന ഉപാധികളിൽ വ്യാപിക്കുമ്പോൾ അതു നാനാരസത്തോടുകൂടിയിരിക്കുന്നു. നാളികേരജലം മധുരമായിരിക്കുന്നു. കരിമ്പിൻനീർ മഹാ മധുരമായിരിക്കുന്നു. നെല്ലിക്കവെള്ളം ചവൎത്തും പുളിച്ചുമിരിക്കുന്നു. കാഞ്ഞിരപ്പഴത്തിൻവെള്ളം വളരെ കശപ്പായിരിക്കുന്നു. ചെറുനാരങ്ങവെള്ളം

പുളിച്ചിരിക്കുന്നു. ഇലകൾ ചതച്ചു പിഴിയുമ്പോൾ ആ വെള്ളം പച്ചവൎണ്ണത്തിൽ ഇരിക്കുന്നു. ചെമ്പരത്തിപ്പൂ പിഴിയുമ്പോൾ ആ വെള്ളം ചുവന്നിരിക്കുന്നു. ജലാംശംതന്നെ പ്രാണികളിൽ രക്തമായിട്ടും പാലായിട്ടും നയനജലമായിട്ടും മൂത്രമായിട്ടും തുപ്പൂരായിട്ടും സമുദ്രത്തിൽ ഉപ്പുവെള്ളമായിട്ടും ഇങ്ങിനെ രസംകൊണ്ടും വൎണ്ണംകൊണ്ടും ഗുണംകൊണ്ടും അനേകവിധമായിട്ടു കാണുന്നു. ഇതു ജലത്തിന്റെ ഭേദമല്ല ഉപാധിയുടെ (ആശ്രയ വസ്തുക്കളുടെ) ഭേദമാകുന്നു. അപ്പോലെ ശക്തിയും വസ്തുക്കളിൽ പലപ്രകാരത്തിൽ കാണുന്നത് ഉപാധിഭേദമാകുന്നു. കരിമ്പിൽ അടങ്ങിയതുകൊണ്ടു കരിമ്പിന്റെ വെള്ളമെന്നു പറയുന്നു. എങ്കിലും കരിമ്പിനെ നനച്ചു വളൎത്തുവാൻ കാരണമായി ബാഹ്യത്തിൽ ഇരുന്നതും ആ ജലംതന്നെ. അപ്പോൾ സകല സസ്യങ്ങൾക്കും ജീവനമായിട്ട് അകത്തും പുറത്തും ജലം ഇരിക്കുന്നു എന്നും സസ്യങ്ങളുടെ ജലം എന്നു പറഞ്ഞതുകൊണ്ടു ജലം സസ്യങ്ങളാൽ പരിമിതവസ്തുവല്ലെന്നും സാധിച്ചു. അപ്പോലെ അതാതു വസ്തുക്കളിൽ പ്രവേശിച്ചു ഗൂഢമായി ഇരിക്കുന്നതുകൊണ്ട് അതാതു വസ്തുക്കളുടെ ശക്തിയെന്നു പറയുന്നുണ്ടെങ്കിലും ശക്തി അതാതു വസ്തുക്കളാൽ പരിമിതവസ്തുവല്ലെന്നും സൎവ്വചരാചരത്തിന്നും കാരണമായി ഉള്ളും പുറവും നിന്നു ലോകത്തെ നിലനിറുത്തിക്കൊണ്ടിരിക്കുന്ന അഖണ്ഡവസ്തുവാണെന്നും അറിയേണ്ടതാകുന്നു. അതുകൊണ്ട് ആനന്ദം എന്നും ആത്മാവെന്നും ശിവനെന്നും വിഷ്ണുവെന്നും ബ്രഹ്മമെന്നും പറയുന്ന നാമങ്ങൾക്കു ലക്ഷ്യാൎത്ഥം ശക്തിയാണെന്നും അറിയേണ്ടതാകുന്നു. ശക്തിതത്വത്തെ അറിയുന്നവർ എങ്ങും നിറഞ്ഞിരിക്കുന്ന ചിച്ഛക്തിയെ തന്നെയാണ് പരിപൂൎണ്ണബ്രഹ്മമായിട്ടും ആത്മാവായിട്ടും മറവും അറിഞ്ഞിരിക്കുന്നത്. ഇതു ഭഗവാനായ ബാദരായണാചാൎയ്യർ ദേവീഗീതയിൽ ഘോഷിച്ചിരിക്കുന്നു. കേൾക്കുക.

നമോവിരാട്സ്വരൂപിണ്യൈ നമഃസൂത്രാത്മമൂൎത്തയെ
നമോവ്യാകൃതരൂപിണ്യൈ നമശ്ശ്രീബ്രഹ്മമൂൎത്തയെ
നമഃപ്രണവരൂപായൈ നമോഹ്രീങ്കാരമൂൎത്തയെ

സച്ചിദാനന്ദരൂപാം താം ഗായത്രീ പ്രതിപാദിതാം നമാമിന്നമസ്തൽപദലക്ഷ്യാൎത്ഥാം.

അൎത്ഥം:—വിരാട്സ്വരൂപിണിയായ ശക്തിക്കു നമസ്കാരം. വിശ്വമെല്ലാംവഹിച്ചുകൊണ്ടിരിക്കുന്ന സൂത്രസ്വരൂപിണിയായ ശക്തിക്കു നമസ്കാരം. സൃഷ്ടിക്കുമുമ്പ് അവ്യാകൃതരൂപിണിയായിരിക്കുന്ന ശക്തിക്കു നമസ്കാരം. ബ്രഹ്മസ്വരൂപിണിയായ ശക്തിക്കു നമസ്കാരം. ഓങ്കാരരൂപിണിയായ ശക്തിക്കു നമസ്കാരം ഹ്രീങ്കാരാത്മികയായ ശക്തിക്കു നമസ്കാരം. ഗായത്രിയാൽ പ്രതിപാദിക്കപ്പെട്ടും സച്ചിദാനന്ദസ്വരൂപിണിയായും ഇരിക്കുന്ന ശക്തിയെ നമസ്കരിക്കുന്നേൻ. തൽപദപ്പൊരുളായ ശക്തിയെ സ്തുതിക്കുന്നേൻ.

ഏകൈവ സൎവ്വത്ര വൎത്തതേ തസ്മാദുച്യതഏകാ ൧
ഏകൈവ വിശ്വരൂപിണീ തസ്മാദുച്യതേനേകാ. ൨
യസ്യാഃ പരതരം നാസ്തി. ൩

(എന്നു ദേവ്യുപനിഷത്ത്)

അൎത്ഥം:—൧. ഒരുശക്തിതന്നെ എങ്ങും ഇരിക്കുന്നു. അതുകൊണ്ട് 'ഏകാ' എന്നു പറയപ്പെടുന്നു. ൨. ഒരു ശക്തിതന്നെ സൎവ്വാത്മികയായിട്ടിരിക്കുന്നു. അതുകൊണ്ട് 'അനേകാ' എന്നു പറയപ്പെടുന്നു. ൩. യാതൊരു ശക്തിയെക്കാൾ പ്രധാനമായ വസ്തു ഇല്ല.

ശിഷ്യൻ:—ആസ്തികന്മാരായ മതക്കാരെല്ലാം അവരവർ വിശ്വസിച്ചിരിക്കുന്ന ദൈവംതന്നെ പ്രധാനം എന്നു കാണിപ്പാൻ ശ്രുതികളെ ഇപ്രകാരം ഘോഷിക്കും.

ഗുരു:—ഹേ ശിഷ്യ! അപ്പോൾ യുക്തികൊണ്ടും അനുഭവംകൊണ്ടും കൂടി ശക്തിയിൽനിന്നു കവിഞ്ഞതായ ഒരു ദൈവത്തെ സ്ഥാപിക്കുവാൻ അവൎക്കു കഴിയുന്നുണ്ടോ എന്നുകൂടി പരീക്ഷിക്കുക. അതിന്നു കഴിയുന്നുണ്ടെങ്കിൽ ആ മതത്തെ സ്വീകരിച്ചുകൊൾക. എനിക്കു സിദ്ധാന്തമില്ല. വെറും പ്രമാണം മാത്രം കണ്ടു ഭ്രമിക്കണ്ടാ. ഞാൻ പ്രമാണംകൊണ്ടും യുക്തികൊണ്ടും അനുഭവംകൊണ്ടും ആകുന്നു സൎവ്വവും ശക്തിയുടെ അംശമെന്നും ശക്തിക്കധീനമെന്നും തീൎച്ചപ്പെടുത്തിയത് ആ ശക്തിതന്നെയാണ് എല്ലാ മതക്കാരുടെയും ദൈവമെ

ന്നാണ് പറഞ്ഞതിൻെറ അഭിപ്രായം. എൻെറ സിദ്ധാന്തശ്രുതികൊണ്ടുതന്നെ അത് ഏവൎക്കും അറിയാമല്ലൊ. എന്നാൽ ശക്തിതത്വത്തെ സ്വീകരിച്ചാൽ നിരീശ്വരന്മാരെ കൂടി യുക്തിയുക്തമായി തൃപ്തിപ്പെടുത്തുവാൻ കഴിവുണ്ട്. അതുകൊണ്ടു കുറഞ്ഞൊന്നു പറഞ്ഞതാകുന്നു. എന്നുമാത്രമല്ല, നാമരൂപഭേദങ്ങളാൽ ആസ്തികന്മാരും പരസ്പരം മതവിഷയത്തിൽ കലഹിച്ചു ദ്വേഷിക്കുന്നു. അതിൻെറ നിവാരണത്തിന്നും ശക്തിതത്വത്തെ പ്രകാശിപ്പിക്കുന്നത് ഉചിതമെന്നുകരുതി കുറഞ്ഞൊന്നു പ്രകാശിപ്പിച്ചതാകുന്നു.

## മതഭേദ പ്രകരണം

ശിഷ്യൻ:— ശക്തി തത്വത്തെ മറക്കാനും നാനാപ്രകാരമായി ഹിന്തുമതം വരുവാനും കാരണമെന്താണ്?

ഗുരു:—ഹേ ശിഷ്യ! മതകൎത്താക്കന്മാരുടെ ചിത്തശുദ്ധിയുടേയും ജ്ഞാനത്തിൻേറയും താരതമ്യംപോലെ മതവും ഭേദത്തെ പ്രാപിക്കുന്നു. ഒരു കാലത്തിൽതന്നെ എല്ലാം എഴുതിയതല്ല. ഒരു കാലത്ത് ഒരുവിധം എഴുതി അതു പോരെന്നുതോന്നി മററൊരു കാലത്തു ഭേദപ്പെടുത്തി എഴുതി. അപ്പോലെ തന്നെ പിന്നെയും ചില കാലങ്ങളിൽ മതത്തെ പ്രകാരാന്തരമായി ചിലർ എഴുതി. ഇങ്ങിനെ പല കാലമായി മതം ഭേദത്തെ പ്രാപിച്ചതാകുന്നു. ചിത്തശുദ്ധിയും സമദൃഷ്ടിയും ജ്ഞാനശക്തിയും യുക്തിയും വന്നതിന്നുശേഷം മതവിഷയമായി എഴുതിയ ഗ്രന്ഥങ്ങൾ നിൎദ്ദോഷങ്ങളായും ആ വക ഗുണങ്ങൾ അത്ര ഇല്ലാത്തപ്പോൾ എഴുതിയ ഗ്രന്ഥങ്ങൾ ഗുണം ചുരുങ്ങിയും കലഹകാരണങ്ങളായും ഇരിക്കുന്നു. ഒരെ മനുഷ്യൻ തന്നെ കൎമ്മകാണ്ഡ പ്രവൎത്തകനായും ജ്ഞാനകാണ്ഡ കൎത്താവായും കാണുന്ന കാരണവും ഇതുതന്നെ. ഗ്രന്ഥകൎത്താക്കന്മാരുടെ ബുദ്ധി താരതമ്യംപോലെ മതങ്ങളും ഘടീയന്ത്രംപോലെ നീചസ്ഥിതിയേയും ഉച്ചസ്ഥിതിയേയും ഇപ്പോഴും പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഭാവികാലത്തും ഇങ്ങിനെ തന്നെ. മതത്തിന്നു ഭേദഗതി വിധാ

ന്മാർ വരുത്തുന്നുണ്ടോ എന്നു ശങ്കിക്കുന്നപക്ഷം ഉണ്ടെന്നു തെളിയിപ്പിപ്പാൻ ഒരു പ്രമാണം ഉദാഹരിക്കാം.

കുൎവ്വന്തിയെ തവപദാദ്വിമുഖാന്നരാന്ന്യാൻ
സ്വാക്ലുപ്താഗമൈൎഹരിഹരാൎച്ചന ഭക്തിയോഗൈഃ
തേഭ്യോനകുപ്യസിദയാം കുരുഷേംബികെ ത്വം
ത്രൈയ്യുഗെ ഭവതി ചാതിബലം ഗുണസ്യ. ൧
തുൎയ്യസ്യതെ നമഥിതാന്യ സദാഗമാനി
ത്വാംഗോപയന്തി നിപുണാഃ കവയഃ കലൌവൈ
ത്വൽകല്പിതാൻ സുരഗണാനപി സംസ്തുവന്തി. ൨

(എന്നു ദേവീഭാഗവതം)

ഇതു ശക്തിയെ സ്തുതിക്കുന്ന പദ്യങ്ങളിൽ പെട്ടവയാകുന്നു.

അൎത്ഥം:— ൧. ഹേ അംബികേ! വിഷ്ണുവിനേയും ശിവനേയും പൂജിക്കേണം, ഭജിക്കേണം, ധ്യാനിക്കേണം എന്ന സംഗതിയാൽ ഏതു മനുഷ്യർ അവനവനാൽ ഉണ്ടാക്കപ്പെട്ട പ്രമാണങ്ങൾകൊണ്ടു മററുള്ള ജനങ്ങളെ നിന്റെ പാദത്തിൽ വിമുഖന്മാരാക്കിത്തീക്കുന്നുവൊ അവരുടെ നേരെ നീ കോപിക്കുന്നില്ല, ദയയെ ചെയ്യുന്നു. ൨. കൃതയുഗത്തിൽ സത്വഗുണം പ്രധാനമായിരുന്നു അതുകൊണ്ട് അസത്തുക്കളായ പ്രമാണങ്ങളെ നശിപ്പിച്ചുകളഞ്ഞു: കലിയിങ്കൽ കവികൾ നിന്നെ മറെക്കുന്നു. നിന്നാൽ സൃഷ്ടിക്കപ്പെട്ട ദേവന്മാരേക്കൂടി സ്തുതിക്കുന്നു. മേല്പറഞ്ഞ പ്രമാണങ്ങൾകൊണ്ടു സത്വഗുണം വൎദ്ധിച്ച കാലത്തു സത്തുക്കൾ ശക്തിയെ ഭജിച്ചിരുന്നു എന്നും ശരിയല്ലാത്ത പ്രമാണങ്ങളെ എല്ലാം നശിപ്പിച്ചുകളഞ്ഞു എന്നും രജസ്തമോഗുണങ്ങൾ വൎദ്ധിച്ചകാലത്തു കവിതക്കാരാൽ കല്പിക്കപ്പെട്ട പ്രമാണങ്ങളിൽ ഭ്രമിച്ച പല ദേവന്മാരെയും ഭജിച്ചുതുടങ്ങി സൎവ്വകാരണമായ ശക്തിയുടെ ഭജനം ക്ഷയിച്ചുപോയി എന്നും കാണുന്നു. ഇതുകൊണ്ടു വിദ്വാന്മാരാൽ മതഭേദം ചെയ്യപ്പെട്ടുന്നുണ്ടെന്നും തത്വമറിവാൻ ശക്തിയില്ലാത്തവർ അവയിൽ ഭ്രമിച്ച ശക്തിയെ മറന്നു പല ദേവന്മാരെ പൂജിച്ചുതുടങ്ങിയതാണെന്നും മതഭേദത്തെ കല്പിക്കുന്ന പ്രമാണങ്ങളിൽ ദോഷയുക്തങ്ങളായിട്ടുള്ളവയെ നശിപ്പിച്ചുകളയുന്ന സമ്പ്രദായം ഉണ്ടെ

നും സിദ്ധിക്കുന്നു. ഇക്കാലത്ത് അങ്ങിനെ ദുഷ്ടപ്രമാണങ്ങളെ നശിപ്പിച്ചു സൽപ്രമാണങ്ങളെ മാത്രം സ്ഥാപിപ്പാൻ ബുദ്ധിമാന്മാർ ഒരുമ്പെടാത്തതു ജനസമുദായത്തിന്റെ നിർഭാഗ്യംതന്നെ. പഴയനിയമങ്ങൾ പോരെന്നു കാണുമ്പോൾ അവയെ ദുർബ്ബലപ്പെടുത്തി രാജാവു പുതിയ നിയമങ്ങളെ നിർമ്മിക്കുന്നു. അല്ലെങ്കിൽ പഴയനിയമത്തിൽ ഭേദഗതി വരുത്തി പരിഷ്കരിക്കുന്നു. ഇപ്രകാരം മതവിഷയത്തിലും ചെയ്യാവുന്നതാകുന്നു.

സുരാപബ്രാഹ്മണംതാത നിഷിദ്ധസുരശൂദ്രകം

സൈരവൃത്തിസതീകഞ്ച കഞ്ചിൽകാലം സുരാമൃഹം.

(എന്നു വാസിഷ്ഠം)

അൎത്ഥം:—ഹേ താത! ഒരു കാലത്തു ബ്രാഹ്മണൎക്ക് എല്ലാം മദ്യപാനംചെയ്യാമെന്നും ശൂദ്രൎക്ക് മദ്യപാനംചെയ്തുകൂടാ എന്നും പതിവ്രതകളായ സ്ത്രീകൾക്ക് ഇഷ്ടമുള്ള പുരുഷനെ എത്രയെങ്കിലും അംഗീകരിക്കാമെന്നും ആയിരുന്നു. ഇക്കാലത്തു ശൂദ്രൎക്ക് മദ്യപാനം ചെയ്യാമെന്നും ബ്രാഹ്മണൎക്ക് ചെയ്തുകൂടയെന്നും പതിവ്രതമാൎക്ക് സ്വഭൎത്താവിനെ അല്ലാതെ ആരെയും അംഗീകരിച്ചുകൂടാ എന്നും മുമ്പേത്തേതിന്നു നേരെ വിപരീതമായി ആചാരം ഏൎപ്പെടുത്തിയിരിക്കുന്നു. ഇങ്ങിനെ ഓരോ കാലത്തെ ആചാരഭേദത്തെ പറയുമ്പോൾ ഗ്രന്ഥവിസ്താരം വരുന്നതിനാൽ അതിൽനിന്നു ഞാൻ വിരമിക്കുന്നു. മതകൎത്താക്കന്മാൎക്ക് ചിത്തശുദ്ധിയും ജ്ഞാനവും മററും തികയുന്നതിന്നു മുമ്പ് എഴുതിയതാകുന്നു കൎമ്മകാണ്ഡം. അതുകൊണ്ടാണ് അതു കലഹകാരണമായും സമൎത്ഥന്മാൎക്കു രുചിക്കേണ്ടുന്ന തരത്തിലല്ലാതെയും ഭവിച്ചത്. എന്നാൽ ജ്ഞാനകാണ്ഡത്തെ നോക്കി ഭൂമിയിലുള്ളവരെല്ലാം സിദ്ധന്മാരായിത്തീൎന്നാലൊ എന്നു കരുതി കൎമ്മകാണ്ഡത്തെ ഉണ്ടാക്കി ജനങ്ങളെ ചെയിനെപ്പോലെ അലവാൻ ഈശ്വരൻതന്നെ ഇടവരുത്തിയതാകുന്നു എന്നു ചില മഹാന്മാരുടെ അഭിപ്രായമുണ്ട്. അങ്ങിനെ അഭിപ്രായപ്പെടുമ്പോൾ ഈശ്വരൻ അസൂയക്കുടുക്കയാകുന്നു എന്നു ദുഷിപ്പാൻ സംഗതിവരുന്നു. അതുകൊണ്ടു ഞാൻ ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. അതാണ് ചിത്തശുദ്ധിയില്ലാത്ത കാല

ത്തു നിൎമ്മിച്ചതാണ് കൎമ്മകാണ്ഡം എന്നു പറവാൻ കാരണമായത്. ചിത്തത്തിന്നു പരിപാകം വന്നതിന്നുശേഷം പരിഷ്കാരപ്പെടുത്തി എഴുതിയതാകുന്നു ജ്ഞാനകാണ്ഡം. അതിൽ അത്യന്തം ഉൽകൃഷ്ടഭാഗമാകുന്നു യോഗം.

## യോഗമാഹാത്മ്യപ്രകരണം.

ശിഷ്യൻ:—സ്വാമിൻ! യോഗം സൎവ്വോൽകൃഷ്ടമാകുന്നു എങ്കിൽ യോഗംകൊണ്ടു മുക്തി കിട്ടില്ലാ എന്നു വേദാന്തികൾ പറയുവാൻ കാരണമെന്താണ്?

ഗുരു:—യോഗസ്വഭാവത്തെ അറിയാതെ ചിലർ പറയുന്നു. ൧. ചിലർ വേദാന്തഗ്രന്ഥകൎത്താക്കന്മാരായതുകൊണ്ടു വേദാന്തഗ്രന്ഥങ്ങളുടെ പ്രസിദ്ധിക്കും പ്രചാരത്തിന്നുംവേണ്ടി യോഗത്തെ നിഷേധിക്കുന്നു. ഒരു കച്ചവടക്കാരൻ തന്റെ ചരക്കു വിലപ്പോകാൻ വേണ്ടി മറ്റൊരു കച്ചവടക്കാരന്റെ ചരക്കിനെ ദൂഷ്യംപറയുംപോലെ. ൨. ചിലർ യോഗത്തിന്റെ ആന്തരംഗം മനസ്സിലാക്കാതെ ബാഹ്യത്തിലുള്ള ഹഠക്രിയകളേയും ക്രിയായോഗത്തെയും കണ്ടു നാളികേരത്തിന്റെ ആസ്വാദ്യാംശമായ അന്തൎഭാഗത്തെ അറിയാതെ ബാഹ്യത്തിലുള്ള ചകിരിയും ചിരട്ടയും കണ്ടു നാളികേരത്തെ ദൂഷിക്കുന്ന മാതിരി യോഗത്തെ ദൂഷിക്കുന്നു ൩. യോഗത്തിൽ അണിമാദ്യഷ്ടസിദ്ധിമാൎഗ്ഗം കൂടി പറഞ്ഞിട്ടുള്ളതുകൊണ്ട് അല്പസമ്പത്തിൽ കൂടി ഭ്രമിക്കുന്ന ലോകങ്ങൾ അണിമാദി സമ്പത്തിക്കുള്ള മാൎഗ്ഗം കാണുമ്പോൾ എങ്ങിനെ അതിൽ ഭ്രമിക്കാതെയിരിക്കും? നിശ്ചയമായിട്ടും ഭ്രമിക്കും. അപ്പോൾ ആ സിദ്ധിക്കുവേണ്ടി അഭ്യസിച്ചു വളരെ കാലം കളവാൻ ഇടവരും. അങ്ങിനെയാകുമ്പോൾ മോക്ഷത്തെ പ്രാപിപ്പാൻ താമസം നേരിടും എന്നു വിചാരിച്ചുമാത്രം ചിലർ യോഗത്തെ ദൂഷിച്ചിരിക്കുന്നു. അത് ഏതാനം ഭാഗത്തെപ്പററി മാത്രമാകുന്നു. അല്ലാതെ ബ്രഹ്മസാക്ഷാൽകാരപരമായ രാജയോഗത്തെ ആരും നിഷേധിച്ചിട്ടില്ല. നിഷേധിച്ചാൽ അതു സാധുവാകുന്നതുമല്ല.

ശിഷ്യൻ: -സ്വാമിൻ! അപ്പയ്യ ദീക്ഷിതർ യോഗദർപ്പണ
ത്തിൽ രാജയോഗംകൊണ്ടു ഖണ്ഡദർശനമല്ലാതെ അഖണ്ഡബ്ര
ഹ്മദർശനം സിദ്ധിക്കയില്ലെന്നു പറഞ്ഞു രാജയോഗത്തെ നിഷേ
ധിച്ചിരിക്കുന്നുവെല്ലൊ.

രാജയോഗേന സൂര്യാദി സദൃശാൻ പ്രത്യയാൻ ബഹൂൻ
ഖണ്ഡാൻസമീക്ഷമാണസ്യ നാഖണ്ഡജ്യോതിരീക്ഷണം.

(യോഗദർപ്പണം ൩൧-ാം ശ്ലോകം)

അർത്ഥം: —രാജയോഗംകൊണ്ടു സൂര്യനെപ്പോലെയും മ
റ്റും അനേക ഖണ്ഡജ്യോതിസ്സുകളെ കാണാം. അഖണ്ഡജ്യോ
തിസ്സിനെ കാണുകയില്ല.

ഉത്തരം:—അദ്ദേഹം രാജയോഗസ്വരൂപം മുഴുവൻ മനസ്സി
ലാക്കാതെ പറഞ്ഞതാണ് എന്ന് അദ്ദേഹത്തിൻെറ യോഗദ
ർപ്പണംകൊണ്ടുതന്നെ നമുക്കു തീർച്ചപ്പെടുത്താം. നോക്കുക,
യോഗദർപ്പണം ൯൨-ാം ശ്ലോകം.

പ്രത്യഗാത്മാനമാലോക്യ ഭ്രൂമദ്ധ്യേ സ്വയംപ്രഭം
ശ്രുത്വാതത്വമസീത്യൈക്യംമത്വാസ്മീതിതദഭ്യസേൽ. ൯൨

അനേനാഭ്യാസയോഗേന പരബ്രഹ്മൈകതാം ഗതഃ
ജീവന്മുക്തോമഹായോഗീ പ്രശാന്തകരണോഭവേൽ. ൯൩

അർത്ഥം:—൯൨. ഭ്രൂമദ്ധ്യത്തിൽ സ്വപ്രകാശമായ പ്രത്യ
ഗാത്മാവിനെ കണ്ടിട്ടു 'തത്വമസി' എന്ന വാക്യത്തെ കേട്ട്
ഐക്യത്തെ ഭാവിച്ചു ഞാൻ ബ്രഹ്മമാകുന്നു എന്നു ധ്യാനിക്ക
ണം. ൯൩. ഇങ്ങിനെയുള്ള അഭ്യാസംകൊണ്ടു ജീവന്മുക്തനാ
യി അന്തഃകരണാദികൾ ലയിച്ചു പരബ്രഹ്മത്തോട് ഐക്യ
ത്തെ പ്രാപിക്കും. ൯൨-ാം ശ്ലോകത്തിൽ പറഞ്ഞിരിക്കുന്ന ഭ്രൂമ
ദ്ധ്യാഭ്യാസം രാജയോഗത്തിൽ പെട്ട അഭ്യാസമാകുന്നു. കേൾ
ക്കുക.

ഉന്മന്യവാപ്തയെശീഘ്രം ഭ്രൂധ്യാനം മമസമ്മതം
രാജയോഗപദം പ്രാപ്തും സുഖോപായോല്പചേതസാം.

(എന്നു ഹഠയോഗപ്രദീപികാ)

അർത്ഥം: —സായുജ്യമുക്തിയെ പ്രാപിപ്പാനായിക്കൊണ്ടു
ഭ്രൂധ്യാനമാണ് എനിക്കു സമ്മതമായിട്ടുള്ളത്. അല്പചേതസ്സു

കൾക്കും രാജയോഗത്തെ സിദ്ധിപ്പാൻ ഇതു എളുപ്പത്തിൽ ഉള്ള വഴിയാകുന്നു. ഇങ്ങിനെ യോഗശാസ്ത്രത്തിൽ ഘോഷിച്ചിരിക്കുന്നതുകൊണ്ടു 'പ്രത്യഗാത്മാനമാലോക്യ ഭ്രുവോർമ്മദ്ധ്യെ സ്വയം പ്രഭം' എന്നു ജ്ഞാനയോഗമായി അപ്പയ്യദീക്ഷിതർ പറയുന്നതു രാജയോഗത്തിൽ ഉൾപ്പെട്ടതായിരിക്കുന്നു. ഇങ്ങിനെ ഒരു അഭ്യാസം വേദാന്തശാസ്ത്രത്തിലെ ഇല്ല. ഇതു യോഗത്തിൽ നിന്നെടുത്തതാകുന്നു.

ശിഷ്യൻ:—സ്വാമിൻ! അതു ശരിതന്നെ. എന്നാൽ ആ ശ്ലോകത്തിൽതന്നെ സ്വയംപ്രഭമായ ആത്മാവിനെ കണ്ടതിന്റെ ശേഷം 'ശ്രുത്വാതത്വമസീത്യൈക്യം മത്വാസ്മീതി തദഭ്യസേൽ' എന്നുകൂടി പറഞ്ഞതുകൊണ്ടു ആ കണ്ടതു നീയാകുന്നു എന്നു ഗുരുമുഖത്തിൽനിന്നു ശ്രവണംചെയ്തുപിന്നെ അതു ഞാനാകുന്നു എന്നു ഭാവിച്ചുകൊണ്ടു അഭ്യസിക്കണം എന്നുകൂടി പറഞ്ഞിട്ടുണ്ടു. അതുകൊണ്ടു 'തത്വമസി' (ബ്രഹ്മം നീയാകുന്നു) 'അഹം ബ്രഹ്മാസ്മി' (ഞാൻ ബ്രഹ്മമാകുന്നു) എന്ന വേദാന്തവാക്യവിചാരത്തെ കൂടി അതിൽ സംബന്ധിപ്പിച്ചിരിക്കുന്നു. അങ്ങിനെകൂടി ചെയ്താലെ അഖണ്ഡദൎശനം സിദ്ധിക്കയുള്ളു. അല്ലാതെ പ്രത്യഗാത്മാവിനെ കണ്ടതുംകൊണ്ടു ഇരുന്നതിനെക്കൊണ്ടു സിദ്ധിക്കയില്ല എന്നു കരുതി രാജയോഗത്തെ നിഷേധിച്ചതാകുന്നു.

ഗുരു:—ഹേ ശിഷ്യ! ഉണ്ടാൽ വയറു നിറയും. ആ ഉണ്മത് അന്നമാണ് എന്നു ഗുരുമുഖേന കേട്ടു. അതിന്റെശേഷം ഞാൻ അന്നം ഉണ്ടു എന്നു ധ്യാനിക്കയും ചെയ്താലെ വയറു നിറയു എന്നു പറയുന്ന മാതിരിയിലിരിക്കുന്നു ഈ പറഞ്ഞതു. ഹേ പ്രിയശിഷ്യ! ജലസാന്നിദ്ധ്യംകൊണ്ടു ഉപ്പു താനേതന്നെ അലിഞ്ഞു ജലമയമാകുന്നു. ഞാൻ ജലമാകുന്നു, ഞാൻ ജലമാകുന്നു എന്നു ഉപ്പു ജപിക്കയും ധ്യാനിക്കയും ചെയ്യേണ്ട. അപ്രകാരം സ്വപ്രകാശപ്രത്യഗാത്മാവിന്റെ ദൎശനം സിദ്ധിച്ചാൽ താനേതന്നെ ഐക്യമാകും. 'അഹം ബ്രഹ്മാസ്മി' (ഞാൻ ബ്രഹ്മമാകുന്നു) എന്നു ജപിക്കയും ഭാവിക്കയും ചെയ്യേണ്ട. 'തത്വമസി' (നീ ബ്രഹ്മമാകുന്നു) എന്നു ഗുരുമുഖത്തിൽനിന്നു കേൾക്കുകയും വേണ്ട. സ്വാനുഭവത്തിൽ മീതെ അല്ല ഗുരുവാക്യവും ശാസ്ത്രങ്ങളും. സുന്ദരീസംയോഗം അനുഭവിച്ച കാമുകനു സു

ന്ദരീസംയോഗം സുഖമാകുന്നു എന്നതിന്നു ഗുരുവും പ്രമാണങ്ങളും വേണ്ടൊ? വേണ്ട, തീൎച്ചതന്നെ. എന്നാൽ അപ്പയ്യദീക്ഷിതർ അവർകൾ ഇങ്ങിനെ പറഞ്ഞത് എന്താണെന്നു നിരൂപിച്ചാൽ യോഗംകൊണ്ടു മുക്തി കിട്ടില്ലാ എന്നും 'അഹം ബ്രഹ്മാസ്മി' ഞാൻ ബ്രഹ്മമാകുന്നു എന്നു പറഞ്ഞും ഭാവിച്ചും ധ്യാനിക്കേണമെന്നും വേദാന്തഗ്രന്ഥങ്ങളിൽ പറഞ്ഞതു കണ്ടു ഭ്രമിച്ച് അങ്ങിനെക്കൂടെ വേണമെന്ന് ഇദ്ദേഹം സിദ്ധാന്തിച്ചതാകുന്നു. യോഗത്തിൽ തനിക്ക് അനുഭവമുണ്ടെങ്കിൽ ആ ഭ്രമം നേരിടുന്നതല്ലായിരുന്നു. പഞ്ചസാര തിന്നു സ്വാദ് അറിഞ്ഞവനോട് അതിൽ കുറച്ചു പുളി കൂട്ടി തിന്നാലെ മധുരിക്കയുള്ളു എന്നു പറഞ്ഞാൽ അവൻ ഭ്രമിക്കുമൊ? അതിനെ പ്രമാണമാക്കി ഗ്രന്ഥത്തിൽ എഴുതിയിടുമൊ? ഇല്ല. സൂൎയ്യനെ കണ്ണുകൊണ്ടു കണ്ട് ആ വെളിച്ചത്തിൽ സഞ്ചരിക്കുന്നവരോടു സൂൎയ്യന്റെ പ്രകാശം പോരാ, ഒരു ദീപംകൂടി കയ്യിൽ വേണം, എന്നാലെ പകൽ വെളിയിൽ സഞ്ചരിച്ചുകൂടു എന്നു പറഞ്ഞാൽ അവൻ അതിനാൽ ഭ്രമിക്കുമൊ? ഇല്ല. അപ്പോലെ യോഗാനന്ദാനുഭൂതിയോടുകൂടിയിരിക്കുന്ന അസ്മാദൃക്കുകൾ ഭ്രമിക്കയില്ല. ലോകം മുഴുവനുമൊത്തുകൂടി ഒരേമാതിരി പറഞ്ഞാലും തൃണംപോലെ നിരാകരിക്കും. യോഗംകൊണ്ടു മുക്തിയില്ലെന്നു പറയുന്നതു വേദമായാലും അതിനെ തീയിലിട്ടു ചുടേണ്ടതാണെന്നു നിസ്സംശയമായി വിധിക്കും. ആകാശം പതിച്ചു എന്നു വരികിലും കാററിനാൽ പൎവ്വതം കലുങ്ങി എന്നുവരികിലും ആനന്ദാനുഭവനിഷ്ഠനായിരിക്കുന്ന യോഗിയുടെ മനസ്സിന്ന് അനന്തം പ്രമാണം കണ്ടാലും അഖിലേശ്വരൻ തന്നെ അനുഭവവിരുദ്ധമായി പറഞ്ഞാലും മുക്തിമാൎഗ്ഗത്തിൽ അല്പമെങ്കിലും സന്ദേഹചാഞ്ചല്യം ഉണ്ടായി എന്നു വരികയില്ല.

ശിഷ്യൻ:— സൂൎയ്യാദി ഖണ്ഡദൎശനംകൊണ്ട് അഖണ്ഡജ്യോതിൎദ്ദൎശനം സിദ്ധിക്കയില്ല എന്നുകൂടി അപ്പയ്യദീക്ഷിതർ പറഞ്ഞിട്ടുണ്ട്. അതിന്നു സമാധാനമെന്താണ്?

ഗുരു:—ഹേ ശിഷ്യ! ഒരേ അഖണ്ഡജ്യോതിസ്സുതന്നെ ആദിയിൽ അഭ്യാസകാലത്തിൽ ഖണ്ഡമായി കാണും, മനോമാലി

ന്യം തീരെ വിട്ടമ്പോൾ അഖണ്ഡമായി കാണും. അതുകൊണ്ടു ഖണ്ഡജ്യോതിസ്സ് ഒന്നു വേറെ അഖണ്ഡജ്യോതിസ്സ് ഒന്നു വേറെ എന്നു പറയുന്നതും ഖണ്ഡജ്യോതിർദ്ദൎശനംകൊണ്ടു അഖണ്ഡജ്യോതിർദ്ദൎശനം സിദ്ധിക്കയില്ലെന്നു പറയുന്നതും അബദ്ധമാകുന്നു. എങ്ങിനെയെന്നാൽ, കണ്ണാടിയിലുള്ള ചളി ഒരുഭാഗത്ത് അല്പം പോയാൽ ആ ഭാഗത്ത് അല്പം നമ്മുടെ മുഖത്തെ കാണാം. ചളി മുഴുവൻ പോയാൽ മുഖം മുഴുവൻ അതിൽ നല്ലവണ്ണം കാണാം. നമ്മുടെ പൂൎണ്ണമുഖംതന്നെയാണ് ആദിയിൽ അല്പം കണ്ടത്. അതുതന്നെയാണ് പിന്നീടു പൂൎണ്ണമായി കണ്ടത്. ഈ കാൎയ്യത്തിൽ അല്പമുഖം ഒന്നു വേറെ പൂൎണ്ണമുഖം ഒന്നു വേറെ എന്നു പറയുന്നതും അല്പമുഖദൎശനത്താൽ പൂൎണ്ണമുഖദൎശനം സിദ്ധിക്കയില്ലെന്നു പറയുന്നതും അബദ്ധമല്ലേ? പൂൎണ്ണചന്ദ്രൻ മിക്കവാറും മേഘംകൊണ്ടു മറഞ്ഞിരിക്കുമ്പോൾ നോക്കിയാൽ നമുക്ക് ഒരു കലയെ കാണുകയുള്ളു. കുറേക്കൂടി മേഘത്തിന്റെ മറവുവിട്ടമ്പോൾ അതിനെത്തന്നെ നമുക്ക് അൎദ്ധചന്ദ്രനായി കാണാം മുഴുവൻ മറവു വിട്ടമ്പോൾ പൂൎണ്ണചന്ദ്രനായിട്ടുതന്നെ കാണാം. നാം ഒരേ ചന്ദ്രനെത്തന്നെയാണ് മൂന്നുപ്രകാരത്തിൽ കണ്ടത്. ഈ വിഷയത്തിൽ കലാമാത്രചന്ദ്രൻ ഒന്നു വേറെ, അൎദ്ധചന്ദ്രൻ ഒന്നു വേറെ, പൂൎണ്ണചന്ദ്രൻ ഒന്നു വേറെ എന്നു പറയുന്നതും കലാമാത്രചന്ദ്രന്റെയും അൎദ്ധചന്ദ്രന്റെയും ദൎശനംകൊണ്ടു പൂൎണ്ണചന്ദ്രദൎശനം സിദ്ധിക്കയില്ലെന്നു പറയുന്നതും എത്ര അബദ്ധമാണ്? ഒരു നേത്രരോഗി, കൺവെളിച്ചത്തിന്ന് ഔഷധം ശീലിക്കുമ്പോൾ ഒരാളെ നോക്കിയാൽ നിഴൽപോലെ ആദിയിൽ തോന്നും. കുറച്ചുകൂടി ആ ഔഷധം ശീലിച്ച് ആ ആളേത്തന്നെ നോക്കിയാൽ കരചരണാദ്യവയവമുള്ള ഒരു മനുഷ്യനായിട്ടു തോന്നും. രോഗനിവൃത്തി നിശ്ശേഷം വന്നശേഷം ആ ആളേത്തന്നെ നോക്കിയാൽ ഇന്നാളാണ് എന്നു വ്യക്തമായി അറിയും. നേത്രരോഗി ഒരേ മനുഷ്യനെത്തന്നെയാണ് മൂന്നുപ്രകാരത്തിൽ കണ്ടത്. അല്ലാതെ നിഴലായിട്ട് ഒരു മനുഷ്യൻ കരചരണാദ്യവയവമുള്ള ഒരു അവ്യക്തമനുഷ്യൻ പിന്നെ ഒരു വ്യക്തമനുഷ്യൻ ഇങ്ങിനെ മൂന്നുകൂട്ടക്കാർ അതാതുസമയത്ത് അവന്റെ മുമ്പിൽ ചെന്നു നിന്നിട്ടില്ല.

ശിഷ്യൻ:— സ്വാമിൻ! ദൃഷ്ടിപ്രതിബന്ധതാരതമ്യം നിമിത്തം ഒരു വസ്തുവിനെ പലപ്രകാരത്തിൽ കാണാം. ആ തടസ്ഥം തീരുമ്പോൾ ആ പലപ്രകാരത്തിൽ കണ്ടതുതന്നെയാണ് ഒരേ പ്രകാരത്തിൽ കാണുന്നത് എന്നു മേല്പറഞ്ഞ ഉദാഹരണങ്ങളാൽ എനിക്കു ബോദ്ധ്യമായി. ഖണ്ഡജ്യോതിർദ്ദൎശനംകൊണ്ട് അഖണ്ഡജ്യോതിർദ്ദൎശനം സിദ്ധിക്കയില്ലെന്ന് അപ്പയ്യദീക്ഷിതരവർകൾ പറഞ്ഞത് അബദ്ധംതന്നെ. 'ഏകമേവാദ്വിതീയം' എന്ന ശ്രുതികൊണ്ട് ഒന്നേ ഉള്ളു രണ്ടില്ലാ എന്നു തീൎച്ചപ്പെടുത്തിയിരിക്കുന്നു. ആ സ്ഥിതിക്ക് അഭ്യാസകാലത്തിൽ ഖണ്ഡമായി കാണുന്നത് ആ ഏകംതന്നെ എന്നാണ് തീൎച്ചപ്പെടുത്തേണ്ടത്. മനസ്സിനു യോഗ്യത മുഴുവൻ വരാത്തതുകൊണ്ട് അങ്ങിനെ ഖണ്ഡമായി കാണുന്നതാണ് എന്നാണ് പറയേണ്ടത്. ഭൂമിയെക്കാളും എത്രയോ വിസ്താരമുള്ള സൂൎയ്യനെ ഒരു വലിയ പപ്പടത്തോളമെ നമ്മുടെ കാഴ്ചയ്ക്കു തോന്നുന്നുള്ളു. ഇതുകൊണ്ട് ഈ പപ്പടാകാരത്തിലുള്ള ഖണ്ഡസൂൎയ്യനാകുന്നു, ഈ സൂൎയ്യന്റെ ദൎശനംകൊണ്ടു മേല്പറഞ്ഞ വിസ്താരമുള്ള സൂൎയ്യനെ കാണുകയില്ലാ എന്നല്ലാ പറയേണ്ടത്. അതിദൂരത്വം ഹേതുവായിട്ട് ആ സൂൎയ്യനെത്തന്നെ ചെറുതായി തോന്നുന്നു എന്നാണ് പറയേണ്ടത്. എന്നാൽ അപ്പയ്യദീക്ഷിതരവർകൾ രാജയോഗം പോരാ ശ്രവണമനനാദികളെ വേദാന്തശാസ്ത്രപ്രകാരം ചെയ്യേണമെന്നു പറവാനായി വേറെ ഒരു സംഗതികൂടി ഉണ്ട്. അത് എന്താകുന്നു എങ്കിൽ യോഗബീജം എന്ന യോഗഗ്രന്ഥത്തിൽ വേദാന്തവിചാരജ്ഞാനത്തെ അംഗീകരിച്ചിട്ടുണ്ട്.

ജ്ഞാനസ്വരൂപമേവാദൌ ജ്ഞേയം ജ്ഞാനൈകസാധനം
അജ്ഞാനം കീദൃശഞ്ചേതി പ്രവിചാൎയ്യം വിവേകിനാ.

(എന്നു യോഗബീജം)

അൎത്ഥം:— ജ്ഞാനത്തിനു സാധനമായ ജ്ഞാനസ്വരൂപത്തെ ആദിയിൽ അറിയേണ്ടതാണ്. അജ്ഞാനസ്വരൂപവും എപ്രകാരമാണെന്നു വിവേകിയായിരിക്കുന്നവൻ വിചാരിക്കേണ്ടതാണ്.

ഗുരു:— ഹേ ശിഷ്യ! ആത്മാനാത്മവിചാരത്തെ മാത്രമല്ല കൎമ്മത്തെയും ഭക്തിയെയുംകൂടി അഷ്ടാംഗയോഗത്തിൽ നി

യമത്തിൽ അടക്കിട്ടുണ്ട്. 'ശൌചസന്തോഷതപഃ സ്വാദ്ധ്യായേശ്വര പ്രണിധാനാനി' (എന്നു പതഞ്ജലി) നിയമത്തെ അഞ്ചായി വിഭാഗിച്ചിരിക്കുന്നു. ഇതിൽ 'തപഃ' എന്നതിൽ കർമ്മം അടങ്ങിപ്പോയി. 'സ്വാദ്ധ്യായം' എന്നതിൽ വേദാന്തം അടങ്ങിപ്പോയി. എങ്ങിനെയെന്നാൽ.

വേദാന്തശതരുദ്രീയപ്രണവാദിജപംബുധാഃ
സത്വശുദ്ധികരംപുംസാം സ്വാദ്ധ്യായം പരിചക്ഷതെ.

അർത്ഥം:—വേദാന്തത്തേയും ശതരുദ്രീയത്തേയും പ്രണവജപത്തേയും ശീലിക്കുന്നതു ചിത്തശുദ്ധിക്കുന്നു. ഇതിനെ വിദ്വാന്മാർ സ്വാദ്ധ്യായം എന്നു പറയുന്നു. ഈശ്വരപ്രണിധാനം എന്നതിൽ ഭക്തി അടങ്ങിപ്പോയി. ഇങ്ങിനെ കർമ്മവും ജ്ഞാനവും ഭക്തിയും യോഗത്തിൽ അടങ്ങിപ്പോയിരിക്കുന്നതുകൊണ്ടു യോഗത്തിൽ മീതെ പുരുഷാർത്ഥം വേറെ ഒന്നും ഇല്ലെന്നു സിദ്ധിച്ചു. വാസ്തവം ഇങ്ങിനെയിരിക്കെ ജ്ഞാനം കൊണ്ടെ മുക്തിയുള്ളു, യോഗംകൊണ്ടു മുക്തിയില്ല എന്നു വാദിക്കുന്നത് ഏതുപോലെ ഇരിക്കുന്നു എങ്കിൽ തവിടു തിന്നാലെ വയർ നിറയു, ക്ഷുൽപീഡയിൽനിന്നു മുക്തനാകു. അരിയെ പചിച്ച് ഉണ്ടാൽ വയർ നിറയില്ല; ക്ഷുൽപീഡയിൽ നിന്നു മുക്തനാകയില്ല എന്നു പറയുമ്പോലെയും ഔഷധത്തിൻെറ പേർ പറഞ്ഞാലെ രോഗദുഃഖത്തിൽനിന്നു മുക്തനാകു, ഔഷധം സേവിച്ചാൽ രോഗദുഃഖത്തിൽനിന്നു മുക്തനാകയില്ല എന്നു പറയുമ്പോലെയും ഇരിക്കുന്നു. ഇങ്ങിനെ പറയുന്നവർ യോഗസ്വരൂപത്തെ അറിയാത്തവർ തന്നെ. സംശയമില്ല.

ശിഷ്യൻ:—സ്വാമിൻ! വേദാന്തം യോഗത്തിൻെറ ഒരംഗമായി എടുത്തിരിക്കുന്നതുകൊണ്ടു യോഗിക്കു വേദാന്തത്തെ ധിക്കരിക്കുവാൻ പാടില്ലല്ലൊ. പിന്നെ എങ്ങിനെ ധിക്കരിച്ചു?

ഗുരു:—യോഗത്തിന്നു ബഹിരംഗം എന്നും ആന്തരംഗം എന്നും രണ്ടു ഭാഗമുണ്ട്. അതിൽ ബഹിരംഗം പ്രധാനമല്ല. വേദാന്തവിചാരം അതിൽ പെട്ടുപോയി. അതുകൊണ്ടുതന്നെ മുക്തിയായി എന്നു തെററിധരിച്ചിരിക്കുന്നവരെ ആന്തരംഗമായ രാജയോഗത്തിലേക്കു തിരിക്കുവാൻവേണ്ടി വേദാന്തവിചാരജ്ഞാനംകൊണ്ടു പോരായെന്നു നിഷേധിച്ചിരിക്കുന്നു.

ശിഷ്യൻ:— ബഹിരംഗംകൂടാതെ യോഗത്തിന്റെ ആന്തരംഗം സിദ്ധിക്കുമോ?

ഗുരു:— സിദ്ധിക്കും എങ്ങിനെയെന്നാൽ, കദളിയുടെ ഇലയേയും ഉണ്ണിത്തണ്ടിനേയും സ്വീകരിക്കാതെ കദളിപ്പഴത്തെ മാത്രം എടുത്തു ഭക്ഷിക്കാം. അപ്പോലെ പുണ്യവാനായ സാരഗ്രാഹി ബഹിരംഗമായ ക്രിയായോഗത്തിൽ ഭ്രമിക്കാതെ ആന്തരംഗമായ രാജയോഗത്തെ മാത്രം ഗ്രഹിക്കുന്നു.

ശിഷ്യൻ:— സ്വാമിൻ! ബഹിരംഗംകൂടാതെ കഴിയുമെങ്കിൽ യോഗത്തിൽ എന്തിന്നായിക്കൊണ്ട് അതിനെ കല്പിച്ചു?

ഗുരു:— ഹേ ശിഷ്യ! ജനിച്ചു കൺമിഴിക്കുന്നതു കർമ്മകാണ്ഡത്തിലും പിന്നെ വേദാന്തത്തിലും ആകുന്നു. അവയിൽ പരിചയിച്ചു വളരുന്ന സംസാരികളോട് ഒന്നാമതുതന്നെ അവയെ ഖണ്ഡിച്ചു പറഞ്ഞാൽ സ്ഥൂലബുദ്ധികൾ ശകാരിച്ചുതുടങ്ങും. അതിനാൽ അവരെ രാജയോഗത്തിൽ ഏർപ്പെടുത്തുവാൻവേണ്ടി അവരുടെ വിശ്വാസത്തിന്നും രുചിക്കുംഉള്ള സംഗതികളെ വെളിയിൽ പ്രകാശിപ്പിച്ചുകൊണ്ടു ബാഹ്യാംഗം യോഗത്തിൽ കല്പിച്ചതാകുന്നു. അതിൽ ചില ഉപകാരമുണ്ട്. അതു പിന്നീടു പറയാം. അതാണ് യോഗബീജത്തിൽ 'ജ്ഞാനസ്വരൂപമേവാദൌജ്ഞേയം' ജ്ഞാനസ്വരൂപം ആദിയിൽ അറിയേണ്ടതാണ് എന്നു പറഞ്ഞത്. പിന്നീടു യോഗംതന്നെ വേണം അല്ലാതെ ആത്മാനാത്മവിചാരംകൊണ്ട് ഒന്ന് ഉണ്ടെന്നു തീർച്ചപ്പെടുത്തിയതിനെ സിദ്ധിക്കയില്ല എന്നും ആ യോഗബീജത്തിൽ പറഞ്ഞിട്ടില്ലെ? നോക്കു.

> പ്രവിചാര്യ്യചിരംജ്ഞാനാൽ മുക്തോഹമിതിമന്യതെ
> കിമസൌമനനാദേവ മുക്തോഭവതി തൽക്ഷണാൽ
> പുമാൻ ജന്മാന്തരശതൈര്യ്യോഗെ നൈവവിമുച്യതെ.

അർത്ഥം:— ആത്മാനാത്മവിചാരംചെയ്തിട്ടുജ്ഞാനംകൊണ്ടു ഞാൻ മുക്തനാകുന്നു എന്ന് അനേകകാലം മനനംചെയ്യുന്നു. മനനംകൊണ്ടുമാത്രം ഇവൻ തൽക്ഷണം മുക്തനാകുമൊ ഇല്ല. അനേകജന്മം കഴിഞ്ഞാലും യോഗംകൊണ്ടുമാത്രമെ മനുഷ്യൻ മുക്തനാകയുള്ളൂ.

ശിഷ്യൻ:—ശരി തന്നെ. അതിൽ യോഗത്തെ മുഖ്യസാധനമായിട്ടും ജ്ഞാനത്തെ അവാന്തരസാധനമായിട്ടും തന്നെയാണ് പറഞ്ഞിട്ടുള്ളത്.

ഗുരു:—അതു ഞാനും സമ്മതിക്കുന്നു. അപ്പയ്യദീക്ഷിതരവർകൾ അതിന്നു വിപരീതമായി യോഗത്തെ നിഷേധിച്ചിട്ടും ജ്ഞാനത്തെ മുഖ്യമായിട്ടുമാകുന്നു പറഞ്ഞത്. ആ വിപരീതവാക്കിനെയാണ് ഞാൻ ഖണ്ഡിച്ചത്. വേദാന്തവിചാരത്തെ നിയമത്തിൽ (ക്രിയായോഗത്തിൽ) അടക്കിയതുകൊണ്ടു യോഗത്തിന്റെ ഉപാംഗത്തിന്റെ നിലയിലെ അത് എത്തീട്ടുള്ളു. അതുകൊണ്ടുതന്നെ യോഗം വേദാന്തത്തെക്കാൾ വളരെ ഉന്നതസ്ഥിതിയിലുള്ളതാണെന്നു തീർച്ചപ്പെടുത്താമല്ലൊ. 'തപഃസ്വാദ്ധ്യായേശ്വരപ്രണിധാനാനി ക്രിയായോഗഃ' (എന്നു പാതഞ്ജലയോഗസൂത്രം). 'സ്വാദ്ധ്യായം' എന്നതിൽ വേദാന്തം അടങ്ങിപ്പോയി എന്നു മുമ്പു വിവരിക്കയുണ്ടായി. അപ്പോൾ ക്രിയായോഗത്തിലെ വേദാന്തത്തെയും കർമ്മത്തെയും ഭക്തിയെയും യോഗികൾ ഗണിച്ചിട്ടുള്ളു. അതിൽനിന്ന് ഊഹിച്ചുകൊൾക, ആന്തരംഗമായ രാജയോഗത്തിന്റെ ഉൽകൃഷ്ടതയുടെ ആധിക്യത്തെ. ഹേ ശിഷ്യ! ജ്ഞാനംകൊണ്ടുമാത്രമെ മുക്തിയുള്ളു, ഭക്തികൊണ്ടുമാത്രമെ മുക്തിയുള്ളു, കർമ്മംകൊണ്ടുമാത്രമെ മുക്തിയുള്ളു എന്നു ചിലർ, സ്വപക്ഷത്തെ സിദ്ധാന്തിച്ചുപ്രശംസിക്കുന്നു എങ്കിൽ അതെല്ലാം സൂക്ഷ്മത്തിൽ യോഗത്തിന്റെ പ്രശംസയായിത്തീരുന്നു എങ്ങിനെയെന്നാൽ, തവിട്ടുതിന്നാലെ വയർ നിറയൂ എന്നു സിദ്ധാന്തിച്ചു തവിട്ടിനെ വർണ്ണിക്കുന്നു എങ്കിൽ തവിട്ടു ധാന്യത്തിൽ ഉൾപ്പെട്ടുപോയതാകയാൽ ആ വർണ്ണന ധാന്യവർണ്ണനയായിട്ടല്ലെ കലാശിക്കുന്നത്? അപ്പോലെ യോഗത്തിന്റെ ബഹിരംഗമായ ക്രിയായോഗത്തിൽതന്നെ ജ്ഞാനവും ഭക്തിയും കർമ്മവും ഉൾപ്പെട്ടുപോകയാൽ ജ്ഞാനാദികളുടെ വർണ്ണനയും യോഗവർണ്ണനയായി കലാശിക്കുന്നു. ഒഴക്ക്, ഉരി, നാഴി, ഇടങ്ങഴി എന്ന ചെറിയ അളവുപാത്രങ്ങൾ പറയെന്നു പറയപ്പെടുന്ന വലിയ അളവു പാത്രത്തിൽ എങ്ങിനെ അടങ്ങിപ്പോകുന്നുവൊ തോടു, പുഴ മുതലായ ജലപ്രവാഹങ്ങൾ സമുദ്രത്തിൽ എങ്ങി

നെ ലയിപ്പിച്ചു പോകുന്നുവൊ അപ്രകാരം കൎമ്മം, ഭക്തി, വേദാന്തവിചാരജ്ഞാനം മുതലായ പല മതങ്ങളും യോഗത്തിൽ അടങ്ങിപ്പോകുന്നു. ഒഴക്കു മുതലായ അല്പപാത്രങ്ങളിൽ പറ അടങ്ങാതെ ഇരിക്കുന്നതുപോലെയും തോട്ടു മുതലായ അല്പപ്രവാഹങ്ങളിൽ സമുദ്രം അടങ്ങാതെ ഇരിക്കുന്നതുപോലെയും യോഗം അതിമഹത്തായിരിക്കുന്നു. കേൾക്കുക യോഗമാഹാത്മ്യം.

ജ്ഞാനംകേചിദ്വദന്ത്യത്ര കേവലംതന്നസിദ്ധയേ
യോഗഹീനംകഥംജ്ഞാനം മോക്ഷദംഭവതീഹഭോഃ. ൧
ജ്ഞാനനിഷ്ഠോവിരക്തോപി ധൎമ്മജ്ഞോവിജിതേന്ദ്രിയഃ
വിനായോഗേനദേവോപി നമോക്ഷംലഭതേവിധേ. ൨

(എന്നു യോഗശിഖോപനിഷത്ത്)

അൎത്ഥം:— ൧ ചിലർ മുക്തിക്കു ജ്ഞാനം മതി എന്നു പറയുന്നു. അതുമാത്രം പോരാ. ഹേ ബ്രഹ്മാവേ! യോഗത്തെ വിട്ടിട്ടുള്ള ജ്ഞാനം മോക്ഷത്തെ കൊടുക്കയില്ല. ൨. ഹേ ബ്രഹ്മാവേ! ജ്ഞാനനിഷ്ഠനായാലും വിരക്തനായിരുന്നാലു ധൎമ്മജ്ഞനായാലും ജിതേന്ദ്രിയനായാലും ദേവനായാലുംകൂടി യോഗം കൂടാതെ മോക്ഷത്തെ ലഭിക്കയില്ല. (മനുഷ്യന്റെ കാൎയ്യം പിന്നെ പറവാനുണ്ടോ എന്നു സാരം).

ശിഷ്യൻ:— സ്വാമിൻ! മേല്പറഞ്ഞ പ്രമാണങ്ങൾകൊണ്ടു വേദാന്തശാസ്ത്രസമ്പ്രദായംകൊണ്ടു സിദ്ധിച്ച ജ്ഞാനം മാത്രം മുക്തിക്കു പോരാ എന്നു തീൎച്ചപ്പെട്ടിരിക്കുന്നുവല്ലൊ. അപ്പോൾ ജ്ഞാനംകൊണ്ടു മുക്തിയുണ്ടെന്നു പറയുന്ന ശ്രുതികൾക്കു എന്താ അൎത്ഥം?

ഗുരു:— ഹേ ശിഷ്യ! ആത്മാനാത്മവിചാരംകൊണ്ടു ദേഹം നശ്വരമെന്നും ദേഹം താനല്ലെന്നും ദേഹാഭിമാനം ദുഃഖമാണെന്നും ആത്മാവു നിത്യമാണെന്നും ആത്മനിഷ്ഠ ആനന്ദമാണെന്നും തീൎച്ചപ്പെടുന്നതുകൊണ്ടു മുമുക്ഷുക്കൾ ആത്മാവിൽ ആസക്തിവന്നു് ആത്മാവിനെ അന്വേഷിച്ചു തുടങ്ങുന്നു. അപ്പോൾ വേദാന്തശാസ്ത്രപ്രകാരമുള്ള വിചാരജ്ഞാനം ഏതാണ്ടും സഹായിക്കുന്നുണ്ടല്ലൊ. നല്ലതിനെ അറിയാതെ ചീത്തയിൽ ഭ്രമിക്കുമ്പോൾ നല്ലത് ഇന്നതാ

ണെന്നു തിരിച്ചുകൊടുക്കുന്നു എങ്കിൽ അതു വലുതായ ഒരു കാൎയ്യമല്ലെ? പിന്നെ ആ വഴിക്കു ശ്രമിക്കാമെല്ലൊ. അപ്പോൾ അനാത്മാവിൽനിന്നു മോചിപ്പാൻ ഇടവരുന്നു. അതുകൊണ്ടു ജ്ഞാനംകൊണ്ടു മുക്തി എന്നു പറഞ്ഞതിന്നു വിരോധമില്ല. പിന്നെ കൎമ്മകാണ്ഡോക്തങ്ങളായ യാഗം, വ്രതം, ദാനം, തീൎത്ഥാടനം മുതലായ നാനാകൎമ്മങ്ങളിലുള്ള ഭ്രമം, മൂൎത്തിഭേദഭ്രമം, ജാതിഭേദഭ്രമം ഇവകൊണ്ടാണ് ഹിന്തുക്കൾ കെട്ടും കെട്ടുന്നതും. വിചാരജ്ഞാനത്താൽ യാഗാദികൎമ്മങ്ങൾ അജ്ഞാനത്തെ വൎദ്ധിപ്പിക്കുന്നതുകൊണ്ടു മുക്തിക്കു വിഘ്നങ്ങളാണെന്നും ഏകദൈവമെ ഉള്ളു എന്നും ഒരെ ജാതിയല്ലാതെ ഭിന്നജാതിയില്ലെന്നും തീൎച്ചപ്പെടുന്നതിനാൽ നാനാഭ്രമദുഃഖത്തിൽനിന്നു മോചിപ്പാൻ സംഗതിവരുന്നു. അതുകൊണ്ടും ജ്ഞാനംകൊണ്ടു മുക്തി എന്നു പറഞ്ഞതിന്നു വിരോധമില്ല. അനേക മതങ്ങൾ ഉണ്ടെങ്കിലും മുക്തിക്കു യോഗംതന്നെയാണ് മുഖ്യമെന്ന് അറിയുന്നതും ഒരു ജ്ഞാനമല്ലെ? യോഗത്തെ ഇന്നവിധമാണ് അഭ്യസിക്കേണ്ടത് എന്ന് അറിയുന്നതും ഒരു ജ്ഞാനമല്ലെ? അപ്പോൾ യോഗാഭ്യാസത്തിന്നു സംഗതിവരുത്തുന്നതുതന്നെ ജ്ഞാനമാകുന്നു. അതുകൊണ്ടും ജ്ഞാനംകൊണ്ടു മുക്തി എന്നു പറഞ്ഞതിന്നു വിരോധമില്ല. പിന്നെ യോഗാഭ്യാസത്താൽ ആത്മസാക്ഷാൽകാരജ്ഞാനം സിദ്ധിക്കുന്നു. അതുകൊണ്ടും ജ്ഞാനംകൊണ്ടും മുക്തി എന്നു പറഞ്ഞതിന്നു വിരോധമില്ല. എന്തിന് അധികം പറയുന്നു, മുക്തിക്കു മാത്രം എന്നു വിചാരിക്കേണ്ട, ആഹാരം കഴിക്കേണമെങ്കിൽകൂടി ജ്ഞാനംവേണം. അത് ഇല്ലാതെ അപഥ്യമായ ഭക്ഷണംകഴിച്ചു ചിലൎക്കു രോഗവും ചിലൎക്കു മരണവുംകൂടി നേരിടുന്നു. അതുകൊണ്ടു സൎവ്വത്തിന്നും ജ്ഞാനം ആവശ്യംതന്നെ. ജ്ഞാനംകൊണ്ടു നല്ലത് ഇന്നതാണെന്ന് അറിഞ്ഞാൽ അതിനെ സാധിപ്പാൻ പ്രയത്നംകൂടി ആവശ്യമായിരിക്കുന്നു. അപ്രകാരം വേദാന്തശാസ്ത്രംകൊണ്ടു വസ്തുലക്ഷണം അറിഞ്ഞാൽ അതിന്റെ സാക്ഷാൽകാരജ്ഞാനത്തിനെ സാധിപ്പാൻ യോഗാഭ്യാസംതന്നെ അത്യാവശ്യമായിരിക്കുന്നത്. അതിന്നു പ്രമാണം.

ജ്ഞാനേനൈവഹിമോക്ഷോസ്തി വാക്യംതേഷാന്തുനാന്യഥാ
സർവ്വേവദന്തി ഖഡ്ഗേന ജയോഭവതിതർഹികിം. ൧
വിനായുദ്ധേനവീര്യേണ കഥംജയമവാപ്നുയാൽ
തഥായോഗേനരഹിതം ജ്ഞാനം മോക്ഷായനോഭവേൽ. ൨

(എന്നു യോഗബീജം)

അർത്ഥം: - ജ്ഞാനികളുടെവാക്കു ജ്ഞാനംകൊണ്ടുതന്നെയാണ് മോക്ഷം ഭവിക്കുന്നത്, മറെറാരുപ്രകാരത്തിൽ അല്ല എന്നാകുന്നു. സർവ്വജനങ്ങളും വാൾകൊണ്ടു ജയം ഉണ്ടാകുന്നു എന്നു പറയുന്നുണ്ട്. വീര്യവും യുദ്ധവും ഇല്ലാ എങ്കിൽ എങ്ങിനെ ജയം ഭവിക്കും? ഭവിക്കയില്ല. അപ്രകാരം യോഗംകൂടാതെയുള്ള ജ്ഞാനം മോക്ഷത്തിന്നായി ഭവിക്കയില്ല. (ഒരുവന്റെ വക്കൽ വാൾ ഉണ്ട്, യുദ്ധം ചെയ്യുവാനും അവന്ന് അറികയില്ല, വീര്യവും ഇല്ല എങ്കിൽ എങ്ങിനെ ജയം സിദ്ധിക്കയില്ലയോ അപ്രകാരം ജ്ഞാനംമാത്രം ഉണ്ട്, യോഗാഭ്യാസം ഇല്ലെങ്കിൽ മുക്തി ലഭിക്കയില്ലെന്നു സാരം). ജ്ഞാനംകൊണ്ടു മുക്തി എന്ന ശ്രുതികൾക്കു മേല്പറഞ്ഞ പ്രകാരമെല്ലാം അർത്ഥം ഘടിപ്പിക്കാം. ഹേ പ്രിയശിഷ്യ! അതുകൊണ്ടു സർവ്വോൽകൃഷ്ടമായും മുക്തിക്കു മുഖ്യമായും വർണ്ണിക്കപ്പെട്ടിട്ടുള്ള ജ്ഞാനം യോഗത്താൽ സിദ്ധിച്ചിട്ടുള്ള ആത്മസാക്ഷാൽകാരജ്ഞാനം തന്നെയാണ്. എന്നാൽ ചിലർ അതു വിട്ടു വേദാന്തവിചാര സമ്പ്രദായത്താലുള്ള ജ്ഞാനം മാത്രം മതി എന്നു തൃപ്തിപ്പെട്ടിരിക്കുന്നുണ്ട്. അതുകൊണ്ടു മതിയാകയില്ല. ആ വക ജ്ഞാനികൾക്ക് പിന്നെയും ജന്മം വേണ്ടിവരും. അതിന്നു പ്രമാണം.

ദേഹാന്തേജ്ഞാനിനാംപുണ്യാൽപാപാൽഫലമവാപ്യതേ
യാദൃശന്തുഭവേത്തത്തൽ ഭുക്ത്വാജ്ഞാനീപുനർഭവേൽ. ൧
പശ്ചാൽപുണ്യേനലഭതേ സിദ്ധേനസഹസംഗതിം
തതഃസിദ്ധസ്യകൃപയാ യോഗീഭവതിനാന്യഥാ ൨
തതോനശ്യതിസംസാരോ നാന്യഥാശിവഭാഷിതം ൩

(എന്നു യോഗശിഖോപനിഷത്ത്)

അർത്ഥം:—ദേഹനാശത്തിൽ ജ്ഞാനികളാൽ പുണ്യത്താലും പാപത്താലും ഉള്ള ഫലം പ്രാപിക്കപ്പെടുന്നു. അത് ഏതേതു തരത്തിലുള്ളതോ അതാതിനെ അനുഭവിച്ചു രണ്ടാമതും

ജ്ഞാനി ജനിക്കുന്നു. പിന്നെ പുണ്യത്താൽ ജ്ഞാനിക്കു യോഗിയുടെ സംസർഗ്ഗം സിദ്ധിക്കുന്നു. അതിന്റെശേഷം യോഗിയുടെ കൃപകൊണ്ടു ജ്ഞാനിയും യോഗിയായി ഭവിക്കുന്നു. അതിന്റെശേഷം ജ്ഞാനിയുടെ സംസാരം നശിക്കുന്നു (മുക്തനാകുന്നു). മറ്റൊരു പ്രകാരത്തിൽ സംസാരം നശിക്കയില്ല എന്നു ശിവഭാഷിതം.

ശിഷ്യൻ:—സ്വാമിൻ! വേദാന്തികൾ യോഗത്തെ ദൂഷിക്കുന്നുണ്ട്. അതിനു പകരം യോഗി വേദാന്തികളെ ദൂഷിച്ചതായിരിക്കാം ഇത്. സ്വമതത്തെ എല്ലാവരും അംഗീകരിപ്പാൻവേണ്ടി ചിലർ തങ്ങളുടെ ഗ്രന്ഥത്തിൽ സ്വനാമത്തെ വെക്കാതെ ഈശ്വരന്റെയും മഹർഷിമാരുടേയും മറ്റും പേർ വെച്ചു കാണുന്നു. ഈശ്വരപ്രോക്തമാണെന്നോ മഹർഷിപ്രോക്തമാണെന്നോ കണ്ടാൽ ജനങ്ങൾ നിർവ്വാദമായി ബഹുമാനപുരസ്സരം സ്വീകരിക്കും. അതിനുള്ള ഉപായമാണ് അങ്ങിനെ ചെയ്തു കാണുന്നത്. അതിനാൽ ഈശ്വരനാലും മഹാന്മാരാലും പറയപ്പെട്ടതാണെന്നു ഗ്രന്ഥത്തിൽ കണ്ടതുകൊണ്ടു ഭ്രമിച്ചു വിശ്വസിക്കേണ്ട. യുക്തിയില്ലെന്നു കണ്ടാൽ ആരോ ഒരുവൻ പറഞ്ഞതാണെന്നു തീർച്ചപ്പെടുത്തി തള്ളിക്കളയേണം. ഈശ്വരനും മഹാന്മാരും അയുക്തമായി പറയില്ലാ എന്നാണ് ബുദ്ധിമാൻ തീർച്ചപ്പെടുത്തേണ്ടത് എന്ന് ഇവിടന്ന് എന്നോട് ഒരു കാലത്ത് ഉപദേശിച്ചിട്ടുണ്ട്. ഹിന്ദുമതത്തിൽ കൃത്രിമം ഉണ്ടെന്നു തെളിയിപ്പാൻ ദേവീഭാഗവതത്തിൽനിന്ന് ഒരു ശ്ലോകവും ഉദാഹരിക്കയുണ്ടായി. അതാണിത്.

ദ്വിജൈർഭോഗരതൈർവ്വേദെ ദർശിതം ഹിംസനം പശോഃ
ജിഹ്വാസ്വാദപരൈഃകാമ മഹിംസൈവ പരാമതാ.

അർത്ഥം:—സുഖാനുഭവത്തിൽ താല്പൎയ്യമുള്ളവരും രസനാരസ പ്രധാനന്മാരുമായ ദ്വിജന്മാരാൽ പശുഹിംസ വേദത്തിൽ ചേൎക്കപ്പെട്ടതാകുന്നു. അഹിംസ തന്നെയാണ് ഉൽകൃഷ്ടമായ ധൎമ്മം. ഇതുകൊണ്ട് ഇഷ്ടംപോലെ ചിലർ എഴുതിച്ചേൎത്തിട്ടും ഉണ്ടെന്നു തീർച്ചപ്പെടുന്നു. അതുകൊണ്ടാണ് വസിഷ്ഠഭഗവാൻ വാസിഷ്ഠത്തിൽ അയുക്തമായി കണ്ടാൽ ഈശ്വരനാൽ പറയപ്പെട്ടതാണെന്നു പറഞ്ഞാലും നിരാകരിക്കേണം എ

ന്നു പറവാൻ കാരണമായത് എന്നു പറഞ്ഞു വാസിഷ്ഠത്തിൽ നിന്ന് എടുത്ത് ഉദാഹരിച്ച ശ്ലോകമാണ് ഇത്.

യുക്തിയുക്തമുപാദേയം വചനം ബാലകാദപി
അന്യത്തൃണമിവത്യാജ്യ മപ്യുക്തം പത്മജന്മനാ.

അൎത്ഥം:—ഒരു കുട്ടി പറഞ്ഞാലും യുക്തിയുക്തമായ വചനത്തെ സ്വീകരിക്കണം. ബ്രഹ്മാവു പറഞ്ഞാലും യുക്തിയില്ലാത്ത വാക്കിനെ തൃണംപോലെ നിരാകരിക്കേണം.

ഗുരു:—അങ്ങിനെ തന്നെയാണ് വേണ്ടത്. യുക്തിപരസ്സരമല്ലാതെ പുരാണപ്രോക്തമാണെന്നു കണ്ടു കണ്ടതെല്ലാം വിശ്വസിക്കുവാൻ തുടങ്ങിയാൽ ഹിന്തുമതമാകുന്ന സമുദ്രത്തിൽ മുങ്ങി ചാകുന്നതല്ലാതെ മുക്തി കിട്ടുകയില്ല. മുക്തിക്ക് അനേകം വഴി കാണാം. ഏതാണ് നല്ലതെന്ന് ആലോചിച്ച് ഏതു പ്രമാണം സാരമായി ഇരിക്കുന്നുവൊ അതിനെ സ്വീകരിക്കേണം. കരിമ്പ് ഈശ്വരസൃഷ്ടമാണെന്നുവെച്ചു കരിമ്പിൻെറ തോലും കമ്പും ചണ്ടിയും ആരും തിന്നുന്നില്ല, അതിൻെറ രസത്തെ മാത്രമെ അനുഭവിക്കാറുള്ളു. നെല്ല് ഈശ്വരസൃഷ്ടമാണെന്നുവെച്ച് ഉമിയും വയ്ക്കോലും നോം തിന്നുമാറില്ല, സാരഭൂതമായ അരിയെ മാത്രമെ നോം ഭക്ഷിച്ചുകൊള്ളുന്നുള്ളു. പരമഭക്തന്മാൎക്കുകൂടി ഈശ്വരൻെറ നേരെയുള്ള ഭക്തി കാണിപ്പാൻവേണ്ടി കരിമ്പിൻെറ തോലും കമ്പും ചണ്ടിയും, നെല്ലിൻെറ ഉമിയും വയ്ക്കോലും തിന്നുമാറില്ല. അങ്ങിനെ ചെയ്യാത്തതുകൊണ്ട് അവൻ ഭക്തനല്ലെന്ന് ഒരു മതക്കാരും പറയുന്നതും ഇല്ല. ഈശ്വരസൃഷ്ടങ്ങളായ വസ്തുക്കളിൽ നിന്നുകൂടി സാരത്തെ മാത്രം എടുത്തു നിസ്സാരത്തെ ത്യജിക്കുന്ന അവസ്ഥയ്ക്കു മനുഷ്യരാൽ സൃഷ്ടിക്കപ്പെട്ട ഗ്രന്ഥങ്ങളിൽനിന്നു സാരത്തെ മാത്രം എടുത്ത് അസംബന്ധം ഉണ്ടെങ്കിൽ അതിനെ ഉപേക്ഷിക്കുന്നതിന്ന് എന്തു വിരോധം? ഒരു വിരോധവും ഇല്ല. നമ്മുടെ പൂൎവ്വന്മാർ കുഴിച്ചുവെച്ച കിണറുകളിൽ ചിലതിലെവെള്ളം ഉപ്പുവെള്ളമാണെന്നുവരികിൽ ആ ഉപ്പുവെള്ളത്തെ മരണപൎയ്യന്തം കുടിക്കണമെന്നുണ്ടോ? ഇല്ല. അതിനെ ഉപേക്ഷിച്ചു നല്ല വെള്ളം ഏതിലുണ്ടോ അതിനെ സ്വീകരിക്കാം: അല്ലെങ്കിൽ

നമുക്കതന്നെ ഒരു കിണറു കുത്തി നല്ലവെള്ളം കുടിക്കാം. അങ്ങിനെ ചെയ്യുന്നതു പൂൎവ്വന്മാരെ ധിക്കരിക്കയാണെന്നു വിചാരിക്കുന്നപക്ഷക്കാർ, നെല്ലിന്റെ ഉമിയേയും വയ്ക്കോലിനേയും, കരിമ്പിന്റെ തോലിനേയും ഇങ്ങിനെ അതാതു വസ്തുക്കളിലുള്ള അഭക്ഷ്യാംശങ്ങളെ കൂടി ഭക്ഷിപ്പാൻ ബാദ്ധ്യസ്ഥന്മാരാകുന്നു. അല്ലെങ്കിൽ ഈശ്വരനെ ധിക്കരിച്ച കൂട്ടത്തിലാകുമെല്ലൊ. പൂൎവ്വന്മാരാൽ ഉണ്ടാക്കപ്പെട്ട കിണററിലെ ഉപ്പുവെള്ളം കുടിച്ചിട്ടില്ലെങ്കിൽ പൂൎവ്വന്മാരെയും നിരാകരിച്ച കൂട്ടത്തിലാകുമെല്ലൊ. ഹെ പ്രിയ ശിഷ്യ! നീ മേല്പറഞ്ഞ കൂട്ടത്തിൽ പെടാതെ 'യുക്തിയുക്തമുപാദേയം' എന്ന പ്രമാണത്തെ ബലമായി അംഗീകരിച്ചിരിക്കുന്നതിനാൽ ഞാൻ വളരെ സന്തോഷിക്കുന്നു. അതുകൊണ്ടു യോഗത്തെ യുക്തിയുക്തമായിത്തന്നെ സ്ഥാപിപ്പാൻ ഒരുക്കമുണ്ട്. എന്നാൽ ഹിന്തുക്കൾ മിക്കതും പ്രമാണത്തെ മാത്രം വിശ്വസിക്കുന്ന കൂട്ടരാകയാൽ യോഗം കൊണ്ടു മുക്തിയില്ലെന്നു പറയുന്ന ദുർവ്വാദത്തെ ഖണ്ഡിപ്പാനും യോഗത്തിന്നു സൎവ്വോൽകൃഷ്ടതയുണ്ടെന്നു കാണിപ്പാനും ഒന്നാമതു പ്രമാണം തന്നെ കുറെ കാണിക്കട്ടെ കേൾക്കുക.

'അഥ തദ്ദൎശനാഭ്യുപായോ യോഗഃ' (അൎത്ഥം:— ആത്മാവിനെ ദൎശിപ്പാനുള്ള ഉപായം യോഗമാകുന്നു) 'യദാത്മതത്വേന തു ബ്രഹ്മതത്വം ദീപോപമേനേഹ യുക്തഃ പ്രപശ്യേൽ' (അൎത്ഥം:—യോഗയുക്തനായി ദീപംപോലെ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ആത്മതത്വംകൊണ്ടു ബ്രഹ്മതത്വത്തെ കാണേണം). 'ത്രിരുന്നതം സ്ഥാപ്യ സമം ശരീരം ഹൃദീന്ദ്രിയാണി മനസാ സന്നിവേശ്യ ബ്രഹ്മോഡുപേന പ്രതരേത വിദ്വാൻ സ്രോതാംസി സൎവ്വാണി ഭയാവഹാനി' അൎത്ഥം:- വക്ഷസ്സ (മാറു) ഗ്രീവ (പെരടി) ശിരസ്സ് ഈ മൂന്നിനേയും നിവൃത്തി ശരീരത്തെ വടിപോലെ വളയാതെ വെച്ച് ഇന്ദ്രിയങ്ങളെ മനസ്സോടുകൂടി ഹൃത്തിൽ നിരോധിച്ച ജ്ഞാനമാകുന്ന തരണസാധനംകൊണ്ടു വിദ്വാൻ ഭയങ്കരങ്ങളായിരിക്കുന്ന സംസാരങ്ങളാകുന്ന പ്രവാഹങ്ങളെ കടക്കണം. ഇങ്ങിനെ ശ്രുതികൾ.

ഇജ്യാചാരദമാഹിംസാ ദാനസ്വാദ്ധ്യായകൎമ്മണാം

അയന്തു പരമൊധമ്മൊ യദ്യോഗേനാത്മസാധനം.

(എന്നു യാജ്ഞവല്ക്യസ്മൃതി)

അൎത്ഥം:— യാഗം, ആചാരം, ദമം, അഹിംസാ, ദാനം, വേദാന്തവിചാരം ഇവകളിൽ എല്ലാംവെച്ചു യോഗത്താൽ ആത്മാവിനെ കണ്ടുപിടിക്കുന്നതുതന്നെ മുഖ്യധമ്മം.

ബ്രാഹ്മണക്ഷത്രിയവിശാം സ്ത്രീശൂദ്രാണാഞ്ചപാവനം
ശാന്തയെ കമ്മണാമന്യദ്യോഗാന്നാസ്തിവിമുക്തയെ.

(എന്നു മാതംഗമഹഷി)

അൎത്ഥം:— ബ്രാഹ്മണക്കും, ക്ഷത്രിയന്മാക്കും, വൈശ്യന്മാക്കും, സ്ത്രീകൾക്കും, ശൂദ്രന്മാക്കും കമ്മം നശിപ്പാനും മോക്ഷം കിട്ടുവാനും യോഗമല്ലാതെ മറെറാന്നുമില്ല.

അന്ധസ്യൈവജാത്യന്ധസ്യാഹിയ ഫാലടം.

(എന്നു ദക്ഷസ്മൃതി)

അൎത്ഥം:— ജാത്യാ കരുടനായിരിക്കുന്നവൻ എങ്ങിനെ ഘടരൂപത്തെ കാണില്ലയൊ അപ്രകാരം യോഗി അല്ലാത്തവൻ ആത്മാവിനെ അറികയില്ല.

യുഞ്ജന്നേവം സദാത്മാനം യോഗീനിയതമാനസഃ
ശാന്തിംനിവ്വാണപരമാം മൽസംസ്ഥാമധിഗച്ഛതി

(എന്നു ഭഗവൽഗീത)

അൎത്ഥം:— എല്ലായ്പ്പോഴും മനസ്സിനെ ആത്മാവോടു ചേൎത്തു മനോനിയമത്തെ ചെയ്യു യോഗീ സായൂജ്യമുക്തിയെ പ്രാപിക്കുന്നു.

യോഗാൽസംജായതെജ്ഞാനം യോഗൊമയ്യേകചിത്തതാ—

(എന്നു ആദിത്യപുരാണം)

അൎത്ഥം:— യോഗത്താൽ ആത്മസാക്ഷാൽകാരജ്ഞാനം ഉണ്ടാകുന്നു. യോഗം എന്നു പറയുന്നത് എന്നിൽ (ആത്മാവിൽ) ഉള്ള ചിത്തലയമാകുന്നു.

ആത്മജ്ഞാനേനമുക്തിസ്യാൽ തച്ചയോഗാദൃതെനഹി.

(എന്നു സ്കാന്ദപുരാണം)

അൎത്ഥം:— ആത്മജ്ഞാനംകൊണ്ടു മുക്തിഭവിക്കും. ആത്മജ്ഞാനം (ആത്മപ്രത്യക്ഷം) യോഗംകൂടാതെ കിട്ടുന്നതും അല്ല.

യോഗാഗ്നിർദ്ദഹതിക്ഷിപ്രമശേഷം പാപപഞ്ജരം
പ്രസന്നം ജായതേജ്ഞാനം ജ്ഞാനാന്നിർവ്വാണമൃച്ഛതി.

(എന്നു കൂർമ്മപുരാണം)

അൎത്ഥം:—യോഗാഗ്നി സകല പാപസംഘത്തേയും വേഗത്തിൽ ദഹിപ്പിക്കുന്നു. നിർമ്മലജ്ഞാനവും അതുകൊണ്ട് ഉണ്ടാകുന്നു. ജ്ഞാനംകൊണ്ടു മോക്ഷത്തെ പ്രാപിക്കുന്നു.

തഥായതേതമതിമാൻ യഥാസ്യാന്നിർവൃതിഃപരാ
യോഗേനലഭ്യതേസാതു നചാന്യേനതുകേനചിൽ
പ്രതരന്തിമഹാത്മാനോ യോഗേനൈവ ഭവാർണ്ണവം.

(എന്നു ഗാരുഡപുരാണം)

അൎത്ഥം:—ഏതൊരുപ്രകാരത്തിൽ സായൂജ്യമുക്തി ഭവിക്കുമോ ആ വിധം ബുദ്ധിമാൻ യത്നിക്കേണം. ആ മുക്തിയാവട്ടെ യോഗത്താൽ ലഭിക്കപ്പെടുന്നു. മറെറാന്നിനാൽ ലഭിക്കപ്പെടുന്നതല്ല. മഹാന്മാർ യോഗംകൊണ്ടുതന്നെയാണ് സംസാരസമുദ്രത്തെ കടക്കുന്നത്.

സംപ്രാപ്തയോഗസിദ്ധിസ്തു പൂർണ്ണോയസ്സ്വാത്മദർശനാൽ
നകിഞ്ചിൽദൃശ്യതേകാര്യം തേനൈവ സകലംകൃതം.

(എന്നു ഗാരുഡപുരാണം)

അൎത്ഥം:—ആത്മപ്രത്യക്ഷംകൊണ്ടു യാതൊരുത്തൻ യോഗസിദ്ധിയോടുകൂടി പൂർണ്ണനായി ഭവിക്കുന്നു, അവൻതന്നെയാണ് കൃതകൃത്യൻ, അവനാൽ ചെയ്യപ്പെടേണ്ടതായി ഒന്നും കാണുന്നില്ല.

യച്ഛ്രേയഃ സർവ്വഭൂതാനാം സ്ത്രീണാമപ്യുപകാരകം
അപികീടപതംഗാനാം തന്നഃശ്രേയഃപരംവദ.
ഇത്യുക്തഃകപിലഃപൂർവ്വം ദേവൈർദ്ദേവർഷിഭിസ്തഥാ
യോഗഏവപരംശ്രേയ സ്തേഷാമിത്യുക്തവാൻപുരാ.

(എന്നു വിഷ്ണുധർമ്മം)

അൎത്ഥം:—പുഴുപക്ഷികൾക്കും, സ്ത്രീകൾക്കും, സർവ്വ പ്രാണികൾക്കും ഏതാണ് മുക്തി? ആ മുഖ്യമുക്തിയെ ഞങ്ങളോടു പറയേണം എന്നു പണ്ടു ദേവന്മാരും ദേവർഷികളും കപിലനോടു ചോദിച്ച യോഗംതന്നെ അവർക്കു (എല്ലാ പ്രാണികൾക്കും) മുഖ്യമായ മുക്തി എന്നു ഉത്തരം പറഞ്ഞു. ⊚ *

ദുസ്സഹാരാമസംസാര വിഷവേഗവിഷൂചികാ
യോഗഗാരുഡമന്ത്രേണ പാവനേനോപശാമ്യതി.

(എന്നു വാസിഷ്ഠം)

അൎത്ഥം:—ഹേ രാമ! സംസാരമാകുന്ന വിഷവേഗവിഷൂചിക ദുസ്സഹയാകുന്നു. അതു പരിശുദ്ധമായ യോഗമാകുന്ന ഗാരുഡമന്ത്രംകൊണ്ടു ശമിച്ചുപോകുന്നതാകുന്നു.

ശിഷ്യൻ:—സ്വാമിൻ! യോഗംകൊണ്ടു മുക്തിയില്ലെന്നു പറയുന്ന ദുൎവ്വാദത്തെ ഖണ്ഡിപ്പാനും യോഗം കൂടാതെ മുക്തി കിട്ടില്ലെന്നു സാധിപ്പാനും, യോഗത്തിന്നു സൎവ്വോൽകൃഷ്ടത ഉണ്ടെന്നു കാണിപ്പാനും, ജ്ഞാനംകൊണ്ടു മാത്രമെ മുക്തി കിട്ടുകയുള്ളു എന്നു വൎണ്ണിക്കപ്പെട്ടിട്ടുള്ള ജ്ഞാനം യോഗസിദ്ധമായ സാക്ഷാൽകാരജ്ഞാനംതന്നെ എന്നു വാദിപ്പാനും പ്രമാണം ഉദാഹരിച്ചത് ഇത്ര മതി. ഇനി യുക്തികൊണ്ടുകൂടി തെളിയിച്ചുതന്നാൽ കൊള്ളാം.

ഗുരു:—ഹേ ശിഷ്യ! സച്ചിദാനന്ദവസ്തുവിൽ മനോലയമാണ് മുക്തി എന്നു പറയുന്നത്. ഈ ലയം എങ്ങിനെ സിദ്ധിക്കുന്നു എന്നുവരികിൽ ഈ ദേഹത്തിൽ ഗുരുവിനാൽ തൊട്ടുകാണിച്ചു തരപ്പെടുന്ന ആത്മസ്ഥാനത്തിൽ മനസ്സിനെ നിറുത്തിക്കൊണ്ടു ഇരിക്കുമ്പോൾ മനസ്സ് ആത്മാവോടു ലയിക്കുന്നു. അതിന്ന് ഒരു ഉദാഹരണം പറയാം ഉപ്പുകട്ടയെ ജലസ്ഥാനത്തിൽ വെക്കുമ്പോൾ അത് അലിഞ്ഞു ജലത്തോടു ലയിക്കുന്നു. പിന്നെ ജലം എന്ന് ഒരു രൂപം മാത്രമെ കാണുന്നുള്ളു. അപ്രകാരം ആത്മാവോടു ചേൎക്കപ്പെട്ട മനസ്സും ഐക്യത്തെ പ്രാപിക്കയാൽ ആത്മസ്വരൂപമായ ഏക രൂപം മാത്രമെ ഉള്ളു. വ്യവഹരിപ്പാൻ ദ്വിതീയമായിട്ട് ഒന്നും ഇല്ല. ഞാൻ എന്ന അഹങ്കാരവും ഇല്ല. അപ്പോൾ ദ്വൈതനാശവും അദ്വൈതസിദ്ധിയുമായി. ഇതാണ് അദ്വൈതം, ഇതാണ് രാജയോഗം, ഇതാണ് മുക്തി. എന്നാൽ മനസ്സിന്നു ലയമുണ്ടാകുമൊ? അത് ഉണ്ടായാലും സംസാരദുഃഖം ശമിക്കുമൊ? എന്നു ശങ്കിക്കുന്നു എങ്കിൽ നോക്കുക. സുഷുപ്തിയിൽ (നല്ല ഉറക്കത്തിൽ) മനസ്സുലയിക്കുന്നു. അപ്പോൾ ദ്വൈതപ്രപഞ്ചവും ഇല്ല. യാതൊരു

സംസാരദുഃഖവും ഇല്ല. ഇത് എല്ലാവൎക്കും അനുഭവമാകുന്നു. എപ്പോൾ മനസ്സ വികസിക്കുന്നുവൊ (ഉണരുന്നുവൊ) അപ്പോൾ ഞാൻ സുഖി, ഞാൻ ദുഃഖി, ഞാൻ ബ്രാഹ്മണൻ, ഞാൻ ക്ഷത്രിയൻ, ഞാൻ വൈശ്യൻ, ഞാൻ ശൂദ്രൻ, ഞാൻ ക്രിസ്ത്യൻ, ഞാൻ മൊഹമ്മതൻ, ഞാൻ സ്ത്രീ, എൻെറ രാജ്യം, എൻെറ കൃഷി, എൻെറ വീട്, എൻെറ മുതൽ, എൻെറ ഭാൎയ്യ, എൻെറ പുത്രൻ, എൻെറ ബന്ധു, എൻെറ ശത്രു എന്നിങ്ങിനെ ഓരോ അഭിമാനവും നാനാവ്യവഹാരങ്ങളും സുഖദുഃഖങ്ങളും വന്നു ബാധിക്കുന്നു. ഇതും എല്ലാവൎക്കും അനുഭവമാകുന്നു. അതിനാൽ മനസ്സിൻെറ വികാസമാണ് സംസാരം. മനസ്സിൻെറ ലയാവസ്ഥയാണ് സംസാരദുഃഖനിവൃത്തി എന്നതു സൎവ്വമതക്കാൎക്കും സമ്മതിക്കാതെ ഇരിപ്പാൻ നിൎവ്വാഹമില്ല. അതിനാൽ മനസ്സിനെത്തന്നെയാണ് നന്നാക്കേണ്ടതും ലയിപ്പിക്കേണ്ടതും. അതിന്നു പ്രമാണങ്ങൾ.

ചിത്തംകാരണമൎത്ഥാനാം തസ്മിൻസതിജഗത്രയം
തസ്മിൻക്ഷീണെജഗൽക്ഷീണം തച്ചികിത്സ്യംപ്രയത്നതഃ.
(എന്നു വാസിഷ്ഠം)

അൎത്ഥം:— എല്ലാ കാൎയ്യങ്ങൾക്കും മനസ്സുതന്നെ കാരണം. മനസ്സ് ഉണൎന്നിരിക്കുമ്പോൾ മൂന്നു ലോകവും ഉണ്ട്. അതു ലയിച്ചാൽ സകല സംസാരബാധയും നശിച്ചു അതുകൊണ്ടു മനസ്സിന്നാണ് പ്രയത്നപ്പെട്ടും ചികിത്സിക്കേണ്ടത്.

മനഃകരോതി കൎമ്മാണി മനൊലിപ്യതിപാതകൈഃ
മനശ്ചഉന്മനീഭൂത്വാ മുച്യതെ സൎവ്വപാതകൈഃ.
(എന്നു ബ്രഹ്മജ്ഞാനതന്ത്രം)

അൎത്ഥം:— മനസ്സാണ് കൎമ്മംചെയ്യുന്നത്, മനസ്സിന്നാണ് പാപം, മനസ്സ ലയിച്ചാൽ സൎവ്വപാപത്തിൽനിന്നും മോചനമായി.

മനഏവമനുഷ്യാണാം കാരണംബന്ധമോക്ഷയോഃ
ബന്ധായവിഷയാസക്തം മുക്ത്യൈനിൎവിഷയംഗതം.

അൎത്ഥം:— മനുഷ്യൎക്കു ബന്ധത്തിന്നും മോക്ഷത്തിന്നും കാരണം മനസ്സുതന്നെ. മനസ്സ സംസാരവിഷയത്തിൽ ചെന്നാൽ ബന്ധമായി. മനസ്സ സ്വസ്ഥമായാൽ മുക്തിയും ആയി.

യതോ നിർവ്വിഷയസ്യാസ്യ മനസോമുക്തിരിഷ്യതേ
തസ്മാന്നിർവ്വിഷയം നിത്യം മനഃകാര്യം മുമുക്ഷുണാ.

അർത്ഥം:— വിഷയങ്ങളെ വിട്ടിരിക്കുന്ന മനസ്സിന്നാണ് മുക്തി. അതുകൊണ്ടു മോക്ഷേച്ഛയുള്ളവൻ നിത്യവും മനസ്സിനെ വിഷയത്തിൽനിന്നു വേർപെടുത്തേണം.

താവദേവനിരോദ്ധവ്യം യാവൽഹൃദിഗതംക്ഷയം
ഏതജ്ഞാനഞ്ചമോക്ഷശ്ച അതോഽന്യാഗ്രന്ഥവിസ്തരഃ.

അർത്ഥം:— എപ്പോഴ് മനസ്സു തന്നിൽ ലയിക്കുന്നുവൊ അതുവരെ മാത്രം മനസ്സിനെ തടുത്താൽ മതി. ഈ മനോലയം തന്നെയാണ് ജ്ഞാനമെന്നും മോക്ഷമെന്നും പറയപ്പെടുന്നത്. മനോലയത്തെ വിട്ടിട്ടുള്ള വഴി ഗ്രന്ഥവിസ്താരംതന്നെ. (സാരമുള്ളതല്ല)

നിരസ്തവിഷയാസംഗം സന്നിരുദ്ധംമനോഹൃദി
യദായാത്യുന്മനീഭാവം തദാതൽ പരമം പദം.

അർത്ഥം:— ഏതിങ്കൽ നിരോധിക്കപ്പെട്ട മനസ്സു സംസാരവിഷയങ്ങളിൽ ഓടാതെ എപ്പോഴ് ലയിക്കുന്നുവൊ അപ്പോഴ് ആ മുക്തിപദമായി. മേല്പറഞ്ഞ നാലു ശ്ലോകങ്ങൾ ബ്രഹ്മബിന്ദൂപനിഷത്തിലുള്ളതാകുന്നു.

ശിഷ്യൻ:— സ്വാമിൻ! മനസ്സുതന്നെ മനുഷ്യന്നു സുഖത്തിന്നും സർവ്വസമ്പത്തിന്നും ഉൽഗതിക്കും മുഖ്യബന്ധു. മനസ്സുതന്നെ സർവ്വാപത്തിന്നും ദുഃഖത്തിന്നും അധഃപതനത്തിന്നും ഉള്ള മുഖ്യശത്രു എന്നതു നിർവ്വിവാദംതന്നെ. ഒരുവൻ എന്നെ നോക്കി 'എടാ ചോരാ! എടാ മദ്യപായിൻ!' എന്നും മററും പല അസഹ്യമായ അസഭ്യങ്ങളെ പറയുമ്പോഴ് ഇവൻ ഇങ്ങിനെ പറഞ്ഞതുകൊണ്ടു ഞാൻ കള്ളനാകയില്ല, കള്ളുകുടിയനാകയില്ല, എന്തൊ പറഞ്ഞുകൊള്ളട്ടെ എന്നു മനസ്സു ക്ഷമിച്ചിരുന്നാൽ എനിക്ക് ഒരു കുറവും ആപത്തും ഇല്ല, എന്നല്ല ലോകത്തിൽ മഹാജനങ്ങൾ 'ഇവൻ മഹാജ്ഞാനി, ശപാക്രൂട്! എഴുനീററ് ഉത്തരം പറയുംവിധമുള്ള അസഹ്യവാക്കുകളെ കേട്ടിട്ടും സഹിച്ചുവെല്ലൊ' എന്ന് എന്നെ പ്രശംസിക്കും. 'ഇങ്ങിനെയുള്ള യോഗ്യനെ ഈവിധം പറഞ്ഞുവെല്ലൊ! കഷ്ടംതന്നെ. പരമദുഷ്ടൻ, മൂഢൻ' എന്നു എന്നെ തെറിപറഞ്ഞവനെ ലോ

കം നിന്ദിക്കയും ചെയ്യും അപ്പോൾ എന്നെ പ്രശംസാപാത്രമാക്കിയ ബന്ധു എൻെറ മനസ്സല്ലയൊ? ഞാനും അവനെപ്പോലെ അക്രമം പ്രവൃത്തിച്ചാൽ കലഹം വൎദ്ധിച്ച് അടിപിടികൂടി കച്ചേരി കയറി കഷ്ടത്തിലും നഷ്ടത്തിലും അകപ്പെട്ടു എന്നൊ കോപാധിക്യംകൊണ്ടു കത്തി കലപ്പെടുത്തി മരണത്തെത്തന്നെ പ്രാപിച്ചു എന്നൊ വരാം. മനോദോഷംനിമിത്തം ഏതെല്ലാം വിധത്തിൽ മനുഷ്യരുടെ ഇടയിൽ അൎത്ഥനാശം, ആൾനാശം മുതലായ അനൎത്ഥങ്ങൾ നേരിടുന്നു. പൊല്ലീസ്സു, കളവു, കല മുതലായ കററങ്ങൾ നിമിത്തം എത്ര ആൾ ജേലിൽ കിടക്കുന്നു. എത്രപേർ ആത്മഹത്യാ ചെയ്യുന്നു. എത്രപേരെ തൂക്കിക്കൊല്ലുന്നു. ഈ വക ആപൽകാരണങ്ങളെ ആലോചിക്കുമ്പോൾ മനോദോഷമെന്നെ തീൎച്ചപ്പെടുന്നുള്ളു. ഒരുവൻ തൻെറ സ്ത്രീ അന്യനെ അംഗീകരിച്ചു എന്നുവെച്ച് അവനേയും അവളേയും കൊന്നു താനും ചാകുന്നു. അവളെ ഉപേക്ഷിച്ചുകളഞ്ഞാൽ പോരേ! മൂത്രരുധിരദുൎഗ്ഗന്ധിയായും അമേദ്ധ്യദ്വാരദൂഷിതമായും ഇരിക്കുന്ന ചൎമ്മകുണ്ഡത്തെ മോഹിച്ച് ഇഹലോകത്തും പരലോകത്തും ഗതിയില്ലാത്ത പാപകൎമ്മം ചെയ്യേണ്ടുന്ന ആവശ്യം ഉണ്ടൊ? ശിവ! ശിവ! മഹാമധുരസുഗന്ധദ്രവ്യങ്ങൾകൊണ്ടാണ് മാനിനിമാരുടെ സൃഷ്ടി എന്നുവരികിൽ ഒരു മുഹൂൎത്തത്തിൽതന്നെ ലോകം മുഴുവനും നശിച്ചുപോകുമായിരുന്നു. മൂത്രരക്താസ്ഥിസ്രാവദുൎഗ്ഗന്ധിയായ ചൎമ്മത്തെപ്പററി കലഹിച്ചു കടിപിടി കൂടേണ്ടതും ചാവേണ്ടതും ശ്വാക്കളാകുന്നു. അപ്പോലെ മനുഷ്യരുടെ ഇടയിൽ സംഭവിക്കുന്നതു മനോമാലിന്യമല്ലാതെ മറെറാരു കാരണവും കാണുന്നില്ല. ചിലർ ലോകോപകാരതല്പരന്മാരായും സകലജനസമ്മതന്മാരായും ബ്രഹ്മാനന്ദികളായും പൂജ്യന്മാരായും കാണപ്പെടുന്നു. മനസ്സിൻെറ യോഗ്യതതന്നെ ഇതിന്നും കാരണം. അല്ലാതെ ദൈവം ഇവൎക്ക് ഒരു കൊമ്പു കൊടുത്തിട്ടുണ്ടൊ? ഇല്ല. രാവണൻ, ഹിരണ്യകശിപു, ശിശുപാലൻ, ദുൎയ്യോധനൻ മുതലായവർ മനോദോഷംകൊണ്ടു തീരെ നശിച്ചതും; ജഡഭരതൻ, ദത്താത്രേയർ, വസിഷ്ഠൻ, വാമദേവൻ, വിഭീഷണൻ, പ്രഹ്ലാ

ദൻ, ധർമ്മപുത്രർ മുതലായവർ മനസ്സിൻെറ യോഗ്യതാനിമിത്തം മഹാപൂജ്യന്മാരായി ഇരുന്നതും പുരാണാദികളിലും കാണപ്പെടുന്നു. ശാസ്ത്രവും പുരാണവും മററും എന്തിന്? നമ്മുടെ അനുഭവംതന്നെ എടുക്കുക. നന്നെ കുട്ടിയായിരിക്കുമ്പോൾ കൈക്കൽ വല്ലതും കിട്ടിയാൽ നഞ്ഞായാലും വായിലിട്ടു ചവയ്ക്കുന്നു. തേളൊ സർപ്പമൊ എന്നുവേണ്ട തീക്കട്ടയായാലും കൈകൊണ്ട് എടുക്കുന്നു. അമേദ്ധ്യത്തേയും കൈകൊണ്ടു വാരുന്നു. പിന്നൊരുമാതിരി കുട്ടിത്തരമായിരിക്കുമ്പോൾ പലഹാരമൊ മറെറാ മറെറാരു കുട്ടിവക്കൽ കണ്ടാൽ കരയുന്നു. മുതിന്നാൽ ഈ തരത്തിലുള്ള വ്യാപാരം ചെയ്യുമൊ? ഇല്ല. എന്തുകൊണ്ടെന്നാൽ, ഇത് അഗ്നിയാണ് തൊട്ടാൽ ദഹിക്കും, ഇതു സർപ്പമാണ് പിടിച്ചാൽ കടിക്കും എന്നിങ്ങിനെയുള്ള അറിവു മനസ്സിന്നുണ്ടായി. അതിനാൽ ആ വക ദുഃഖത്തിന്നു പാത്രമായില. അതിബാല്യത്തിൽ ആ ജ്ഞാനമില്ലാത്തതിനാൽ ആപൽപ്രദങ്ങളായും നിന്ദ്യങ്ങളായും ഇരിക്കുന്ന കർമ്മങ്ങളെച്ചെയ്തു ദുഃഖിക്കുമാറായി. ഈ വിഷയത്തിൽ അഗ്നിയാണ് കൈപൊള്ളിച്ച ദുഃഖിപ്പിച്ച ശത്രു എന്നു വിചാരിച്ച ക്രോധിച്ച് അഗ്നിയെ ചവിട്ടിയാൽ കാലും കൂടി ദഹിച്ച് അതിസങ്കടത്തിൽ പെടും. അതുപോലെ ശത്രു പുറമെയാണെന്നു തീച്ചപ്പെടുത്തി ദേഷിപ്പാനും ജയിപ്പാനും ശ്രമിക്കുന്ന ജനങ്ങൾക്ക് എന്നും ദുഃഖംതന്നെ. കണ്ണിൽ തിമിരം ബാധിച്ചാൽ എവിടെ നോക്കിയാലും ഇരുൾതന്നെ. അതിന്നു സർവ്വദിക്കിലും ഉള്ള ഇരുട്ടിനെ നീക്കുവാനല്ല ശ്രമിക്കേണ്ടത്. കണ്ണിനാണ് ചികിത്സിക്കേണ്ടത്. എന്നാൽ എങ്ങും വെളിച്ചമായി. സഞ്ചരിക്കുമ്പോൾ കാലിൽ കല്ലും ചിലപ്പോൾ മുള്ളും കുത്തുന്നു. പൊടിയും പിരളുന്നു എന്നു വിചാരിച്ച ഭൂമിയിലുള്ള കല്ലും മുള്ളും പൊടിയും നീക്കം ചെയ്യാനല്ലാ ശ്രമിക്കേണ്ടത്. കാലിൽ പാദരക്ഷയുണ്ടാക്കി ഇടുകയാണ് വേണ്ടത്. എന്നാൽ ഭൂമി മുഴുവനും ഉള്ള കല്ലും മുള്ളും പൊടിയും നീക്കം ചെയ്ത മാതിരി സുഖമായി സഞ്ചരിക്കാം. അപ്പോലെ ജ്ഞാനഹീനമായ മനസ്സിന്നു ലോകത്തിൽ പലതും പലരും താപകരമായിത്തീരും. അതിന്ന് ആ വസ്തുക്കളേയും ആ ജനങ്ങളേയും ദേഷിച്ചിട്ടും ദുഃഖിച്ചിട്ടും

യാതൊരു ഫലവും ഇല്ല. ജ്ഞാനമാകുന്ന അമൃതംകൊണ്ടു മനസ്സിനെ കളുപ്പിക്കുകയാണ് വേണ്ടത്. എന്നാൽ മാത്രമെ താപത്തിന്നു നിവൃത്തി കിട്ടുകയുള്ളു. സുഖവും സിദ്ധിക്കയുള്ളു. അതിന്നു പ്രമാണം.

അന്തഃശീതളതായാന്തു ലബ്ധായാം ശീതളം ജഗൽ
അന്തസ്തൃഷ്ണോപതപ്താനാം ദാവദാഹമയം ജഗൽ
(എന്നു വാസിഷ്ഠം)

അൎത്ഥം:— മനസ്സു കളുത്താൽ ജഗത്തും കളുത്തതായിതോന്നും. ആശകൊണ്ടു തപിച്ചിരിക്കുന്ന ജനങ്ങൾക്കു ജഗത്ത് അഗ്നിമയമായിരിക്കും.

ഏകഏവമനോദേവൊ ജ്ഞേയഃസൎവ്വാൎത്ഥസിദ്ധിദഃ
അന്യത്രവിഫലഃക്ലേശഃ സൎവ്വേഷാംതജ്ജയംവിനാ.
(എന്നു വാസിഷ്ഠം)

അൎത്ഥം:— സൎവ്വസമ്പത്തിനേയും സൎവ്വസിദ്ധിയേയും കൊടുക്കുന്ന മുഖ്യദൈവം മനസ്സുതന്നെ. അതിനെ സ്വാധീനത്തിൽ വെക്കാതെ ചെയ്യുന്ന മററുള്ള യത്നം നിഷ്ഫലമാകുന്നു. ഇതു വാസ്തവംതന്നെയല്ലെ. മനസ്സു വിദ്യാഭ്യാസത്തിൽ സ്ഥിരമായി നില്ക്കുന്നനിമിത്തം എത്ര ജനങ്ങൾ ഇക്കാലത്തിൽ മഹാപരീക്ഷകളിൽ ജയിച്ചു വലിയ ഉദ്യോഗങ്ങളിൽ പ്രവേശിച്ചു രാജപ്രതിനിധികളായി നീതിയോടുകൂടി പ്രജാപരിപാലനംചെയ്തു സമ്പൽപുഷ്ടിയോടും സുഖത്തോടുംകൂടി വസിക്കുന്നു. പക്ഷെ രാജാവ് അവൎക്കു വലിയ ഉദ്യോഗം കൊടുത്തു അതുകൊണ്ടാണ് ആ സ്ഥിതിയിൽ വന്നത് എന്നു പറയുന്നു എങ്കിൽ, രാജാവ് എന്തുകൊണ്ടു നിരക്ഷരകുക്ഷിയായും ബുദ്ധിഹീനനായും ഇരിക്കുന്നവന്ന് അങ്ങിനെയുള്ള ഉദ്യോഗം കൊടുക്കുന്നില്ല? രാജാവിന്നു പക്ഷഭേദം ഉണ്ടോ? ഇരിക്കട്ടെ. സംസാരവിഷയത്തിൽ ഭ്രമിച്ച് അകൃത്യം ചെയ്യാതെ ദൃഢഭക്തിയോടുകൂടി ഇരിക്കുന്ന നിമിത്തം എത്ര ജനം മോക്ഷസാമ്രാജ്യത്തെ പ്രാപിച്ചിരിക്കുന്നു? ഈ വിഷയത്തിൽ ദൈവം അവരിൽ പക്ഷഭേദം ചെയ്തു എന്നു ദൈവത്തെ കുററം പറവാൻ പാടുണ്ടോ? ഇല്ല. എന്തുകൊണ്ടെന്നാൽ, സൂക്ഷ്മത്തിൽ മനസ്സാണ് പരി

പ്പിച്ച പരീക്ഷയിൽ ജയിപ്പിച്ച വലിയ ഉദ്യോഗം കൊടുപ്പിച്ച ബന്ധു. അപ്പോലെ ദൃഢഭക്തികൊണ്ടു മോക്ഷസാമ്രാജ്യത്തെ സിദ്ധിപ്പിച്ച ബന്ധുവും മനസ്സാകുന്നു. അതുകൊണ്ട് ഇഹലോകസുഖത്തിന്നും പരലോകസുഖത്തിന്നും മനസ്സുതന്നെ മഹാബന്ധു.

ചിത്തയക്ഷദൃഢാക്രാന്തം നശാസ്ത്രാണി നബാന്ധവാഃ
ശക്നുവന്തിസമുദ്ധർത്തും ഗുരവോ നചമാനവം.

(എന്നു വാസിഷ്ഠം)

അൎത്ഥം:—മനസ്സാകുന്ന പിശാചിന്റെ വശത്തിലായ പുരുഷനെ ഉയൎന്നനിലയിൽ കൊണ്ടുവരുവാൻ ബന്ധുക്കളെക്കൊണ്ടും ശാസ്ത്രങ്ങളെക്കൊണ്ടും ഗുരുജനങ്ങളെക്കൊണ്ടും കഴികയില്ല. ഇതും വാസ്തവംതന്നെ. ചിലരോടു ശാസ്ത്രങ്ങളും യുക്തികളും ഘോഷിച്ച് ഈശ്വരവിചാരംകൂടി ചെയ്യേണ്ടതാണ്; കാലം ഇങ്ങിനെ മിഥ്യയാക്കി കഴിച്ചാൽ പോരാ എന്നു പറയുമ്പോൾ, ഇനിക്കും അതിന്നു വളരെ താല്പൎയ്യമുണ്ട്. പക്ഷെ സമയം കിട്ടുന്നില്ലെന്ന് ഉത്തരം പറയുന്നു. നാട്ടുകാൎയ്യവും വീട്ടുകാൎയ്യവും അന്വേഷിപ്പാനും കളത്രപുത്രാദികളെ ലാളിപ്പാനും നാടകം കാണ്മാനും ശീട്ടു കളിപ്പാനും മററും അവസരമുണ്ട്. ഈശ്വരവിചാരത്തിന്നു മാത്രം അവസരമില്ലപോൽ. ചിലർ, സംസാരകാൎയ്യങ്ങൾ അനേകം ഒതുക്കവാനുണ്ട്, അതെല്ലാം ഒതുക്കീട്ടു വേണം ഈശ്വരവിചാരം ചെയ്യുവാൻ തുടങ്ങുവാൻ എന്നു പറയുന്നു. കഷ്ടം! കഷ്ടം! മനസ്സ് ഒതുങ്ങുമ്പോഴല്ലാതെ സംസാരകാൎയ്യങ്ങൾ ഒതുങ്ങുന്ന കാലം ഉണ്ടോ? ചിലർ ഈശ്വരവിചാരം ചെയ്വാൻ കുറെ പ്രായം ചെന്നിട്ടു വേണം, ചെറുപ്പകാലത്തു ഭക്തി ഒന്നും ഉറയ്ക്കില്ലാ എന്നു പറയുന്നു. പ്രായം ചെല്ലുന്നതിന്നു മുമ്പുതന്നെ കുറുക്കന്നോ മററൊ ദേഹം ഇരയായിപ്പോയാലൊ എന്നു ചിന്തിക്കുന്നില്ല. ഈ വക കേസ്സുകൾ അനേകം. അതു പോട്ടെ. മാതാപിതാക്കന്മാരും, ബന്ധുജനങ്ങളും, ഗുരുജനങ്ങളും എത്രയൊ ദ്രവ്യം ചിലവുചെയ്ത് ഉപദേശിച്ചിട്ടും നിൎബ്ബന്ധിച്ചിട്ടും പല ശിക്ഷകൾ ചെയ്തിട്ടും പഠിപ്പു വിട്ടു സ്ത്രീവശന്മാരായിട്ടൊ മദ്യപാനാസക്തന്മാരായിട്ടൊ ശീട്ടുകളി മുതലായ ദുൎവ്യാപാരങ്ങളിൽ പെട്ടിട്ടൊ ദു

മ്മാൎഗ്ഗികളായി ചിലർ കെട്ടുപോകുന്നു. ചിലർ മഹാപരീക്ഷകളിൽ ജയിച്ച് ഉച്ചസ്ഥിതിയിലെത്തി കാൎയ്യാകാൎയ്യവിചക്ഷണന്മാരായി ഉന്നതാധികാരികളായി നാട്ടിന്നലങ്കാരഭൂതന്മാരായിരുന്നിട്ടും മനോദോഷം നിമിത്തം പൊട്ടുന്നനവെ ജേലിന്ന് അലങ്കാരഭൂതന്മാരായിത്തീരുന്നു. കൈക്കൂലി വാങ്ങി ജേലിൽ പോയി കിടക്കു എന്നു നിയമങ്ങൾ നിൎബ്ബന്ധിക്കുന്നില്ല. മദ്യം എന്നെ വന്നു സേവിക്കു എന്ന് ഒരുവനേയും ക്ഷണിക്കുന്നില്ല. ശീട്ടും അപ്രകാരം ചെയ്യുന്നില്ല. മനസ്സാകുന്നു മേല്പറഞ്ഞ നിന്ദ്യപ്രവൃത്തികളിൽ പിടിച്ചിറക്കി ആപത്തിനേയും അതിദുഃഖത്തിനേയും കൊടുക്കുന്നത്. അതുകൊണ്ടു മനസ്സുതന്നെ മഹാശത്രു. ഇതിൽമീതെ ഒരു ശത്രുവും ഇല്ല. നാടു മുഴുവനും രാജാവും ഒരുവന്നു ശത്രുവായാൽ നാട്ടിൽനിന്ന് ആട്ടിക്കളവാനൊ ശിരച്ഛേദംചെയ്തു പ്രാണഹാനിയെച്ചെയ്വാനൊ കഴിയും. ദേഹനാശം എന്നായാലും നേരിടുന്നതല്ലെ. അതു മഹാചക്രവൎത്തിക്കും സൎവ്വജനങ്ങൾക്കും സംഭവിക്കുന്നതുമല്ലെ എന്നു സമാധാനിക്കുവാനെ ഉള്ളു. അപ്പോൾ മനസ്സിനാൽ സമാധാനിക്കപ്പെടുവാൻ കഴിയുന്ന ഭൂതലവാസത്തെ കെടുപ്പാനെ ചക്രവൎത്തിയും സകല നാട്ടുകാരും ശത്രുവായി നിന്നാലും കഴികയുള്ളു. മനസ്സു ശത്രുവായാൽ ഇഹലോകവാസത്തെ മാത്രമല്ലല്ലൊ കെടുക്കുന്നത്. പരമാനന്ദപദപ്രാപ്തി എന്ന പരലോകവാസംകൂടി കെടുത്തുകളയുന്നു. അത് ഇത്രകാലത്തേക്കാണ് കെടുക്കുന്നത് എന്ന് അവധിയും ഇല്ല. ഉഭയഭ്രഷ്ടനായി അനേകം കാലം ദുഃഖിക്കേണ്ടിവരുന്നു. ഈ തരത്തിൽ ദോഷം ചെയ്വാനുള്ള ശക്തി ആൎക്കാണ് ഉള്ളത്? ആൎക്കും ഇല്ല. അതുകൊണ്ട് ഇഹലോകത്തിൽ സംസാരദുഃഖത്തെ അനുഭവിപ്പിപ്പാനും എന്നും നരകദുഃഖത്തെ നൽകാനും ഉള്ള മഹാ ശത്രു മനസ്സുതന്നെ. ഈ മനസ്സു ലയിച്ചാൽമാത്രമെ ദുഃഖനിവൃത്തിയുള്ളു. അതുതന്നെ മുക്തി. സംശയമില്ല എന്നാൽ പിന്നത്തെ സംശയമെന്താകുന്നുവെങ്കിൽ ദേഹത്തിൽ സിദ്ധഗുരുവിനാൽ തൊട്ടുകാണിച്ചു തരപ്പെട്ട ആത്മസ്ഥാനത്തിൽ മനസ്സിനെ നിറുത്തി അഭ്യാസിക്കുമ്പോൾ മനസ്സ് ആത്മാവോടു ലയിക്കും എന്നു പറ

കയുണ്ടായി. ആത്മാവ് എങ്ങും നിറഞ്ഞ വസ്തുവായിരിക്കുമ്പോൾ ദേഹത്തിൽ ഒരിടത്തിൽ ആത്മസ്ഥാനത്തെ കല്പിച്ചത് എങ്ങിനെ?

ഗുരു:— ഹേ ശിഷ്യ! ആത്മാവ് എങ്ങും നിറഞ്ഞ വസ്തുവായതുകൊണ്ടുതന്നെയാണ് ദേഹത്തിൽ ഒരിടത്തിൽ ആത്മസ്ഥാനം കല്പിച്ചത്. എങ്ങും നിറഞ്ഞ വസ്തു ദേഹത്തിൽ ഒരിടത്തിൽ ഇല്ലെന്നു വരുമൊ? ഇല്ല. അതുകൊണ്ടു ദേഹത്തിൽ ഒരിടത്തിൽ മനസ്സു നിറുത്തി അഭ്യസിക്കണമെന്നു പറഞ്ഞതു യുക്തംതന്നെ. അല്ലാതെ ലോകം മുഴുവൻ നിറഞ്ഞ ആത്മാവിനെക്കാണ്മാൻ ലോകം മുഴുവനും മനസ്സു നിറുത്തി അഭ്യസിപ്പാൻ നിർവ്വാഹമില്ല. അനേകയോജന വിസ്താരമുള്ള സമുദ്രത്തിൽ ക്രീഡിക്കേണമെന്നാശയുള്ളവൻ ഒരു കടവിൽനിന്നുതന്നെ തോണിയിൽ കയറി സമുദ്രത്തിൽ ക്രീഡിക്കേണം. അല്ലാതെ സമുദ്രം മുഴുവനും വ്യാപിക്കുന്ന വിധത്തിൽ സമുദ്രത്തോളം വലിപ്പമുള്ള ഒരു തോണിയുണ്ടാക്കി പ്രവേശിക്കാറില്ല. അങ്ങിനെ വിചാരിച്ചാൽ അത് അസംബന്ധവും അസാദ്ധ്യവും ആകുന്നു.

ശിഷ്യൻ:— ആത്മാവ് എങ്ങും നിറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഏതെങ്കിലും ഒരു ദിക്കിൽ മനസ്സുവെച്ചാൽ പോരെ?

ഗുരു:— അതു പോരാ. സൂര്യപ്രകാശം പരക്കെ ഉണ്ടെങ്കിലും നേത്രദ്വാരാ മനസ്സുവെച്ചാലെ ആ പ്രകാശത്തെ കാണ്മാൻ കഴികയുള്ളൂ. ശ്രോത്രമാർഗ്ഗാദികളിൽകൂടി മനസ്സിനെ ചെലുത്തിയാൽ കാണുകയില്ല. വാസനയെ അറിയേണമെങ്കിൽ ഘ്രാണേന്ദ്രിയദ്വാരാ മനസ്സിനെ വിട്ട് അറിയേണം. രസത്തെ അറിയേണമെങ്കിൽ രസനേന്ദ്രിയംവഴിക്കു മനസ്സിനെ വെച്ചാലെ അറികയുള്ളൂ. പഞ്ചസാരയുടെ മാധുര്യം വാസിച്ചാലും മേൽ മുഴുവനും പഞ്ചസാരയും തേനും കലന്നു തേച്ചാലും രസത്തെ അറികയില്ല. ഇങ്ങിനെതന്നെ ഏതേത് ഇന്ദ്രിയംവഴിക്ക് ഏതേതിനെ അറിയേണമൊ അതാതുവഴിക്കുതന്നെ മനസ്സിനെ ചെലുത്തിയാലെ അതാതിനെ അറികയുള്ളൂ. അപ്പോലെ സുഷുമ്നാമാർഗ്ഗത്തൂടെ മനസ്സിനെ നിറുത്തിയാലെ എങ്ങും നിറഞ്ഞ ആത്മാവിനെ അറികയുള്ളൂ. അല്ലാതെ അറികയില്ല. അറിയുമെങ്കിലൊ അകത്തും പുറത്തും

മേലും കീഴും സൎവ്വത്ര നിറഞ്ഞിരിക്കുന്ന ആ പരംജ്യോതിസ്സിനെ എല്ലാവൎക്കും ദിവ്യമായി കാണാമെല്ലോ. അങ്ങിനെ കാണുന്നില്ല അതുകൊണ്ടു മനസ്സിനെ സുഷുമ്നാഗ്രത്തിൽ നിറുത്തി അഭ്യസിക്കുക. ലോകം മുഴുവനും പ്രസംഗിച്ചു ജയിച്ചതുകൊണ്ടും, സകല ശാസ്ത്രങ്ങളും, വേദങ്ങളും പഠിച്ചതുകൊണ്ടും ശാശ്വതാനന്ദം ലഭിക്കയില്ല. അതിനു പ്രമാണം.

അപരാ ഋഗ്വേദോ യജുൎവ്വേദഃ സാമവേദോഽഥൎവ്വവേദഃ
ശിക്ഷാ കല്പോ വ്യാകരണം നിരുക്തം ഛന്ദോ ജ്യോതിഷം
അഥ പരാ യയാ തദക്ഷരമധിഗമ്യതെ.

(എന്നു മുണ്ഡകോപനിഷത്ത്)

അൎത്ഥം:— ഋഗ്വേദവും യജുൎവ്വേദവും സാമവേദവും അഥൎവ്വവേദവും എന്ന നാലു വേദങ്ങളും പ്രധാനങ്ങൾ അല്ല. ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിശ്ശാസ്ത്രം എന്ന് ആറു ശാസ്ത്രങ്ങളും പ്രധാനങ്ങൾ അല്ല. ഏതൊന്നിനാൽ ആ ശാശ്വതവസ്തു ലഭിക്കപ്പെടുന്നുവൊ അതാണ് പ്രധാനം.

നവേദം വേദമിത്യാഹുൎവ്വേദേ വേദോ ന വിദ്യതേ
പരാത്മാ വേദ്യതേ യേന സ വേദോ വേദ ഉച്യതേ.

(എന്നു ശിവസ്വരോദയം)

അൎത്ഥം:— വേദത്തെ വേദം എന്നു പറഞ്ഞുകൂടാ. വേദത്തിൽ വേദം ഇല്ല. ഏതൊന്നിനാൽ പരമാത്മാവ് അറിയപ്പെടുന്നുവൊ അതാണ് വേദം. അതിനെയാണ് വേദം എന്നു പറയപ്പെടുന്നത്.

ശിഷ്യൻ:- ശിവ! ശിവ! ഹിന്തുമതത്തിൻെറ ഹൃദയം എവിടെ? വേദങ്ങളും ശാസ്ത്രങ്ങളും പാരായണംചെയ്തു പ്രസംഗിച്ചു ലോകം ജയിച്ചും യാഗാദി നാനാകൎമ്മം ചെയ്തും ഉച്ചന്മാരെന്നു നടിക്കുന്നവരുടെ അവസ്ഥ എവിടെ? അതിരിക്കട്ടെ. സ്വാമിൻ! ലോകം മുഴുവൻ തിരഞ്ഞാൽ കാണപ്പെടാത്ത വസ്തുവാണ് ആത്മാവ്, അതാണ് ആത്മാവിനെ അദൃശ്യൻ എന്നു പറയുന്നത്. അങ്ങിനെയുള്ള ആത്മാവിൽ മനസ്സുചെന്നു ലയിക്കുന്നത് എങ്ങിനെയാണ്?

ഗുരു:—മനസ്സിനെ നിർവ്വാണചക്രത്തിൽ വെച്ചുകൊണ്ടു ഇരിക്കുമ്പോൾ ചന്ദ്രൻ, സൂർയ്യൻ, വഹ്നി, ദീപം, മിന്നൽ, ജ്യോതിസ്സു, വെളി, നക്ഷത്രം, ബിന്ദു, ത്രികോണം, നവരത്നപ്രഭാ, ആകാശം, താമരപ്പൂ, നീലം, പീതം, രക്തവർണ്ണം ഇങ്ങിനെ ചില ചിഹ്നങ്ങൾ സ്ഫുരിക്കും. എന്നു മാത്രമല്ല ചിലപ്പോൾ മണിനാദം, ശംഖധ്വനി, വീണാനാദം, വേണുനാദം, മൃദംഗധ്വനി, ഭേരീനാദം, ഇടിമുഴക്കം ഇങ്ങിനെ ചില നാദങ്ങളും കേൾക്കാറാകുന്നു. എന്നല്ല അനിർവ്വചനീയമായ ആനന്ദം, വാസന, രസം ഇവയും ചിലത് ഉണ്ടാകുന്നു. ഈ പറഞ്ഞവയിൽ ഏതെങ്കിലും ഒരു അനുഭവമുണ്ടാകുമ്പോൾ മനസ്സിന്നുള്ള വിസ്മയവും ആനന്ദവും ആ അനുഭവസ്ഥനു മാത്രമെ അറിഞ്ഞുകൂടു. അവനും വാക്കുകൊണ്ടു വർണ്ണിച്ചുകൂടുന്നതല്ല. ആ വിസ്മയാനന്ദങ്ങൾകൊണ്ടു മനസ്സു ചിലപ്പോൾ ദിവ്യഗന്ധത്തേയും ചിലപ്പോൾ രസത്തേയും ചിലപ്പോൾ സൂർയ്യാദിജ്യോതിസ്സുകളേയും ചിലപ്പോൾ മണിനാദാദികളേയും അവലംബിച്ചു വിസ്മയിച്ചു രസിച്ചു ചെന്നു മഹാനന്ദസമുദ്രത്തിൽ (സച്ചിദാനന്ദവസ്തുവിൽ) ലയിക്കുന്നു. ഇങ്ങിനെയാണ് ലയിക്കുന്നത്. ഇറുമ്പിനെ കാണിക്കാതെ നൈ മുതലായതു നോം വല്ല ദിക്കിലും സൂക്ഷിച്ചുവെച്ചാലും ഗന്ധംവഴിക്ക് അന്വേഷിച്ച് ഇറുമ്പ് അവിടെ എത്തി അതിനെ ഭക്ഷിക്കുന്നു. തേനീച്ചകൾ സുഗന്ധംവഴിക്കു തേനുള്ള പുഷ്പങ്ങളെ തിരഞ്ഞു കണ്ടുപിടിച്ചു തേൻ കുടിച്ചു സുഖിക്കുന്നു. നെയ്യ് ആദിയിൽ അദൃശ്യമായിരുന്നാലും സുഗന്ധത്താൽ ഇറുമ്പു കണ്ടുപിടിച്ച് അനുഭവിക്കുന്നതുപോലെയും തേനീച്ച അദൃശ്യമായ പുഷ്പത്തെ സുഗന്ധം വഴിക്കു കണ്ടുപിടിച്ചു മധു കുടിച്ചു ലയിക്കുന്നതു പോലെയും ആത്മാവ് അദൃശ്യനായിരുന്നാലും നാദാദിരസംവഴിക്കു മനസ്സു ചെന്ന് ആത്മാവിൽ ലയിക്കുന്നു. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്ന അഞ്ചു വിഷയങ്ങളിൽ ഏതിലെങ്കിലും രുചിച്ചു മനസ്സു ബഹിർമ്മുഖമായി സംസാരസമുദ്രത്തിൽ മുങ്ങിപ്പോകുന്നു. അപ്പോലെ മുൻ ചൊല്ലപ്പെട്ട ആനന്ദചിഹ്നങ്ങളായ ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിവയിൽ ഏതെങ്കിലും ആസക്തമായി മനസ്സ് അന്തർമ്മുഖപ്പെ

ട്ടു സച്ചിദാനന്ദസമുദ്രത്തിൽ ലയിക്കുന്നു. മനസ്സു ലയിച്ചതിന്നു ശേഷമാണ് അദ്വൈതസിദ്ധി. അതിന്നു പ്രമാണം,

തല്ലയാച്ഛുദ്ധാദ്വൈതസിദ്ധിർഭേദാഭാവാൽ
ഏതദേവപരമതത്വം.

(എന്നു മണ്ഡലബ്രാഹ്മണോപനിഷത്ത്)

അൎത്ഥം:– തല്ലയാൽ, അതിൻെറ ലയം ഹേതുവായിട്ട് അതു മനസ്സു (മനസ്സു ലയിച്ചതിന്നു ശേഷമാണ് അദ്വൈതസിദ്ധി. എന്തുകൊണ്ടെന്നാൽ, അപ്പോൾ ദ്വൈതം ഇല്ല. ഇതാണ് എല്ലാററിന്നും മീതെയുള്ള തത്വം) നോക്കുക. നമുക്കു സുഷുപ്തിയിൽ മനസ്സു ലയിച്ചാൽ പിന്നെ ദ്വൈതമുണ്ടോ? ഇല്ല. ഇതു സൎവ്വജനങ്ങൾക്കും അനുഭവമല്ലേ? അപ്പോലെ മനസ്സു ബ്രഹ്മത്തിൽ ലയിച്ചശേഷമാണ് അദ്വൈതം. ആ അദ്വൈതമാണ് പരമാൎത്ഥത്തിലുള്ള അദ്വൈതം, അതാണ് രാജയോഗം, അതാണ് സമാധി. ഇതിന്നു പല നാമങ്ങളും ഉണ്ട്.

രാജയോഗസ്സമാധിശ്ച ഉന്മനീചമനോന്മനീ
അമരത്വം ലയസ്തത്വം ശൂന്യാശൂന്യംപരംപദം
അമനസ്കം തഥാദ്വൈതം നിരാലംബംനിരഞ്ജനം
ജീവന്മുക്തിശ്ചസഹജാ തുൎയ്യാചേത്യേകവാചകാഃ.

(എന്നു ഹഠയോഗപ്രദീപികാ)

അൎത്ഥം:—1. രാജയോഗം, 2, സമാധി, 3. ഉന്മനീ, 4. മനോന്മനീ, 5. അമരത്വം, 6. ലയം, 7. തത്വം, 8. ശൂന്യാശൂന്യം, 9. പരംപദം, 10. അമനസ്കം, 11. അദ്വൈതം, 12 നിരാലംബം, 13. നിരഞ്ജനം, 14. ജീവൻമുക്തി, 15. സഹജാവസ്ഥ, 16. തുൎയ്യം ഇവയെല്ലാം രാജയോഗത്തിൻെറ പൎയ്യായശബ്ദങ്ങളാകുന്നു.

സലിലെസൈന്ധവംയദ്വൽ സാമ്യം ഭവതിയോഗതഃ
തഥാത്മമനസോരൈക്യം സമാധിരഭിധീയതെ.

(എന്നു സൌഭാഗ്യലക്ഷ്മ്യുപനിഷത്ത്)

അൎത്ഥം:– ഉപ്പു ജലത്തോട് ഏകീകരിക്കുന്നതുപോലെ മനസ്സ് ആത്മാവോടു യോഗത്താൽ ഐക്യത്തെ പ്രാപിക്കുന്ന

താകുന്നു. സമാധി (രാജയോഗം) എന്നാൽ ജലത്തിൽ ചേൎക്കപ്പെട്ട ഉപ്പു ജലരൂപമാകുന്നതുകൊണ്ടു ജലം എന്ന ഒരു രൂപം മാത്രമെ കാണുന്നുള്ളു. അപ്രകാരം ആത്മാവോടു (അഖണ്ഡസച്ചിദാനന്ദത്തോടു) ചേൎക്കപ്പെട്ട മനസ്സ് ആത്മാവോട് ഐക്യത്തെ പ്രാപിക്കയാൽ ആത്മസ്വരൂപമായ ഏകരൂപം മാത്രമെ ഉള്ളു. ദ്വിതീയമായിട്ട് ഒന്നും ഇല്ല

യോഗശ്ചിത്തവൃത്തിനിരോധഃ

(എന്നു പാതഞ്ജലയോഗസൂത്രം)

അൎത്ഥം:—യോഗം എന്നു പറയുന്നതു ചിത്തവൃത്തിയെ നിരോധിക്കുന്നതാകുന്നു. (ചിത്തവൃത്തികളെ സ്വകാരണമായ ആത്മാവിൽ ലയിക്കുംപ്രകാരം നിരോധിക്കുന്നതാകുന്നു യോഗം)

ശിഷ്യൻ:- സ്വാമിൻ! ഉപ്പു ജലത്തിൽ ലയിക്കും അതു ജലാംശമാകുന്നു. മനസ്സ് അനാത്മാവാകുന്നു എന്നു വേദാന്തത്തിൽ ഘോഷിക്കുന്നു. ആ സ്ഥിതിക്ക് അനാത്മാവായ മനസ്സു യോഗത്താൽ ആത്മാവിൽ ലയിക്കും എന്നു പറഞ്ഞതു ശരിയായില്ലല്ലൊ.

ഗുരു:—ഹേ ശിഷ്യ മനസ്സിൻെറ സ്വരൂപം അറിയായ്കയാൽ മനസ്സ് അനാത്മാവ് എന്നു പറഞ്ഞതാകുന്നു.

മനഏവഹിസങ്കല്പോ മനഏവഹിജീവകഃ
മനഏവഹിചിത്തഞ്ച മനോഹങ്കാരഏവച.

(എന്നു തേജോബിന്ദൂപനിഷത്ത്)

അൎത്ഥം:—മനസ്സുതന്നെയാണ് സങ്കല്പം, മനസ്സുതന്നെയാണ് ജീവൻ, മനസ്സുതന്നെയാണ് ചിത്തം, മനസ്സുതന്നെയാണ് അഹങ്കാരം.

വാസനാമനസോനാന്യാ മനോഹിപുരുഷസ്മൃതഃ.

(എന്നു വാസിഷ്ഠം)

അൎത്ഥം:—ചിത്തവൃത്തികൾ മനസ്സിൽനിന്നു വേറിട്ടിരിക്കുന്ന ഒരു പദാൎത്ഥമല്ല. മനസ്സുതന്നെയാണ് പുരുഷൻ.

മനശ്ചപുരുഷഃപൂൎണ്ണാത്മൈ പനതദേതാവ്യതിരിച്യതേ.

(എന്നു ശ്രുതി)

അൎത്ഥം:—മനസ്സു പുരുഷനും പൂൎണ്ണാത്മാവും ആകുന്നു സംശയമില്ല. മനസ്സ് ആത്മാവിൽനിന്നു വേറിട്ടിരിക്കുന്ന മ-

റെറാരു പദാൎത്ഥമല്ല. ഇത് എല്ലാവൎക്കും അനുഭവമല്ലെ? സുഷുപ്തിയിൽ മനസ്സു ലയിക്കുമ്പോൾ സങ്കല്പത്തേയൊ ജീവനേയൊ ചിത്തത്തേയൊ അഹങ്കാരത്തേയൊ ഒന്നും കാണുന്നില്ല. അതുകൊണ്ടു പല രൂപങ്ങളായി വ്യവഹരിച്ചുനിന്നതു മനസ്സ് എന്ന മനനശക്തിതന്നെ എന്നറിയുക.

ശിഷ്യൻ:—സ്വാമിൻ! ഒരേവസ്തുതന്നെ പലേ രൂപത്തിൽ കാണുമൊ? ഇല്ല. അപ്പോൾ ഒരേമനസ്സ് എങ്ങിനെ മനസ്സായിട്ടും ജീവനായിട്ടും വാസനകളായിട്ടും ചിത്തമായിട്ടും അഹങ്കാരമായിട്ടും മററും ഭവിക്കും?

ഗുരു:—ഹേ ശിഷ്യ! ഈ ചോദ്യത്തിന്ന് അവകാശമില്ല. ഒരു ശക്തി പലതായി ഭവിക്കുമൊ എന്ന സംശയനിവൃത്തിക്കു ഞാൻ മുമ്പു പറഞ്ഞ ഉദാഹരണങ്ങൾ മതി; എങ്കിലും പറയാം. ഒരു ജലംതന്നെ തിരയായിട്ടും നുരയായിട്ടും മഞ്ഞായിട്ടും മഴയായിട്ടും മഞ്ഞുകട്ടിയായിട്ടും ആവിയായിട്ടും കൽമാരിയായിട്ടും പല രൂപങ്ങളായി ഭവിക്കുന്നില്ലെ? അതുപോലെതന്നെ മനസ്സും ഇന്ദ്രിയാദികളായ നാനാരൂപങ്ങളായി ഭവിക്കുന്നു. മഞ്ഞുകട്ടിയായിരിക്കുന്നതുകൊണ്ടും കൽമാരി കല്ലുപോലെ ഉറച്ചിരിക്കുന്നതുകൊണ്ടും അവ വെള്ളമല്ല കല്ലാകുന്നു എന്നു വാദിക്കുമ്പോലെയാണ് മനസ്സ് ആത്മാവിൽനിന്നു ഭിന്നവസ്തുവായ അനാത്മാവ് എന്നു വാദിച്ചു പിരിച്ചുതള്ളുന്നത്. മഞ്ഞുകട്ടി ചൂടുതട്ടുമ്പോൾ ജലമായിത്തന്നെ ഭവിക്കുന്നു. അപ്പോലെ മനസ്സു യോഗത്താൽ ആത്മരൂപത്തെ പ്രാപിക്കുന്നു. അതുകൊണ്ടു മനസ്സ് ആത്മാവിൽ ലയിക്കും എന്നു പറഞ്ഞതു യുക്തംതന്നെ. മനസ്സിനെ ആത്മാവിൽ യോജിപ്പിച്ചു ലയിപ്പിക്കുന്നതുതന്നെ യോഗം. സുഷുപ്തിയിലെന്നപോലെ മനസ്സിനെ ആത്മാവിൽ ലയിപ്പിച്ചുംകൊണ്ട് ഇരിക്കുവാനുള്ള വഴി ഏതുമതത്തിൽ ഉണ്ടൊ അതു ബുദ്ധമതമായാലും വേദാന്തമായാലും ബ്രഹ്മസമാജമായാലും ക്രിസ്തുമതമായാലും യോഗംതന്നെ എന്നാണ് എന്റെ പക്ഷം. ആ മതത്തെ സ്വീകരിച്ചുകൊൾക. ഇനിക്കു സിദ്ധാന്തമില്ല. തേനീച്ചകൾ ഏതു പുഷ്പത്തിൽ തേൻ ഉണ്ടൊ അതിൽനിന്നു തേനിനെ എടുക്കുന്നു. അപ്പോലെ ബുദ്ധി

മാനായ മനുഷ്യൻ ഏതുമതത്തിൽ സാരമുണ്ടോ ആ മതത്തിൽ നിന്നു സാരത്തെ ഗ്രഹിക്കേണ്ടതാകുന്നു. അതിന്നു പ്രമാണം,

ശ്രദ്ധധാനഃശുഭാംവിദ്യാ മാദദീതാവരാദപി
അന്ത്യാദപിപരംധൎമ്മം സ്ത്രീരത്നം ദുഷ്കുലാദപി.
വിഷാദപ്യമൃതംഗ്രാഹ്യം ബാലാദപിസുഭാഷിതം
അമിത്രാദപിസദ്വൃത്തം അമേധ്യാദപികാഞ്ചനം.
സ്ത്രിയോരത്നാന്യഥൊവിദ്യാ ധൎമ്മംശൌചംസുഭാഷിതം
വിവിധാനി ച ശില്പാനി സമാദേയാനിസൎവ്വതഃ

(എന്നു മനുസ്മൃതി)

അൎത്ഥം:—നല്ല അറിവിനെ ശ്രദ്ധയോടുകൂടി നീചനിൽനിന്നും സ്വീകരിക്കാം. ശ്രേഷ്ഠമായ ധൎമ്മത്തേയും നീചനിൽനിന്നും ഗ്രഹിക്കാം. സ്ത്രീരത്നത്തെ ദുഷ്കുലത്തിൽനിന്നും സ്വീകരിക്കാം. വിഷത്തിൽനിന്നും അമൃതത്തെ സ്വീകരിക്കാം. ബാലങ്കൽനിന്നും സുഭാഷിതത്തെ ഗ്രഹിക്കാം. ശത്രുവിങ്കൽനിന്നും നല്ല നടപ്പിനെ പഠിക്കേണ്ടതാകുന്നു. അമേധ്യത്തിൽനിന്നും സ്വൎണ്ണത്തെ ഗ്രഹിക്കാം. സ്ത്രീകൾ, വിദ്യാ, ധൎമ്മം, ശൌചം, സുഭാഷിതം, ഉൽകൃഷ്ടവസ്തുക്കൾ, പലമാതിരി കലാവിദ്യകൾ ഇവയെല്ലാം സൎവ്വങ്കൽനിന്നും ഗ്രഹിക്കപ്പെടാവുന്നതാകുന്നു. ഈ സാരോപദേശത്തെ അനുസരിച്ചു നടക്കാത്തതു ജനസമുദായത്തിന്റെ നിൎഭാഗ്യംതന്നെ പൂൎവ്വന്മാരാൽ ഉണ്ടാക്കപ്പെട്ടതെല്ലാം പ്രമാണമെന്നു പ്രബലമായി വിശ്വസിക്കുന്ന കൂട്ടർ പൂൎവന്മാരാൽ ഉണ്ടാക്കപ്പെട്ട ഇങ്ങിനെയുള്ള പല സാരോപദേശത്തെ ഉപേക്ഷിക്കുന്നത് അന്യായംതന്നെ. ഇത് ഏതുപോലെ ഇരിക്കുന്നു എങ്കിൽ, കരിമ്പിന്റെ ആസ്വാദ്യാംശമായ രസത്തെ ഉപേക്ഷിച്ചു കമ്പിനേയും ചണ്ടിയേയും തോലിനേയുംമാത്രം സ്വീകരിക്കുംപോലെ ഇരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ അതാതു വസ്തുക്കളുടെ സാരാംശത്തെ വിട്ടു നിന്ദ്യമായ നിസ്സാരാംശത്തെ സ്വീകരിക്കുന്നു എന്നെ പറയേണ്ടതുള്ളു. യുക്തിയുക്തമായും സാരമായും ഇരിക്കുന്ന മേല്പറഞ്ഞ പ്രമാണത്തെ പ്രമാണിക്കുന്നതായാൽ ഇനി പുതുതായി ഒരാൾ ഒരു മതത്തെ നിൎമ്മ

ച്ച്, അതാണ് യുക്തിയുക്തമായി വിചാരിക്കുമ്പോൾ എളുപ്പത്തിൽ മോക്ഷത്തെ കൊടുപ്പാൻ സമൎത്ഥമായിരിക്കുന്നത് എന്നു കാണുന്നു എങ്കിൽ അതിനെ സ്വീകരിക്കാം. പുരാതനമല്ലെന്നൊ ഋഷിപ്രോക്തമല്ലെന്നൊ വിചാരിച്ചു നിഷേധിക്കുന്നതു സൎവ്വഥാ അസംബന്ധമാകുന്നു. പുരാതനമല്ലെന്നുവെച്ചു നോം കാശീയാത്രയ്ക്കു തീവണ്ടി സ്വീകരിക്കാതെ ഇരിക്കുന്നുണ്ടൊ? ഇല്ല. ഇങ്ങിനെ പല വസ്തുക്കളും പല പരിഷ്കാരങ്ങളും പരസ്പരം ഭിന്നമതക്കാർ ഇക്കാലത്തിൽ സ്വീകരിക്കുന്നുണ്ട്. മതവിഷയമായ സാരത്തെ മാത്രം ഗ്രഹിക്കുന്നതിന്നു മനസ്സു വരുന്നില്ല. എന്നുമാത്രമല്ല മത്സരിച്ചു കലഹിക്കയും ചെയ്യുന്നു. മഹാ അത്ഭുതം എന്നൊ മഹാ കഷ്ടം എന്നൊ എന്താ ഈ സംഗതിയിൽ പറയേണ്ടത് എന്നു ഞാൻ ഒന്നും അറിയുന്നില്ല.

ശിഷ്യൻ:—സ്വാമിൻ! മനസ്സിനെ അന്തൎമ്മുഖപ്പെടുത്തി ലയിപ്പിക്കുന്ന ആശ്ചൎയ്യാനന്ദചിഹ്നങ്ങൾ യോഗത്തിൽ അനവധിയുണ്ടെന്നു മുമ്പു പറകയുണ്ടായി. അവ ഇന്നിന്നവ എന്നും പറകയുണ്ടായി. അതിന്നു പ്രമാണംകൂടി കേട്ടാൽ കൊള്ളാം.

ഗുരു:—'ആദൌ താരകവൽദൃശ്യതേ, തതോ വജ്രദൎപ്പണം, തത ഉപരിപൂൎണ്ണചന്ദ്രമണ്ഡലം, തതോ നവരത്നപ്രഭാമണ്ഡലം, തതോ മദ്ധ്യാഹ്നാൎക്കമണ്ഡലം, തതോ വഹ്നിശിഖാമണ്ഡലം, സ്ഫടിക, ധൂമ്ര, ബിന്ദു, നാദ, കലാ, നക്ഷത്ര, ഖദ്യോത, ദീപ, നേത്രസുവൎണ്ണനവരത്നാദിപ്രഭാദൃശ്യന്തേ' 'ആകാശം, പരാകാശം, മഹാകാശം, സൂൎയ്യാകാശം, പരമാകാശം ഇതി പഞ്ചഭവന്തി. ബാഹ്യാഭ്യന്തരമന്ധകാരമയമാകാശം, ബാഹ്യാഭ്യന്തരെ കാലാനലസദൃശം പരാകാശം, ബാഹ്യാഭ്യന്തരെ പരിമിതദ്യുതിനിഭം തത്വം മഹാകാശം. ബാഹ്യാഭ്യന്തരെ സൂൎയ്യനിഭം സൂൎയ്യാകാശം, അനിൎവ്വചനീയജ്യോതിസ്സൎവ്വവ്യാപകം നിരതിശയാനന്ദലക്ഷണം പരമാകാശം എന്നു മണ്ഡലബ്രാഹ്മണോപനിഷത്തിൽ പറഞ്ഞിരിക്കുന്നു.

അൎത്ഥം:—ആദിയിൽ നക്ഷത്രംപോലെ കാണപ്പെടുന്നു. പിന്നെ വജ്രക്കണ്ണാടി, പിന്നെ പരിപൂൎണ്ണചന്ദ്രമണ്ഡലം, പിന്നെ നവരത്നപ്രഭാ, പിന്നെ ഉച്ചനേരത്തിലുള്ള സൂൎയ്യൻ, പി

ന്നെ അഗ്നിമണ്ഡലം, സ്ഫടികം, കറുപ്പു ചുവപ്പും ആയ വൃത്തം, ബിന്ദു, നാദം, കലാ, നക്ഷത്രം, സൂൎയ്യൻ, ദീപം, നേത്രം, സുവൎണ്ണനവരത്നം മുതലായവയുടെ പ്രഭകൾ, ആകാശം, പരാകാശം, മഹാകാശം, സൂൎയ്യാകാശം, പരമാകാശം ഇങ്ങിനെ അഞ്ച് ആകാശങ്ങൾ. ഇവയെല്ലാം യോഗാഭ്യാസിക്ക് അനുഭവപ്പെടുന്നു. ഉള്ളും പുറവും അന്ധകാരമയമായിരിക്കുന്നത് ആകാശം. ഉള്ളും പുറവും അഗ്നിതുല്യമായിരിക്കുന്നതു പരാകാശം. ഉള്ളും പുറവും അളവററ ശോഭയോടുകൂടിയ തത്വം മഹാകാശം. ഉള്ളും പുറവും സൂൎയ്യനോടു തുല്യമായിരിക്കുന്നതു സൂൎയ്യാകാശം. പറവാൻ പാടില്ലാത്തവിധത്തിലുള്ള ജ്യോതിസ്സായും സൎവ്വവ്യാപകമായും നിരതിശയമായ ആനന്ദത്തോടും കൂടിയതു പരമാകാശം. ആകാശപഞ്ചകത്തിന്റെ ലക്ഷണമാണ് ഈ പറഞ്ഞത്. ഇതിൽ ആദിയിൽ നക്ഷത്രംപോലെ കാണാം. പിന്നെ വജ്രദൎപ്പണംപോലെ എന്നിങ്ങിനെ ഒന്നിന്റെ ശേഷം ഒന്ന് എന്നു ക്രമം പറഞ്ഞിട്ടുണ്ട്. എങ്കിലും ആ ക്രമത്തിൽനിന്നു ഭേദിച്ചിട്ടും കാണാം. ചിലൎക്കു മേല്പറഞ്ഞ ചിഹ്നങ്ങളിൽ ചിലതു മാത്രമെ ഉണ്ടാകയുള്ളൂ. ചിലൎക്കു നാദം മുമ്പിലുണ്ടാകും. ചിലൎക്കു ജ്യോതിസ്സു മുമ്പിലുണ്ടാകും. ചിലൎക്കു ചന്ദ്രദൎശനം മുമ്പിലുണ്ടാകും. ചിലൎക്ക് ആനന്ദം മുമ്പിലുണ്ടാകും. ചിലൎക്ക് അഗ്നിദൎശനം മുമ്പിലുണ്ടാകും. ചിലൎക്കു സൂൎയ്യദൎശനം മുമ്പിലുണ്ടാകും ചിലൎക്കു പല ചിഹ്നങ്ങളും ഒരേസമയത്തിൽ ഉണ്ടാകും. ഇപ്രകാരംതന്നെ ദശവിധനാദങ്ങളും ക്രമമായിട്ടും ക്രമം തെററീട്ടും ഉണ്ടാകും. ഇങ്ങിനെ പല തരത്തിലും മനോലയചിഹ്നങ്ങൾ ഉണ്ടാകും എന്നതു എന്റെ അനുഭവംകൊണ്ടും എന്റെ ശിഷ്യന്മാരുടെ അനുഭവംകൊണ്ടും ഞാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നു. ഇതിനെ അനുസരിച്ചു പ്രമാണങ്ങളും കാണുന്നുണ്ട്. ചില പ്രമാണങ്ങളിൽ പറഞ്ഞ ക്രമംപോലെ കാണായ്കയാൽ സാധകന്മാർ അന്ധാളിച്ചു സംശയിച്ചുപോകരുതെന്നു കരുതി പ്രകാരാന്തരാനുഭവത്തെക്കൂടി ഉള്ളതിനെ പ്രകാശിപ്പിച്ചതാകുന്നു.

‘ചിണിതി പ്രഥമഃ, ചിഞ്ചിണീതി ദ്വിതീയഃ, ഘണ്ടാനാദസ്തൃതീയഃ, ശംഖനാദശ്ചതുൎത്ഥഃ, പഞ്ചമസ്തന്ത്രീനാദഃ, ഷഷ്ഠസ്താളനാദഃ, സപ്തമോ വേണുനാദഃ, അഷ്ടമോ മൃദംഗനാദഃ, നവമോ

ഭേരീനാദഃ, ദശമോമേഘനാദഃ' എന്നു ഹംസോപനിഷത്തിൽ പറഞ്ഞിരിക്കുന്നു.

അത്ഥം:— ചിൺ എന്ന ഒരുവിധം നാദം. ഇത് ഒന്നാമത്തേത്. ചിഞ്ചിണീ എന്നതു രണ്ടാമത്തെ നാദം. മണിനാദം മൂന്നാമത്തേത്. നാലാമത്തേതു ശംഖനാദം. വീണാനാദം അഞ്ചാമത്തേത്. താളധ്വനി ആറാമത്തേത്. വേണുനാദം ഏഴാമത്തേത്. മൃദംഗനാദം എട്ടാമത്തേത്. ഭേരീനാദം ഒമ്പതാമത്തേത്. കോടങ്ങടിവെട്ടൽ പോലെയുള്ള നാദം പത്താമത്തേത്. ഇങ്ങിനെ പത്തുവിധം നാദം യോഗാഭ്യാസിക്ക് ഉണ്ടാകുന്ന ഈ നാദങ്ങളും ക്രമം തെററി കേൾക്കാം. ചിലക്കു ചില നാദം മാത്രമെ ഉണ്ടാകയുള്ളു. മനസ്സു ലയിച്ചതിന്നു ശേഷമുള്ള അവസ്ഥാ (സായുജ്യമുക്തി അല്ലെങ്കിൽ നിവ്വികല്പകസമാധി). ആ ഘട്ടത്തിൽ മാത്രമെ മുക്തന്മാരായ യോഗികളുടെ അനുഭവം ഒരേമാതിരി ഇരിക്കു. അവിടെ എത്തുന്നതിലകത്തുള്ള അനുഭവങ്ങൾ എല്ലാം ഒരുപോലെതന്നെ ഇരിക്കയില്ല.

വിഷയവതീവാ പ്രവൃത്തിരുല്പന്നാ
മനസഃ സ്ഥിതിനിബന്ധിനീ.

(എന്നു പാതഞ്ജലയോഗസൂത്രം)

അത്ഥം:—വിഷയവതിയായ പ്രവൃത്തി ഉല്പന്നയായാലും മനസ്സു നിലയ്ക്കു നില്ക്കുന്നു. വിഷയവതീ=വിഷയങ്ങൾ ഉള്ളത്. വിഷയങ്ങൾ=ശബ്ദം, സ്പശം, രൂപം, രസം, ഗന്ധം. (നാദം കേട്ടുകൊണ്ട് ആ വഴിക്കും മനസ്സു ലയിക്കും. നിവ്വാണചക്രത്തിൽ ഇരുമ്പ് അരിക്കുംപോലെയും മററും ഒരു സ്പശസുഖം ഉണ്ടാകും. ആ വഴിക്കു മനസ്സു ലയിക്കും. ചന്ദ്രൻ, സൂയ്യൻ, ദീപം മുതലായ ജ്യോതിസ്സ്വരൂപം കണ്ടുകണ്ട് ആ വഴിക്കു മനസ്സു ലയിക്കും. അണ്ണാക്കുടെ ഒരു രസം ഇറങ്ങും. ആ വഴിക്കും മനസ്സു ലയിക്കും. നാസാഗ്രത്തിൽ ദിവ്യഗന്ധം ഉണ്ടാകും. ആ വഴിക്കും മനസ്സിന്റെ സ്ഥിതിയെ ബന്ധിക്കും എന്നു താല്പയ്യം).

൧ മനോമത്തഗജേന്ദ്രസ്യ വിഷയോദ്യാനചാരിണഃ
നിയന്ത്രണേ സമത്ഥോയം നിനാദനിശിതാങ്കുശഃ.

൨. മകരന്ദംപിബൻഭൃംഗോ ഗന്ധംനാപേക്ഷതേയഥാ
നാദാസക്തം തഥാചിത്തം വിഷയാന്നഹികാംക്ഷതേ.

൩. സദാനാദാനുസന്ധാനാൽ ക്ഷീയന്തേപാപസഞ്ചയാഃ
നിരഞ്ജനേവിലീയേതേ നിശ്ചിതംചിത്തമാരുതൌ.

൪. വിസ്മൃത്യസകലംബാഹ്യം നാദേദുഗ്ദ്ധാംബുവന്മനഃ
ഏകീഭൂയാഥ സഹസാ ചിദാകാശേവിലീയതേ.

(എന്നു നാദബിന്ദൂപനിഷത്ത്)

അൎത്ഥം:— ൧. സംസാരവിഷയമാകുന്ന ഉദ്യാനത്തിൽ സഞ്ചരിക്കുന്ന മനസ്സാകുന്ന മത്തഗജത്തെ ഒതുക്കുവാൻ നാദം മൂൎച്ചയുള്ള ഒരു അങ്കുശമാകുന്നു. ൨. തേൻ കുടിച്ചുകൊണ്ടിരിക്കുന്ന തേനീച്ച പുഷ്പത്തിന്റെ വാസനയെ ആശപ്പെടാത്തതുപോലെ നാദത്തിൽ രസിച്ച മനസ്സ സംസാരവിഷയങ്ങളെ ആശപ്പെടുകയില്ല ൩. ഇടവിടാതെ നാദം കേൾക്കുന്നതുകൊണ്ടു പാപങ്ങളെല്ലാം നശിക്കുന്നു എന്നു മാത്രമല്ല മനസ്സും പ്രാണനും സച്ചിദാനന്ദവസ്തുവിൽ ലയിക്കയും ചെയ്യുന്നു. ൪. പ്രപഞ്ചം മുഴുവനും മറന്നു മനസ്സ പാലിൽ വെള്ളം ഏകീകരിക്കുന്നതുപോലെ നാദത്തിൽ ഏകീകരിച്ചു പിന്നെ സച്ചിദാനന്ദവസ്തുവിൽ ലയിക്കുന്നു.

തൈലധാരാമിവാച്ഛിന്നം ദീൎഘഘണ്ടാനിനാദവൽ.
അവാച്യം പ്രണവസ്യാഗ്രം യസ്തം വേദസവേദവിൽ.

(എന്നു ധ്യാനബിന്ദൂപനിഷത്ത്)

അൎത്ഥം:— തൈലധാരപോലെ മണിയടിച്ചതിന്നു ശേഷം ദീൎഘിച്ചുനില്ക്കുന്ന മണിനാദംപോലെ അവിഛിന്നമായും അവാച്യമായും ഇരിക്കുന്ന പ്രണവധ്വനിയെ ഏവൻ അറിയുന്നുവോ അവനാണ് വേദത്തെ അറിയുന്നവൻ (നാലുവേദങ്ങളെ പഠിച്ചു പാരായണം ചെയ്യുന്നവരും ഓങ്കാരത്തെ വായിനാൽ നീട്ടിച്ചൊല്ലിക്കൊണ്ടിരിക്കുന്നവരും വേദത്തെ അറിഞ്ഞവരല്ലെന്നു സാരം.)

അനാഹതസ്യശബ്ദസ്യ ധ്വനിയ്യഉപലഭ്യതേ
ധ്വനേരന്തൎഗ്ഗതംജ്ഞേയം ജ്ഞേയസ്യാന്തൎഗ്ഗതംമനഃ
മനസ്തത്രലയം യാതി തദ്വിഷ്ണോഃ പരമംപദം.

(എന്നു ഹഠയോഗപ്രദീപികാ)

അൎത്ഥം:— ഏടവിടാതെയുള്ള ശബ്ദത്തിന്റെ ഒരു ധ്വനി കേൾക്കപ്പെടുന്നു. ആ ധ്വനിയുടെ വഴിക്ക് അറിയപ്പെടേണ്ട വസ്തു ഇരിക്കുന്നു. ആ അറിയപ്പെടേണ്ട വസ്തുവിൽ മനസ്സ് എത്തിയാൽ മനസ്സ് അതിൽ ലയിക്കുന്നു. അതാണ് എല്ലാററിനും മീതെയുള്ള വിഷ്ണുപദം (സായുജ്യമുക്തിസ്ഥാനം).

നാദാഭ്യന്തരവൎത്തി ജ്യോതിൎയ്യദ്വൎത്തതേഹിചിരം
തത്രമനോലീനഞ്ചെന്നപുനസ്സംസാരബന്ധായ.

(എന്നു പ്രബോധസുധാകരം)

അൎത്ഥം:— നാദത്തിന്റെ ഉള്ളിൽ ഒരു ജ്യോതിസ്സ് ഉണ്ട്. അതിൽ മനസ്സു ലയിച്ചുപോയി എങ്കിൽ പിന്നെ സംസാരബന്ധം സംഭവിക്കയില്ല.

വിജിതോഭവതീഹതേനവായുഃ
സഹജോയസ്യസമുത്ഥിതഃപ്രണാദഃ
അണിമാദിഗുണാഭവന്തിതസ്യാ
മിതപുണ്യഞ്ചമഹാഗുണോദയസ്യ.

(എന്നു ത്രിപുരാസമുച്ചയം)

അൎത്ഥം:—ഏവന്നു സഹജമായ നാദം കേൾക്കുമാറായി ഭവിച്ചുവൊ അവനാൽ വായു ജയിക്കപ്പെട്ടു. മഹാഗുണസമ്പന്നനായ അവന്ന് അണിമാദ്യഷ്ടസിദ്ധികളും അമിതപുണ്യവും ഉണ്ടാകുന്നു. (അണിമാദ്യഷ്ടസിദ്ധി ഉണ്ടാകും എന്നു പറഞ്ഞ കാൎയ്യം ഫലിച്ചു കാണുന്നില്ല. ദേഹഭരണത്തിന്നു വേണ്ടി വേറെ ചില വ്യാപാരംകൂടി അസ്മാദൃക്കുകൾക്ക് ഉള്ളതുകൊണ്ടു സദാ നാദാനുസന്ധാനത്തിന്നു സംഗതി വരായ്കയാൽ ഫലിക്കാത്തതായിരിക്കാം. അല്ലെങ്കിൽ സംസാരികളെക്കൂടി സംസാരസങ്കടത്തിൽനിന്നു മോചിപ്പിക്കുവാൻവേണ്ടി അവൎക്കു രുചിക്കുന്ന അണിമാദ്യഷ്ടസിദ്ധി നാദാനുസന്ധാനത്താൽ സിദ്ധിക്കുമെന്നു യോഗശാസ്ത്രത്തിൽ കല്പിച്ചതായിരിക്കാമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ നാദാനുസന്ധാനത്താൽ മനോലയാത്മികയായ ശാശ്വതാനന്ദപ്രാപ്തി (മുക്തി) കൈക്കൽതന്നെ. അത് അനുഭവമാകുന്നു).

നാദാനുസന്ധാന നമോസ്തുതുഭ്യം
ത്വാം മന്മഹേ മാന്യതമം ലയാനാം
ഭവൽപ്രസാദാൽ പവനേനസാകം
വിലീയതേ വിഷ്ണുപദേ മനോ മേ.

അൎത്ഥം:— ഹേ നാദാനുസന്ധാന! നിണക്കു നമസ്കാരം. നിന്നെ നാം മനോലയസാധനങ്ങളിൽവെച്ച് ഏററവും മാനിക്കത്തക്കതായിട്ടു വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ നിന്റെ പ്രസാദം ഹേതുവായിട്ട് എന്റെ മനസ്സു പ്രാണവായുവിനോടുകൂടി വിഷ്ണുപദത്തിൽ (ആകാശത്തിൽ=പരിപൂൎണ്ണസച്ചിദാനന്ദവസ്തുവിൽ) ലയിക്കുന്നു. ഇതു യോഗതാരാവലിയിൽ ശങ്കരാചാൎയ്യർ പറഞ്ഞതാകുന്നു.

ശിഷ്യൻ:—സ്വാമിൻ! യോഗസ്വരൂപത്തെ മുഴുവൻ അറിയായ്കയാൽ ചിലർ, യോഗത്തെ ദുഷിച്ചതാണെന്നും ചിലർ യോഗത്തിൽ അണിമാദ്യഷ്ടസിദ്ധികൾകൂടി പറഞ്ഞിരിക്കുന്നതുകൊണ്ട് അവയിൽ ഭ്രമിച്ചു സംസാരികൾ കാലം കഴിക്കും, അതുകൊണ്ടു ദുഷിച്ചതാണെന്നും ആയതു മോക്ഷപ്രദമായ രാജയോഗത്തെ അല്ലെന്നും ഇവിടുന്ന് ആദിയിൽ പറകയുണ്ടായി. അതു ശരിതന്നെ. അല്ലെങ്കിൽ ശങ്കരാചാൎയ്യർ വേദാന്തത്തെ കൊണ്ടാടി എങ്ങും പ്രസിദ്ധംചെയ്ത മഹാനാകുന്നു. അദ്ദേഹം യോഗത്തെ വിശ്വസിക്കുമോ? യോഗപ്രസിദ്ധമായ നാദാനുസന്ധാനംകൊണ്ടാണ് മുക്തനായത് എന്നു യോഗതാരാവലിയിൽ പറയുമോ?

ഗുരു:—ഹേ ശിഷ്യ! നിണക്ക് ഇതു പറവാൻ അവകാശ[illegible] യോഗിയുടെ ശിഷ്യനായാലെ ജ്ഞാനികൾ മുക്തിയുള്ളൂ [illegible]ന്നു തെളിയിപ്പാൻവേണ്ടി എന്നാൽ മുമ്പ് ഉദാഹരിക്കപ്പെട്ട ഉപനിഷത്തിനെക്കൂടി നീ വിശ്വസിച്ചിട്ടില്ല. ആ സ്ഥിതിക്കു യോഗത്തിനു മാഹാത്മ്യം വരുത്തുവാൻവേണ്ടി യോഗികളാരോ ശങ്കരാചാൎയ്യരുടെ പേർവെച്ചു യോഗതാരാവലീ എന്നു പുസ്തകം എഴുതിയതാണെന്നു പറഞ്ഞുകൂടേ?

ശിഷ്യൻ:—സ്വാമിൻ! ഇവിടുത്തെ സൂക്തികൾകൊണ്ടും ഉദ്ധാന്താനുഭവങ്ങൾകൊണ്ടുംകൂടി യോഗമാഹാത്മ്യത്തെ സാധി

ച്ചിരിക്കുന്നു. ഇനി ഒരു കുട്ടി പറഞ്ഞാലും മൂഢൻ പറഞ്ഞാലും ഭ്രാന്തൻ പറഞ്ഞാലും എനിക്കു യോഗമാഹാത്മ്യത്തെ വിശ്വസിക്കാതെ ഇരിപ്പാൻ നിവ്വാഹമില്ല.

ഗുരു:—ഈ സ്ഥിതിക്ക് ഇനിയും കുറച്ചുകൂടി കേൾക്കുക.

ഐക്യം ജീവാത്മനൊരാഹുര്യോഗംയോഗവിശാരദാഃ.

(എന്നു ദേവീഭാഗവതം)

അത്ഥം:—യോഗികൾ, ജീവാത്മാവിൻെറയും പരമാത്മാവിൻെറയും ഐക്യം (ചേച്ച്) ആകുന്നു യോഗം എന്നു പറയുന്നത്.

സംയോഗൊയോഗഇത്യുക്തൊ ജീവാത്മപരമാത്മനൊഃ.

(എന്നു യാജ്ഞവല്ക്യസംഹിതാ)

അത്ഥം—ജീവാത്മാവിൻെറയും പരമാത്മാവിൻെറയും ചേച്ച്യാണ് 'യോഗം' എന്നു പറയപ്പെടുന്നത്. അപ്പോൾ യോഗം എന്ന പദത്തിൻെറ അത്ഥം ചേച്ച്യാണെന്നും ആ ചേച്ച് ജീവാത്മാവിന്നും പരമാത്മാവിന്നുമാണെന്നും സ്പഷ്ടമായിരിക്കുന്നു. ഹേ ശിഷ്യ! സാംഖ്യമെന്നും വേദാന്തശാസ്ത്രമെന്നും പറയപ്പെടുന്ന തത്വശാസ്ത്രത്താൽ ആത്മാവ് ഇന്നവിധമാണെന്നു വിചാരിച്ചു തീച്ച്പ്പെടുത്തുന്നു. അങ്ങിനെ വിചാരിച്ചു തീച്ച്പ്പെടുത്തിയ ആത്മാവോടുള്ള ചേച്ച്യാണ് യോഗം. അപ്പോൾ വിചാരജ്ഞാനത്തിൽനിന്നും അതീതമാണ് (കവിഞ്ഞതാണ്) യോഗം എന്നു സിദ്ധമായി. ഉദാഹരണം കൊണ്ടുകൂടി തെളിയിക്കാം. കേൾക്കുക. 'ജലം ശീതസ്പശ്വസ്തുവാകുന്നു എന്നു നോം വിചാരിച്ചു തീച്ച്പ്പെടുത്തി അതുകൊണ്ടു നമുക്കു ശൈത്യവും ഉഷ്ണശാന്തിയും വരുമൊ? ഇല്ല. ജലത്തോടു ചേന്നാലെ ആ അനുഭവമുണ്ടാകയുള്ളു. അപ്പോലെ ആത്മാവോടു ചേന്നാലെ ആനന്ദപ്രാപ്തിയും മുക്തിയും സിദ്ധിക്കു. വാസ്തവം ഇങ്ങിനെ ഇരിക്കെ യോഗംകൂടാതെ ജ്ഞാനംകൊണ്ടു മാത്രം ആനന്ദപദപ്രാപ്തി സിദ്ധിക്കും എന്നു പറയുന്നത് ഏതുപോലെ ഇരിക്കുന്നു എങ്കിൽ സ്ത്രീസംയോഗം കൂടാതെ സ്ത്രീസ്വരൂപത്തെ വിചാരിച്ചറിഞ്ഞാൽ കുട്ടിയുണ്ടാകുമെന്നും ദീപത്തിൻെറ യോഗം കൂടാതെതന്നെ ദീപം ഇരുട്ടിനെ നീക്കുന്നതാണെന്നു വിചാരിച്ചറിഞ്ഞാൽ ഇരുട്ടു നങ്ങു

മെന്നും പഞ്ചസാരയോടുള്ള യോഗം നാവിന്ന് ഇല്ലാതെതന്നെ പഞ്ചസാര മധുരമാണെന്നുള്ള ജ്ഞാനത്താൽ മധുരിക്കുമെന്നും ഔഷധം സേവിക്കാതെതന്നെ ഔഷധം വ്യാധിയെ ശമിപ്പിക്കുന്നതാണെന്നുള്ള ജ്ഞാനംകൊണ്ടു വ്യാധി ശമിക്കുമെന്നും തീയിനെ തൊടാതെതന്നെ തീ ചൂടുള്ള പദാൎത്ഥമാണെന്നു വിചാരിച്ചറിഞ്ഞതുകൊണ്ടു കൈ പൊള്ളുമെന്നും പറയുമ്പോലെ ഇരിക്കുന്നു. ആശ്ചൎയ്യം. ഇതിലും വലിയ ആശ്ചൎയ്യം എന്താകുന്നു എങ്കിൽ യോഗംകൊണ്ടു മുക്തിയില്ലെന്നു പറയുന്നതാകുന്നു. അത് ഏതുപോലെ ഇരിക്കുന്നു എങ്കിൽ, അഗ്നി തൊട്ടാൽ അഗ്നി ചൂടുള്ളതാണെന്ന് അനുഭവം വരികയില്ലെന്നും വെള്ളത്തോടു ചേൎന്നതുകൊണ്ടു വെള്ളം ശീതളമാണെന്നുള്ള അനുഭവം ഉണ്ടാകയില്ലെന്നും ഉപ്പിനെ ജലത്തോടു ചേൎത്താൽ ഉപ്പ് അലിയില്ലെന്നും മററും പറയുമ്പോലെ ഇരിക്കുന്നു. കഷ്ടം! കഷ്ടം! ഹേ ശിഷ്യ എന്തിന്ന് അധികം പറയുന്നു; ലോകത്തിലുള്ള സകല പദാൎത്ഥങ്ങളേയും ശാസ്ത്രപൂൎവ്വം യുക്തിയുക്തമായി വിചാരിച്ചറിഞ്ഞാലും അതാതു വസ്തുക്കളുടെ ചേൎച്ച്കൊണ്ടെ(യോഗംകൊണ്ടെ) നമുക്ക് അതാതിന്റെ പരമാൎത്ഥജ്ഞാനാനുഭവവും ഫലവും സിദ്ധിക്കൂ. അപ്പോലെ പരമാത്മാവിന്റെ (പരമാനന്ദവസ്തുവിന്റെ) യോഗംകൊണ്ടെ പരമാനന്ദവും മുക്തിയും സിദ്ധിക്കയുള്ളൂ. അതുകൊണ്ടു സൎവ്വമതസാരഗ്രാഹികളുടെ ഇടയിലും യോഗം എന്ന പദത്തിന്നു ചേൎച്ച്യെന്നുള്ള അൎത്ഥം ചേൎച്ച്യായിത്തന്നെ ഇരിക്കുന്നു. അതുകൊണ്ടാണ് ജ്ഞാനത്തിന്നുംകൂടി യോഗം ജീവനാണെന്നു പറഞ്ഞത്. കേൾക്കുക.

'ജ്ഞാനംയോഗാത്മകംവിദ്ധി' (എന്നു യാജ്ഞവല്ക്യസംഹിതാ)

അൎത്ഥം:—ജ്ഞാനം എന്നതു യോഗം ആത്മാവായിട്ടുള്ളതാകുന്നു (യോഗമില്ലെങ്കിൽ ജ്ഞാനം സാരമില്ല എന്നു സാരം). അങ്ങിനെയല്ലെ, കരയുന്ന കുട്ടിയെ അമ്മ പാട്ടുപാടി ഉറക്കുന്നതുപോലെ സംസാരത്താൽ തപിക്കുന്ന മനസ്സിനെ മണിനാദം മുതലായ നാദങ്ങൾ പരമാനന്ദനിദ്രയെ പ്രാപിപ്പിക്കുന്നു. രാത്രിയിൽ ഗാഢാന്ധകാരത്തിൽ ദിഗ്ഭ്രമത്താൽ സമുദ്രമദ്ധ്യത്തിൽ ഉഴലുന്ന കപ്പലിനെ ലൈററ്ഹൌസിലെ (ദീപസ്തംഭത്തിലെ) വെളിച്ചം കരയണയിക്കുംപ്രകാരം സംസാര

സമുദ്രത്തിൽ ഉഴലുന്ന മനസ്സിന്നെ ചന്ദ്രൻ, സൂൎയ്യൻ, ദീപം മുതലായ വെളിച്ചം ആനന്ദക്കരയ്ക്ക് അണിയിക്കുന്നു. മുൻചൊല്ലിയ മണിനാദാദി ചിഹ്നങ്ങളിൽ ഏതെങ്കിലും ഒന്ന് അനുഭവമായി എങ്കിൽ മനസ്സിന്നു പിന്നെയും അതിനെ ലഭിപ്പാനുള്ള ആശനിമിത്തം യോഗത്തിൽതന്നെ മഹോത്സാഹത്തോടുകൂടി യത്നം ചെയ്തുതുടങ്ങും. ആ രസം നിമിത്തം സംസാരത്തിലുള്ള ആശ താനേതന്നെ വിട്ടു യോഗത്തെ ശരണം പ്രാപിക്കും. ഏതുപോലെ എന്നാൽ അലഭ്യമായ സുന്ദരീസമാഗമസുഖം ഒരു കാമുകന്നു ലഭിച്ചാൽ അതിനെത്തന്നെ സ്മരിച്ചുംകൊണ്ടു പിന്നെയും അതു സാധിപ്പാൻ പല യത്നം ചെയ്തും മററുള്ള കാൎയ്യങ്ങളിൽ ശ്രദ്ധ കുറഞ്ഞും വരുന്നു. അഥവാ വല്ല കാൎയ്യവും നടത്തേണ്ടിവന്നാൽ സ്ത്രീസക്തിനിമിത്തം ഉദാസീനനായി നടത്തുകയും ചിലപ്പോൾ തീരെ കാൎയ്യാദികളിൽ വീഴ്ച വരുത്തുകയും ചെയ്യുന്നു എന്നു മാത്രമല്ല മാതാവിനേയും പിതാവിനേയും സഹോദര മിത്ര ബന്ധുക്കളേയും ഉപേക്ഷിച്ചാലെ ആ സുന്ദരിയെ ലഭിക്കയുള്ളു എന്നു വരികിൽ അങ്ങിനെയും ചെയ്ത് ആ സ്ത്രീയെ ശരണംപ്രാപിക്കുന്നു. അപ്രകാരം യോഗാനന്ദചിഹ്നങ്ങളെ കണ്ടുവരുന്ന സമസ്തവിഷയങ്ങളേയും തൃണംപോലെ തള്ളി യോഗാനന്ദത്തെത്തന്നെ ശരണം പ്രാപിക്കുന്നു. അതുകൊണ്ടു വേദാന്തികളും വേദാന്തത്തേക്കാൾ യോഗത്തിന്നു യോഗ്യതയുണ്ടെന്നു തീൎച്ചപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടാണ് അവസാനത്തിൽ ശങ്കരാചാൎയ്യർ യോഗത്തെ അവലംബിച്ചതും അതിനാൽ തനിക്കുണ്ടായ ശാശ്വതാനന്ദപ്രാപ്തിയേയും യോഗമാഹാത്മ്യത്തേയും യോഗതാരാവലിയിൽ ഘോഷിച്ചതും. അതിരിക്കട്ടെ പഞ്ചദശപ്രകരണം എന്നു വേദാന്തഗ്രന്ഥത്തിൽതന്നെ പറഞ്ഞിരിക്കുന്നതിനെ കേൾക്കുക.

ബഹുവ്യാകുലചിത്താനാം വിചാരാത്തത്വധീൎന്നഹി
യോഗൊയുക്തസ്തതസ്തേഷാം ധീദൎപ്പസ്തേനശാമ്യതി.

അൎത്ഥം:— വളരെ കാൎയ്യങ്ങളാൽ വ്യാകുലമായ മനസ്സോടുകൂടിയവൎക്ക് വിചാരംകൊണ്ടു തത്വജ്ഞാനം ഉണ്ടാകയില്ല. യോഗമാണ് പററിയത്. യോഗംകൊണ്ട് അനാത്മകാൎയ്യങ്ങളിലുള്ള അഭിമാനം നശിക്കുന്നു. വിദ്യാരണ്യസ്വാമികളാ

കുന്നു ഈ പറഞ്ഞത്. ഇദ്ദേഹം മഹാ വേദാന്തിയാകുന്നു. ഇദ്ദേഹത്തിന്റെ വാക്കുകൊണ്ടും അസാരമായ സംസാരത്തിലുള്ള അഭിമാനത്തെ നശിപ്പിച്ചു മോക്ഷത്തെ കൊടുപ്പാൻ യോഗംപോലെ വേദാന്തത്തിന്നു ശക്തിയില്ലാ എന്നു സ്പഷ്ടത്തിൽ തെളിയുന്നു.

ശിഷ്യൻ:— അങ്ങിനെയല്ലെ. ക്ഷേത്രത്തിൽ ചെൽവാൻ മനസ്സില്ലാത്ത കുട്ടികളും കാര്യാതുരന്മാരായ കൂട്ടരും ക്ഷേത്രത്തിൽ ഭ്രമമില്ലാത്തവരും കൂടി ഉത്സവകാലത്തിൽ കൊമ്പിന്റെയും കുഴലിന്റെയും മൃദംഗത്തിന്റെയും ഭേരിയുടെയും വെടിയുടെയും നാദങ്ങളെ കേൾക്കയും, പൂക്കററി, നിലാത്തിരി, മത്താപ്പു, ചക്രബാണക്കമ്പം, കൈവിളക്കു മുതലായവയുടെ വെളിച്ചങ്ങളെ കാണുകയും ചെയ്യുമ്പോഴയ്ക്കു മററുള്ള കാര്യങ്ങളും വിട്ടു വിസ്മയിച്ചു ക്ഷേത്രത്തിലേക്ക് ഓടിച്ചെല്ലുന്നപ്രകാരം ആത്മദർശനത്തിൽ ആശയില്ലാത്ത അതിമൂഢന്മാരും കുട്ടികളും കൂടി യോഗത്തിൽ വിസ്മയാനന്ദപ്രദങ്ങളായ മണിനാദം, ശംഖനാദം, വേണുനാദം, വീണാനാദം, മൃദംഗധ്വനി, ഭേരീനാദം മുതലായ നാദങ്ങളെ കേൾക്കയും ചന്ദ്രൻ, സൂര്യൻ, അഗ്നി, നക്ഷത്രം, മിന്നൽ മുതലായ ജ്യോതിസ്സുകളെ കാണുകയും ചെയ്യുമ്പോൾ മററുള്ള സംസാരകാര്യങ്ങളെ വിട്ടു ഗാത്രക്ഷേത്രത്തിലെ പൂരത്തിനെ കണ്ടു വിസ്മയിച്ചാനന്ദിച്ചു പരമാത്മസന്നിധിയെ പ്രാപിക്കുന്നു. യോഗത്തിൽ ഈ വക അത്ഭുതാനന്ദാനുഭവങ്ങൾ ഉണ്ടെന്നു കേൾക്കുമ്പോഴയ്ക്കുതന്നെ കുട്ടികൾക്കും മൂഢന്മാർക്കും അതിൽ ആശ ജനിക്കും. മുമുക്ഷുക്കളായ സാരഗ്രാഹികൾക്കു പിന്നെ പറയേണമൊ?

ഗുരു:— ഹേ ശിഷ്യ! നീ പറഞ്ഞതു വാസ്തവമാകുന്നു. എന്റെ സിദ്ധാന്തഭ്രുതി കണ്ടതിന്റെ ശേഷം ചില സാരഗ്രാഹികൾ എന്റെ അരികിൽ വന്ന് ഉപദേശം കിട്ടിയാൽ കൊള്ളാമെന്ന് അപേക്ഷിക്കുകയും ചിലക്ക് ഉപദേശം കൊടുക്കയും അവർ വിസ്മയാനന്ദതൃപ്തന്മാരായി ഇരിക്കയും ചെയ്യുന്നു. ഇത് ആശ്ചര്യമല്ല. ചില സ്ത്രീകൾകുട്ടികൾ കൂടി ഉപദേശം കിട്ടിയാൽ കൊള്ളാമെന്ന് എന്നെ നിർബ്ബന്ധിച്ചു അവരുടെ പഠിപ്പിന്നു ഭംഗം വരും, അപ്പോൾ അവരുടെ ശേഷക്കാർ

എന്നെ അസഭ്യം പറഞ്ഞുതുടങ്ങുമെന്നുകരുതി അവൎക്ക് ഞാൻ ഉപദേശിച്ചിട്ടില്ല. ഹരി എന്ന അക്ഷരം അറിയാത്തവൎക്ക (എഴുത്തറിയാത്തവൎക്ക) കൂടി ഉപദേശിക്കയുണ്ടായി. അവരും ശാശ്വതാനന്ദത്തിന്നു പൂൎണ്ണപാത്രമായി സുഖിക്കുന്നു. ഇതാണ് എല്ലാററിലുംവെച്ചു വിസ്മയം. വേദശാസ്ത്രങ്ങളെല്ലാം പഠിച്ചാലെ മുക്തി കിട്ടു എന്നു അലയുന്നവർ അസംഖ്യം. കൎമ്മങ്ങളെല്ലാം ചെയ്താലെ യോഗജ്ഞാനങ്ങൾക്ക് അധികാരിയാവു എന്ന് അലയുന്നവർ അനന്തം. പരമാൎത്ഥം എവിടെയൊ കിടക്കുന്നു. ശാസ്ത്രകൎമ്മാദികളിൽ അലയുന്ന കൂട്ടർ എവിടയൊ കിടക്കുന്നു. ഹേ പ്രിയശിഷ്യ! കൃഷ്ണന്ന് അതിപ്രിയനല്ലെ അൎജ്ജുനൻ. അല്ലെങ്കിൽ കപടസന്യാസിവേഷത്താൽ തന്റെ ജ്യേഷ്ഠനായ ബലഭദ്രനേയും മററും തോല്പിച്ചു തന്റെപ്രിയസഹോദരിയായ സുഭദ്രയെ മോഷ്ടിച്ചുകൊണ്ടുപോകുന്ന കാൎയ്യത്തിൽ കൃഷ്ണൻ വേണ്ടുന്ന സഹായം ചെയ്യുമൊ? ഭൃത്യനെപ്പോലെ അൎജ്ജുനന്റെ തേർ തെളിക്കുമൊ? ഇല്ല. അങ്ങിനേയുള്ള അതിപ്രിയനായ അൎജ്ജുനന്നു കൃഷ്ണൻ എന്താ ഉപദേശിച്ചത് യോഗമല്ലെ കേൾക്കുക.

## ഭഗവൽഗീതാസാരം

തപസ്വിഭ്യോധികൊയോഗീ ജ്ഞാനിഭ്യോപിമതോധികഃ
കൎമ്മിഭ്യശ്ചാധികൊയോഗീ തസ്മാദ്യോഗീഭവാൎജ്ജുന!

അൎത്ഥം:—യോഗി തപസ്വികളേക്കാൾ കേമനാകുന്നു. യോഗി ജ്ഞാനികളിലുംവെച്ചു മീതെയാകുന്നു. യോഗി കൎമ്മികളിലുംവെച്ചു മീതെയാകുന്നു. ഹേ അൎജ്ജുന! അതുകൊണ്ടു നീ യോഗിയായി ഭവിക്കു.

ശിഷ്യൻ:—സ്വാമിൻ! ഈ ശ്ലോകത്തിൽ 'ജ്ഞാനിഭ്യോപിമതോധികഃ' എന്നതിന്നു ശാസ്ത്രജ്ഞാനമുള്ളവരേക്കാൾ മീതെയാണ് യോഗീ എന്നാണ് അൎത്ഥം.

ഗുരു:— ഹേ ശിഷ്യ അങ്ങിനെ അൎത്ഥം കല്പിക്കുന്നത് അബദ്ധമാകുന്നു. എന്തുകൊണ്ടെന്നാൽ ഒന്നാമതു പ്രകൃതംതന്നെ മാറിപ്പോകുന്നുവല്ലൊ. ഉത്തമ സുഖത്തിനെ (മോക്ഷ

ത്തെ) ലഭിപ്പാനുള്ള മതവിഷയത്തെപ്പററിയാണ് പ്രകൃതം. ആ സുഖത്തിന്നു തപസ്സിന്റെക്കാളും ജ്ഞാനത്തെക്കാളും കൎമ്മത്തെക്കാളും യോഗമാണ് മുഖ്യം എന്നു കൃഷ്ണൻ പറയുമ്പോൾ 'ജ്ഞാനിഭ്യഃ' എന്ന പദത്തിന്നു ശാസ്ത്രികളെക്കാൾ എന്ന് അൎത്ഥം കല്പിച്ചു, യോഗി ശാസ്ത്രികളെക്കാൾ മീതെയാണെന്നു പറയുന്നതു പ്രകൃതവിരോധമാകുന്നു. ശാസ്ത്രജ്ഞാന താരതമ്യത്തെപ്പററി ചിന്തിക്കുമ്പോഴല്ലെ ശാസ്ത്രികളെ പിടിച്ചുകൊണ്ടു വരേണ്ട ആവശ്യം. കഷ്ടം! ശാസ്ത്രികളെക്കാൾ യോഗ്യനാണ് യോഗി എന്നു പറഞ്ഞിട്ടു യോഗിക്ക് എന്താ ഒരു മാഹാത്മ്യം കിട്ടാനുള്ളത്? ശാസ്ത്രി എവിടെ? യോഗി എവിടെ? ശാസ്ത്രി എന്നു പറയുന്നത് ആരാണ്? യോഗി എന്നു പറയുന്നത് ആരാണ്? എന്ന് അറിവാൻകൂടി വകതിരിവില്ലാത്ത കൂട്ടത്തിലാണ് കൃഷ്ണൻ എന്ന നിന്ദയിൽ ചെന്നു കലാശിക്കുന്നുവല്ലൊ നിന്റെ അൎത്ഥകല്പനം. കൃഷ്ണൻ ആ തരത്തിലാണെങ്കിൽ മേല്പറഞ്ഞ ശ്ലോകത്തിൽ 'തപസ്വിഭ്യോധികൊയോഗീ, ശാസ്ത്രിഭ്യോപി മതോധികഃ' എന്നുതന്നെ പ്രയോഗിക്കാമെല്ലൊ. ശാസ്ത്രീ എന്ന വാക്കും അതിന്റെ അൎത്ഥവും കൃഷ്ണൻ അറികയില്ലെയൊ? അറിയും. അത് അറിയാഞ്ഞിട്ടു 'ജ്ഞാനിഭ്യോ' എന്നു പ്രയോഗിച്ചിട്ടുമല്ല. 'ജ്ഞാനിനസ്തത്വദൎശിനഃ' (ജ്ഞാനികൾ തത്വദൎശികളാകുന്നു = ആത്മാനാത്മവിചാരജ്ഞാനത്തോടു കൂടിയവരാകുന്നു) എന്നു നാലാം അദ്ധ്യായത്തിൽ കൃഷ്ണൻതന്നെ തീൎച്ചപ്പെടുത്തിയിരിക്കുന്നു. അങ്ങിനെ തീൎച്ചപ്പെടുത്തിയിരിക്കുമ്പോൾ ജ്ഞാനീ എന്ന പദത്തിന്നു ശാസ്ത്രീ എന്നൎത്ഥം കല്പിക്കുന്നതു കൃഷ്ണന്റെ അഭിപ്രായത്തിന്നും പ്രകൃതത്തിന്നും അൎത്ഥത്തിന്നും വിരോധമാകുന്നു.

ശിഷ്യൻ:— കൃഷ്ണൻ ജ്ഞാനികളെ മുമ്പ് അങ്ങിനെ ഉൽകൃഷ്ടന്മാരായി വൎണ്ണിച്ചിരിക്കുമ്പോൾ അവരെക്കാൾ മീതെയാണ് യോഗികൾ എന്ന് ഇപ്പോൾ പറയുമ്പോൾ പൂൎവ്വാപരവിരോധമായിത്തീരുമെല്ലൊ എന്നു ശങ്കിച്ചിട്ടാണ് ജ്ഞാനിഭ്യഃ എന്ന പദത്തിന് അൎത്ഥം മാററി കല്പിച്ചത്.

ഗുരു:— എന്നാൽ ആ ശ്ലോകത്തിൽ 'കൎമ്മിഭ്യോപിമതോധികഃ' (കൎമ്മികളെക്കാളും യോഗി കേമൻ) എന്നു പറഞ്ഞതി

ന്നും അൎത്ഥം മാററി കല്പിക്കേണം. കൎമ്മികളേയും കേമന്മാരായി വൎണ്ണിച്ച് അവൎക്കും മുക്തി കിട്ടുമെന്നു ഗീതയിൽ കൃഷ്ണൻ പറഞ്ഞിട്ടുണ്ട്. കേൾക്കുക.

ധ്യാനേനാത്മനിപശ്യന്തി കേചിദാത്മാനമാത്മനാ
അന്യേസാംഖ്യേനയോഗേന കൎമ്മയോഗേനചാപരേ.

ഇതിൽ കൎമ്മയോഗംകൊണ്ടു ചിലർ ആത്മാവിനെ കാണുന്നു എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ടു കൎമ്മികളേക്കാളും യോഗികൾ മീതെ എന്നു പറവാനും നിൎവ്വാഹമില്ലെന്നു വരുന്നു. അപ്പോൾ ഈ ഘട്ടത്തിലും കൃഷ്ണനെ നന്നാക്കുവാൻവേണ്ടി കൎമ്മിഭ്യോപി എന്ന പദത്തിനു ദുഷ്ടകൎമ്മിഭ്യോപി (ദുഷ്ടകൎമ്മം ചെയ്യുന്നവരേക്കാളും) യോഗി കേമനാണ് എന്നു വ്യാഖ്യാനിക്കേണം. ഇതിനേക്കാൾ കൃഷ്ണനെ അസഭ്യം പറയുന്നതാണ് നല്ലത്. ഹേ ശിഷ്യ! കൃഷ്ണൻെറ അഭിപ്രായത്തെ അറിയാതേയും യോഗശാസ്ത്രത്തിൻെറ മാഹാത്മ്യത്തെ അറിയാതേയും ചിലർ ശങ്കിക്കുന്നതാണ്. യോഗംതന്നെയാണ് ജ്ഞാനാദികളേക്കാൾ അത്യുൽകൃഷ്ടം എന്നാണ് കൃഷ്ണൻെറ അഭിപ്രായം. ആ അഭിപ്രായത്തെത്തന്നെയാണ് 'തപസ്വിഭ്യോധികോ യോഗീ' എന്ന ശ്ലോകത്തിൽ ഘോഷിച്ചതും. മുമ്പു ജ്ഞാനത്തേയും കൎമ്മത്തേയും വൎണ്ണിച്ചതുകൊണ്ടു മുക്തിക്ക് ഇതുരണ്ടും മതി എന്നു വിചാരിച്ചു മുക്തിക്കു മുഖ്യമായ യോഗത്തിൽ ഏൎപ്പെടാതെ ഇരുന്നുപോകരുതെന്നു കരുതി 'തപസ്വിഭ്യോധികോയോഗീ' എന്ന ശ്ലോകംകൊണ്ടു യോഗം സൎവ്വോൽകൃഷ്ടമാകുന്നു എന്നു വിശേഷിച്ചു വിധിച്ചതാകുന്നു. യോഗമാകുന്ന സൂത്രംകൊണ്ടാണ് ഗീതാപ്രബന്ധത്തെ കൃഷ്ണൻ ദൃഢമായി ബന്ധിച്ചിരിക്കുന്നത്. സാംഖ്യജ്ഞാനകൎമ്മാദികളിൽ കൃഷ്ണൻ യോഗത്തെ കൂട്ടിക്കലൎന്നിട്ടുണ്ട്. അതുകൊണ്ടാണ് സാംഖ്യയോഗം, കൎമ്മയോഗം, ജ്ഞാനകൎമ്മസന്യാസയോഗം എന്നിങ്ങിനെ സാംഖ്യം മുതലായ പദങ്ങളോടു യോഗപദത്തെ കൂട്ടിച്ചേൎത്തിരിക്കുന്നത്. അല്ലാതെ യോഗം എന്ന പദത്തിൻെറ അൎത്ഥമൊ യോഗത്തിൻെറ ശക്തിയൊ സാംഖ്യത്തിന്നൊ കൎമ്മത്തിന്നൊ സന്യാസത്തിന്നൊ ഉണ്ടായിട്ടു ചേൎത്തതല്ല. പിന്നെ യോഗം എന്ന പദം ചേൎത്തിയതുകൊണ്ട്, സാംഖ്യം ക

മ്മം സന്യാസം ഭക്തി മുതലായവയ്ക്കു് ഒരു ബഹുമാനവും സിദ്ധിക്കുന്നു. അവർകൾ എന്ന പദത്തെ ഒരു നാമത്തോടു ചേർക്കുമ്പോൾ കിട്ടുന്നതുപോലെ, ഒരാളെക്കുറിച്ചു നോം പറയുമ്പോൾ രാമന്മേനോൻ എന്നു പറയുന്നതിനേക്കാളും രാമന്മേനോൻ അവർകൾ എന്നു പറയുന്നതിൽ ബഹുമാനം സിദ്ധിക്കുന്നുണ്ട്. അങ്ങിനെ ആലോചിക്കുമ്പോഴും യോഗത്തിനു സർവ്വോൽകൃഷ്ടതയുണ്ടെന്നും സാംഖ്യം, ജ്ഞാനം, കർമ്മം, ഭക്തി മുതലായവയ്ക്കു് അത്ര ഉൽകൃഷ്ടതയില്ലെന്നും സിദ്ധമായി. ഉണ്ടെങ്കിൽ സാംഖ്യാദികളുടെ യോഗതാസിദ്ധിക്കുവേണ്ടി യോഗത്തെ അവയോടുകൂട്ടി പ്രയോഗിക്കേണ്ടാ. പൊന്നിൻകുടത്തിന്നു പൊട്ടുവേണ്ടാ. അങ്ങിനെ യോഗശബ്ദത്തെ പ്രയോഗിച്ചതുകൊണ്ടു കൃഷ്ണൻ, യോഗാനന്ദഭ്രാന്തനാണെന്നും സിദ്ധിക്കുന്നു. അങ്ങിനെയല്ലെ? എവന്നു് ഏതിൽ ആസക്തിയുണ്ടോ അവൻ അതിനെ സർവ്വത്ര പ്രശംസിക്കുന്നതു സാധാരണ സമ്പ്രദായമാണു്. നോക്കുക. വിഷ്ണുഭക്തൻ വിഷ്ണുവിനേയും ശിവഭക്തൻ ശിവനേയും ബുദ്ധമതാനുസാരികൾ ബുദ്ധനേയും ക്രിസ്തുമതക്കാർ ക്രിസ്തുവിനേയും സ്ത്രീഭ്രാന്തൻ സ്ത്രീയിനേയും പ്രശംസിക്കുന്നു. അതാതു നാമങ്ങളെ ഉച്ചരിക്കുന്നതുകൂടി ആ കൂട്ടക്കാർക്കു് അതിസന്തോഷകരമായിരിക്കുന്നു. അതുപോലെ കൃഷ്ണനു യോഗം എന്ന നാമത്തെ ഉച്ചരിക്കുന്നതുകൂടി അത്യാനന്ദമായിരിക്കുന്നു. അതുകൊണ്ടും സാംഖ്യം, ജ്ഞാനം, കർമ്മം മുതലായവയിൽകൂടി യോഗശബ്ദത്തെക്കൂട്ടി ഉരച്ചിരിക്കുന്നതാകുന്നു. ചില പിതാക്കന്മാർ സ്വപുത്രന്മാർക്കു് ഈശ്വരഭക്തികൊണ്ടും സ്നേഹംകൊണ്ടും ഈശ്വരന്റെയും മററും നല്ല നല്ല പേരുകളെ നാമകരണനാളിൽ ഇടും. ആ കൂട്ടത്തിൽ കൃഷ്ണൻ യോഗം എന്ന നാമത്തേയും ഗീതയിൽ സർവ്വത്ര ചേർത്തിരിക്കുന്നു. കൃഷ്ണൻ മഹാ യോഗഭ്രാന്തൻതന്നെ. അന്ത്യകാലത്തിലും കൃഷ്ണൻ യോഗനിഷ്ഠയോടുകൂടിയിട്ടാണു് ദേഹത്തെ ഉപേക്ഷിച്ചതും. അങ്ങിനെ യോഗത്താൽ ദേഹത്തെ ഉപേക്ഷിച്ചാലെ മുക്തി കിട്ടു എന്നുകൂടി ഗീതയിൽ ഘോഷിച്ചിരിക്കുന്നുവെല്ലൊ. കേൾക്കുക.

പ്രയാണകാലേമനസാചലേന
ഭക്ത്യായുക്തോയോഗബലേനചൈവ
ഭ്രുവോൎമ്മദ്ധ്യേപ്രാണമാവേശ്യസമ്യക്
സതംപരം പുരുഷമുപൈതിദിവ്യം

അൎത്ഥം:—ഭക്തിയോടും യോഗബലത്തോടും കൂടിയവൻ ഏവനൊ അവൻ മരണകാലത്തിൽ സ്ഥിരമായ മനസ്സോടുകൂടി പ്രാണവായുവിനെ പുരികങ്ങളുടെ മദ്ധ്യത്തിൽ നിറുത്തി ആ പരംജ്യോതിസ്സിനോടു ചേരുന്നു. (സായുജ്യമുക്തിയെ പ്രാപിക്കുന്നു) ഹേ ശിഷ്യ! ഇതാണ് യോഗം. ഇങ്ങിനെ പരമാത്മാവോടു ചേരുന്ന യോഗത്തെത്തന്നെയാണ് പ്രധാനമായി കൃഷ്ണൻ അൎജ്ജുനന്ന് ഉപദേശിച്ചിട്ടുള്ളത്. ഗീതയിൽ ഈ യോഗത്തിൻെറ മാഹാത്മ്യത്തെ കൃഷ്ണൻ വൎണ്ണിച്ചതു കേൾക്കുക.

ജിജ്ഞാസുരപിയോഗസ്യ ശബ്ദബ്രഹ്മാതിവൎത്തതെ

അൎത്ഥം:—യോഗത്തെ അറിഞ്ഞാൽകൊള്ളാമെന്ന് ഇച്ഛിക്കുന്നവൻകൂടി വേദത്തെ അതിക്രമിക്കുന്നു. (എന്നാൽ അവന്നു വേദപാരായണവും വേദോക്തകൎമ്മങ്ങളും ഒന്നും ആവശ്യമില്ലെന്നു സാരം)

ശിഷ്യൻ:—സ്വാമിൻ! ഈ അത്യുൽകൃഷ്ടമായ യോഗത്തെ മാത്രം കൃഷ്ണൻ ഉപദേശിച്ചാൽ എളുപ്പത്തിൽ ഉത്തമസുഖത്തെ പ്രാപിച്ച് ആനന്ദിക്കാമെല്ലൊ. അങ്ങിനെചെയ്യാതെ വേദോക്തസകലകൎമ്മങ്ങളേയും ചെയ്യേണം. അല്ലെങ്കിൽ ദോഷമുണ്ട്, കൎമ്മയോഗംകൊണ്ടു മുക്തിയുണ്ട് എന്നിങ്ങിനെ മിശ്രമാക്കിയതുകൊണ്ടല്ലെ സാരം ഗ്രഹിക്കാതെ നാനാവിധ കൎമ്മങ്ങൾ ചെയ്തു ജനങ്ങൾ ദുഃഖിക്കുന്നത്.

ഗുരു:—ഹേ ശിഷ്യ! അജ്ഞാനികളുടെ ഇടയിൽ കൎമ്മത്തെ ദുഷിക്കുന്നതുകൊണ്ട് അനേകം അനൎത്ഥം നേരിടും. അതുകൊണ്ടു യോഗജ്ഞാനത്തെ പ്രബലപ്പെടുത്തുവാൻ വേണ്ടി കൎമ്മദൂഷണം ചെയ്യരുത് എന്നാണ് കൃഷ്ണൻെറ അഭിപ്രായം. അതു കൃഷ്ണൻതന്നെ ഗീതയിൽ പറഞ്ഞിട്ടുണ്ട്. കേൾക്കുക.

നബുദ്ധിഭേദംജനയെദജ്ഞാനാംകൎമ്മസംഗിനാം
ജോഷയേൽസൎവ്വകൎമ്മാണി വിദ്വാൻയുക്തസ്സമാചരൻ.

അത്ഥം: —(ജ്ഞാനി കമ്മത്തിൽ ശ്രദ്ധയുള്ള അജ്ഞാനികളുടെ ബുദ്ധിക്ക് ഇളക്കം വരുത്തരുത്. താനും അവരോടുകൂടി കമ്മങ്ങളെ ആചരിച്ച് അവരെക്കൊണ്ടു സവ്വകമ്മങ്ങളേയും ചെയ്യിക്കേണം). ജ്ഞാനി ഇങ്ങിനെ ചെയ്തിട്ടില്ലെങ്കിൽ എന്താ അനത്ഥം എങ്കിൽ ജ്ഞാനി കമ്മാസക്തന്മാരോട് അവരുടെ കമ്മത്തെ ദൂഷിച്ചു ജ്ഞാനത്തെ സ്ഥാപിപ്പാൻ പുറപ്പെട്ടാൽ അവർ അസഭ്യം പറയും. പിന്നെയും ജ്ഞാനി ക്രുട്ടാക്കാതെ യുക്തികളും പ്രമാണങ്ങളും പറഞ്ഞ് അവരുടെ കമ്മങ്ങളെ ഖണ്ഡിച്ചാൽ തല്ലും കൊള്ളേണ്ടിവരും. ജ്ഞാനശക്തികൊണ്ട് അതും സഹിച്ച് എന്തായാലും നല്ലത് ഉപദേശിക്കതന്നെ എന്നു വിചാരിച്ചു പിന്നെയും കമ്മത്തെ ദൂഷിപ്പാൻ തുടങ്ങിയാൽ അജ്ഞാനികൾ പല ഉപദ്രവങ്ങളും ചെയ്തു ജ്ഞാനിയെ നാട്ടിൽനിന്ന് ഓടിച്ചുകളയും. അല്ലെങ്കിൽ കൊല്ലും. ഈ വക ഹിംസാ ജ്ഞാനികൾക്കു നേരിടാതെ ഇരിപ്പാൻ വേണ്ടിയും, ജ്ഞാനികളെ ഉപദ്രവിച്ചിട്ടുള്ള മഹാപാപം അജ്ഞാനികൾക്കു സംഭവിക്കാതെ ഇരിപ്പാൻവേണ്ടിയും ജ്ഞാനികൾ നാട്ടിൽ നശിച്ചാൽ ജിജ്ഞാസുക്കൾക്കുകൂടി (പരമാത്ഥം അറിവാൻ ഇച്ഛിക്കുന്നവക്കുകൂടി) ഉപദേശിപ്പാൻ ആളില്ലാതെ അവർ കഷ്ടത്തിലകപ്പെടാതെ ഇരിപ്പാൻ വേണ്ടിയും യോഗജ്ഞാനസമ്പ്രദായം അസ്തമിച്ചുപോകാതെ ഇരിപ്പാൻ വേണ്ടിയും കമ്മാസക്തന്മാരോടു കമ്മങ്ങളെ ദൂഷിക്കാതെ ഇണങ്ങിയിരിക്കേണമെന്നു കൃഷ്ണൻ അഭിപ്രായപ്പെട്ടതാകുന്നു. അല്ലാതെ അജ്ഞാനകമ്മങ്ങൾ ചെയ്യേണമെന്നോ ചെയ്യിപ്പിക്കേണമെന്നോ കൃഷ്ണന്ന് ആന്തരത്തിൽ ഇല്ല. ഉണ്ടെങ്കിൽ ആ ശ്ലോകത്തിൽ 'അജ്ഞാനാം കമ്മസംഗിനാം' എന്ന രണ്ടു പദം പ്രയോഗിക്കുമൊ? ആ പ്രയോഗംകൊണ്ടു കമ്മസംഗികൾ മൂഢന്മാരാണ് എന്നു കൃഷ്ണൻ കണ്ണും തുറന്നു പറഞ്ഞിരിക്കുന്നുവെല്ലൊ. വേദവിധിപ്രകാരം കമ്മം ചെയ്യുന്നവരെ മൂഢന്മാർ എന്നു പറയുന്നതു തെററല്ലെ? അവരെ സത്തുക്കൾ എന്നല്ലെ പറയേണ്ടത്? ഇതുകൊണ്ടു കൃഷ്ണന്നു ഹിതമല്ലാ കമ്മങ്ങൾ എന്നു തീച്ചപ്പെട്ടു. എന്നാൽ ഹിരണ്യന്റെ നാട്ടിൽ ചെന്നാൽ ഹിരണ്യായനമഃ എന്നുണ്ടല്ലൊ. അല്ലെ

ങ്കിൽ ഹിരണ്യൻ കൊന്നുകളയും. അജ്ഞാനികൾ അങ്ങിനെ ചെയ്യുമൊ എന്നു ശങ്കിക്കേണ്ടാ, ചെയ്യും. ക്രിസ്തു ദൈവത്തിന്റെ പുത്രനും മനുഷ്യരുടെ പാപത്തെ നീക്കി പരിശുദ്ധന്മാരാക്കാൻ വേണ്ടി അവതരിച്ചതാണെന്നും ക്രിസ്ത്യന്മാർ പറയുന്നു. ക്രിസ്തു മഹാ ശാന്തനും സത്തും ആകുന്നു. അങ്ങിനെയുള്ള ക്രിസ്തു, തത്വത്തെ പ്രശംസിച്ചപ്പോൾ മതവിരോധമായിട്ടാണ് പ്രസംഗിക്കുന്നത് എന്ന കുററം ആരോപിച്ച ക്രിസ്തുവിനെ കുരിശിൽ തറച്ചു കൊന്നു. ബുദ്ധനെ നാട്ടിൽനിന്ന് ഓടിച്ചില്ലെ. ഇദ്ദേഹം ദയാനിധിയും ജ്ഞാനനിധിയും ആകുന്നു. പശുഹിംസയോടുകൂടിയ യാഗത്തെ നിൎത്തൽ ചെയ്യാൻ വേണ്ടിയിട്ടുള്ള വിഷ്ണുവിന്റെ അവതാരമാണെന്നു ഹിന്തുക്കൾ സമ്മതിക്കുന്നു. എന്നിട്ട് എന്താ ഫലം സിദ്ധിച്ചത്. കൃഷ്ണൻ അനേകദിവ്യശക്തികളെ പ്രകടിപ്പിച്ചിട്ടുണ്ടെന്നു പുരാണങ്ങളിൽ കാണുന്നു. ഗോവൎദ്ധനപൎവ്വതത്തെ ഉയൎത്തി കുടയായി പിടിച്ചു, ഒരു കൂനിയുടെ പ്രകൃതിസിദ്ധമായ വളവിനെക്കൂടി നേരെയാക്കി, ദുൎയ്യോധനന്റെ ബുദ്ധിയെ നേരെയാക്കുവാൻ കഴിഞ്ഞുവൊ? സൂചിമുനയോളം സ്ഥലത്തെ രാജ്യാവകാശികളായ പാണ്ഡവന്മാൎക്കു കൊടുപ്പിക്കുവാൻ കഴിഞ്ഞുവോ? ഇല്ല. വിശ്വരൂപം കാണിച്ചു വിസ്മയിപ്പിച്ചു എന്നും വിഷ്ണുവിന്റെ അവതാരമാണ് എന്നും പുരാണാദികൾകൊണ്ടു കാണുന്നു. എന്നിട്ടും ദുൎയ്യോധനാദികൾ കൃഷ്ണനെ മാട്ടുക്കാരനാണെന്നും മററും അസഭ്യം പറഞ്ഞു പിടിച്ചുകെട്ടുവാൻകൂടി ശ്രമിച്ചുപോൽ. കുററമല്ല, മത്സരിച്ചു നശിപ്പാനുള്ള കാലം അടുത്തവരോടും കൎമ്മസംഗികളായ അജ്ഞന്മാരോടും വിഹിതമായത് ഉപദേശിച്ചാൽ പാമ്പിന്നു പാൽ കൊടുത്താലുള്ള ഫലം തന്നെ. അതുകൊണ്ട് അനൎത്ഥനിവൃത്തിക്കുവേണ്ടി അജ്ഞാനികൾക്ക് അനുകൂലിയെപ്പോലെ കൃഷ്ണൻ പറഞ്ഞതാകുന്നു. അതിന്നുവേണ്ടിത്തന്നെയാണ് ഗീതയിൽ കൃഷ്ണൻ താഴെ പറയും പ്രകാരവും പറഞ്ഞിട്ടുള്ളത്.

ശരീരയാത്രാപിവതേനപ്രസിദ്ധ്യേദകൎമ്മണഃ.

അൎത്ഥം:—(നീ കൎമ്മം ചെയ്യാതെ ഇരുന്നാൽ നിന്റെ ദേഹത്തെ സംരക്ഷിപ്പാൻകൂടി നിണക്കു കഴികയില്ല) ഇവി

ൻ

ടെ നോം ഒരു വിചാരണചെയ്യുക. യാഗകൎമ്മംചെയ്തിട്ടില്ലെങ്കിൽ ദേവേന്ദ്രനോ ദേവന്മാരൊ വന്നു കുത്തി കലപ്പെടുത്തുമൊ? പ്രദോഷവ്രതമൊ ഏകാദശീവ്രതമൊ മറെറാ എടുത്തു പട്ടിണികിടന്നിട്ടില്ലെങ്കിൽ ശിവനൊ വിഷ്ണുവൊ കോപിച്ചു ശിരച്ഛേദം ചെയ്യുമോ? രാമേശ്വരം കാശി മുതലായ തീൎത്ഥസ്ഥലങ്ങളിൽ ഭ്രമിച്ച് അലഞ്ഞു കായക്ലേശകൎമ്മം ചെയ്തിട്ടില്ലെങ്കിൽ വിശ്വനാഥനൊ രാമേശ്വരനൊ ക്രോധിച്ചു ഹിംസിക്കുമൊ? ക്ഷേത്രം കെട്ടി കല്ലിനെ നാട്ടി പൂജിച്ചിട്ടില്ലെങ്കിൽ ക്ഷുത്തു സഹിപ്പാൻ കഴിയാതെ ശിവനൊ മററു ദേവന്മാരൊ കോപിച്ചുവന്നു നമ്മെ കൊല്ലുമൊ? ഇല്ല. യോഗ്യതയുള്ള മനുഷ്യൻകൂടി തന്നെ പൂജിക്കുന്നില്ലാ എന്ന സംഗതിയാൽ മറെറാരുവനെ ഹിംസിക്കയില്ല. യാതൊരു ഉപദ്രവത്തിലും പെടുത്തുകയും ഇല്ല. അതുകൂടി യോഗ്യതയില്ലാത്ത കൂട്ടത്തിലാണൊ ദൈവവും ദേവന്മാരും? എന്താ കൎമ്മം ചെയ്തിട്ടില്ലെങ്കിൽ ദേഹത്തെ സംരക്ഷിപ്പാൻകൂടി നിണക്കു കഴികയില്ലാ എന്നു പറഞ്ഞതിന്റെ അൎത്ഥം? എന്താ കൎമ്മസംഗികളായ അജ്ഞന്മാരുടെ ബുദ്ധിയെ ഭേദിപ്പിക്കരുത് എന്നു കൃഷ്ണൻ പറഞ്ഞതിന്റെ അൎത്ഥം? പറയാം കേൾക്കു. സംസാരത്തിലിരിക്കുമ്പോൾ ജ്ഞാനിയാണെന്നുവെച്ചു ജാതിയേയും ജാത്യാചാരത്തേയും ദുഷിച്ച് അതു വിട്ടു നടന്നാൽ ഇവൻ ഭ്രഷ്ടൻ ഇവന്നു കിണറും കുളവും തൊടുവാൻ പാടില്ലാ എന്നു വിധിച്ച് അജ്ഞാനികൾ നീക്കിനിറുത്തും. അതു കൂട്ടാക്കാതെ ജാത്യാദികൎമ്മങ്ങളെ ദുഷിച്ചു പിന്നെയും അവരോടു തിരക്കിത്തുടങ്ങിയാൽ ബലാൽകാരേണ പിടിച്ചു പുറത്താക്കുക, ഉപദ്രവിക്കുക, ദേഹനാശംവരെ ഉള്ള ആപത്തിന്നു പാത്രമാക്കുക ഇത്യാദികളായ അനൎത്ഥങ്ങൾക്കു ജ്ഞാനിയെ പാത്രമാക്കിത്തീൎക്കും. ഇതാണ് കൎമ്മസംഗികളായ അജ്ഞാനികളുടെ ബുദ്ധിയെ ഭേദിപ്പിക്കരുത്, കൎമ്മം ചെയ്തിട്ടില്ലെങ്കിൽ നിണക്കു ശരീരത്തെ സംരക്ഷിപ്പാൻകൂടി കഴികയില്ലാ എന്നും പറഞ്ഞതിന്റെ അൎത്ഥം അല്ലാതെ ദേവന്മാരിൽനിന്നു ഭയപ്പെട്ട് അങ്ങിനെ വിധിച്ചതല്ലാ. ഈശ്വരൻ ഇല്ലെന്നു വാദിക്കുന്ന നിരീശ്വരന്മാരെക്കൂടി ഈശ്വരനൊ ദേവന്മാരൊ ഉപദ്രവിച്ചുകാണുന്നില്ല. അതുകൊണ്ട് അജ്ഞാ

നീകളിൽനിന്ന് ഉപദ്രവംനേരിടാതെ ഇരിപ്പാൻവേണ്ടികൃഷ്ണൻ ജ്ഞാനികളും അജ്ഞാനികളുടെ ഇടയിൽ അവരെ അനുസരിച്ചു കമ്മം ചെയ്യേണമെന്നു പറഞ്ഞതാകുന്നു എന്ന അത്ഥം 'അജ്ഞാനാം കമ്മസംഗിനാം' എന്ന സാഭിപ്രായ വിശേഷണവിശേഷ്യങ്ങൾ കൊണ്ടുതന്നെ വ്യക്തമായിരിക്കുന്നു. ബുദ്ധാദികളുടെ ചരിത്രവും ആ അത്ഥത്തെ അത്യന്തം വ്യക്തമാക്കുന്നു. പോരെങ്കിൽ എന്റെ മോക്ഷപ്രദീപം വായിച്ചു കമ്മസംഗികളായ കൂട്ടക്കാരും ആ അത്ഥത്തെ നല്ലവണ്ണം ഇനിക്കു വ്യാഖ്യാനിച്ചുതന്നിരിക്കുന്നു. കമ്മം സകാമമായാലും നിഷ്കാമമായാലും അത്യന്തം ദുഃഖമാകുന്നു. നോക്കുക. നാം നിഷ്കാമമായും ഈശ്വരാപ്പണമായും വെയിൽകൊണ്ടു ബുദ്ധിമുട്ടി പട്ടിണികിടന്നു തപസ്സുചെയ്താലും ഏകാദശ്യാദി വ്രതമനുഷ്ഠിച്ചാലും പണത്തിന്റെയും മററും ആശകൊണ്ടു മേൽപ്രകാരം ചെയ്താലും താപവും ക്ഷുൽപിപാസാദി ദുഃഖങ്ങളും കഠിനമായി നമുക്കു് ഉണ്ടാകും. ഇതു് എല്ലാവക്കും അനുഭവപ്പെട്ട കാൎയ്യമാകുന്നു. കമ്മം അജ്ഞാനത്തെ വദ്ധിപ്പിക്കുന്നതാകയാലും ദേഹോപദ്രവത്തിനു ഹേതുവായിരിക്കുന്നതിനാലും മോക്ഷത്തിനു മഹാവിരോധിയാകുന്നു എന്നതു് അസ്മാദൃക്കുകൾക്കുമാത്രം അനുഭവമാകുന്നു. കമ്മത്തിൽ ഭ്രമിക്കുന്നവരെ മൃഗപ്രായന്മാരായിട്ടു വിഷ്ണുഭഗവാൻ, വസിഷ്ഠാദി ജ്ഞാനികൾ മുതലായവർ നിന്ദിച്ചും കാണുന്നു. അങ്ങിനെ ഇരിക്കെ ഉഭയസുഖത്തെ കെടുക്കുന്ന അജ്ഞാനകമ്മങ്ങളെ ചെയ്യാൻ മനഃപൂവ്വം ഗീതയിൽ ഉപദേശിച്ചു എന്നു വ്യാഖ്യാനിക്കുന്നവർ വ്യാഖ്യാനിച്ചുകൊള്ളട്ടെ. കൃഷ്ണൻതന്നെ പ്രത്യക്ഷനായി വന്നിട്ടു ഞാൻ പരമാത്ഥത്തിൽ അങ്ങിനെ ഉപദേശിച്ചതു ശരിയാണ് എന്നു പറഞ്ഞാലും ഞാൻ വിശ്വസിക്കയില്ല. എനിക്കു ഗീതയുടെ ഹൃദയം മനസ്സിലായിട്ടുണ്ടോ എന്നു പരീക്ഷിപ്പാനൊ മററാവേണ്ടി കൃഷ്ണൻ പറയുന്നതാണെന്നെ ഞാൻ വിചാരിക്കു. നാളികേരത്തെ ഭക്ഷിച്ചിട്ടുള്ള എന്നോടു നാളികേരത്തിന്റെ ചകിരിയും ചിരട്ടയും തിന്നേണം എന്നു ഞാൻ ഉപദേശിച്ചിട്ടുണ്ടു് എന്നു കൃഷ്ണൻ പറഞ്ഞാൽ നാളികേരത്തിന്റെ ആസ്വാദ്യാംശത്തെ ഞാൻ അറിഞ്ഞിട്ടുള്ളവനൊ എന്ന പരീക്ഷയ്ക്കാ

മററൊ അങ്ങിനെ പറയുന്നതാണെന്ന് എനിക്കു തീൎച്ചപ്പെട്ടു ത്തുവാനല്ലെ അവകാശമുള്ളത്? അതുകൊണ്ടു ഗീതയുടെ ഹൃദയം യോഗംതന്നെ. എന്നാൽ സദാനന്ദത്തെ നൽകുന്ന ഈ ഉൽകൃഷ്ടയോഗത്തേയൊ ഇഹലോക സുഖത്തേയൊ സാധിക്കേണമെങ്കിൽ ശരീരത്തെ സംരക്ഷിക്കേണം. ശരീരത്തെ സംരക്ഷിക്കേണമെങ്കിൽ പണം വേണം. പണം വേണമെങ്കിൽ കൎമ്മംചെയ്യേണം (പ്രവൃത്തിയെടുക്കേണം). അതു ചെയ്തിട്ടില്ലെങ്കിൽ ശരീരത്തെക്കൂടി ആൎക്കും സംരക്ഷിപ്പാൻ കഴികയില്ലാ. അതുകൊണ്ടു കൎമ്മം ചെയ്യേണം എന്ന ആന്തരാൎത്ഥത്തെയാണ് മനഃപൂൎവ്വമായി ഗീതയിൽ വെച്ചിട്ടുള്ളത്.

ശരീരയാത്രാപിചതേനപ്രസിദ്ധ്യേദകൎമ്മണഃ.

അൎത്ഥം:—(കൎമ്മം ചെയ്യാതെ ഇരുന്നാൽ നിന്റെ ശരീരത്തെ സംരക്ഷിപ്പാൻകൂടി നിണക്കു കഴികയില്ല). അതുകൊണ്ടു രാജാവായാലും യോഗിയായാലും ജ്ഞാനിയായാലും കൎമ്മിയായാലും പ്രവൃത്തിയെടുക്കേണം, മടിയന്മാരായി പുരുഷപ്രയത്നംവിട്ടിരിക്കരുത് എന്നു സാരം. ഈ ഉപദേശം യുക്തികൊണ്ടും അനുഭവംകൊണ്ടും പ്രമാണംകൊണ്ടും സൎവ്വമതക്കാൎക്കും പറ്റിയതായിരിക്കുന്നു. അങ്ങിനെയല്ലെ? ചിലർ കച്ചവടം, കൃഷി, കൈത്തൊഴിൽ, ഉദ്യോഗം മുതലായ പ്രവൃത്തികളിൽ ഒന്നിലും മടികൊണ്ടു പ്രവേശിക്കാതെ ഇരിക്കുന്നതുകൊണ്ടു ക്രമേണ കയ്യിലുള്ള മുതലെല്ലാം തിന്നുതീരുകയും ശരീരഭരണത്തിന്നു നിൎവ്വാഹമില്ലാതെ വരികയും ചെയ്യുന്നു. അപ്പോൾ കള്ളസ്സാക്ഷി, ചതി, കളവ്, ഹിംസാ മുതലായ ദുഷ്ടകൎമ്മങ്ങളിൽ ഏൎപ്പെട്ടു ദൈവശിക്ഷയ്ക്കും രാജദണ്ഡനയ്ക്കും പാത്രമായി ദുഃഖിക്കുന്നു. ഇങ്ങിനെ അസംഖ്യം പേരെ നാം കാണുന്നുണ്ട്. അതുകൊണ്ടു വിഹിതകൎമ്മം ചെയ്യാതെ മടിയനായിരുന്നാൽ ശരീരത്തെ രക്ഷിപ്പാൻകൂടി കഴിയാതെ കെട്ടുപോകമെന്നതു നമുക്ക് അനുഭവമായി. മടിയിൽ മീതെ ഒരു ശത്രുവില്ലെന്നാണ് പ്രമാണം.

ആലസ്യംഹിമനുഷ്യാണാം ശരീരസ്ഥോമഹാരിപുഃ

(എന്നു ഹിതോപദേശം)

അൎത്ഥം:—മനുഷ്യൎക്കു ശരീരത്തിൽ സ്ഥിതിചെയ്യുന്ന ഒരു മഹാശത്രുവുണ്ട്. അതു മടിതന്നെ. മററുള്ള ശത്രുക്കൾ നിരൂപിച്ചാൽ പാട്ടിണിയിട്ട് അകൃത്യം പ്രവൃത്തിപ്പിച്ച് ഇഹസുഖത്തേയും പരലോക സുഖത്തെയും കെടുപ്പാൻ കഴികയില്ല. മടി വന്നുകൂടിയാൽ അതിന്ന് അതു കഴിയും. അതുകൊണ്ടാണ് മടിയെ മഹാശത്രുവെന്നു പറഞ്ഞത്. ഈ മടിയാകുന്ന മഹാശത്രു വന്നുകൂടി ഉഭയഭ്രഷ്ടനാക്കി കെടുക്കാതെ ഇരിപ്പാൻ വേണ്ടി മഹാരാജകുമാരനായ ശ്രീരാമനോടുംകൂടി വസിഷ്ഠഭഗവാൻ പറഞ്ഞതു കേൾക്കുക.

ധനമാൎജ്ജയകാകൽസ്ഥ ധനമൂലമിദംജഗൽ
അന്തരംനാഭിജാനാമി നിൎദ്ധനസ്യമൃതസ്യച.

അൎത്ഥം:—(ഹേ രാമ! ധനത്തെ സമ്പാദിക്കു. ധനമാണ് ജഗത്തിന്നു മൂലം. ദരിദ്രന്നും ശവത്തിന്നും തമ്മിൽ യാതൊരു വ്യത്യാസവും ഞാൻ കാണുന്നില്ല. ശവത്തിനെക്കൊണ്ട് ഒന്നും സാധിക്കാൻ കഴികയില്ല. ആപ്രകാരം ദരിദ്രനെക്കൊണ്ടും ഒന്നിന്നും കഴികയില്ല). എന്നാൽ ദരിദ്രൻ ഇതു നിസ്സാരനാകുന്നു എങ്കിലും പ്രയത്നം ചെയ്താൽ അവനുംകൂടി അത്യുന്നതനിലയിൽ എത്താം. ചില ദരിദ്രന്മാർ പ്രയത്നം ചെയ്തു സമ്പാദിച്ചു മഹാ ധനികന്മാരായി തന്നെയും മററു ചിലരേയും രക്ഷിക്കുന്നു. ഈശപരവിചാരം ചെയ്ത് ഇഹപരസൌഖ്യങ്ങൾക്കു പാത്രമായി ആനന്ദിക്കയും ചെയ്യുന്നു. അപ്പോൾ ദരിദ്രനുംകൂടി പുരുഷപ്രയത്നംകൊണ്ടുമാത്രം ഉന്നതപദവിയിലെത്തി സുഖിക്കാമെന്നതും നമുക്ക് അനുഭവമായി. പ്രമാണവും അങ്ങിനെതന്നെ ഘോഷിക്കുന്നു.

ദൈന്യദാരിദ്ര്യദുഃഖാൎത്താഃ അപ്യന്യെപുരുഷോത്തമാഃ
പൌരുഷേണൈവയത്നേന യാതാദേവേന്ദ്രതുല്യതാം.

അൎത്ഥം:—വലച്ചിൽകൊണ്ടും ദാരിദ്ര്യംകൊണ്ടും ഉള്ള ദുഃഖത്താൽ പീഡിക്കപ്പെട്ടവരും ആ സ്ഥിതിയിൽ പെടാത്ത പുരുഷശ്രേഷ്ഠന്മാരും പുരുഷപ്രയത്നംകൊണ്ടു മാത്രം ദേവേന്ദ്രപദവിയിൽ എത്തിയിരിക്കുന്നു. ഇതും വസിഷ്ഠഭഗവാൻ ശ്രീരാമന്ന് ഉപദേശിച്ചതുതന്നെ. അപ്പോൾ സൎവ്വമതസ്ഥന്മാ

ക്ഷം പുരുഷപ്രയത്നം അത്യാവശ്യം എന്നു സിദ്ധിച്ചു. ജ്ഞാനിക്കും യോഗിക്കും സ്വദേഹഭരണത്തിന്നുള്ള സ്വത്തില്ലെങ്കിൽ എങ്ങിനെ ജ്ഞാനയോഗങ്ങളെ സാധിക്കും? സാധിക്കയില്ല. അതിനാൽ അവൎക്കും ദേഹഭരണത്തിന്നു മാത്രമുള്ള കൎമ്മം ആവശ്യമായിരിക്കുന്നു. കൎമ്മകാണ്ഡരതന്മാൎക്കൊ സ്വത്തു ധാരാളം വേണം. യാഗാദി കൎമ്മങ്ങളെ ചെയ്യേണമെങ്കിൽ പണം അധികം വേണം. അതിനാൽ അവർ അധികം പ്രവൃത്തികൾ എടുക്കേണം. ഇങ്ങിനെ നോക്കുമ്പോൾ അവസ്ഥാനുസരണം കാലോചിതമായ കൎമ്മത്തെ യഥാശക്തി എവനും ചെയ്യേണമെന്നു സിദ്ധിച്ചു. അതു ചെയ്യാഞ്ഞിട്ടില്ലെങ്കിൽ ക്രമേണ ക്ഷയിക്കും എന്നതിന്നു സംശയമില്ല. അതുകൊണ്ടുതന്നെയാണ് കൃഷ്ണനും ഗീതയിൽ ഇങ്ങിനെ പറഞ്ഞിട്ടുള്ളതും.

ഉൽസീദേയുരിമെലോകാ നകുൎയ്യാംകൎമ്മചേദഹം ൧
നമേപാൎത്ഥാസ്തികൎത്തവ്യം ത്രിഷുലോകേഷുകിഞ്ചന
നാനവാപ്തമവാപ്തവ്യം വൎത്തഏവ ചകൎമ്മണി. ൨
യദ ദാചരിതശ്രേഷ്ഠ സ്തത്തദേവേതരൊജനഃ. ൩

അൎത്ഥം:– ൧. ഞാൻ കൎമ്മം ചെയ്യുന്നില്ലെങ്കിൽ ഈ ലോകങ്ങൾ നശിച്ചുപോകും. ൨. ഹേ അൎജ്ജുന! എനിക്കു ചെയ്യേണ്ടതായിട്ടു മൂന്നു ലോകങ്ങളിലും ഒന്നും ഇല്ല. എന്തുകൊണ്ടെന്നാൽ മൂന്നു ലോകങ്ങളിലും എനിക്കു സാധിക്കാത്തത് ഒന്നുമില്ല. സാധിക്കേണ്ടതായിട്ടും ഒന്നുമില്ല. എന്നാലും ഞാൻ കൎമ്മം ചെയ്തുകൊണ്ടു ഇരിക്കുന്നു. ൩. ശ്രേഷ്ഠനായവൻ ഏതേതു കൎമ്മത്തെ ചെയ്യുന്നുവൊ മററുള്ളവരും അതാതിനെത്തന്നെ അനുസരിച്ചു ചെയ്യുന്നു. ഇതു വാസ്തവംതന്നെ. യോഗ്യനായിരിക്കുന്നവൻ മടിയനായിരിക്കയൊ നിന്ദ്യകൎമ്മം ചെയ്കയൊ ചെയ്താൽ മററുള്ളവരും അതു കണ്ടുപഠിച്ച് അങ്ങിനെ ആചരിച്ചു ക്രമേണ നശിക്കയും ചെയ്യും. യോഗ്യനായിരിക്കുന്നവൻ കാലോചിതകൎമ്മങ്ങളെ ചെയ്താൽ മററുള്ളവരും ഇദ്ദേഹം ഇത്ര യോഗ്യനായിരുന്നിട്ടും സമ്പന്ന പരിപൂൎണ്ണനായിരുന്നിട്ടും ഇദ്ദേഹം ജ്ഞാനിയായിരുന്നിട്ടും ഇദ്ദേഹം യോഗിയായിരുന്നിട്ടും ഒരു ഭാരമില്ലാതെ ആശാരഹിതനായിരുന്നിട്ടുംകൂടി സ്വദേഹഭരണത്തിന്നും പരോപകാരത്തിന്നും മററും ഉചിതക

മ്മങ്ങളെ ചെയ്യുന്നു. അപ്പോൾ കുടുംബഭരണാദി മഹാഭാരമുള്ള നോം കമ്മം വിട്ടാൽ എങ്ങിനെ നിവ്വഹിക്കും. അതുകൊണ്ടു വിഹിതകമ്മം നിശ്ചയമായിട്ടും ചെയ്യേണമെന്നു കരുതി സവ്വരും കമ്മങ്ങളെ ചെയ്യും. ലോകംമുഴുവനും നല്ലസ്ഥിതിയിൽ എത്തുകയും ചെയ്യും. അങ്ങിനെ പുരുഷപ്രയത്നത്താൽ ലോകത്തെ നന്നാക്കുവാൻ വേണ്ടിത്തന്നെയാണ് മേൽ പ്രകാരം പറഞ്ഞത്. 'കമ്മണൈവഹിസംസിദ്ധിമാസ്ഥിതാ ജനകാദയഃ' (ജനകാദികളും കമ്മംകൊണ്ടുതന്നെ സിദ്ധിയെ പ്രാപിച്ചുത്) എന്നു പറഞ്ഞതും അതിന്നുവേണ്ടിത്തന്നെ, രാജാവു സ്വകമ്മതല്പരനായാൽ പിന്നെ പറയേണ്ടതുണ്ടോ? 'യഥാരാജാ തഥാപ്രജാ' (രാജാവ് എപ്രകാരമൊ പ്രജകളും അപ്രകാരം) നോക്കുക.. ഇംഗ്ലീഷു രാജ്യഭരണംകൊണ്ട് ഇപ്പോൾ ഇന്ത്യ എത്ര പരിഷ്കാരത്തെ പ്രാപിച്ചിരിക്കുന്നു. എത്ര വിദ്വാന്മാർ ഇന്ത്യയിൽ നിറഞ്ഞിരിക്കുന്നു. അനേകവിധവ്യാപാരങ്ങളിലും രാജ്യഭരണാദി കായ്യങ്ങളിലും എത്രപേർ നിപുണന്മാരായിത്തീന്നിരിക്കുന്നു. അവനവൻെറ തൊഴിലുകളിൽ സദാ ജാഗരൂകന്മാരായി എത്രപേർ സമ്പന്നന്മാരായിരിക്കുന്നു. എന്തെല്ലാം വിസ്മയവസ്തുക്കളും യന്ത്രവിശേഷങ്ങളും ഇന്ത്യയിൽ നിറഞ്ഞിരിക്കുന്നു. അതെല്ലാം പറവാൻ അസാദ്ധ്യം. കുട്ടികൾകൂടി കളിവിട്ടു വിദ്യാഭ്യാസ കമ്മത്തിലും കായ്യത്തിലും സദാ യമാനന്മാരായിരിക്കുന്നു. രാജാവിൻെറ സമദൃഷ്ടിയോടുകൂടിയുള്ള ഭരണവിശേഷവും പൌരുഷവും തന്നെ ഇങ്ങിനെ വരുവാൻ കാരണം. പൌരുഷത്തെ (പുരുഷപ്രയത്നത്തെ) പ്രധാനമാക്കിവെച്ചുകൊണ്ടു സദാ ഉദ്യമൈകരതന്മാരായിരിക്കുന്നതുകൊണ്ടുതന്നെ ഇംഗ്ലീഷുകാർ എത്രയൊ ദൂരെ ദ്വീപാന്തരത്തിലിരുന്നാലും ഈ ഇന്ത്യാചക്രവത്തിത്വത്തിന്നും പാത്രമായിത്തീന്നത്. കമ്മം എന്നു പറയപ്പെടുന്നതു യാഗം ഹോമം, തപസ്സ്, തീത്ഥാടനം, വിഗ്രഹാരാധന മുതലായതാകുന്നു എന്നു കരുതി അനേകകാലമായി അസംഖ്യം ദ്രവ്യം ചിലവുചെയ്തു ക്ഷേത്രംകെട്ടി പൂജിച്ചും പട്ടിണി മുതലായ കഠിനനിയമകമ്മങ്ങൾ സകലവും ചെയ്തുംകൊണ്ടു കിടക്കുന്ന നമ്മുടെ കൂട്ടക്കാൎക്ക് എന്താ ഇന്ത്യാചക്രവത്തിത്വം ദൈവം കൊടു

ക്കാത്തത്? ചക്രവത്തിത്വം മുതലായി ഇഹലോകത്തിലുള്ള ഉന്നതപദവിയെയും സവ്വാഭീഷ്ടത്തെയും ഇന്ദ്രത്വം മുതലായ പരലോകാധിപത്യത്തെയും മുക്തിയെയും കൊടുക്കുന്നതാണ് യാഗാദികമ്മം എന്നു വേദാദികളിൽ കണ്ടിട്ടാണ് അവയെ ചെയ്യുന്നത്. സുരഥാദികൾക്കു രാജ്യാധിപത്യം മുതലായത് ആരാധനകൊണ്ടു സിദ്ധിച്ചു എന്നും പുരാണങ്ങളിൽ കാണുന്നുണ്ട്. അവയെല്ലാം വിശ്വസിച്ചിട്ടാണ് നമ്മുടെ കൂട്ടർ ആ കമ്മങ്ങളെല്ലാം അനുഷ്ഠിക്കുന്നത്. ചക്രവത്തിത്വം മുതലായ വലിയ പദവിയെ കൊടുക്കാത്തത് ഇരിക്കട്ടെ. അവരുടെ ദേഹഭരണത്തിനും യാഗാദി കമ്മങ്ങൾക്കും ഉള്ള ദ്രവ്യമെങ്കിലും ദേവന്മാൎക്കു കൊടുക്കരുതൊ? കൊടുത്താൽ യാഗം ചെയ്യാനും ക്ഷേത്രം കെട്ടാനും മററും യാചിച്ചു ദ്രവ്യം സമ്പാദിപ്പാൻ നടക്കേണ്ടിവരുമൊ? വേദപാരായണവും യാഗാദി കമ്മങ്ങളും ചിലർ ദൂരെ എറിഞ്ഞ് ഇംഗ്ലീഷുപഠിച്ചു പാസ്സായി വക്കീൽ, മുൻസീഫ്, സബ്ജഡ്ജി മുതലായ ഉദ്യോഗം ഭരിച്ച് ഇഷ്ടഭോഗങ്ങളെ അനുഭവിപ്പാൻ ശ്രമിക്കേണ്ടിവരുമൊ? ഗീതയിൽതന്നെ പറഞ്ഞിരിക്കുന്നു. 'ഇഷ്ടാൻഭോഗാൻഹിവോദേവാ ദാസ്യന്തെയജ്ഞഭാവിതാഃ' അൎത്ഥം: (യാഗാദികളെക്കൊണ്ടു സൽക്കരിക്കപ്പെട്ട ദേവന്മാർ നിങ്ങൾക്ക് ഇഷ്ടഭോഗങ്ങളെ തരുന്നതാകുന്നു). അങ്ങിനെ ഇഷ്ടഭോഗങ്ങളെ തരും എന്ന വിശ്വാസം കൃഷ്ണന്ന് ഉണ്ടെങ്കിൽ അൎജ്ജുനനോടു യുദ്ധംചെയ്തു രാജ്യത്തെ കൈവശപ്പെടുത്തുവാൻ ഉപദേശിക്കണമൊ? യാഗാദികമ്മങ്ങളെ ചെയ്യിപ്പിച്ചു ദേവന്മാരെ പ്രീതിപ്പെടുത്തി ഇഷ്ടഭോഗങ്ങളെയും രാജ്യാധിപത്യത്തെയും അൎജ്ജുനന്നു കൊടുപ്പിച്ചുകൂടെ? അതല്ലെ നല്ല വഴി! അമൃതം ഭക്ഷിച്ചു തൃപ്തിപ്പെടുവാൻ സംഗതിയുള്ളപ്പോൾ ഭയങ്കരമായ ജീവനോപായത്തിൽ അൎജ്ജുനനെ ഏൎപ്പെടുത്തേണമൊ? യുദ്ധത്തിൽ ഒരു സമയം അൎജ്ജുനൻ മരിച്ചുപോയാൽ സഹോദരിയായ സുഭദ്രയുടെ വൈധവ്യദുഃഖംകൂടി കണ്ടു കൃഷ്ണൻ ക്ലേശിക്കേണ്ടിവരുമെല്ലൊ. അൎജ്ജുനന്നു യുദ്ധത്തിന്നു തീരെ മനസ്സും ഇല്ല. കൃഷ്ണൻ വിചാരിച്ചാൽ ആരുടെയും സഹായംകൂടാതെ പാണ്ഡവന്മാരെ ഭരിപ്പാനും കഴിയും ദുൎയ്യോധനാദികളുടെ നേരെ

യുള്ള വൈരത്താൽ അവരെ നശിപ്പിക്കണമെന്ന സിദ്ധാന്തം കൊണ്ടാണ് ചിന്തിക്കാതെ കൃഷ്ണൻ ഘോരമായ യുദ്ധത്തിൽ പിടിച്ചിറക്കിയത് എന്നു വിചാരിപ്പാനും നിവൃത്തിയില്ല. ശത്രു നിഗ്രഹത്തിന്നുള്ള ചില ക്രിയകളാൽ ഒരു കൃത്തികയെ പുറപ്പെടുവിച്ചു ദുര്യോധനാദികളെ ദഹിപ്പിക്കാം. അങ്ങിനെ പണ്ടു ചിലർ ചെയ്തിട്ടുണ്ടെന്നു പുരാണാദികളിൽ കാണുന്നു. ആ ക്രിയ ചെയ്യുവാൻ നിപുണന്മാരും വേദാധികാരികളും ആയ ക്രൂരരും കൃഷ്ണന്നു സ്വാധീനത്തിൽ ഉണ്ട്. യാഗാദികർമ്മങ്ങൾകൊണ്ടു പ്രീതിപ്പെട്ട് ഇഷ്ടഭോഗങ്ങളെ കൊടുക്കുന്ന ദേവന്മാരുടെ അധിപനായ ഇന്ദ്രനാണ് അർജ്ജുനന്റെ പിതാവും. ഏതു വിധം ആലോചിച്ചാലും യുദ്ധംകൂടാതെ സുഖമായി കഴിവാൻ പാണ്ഡവന്മാർക്കു വഴിയുണ്ട്. ആ സ്ഥിതിക്കു നീ യുദ്ധം ചെയ്യേണം, കർമ്മം വിട്ടുകൂടാ, കർമ്മം വിട്ടാൽ നിന്റെ ദേഹത്തെ സംരക്ഷിപ്പാൻകൂടി നിണക്കു കഴികയില്ല. ഞാൻ സർവ്വംകൊണ്ടും തൃപ്തനാകുന്നു എങ്കിലും ഞാനും കർമ്മം ചെയ്യുന്നു. കർമ്മം വിട്ടാൽ ലോകം നശിക്കും എന്നു പിന്നെയും പിന്നെയും നിർബ്ബന്ധിച്ചു കൃഷ്ണനാൽ ഉപദേശിക്കപ്പെട്ട കർമ്മം യാഗാദികർമ്മമല്ല; വിഹിതമായ പുരുഷപ്രയത്നമാകുന്നു. വിഹിതമായ പുരുഷപ്രയത്നംകൊണ്ടു ഉച്ചസ്ഥിതിയിൽ എത്തും എന്നതു മുമ്പ് ഇംഗ്ലീഷുകാരേയും മററും ഉദാഹരിച്ചു ഞാൻ തെളിയിച്ചു പോയിരിക്കുന്നു. ഉചിതമായ ആ കർമ്മം ഇല്ലെങ്കിൽ കെട്ടുപോകുമെന്നതിനേയും തെളിയിച്ചിട്ടുണ്ട്. തൽക്കാലം അർജ്ജുനന്നു വിഹിതമായ കർമ്മം യുദ്ധംതന്നെ. അല്ലാതെ രാജ്യം എങ്ങിനെ കരസ്ഥമാക്കും. എങ്ങിനെ ഉന്നതപദവിയിൽ എത്തും? യാഗാദികർമ്മങ്ങളെക്കൊണ്ടു ഇഷ്ടഭോഗങ്ങളെ ദേവന്മാർ നൽകും എന്നോ ശത്രുനിഗ്രഹം വരും എന്നോ യാഗാദികർമ്മങ്ങളെ വിധിക്കുന്ന പ്രമാണങ്ങൾ പരമാർത്ഥങ്ങൾ എന്നോ കൃഷ്ണന്നു ലേശം വിശ്വാസമില്ലാ എന്നതു യുദ്ധം ചെയ്യാൻ ഉപദേശിച്ചതുകൊണ്ടും 'അജ്ഞാനാം കർമ്മസംഗിനാം' എന്നു കർമ്മവാദികളെ മൂഢന്മാരായി പറഞ്ഞതുകൊണ്ടും തീർച്ചപ്പെട്ടു. അങ്ങിനെയല്ലെ ശ്ലോകങ്ങൾക്കു വാസിഷ്ഠ വാക്യം.

ഹാ *

കാലംയജ്ഞതപോദാനതീർത്ഥദേവാർച്ചനഭ്രമൈഃ
ചിരമാധിശതോപേതാഃ ക്ഷേപയന്തി മൃഗാഇവ.

അർത്ഥം:– യാഗം, തപസ്സ്, ദാനം, തീർത്ഥം, ദേവപൂജ എന്നിവയിൽ ഭ്രമിച്ച് അനവധി ദുഃഖത്തോടുകൂടി ജനങ്ങൾ വളരെക്കാലം മൃഗങ്ങളെപ്പോലെ കഴിച്ചുകൂട്ടുന്നു. കേൾക്കുക വിഷ്ണുഭഗവാൻ പറഞ്ഞത്.

സ്വസ്വവർണ്ണാശ്രമാചാരനിരതാഃസർവ്വമാനവാഃ
നജാനന്തിപരംധർമ്മം വൃഥാനശ്യന്തിഡാംഭികാഃ.

അർത്ഥം:– (അവനവന്റെ ജാത്യാചാരങ്ങളിലും ആശ്രമാചാരങ്ങളിലും ആസക്തന്മാരായിരിക്കുന്ന മനുഷ്യരാരും ശ്രേഷ്ഠധർമ്മത്തെ അറിയുന്നില്ല. അഭിമാനികളായി വൃഥാ നശിച്ചുപോകുന്നു). ഹേ ശിഷ്യ! യാഗാദികർമ്മങ്ങൾ ദേവപ്രീതികരങ്ങളൊ ചിത്തശുദ്ധികരങ്ങളൊ ഇഹലോകസുഖസമ്പൽകാരണങ്ങളൊ ആകുന്നു എങ്കിൽ വസിഷ്ഠഭഗവാൻ യാഗാദികർമ്മങ്ങൾ ചെയ്യുന്നവരെ മൃഗപ്രായന്മാരായി നിന്ദിപ്പാനും വിഷ്ണുഭഗവാൻ ജാതിഭേദങ്ങളിലും അതാത് ആചാരങ്ങളിലും ശ്രദ്ധയോടുകൂടിയവരെ ശ്രേഷ്ഠധർമ്മത്തെ അറിയാതെ അഹങ്കാരികളായി വൃഥാ നശിച്ചുപോകുന്നു എന്നു നിന്ദിപ്പാനും ലേശം സംഗതിയുണ്ടൊ? ഇല്ല. ഞാൻ ഉൽകൃഷ്ടൻ, ജാതിശ്രേഷ്ഠൻ, ശുദ്ധൻ, നീ നികൃഷ്ടൻ, ജാതിഹീനൻ, അസ്പൃശ്യൻ! ദൂരെ പോ! വേദാദികൾക്കു നീ അധികാരിയല്ല. ഇങ്ങിനെ ആഭിജാത്യം നടിച്ചു പരസ്പരം കലഹിച്ചു നശിപ്പാനും ഉചിതമായ പുരുഷകർമ്മംവിട്ടു കെട്ടുപോകുവാനും മുഖ്യകാരണമായിരിക്കുന്നതിനാൽ ജാതിഭേദയാഗാദിസക്തന്മാരെ വിഷ്ണുഭഗവാനും മററും ദൂഷിച്ചതാകുന്നു. ജാതിഭേദംകൊണ്ടും യാഗാദികർമ്മങ്ങൾകൊണ്ടും ഉള്ള ദോഷങ്ങളും നാശങ്ങളും പ്രമാണങ്ങൾകൊണ്ടും യുക്തികൾകൊണ്ടും ദൃഷ്ടാന്തങ്ങൾകൊണ്ടും ഇനിയും വിസ്തരിച്ചു ജാതിഭേദഖണ്ഡനത്തിലും കർമ്മകാണ്ഡഖണ്ഡനത്തിലും ഞാൻ തെളിയിച്ചുതരാം. യാഗാദികർമ്മങ്ങൾകൊണ്ടു ദേഹത്തെ സംരക്ഷിപ്പാൻകൂടി ശക്തനാകയില്ലെന്നു മുമ്പു തെളിയിച്ചുപോയിരിക്കുന്നു. അതുകൊണ്ടു ഗീതയിൽ കർമ്മം ചെയ്യിട്ടില്ലെ

ങ്കിൽ നിൻെറ ദേഹം രക്ഷിപ്പാൻകൂടി കഴികയില്ലാ എന്നു കൃഷ്ണനാൽ ഉപദേശിക്കപ്പെട്ട കൎമ്മം യാഗാദികൎമ്മമല്ലെന്നും യഥോചിതമായ പുരുഷപ്രയത്നമാണെന്നും സിദ്ധമായി.

ശിഷ്യൻ:— വിഹിതമായ പുരുഷപ്രയത്നം ചെയ്യാൻ ഉപദേശിക്കേണമൊ? അവനവൻെറ ഉന്നതിക്ക് അവനവൻ താനേതന്നെ യത്നിക്കുമെല്ലൊ? വിശക്കുമ്പോൾ മിണ്ടാതെ ഇരിക്കുമൊ?

ഗുരു:—അവനവൻെറ ഉന്നതിക്കുള്ള കൎമ്മം ഇന്നതാണ് ചെയ്യേണ്ടത് എന്നും അത് ഇന്നവിധമാണ് ചെയ്യേണ്ടത് എന്നും അറിയാതെ എന്തെല്ലാമൊ ചെയ്യുന്നു. ഈശ്വരവിചാരത്തോടുകൂടി ശരിയായ പുരുഷപ്രയത്നം ലോകത്തിൽ കാണുന്നില്ല. അതുകൊണ്ട് ഉപദേശിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഒരു കുഡുംബത്തിലുള്ളവർ എല്ലാവരും യഥാശക്തി പ്രവൃത്തി എടുക്കയും സമഭാവനയോടുകൂടി ഇരിക്കയും ചെയ്താൽ സുഖമായി കഴിയാം. ചിലർ പ്രവൃത്തി എടുക്കയും ചിലർ മടിയന്മാരായിട്ടിരിക്കയും സമഭാവനയില്ലാതെ വരികയും ചെയ്താൽ കലഹവും ഉപദ്രവവും നാശവും ഉണ്ടാകും. സുഖവും ഉണ്ടാകയില്ല. അപ്പോലെ ലോകമാകുന്ന മഹാ കുഡുംബത്തിലുള്ളവർ എല്ലാവരും അവസ്ഥാനുസരണം ഓരൊ തൊഴിൽ ചെയ്കയും സമഭാവനയോടുകൂടി ഇരിക്കയും ചെയ്താൽ സമൃദ്ധിയോടുകൂടി സുഖിക്കാം. ചിലർ പ്രയത്നംചെയ്കയും ചിലർ മടിയന്മാരായിരിക്കയും ചിലർ വിഹിതമല്ലാത്ത കൎമ്മം ചെയ്കയും സമഭാവനയില്ലാതെ വരികയും ചെയ്താൽ ദാരിദ്ര്യവും കലഹവും ഉപദ്രവവും നാശവും വൎദ്ധിക്കും. ഇഹപരസൌഖ്യങ്ങളിൽനിന്നു ലോകം പതിക്കയും ചെയ്യും. ഇങ്ങിനെ പതിക്കേണ്ട നിലയിലാണ് പ്രായേണ കാണുന്നത്. നോക്കുക. ചിലർ മടിയന്മാരായി പ്രവൃത്തിയെടുക്കാതെ കെട്ടുപോകുന്നു. ഗോസായികൾ ആണ്ടികൾ പരദേശികൾ വൈരാഗികൾ എന്ന കൂട്ടക്കാർ അസംഖ്യം പേർ ഭിക്ഷാടനം അവരുടെ കുലധൎമ്മം എന്നുവെച്ചു സ്ത്രീകളും പുരുഷന്മാരും ബാല്യംമുതൽ മരണപൎയ്യന്തം ഭിക്ഷയെടുത്തു കഴിക്കുന്നു. ഇവരുടെ ഉപദ്രവം കൊണ്ടു ചില സാധുക്കൾക്ക് ഉണ്മാൻകൂടി സൈ്വരമില്ല.

ചിലർ ആട മാട മുതലായ പ്രാണികളെ വധിച്ചു മാംസം വിററ് ഉപജീവനം കഴിക്കുന്നു. ചിലർ കള്ളസ്സാക്ഷി, ചതി, കളവു, കുല മുതലായ നീചകർമ്മം ചെയ്തു തങ്ങൾക്കും അന്യന്മാൎക്കും ഉപദ്രവം ഉണ്ടാക്കുന്നു. ചില ധനികന്മാരും, ചില പണ്ഡിതന്മാരും, ചില പ്രഭുക്കന്മാരും, അനീതിയായി നടക്കുന്നവരെ ദണ്ഡിച്ചു നേരെ നടത്തുന്ന ചില ദണ്ഡധാരികളുംകൂടി അവനവൻെറ ഉന്നതിക്കുവേണ്ടി സമഭാവന വിട്ടു കർമ്മങ്ങളെ ച്ചെയ്തു ലോകോപദ്രവത്തെ ഉണ്ടാക്കുന്നു. ആചാര്യന്മാരെന്നു പേർ വെച്ചുകൊണ്ടു ജനങ്ങളെ പറഞ്ഞു ഭ്രമിപ്പിച്ചു ക്ഷേത്രങ്ങൾ കെട്ടിച്ചു ബിംബപ്രതിഷ്ഠചെയ്തു ചിലർ അനവധി പണം സമ്പാദിക്കുന്നു. ജനങ്ങളുടെ ജ്ഞാനധനത്തെയും ധനത്തെയും നശിപ്പിക്കയും ചെയ്യുന്നു.

ഭിക്ഷാവസ്തുഭിരേവ സമ്പ്രതിവയം വൃത്തിംസമീഹാമഹെ.

അൎത്ഥം:— (ഭിക്ഷയെടുത്തു കിട്ടുന്ന വസ്തുക്കൾകൊണ്ടുതന്നെ നാം ഇപ്പോൾ ഉപജീവനം കഴിപ്പാൻ വിചാരിക്കുന്നു. എന്നു ഭൎത്തൃഹരി). ഇങ്ങിനെയുള്ള പ്രമാണത്തെ അനുസരിച്ചു സഞ്ചരിക്കുന്ന ജ്ഞാനികളായും യോഗികളായും സന്യാസികളായും ഇരിക്കുന്നവരെക്കണ്ട് അനേകം പേർ കപടസന്യാസികളായി ദേഹം ഭരിപ്പാൻ നടക്കുന്നു. മററു ചിലരെയും കെടുക്കുന്നു. വല്ല കാരണത്താലും വീട്ടിൽനിന്നു പിണങ്ങിപ്പോയവരും മടിയന്മാരും ചില ദരിദ്രന്മാരും ഏതുയൊ ചെറുപ്പക്കാരും ആയ ക്രൂരർ അങ്ങിനെ കപടസന്യാസിവേഷത്താൽ കാലം കഴിച്ചുകൂട്ടുന്നു. ഇതും ജനോപദ്രവംതന്നെ. അതാണ് ജ്ഞാനിയായാലും ആരായാലും കർമ്മം ചെയ്യേണമെന്നു കൃഷ്ണൻ വിധിച്ചത്.

സ്വസ്ഥാസ്തിഷ്ഠതദൈവമേവഹിപരം വൃദ്ധൌതക്ഷയെകാരണം.

അൎത്ഥം:— (സ്വസ്ഥന്മാരായിരിപ്പിൻ. എന്തുകൊണ്ടെന്നാൽ ദൈവംതന്നെ മനുഷ്യൎക്കു വൃദ്ധിക്കും ക്ഷയത്തിന്നും കാരണം) എന്നു ഭൎത്തൃഹരി.

ദൈവമേവപരംമന്യെ ധിക്പൌരുഷമനൎത്ഥകം.

അൎത്ഥം:— (ദൈവംതന്നെ പ്രധാനം. പുരുഷപ്രയത്നം നിന്ദ്യം, അനൎത്ഥം എന്നു ദേവീഭാഗവതം). ഈ വക പ്രമാണംകണ്ടിട്ടു പ്രയത്നശാലികളും പഠിപ്പുള്ളവരുംകൂടി ദൈവം

വരുത്തുമ്പോഴയെ വെറും പുരുഷപ്രയത്നംകൊണ്ട് ഒന്നും ഫലമില്ല എന്നു വിചാരിച്ചു നിരുത്സാഹന്മാരായി കെട്ടുപോകുന്നു. മറവുള്ളവരുടെ കാര്യം പിന്നെ പറയേണ്ടതുണ്ടോ? ഇങ്ങിനേയും ലോകം പൌരുഷം വിട്ടു ക്ഷയിക്കുന്നു.

അങ്കോലവൃക്ഷമാരൂഢോ ജപേദേകാഗ്രമാനസഃ

രാജാധിരാജോഭവതി നാന്യഥാശങ്കരോദിതം.

അത്ഥം:— (അങ്കോലവൃക്ഷത്തിൽ കയറി ഏകാഗ്രമാനസനായിട്ടു ജപിച്ചാൽ രാജാധിരാജനായിട്ടു ഭവിക്കും. എന്നാൽ എല്ലാ രാജാക്കന്മാക്കും അധിപനായ ചക്രവത്തിയായിത്തീരും). ഇതു ശിവൻ പറഞ്ഞതാകുന്നു. ഇതു വ്യത്ഥമാകയില്ല.

ഔദുംബരസമാരൂഢോ ജപേദേകാഗ്രമാനസഃ

ഭവേൽപുസ്തകസംസിദ്ധിഃ സവ്വവിദ്യാശ്ചതുർദ്ദശ.

അത്ഥം:— (അത്തിവൃക്ഷത്തിൽകേറി ഏകാഗ്രമാനസനായി ജപിക്കേണം, എന്നാൽ പുസ്തകസംസിദ്ധി ഭവിക്കും. നാലു വേദങ്ങൾ, ആറു വേദാംഗങ്ങൾ, മീമാംസാ, ന്യായശാസ്ത്രം, പുരാണം, ധമ്മശാസ്ത്രം എന്ന പതിന്നാലു വിദ്യകളും സിദ്ധിയാകും. എന്നാൽ വിദ്യ പഠിക്കാതെതന്നെ മേല്പറഞ്ഞ പതിന്നാലു വിദ്യകളും മുഖസ്ഥമാകും). ഈ സിദ്ധിക്കുള്ള മന്ത്രം ഓം ഹ്രീം ശാരദായൈ നമഃ. ഈ പ്രയോഗങ്ങൾ ദത്താത്രേയതന്ത്രത്തിലുള്ളതാകുന്നു. ഇങ്ങിനെയുള്ള മന്ത്രങ്ങൾ അനേകം സ്ത്രീവശീകരണമൊ രാജവശീകരണമൊ സമ്പൽപുഷ്ടിയൊ സന്താനലാഭമൊ രാജ്യാധിപത്യമൊ ശത്രുനിഗ്രഹമൊ രോഗശാന്തിയൊ എന്തെല്ലാമാണ് ഒരു മനുഷ്യന് ആഗ്രഹമെങ്കിൽ അതെല്ലാം മന്ത്രജപം, യാഗം, തപസ്സ്, തീത്ഥാടനം, ബിംബാരാധന മുതലായ കമ്മങ്ങൾകൊണ്ടു സിദ്ധിക്കും. അങ്ങിനെ അനേകംപേക്കു സിദ്ധിച്ചിട്ടുണ്ട് എന്ന കഥകളെ കാണിച്ച് അനവധി ഗ്രന്ഥങ്ങൾ നിമ്മിച്ചിട്ടുണ്ട്. ഇവകൊണ്ടും ബ്രാഹ്മണരും രാജാക്കന്മാരും സകല ഹിന്തുക്കളും ഭ്രമിച്ചു ജപിച്ചും പട്ടിണികിടന്നും തീത്ഥയാത്ര ചെയ്തും ക്ഷേത്രങ്ങൾ കെട്ടിച്ചും മററും പല സാഹസകമ്മങ്ങൾ ചെയ്തിട്ടും ജന്മം പാഴാക്കുന്നു. ഒററപ്പൈപോലും അവക്കു ദൈവം കൊട്ടു

ത്തുകാണുന്നില്ല. രോഗശാന്തിയും ഉണ്ടാകുന്നില്ല ഈ തരത്തിലും ഉപദ്രവം അനുഭവിച്ചു ക്ഷയിക്കുന്നു. എങ്കിലും എന്തൊ നമ്മുടെ കൎമ്മത്തിൽ തെററുണ്ട് അതാണ് സിദ്ധിക്കാഞ്ഞത്. അല്ലെങ്കിൽ ഇനിയൊരുജന്മത്തിൽ സിദ്ധിക്കും എന്നും മററും സമാധാനിച്ചുകൊള്ളുന്നു. ഇങ്ങിനെ ന്യായമല്ലാത്തവഴിക്കു കൎമ്മംചെയ്തിട്ടും ഹിന്തുക്കൾ ക്ഷയിക്കുന്നു. ക്ഷയിപ്പാനാണ് അവകാശമുള്ളത്. നീതിനിധിയായ ഒരു രാജാവ് ഒരുവന്ന് ഒരു ഉദ്യോഗം കൊടുത്താൽ രാജഭക്തിയോടുകൂടി അതിനെ ശരിയായി നടത്തേണം. എന്നാൽ സുഖമായി കഴിയാം രാജാവു പ്രസാദിക്കും, ക്രമേണ കയററംകൊടുക്കുകയും ചെയ്യും. ഉദ്യോഗസ്ഥൻെറ പ്രവൃത്തിനടത്താതെ കാൎയ്യഹാനിവരുത്തി രാജദ്രോഹം ചെയ്താൽ രാജാവിൻെറ കോപത്തിന്നും ദണ്ഡനയ്ക്കും അവൻ പാത്രമായി മുൻസ്ഥിതിയിൽനിന്നു ക്ഷയിപ്പാനാണ് അവകാശമുള്ളത്. ഒരു പിതാവു പുത്രന്ന് ഒരു കൃഷിയെ കൊടുത്താൽ അവൻ പിതൃഭക്തിയോടുകൂടി പ്രയത്നംചെയ്തു പണിയിട്ടുകൊള്ളേണ്ടതാകുന്നു. എന്നാൽ സുഖമായി ഉപജീവനം കഴിച്ചുകൂട്ടാം. മടിയനായിട്ടൊ ദുൎവ്യാപാരത്തിലേൎപ്പെട്ടിട്ടൊ സ്ത്രീജിതനായിട്ടൊ വേണ്ടുന്ന പ്രയത്നംചെയ്യാതെ ഭൂമി തരിശിട്ടു പിതൃദ്രോഹം ചെയ്ത് അനാവശ്യാദികൾക്ക് ആവശ്യപ്പെട്ടാൽ ആ പുത്രൻ പിതൃകോപത്തിന്ന് അൎഹനായിത്തീരും. പ്രയത്നശാലിയായ മറെറാരു പുത്രൻെറ വക്കൽ പിതാവ് ആ കൃഷിയെ ഏല്പിക്കുകയും ചെയ്യും. അങ്ങിനെ പൂൎവ്വാവസ്ഥയിൽനിന്നു ക്ഷയിപ്പാനാണ് അവകാശമുള്ളത്. നീതിനിധിയും സൎവ്വപിതാവും ആയ ദൈവം അളവററ സാധനസമൃദ്ധിയോടുകൂടിയ ഭൂലോകത്തെ നമുക്കു തന്നു പ്രയത്നംചെയ്വാനുള്ള ശക്തിയും തന്നിരിക്കുന്നു എന്നു പറയുന്ന കൂട്ടർ അവനവൻെറ ശക്തിക്കനുരൂപമായ പ്രയത്നംചെയ്താൽ സുഖമായി ഇവിടെ കാലം കഴിക്കാം. പരലോകസുഖത്തിന്നും പാത്രമായിത്തീരാം. ഏവൻ പ്രയത്നം ചെയ്യാതെ ഇരിക്കുന്നുവൊ അവൻ ആഹാരത്തിന്നുകൂടി വകയില്ലാതെ അരിഷ്ടിക്കേണ്ടിവരും. അനേകം അന്യായങ്ങ

ളും ചെയ്യേണ്ടിവരും. അന്യൊന്യം ഉപദ്രവത്തെ കൊടുക്കുന്നവനായിത്തീരും. ദൈവം കുററത്തിന്നു തക്ക ശിക്ഷ കൊടുക്കുന്ന നീതിമാനാകുന്നു എങ്കിൽ അതിന്നും അവൻ പാത്രമാകും. അങ്ങിനെ ക്ഷയിപ്പാനാണ് അവകാശമുള്ളത്. മുൻ വിവരിക്കപ്പെട്ട പ്രമാണങ്ങളുടെ സ്വരൂപം മനസ്സിലാക്കാതെ സ്വകർമ്മം എന്നതു യാഗാദികർമ്മമാണെന്നും മററും തീർച്ചപ്പെടുത്തി യഥോചിത പുരുഷപ്രയത്നത്തെ വിട്ടു ശത്രുനിഗ്രഹവും രാജ്യാധിപത്യവും സർവ്വസമ്പൽസമൃദ്ധിയും യാഗവ്രതബിംബാരാധനാദികർമ്മങ്ങളാൽ സാധിക്കാൻ പുറപ്പെട്ട് അനവധി ദ്രവ്യം നശിപ്പിച്ച് അവയെ ചെയ്തിട്ടും ഉദാസീനന്മാരായിരുന്നിട്ടും ആകുന്നു ഹിന്തുക്കൾക്കു ക്ഷയിപ്പാൻ അവകാശമായത് എന്നും യഥോചിതമായ പുരുഷപ്രയത്നംതന്നെ ഉന്നതിക്കു മുഖ്യമെന്നു കരുതി സദാ യത്നശീലന്മാരായിരിക്കുന്നതുകൊണ്ടു തന്നെയാണ് ഇംഗ്ലീഷുകാർ ജയത്തിന്ന് അവകാശികളായത് എന്നും സിദ്ധിക്കുന്നു. നിഷ്കാമമായും ഈശ്വരാർപ്പണമായും ചെയ്യുന്ന യാഗവ്രതാദികർമ്മങ്ങൾകൊണ്ട് ഈശ്വരപ്രസാദവും അതിനാൽ ചിത്തശുദ്ധിയും ജ്ഞാനവും സിദ്ധിക്കും എന്നു വിചാരിച്ച് അവയെ ചെയ്യുന്നതും വ്യർത്ഥംതന്നെ. എന്തുകൊണ്ടെന്നാൽ അനേകകാലമായി യാഗാദികളെ ചെയ്യുന്ന കർമ്മഠന്മാരായ ആഢ്യന്മാർ ഒരേ ജാതിയായ മനുഷ്യരിൽ ചിലരെ നീചജാതിയാണെന്നു ദൂരെ അകററി ദ്വേഷിക്കുന്നു. ഈശ്വരപ്രസാദമൊ ചിത്തശുദ്ധിയൊ ജ്ഞാനമൊ സിദ്ധിച്ചിട്ടുണ്ടെങ്കിൽ അന്നും ഇന്നും സമദൃഷ്ടിവരാതെ മത്സരിക്കുമൊ? നീചജാതിയാണെന്നു മത്സരിക്കുന്നതും ഹിന്തുക്കൾക്കു മുഖ്യമായ ക്ഷയകാരണമായിരിക്കുന്നുവെല്ലൊ. ഒരു പിതാവിന്റെ പുത്രന്മാരിൽ ചിലർ പ്രബലന്മാരാകുന്നു എങ്കിൽ അവർ മററുള്ള ദുർബ്ബലശിശുക്കളെ തുച്ഛന്മാരാക്കി ദൂരെ തള്ളി ദ്വേഷിക്കുന്നു എങ്കിൽ ആ പ്രബലന്മാർക്കു പിതൃകോപത്തിന്നും ക്ഷയത്തിന്നുമാണ് അവകാശമുള്ളത്. അപ്പോലെ സർവ്വപിതാവായ ദൈവത്തിന്റെ സന്തതികളായ മനുഷ്യരിൽ ചിലർ പ്രബലന്മാരായിട്ടു മററുള്ളവരെ ഹീനജാതികളായി വിചാരിച്ചു ദൂരീകരിച്ചു മത്സരിക്കുന്നതുകൊണ്ടു ശിക്ഷാരക്ഷകൾ ചെയ്യുന്ന ഒരു ദൈ

വം ഉണ്ടെങ്കിൽ ദൈവത്തിന്റെ കോപത്തിനാൽ ക്ഷയത്തിന്നാണ് ആഢ്യന്മാക്ക് അവകാശമുള്ളത്. ദൈവം ഒന്നും ചെയ്തിട്ടില്ലെങ്കിലും ചെയ്യാത്തവനാണെങ്കിലും മത്സരം വിഷപാനംപോലെ നശിപ്പിക്കുന്നതാണെല്ലോ. അതുകൊണ്ടുതന്നെയാണ് ഗാരുഡത്തിൽ വിഷ്ണുഭഗവാൻ ജാത്യാഭിമാനികളെ ഇങ്ങിനെ നിന്ദിച്ചത്.

സ്വസ്വവൎണ്ണാശ്രമാചാര നിരതാസ്സൎവ്വമാനവാഃ
നജാനന്തിപരംധൎമ്മം വൃഥാനശ്യന്തിഡാംഭികാഃ.

അൎത്ഥം:— അവനവന്റെ ജാതിയിലും ആശ്രമത്തിലും ആചാരത്തിലും സ്നേഹിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരാരും ശ്രേഷ്ഠധൎമ്മത്തെ അറിയുന്നില്ല. അഭിമാനികളായി വൃഥാ നശിക്കുന്നു. ഹേ ശിഷ്യ! ജാത്യഭിമാനംകൊണ്ടുള്ള നാശം നമുക്ക് അനുഭവമല്ലെ? അറിവില്ലാത്ത ദോഷംതന്നെ അങ്ങിനെ നശിക്കുന്നത്. അറിവുള്ളവക്ക് ആ ഭേദദൃഷ്ടി ലേശം വരികയില്ല. അവർ തിൎയ്യക്ജന്തുക്കളേക്കൂടി നികൃഷ്ടബുദ്ധ്യാ ദ്വേഷിക്കയില്ല. ഗീതയിൽ കൃഷ്ണൻതന്നെ അതു പറഞ്ഞിരിക്കുന്നു. കേൾക്ക.

വിദ്യാവിനയസമ്പന്നെ ബ്രാഹ്മണേഗവിഹസ്തിനി
ശുനിചൈവശ്വപാകേച പണ്ഡിതാസ്സമദൎശിനഃ.

അൎത്ഥം:—(വിദ്യാവിനയങ്ങളോടുകൂടിയ ബ്രാഹ്മണനിലും പശുവിലും ആനയിലും പട്ടിനായിലും ചണ്ഡാളനിലും പണ്ഡിതന്മാർ സമദൃഷ്ടിയോടു കൂടിയവരാകുന്നു.) സൂക്ഷ്മം ഇങ്ങിനെ ഇരിക്കെ അജ്ഞാനികളുടെ കൎമ്മങ്ങളെ അനുസരിച്ചു കെട്ടുപോകരുത്. യാഗം, പിതൃയജ്ഞം, ഭൂതയജ്ഞം, തപസ്സ്, തീൎത്ഥാടനം, ക്ഷേത്രനിൎമ്മാണം, ബിംബാരാധന മുതലായ കൎമ്മകാണ്ഡാക്തകൎമ്മങ്ങൾ ദ്വിജന്മാൎക്കല്ലാതെ മററാൎക്കും ചെയ്വാൻ അൎഹതയില്ലെന്നു വിധിച്ചിരിക്കുന്നതിനാൽ സമദൃഷ്ടിയില്ലാത്ത അജ്ഞാനികളാൽ കല്പിക്കപ്പെട്ട കൎമ്മങ്ങളാണ് അവയെന്നു തീൎച്ചയായി. അതുകൊണ്ടും അവ അജ്ഞാനത്തെ വൎദ്ധിപ്പിക്കുന്നതായി കാണുന്നതുകൊണ്ടും അവയിൽ ഭ്രമിക്കുന്നവരെ അജ്ഞാനികൾ എന്ന് ഉൽകൃഷ്ടപ്രമാണങ്ങളും സമദൃഷ്ടികളായ ജ്ഞാനികളും നിന്ദിച്ചുകാണുന്നതുകൊണ്ടും അവയെ അനേക

കാലമായി നടത്തിവരുന്ന കൂട്ടക്കാൎക്ക് ഈശ്വരപ്രസാദവും അതിനാൽ ചിത്തശുദ്ധിയും ജ്ഞാനവും വന്നുകാണാത്തതുകൊണ്ടും ഞാൻ ഉൽകൃഷ്ടൻ നീ നികൃഷ്ടൻ എന്ന ഭേദബുദ്ധി വൎദ്ധിച്ചു കലഹിച്ചു നശിപ്പിക്കുന്ന സ്വഭാവം അവൎക്കു വൎദ്ധിച്ചു വൎദ്ധിച്ചു വന്നുകാണുന്നതുകൊണ്ടും യഥാവസരം ആഹാരംചെയ്യാതെ ചില രോഗങ്ങൾക്കു കാരണമായി ഇഹപരസുഖസാധനമായ ദേഹത്തിന്നുകൂടി അവ അസ്വാസ്ഥ്യത്തെ ഉണ്ടാക്കുന്നതുകൊണ്ടും അവയാൽ ദേഹഭരണത്തിന്നുള്ള സ്വത്തുകൂടി ദേവന്മാർ പ്രസാദിച്ചു കൊടുക്കായ്കയാൽ ക്രമേണ ചില കൎമ്മികൾ സ്വകുടുംബഭരണാൎത്ഥം യാചനാദി തുച്ഛകൎമ്മങ്ങളിൽ ഏൎപ്പെട്ടു തനിക്കും അന്യന്നും ഉപദ്രവത്തിന്നു സംഗതിവരുത്തി ദുഃഖത്തിൽ പെട്ടു കാണുന്നതുകൊണ്ടും യാഗാദികളാൽ അഭീഷ്ടം ഒന്നും സിദ്ധിക്കാതെ അവയെ വിട്ടു ദ്വിജന്മാർ കൃഷി, കച്ചവടം, ഇംഗ്ലീഷുപഠിപ്പു മുതലായ കൎമ്മങ്ങളിൽ എല്ലായ്പോഴും ശ്രദ്ധാലുക്കളായി കാണുന്നതുകൊണ്ടും അവ പണക്കാൎക്കു മാത്രമല്ലാതെ ദരിദ്രന്മാൎക്കു ചെയ്യാൻ കഴിയായ്കയാലും സൎവ്വസാധാരണ ധൎമ്മമായിരിക്കാത്തതുകൊണ്ടും ചാതുൎവ്വൎണ്ണ്യപ്രകല്പനവും തത്തൽ ധൎമ്മകൎമ്മങ്ങളും പരസ്പരം കലഹകാരണങ്ങളായും ദുഷ്കരങ്ങളായും ഇരിക്കുന്നതുകൊണ്ടും ഇവയെല്ലാം അനുഷ്ഠിക്കേണമെന്നു കൃഷ്ണൻ ഗീതയിൽ നിൎബ്ബന്ധിച്ചിട്ടുണ്ടെന്നു വ്യാഖ്യാനിക്കുന്നവർ കൃഷ്ണൻ അയോഗിയും അജ്ഞാനിയും ദ്വിജപക്ഷപാതിയും ശൂദ്രാദി സകല മനുഷ്യദ്വേഷിയും ആകുന്നു എന്നു പറഞ്ഞു കൃഷ്ണനെ നിന്ദിക്കുകയാണ് ചെയ്യുന്നത്.

ശിഷ്യൻ:—സ്വാമിൻ! അതു ശരിയാകുന്നു. യാഗാദികൎമ്മങ്ങൾകൊണ്ടു വല്ല പ്രയോജനവും ഉണ്ടെങ്കിൽ അതിന്ന് അധികാരികൾ ദ്വിജന്മാരാകുന്നു എന്നു ഗീതയിൽ തീൎച്ചപ്പെടുത്തിയതുകൊണ്ടു കൃഷ്ണൻ ദ്വിജപക്ഷപാതിതന്നെ. ദ്വിജന്മാർ ഉണ്ടാൽ ആ ചണ്ഡാലപൎയ്യന്തമുള്ള മനുഷ്യരുടെ വയർ നിറയുമൊ? ഇല്ല ജലം സൎവ്വജനത്തിന്നും ഉപകാരപ്പെടുന്നതു പോലെ സദ്ദൃഷ്ടികൾ വിധിക്കുന്ന ധൎമ്മകൎമ്മങ്ങൾ മനുഷ്യവൎഗ്ഗത്തിന്നു മുഴുവൻ ഉപകാരപ്പെടേണ്ടതല്ലെ? ദ്വിജന്മാരെ ശൂ

ശ്രൂഷിക്കുന്നതാണ് ശൂദ്രധമ്മം എന്നു വിധിച്ചതുകൊണ്ടു കൃ ഷ്ണൻ ശൂദ്രദ്വേഷിതന്നെ. ശൂദ്രർ എന്നും ദ്വിജന്മാൎക്ക് അടിമകളായിരിക്കണം എന്ന വിധി അന്യായംതന്നെ. ഇതിനെക്കാൾ ശൂദ്രർ എന്നും നരകത്തിൽ കിടന്നുകൊള്ളണം എന്ന് ഒരു വിധി കൊടുക്കുന്നതായിരുന്നു അത്യന്തം ഉത്തമം. പിന്നെ 'ചാതുൎവ്വർണ്ണ്യംമയാസൃഷ്ടം' എന്നു ഗീതയിൽ പറഞ്ഞതുകൊണ്ടു ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്ന നാലു വർണ്ണമെ ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളു എന്നു തീൎച്ചപ്പെട്ടുതായിരിക്കുന്നു. തീയർ മുതലായി പിന്നെയും അസംഖ്യം ജാതികൾ ഹിന്തുമതത്തിൽതന്നെ കാണപ്പെടുന്നുണ്ട്. ക്രിസ്ത്യൻ, മഹമ്മതൻ, ബൌദ്ധൻ എന്നിങ്ങിനെ അസംഖ്യം ഭിന്നമതക്കാരെയും കാണുന്നുണ്ട്. ഇവരെ സൃഷ്ടിച്ച ഈശ്വരൻ ആരാകുന്നു. ഇവരുടെ ധൎമ്മം എന്താകുന്നു? മീൻ പിടിക്കുകയൊ വണ്ടിയോട്ടുകയൊ ശൂദ്രരെ ശുശ്രൂഷിക്കയൊ ദ്വിജന്മാൎക്ക വേലികെട്ടുവാൻ മലയിൽപോയി മുള്ളും മുളയും കൊണ്ടുവരികയൊ എന്താണെന്ന് ഒന്നും ഗീതയിൽ പറഞ്ഞിട്ടില്ല. ദ്വിജന്മാരൊഴിച്ചു മററുള്ളവരെല്ലാം വെള്ളം വരുമ്പോൾ പുഴയിൽ ചാടി ഒലിച്ചു സമുദ്രത്തിൽ ചെന്നുകൊള്ളട്ടെ. അതാണ് മററുള്ളവൎക്ക് ഉൽഗതി എന്നൊ കൃഷ്ണന്റെ അഭിപ്രായം? കൃഷ്ണൻ ശൂദ്രാദി സകല മനുഷ്യദ്വേഷീ എന്ന് ഒരിക്കൽ പറഞ്ഞാൽ പോരാ. 'യഥാമാവാസ്യാന്ധകാരം മേഘാവരണം വൎദ്ധയതി തഥാ കൎമ്മ അജ്ഞാനം വൎദ്ധയതി' (കറുത്ത വാവിലെ ഇരുട്ടിനെ ഏതുപ്രകാരം മേഘമൂടൽ വൎദ്ധിപ്പിക്കുന്നുവൊ അപ്രകാരം കൎമ്മം അജ്ഞാനത്തെ വൎദ്ധിപ്പിക്കുന്നു. എന്നു വാസുദേവമനനം ഇങ്ങിനെ തത്വശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നു. ഇത് അനുഭവമായിട്ടും ഇരിക്കുന്നു. ഈ സ്ഥിതിക്കു യാഗാദികളായ അജ്ഞാനകൎമ്മങ്ങളെ ചെയ്യണമെന്നു ഗീതയിൽ നിൎബ്ബന്ധിച്ചതുകൊണ്ടു കൃഷ്ണൻ അജ്ഞാനിയാകുന്നു എന്നതും നിൎവ്വിവാദംതന്നെ.

ഗുരു:— ഇങ്ങിനെയുള്ള അസംഖ്യം ദോഷാരോപണത്തിനും ആക്ഷേപത്തിനും യുക്തിയുക്തമായി ഉത്തരം പറവാൻ നിൎവ്വാഹമില്ലാത്ത സ്ഥിതിയിലാകുന്നു പൂൎവ്വാചാൎയ്യന്മാരും ആധു

നികന്മാരും ഗീതയെ വ്യാഖ്യാനിച്ചിട്ടുള്ളത്. അവരെല്ലാം മഹാപണ്ഡിതന്മാർതന്നെ. പക്ഷെ ഒരുമയില്ലാതെ തമ്മിൽ തല്ലിയും മററുവിധേനയും ക്ഷയിക്കേണ്ട നിലയിലാണ് വ്യാഖ്യാനങ്ങളും ഹിന്ദുമതഗ്രന്ഥങ്ങളും ഗ്രന്ഥകത്താക്കന്മാരും ഇരിക്കുന്നത്. എന്തുചെയ്യാം! നിർഭാഗ്യംതന്നെ. ഹിന്ദുമതഹൃദയത്തിന്നു വിരോധമായി നടന്നിട്ടാണ് ഹിന്ദുക്കൾ ക്ഷയിച്ചത്. ഭേദദൃഷ്ടിയെ വർദ്ധിപ്പിക്കുന്ന പ്രമാണങ്ങളെ ഒന്നായി തീയിട്ടു ചുട്ടുന്ന കാലത്തിലെ ഹിന്ദുക്കൾ നന്നാകയുള്ളൂ. അല്ലെങ്കിൽ അവയിൽ പറയുന്ന അനാചാരകമ്മങ്ങളെ തീരെ ഉപേക്ഷിക്കുന്ന കാലം എന്നോ അന്നേ നന്നാകുവാൻ തരമുള്ളൂ. കൃഷ്ണനെ നീ ദൂഷ്യം പറയേണ്ടാ. കൃഷ്ണൻെറ ആന്തരാഭിപ്രായം ഞാൻ മുമ്പു പറഞ്ഞുവല്ലോ. മോക്ഷപ്രദീപത്തിൽ ഞാൻ ബ്രാഹ്മണാദി നാലു ജാതികളുടെ നിരൂപണം ചെയ്തതുപോലെതന്നെ നീ ഗീതയിലും നിരൂപിച്ചുകൊൾക. എന്നാൽ ആക്ഷേപത്തിന്നു് അവകാശമില്ല. തപസ്സു ജ്ഞാനം കമ്മം എന്നവയേയും മോക്ഷപ്രദീപത്തിൽ യോഗാംഗമായ നിയമത്തിൽ നിരൂപണം ചെയ്തിട്ടുണ്ട്. അപ്രകാരംതന്നെ ഗീതയിലും ധരിച്ചുകൊൾക. എന്നാൽ 'വിസർഗ്ഗഃകമ്മസംജ്ഞിതഃ' (ദേവതോദ്ദേശമായി ചെയ്യുന്ന യജ്ഞമാണ് കമ്മം എന്നു പറയപ്പെടുന്നത്) എന്നു ഗീതയിൽ പറഞ്ഞിരിക്കുന്നു. അതൊന്നു വേറെയാണ് എന്നു നിനക്ക് ഇനി ചോദിപ്പാനും അവകാശമില്ല. കൃഷ്ണൻ പക്ഷപാതിയും അസമദൃഷ്ടിയും അനുചിതജാതികമ്മപ്രവത്തകനും അല്ല എന്നു വിശ്വസിപ്പാനുള്ള സംഗതിയെ ഞാൻ നിന്നോടു മുമ്പുതന്നെ പറഞ്ഞുവോയിരിക്കുന്നു എങ്കിലും ഗീതയിലെ ഈ ഭഗവദ്വചനത്തെക്കൂടി കേൾക്കു.

സമോഹം സവ്വഭൂതേഷു നമേദ്വേഷ്യോസ്തിനപ്രിയഃ
യേഭജന്തി തുമാംഭക്ത്യാ മയിതേതേഷുചാപ്യഹം.

അത്ഥം:—ഞാൻ സകല ഭൂതങ്ങളിലും സമനായിരിക്കുന്നു. എനിക്കു ശത്രുവും ഇല്ല ഇഷ്ടനും ഇല്ല. യാതൊരുവർ എന്നെ ഭക്തിയോടുകൂടി ഭജിക്കുന്നുവോ എന്നിൽ അവരും അവരിൽ ഞാനും ഉണ്ട്. ഇങ്ങിനെ സവ്വത്ര സമനായിരിക്കുന്ന കൃഷ്ണൻ

തന്റെമേൽ ദുഷ്യാരോപണത്തിന്നു ഹേതുക്കളും ദുഃഖപ്രദങ്ങളും ആയ യാഗാദികർമ്മങ്ങളേയും മററും ചെയ്വാൻ വേദവ്യാസൻ നിർബ്ബന്ധിച്ചിട്ടുണ്ടെന്നു പറയുന്നവൻ കൃഷ്ണനെ നിന്ദിക്കുകയാണെന്നു തീർച്ചപ്പെടുത്തി അവയെ ത്യജിക്കേണ്ടതാകുന്നു. ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ടാലും നാളികേരത്തിന്റെ ചകിരിയേയും ചിരട്ടയേയും അഭക്ഷ്യങ്ങളായി തള്ളുന്നതുപോലെ. എന്നാൽ നാളികേരത്തിന്റെ അന്തർഭാഗത്തിലുള്ള ആസ്വാദ്യാംശംപോലെ ഗീതയിൽ നിക്ഷേപിച്ചിരിക്കുന്ന സാരം എന്താകുന്നു എന്നാണ് ഇനി തീർച്ചപ്പെടുത്തേണ്ടത്. അതാതുകാലത്തിൽ അവനവന്റെ അവസ്ഥാനുസരണമായിട്ടുള്ള കർമ്മത്തെ ഏവനും യോഗനിഷ്ഠയോടുകൂടി ചെയ്യണം എന്നാണ് ഭഗവൽഗീതയുടെ സാരം. ക്ഷത്രിയനായതുകൊണ്ടും അതിശൂരനായതുകൊണ്ടും സൽഗുണസമ്പന്നനായതുകൊണ്ടും രാജ്യഭ്രഷ്ടനായതുകൊണ്ടും അർജ്ജുനന്റെ അവസ്ഥയ്ക്കു തൽകാലോചിതമായ കർമ്മം യുദ്ധമാകുന്നു. അതുകൊണ്ടു യുദ്ധം ചെയ്യുക. കർമ്മം വിടരുത്. കർമ്മം വിട്ടാൽ ദേഹത്തെ സംരക്ഷിപ്പാൻകൂടി കഴികയില്ലാ എന്നു ഉപദേശിച്ചതാകുന്നു. എന്നാൽ ആ കർമ്മം എങ്ങിനെയാണ് ചെയ്യേണ്ടത് എങ്കിൽ 'യോഗസ്ഥകുരുകർമ്മാണി' എന്നു ഗീതയിൽ ആദിയിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു യോഗനിഷ്ഠയോടുകൂടി കർമ്മങ്ങളെ ചെയ്യേണം എന്നാകുന്നു. 'കർമ്മാണി' (കർമ്മങ്ങളെ) എന്നു ബഹുവചനം പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു സ്വദേഹരക്ഷണാർത്ഥമൊ യോഗാർത്ഥമൊ ലോകോപകാരാർത്ഥമൊ ഏതേതുകാലത്തിൽ ഏതേതുകർമ്മങ്ങൾ ഉചിതങ്ങളൊ അതെല്ലാം എന്നും 'യോഗസ്ഥഃകുരു' എന്നു പറഞ്ഞതുകൊണ്ട് അതെല്ലാം യോഗനിഷ്ഠയോടുകൂടി ചെയ്യേണ്ടതാണെന്നും ൨-ാം അദ്ധ്യായത്തിൽ ഗീതയിൽ ആദിയിൽതന്നെ കൃഷ്ണൻ ബീജത്തെ ന്യസിച്ചിരിക്കുന്നു(കുത്തിയിട്ടിരിക്കുന്നു). അതുകൊണ്ടു കാലോചിതമായും അവസ്ഥാനുസരണമായും നിർദ്ദോഷമായും ഇരിക്കുന്ന കർമ്മം യോഗനിഷ്ഠനായി ഏവനും ചെയ്യേണം എന്നാണ് ഭഗവൽഗീതാസാരത്തെ നാം മനസ്സിലാക്കേണ്ടത്. ഇപ്പോഴത്തെ നമ്മുടെ അനുഭവവും ഈ ഭഗവൽഗീതാസാരത്തെ നമുക്കു വിവരിച്ചു തരുന്നു.

ഇപ്പോൾ ഇംഗ്ലീഷുരാജ്യഭരണകാലമാകുന്നു. ആ രാജഭാഷയെ പഠിച്ചു പാസ്സായി ഉന്നതാധികാരികളായിട്ടും നവീനങ്ങളായി കണ്ടുപിടിക്കപ്പെട്ട അനവധി യന്ത്രതന്ത്രകൎമ്മങ്ങളിലും കൃഷി വാണിജ്യാദികളിലും ഏൎപ്പെട്ടു സമ്പന്നന്മാരായിട്ടും തന്നേയും പരന്മാരേയും സംരക്ഷിച്ചുംകൊണ്ട് ഈശ്വരവിചാരത്തോടു കൂടി ബഹുജനം സുഖിക്കുന്നു. ഈ ഭാഷ പഠിക്കുന്നതും ഈ വ്യാപാരങ്ങളിലേൎപ്പെടുന്നതും നമ്മുടെ മതത്തിന്നു ഹിതമല്ലെന്നു കരുതിയിരിക്കുന്നവർ കാലോചിതകൎമ്മാനുസാരികളായ മേൽപറഞ്ഞ യോഗ്യരുടെ കാൽക്കൽ ശരണം പ്രാപിച്ചു കാണുന്നു. ഹേ ശിഷ്യ! അതിനാൽ നിന്നെക്കൊണ്ടു മാട്ടമേക്കാനെ കൊള്ളൂ, മറെറാരു വ്യാപാരത്തിന്നും കൊള്ളില്ലാ എങ്കിൽ നീ യോഗനിഷ്ഠയോടുകൂടി മാട്ടിനെ മേച്ച് ഉപജീവനം കഴിക്കേണം. എന്നാൽ നിണക്കും ഉപദ്രവമില്ല, നിന്നെക്കൊണ്ട് അന്യന്നും ഉപദ്രവമില്ല. അതാണ് നിൻെറ ധൎമ്മം. ഇങ്ങിനെ യഥാശക്തി സൎവ്വരും ചെയ്യുന്നതാണ് അവനവൻെറ ധൎമ്മം. ധൎമ്മം എന്ന വാക്കിൻെറ അവയവാൎത്ഥത്തെ ആലോചിച്ചാൽതന്നെ പരമാൎത്ഥം അറിയാം. ധരതീതി ധൎമ്മഃ (ധരിക്കുന്നതുകൊണ്ടു ധൎമ്മം എന്നു പറയുന്നു—എന്നാൽ പതിച്ചുപോകാതെ ആത്മാവിനെ നിലനിറുത്തുന്നതുകൊണ്ടു ധൎമ്മം എന്നു പറയപ്പെടുന്നു). നിന്നെക്കൊണ്ടു മാട്ടമേക്കാനെ കൊള്ളൂ എങ്കിൽ അതിനെ നീ യോഗസ്ഥനായിച്ചെയ്തു ദേഹത്തെ രക്ഷിക്കേണം. അങ്ങിനെ ചെയ്താൽ ഈ ലോകത്തിലും രക്ഷപ്പെടാം. യോഗസ്ഥനായതുകൊണ്ടു മുക്തിയും പ്രാപിക്കപ്പെടാം. പതിച്ചുപോകയില്ല. ധൎമ്മം എന്ന വാക്കിൻെറ അൎത്ഥം അതാണല്ലോ. ഇങ്ങിനെ കാലോചിതവിഹിതകൎമ്മത്താൽ സ്വധൎമ്മപരിപാലനത്തെ സൎവ്വരെക്കൊണ്ടും ചെയ്യിപ്പിക്കേണമെന്ന ഉദ്ദേശത്തിൽ കാലോചിതയുദ്ധകൎമ്മത്തെ യോഗസ്ഥനായിച്ചെയ്വാൻ അൎജ്ജുനനോടു കൃഷ്ണൻ ഉപദേശിച്ചതാകുന്നു. അല്ലാതെ യോഗികൾ ലോകോപകാരത്തിന്നായി കൎമ്മം ചെയ്തു കൊള്ളേണം എന്ന നിൎബ്ബന്ധവിധിയില്ല. വേദോക്തകൎമ്മങ്ങളും ചെയ്യേണം എന്ന വിധിയും ഇല്ല. കേൾക്കുക.

ജിജ്ഞാസുരപിയോഗസ്യ ശബ്ദബ്രഹ്മാതിവർത്തതേ

അർത്ഥം:—(യോഗത്തെ അറിവാൻ ഇച്ഛിക്കുന്നവൻകൂടി വേദത്തെ അതിക്രമിക്കുന്നു—എന്നാൽ അവനു വേദവും വേദോക്തകർമ്മങ്ങളും ആവശ്യമില്ലെന്നു സാരം). ഇങ്ങിനെ ഗീതയിൽ കൃഷ്ണൻതന്നെ പറഞ്ഞിരിക്കുന്നതുകൊണ്ടും യാഗാദികർമ്മങ്ങളെ ചെയ്യാനല്ലാ അർജ്ജുനനെ നിർബന്ധിച്ചത്, തൽകാലോചിതയുദ്ധകർമ്മത്തെ ചെയ്യാനാണ് നിർബ്ബന്ധിച്ചത് എന്നു തെളിയുന്നു. കൃഷിയിൽ ഉഴുമ്പോഴും കിളയ്ക്കുമ്പോഴും ചില പ്രാണിഹിംസ നേരിടുന്നു. അതുകൊണ്ടു കൃഷികർമ്മം പാപമാണെന്നു ഭയപ്പെട്ടു കൃഷിയിൽനിന്നു പിൻവാങ്ങുന്നവരോട് അവന്റെ ഹിതനായ ഒരു യോഗ്യൻ 'നീ കൃഷിചെയ്യുക, കർമ്മം ചെയ്യാഞ്ഞാൽ നിന്റെ ദേഹത്തെ സംരക്ഷിപ്പാൻകൂടി കഴികയില്ല, നിനക്കു കർമ്മം ആവശ്യമില്ലെങ്കിൽ കുഡുംബരക്ഷയ്ക്കുവേണ്ടിയെങ്കിലും കർമ്മം ചെയ്യുക. എന്നു നിർബന്ധിച്ചാൽ കൃഷിപ്രവൃത്തി ചെയ്യാൻ നിർബ്ബന്ധിച്ചു എന്നാണ് അർത്ഥമെടുക്കേണ്ടത്. യാഗാദികർമ്മം ചെയ്യാൻ നിർബ്ബന്ധിച്ചു എന്ന് അർത്ഥം എടുക്കുന്നത് അസംബന്ധവും അപ്രകൃതവും ആകുന്നു. അപ്പോലെ യുദ്ധത്തിൽ ഹിംസ നേരിടുന്നതുകൊണ്ടു യുദ്ധം പാപമാണെന്നു ഭയപ്പെട്ട് അതിൽനിന്നു പിൻവലിക്കുമ്പോറം അർജ്ജുനനോടു 'നീ യുദ്ധം ചെയ്യുക, കർമ്മം വിട്ടാൽ നിന്റെ ദേഹത്തെ സംരക്ഷിപ്പാൻകൂടി നിനക്കു കഴികയില്ല'. 'ലോകസംഗ്രഹമേവാപി സംപശ്യൻകർത്തുമർഹസി' (നിനക്കു കർമ്മം ആവശ്യമില്ലെങ്കിൽ ലോകരക്ഷണത്തെ ഉദ്ദേശിച്ചെങ്കിലും നീ കർമ്മം ചെയ്യേണ്ടതാകുന്നു) എന്നു കൃഷ്ണൻ നിർബ്ബന്ധിച്ചാൽ യുദ്ധകർമ്മം ചെയ്യാൻ നിർബ്ബന്ധിച്ചു എന്നാണ് അർത്ഥം എടുക്കേണ്ടത്. യാഗാദികർമ്മം ചെയ്യാൻ നിർബ്ബന്ധിച്ചു എന്ന് അർത്ഥമെടുക്കുന്നത് അസംബന്ധവും അപ്രകൃതവും ആകുന്നു. യജ്ഞശബ്ദംകൊണ്ട് ഈശ്വരാരാധനത്തെ ഗ്രഹിക്കുന്ന പക്ഷവും യോഗത്തിൽ മീതെ ഒരു ഈശ്വരാരാധനവും ഇല്ലതാനും. ആന്തരമായ യജ്ഞവും തപസ്സും ജ്ഞാനവും കർമ്മവും ഭക്തിയും

യോഗത്തിൽ അടങ്ങിപ്പോയി. യോഗംതന്നെ പ്രധാനം. അതുകൊണ്ടാണ് 'യോഗസ്ഥകരുകർമ്മാണി' (യോഗത്തിൽ നിഷ്ഠയോടുകൂടി കർമ്മങ്ങളെ ചെയ്യു) എന്നു ഗീതയിൽ ഉപദേശിച്ചത്. അല്ലെങ്കിൽ 'യജ്ഞസ്ഥഃകുരുകർമ്മാണി' യജ്ഞത്തിൽ നിഷ്ഠയോടുകൂടി കർമ്മങ്ങളെ ചെയ്യു) എന്നോ 'ജ്ഞാനസ്ഥഃ കുരുകർമ്മാണി' (ജ്ഞാനനിഷ്ഠയോടുകൂടി കർമ്മങ്ങളെ ചെയ്യു) എന്നോ 'തപഃസ്ഥഃകുരുകർമ്മാണി' (തപോനിഷ്ഠയോടുകൂടി കർമ്മങ്ങളെച്ചെയ്യു) എന്നോ 'സാംഖ്യസ്ഥഃകുരുകർമ്മാണി' (സാംഖ്യത്തിൽ നിഷ്ഠയോടുകൂടി കർമ്മങ്ങളെച്ചെയ്യു) എന്നോ 'ഭക്തിസ്ഥഃകുരുകർമ്മാണി' (ഭക്തിനിഷ്ഠയോടുകൂടി കർമ്മങ്ങളെച്ചെയ്യു) എന്നോ 'കർമ്മസ്ഥഃകുരുകർമ്മാണി' (കർമ്മത്തിൽ നിഷ്ഠയോടുകൂടി കർമ്മങ്ങളെച്ചെയ്യു) എന്നോ കൃഷ്ണൻ അർജ്ജുനനോട് ഉപദേശിക്കാമായിരുന്നു. അങ്ങിനെ ചെയ്തിട്ടില്ല. അതുകൊണ്ടു മുക്തിക്കായി ഉപദേശിക്കപ്പെട്ടതു യോഗംതന്നെ. ലോകരക്ഷയും അർജ്ജുനൻെറ അഭിവൃദ്ധിക്കും ഉപദേശിക്കപ്പെട്ട കാലോചിതകർമ്മം പ്രകൃതത്തിൽ യുദ്ധംതന്നെ എന്നും സിദ്ധിക്കുന്നു. ദുർന്നീതിഭ്രഷ്ടനായ ദുര്യോധനൻ ഭരിക്കുന്നതിനേക്കാൾ ധർമ്മനിധിയായ ധർമ്മപുത്രർ ഭരിക്കുന്നതിനാൽ ലോകം രക്ഷപ്പെടുന്നതാണെല്ലോ. സർവ്വമനുഷ്യർക്കും മുക്തിക്കു മുഖ്യമായിട്ടുള്ളതു യോഗവുമാണല്ലോ. ഇതു ഞാൻ മോക്ഷപ്രദീപത്തിൽ തെളിയിച്ചിട്ടുണ്ടെങ്കിലും കേൾക്കുക.

ബ്രാഹ്മണക്ഷത്രിയവിശാം സ്ത്രീശൂദ്രാണാഞ്ചപാവനം
ശാന്തയെകർമ്മണാമന്യദ്യോഗാന്നാസ്തിവിമുക്തയെ

അർത്ഥം:— ബ്രാഹ്മണർക്കും ക്ഷത്രിയന്മാർക്കും വൈശ്യന്മാർക്കും സ്ത്രീകൾക്കും ശൂദ്രർക്കും കർമ്മം നശിപ്പാനും മോക്ഷം കിട്ടുവാനും യോഗമല്ലാതെ മററൊന്നുമില്ല. എന്നു മാതംഗമഹർഷി.

യോഗഏവപരംശ്രേയ സ്തേഷാമിത്യുക്തവാൻ പുരാ.

അർത്ഥം:—(യോഗംതന്നെ സർവ്വമനുഷ്യർക്കും പരമമുക്തി) എന്നു പണ്ടു കപിലമഹർഷി പറഞ്ഞിരിക്കുന്നു. ഇങ്ങിനെ പറവാൻ കാരണമെന്താകുന്നു എങ്കിൽ യോഗത്തെ ഒഴിച്ചു മററുള്ളവയെല്ലാം അപ്രധാനങ്ങളാകുന്നു. അതിനു പ്രമാണം.

നവേദംവേദഇത്യാഹുർവ്വേദെവേദോനവിദ്യതെ.

അത്ഥം:—വേദത്തെ വേദം എന്നു പറഞ്ഞുകൂടാ. വേദത്തിൽ വേദം ഇല്ല. എന്നു ശിവസ്വരോദയം.

അപരാഋഗ്വേദൊ യജുർവ്വേദഃ സാമവേദോഥർവ്വവേദഃ
ശിക്ഷാകല്പോവ്യാകരണം നിരുക്തംഛന്ദോജ്യോതിഷമിതി.
(എന്നു മുണ്ഡകോപനിഷത്ത്)

അത്ഥം:—(ഋക്, യജുസ്സ്, സാമം, അഥവ്വം എന്ന നാലു വേദങ്ങൾ പ്രധാനങ്ങൾ അല്ല. ശിക്ഷാ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്ന ആറു ശാസ്ത്രങ്ങൾ പ്രധാനങ്ങൾ അല്ല=എന്നാൽ യോഗത്തെ പ്രതിപാദിക്കുന്ന ഭാഗത്തെ ഒഴിച്ചു മററുള്ളവയെല്ലാം അപ്രധാനങ്ങൾ എന്നു സാരം) അപ്പോൾ സൂക്ഷ്മമായും പ്രധാനമായും ഇരിക്കുന്ന ശബ്ദബ്രഹ്മം (വേദം) എന്നു പറയുന്നതു ജാതിഭേദാദി കല്പനകളെയും യാഗാദിസ്ഥൂലകർമ്മങ്ങളെയും വിധിക്കുന്ന വേദശാസ്ത്രാദികളല്ലാ എന്നു സിദ്ധിച്ചു. എന്നാൽ പരമാത്ഥപദപ്രാപ്തിക്കുള്ള വേദം ഏതാകുന്നു എങ്കിൽ

പരാത്മാവേദ്യതെ യേന സവേദോവേദഉച്യതെ.

അത്ഥം—യാതൊന്നിനാൽ പരമാത്മാവു (പരബ്രഹ്മം) വേദിക്കപ്പെടുന്നുവൊ (അറിയപ്പെടുന്നുവൊ) അതാണ് വേദം. വേദം എന്നു പറയപ്പെടുന്നത്. യോഗത്താൽ പരമാത്മാവിനെ അറിയുന്നതുകൊണ്ടു യോഗംതന്നെ പ്രധാനവേദം. കൃഷ്ണനും യോഗത്തെത്തന്നെയാണ് പ്രധാനവേദമായി മനസ്സിലാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് ഭഗവൽഗീതയിൽ അർജ്ജുനനു യോഗത്തെ ഉപദേശിച്ചത്. ഭഗവൽഗീതകൊണ്ട് അർജ്ജുനൻെറ സംശയനിവൃത്തിവരാതെ ചോദിച്ചപ്പോൾ അർജ്ജുനന്ന് ഉപദേശിച്ചതാണ് ഉത്തരഗീതാ. അതിലും യോഗത്തെത്തന്നെ പ്രധാനവേദമായി പറഞ്ഞിരിക്കുന്നു. കേൾക്കുക.

തൈലധാരാമിവാച്ഛിന്നം ദീർഘഘണ്ടാനിനാദവൽ
അവാച്യംപ്രണവസ്യാഗ്രം യസ്തംവേദസവേദവിൽ

അത്ഥം:—തൈലധാരപോലെ മണിയടിച്ചതിന്നശേഷം ദീർഘിച്ചുനില്ക്കുന്ന മണിനാദംപോലെ അവിച്ഛിന്നമായും അവാ

ച്യമായും ഇരിക്കുന്ന പ്രണവ്ധ്വനിയെ ഏവൻ അറിയുന്നുവൊ അവനാണ് വേദത്തെ അറിയുന്നവൻ. നാലുവേദങ്ങളെ പഠിച്ചു പാരായണം ചെയ്യുന്നവരും ഓങ്കാരത്തെ വായിനാൽ നീട്ടിച്ചൊല്ലിക്കൊണ്ടിരിക്കുന്നവരും വേദോക്തകർമ്മങ്ങളെ ചെയ്യുന്നവരും വേദത്തെ അറിയുന്നവരല്ലെന്നു സാരം. എന്തുകൊണ്ടെന്നാൽ ഇവകൊണ്ടു പരമാത്മാവിനെ അറിവാൻ കഴികയില്ല. നാദംകൊണ്ട് അറിവാൻ കഴിയും. അതുകൊണ്ടാണ് യോഗപ്രസിദ്ധമായ നാദം വേദമാണെന്ന് അർജ്ജുനന്ന് ഉപദേശിച്ചത്. നാദത്താൽ പരമാത്മാവിനെ എങ്ങിനെ പ്രാപിക്കും എന്ന വഴിയെ ഞാൻ മുമ്പു ഘോഷിച്ചിട്ടുണ്ട് എങ്കിലും ഇതുകൂടി കേൾക്കുക. 'ശബ്ദബ്രഹ്മണിനിഷ്ണാതഃ പരംബ്രഹ്മാധിഗച്ഛതി' ശബ്ദബ്രഹ്മത്തിൽ (നാദത്തിൽ) ആസക്തനായിരിക്കുന്നവൻ പരബ്രഹ്മത്തെ പ്രാപിക്കുന്നു എന്നു ബ്രഹ്മബിന്ദൂപനിഷത്ത്. വേദാന്തികൾ 'അഹംബ്രഹ്മാസ്മി' (ഞാൻ ബ്രഹ്മമാകുന്നു) എന്നു വായിനാൽ പറഞ്ഞ് അനുസന്ധാനം ചെയ്തുകൊള്ളുന്നതിനെ ശബ്ദാനുവിദ്ധസമാധി എന്നു ഘോഷിക്കുന്നു. കർമ്മഠന്മാർ അജ്ഞാനകർമ്മങ്ങളെ പ്രതിപാദിക്കുന്ന വേദശാസ്ത്രാദികളെ ശബ്ദബ്രഹ്മം (വേദം) എന്നു ഭ്രമിച്ച് അലയുന്നു. യോഗികൾ, ശബ്ദിക്കാതെ ഊമയെപ്പോലെ ഇരുന്നുകൊണ്ടു പരബ്രഹ്മത്തിൽ ലയിപ്പിക്കുന്നതും സ്വതഃസിദ്ധമായും ആനന്ദഘനമായും അഖണ്ഡമായും ഇരിക്കുന്ന നാദാദിയെ വേദമായി അറിഞ്ഞു ശാശ്വതാനന്ദത്തെ പ്രാപിക്കുന്നു. ഹേ ശിഷ്യ! യോഗികളുടെ അവസ്ഥ എവിടെ? മററുള്ളവരുടെ അവസ്ഥ എവിടെ? കൃഷ്ണൻ പ്രധാനമായി വേദം എന്നു മനസ്സിലാക്കിയിട്ടുള്ളതുതന്നെ യോഗപ്രസിദ്ധമായ നാദത്തെയാകുന്നു എന്നു മേൽപറഞ്ഞ ഉത്തരഗീതാശ്ലോകംകൊണ്ടു തെളിയുന്നു. അങ്ങിനെ ഇരിക്കുന്ന കൃഷ്ണൻ വേദത്തെ തെററിദ്ധരിച്ച സ്ഥൂലബുദ്ധികളെപ്പോലെ ബാഹ്യങ്ങളായ യാഗാദികർമ്മങ്ങളെച്ചെയ്യാൻ ഭഗവൽഗീതയിൽ നിർബ്ബന്ധിച്ചു എന്നു കാണുന്നതിനെ ഞാൻ എങ്ങിനെ വിശ്വസിക്കട്ടെ?

ശിഷ്യൻ:— സ്വാമിൻ! അങ്ങിനെ കാണുന്ന അസംബന്ധമെല്ലാം ചില കർമ്മഠന്മാർ ഗീതയിൽ എഴുതിച്ചേർത്തു എന്നാണ് വിശ്വസിക്കേണ്ടത്. യുദ്ധഭൂമിയിൽവെച്ച് അല്പസമയംകൊണ്ട് അത്യന്തവിസ്താരത്തോടുകൂടിയ ഗീതയെ ഉപദേ

ശിപ്പാൻ എങ്ങിനെ സമയം കിട്ടി? യുദ്ധം രണ്ടുദിവസത്തേക്കു നിൎത്തിവെച്ചിട്ട് ഉപദേശിച്ചു എന്നും കാണുന്നില്ല. കൃത്രിമപ്രമാണങ്ങൾ ചില അഭിമാനികൾ നിൎമ്മിക്കുന്ന സമ്പ്രദായവും ഉണ്ട് എന്ന് ഇവിടുന്നുതന്നെ മോക്ഷപ്രദീപത്തിൽ അവിടവിടെ കാണിച്ചിട്ടുണ്ട്. കേൾക്കണമെ.

ഇദംപാപമിദംപുണ്യ മിതിബിഭ്യതികൎമ്മഠാഃ
ദൃഷ്ട്വാകൈതവശാസ്ത്രാണി വാദംഭഘടിതാനിച
തേഷാംഗത്യന്തരംസിദ്ധം ജന്മമൃത്യുജരാസ്പദം.

(എന്നു ശിവജ്ഞാനദീപികാ).

അൎത്ഥം:— (വാചാലന്മാരാൽ നിൎമ്മിക്കപ്പെട്ട കപടശാസ്ത്രങ്ങളെ കണ്ടിട്ട് ഇതു പാപം ഇതു പുണ്യം എന്നിങ്ങിനെ കൎമ്മികൾ ഭയപ്പെടുന്നു. അവൎക്കുള്ള ഗതി ജനിക്കുക മരിക്കുക ജരിക്കുക എന്നതാകുന്നു. എന്നാൽ ദുഃഖനിവൃത്തിയും ആനന്ദപ്രാപ്തിയും ഇല്ലെന്നു സാരം). ആ സകലം ആലോചിക്കുമ്പോൾ കൎമ്മാന്മാർ ഗീതയിൽ പലതും എഴുതിച്ചേൎത്തിട്ടുണ്ടെന്നു പറയുന്നതുതന്നെ ഉത്തമം.

ഗുരു:— എന്റെ മുഖ്യപക്ഷം അങ്ങിനെതന്നെ. അതിന്നു ഗീതതന്നെ സഹായിക്കുന്നു. കേൾക്കുക, ൫-ാം അദ്ധ്യായം ൧൪-ാം ശ്ലോകം

“നകൎത്തൃത്വംനകൎമ്മാണി ലോകസ്യസൃജതിപ്രഭുഃ
നകൎമ്മഫലസംയോഗം സ്വഭാവസ്തുപ്രവൎത്തതെ”

അൎത്ഥം:— ഈശ്വരൻ ജീവികൾക്കു കൎത്തൃത്വത്തെ സൃഷ്ടിക്കുന്നില്ല. കൎമ്മങ്ങളേയും സൃഷ്ടിക്കുന്നില്ല. കൎമ്മഫലസംബന്ധത്തേയും സൃഷ്ടിക്കുന്നില്ല. എന്നാൽ ജീവികളുടെ സ്വഭാവമാകുന്നു പ്രവൃത്തിക്കുന്നത്. (നീ ബ്രാഹ്മണനാകുന്നു, നിണക്കു വിധിച്ചിരിക്കുന്ന കൎമ്മങ്ങൾ യാഗാദികളാകുന്നു അതു ചെയ്യാൻ കൎത്താവു നീയാകുന്നു, അതു ചെയ്താൽ ഇന്നഫലം കിട്ടും; നീ ശൂദ്രനാകുന്നു, നിന്റെ കൎമ്മം ബ്രാഹ്മണശുശ്രൂഷാദിയാകുന്നു, അതിന്നു കൎത്താവു നീയാകുന്നു, അതുചെയ്താൽ ഇന്ന ഫലം നിണക്കു കിട്ടും; നീ ക്ഷത്രിയജാതിയാകുന്നു, നിന്റെ കൎമ്മം രാജ്യപരിപാലനാദിയാകുന്നു; നീ വൈശ്യജാതിയാകുന്നു, നിന്റെ കൎമ്മം കച്ചവടമാകുന്നു എന്നിങ്ങിനെ ഇന്നവൻ ഇന്നജാതി, ഇന്നജാതിക്ക് ഇന്നകൎമ്മം, അതാതു ജാതിക്കാർ അതാതു കൎമ്മത്തിന്നു കൎത്താക്കന്മാർ,

അതാതു ചെയ്താൽ അതാതിന്റെ ഫലത്തെ ഈശ്വരൻ കൊടുക്കുക എന്ന് ഈശ്വരൻ നിയമിച്ചു സൃഷ്ടിച്ചിട്ടില്ല. എന്നാൽ അവനവന്റെ സ്വഭാവംപോലെ അവനവൻ പ്രവൃത്തിക്കുന്നു എന്നഭിപ്രായം). അങ്ങിനെയല്ലെ? ദൈവം കല്പിച്ചതാകുന്നു എങ്കിൽ ജാതിഭേദത്തെയും അതാതു കൎമ്മത്തെയും ആൎക്കും തെറ്റി നടക്കുവാൻ കഴികയില്ല. ആനയ്ക്കു കാക്കയാകുവാൻ കഴിയുന്നില്ല; കാക്കയെപ്പോലെ പറക്കുവാനും കഴിയുന്നില്ല. കാക്കയ്ക്കു ആനയാകുവാനും ആനയെപ്പോലെ ശബ്ദിപ്പാനും കഴിയുന്നില്ല. മനുഷ്യൎക്കു മൃഗജാതിയാകുവാൻ കഴിയുന്നില്ല. ലോകത്തിലുള്ള ഈശ്വരകല്പനയെ ഒന്നിനെയെങ്കിലും മാറ്റുവാൻ ആൎക്കും കഴിയുന്നില്ല. അങ്ങിനെഇരിക്കെ ജാതിഭേദങ്ങളും യാഗാദികൎമ്മങ്ങളും ഈശ്വരനിയമത്തിൽ പെട്ടവയാകുന്നു എങ്കിൽ അവയെ മാറ്റി ശൂദ്രകൎമ്മം ബ്രാഹ്മണനു ചെയ്വാനും ബ്രാഹ്മണകൎമ്മം ശൂദ്രനു ചെയ്വാനും ബ്രാഹ്മണശൂദ്രാദികളിൽ ചിലർ ജാതിവിട്ടു ക്രിസ്ത്യന്മാരാകുവാനും ഒരിക്കലും കഴികയില്ല. ഈശ്വരൻ ബ്രാഹ്മണനു കല്പിച്ചു എന്നഭിമാനിക്കപ്പെടുന്ന വേദാദ്ധ്യയനയാഗാദികൾ വിട്ട് ഇംഗ്ലീഷുപഠിപ്പാനും ഇംഗ്ലീഷുഭാഷ ഉച്ചരിപ്പാനും നാക്കു തിരികയില്ല. ആനയ്ക്കു ആട്ടിന്റെ ജാതിയാകുവാനും ആട്ടിന്റെ ശബ്ദം പുറപ്പെടുവിക്കുവാനും കഴിയുന്നുണ്ടോ? ഇല്ല. ഇങ്ങിനെ തത്വവിചാരം ചെയ്യുമ്പോൾ അഭിമാനികളും സമദൃഷ്ടിയില്ലാത്തവരും നിൎദ്ദയന്മാരും ആലോചനയും ജ്ഞാനവും വേണ്ടുംവണ്ണം ഇല്ലാത്തവരും ആയ കൂട്ടക്കാർ ജാതിഭേദങ്ങളും തത്തൽകൎമ്മങ്ങളും ഗീതയിൽ എഴുതിച്ചേൎത്തതാകുന്നു എന്നു മേൽച്ചൊല്ലിയ ശ്ലോകംകൊണ്ടുതന്നെ തെളിയുന്നു. അതുകൊണ്ടു ഗീതയുടെ സംഭവാസംഭവത്തേയും കൎത്താവിനേയും മറ്റും നമുക്ക് ആലോചിക്കേണ്ടുതില്ല ഗീതയുടെ സാരം മാത്രം മനസ്സിലാക്കിയാൽ മതി. അതു ഞാൻ പറഞ്ഞുവല്ലൊ. യോഗത്തെ അസാദ്ധ്യമാണെന്നു ചിലർ ശങ്കിക്കുന്നു. ഗ്രന്ഥങ്ങളിൽ കാണുമ്പോൾ അങ്ങിനെ ശങ്കിപ്പാൻ സംഗതിയുണ്ട്. യോഗാനന്ദാനുഭൂതി നിഷ്ഠനായ ഗുരുവിന്റെ മുഖേന യോഗത്തെ അറിയുമ്പോൾ ആ ശങ്ക തീരുകയും ചെയ്യും. മോക്ഷപ്രദീപത്തിൽ സൎവ്വന്മാൎക്കും യോഗം സുകരമാണെന്നും സംസാരത്തിലിരുന്നു കാൎയ്യം നടത്തിക്കൊണ്ടുതന്നെ യോഗത്തെ സാധിക്കാമെന്നും ഞാൻ തെളിയിച്ചിട്ടുണ്ട്. ഞാനും യോഗനിഷ്ഠയോടുകൂടിത്തന്നെയാണ് ഇന്നേവ

രെ കാൎയ്യങ്ങളെ നടത്തിവന്നിട്ടുള്ളത്. മനസ്സിനെമാത്രം പരമാത്മാവോടു യോജിപ്പിച്ചാൽ യോഗമായി അതിന്നു ദേഹം കൂടി അനങ്ങേണ്ടാ. യോഗത്തിന്നു യാതൊരു ഉപകരണവും വേണ്ടാ. നടക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴും എല്ലാസമയത്തും ആവാം. എല്ലാവൎക്കും ആവാം. ശാശ്വതാനന്ദത്തെ പ്രാപിക്കയും ചെയ്യാം. അതുകൊണ്ടു യുദ്ധംകൂടി യോഗസ്ഥനായി ചെയ്യാമെന്നു കൃഷ്ണൻ ഉപദേശിച്ചതാകുന്നു. 'യോഗശാസ്ത്രേ ശ്രീകൃഷ്ണാൎജ്ജുനസംവാദേ' (ശ്രീകൃഷ്ണാൎജ്ജുനസംവാദമായ യോഗശാസ്ത്രത്തിൽ) എന്നു ഭഗവൽഗീതയ്ക്കുതന്നെ യോഗശാസ്ത്രം എന്നു പേർ വിളിച്ചിട്ടുള്ളതും യോഗത്തിന്റെ പ്രാധാന്യം നിമിത്തം തന്നെ. ശ്രീകൃഷ്ണാൎജ്ജുനസംവാദെ ജ്ഞാനശാസ്ത്രേ എന്നോ, ഭക്തിശാസ്ത്രേ എന്നോ, കൎമ്മകാണ്ഡേ എന്നോ മറെറാ ഭഗവൽഗീതയ്ക്കു പേർ കൊടുത്തിട്ടില്ല. അതുകൊണ്ടും യോഗം തന്നെ പ്രധാനവും ഭഗവൽഗീതയുടെ ജീവനും എന്നു തെളിയുന്നു.

ശിഷ്യൻ:— സ്വാമിൻ! ഭഗവൽഗീതാവ്യാഖ്യാതാക്കന്മാർ യാഗാദികൎമ്മങ്ങളെ അവശ്യം ചെയ്യേണമെന്നാണ് ഗീതയുടെ ഹൃദയം എന്നു വ്യാഖ്യാനിപ്പാൻ കാരണമെന്താണ്? സ്വാനുഭവത്തെയും യോഗാനന്ദാനുഭവപ്രമാണങ്ങളെയും എടുത്തു പ്രകടിപ്പിച്ചു മൂഢമനസ്സിനെക്കൂടി ആകൎഷിക്കുന്ന യോഗവ്യാഖ്യാനത്തിൽ അങ്ങിനെ ചെയ്യാതെ വളച്ചുതിരിച്ചു വളരെ വിസ്തരിച്ചു വിഷമകൎമ്മകാണ്ഡത്തിൽ ജനങ്ങളെ ചാടിപ്പാൻ കാരണമെന്താണ്?

ഗുരു:— കപടപ്രമാണങ്ങളാൽ മറയ്ക്കപ്പെട്ട ആനന്ദയോഗത്തെ കണ്ടുപിടിപ്പാൻ കഴിയായ്കയാൽ അവർ അങ്ങിനെ ചെയ്തതാകുന്നു. കണ്ടുപിടിപ്പാൻ കഴിയുന്നവരായിരുന്നു എങ്കിൽ ഗീതയിൽ കലൎന്നുകിടക്കുന്ന കപടപ്രമാണങ്ങളെ കളകളെപ്പോലെ കളഞ്ഞു സാരാംശത്തെ മാത്രം വ്യാഖ്യാനിപ്പാനല്ലെയൊ അവകാശമുള്ളത്?

ശിഷ്യൻ:— സ്വാമിൻ! ശങ്കരാചാൎയ്യർ യോഗാനുഭവസ്ഥനാണ് എന്ന് അങ്ങുന്നു സമ്മതിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വ്യാഖ്യാനവും കൎമ്മപരമാവാൻ കാരണമെന്ത്?

ഗുരു:— ഗീതാവ്യാഖ്യാനത്തിന്നു ശേഷമാണ് ശങ്കരാചാൎയ്യർ യോഗാനന്ദാനുഭവസ്ഥനായത്. അതിനാൽ അതിന്നുമുമ്പു ചെയ്ത വ്യാഖ്യാനം കൎമ്മപരമായതാകുന്നു.

ശിഷ്യൻ:— കപടപ്രമാണങ്ങൾകൊണ്ട് ആനന്ദയോഗം മറച്ചിട്ടുണ്ടോ?

ഗുരു:— ഉണ്ട്. കേൾക്കുക.

"പ്രയോഗാപ്യമേവകല്യാണി, യോഗമാനന്ദസഞ്ചയം
മോഹാദിഭിരപാത്രേഷു, ഉപദേഷ്ടാനരാധമഃ
ശാപോസ്തീതിശിരസ്തസ്യ സ്ഫുടത്യേവനസംശയഃ
ഇതി സഞ്ചിന്ത്യമത്പ്പാപം, സനകാദ്യാമഹർഷയഃ
ആദിനാഥാദയസ്സർവ്വേബഹിർമ്മതിയാധിയാ
ഗോപയന്തിസ്മതന്മൂലം, വ്യാജശാസ്ത്രൈസ്സുശ്ചതൽകൃതൈഃ.

എന്നു ശിവജ്ഞാനദീപികാ. സനകാദികളായ മഹർഷിമാരും ആദിനാഥൻ മുതലായ യോഗികളും സർവ്വന്മാരും അവരാൽ ഉണ്ടാക്കപ്പെട്ട കപടപ്രമാണങ്ങൾകൊണ്ട് ആനന്ദസഞ്ചയമായ യോഗത്തെ മറച്ചു എന്നാണ് ഈ പ്രമാണത്തിൻെറ സാരം. ഈ കാപട്യത്തെ അറിയായ്കയാൽ കർമ്മകാണ്ഡകപടപ്രമാണങ്ങളെ സത്യമെന്നു വിശ്വസിച്ച പണ്ഡിതന്മാർ ഇന്നും അവയെ പരത്തുന്നു. ഹിന്തുക്കളുടെ നിർഭാഗ്യംതന്നെ.

ശിഷ്യൻ:— സ്വാമിൻ! ഇവിടുത്തെ മോക്ഷപ്രദീപത്തിൽഭഗവൽഗീതാസാരവും ഹിന്തുമതസർവ്വതത്വഗ്രന്ഥസാരവും അടങ്ങിയിട്ടുണ്ടെന്ന് ഇനിക്ക് അറിയാം. എന്നാൽ ഭഗവൽഗീതാപാരായണംചെയ്താൽ മതി, മുക്തി കിട്ടും, അതിൽ കർമ്മം ചെയ്യാനാണ് പ്രധാനമായി പറഞ്ഞിട്ടുള്ളത് എന്നിങ്ങിനെ ഭഗവൽഗീതാശബ്ദത്തിൽ വളരെ ജനം ഭ്രമിക്കുന്നു. ആ ഭ്രമിക്കുന്ന കൂട്ടർക്കും ഉപകാരപ്പെടുവാൻ വേണ്ടി മാത്രം ഞാൻ ആക്ഷേപിച്ചതാകുന്നു. യോഗംകൊണ്ടു മുക്തിയില്ലെന്നു പറയുന്നതു വേദങ്ങളായാലും, ശാസ്ത്രങ്ങളായാലും, സാക്ഷാൽ ജഗദീശ്വരനായാലും ഞാനതിനെ തൃണീകരിക്കും. യോഗശാസ്ത്രകർത്താക്കന്മാർതന്നെ വന്നു യോഗംകൊണ്ടു മുക്തിയില്ലെന്നു പറഞ്ഞാലും ഞാൻ അതിനെ തൃണീകരിക്കും സംശയമില്ല. ശ്രുതികൾകൊണ്ടും യുക്തികൾകൊണ്ടും ദൃഷ്ടാന്താനുഭവങ്ങൾകൊണ്ടും ഞാൻ അത്ര തൃപ്തനായിരിക്കുന്നു.

## സാംഖ്യജ്ഞാനവൈകല്യപ്രകരണം

ശിഷ്യൻ:— യോഗംകൂടാതെ ജ്ഞാനംകൊണ്ടുമാത്രം മുക്തിയില്ലെന്നുപറവാൻ കാരണം എന്താണ്? ജ്ഞാനത്തിന്ന് എന്താ ന്യൂനതാ?

അസാദ്ധ്യഃകസ്യചിദ്യോഗഃ കസ്യചിൽജ്ഞാനനിശ്ചയഃ
ഇത്ഥംവിചാൎയ്യമാൎഗ്ഗൌദ്വൌ ജഗാദപരമേശ്വരഃ.

(എന്നു വാസിഷ്ഠം).

അൎത്ഥം— ഒരുവന്നു യോഗം അസാദ്ധ്യമായിരിക്കും, ഒരുവന്നു ജ്ഞാനം അസാദ്ധ്യമായിരിക്കും എന്നു വിചാരിച്ചിട്ടു പരമേശ്വരൻ രണ്ടുമാൎഗ്ഗങ്ങളെ പറഞ്ഞതാകുന്നു. അതുകൊണ്ടു യോഗത്തെ സ്വീകരിച്ചാലും മുക്തിയുണ്ട്. വേദാന്തസമ്പ്രദായപ്രകാരമുള്ള വിചാരജ്ഞാനത്തെ സ്വീകരിച്ചാലും മുക്തിയുണ്ടെന്നു സിദ്ധിക്കുന്നു. ഭഗവൽഗീതയിലും അങ്ങിനെ പറഞ്ഞിട്ടുണ്ട്.

യൽസാംഖ്യൈഃപ്രാപ്യതെസ്ഥാനം
തദ്യോഗൈരപിഗമ്യതെ.

അൎത്ഥം:— തത്വവിചാരംകൊണ്ട് ഏതൊരു സ്ഥാനം പ്രാപിക്കപ്പെടുന്നുവൊ അതു യോഗംകൊണ്ടും പ്രാപിക്കപ്പെടുന്നു.

ഗുരു:— ഹേ ശിഷ്യ! ആളവസ്ഥ നോക്കി ഓരെ മുക്തിമാൎഗ്ഗം ഉണ്ടാക്കുന്നതായാൽ അനവധി മുക്തിമാൎഗ്ഗം വേണ്ടിവരും. ജനങ്ങൾ അനേകതരക്കാരാകുന്നു. നീ ഇപ്പോൾ ഉദാഹരിച്ച പ്രമാണങ്ങൾകൊണ്ടു തത്വവിചാരത്തിന്നു ശക്തിയില്ലാത്തവന്നുവേണ്ടി യോഗം ഉണ്ടാക്കി, യോഗാഭ്യാസത്തിന്നു ശക്തിയില്ലാത്തവന്നുവേണ്ടി വേദാന്തശാസ്ത്രങ്ങളെ ഉണ്ടാക്കി എന്നു കാണുന്നു. ഇതു രണ്ടും അഭ്യസിപ്പാൻ ശക്തിയില്ലാത്തവന്നു വേറെ ഒരുവിധം മുക്തിശാസ്ത്രം ഉണ്ടാക്കേണമെല്ലൊ. അതാണൊ? 'കാശ്യാന്തു മരണാന്മുക്തി രഥവാ പുത്രസന്നിധൌ' അൎത്ഥം:— കാശിയിൽ ചെന്നു മരിച്ചാൽ മുക്തിയാണ് അല്ലെങ്കിൽ പുത്രന്റെ അരികിൽ മരിച്ചാൽ മുക്തിയാണ് എന്നു പറഞ്ഞിരിക്കുന്നത്?

കാവേരീതോയമാശ്രിത്യ വാതോയത്രപ്രവൎത്തതെ
തദ്ദേശവാസിനാംമുക്തിഃ കിമുതതീരവാസിനാം.

(എന്നു കാവേരീമാഹാത്മ്യം).

അൎത്ഥം:— കാവേരിയിലെ വെള്ളത്തിനെ സംബന്ധിച്ചു കാററ് ഏതുദിക്കിൽ എത്തുന്നുവൊ ആ ദിക്കുകാൎക്കുകൂടി മുക്തിയുണ്ട്. അപ്പോൾ കാവേരീതീരവാസികൾക്കു പറവാനുണ്ടൊ? (മുക്തി കയ്യൽതന്നെ എന്നു സാരം). ഇങ്ങിനെ അനേകവിധം മുക്തിമാൎഗ്ഗം കാണുന്നു. അപ്പോൾ മുക്തി വളരെ

ലഘുവായി സമ്പാദിക്കാമെല്ലോ. എന്തിനു വേദാന്തവിചാരം ചെയ്യുന്നു. എന്തിനു ചിരകാലം സംസാരവിഷയങ്ങളെ വിട്ടു യോഗാഭ്യാസം ചെയ്യുന്നു. ആവശ്യമില്ല. എന്നല്ല പണക്കാൎക്കും മൈഥുനശൂരന്മാൎക്കുമാണ് വേഗത്തിൽ മുക്തി കിട്ടുവാനുള്ള വഴി എന്നും തീൎച്ചപ്പെടുന്നു. എങ്ങിനെയെന്നാൽ കാശിക്കു പോവാൻ പണക്കാരന്ന് എളുപ്പത്തിൽ സാധിക്കും, കാവേരിക്കുപോവാനും അവനുതന്നെ എളുപ്പം. ദരിദ്രനു ലഘുവായി സാധിക്കയില്ല. ദരിദ്രനെ ഒരു സ്ത്രീ അത്രവേഗത്തിൽ അംഗീകരിക്കയില്ല. പണക്കാരനെ വേഗത്തിൽ അംഗീകരിക്കും. കാശിയാത്രയ്ക്കുള്ള സൌകൎയ്യവും പുത്രനെ ഉണ്ടാക്കുവാനുള്ള സൌകൎയ്യവും ധനികനും മൈഥുനശൂരനുമാകയാൽ അവൎക്കാണ് ലഘുമുക്തി എന്നായി. ഈ സ്ഥിതിക്കു തത്വവിചാരത്തിലും യോഗത്തിലും കഷ്ടപ്പെടുന്നവരും ആ ശാസ്ത്രകൎത്താക്കന്മാരും ഭോഷന്മാർ എന്നേ പറയേണ്ടു. നീ അങ്ങിനെ പറവാനൊ യുക്തിവിട്ടു സംസാരിപ്പാൻ തുടങ്ങിയത്. ഇപ്പോഠം നിൻെറ യുക്തി എവിടെപ്പോയി? ഞാൻ യോഗത്തിൻെറ പ്രാധാന്യത്തെ സ്ഥാപിക്കുവാൻ ഉപനിഷത്തിനെ ഉദാഹരിച്ചപ്പോഠം നീ നിരാകരിച്ച യുക്തികൂടി അതിന്നു പറഞ്ഞപ്പോഴെ തൃപ്തിപ്പെട്ടുള്ളു. അപ്രകാരം ജ്ഞാനംകൊണ്ടുമാത്രം മുക്തി കിട്ടും എന്നു പറയുന്ന വേദാന്തപ്രമാണത്തിന്നു യുക്തിയുണ്ടൊ എന്നാ ഒരു വിചാരണചെയ്തു നോക്കുക. ഋഷിപ്രോക്തമാണ്, ഈശ്വരപ്രോക്തമാണ്, ഭഗവൽഗീതയാണ് എന്നു വിചാരിച്ചു ഭ്രമിക്കേണ്ടാ. രാമൻ സുന്ദരനൊ വിരൂപനൊ എന്നു നോക്കി തീൎച്ചപ്പെടുത്തുവാൽ ദൈവം നമുക്കു നേത്രം തന്നിരിക്കുമ്പോഠം നോം മറെറാരാഠം പറഞ്ഞതിനെ എന്തിന്നു വിശ്വസിക്കുന്നു. അപ്പോലെ ഗുണദോഷങ്ങളെ തീൎച്ചപ്പെടുത്തുവാൻ നമുക്കു ദൈവം ബുദ്ധിശക്തി തന്നിരിക്കുമ്പോഠം അതിനെ ഉപയോഗിക്കാതെ കണ്ണുചിമ്പി വിശ്വസിക്കുന്നതു അന്ധപരമ്പരാന്യായമാകുന്നു. ഇതുകൊണ്ടു ഹിന്തുക്കഠംക്കു വളരെ ദോഷം നേരിട്ടിട്ടുണ്ട്. ഓരോ കാലത്ത് ഓരോ വിദ്വാന്മാർ മതത്തിനെ ഭേദം വരുത്തീട്ടുണ്ട് എന്നു ഞാൻമുമ്പു പറഞ്ഞിട്ടില്ലെ? അതാണ് അനേകവിധം മുക്തിമാൎഗ്ഗം കണ്മാനുള്ള സംഗതി. അനേക സ്വൎണ്ണഗിൽട്ടുമോതിരങ്ങളുടെ ഇടയിൽ ഒരു സ്വൎണ്ണമോതിരം കിടന്നുവെങ്കിൽ സ്വൎണ്ണത്തിൽ നോട്ടം ഉള്ളവനു മാത്രമെ അതിനെ തിരഞ്ഞെടുക്കുവാൻ സാ

ധിക്കയുള്ളു. അതിന്നു ശക്തില്ലാത്തവർ ഗിൽട്ടുമോതിരങ്ങളെ സ്വൎണ്ണമെന്നു തെററിധരിച്ച് എടുത്തുപോകുന്നു. അപ്രകാരം വിദ്വാന്മാരുടെ കൃതികളാകുന്ന ഗിൽട്ടുപ്രയോഗങ്ങളെ മോക്ഷശാസ്ത്രമാകുന്ന സ്വൎണ്ണമെന്നു തെററിധരിച്ച വളരെ ആളുകൾ വലയുന്നു. ഇങ്ങിനെ ഗിൽട്ടു സ്വൎണ്ണമെന്നു തെററിധരിച്ച സ്വൎണ്ണത്തെ ഉപേക്ഷിക്കുമ്പോലെയും ദേഹത്തെ ആത്മാവെന്നു തെററിധരിച്ച് ആത്മാവിനെ അറിയാതെ അലഞ്ഞു ദുഃഖിക്കുമ്പോലെയും ദുർബ്ബലപ്രമാണത്തെ മോക്ഷശാസ്ത്രമെന്നു തെററിധരിച്ച വാസ്തവത്തിലുള്ള മോക്ഷശാസ്ത്രത്തെ വിട്ടു ജനങ്ങൾ വളരെ അലഞ്ഞു ദുഃഖിക്കുന്നു. അതുകൊണ്ടു യുക്തിയുക്തമായി ആലോചിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു.

ശിഷ്യൻ:— സ്വാമിൻ! വേദാന്തശാസ്ത്രപ്രകാരമുള്ള ജ്ഞാനംകൊണ്ടും മുക്തിയുണ്ട് എന്നു സിദ്ധാന്തിക്കുന്നതിൽ എന്താ യുക്തിഭംഗം? മനസ്സു ലയിച്ചതിന്നുശേഷമുള്ള ജ്ഞാനംതന്നെയാണ് അപരോക്ഷജ്ഞാനം. അതുതന്നെയാണ് അദ്വൈതം എന്നു യോഗത്തിൽ പറഞ്ഞപോലെ തന്നെയാണ് വേദാന്തത്തിലും പറഞ്ഞിട്ടുള്ളത്. അതിന്നു പ്രമാണം.

'സുഷുപ്താവിവജലേലവണവൽ ബ്രഹ്മണി വിലീനാന്തഃകരണസ്യ നിർവ്വിശേഷം സ്ഥിതവതഃ അസ്യ മഹാത്മനഃ നിർവ്വിശേഷം യൽജ്ഞാനം സ്വയമേവ സ്ഫുരതി സഏവാപരോക്ഷാനുഭവഃ' എന്നു വാസുദേവമനനം.

അർത്ഥം:— വെള്ളത്തിൽ ഉപ്പു ലയിച്ചാൽ ഉപ്പ് എന്ന ഒരു വസ്തു വേറിട്ടില്ല. ജലാകാരം മാത്രമെ ഉള്ളു. സുഷുപ്തിയിൽ മനസ്സു ലയിച്ചാലും ഭേദജ്ഞാനം കാണുന്നില്ല. അപ്പോലെ ബ്രഹ്മത്തിൽ മനസ്സു ലയിച്ച താനെന്നും അന്യമെന്നും ഉള്ള ഭേദജ്ഞാനം മറന്ന് ഇരിക്കുന്ന കേവലാവസ്ഥയുണ്ടല്ലൊ അതാണ് അപരോക്ഷാനുഭവം. ഈ അനുഭവത്തെത്തന്നെയാണ് ഇവിടുന്നു യോഗംകൊണ്ടും പ്രതിപാദിച്ചത്. അതുകൊണ്ടു വേദാന്തംകൊണ്ടു സിദ്ധിക്കുന്നതുതന്നെ യോഗംകൊണ്ടു സിദ്ധിക്കുന്നത്. യോഗംകൊണ്ടു സിദ്ധിക്കുന്നതുതന്നെ വേദാന്തംകൊണ്ടു സിദ്ധിക്കുന്നത് എന്നു തീർച്ചപ്പെട്ടു. അതുകൊണ്ടു വേദാന്തി, യോഗംകൊണ്ടു സാരൂപ്യമുക്തിയെ ഉള്ളു സായുജ്യമുക്തിയില്ലെന്നു പറയുന്നതും യോഗത്തെ

ഭൂഷിക്കുന്നതും യോഗത്തിൻെറ ആന്തരംഗം മനസ്സിലാക്കാതെ ബഹിരംഗമായ ക്രിയായോഗത്തെ കണ്ടു തെററിധരിച്ചു പറഞ്ഞതാണ് എന്നു തീൎച്ചയായി. അപ്പോലെ നിദിധ്യാസനം എന്ന ഒന്ന് ഉണ്ടെന്നു മനസ്സിലാക്കാതെ ശ്രവണമനനങ്ങൾ മാത്രമെ വേദാന്തത്തിലുള്ളു എന്നു മനസ്സിലാക്കി യോഗി വേദാന്തത്തെയും ഭൂഷിക്കുന്നതാണ് എന്നും തീൎച്ചയായി.

ഗുരു:—ഹേ ശിഷ്യ! 'നിദിധ്യാസനം നാമ സദേകാൎത്ഥവൃത്തി പ്രവാഹഃ' അൎത്ഥം:—ബ്രഹ്മത്തിൽതന്നെ മനസ്സ് അവിച്ഛിന്ന തൈലധാരപോലെ നില്ക്കുന്നതാകുന്നു നിദിധ്യാസനം എന്നു പറയുന്നത്. അപ്പോൾ നിദിധ്യാസനം മനസ്സിൻെറ വ്യാപാരമല്ലെ? മനസ്സിനേയൊ അനാത്മാവായി വേദാന്തത്തിൽ പിരിച്ചു തള്ളിക്കളഞ്ഞു എന്നു മാത്രമല്ല മനസ്സിൻെറ വ്യാപാരം ആത്മാവിന്നു സംബന്ധിക്കയില്ലെന്നും തീൎച്ചപ്പെടുത്തി. അതിന്നു പ്രമാണം. 'സച്ചിദാനന്ദസ്യാത്മനഃ അനൃത ജഡദുഃഖ സ്വരൂപകാന്തഃകരണധൎമ്മ രണുമാത്ര സംബന്ധോ നാസ്തി' (എന്നു വാസുദേവമനനം). അൎത്ഥം:—സത്തായും ചിത്തായും ആനന്ദമായും ഇരിക്കുന്ന ആത്മാവിന്ന് അസത്തായും അചേതനമായും ദുഃഖസ്വരൂപമായും ഇരിക്കുന്ന മനസ്സിൻെറ വ്യാപാരങ്ങളോട് അണുവോളവും സംബന്ധമില്ല. ഇങ്ങിനെ സംബന്ധമില്ലാത്ത മനസ്സിൻെറ നിദിധ്യാസനം എന്തിന്? ലയം എന്തിന്? അപ്പോൾ മനസ്സിനെ ലയിപ്പിക്കേണമെന്നു പറഞ്ഞതുതന്നെ അസംബന്ധമല്ലെ? ഒരു ദുഷ്ടൻ ചെയ്യുന്ന പുണ്യപാപങ്ങളൊ അവൻെറ നിദ്രയൊ മറെറാരു സൽപുരുഷനു സംബന്ധിക്കയില്ലല്ലൊ. അത് ഇരിക്കട്ടെ, ആത്മാവിൽ അനാത്മാവു ലയിക്കുമൊ? അതും അസംബന്ധമല്ലെ? പിന്നെ 'അയമാത്മാബ്രഹ്മ' എന്ന മഹാവാക്യത്താൽ ഈ ആത്മാവു ബ്രഹ്മമാകുന്നു എന്നു തീൎച്ചപ്പെടുത്തുകയും ചെയ്തു. അതു സത്യമാണെങ്കിൽ മനസ്സിൻെറ മനനനിദിധ്യാസങ്ങൾ എന്തിന്ന്? ബ്രഹ്മത്തിന്നു ബ്രഹ്മമാകുവാൻ വേലചെയ്യേണമൊ? സ്വൎണ്ണത്തിന്നു സ്വൎണ്ണമാകുവാനൊ സ്ത്രീക്കു സ്ത്രീയാകുവാനൊ പുരുഷന്നു പുരുഷനാകുവാനൊ മനനാദിയത്നം ചെയ്യേണമൊ? പക്ഷെ അങ്ങിനെ ചെയ്യേണമെന്നു വിധി

ക്കുന്ന പക്ഷം ആയതു മറെറാരാൾ ചെയ്താൽ മതിയൊ? അപ്ര കാരമല്ലെ, സംബന്ധമില്ലാത്ത അനാത്മാവായ മനസ്സുചെയ്യു ന്ന മനനനിദിധ്യാസങ്ങൾ ആത്മാവിന്നും? ആത്മാനാത്മവി ചാരത്തിൽ മനസ്സിനെ അനാത്മാവായി തള്ളിയില്ലെ. നോക്കുക.

'ഇദം മമശരീരം അയം മമപ്രാണഃ ഇദം മമമനഃ ഇയം മമബുദ്ധിഃ ഇതി ഇദംമമേതി ബുദ്ധിവിഷയത്വാൽ ശരീരാദി രൂപ പഞ്ചകോശാ ആത്മാ ന ഭവന്തി കിന്തുപശ്വാദി വദനാ ത്മൈവ പശ്വാദീനാം ക്ഷയവൃദ്ധിവികാരാഃ തൽസ്വാമിനംദ്ര ഷ്ടാരം യഥാ നസ്പൃശന്തി ഏവം ശരീരാദി പഞ്ചകോശ വി കാരാഃ ദ്രഷ്ടാരമാത്മാനം മാം കദാപിനസ്പൃശന്തി' എന്നു വാ സുദേവമനനം.

അൎത്ഥം:—ഇത് എന്റെ ശരീരം, ഇത് എന്റെ പ്രാ ണൻ, ഇത് എന്റെ മനസ്സ്, ഇത് എന്റെ ബുദ്ധി, ഇത് എ ന്റെ ജ്ഞാനം. ഇങ്ങിനെ ഇത് എന്റെ എന്ന് അറിയുന്ന തുകൊണ്ട് ഇതു വേറെ ഞാൻ വേറെ എന്നു സിദ്ധിക്കുന്നു. അ തുകൊണ്ടു ശരീരവും, പ്രാണനും, മനസ്സും, ബുദ്ധിയും, ജ്ഞാന വും പഞ്ചകോശങ്ങൾ ആകുന്നു. അവ ആത്മാവല്ല. അവ പശു മുതലായവയെപ്പോലെ അനാത്മാവുതന്നെ (എന്നിൽ നിന്നു വേറിട്ട വസ്തുക്കൾതന്നെ). പശു മുതലായ ജന്തുക്കൾ ചത്തുപോകയൊ വൎദ്ധിക്കയൊ തടിക്കുകയൊ മെലിയുകയൊ ചെയ്യുമ്പോൾ ആ വികാരങ്ങൾ അവയെ കണ്ടുകൊണ്ടിരിക്കു ന്ന സ്വാമിയെ സ്പൎശിക്കുന്നില്ല. (എന്നാൽ പശു ചത്തതുകൊ ണ്ട് അതു കണ്ടുകൊണ്ടിരിക്കുന്ന സ്വാമി ചാകുന്നില്ല. പശു മെലിഞ്ഞതുകൊണ്ട് അതു കണ്ടുകൊണ്ടിരിക്കുന്ന സ്വാമി മെ ലിയുകയില്ലാ എന്നു സാരം).

നനഭോഘടയോഗേന സുരാഗന്ധനലിപ്യതെ
തഥാത്മോപാധിയോഗേനതദ്ധൎമ്മൈന്നൈവലിപ്യതെ.
ഛായയാസ്പൃഷ്ടമുഷ്ണംവാ ശീതംവാസുഷ്ഠുദുഷ്ഠുവാ
നസ്പൃശത്യേവയൽകിഞ്ചിൽ പുരുഷം തദ്വിലക്ഷണം.

(എന്നു വിവേകചൂഡാമണി).

അൎത്ഥം:—കുടത്തോടൊ മദ്യഗന്ധത്തോടൊ ആകാശ ത്തിന്നു സംബന്ധമില്ല. അപ്രകാരം ശരീരത്തിന്റെയൊ മന

സ്സിൻേറയൊ യോഗംകൊണ്ട് അവയുടെ വ്യാപാരങ്ങൾ ആത്മാവിന്ന സംബന്ധിക്കയില്ല. ഒരു പുരുഷൻെറ നിഴൽ ഉഷ്ണത്തെ സ്പൎശിച്ചാലും തണുപ്പിനെ സ്പൎശിച്ചാലും അമേദ്ധ്യത്തെ സ്പൎശിച്ചാലും നല്ലതിനെ സ്പൎശിച്ചാലും അത് ഒന്നും അല്പവും പുരുഷനെ സ്പൎശിക്കയില്ല. എന്തുകൊണ്ടെന്നാൽ നിഴലല്ല പുരുഷൻ (നോം നടക്കുമ്പോൾ നമ്മുടെ നിഴൽ കല്ലിലും മുള്ളിലും അമേദ്ധ്യത്തിലും മററും സ്പൎശിക്കുന്നുണ്ട്. അതുകൊണ്ടു നമുക്കു ഉപദ്രവാദികൾ ഒന്നും ഇല്ല. ഇതുപോലെ മനസ്സും ശരീരവും ചെയ്യുന്നത് ഒന്നും ആത്മാവിന്നു ബാധകമല്ലാ എന്നു സാരം) ഇങ്ങിനെ വേദാന്തത്തിൽ തീൎച്ചപ്പെടുത്തിയതുകൊണ്ട് ഇന്ദ്രിയങ്ങളും മനസ്സും ശരീരവുംകൂടി കല്പിച്ചുകൂട്ടി കലക്കുററംചെയ്താലും എന്തുചെയ്താലും ആത്മാവിന്നു ബാധകമില്ലാ എന്നു സിദ്ധിക്കുന്നു. ഇങ്ങിനെ അനുസരിച്ച് ഇപ്പോൾ വേദാന്തികൾ പല ദുൎവ്യാപാരങ്ങളും ചെയ്തും കാണുന്നു. അവരോടു ചോദിക്കുമ്പോൾ മേല്പറഞ്ഞ പ്രമാണങ്ങളെ ഉദാഹരിക്കുന്നു. പോരെങ്കിൽ ഭഗവൽഗീതയേയും ഉദാഹരിക്കുന്നു. 'നായം ഹന്തി ന ഹന്യതെ' അൎത്ഥം:—ആത്മാവ് ആരെയും കൊല്ലുന്നില്ല, ആരും ആത്മാവിനേയും കൊല്ലുന്നില്ല. കൃഷ്ണൻ മേല്പറഞ്ഞപ്രകാരം ഉദാഹരിച്ച് അൎജ്ജുനനെക്കൊണ്ടു ഗുരുജനഹിംസകൂടി ചെയ്യിച്ചിരിക്കുന്നുപോൽ. മനോവ്യാപാരമൊന്നും ആത്മാവിന്നു സംബന്ധിക്കില്ലെന്നു വേദാന്തികൾ തീൎച്ചപ്പെടുത്തിയ സ്ഥിതിക്കും മനസ്സിനെ അനാത്മാവായി തള്ളിയ സ്ഥിതിക്കും മനോവ്യാപാരങ്ങളായ മനനനിദിധ്യാസങ്ങൾ നിഷ്പ്രയോജനമായിരിക്കുന്നുവെല്ലൊ.

ശിഷ്യൻ:—സ്വാമിൻ! ബ്രഹ്മൈവേദം വിശ്വമിത്യേവ വാണീശ്രൌതീബ്രൂതെ', 'ബ്രഹ്മൈവജീവഃ സകലം ജഗച്ച' എന്നു വിവേകചൂഡാമണി എന്ന വേദാന്തഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. അൎത്ഥം:— (ഈ സകലപ്രപഞ്ചവും ബ്രഹ്മം തന്നെ എന്നു ശ്രുതി പറയുന്നു. ജീവനും സകലജഗത്തും ബ്രഹ്മംതന്നെ). ഇങ്ങിനേയും പറഞ്ഞിട്ടുണ്ട്. ഈ സ്ഥിതിക്കു മനസ്സിനെ ലയിപ്പിക്കേണ്ടതും അതിന്നു നിദിധ്യാസനം വിധിച്ചതും സപ്രയോജനമായിരിക്കുന്നില്ലേ?

ഗുരു:— എന്നാലൊ മനസ്സും ബ്രഹ്മമല്ലെ? അതിനെ അനാത്മാവായി ആദിയിൽ പിരിച്ചുതള്ളിയത് അസംബന്ധമല്ലെ? അപ്രകാരം മനസ്സിനെ അനാത്മാവാണെന്നു നിഷേധിച്ച് അത് എന്തൊ ചെയ്തുകൊള്ളട്ടെ. ആത്മാവിന്നു ബാധകമല്ലെന്നു കല്പിക്കയാൽ എത്ര പുരുഷന്മാരും സ്ത്രീകളും അകൃത്യം പ്രവൃത്തിച്ചു കെട്ടുപോകുന്നു; സ്വപ്നത്തിൽകൂടി അകൃത്യം പ്രവൃത്തിപ്പാൻ നിൎവ്വാഹമില്ലാത്ത വിധത്തിലല്ലെ ഒരുശാസ്ത്രം ശാസിക്കേണ്ടത്.

ശിഷ്യൻ:— സ്വാമിൻ! രാഗദ്വേഷാദി പതിമൂന്നു വൃത്തികളും ചീത്തയാണെന്നും അവയെ ദൂരെ നീക്കേണ്ടതാണെന്നും സാധന ചതുഷ്ടയസമ്പത്തി വേണമെന്നും വേദാന്തശാസ്ത്രത്തിൽ കല്പിച്ചിട്ടില്ലെ? അപ്പോൾ അകൃത്യം ചെയ്വാൻ അവകാശമുണ്ടൊ? അതു വേദാന്തശാസ്ത്രത്തിന്നു സമ്മതമായിരിക്കുമൊ? ഇല്ല. പിന്നെ ജനങ്ങൾ വല്ലതും കാണിക്കുന്നതിന്നു ശാസ്ത്രമൊ പിഴച്ചത്?

ഗുരു:— ഹേ ശിഷ്യ! മനസ്സ് അനാത്മാവാകുന്നു. മനസ്സിന്റെയും ശരീരത്തിന്റെയും ദുഷ്പ്രവൃത്തിയും സൽപ്രവൃത്തിയും ആത്മാവിന്നു ബാധകമല്ലെന്നു കല്പിച്ചതുകൊണ്ടു സാധനചതുഷ്ടയസമ്പത്തി വേണമെന്നും രാഗദ്വേഷാദികൾ അരുതെന്നും വേദാന്തത്തിൽ കല്പിച്ച കല്പന ദുൎബ്ബലപ്പെട്ടുപോയി. ജലം താണപ്രദേശത്തേക്ക് ഒഴുകുന്നതുപോലെ മിക്കജനമനസ്സും വിഷയമാകുന്ന പടുകുഴിയിൽ പതിച്ചുംകൊണ്ട് ഇരിക്കുന്നു. ആ പതനം ശരിയാണെന്നു വാദിച്ചു പിന്നെയും പിന്നെയും പതിക്കുവാൻ ഒരു ശാസ്ത്രംകൂടി കിട്ടിയാൽ പറയേണ്ടതുണ്ടൊ? ഒരിക്കൽ ഒന്നിനെ അനാത്മാവാക്കി തള്ളുകയും പിന്നെ അതിനെത്തന്നെ ആത്മാവായി സ്വീകരിക്കയും ചെയ്യുന്നതു യുക്തമൊ? വാസ്തവത്തിൽ എല്ലാം ആത്മാവാകുന്നു എങ്കിൽ അങ്ങിനെതന്നെയല്ലെ എല്ലായ്പോഴും പ്രതിപാദിക്കേണ്ടത്. അനാത്മാവായിട്ടുള്ളതിനെ എല്ലായ്പോഴും അനാത്മാവ് എന്നുതന്നെ പ്രതിപാദിക്കേണം. ജഗത് എല്ലാം ബ്രഹ്മംതന്നെ എന്നു തീൎച്ചപ്പെടുത്തിയസ്ഥിതിക്കു ദുൎയ്യോധനാദികളെ കൊല്ലിച്ചതും അന്യായമല്ലെ? ദുൎയ്യോധനാദികളും ബ്രഹ്മംതന്നെയല്ലെ? ദുൎയ്യോധനാദിവധം ബ്രഹ്മഹത്യയിൽ പെടുമല്ലൊ. രാവണാ

ദിരാക്ഷസന്മാരുടെ വധവും ബ്രഹ്മഹത്യയിൽ പെടുമെല്ലൊ. ദു ഷ്ടന്മാരായിട്ടും ആരും ഇല്ലല്ലൊ. വ്യഭിചരിക്കുന്നവരും കലക്കു റവം ചെയ്യുന്നവരും കക്കുന്നവരും സൎവ്വന്മാരും ബ്രഹ്മംതന്നെ. ദണ്ഡനീയന്മാരായ്ട്ട് ആരും ഇല്ല. ദുഷ്ടന്മാരാണെന്നുവെച്ച് അവരെ വധിപ്പാൻ കൃഷ്ണാദികൾ അവതരിപ്പാനും ആവശ്യ മില്ല.

ശിഷ്യൻ:— വേദാന്തത്തിനെ യുക്തിയുക്തമായി സ്ഥാപി പ്പാൻ എന്നെക്കൊണ്ടു സാധിക്കയില്ല.

ഗുരു:— നിന്നെക്കൊണ്ട് എന്നല്ല വേദാന്തികളെക്കൊ ണ്ടും സാധിക്കയില്ല. വേദാന്തശാസ്ത്രത്തെ വിശ്വസിച്ചു നിത്യ മുക്തന്മാരാണെന്നു തൃപ്തിപ്പെട്ടുകൊണ്ടിരിക്കുന്ന അനേക വേ ദാന്തികളോട്, മുക്തി ആൎക്കാകുന്നു? ആത്മാവിന്നൊ അനാ ത്മാവിന്നൊ? എന്നും മററും ഞാൻ ചോദിച്ചതിന്ന് ഇതുവ രെ ഒരു വേദാന്തിക്കും യുക്തിയുക്തമായി ഉത്തരം പറവാൻ ക ഴിഞ്ഞിട്ടില്ല. ഒരുവൻ അത്യാശയോടെ പണം സമ്പാദിക്കു മ്പോൾ ആൎക്കാ നീ പണം സമ്പാദിക്കുന്നത്? നിണക്കുവേണ്ടി യൊ അന്യനുവേണ്ടിയൊ എന്നു ചോദിച്ചാൽ ഒന്നുകിൽ ഇ നിക്കുവേണ്ടി, അല്ലെങ്കിൽ അന്യനുവേണ്ടി എന്ന് ഉത്തരം പ റയേണ്ടതല്ലയൊ? അപ്രകാരമല്ലെ ആത്മാവിന്നൊ മുക്തി അനാത്മാവിന്നൊ മുക്തി എന്നു ചോദിച്ചാൽ ഒന്നുകിൽ ആ ത്മാവിന്ന്, അല്ലെങ്കിൽ അനാത്മാവിന്ന് എന്ന് ഉത്തരം പ റയേണ്ടതല്ലെ. ഇതിന്നു കഴിയാത്ത കൂട്ടരുടെ ജ്ഞാനം എന്തു ജ്ഞാനമാണ്?

ശിഷ്യൻ:— സ്വാമിൻ! ഇവിടേക്കും വേദാന്തികൾക്കും ത മ്മിൽ പ്രശ്നോത്തരങ്ങൾക്കു കാരണമെന്താണ്? ആ പ്രശ്നോ ത്തരങ്ങൾ എന്തെല്ലാമാണ്? എനിക്കു കേട്ടാൽ കൊള്ളാം.

ഗുരു:—വേദാന്തികൾ യോഗംകൊണ്ടു മുക്തിയില്ലെന്നു പറഞ്ഞു ദുഷിക്കുന്നതിന്റെ നിവാരണത്തിന്നുവേണ്ടി ചില ചോദ്യംചെയ്തു. അതാണ് കാരണം. താഴെ കാണിക്കുംപ്രകാ രമാണ് ചോദ്യോത്തരങ്ങൾ. എന്റെ ചോദ്യം: ആത്മാവി ന്നൊ മുക്തി മനസ്സിന്നൊ മുക്തി? വേദാന്തികളുടെ ഉത്തരം: മുക്തി ആത്മാവിന്നാകുന്നു. ചോദ്യം; ആത്മാവു നിൎവ്വികാരി

യും നിത്യമുക്തനും ആകുന്നു എന്നു വേദാന്തത്തിൽതീച്ചപ്പെടുത്തിയിരിക്കുന്നു. അപ്പോൾ ആത്മാവിന്നു മുക്തി ആവശ്യമില്ലല്ലൊ. ഉത്തരം: മനസ്സിന്നാണ് മുക്തി. ചോദ്യം മനസ്സിനെ ഈ സ്ഥൂലദേഹംപോലെ ജഡമായ അനാത്മാവായിട്ടല്ലെ വേദാന്തത്തിൽ പിരിച്ചു തള്ളിയിരിക്കുന്നത്. ആ സ്ഥിതിക്കു മനസ്സിന്നും മുക്തിക്ക് അഹ്ഹതയില്ലല്ലൊ. പിന്നെ ആൎക്കു മുക്തി? ഉത്തരം: ജീവാത്മാവിന്നാണ് മുക്തി. ചോദ്യം: വേദാന്തത്തിൽ ആത്മാവെന്നും അനാത്മാവെന്നും രണ്ടു പദാൎത്ഥത്തെ മാത്രമെ സ്വീകരിച്ചിട്ടുള്ളു. മൂന്നാമതായി ജീവാത്മാവ് എന്ന് ഒരു പദാൎത്ഥംകൂടി എടുക്കേണമെ? ഇരിക്കട്ടെ. ആ ജീവാത്മാവ് ആത്മാവിൽപെട്ടതൊ അനാത്മാവിൽ പെട്ടതൊ രണ്ടും കെട്ടതൊ? ഉത്തരം: കുളത്തിൽ പ്രതിഫലിച്ചിരിക്കുന്ന സൂൎയ്യപ്രതിബിംബം പോലെയും കണ്ണാടിയിൽ പ്രതിബിംബിച്ചിരിക്കുന്ന മുഖത്തിന്റെ പ്രതിബിംബംപോലെയും അന്തഃകരണത്തിൽ (മനസ്സിൽ) പ്രതിബിംബിച്ചിരിക്കുന്ന ആത്മപ്രതിബിംബമാകുന്നു ജീവാത്മാവ് എന്നു പറയുന്നത്. ചോദ്യം: പ്രതിബിംബം വാസ്തവത്തിലില്ലാത്തതാകുന്നു. ഒരു കുളത്തിൽ സൂൎയ്യബിംബം നിഴലിക്കാറുണ്ട്. എന്നാൽ കുളത്തിന്റെ ഉള്ളിൽ അതിനെ തപ്പിനോക്കിയാൽ കിട്ടുകയില്ല. കുളത്തിന്റെ ഉള്ളിൽ സൂൎയ്യബിംബം പ്രവേശിച്ചിട്ടില്ലല്ലൊ. പിന്നെ എങ്ങിനെ കിട്ടും? കണ്ണാടിയുടെ ഉള്ളിലും മുഖം ഇല്ല. അപ്പോലെ ജീവാത്മാവും പ്രതിബിംബമാണെന്നു പറയുന്നപക്ഷം വാസ്തവത്തിലില്ലാത്തതാകുന്നു. അതുകൊണ്ടു ജീവാത്മാവിന്നു മുക്തി എന്നു പറഞ്ഞതും ഘടിക്കുന്നില്ല. എന്നല്ല രൂപംഉള്ള വസ്തുമാത്രമെ പ്രതിബിംബിക്കയുള്ളു. ആത്മാവിനെ അരൂപൻ എന്നു തീച്ചപ്പെടുത്തിയിരിക്കുമ്പോൾ എങ്ങിനെപ്രതിബിംബിക്കും? അതും അസംബന്ധമല്ലെ. ഉത്തരം: ജീവാത്മാവിനെ പ്രതിബിംബപക്ഷമായി സ്വീകരിച്ചതുകൊണ്ടാണ് ഈ വൈഷമ്യം. അതുകൊണ്ട് അവച്ഛിന്നപക്ഷമായി സ്വീകരിക്കേണം. ചോദ്യം: ഉത്തരം മുട്ടുമ്പോൾ മറെറാന്നു പറയുന്നതുകൊണ്ടു യഥാൎത്ഥം അറിയായ്കയാൽ യുക്തി വിട്ടു സംസാരിക്കുന്നതാണ് എന്നല്ലെ എതുകക്ഷി വിചാരിക്കുക. ഇരി

ക്കട്ടെ. അവച്ഛിന്നപക്ഷം എന്നാൽ എന്താണ്? ഉത്തരം:മഠാകാശം (മഠത്തിൻെറ ഉള്ളിൽപെട്ട ആകാശം) പോലെയാണ് ജീവാത്മാവ് എന്നു പറയുന്നത്. (എന്നാൽ ആകാശം ഖണ്ഡിക്കപ്പെട്ടവാൻ നിർവ്വാഹമില്ലാത്ത വസ്തുവാണെങ്കിലും മഠത്തിൻെറ ഉള്ളിലും ഇരിക്കുന്നതുകൊണ്ടു മഠത്താൽ ഖണ്ഡിതവസ്തുവായി മഠാകാശം എന്നു പറയുമ്പോലെ ആത്മാവു ഖണ്ഡനീയവസ്തുവല്ലെങ്കിലും ദേഹത്തിൻെറ ഉള്ളിലും ഇരിക്കുന്നതുകൊണ്ടു . ദേഹാവച്ഛിന്നൻ എന്നു പറയുന്നു. ദേഹത്തിൻെറ ഉള്ളിൽ ഇരിക്കുന്നതുകൊണ്ടു ജീവാത്മാവെന്നു പറയുന്നു എന്നു സാരം. ഇതാണ് അവച്ഛിന്നപക്ഷം. ചോദ്യം: അങ്ങിനെ ആയാലും ഒരു ആത്മാവെ ഉള്ളു. എങ്ങിനെയെന്നാൽ മഹാകാശത്തിൽ ഒരു മഠം ഇരുന്നതുകൊണ്ടു മഠാകാശം എന്ന് ഒരു പേർവിളിച്ചു എന്നല്ലാതെ രണ്ടാകാശം ഉണ്ടെന്നു പറഞ്ഞുകൂടാ. വിഷ്ണുഎന്നും നാരായണൻഎന്നും പറയുമ്പോൾ ഒരുവസ്തുവിനെ അല്ലാതെ രണ്ടു വസ്തുവിനെ ഗ്രഹിപ്പാൻ പാടില്ലാ. അപ്പോലെ പരമാത്മാവ് ഒന്നു വേറെ ജീവാത്മാവ് ഒന്നു വേറെ എന്ന് അർത്ഥം എടുത്തുകൂടാ. അതുകൊണ്ട് അവച്ഛിന്നപക്ഷത്തെ സ്വീകരിച്ചാലും ജീവാത്മാവിന്നാണ് മുക്തി എന്നു പറയുന്നതു ഘടിക്കുന്നില്ലല്ലൊ. പിന്നെ ആൎക്കു മുക്തി? ഉത്തരം: ഉപാധിയായ അന്തഃകരണം (മനസ്സു) ദേഹം ഇവ ചെയ്യുന്നതിനെ താനാണ് ചെയ്യുന്നത് എന്ന് ആത്മാവിന്നു തോന്നിയതുകൊണ്ട് ആത്മാവിന്നു ബന്ധം ഭവിച്ചു ജീവൻ എന്ന ഒരു പേരും സിദ്ധിച്ചു. ആത്മാനാത്മവിചാരംകൊണ്ടു താനല്ല ചെയ്യുന്നത് ഉപാധിയാണ് ചെയ്യുന്നത് എന്ന് അറിയുമ്പോൾ ആത്മാവ് മുക്തനായി. ചോദ്യം: ഏ എന്നവൻ മദ്യം കടിച്ചാൽ ബി എന്നവന്നു ലഹരി ഉണ്ടാകയില്ല. ഞാനാണ് മദ്യം കടിച്ചത് എന്നു ബി എന്നവന്നു തോന്നുകയും ഇല്ല. മദ്യലഹരീദോഷം നീങ്ങിട്ടവാൻവേണ്ടി ബി എന്നവൻ പ്രത്യൌഷധം സേവിക്കയും വേണ്ട. ഏ എന്നവൻ കടിച്ചതുകൊണ്ടു ബി എന്നവൻ കട്ടിക്കരണം കത്തുകയൊ വീഴകയോ ഇല്ല. മൂക്കൊ മുഖമോ മററോ പൊട്ടിഉടയുകയുംഇല്ല. അപ്പോലെ അനാത്മാ

വായ ദേഹം മുതലായതു ചെയ്യുന്നതു താനാണ് ചെയ്യുന്നത് എന്ന് ആത്മാവിന്നു തോന്നുവാൻ ഇടയില്ല. പിന്നെ എങ്ങിനെ ആത്മാവിന്നു ബന്ധം ഭവിക്കും? ഭവിക്കയില്ല. മോക്ഷത്തിന്നു ശ്രമിക്കേണ്ട. പിന്നെ ആൎക്കു മുക്തി? ഉത്തരം: നാം ഒരു തോണിയിൽ സമുദ്രയാത്ര ചെയ്യുമ്പോൾ സമുദ്രക്കരയിലുള്ള വൃക്ഷങ്ങളും ഓടുന്നു എന്നു തോന്നുന്നു. ആപ്പീസ്സിൽവെച്ചു തീവണ്ടിയുടെ മാററസമയത്തിൽ നാം ഇരിക്കുന്ന വണ്ടി നില്ക്കുന്നു എങ്കിലും അതിന്നരികെയുള്ള വണ്ടി പായുമ്പോൾ നോം ഇരിക്കുന്ന വണ്ടി പായുമ്പോലെ നമുക്കു തോന്നുന്നു. അപ്പോലെതന്നെ അനാത്മാവായ ദേഹാദി ചലിക്കുമ്പോൾ ആത്മാവു ചലിക്കുന്നു എന്നു ആത്മാവിന്നു തോന്നിപ്പോയി. അപ്പോൾ ബന്ധത്തിന്നും ഇടയായി മോക്ഷത്തിന്നും ശ്രമിക്കേണ്ടി വന്നു. ആ തോന്നലിനെ ആത്മാനാത്മവിചാരംകൊണ്ടു വിടുന്നതുതന്നെയാണ് മുക്തി. ചോദ്യം: തോണി ഓടുമ്പോൾ കരയിലുള്ള വൃക്ഷാദികളും ഓടുമ്പോലെ തോന്നിയതും പാൎശ്വത്തിലുള്ള തീവണ്ടി ഓടുമ്പോൾ നോം ഇരിക്കുന്ന വണ്ടി പായുമ്പോലെ തോന്നിയതും മനസ്സിന്നാകുന്നു ആത്മാവിന്നു തോന്നലിന്നെ അവകാശമില്ലല്ലൊ. ആത്മാവു നിൎവ്വികാരി എന്നല്ലെ വേദാന്തത്തിൽ പറയുന്നത്. മഠം തന്നിൽ ഇരിക്കുന്നതുകൊണ്ടു മഠാകാശത്തിന്നു വല്ല വികാരം ഉണ്ടൊ? ഇല്ല. അപ്പോലെ ദേഹത്തിൽ ഇരിക്കുന്നതുകൊണ്ട് ആത്മാവിന്നും ഒരു വികാരത്തിന്നും അവകാശമില്ലല്ലൊ. മനസ്സു മുതലായ ഇന്ദ്രിയങ്ങളും ആത്മാവിന്ന് ഇല്ല എന്നാണ് വേദാന്ത സിദ്ധാന്തം. അതുകൊണ്ട് ഒരു തോന്നലിന്നും ഭ്രമത്തിന്നും ബന്ധത്തിന്നും മുക്തിക്കും അവകാശമില്ല. മനസ്സിനെയൊ അനാത്മാവായി തള്ളി. അതുകൊണ്ട് അതിന്നും മുക്തിയില്ലെന്നു വേദന്തം സിദ്ധാന്തിച്ചു. പിന്നെ ആൎക്കു മുക്തി? ഈ ചോദ്യത്തിന്ന് ഇതുവരെ വേദാന്തികൾക്ക് ഉത്തരം പറവാൻ കഴിഞ്ഞിട്ടില്ല. ചില വേദാന്തികൾ ആൎക്കു മുക്തി വേണം എന്നു തോന്നിയൊ അവൎക്കാണ് മുക്തി എന്ന് ഒന്നിലും സംബന്ധിക്കാതെ ഉത്തരം പറകയുണ്ടായി. അപ്പോൾ എന്റെ ചോദ്യം: ആൎക്കാണ് ആ തോ

ന്നിയത്? ആത്മാവിന്നോ അനാത്മാവിന്നോ? അപ്പോൾ ഉത്തരം ഒന്നും ഇല്ല. ചോദ്യം: ആരുടേയും ആത്മാവ് ഒന്നും പ്രവൃത്തിക്കുന്നില്ല. എല്ലാ പ്രാണികളുടേയും ഉപാധിയായ മനസ്സും ദേഹവുമാണ് പുണ്യപാപങ്ങളെ ചെയ്യുന്നതും ശ്രവണമനനാദികളെ ചെയ്യുന്നതും. ഉപാധി ചെയ്യുന്നത് ആത്മാവിന്നു ബാധകവും അല്ല. ഞാനാണ് ചെയ്യുന്നത് എന്ന് ആത്മാവിന്നു തോന്നുവാൻ ആത്മാവിന്നു കരണങ്ങളും (മനസ്സുമുതലായയതും)ഇല്ല. ഈ സ്ഥിതിക്കു മാതൃഹത്യാ പിതൃഹത്യാ ബ്രഹ്മഹത്യാദികളായ അസംഖ്യം പാപങ്ങൾ ചെയ്ത പാപികളും ശ്വാക്കളും ഗോക്കളും സകല പ്രാണികളും മുക്തന്മാർതന്നെയല്ലേ? ഇതിന്നു ഉത്തരമില്ല. ഇങ്ങിനെ പലതും ഞാൻ ചോദിച്ചു. യുക്തിയുക്തമായി ഒന്നിന്നും സമാധാനിക്കുന്നില്ല. എന്നാൽ ഇവരെ പിന്തുടൎന്ന് അനേക ശിഷ്യപ്രശിഷ്യന്മാരും ഉണ്ട്.

കാവേരീതോയമാശ്രിത്യ വാതോയത്ര പ്രവൎത്തതേ
തദ്ദേശവാസിനാം മുക്തിഃ കിമുതത്തീരവാസിനാം.

(എന്നു കാവേരിമാഹാത്മ്യം)

ഈ പ്രമാണത്തെ വിശ്വസിച്ചു കാവേരീസ്നാനംകൊണ്ടു മുക്തന്മാരായി എന്നു കരുതി വളരെ ജനം തൃപ്തിപ്പെട്ടിരിക്കുന്നുണ്ട്. ആ കൂട്ടത്തിൽ വേദാന്തപ്രകരണങ്ങൾ വായിച്ച് ഉപദേശം വാങ്ങി 'അഹം ബ്രഹ്മാസ്മി' (ഞാൻ ബ്രഹ്മമാകുന്നു) എന്നു പറഞ്ഞാൽ മുക്തന്മാരായി എന്നു കരുതി തൃപ്തിപ്പെട്ടിരിക്കുന്നവരാണ് വേദാന്തികൾ എന്നേ പറവാനുള്ളു. യുക്തിയുക്തമായി ചോദിക്കുമ്പോൾ ആത്മാനാത്മവിചാരം ചെയ്യുന്നത് ആരാണ്? മുക്തി ആൎക്കാണ്? എന്ന ചോദ്യത്തിന്നുതന്നെ ഉത്തരം പറവാൻ കഴിയാതെ അന്ധാളിക്കുന്നു. ചോദ്യത്തിന്ന് ആസ്പദങ്ങളായ വേദാന്തപ്രമാണങ്ങൾ കൂടി ഇവിടെ ചേൎത്തുകൊള്ളുന്നു.

൧. 'ആത്മാ അസംഗഃ നിഷ്ക്രിയഃ അകാരയിതാ' ഇതി ശ്രുതി. അൎത്ഥം:- ആത്മാവ് ഒന്നിനോടും സംബന്ധമില്ലാത്തവനും ഒരു ക്രിയയേയും ചെയ്യാത്തവനും ചെയ്യിക്കാത്തവനും ആകുന്നു.

൨. 'ആത്മനഃ നിൎവ്വികാരിതാ നാകരായിതൃതാം' എന്നു

വാസുദേവമനനം. അൎത്ഥം:—ആത്മാവു നിൎവ്വികാരിയായതു കൊണ്ടു ചെയ്യിപ്പിക്കുന്നവനും അല്ല.

൩. 'ആത്മനഃ ഇന്ദ്രിയാദികമേവനാസ്തി' അൎത്ഥം:—ആത്മാവിന്ന് ഇന്ദ്രിയാദികൾതന്നെ ഇല്ല. ഈ വേദാന്തപ്രമാണങ്ങളെ അവലംബിച്ചിട്ടാണ് ഇന്ദ്രിയാദികൾ ഇല്ലാത്ത നിൎവ്വികാരിയായ ആത്മാവിന്ന് അനാത്മാവു ചെയ്യുന്നതു താനാണ് ചെയ്യുന്നത് എന്ന തോന്നലിന്നെ അവകാശമില്ലെന്നു വാദിച്ചത്. അതുകൊണ്ടുതന്നെയാണ് അവച്ഛിന്നപക്ഷത്തിലും മുക്തിക്ക് അവകാശിയായ ഒരു ജീവാത്മാവ് ഇല്ലെന്നു വാദിച്ചത്. അവച്ഛിന്നപക്ഷത്തിന്റെ ദൃഷ്ടാന്തം. യഥാഘടാകാശ ഏവ മഠാകാശഃ മഠാകാശ ഏവ ഘടാകാശഃ ജീവാത്മൈവ പരമാത്മാ പരമാത്മൈവ ജീവാത്മാ എന്നു വാസുദേവമനനം അൎത്ഥം:—ഘടാകാശംതന്നെ മഠാകാശം മഠാകാശംതന്നെ ഘടാകാശം. അപ്പോലെ ജീവാത്മാവുതന്നെ പരമാത്മാവു പരമാത്മാവുതന്നെ ജീവാത്മാവ്. ഘടാകാശം=ഘടത്തിലുള്ള ആകാശം. ഘടം=കുടം 'കൂടസ്ഥബ്രഹ്മണോൎഭേദോ നാമമാത്രാ ദൃതേനഹി' എന്നു പഞ്ചദശപ്രകരണം അൎത്ഥം:—ജീവാത്മാവിന്നും പരമാത്മാവിന്നും പേരുകൊണ്ടു മാത്രമല്ലാതെ മറെറാന്നുകൊണ്ടും ഭേദം ഇല്ല. (ജലം എന്നും പാനീയം എന്നും രണ്ടു പേരു കല്പിച്ചാലും വെള്ളം എന്നെ അൎത്ഥമുള്ളു) അപ്പോലെ ജീവാത്മാവെന്നും പരമാത്മാവെന്നും രണ്ടു പേർ കല്പിച്ചാലും ചൈതന്യം ഒന്നെ ഉള്ളു എന്നു സാരം.

ജീവാത്മാവെന്നും പരമാത്മാവെന്നതുമോൎത്താൽ
കേവലം പൎയ്യായശബ്ദങ്ങളെന്നറിയേണം
ഭേദമേതുമെയില്ലാ രണ്ടുമൊന്നത്രേ നൂനം
ഭേദമുണ്ടെന്നു ചൊല്ലീടുന്നതജ്ഞന്മാരെല്ലൊ.

(എന്നു രാമായണം)

ശിഷ്യൻ:—സ്വാമിൻ! അപ്പോൾ വിചാരാദികൎമ്മങ്ങൾ ചെയ്യുന്നത് ആരാണ്?

ർ. ഗുരു.—'ഏതൽ ത്രിവിധമപി കൎമ്മ കേന ക്രിയത ഇതിചേൽ ത്രിവിധകരണൈരേവ' എന്നു വാസുദേവമനനം. അൎത്ഥം:—ഈ മൂന്നുവിധം കൎമ്മവും ആരാൽ ചെയ്യപ്പെടുന്നു

എങ്കിൽ മൂന്നു കരണങ്ങളാൽതന്നെ ചെയ്യപ്പെടുന്നത്. മൂന്നുവിധം കർമ്മം ൧. പുണ്യകർമ്മം, ൨. പാപകർമ്മം, ൩. പുണ്യപാപമിശ്രമായകർമ്മം. മൂന്നുകരണങ്ങൾ എന്തെല്ലാമെങ്കിൽ ൧. മനസ്സ്, ൨. വാക്ക, ൩. കായം ഇവയാകുന്നു. മനസ്സുസദ്വിചാരത്തേയും അസദ്വിചാരത്തേയും സദസന്മിശ്രമായും ഇരിക്കുന്ന വിചാരത്തേയും ചെയ്യുന്നു. വാക്കു നല്ലതിനേയും ചീത്തയേയും പറയുന്നു. സദസദ്വചനത്തേയും വദിക്കുന്നു. കായം സൽക്രിയയേയും അസൽക്രിയയേയും സദസൽക്രിയയേയും ചെയ്യുന്നു.

൭ "ഏവം ത്രിവിധകരണസ്യൈവ കർത്തൃത്വം നാത്മനഃ" എന്നു വാസുദേവമനനം. അർത്ഥം:—ഇങ്ങിനെ ത്രിവിധകരണങ്ങൾക്കാകുന്നു കർത്തൃത്വം. ആത്മാവിന്നു കർത്തൃത്വം ഇല്ല.

൩. 'തഥാത്മോപാധിയോഗേന തദ്ധർമ്മൈർന്നവിലിപ്യതെ' എന്നു വിവേകചൂഡാമണി. അർത്ഥം:—ശരീരത്തിന്റേയും മനസ്സിന്റേയും യോഗംകൊണ്ട് അവയുടെ വ്യാപാരം ആത്മാവിന്നു സംബന്ധിക്കയില്ല. മേൽപറഞ്ഞ ൪, ൭, ൩, എന്ന അടയാളമിട്ട പ്രമാണങ്ങൾകൊണ്ടു വിചാരവും സകല കർമ്മവും ചെയ്യുന്നതു മനോവാക്കായങ്ങളായ ത്രിവിധകരണങ്ങളാകുന്നു എന്നും ആയത് ആത്മാവിന്നു ബാധകമല്ലെന്നും തീർച്ചപ്പെടുത്തി.

ശിഷ്യൻ:— സ്വാമിൻ! അപ്പോൾ ഉപദേശംതന്നെ ആൎക്കാണ്? ദേഹത്തിന്നൊ മനസ്സിന്നൊ ഇന്ദ്രിയങ്ങൾക്കൊ ആത്മാവിന്നൊ? ദേഹാദികൾ അനാത്മാവാണ്. അനൃതജഡദുഃഖസ്വരൂപങ്ങളാണ് എന്നതിന്നു മുമ്പ് ഒരു ഘട്ടത്തിൽ പ്രമാണം ഇവിടുന്നു കാണിക്കയുണ്ടായി. അതുകൊണ്ട് അവൎക്കു വേദാന്തികളുടെ ഉപദേശം പറവുന്നതല്ല. അനാത്മാവായ ദേഹാദികൾ ചെയ്യുന്നതു താനാണ് ചെയ്യുന്നത് എന്ന് ആത്മാവിന്നു തോന്നലിന്നേ അവകാശമില്ലെന്ന് ൧, ൨, ൩ എന്ന് അടയാളമിട്ട പ്രമാണങ്ങളാൽ സിദ്ധിച്ചു. അവകൊണ്ട് ആത്മാവ് അസംഗൻ നിർവ്വികാരി എന്നു കാണുന്നു. അതുകൊണ്ട് ആത്മാവിന്നും ഉപദേശം ആവശ്യമില്ല. മോക്ഷോപദേശം പിന്നെ ആൎക്കാണ്?

ഗുരു:—മുക്തി ആൎക്കാണ് എന്നു ചോദിച്ചതിന്ന് ഉത്തരം

പറവാൻ കഴിയാത്ത വേദാന്തികളോട് ഇത് എന്തിന്ന ചോദിക്കുന്നു ആ ചോദ്യംതന്നെ ഈ ചോദ്യവും.

ശിഷ്യൻ:—സ്വാമിൻ! എതു ചോദ്യത്തിന്നു യുക്തിയുക്തമായി ഉത്തരംപറവാൻ കഴിയാതെ വല്ലാത്ത സംശയത്തിൽ വേദാന്തികൾ പെടുന്നു.

ഗുരു.—ശിഷ്യ! ഇതാകുന്ന വേദാന്തശാസ്ത്രത്തിൽ ഒരു ന്യൂനതാ. പിന്നെ മനസ്സും ദേഹവും മററും ചെയ്യുന്നത് ആത്മാവിന്നു ബാധകമല്ലെന്നു പറഞ്ഞതുകൊണ്ട് ഒത്തവണ്ണം അകൃത്യംചെയ്തു ചിലർ കെട്ടുപോകുന്നു. അന്യപ്രാണികളേയും ഉപദ്രവിക്കുന്നു. ഇതിന്ന് ഇടവെച്ചത് ഒരു ന്യൂനത. ചിത്തശുദ്ധിയുള്ള കൂട്ടർ മനസ്സിനെ ലയിപ്പിക്കുകതന്നെ എന്നു വിചാരിച്ചു പുറപ്പെട്ടാലും മനസ്സിനെ ആകർഷിക്കുന്ന വിസ്മയാനന്ദചിഹ്നങ്ങൾ യോഗത്തിലെപ്പോലെ വേദാന്തത്തിൽ ഇല്ലാത്തത് ഒരു ന്യൂനതാ.

ശിഷ്യൻ:—സ്വാമിൻ! ഇപ്പോൾ ഇനിക്കു വേദാന്തശാസ്ത്രത്തിലുള്ള ന്യൂനത മനസ്സിലായി. ഇനി യോഗസമ്പ്രദായത്തെയും വേദാന്തസമ്പ്രദായത്തെയും ബാഹ്യത്തിലുള്ള ഒരു ഉദാഹരണംകൊണ്ട് എററവും മനസ്സിലാകുംവിധം പറഞ്ഞുകേട്ടാൽ കൊള്ളാം.

ഗുരു:—ഹേ ശിഷ്യ പരിചയമില്ലാത്തവനെ ഒരു ക്ഷേത്രത്തിൽ ദേവദൎശനത്തിന്നായി കൂട്ടിക്കൊണ്ടുപോയി നടയ്ക്കുനേരെ നിൎത്തി ശ്രീകോവിലിൻെറ പൂട്ടുതുറക്കുന്നവിധം കാണിച്ചുകൊടുത്ത് ഈവിധംതുറന്നാൽ ഇതിലുള്ള ബിംബത്തെ കാണാമെന്ന് ഉപദേശിക്കയും അപ്രകാരം തുറന്നുനോക്കുമ്പോൾ ബിംബത്തെ കാണുകയും ചെയ്യുന്നു. അവൻ ഭക്തികൊണ്ടുസന്തോഷിക്കയും ചെയ്യുന്നു. അതുപോലെ ഗാത്രക്ഷേത്രത്തിൽ പരമാത്മസ്ഥാനത്തെ ഗുരു കാണിച്ചുകൊടുത്തു മനസ്സിനെ അവിടെത്തന്നെ നിൎത്തുവാൻ ഉപദേശിക്കയും അപ്രകാരം ശിഷ്യൻചെയ്കയും ചെയ്യുമ്പോൾ ആത്മാവിനെയും ദൎശിക്കുന്നു, സായൂജ്യമുക്തിയേയും ലഭിക്കുന്നു. ഇപ്രകാരമുള്ള ആത്മദൎശനം യോഗസമ്പ്രദായമാകുന്നു. വേദാന്തസമ്പ്രദായമാവട്ടെ ക്ഷേത്രത്തിൻെറ

പുറമുള്ള മതിലിലെ കല്ല് എല്ലാം എണ്ണി കണക്കെട്ടത്ത് ഇതിൽ ഇത്ര കല്ലുണ്ട് ഇതൊന്നുമല്ല ദേവൻ എന്നു നിഷേധിച്ചു പിന്നെ ചുററമ്പലത്തിൻെറ ഓട്ടകളും കഴക്കോലുകളും പട്ടികകളും മററും എണ്ണി ഇതിൽ ഇത്ര ഓട് ഉണ്ട് ഇതല്ലാ ദേവൻ കഴക്കേലെല്ലാ ദേവൻ ഇത്ര പട്ടികയുണ്ട് ഇതല്ലാ ദേവൻ എന്നു നിഷേധിച്ചു അപ്രകാരംതന്നെ ശ്രീകോവിലിൻേറയും കണക്കെട്ടത്ത് അതിലുള്ള സാധനങ്ങളേയും ഇതല്ലാ ദേവൻ ഇതല്ലാ ദേവൻ എന്നു നിഷേധിച്ചു. ഇവയിൽനിന്നു വേറെ ഒരു ബിംബമുണ്ട് അതാകുന്നു ദേവൻ അതു നീതന്നെ എന്ന് ഉപദേശിക്കയും ശിഷ്യൻ അപ്രകാരം ദിവസവും ദേവൻ കല്ലല്ല, ദേവൻ ഓടല്ല, ദേവൻ കഴക്കോലല്ല, ദേവൻ പട്ടികയല്ല, ഇവയിൽനിന്നു വേറിട്ടുനില്ക്കുന്ന ബിംബമാകുന്നു. ആ ദേവൻ ഞാൻതന്നെ എന്നു വിചാരിച്ച് ഉറപ്പിക്കുന്നപ്രകാരം സ്ഥൂലദേഹത്തിലെ തത്വങ്ങളെ എല്ലാം എണ്ണി അതൊന്നുമല്ല ആത്മാവ് എന്നു നിഷേധിച്ചു. പിന്നെ സൂക്ഷ്മദേഹം പതിനേഴ് അവയവങ്ങളോടുകൂടിയതാകുന്നു. അതിൽ കർമ്മേന്ദ്രിയപഞ്ചകമല്ലാ ആത്മാവു, ജ്ഞാനേന്ദ്രിയപഞ്ചകമല്ലാ ആത്മാവു, പ്രാണപഞ്ചകവും അല്ലാ ആത്മാവു, മനസ്സല്ലാ ആത്മാവു, ബുദ്ധിയല്ലാ ആത്മാവ് എന്നു നിഷേധിച്ചു കാരണശരീരമായ അവിദ്യയും അല്ലാ ആത്മാവ് എന്നു നിഷേധിച്ച് ഈ മൂന്നു ശരീരങ്ങൾക്കും സാക്ഷിയായി നില്ക്കുന്ന അറിവാകുന്നു ആത്മാവു (ബ്രഹ്മം) അതു നീ തന്നെ എന്ന് ഉപദേശിക്കയും ശിഷ്യൻ ഞാൻ സ്ഥൂലദേഹമല്ല, ഞാൻ സൂക്ഷ്മദേഹമല്ല, ഞാൻ കാരണദേഹമല്ല, ഞാൻ പരബ്രഹ്മമാകുന്നു എന്നു ചിന്തിച്ചുവരികയും ചെയ്യുന്നു. ഇതാകുന്നു വേദാന്തസമ്പ്രദായം. ചിലർ ഞാൻ ബ്രഹ്മമായിരിക്കുമ്പോൾ എന്തിനു ചിന്തിക്കുന്നു? സ്വർണ്ണത്തിനു സ്വർണ്ണമാവാൻ ധ്യാനിക്കേണമൊ എന്നു പറഞ്ഞു വ്യവഹരിച്ചുനടക്കുന്നു. എന്നാൽ ഞാൻ എത്രയൊ ചുരുക്കിപ്പറഞ്ഞതാകുന്നു വേദാന്തസമ്പ്രദായം. ഈ ശരീരത്രയത്തിലെ തത്വഗണനയും ആ പ്രമാണങ്ങളും ഓരോ വിദ്വാന്മാർ പലപ്രകാരത്തിൽ വിസ്തരിച്ചിട്ടുണ്ട്. അവയെല്ലാം ഗണിച്ചും പഠിച്ചും കഴിയുമ്പൊഴയ്ക്കു ശിഷ്യൻ നന്നെ ചലിക്കും.

ശിഷ്യൻ:—സ്വാമിൻ! ക്ഷേത്രത്തിലുള്ള ബിംബത്തെ അനേകം ആളുകൾ ചെന്നുകണ്ടു തൊഴുതു പോരുന്നുണ്ട്. അതിന്നു ചുററമ്പലത്തിന്റെയും മററും ഓടും പട്ടികയും കഴക്കോലും കല്ലും വാതിലും ഇരുമ്പാണികളും മററും എണ്ണി നിഷേധിക്കേണമൊ? ഇങ്ങിനെയാകുമ്പോൾ കാലം മിഥ്യയായിപ്പോകുന്നുവെല്ലൊ.

ഗുരു:—വാസ്തവം അങ്ങിനെതന്നെ. തത്വങ്ങളെ ഗണിച്ചു ഗണിച്ചു വേദാന്തത്തിലും വളരെ കാലം വൃഥാ കഴിക്കുന്നു. എന്നിട്ടു യോഗിയെ ദൂഷ്യവും പറയുന്നു. അത് എന്തെന്നാൽ സ്ഥൂലദേഹം എന്തെല്ലാം കൂടിയതാകുന്നു എന്ന് ഒരു ചോദ്യം ചെയ്തിട്ട് അതിന്നു വേദാന്തികൾ എണ്ണി കണക്കാക്കിയപോലെതന്നെ ഉത്തരം പറഞ്ഞിട്ടില്ലെങ്കിൽ ഇതെല്ലാം എണ്ണാതെ നീ എങ്ങിനെ ആത്മാവിനെ അറിഞ്ഞു? അറിഞ്ഞിട്ടില്ലാത്തവൻതന്നെ എന്നു യോഗിയെ പരിഹസിക്കയും ചെയ്യുന്നു.

ശിഷ്യൻ:—ഇതു ചുററമ്പലത്തിന്റെ കഴക്കോൽ, വള, ഓടുമുതലായവ എത്ര? ചുററുമുള്ള മതിലിന്റെ കല്ല് എത്ര? എന്നു ചോദിച്ചിട്ട് അതിന്ന് ഉത്തരംപറയാഞ്ഞാൽ നീ ബിംബത്തെ കണ്ടിട്ടില്ലെന്നു പറയുന്നകൂട്ടത്തിൽതന്നെ. ബിംബത്തെ നിത്യം പൂജിക്കുന്ന പൂജകനോടു ചോദിച്ചാൽ തന്നെയു മതിലിലെ കല്ലിന്റെയും മററും കണക്കു പറവാൻ കഴിയുമൊ? അതു പറവാൻ കഴിയാത്തതുകൊണ്ട് ആ പൂജകൻ ബിംബത്തെ കണ്ടിട്ടില്ലെന്നു പറയുന്നതു ശരിയൊ? അല്ല അപ്രകാരം തന്നെയാകുന്നു അനാത്മാവിനെ എണ്ണി കണക്കാക്കാത്തതുകൊണ്ടു യോഗി ഗാത്രക്ഷേത്രത്തിലെ ആത്മലിംഗത്തെ ദർശിച്ചിട്ടില്ലെന്നൊ ദർശിപ്പാൻ കഴിയാത്തവൻ എന്നൊ പറയുന്നത്? ബിംബദർശനത്തിന്ന ക്ഷേത്രത്തിലെ ഓടു മുതലായത് എല്ലാം എണ്ണി നിഷേധിക്കേണ്ടുന്ന ആവശ്യമെന്താകുന്നു?

ഗുരു:—ആവശ്യമില്ല. എന്നാൽ ദേഹമാകുന്നു ആത്മാവ് എന്നു തെററിദ്ധരിച്ചിരിക്കുന്നവരുടെ ഭ്രമത്തെ തീർപ്പാൻവേണ്ടി വേദാന്തത്തിൽ ദേഹലക്ഷണം പറഞ്ഞത് അവയെ എണ്ണി പരിശോധിച്ചു നിഷേധിപ്പാൻ പറഞ്ഞതാകുന്നു.

ശിഷ്യൻ:- സ്വാമിൻ! അങ്ങിനെ ഒരു ഭ്രമമുണ്ടെങ്കിൽ അത് അതിലഘുവായിത്തീക്കാമല്ലൊ. മരിച്ചാൽ സവ്വമതക്കാരും ജീവൻപോയി എന്നു പറഞ്ഞു ശവത്തെ എടുത്തു മറവുചെയ്യുന്നു. അപ്പോൾ ശരീരമല്ലാ ജീവൻ, ജീവൻ വേറെയാണെന്നു മൂഢന്മാക്കും അറിയത്തക്കകാൎയ്യമായിരിക്കുന്നു. അതിനാൽ ഈ സംഗതിയെ മനസ്സിലാക്കുവാൻ അഞ്ചുമിനുട്ടുകൂടി കാലംവേണ്ടാ. അങ്ങിനെയിരിക്കെ അനേകകാലം അനാത്മാവിനെ എണ്ണി വൃഥാ കാലംകഴിക്കുന്നതെന്തു? എന്നിട്ടും മനസ്സിനെ അനാത്മാവായി തള്ളി-മുക്തി ആക്കാകുന്നു? ഉപദേശം ആക്കാകുന്നു? എന്ന ചോദ്യത്തിന്നുകൂടി ഉത്തരം പറവാൻ കഴിയാതെ ഇരിക്കുന്നസ്ഥിതിയിലല്ലെ കലാശിക്കുന്നത്.

ഗുരു:—ഹേ ശിഷ്യ! ഒരു സാധനത്തെ അനുഭവിച്ചാലല്ലെ അതിനെപ്പററിയുള്ള ചോദ്യങ്ങൾക്ക് എല്ലാം ഉത്തരം പറവാൻ ശക്തിവരൂ. വേദാന്തശാസ്ത്രംകൊണ്ട് ഒരു ആത്മാവ് ഉണ്ട്, അതു താനാകുന്നു എന്നു പറഞ്ഞുവെച്ച് അതിനെ കണ്ടുപിടിക്കുന്നതു യോഗംകൊണ്ടാകുന്നു. യോഗത്താൽ ആത്മസാക്ഷാൽകാരംവന്നാൽ അനുഭവമായി ആക്കാകുന്നു മുക്തി എന്ന് അപ്പോൾ അറിയാം. യോഗത്തെ വിട്ടു മനസ്സു ജഡമാകുന്നു എന്നു പിരിച്ചുതള്ളി അദ്വൈതസിദ്ധിയുണ്ടെന്നു പറയുന്നതു ശരിയല്ല. ആത്മാനാത്മവിചാരം ചെയ്തിരിക്കുന്ന കൂട്ടക്കാർ അദ്വൈതികളല്ല ദ്വൈതികളാകുന്നു. എന്തുകൊണ്ടെന്നാൽ അനാത്മാവായിട്ടു പിരിച്ചുതള്ളിയത് ഒന്ന്, ആത്മാവ് ഒന്ന് ഇങ്ങിനെ രണ്ടു പദാൎത്ഥങ്ങളെ അവർ അംഗീകരിക്കുന്നു.

ശിഷ്യൻ:—സ്വാമിൻ! 'ബ്രഹ്മൈവജീവഃ സകലം ജഗച്ച' (അൎത്ഥം:- ബ്രഹ്മംതന്നെ ജീവനും സകല ജഗത്തും) എന്നു വേദാന്തശാസ്ത്രം പറഞ്ഞിരിക്കുമ്പോൾ ആ ശ്രുതിക്കു വിരോധമായി ആത്മാവ് എന്നും അനാത്മാവ് എന്നും രണ്ടായി പിരിപ്പാൻതന്നെ അവകാശമില്ലല്ലൊ. അങ്ങിനെ പിരിക്കുന്നതുകൊണ്ട് അദ്വൈതത്തിനു ഹാനിവരുന്നു. പിന്നെ ബ്രഹ്മംതന്നെ സകല ജഗത്ത് എന്നു പറയുമ്പോൾ കല്ലും, മ

ണ്ണും, മണ്ണും, വിഷവും, അമേദ്ധ്യവും എല്ലാം നിങ്ങളുടെ ബ്രഹ്മമാണെല്ലൊ എന്ന് ഇതരന്മാൎക്കു പരിഹസിപ്പാനും ഇടയാകുന്നു.

ഗുരു:—ഹേ ശിഷ്യ! സ്വപ്നത്തിൽ മേദ്ധ്യമായും അമേദ്ധ്യമായും അനന്തം സാധനം കാണുന്നുണ്ട്. അതൊക്കെ ഇല്ലാത്തതല്ലെ. കാണപ്പെട്ട ലോകമെല്ലാം സ്വപ്നംപോലെ കാണുന്നതാകുന്നു. വാസ്തവത്തിൽ ഇല്ലാത്തതാകുന്നു എന്നാകുന്നു അദ്വൈതസിദ്ധാന്തം.

ശിഷ്യൻ:—സ്വാമിൻ! അപ്പോൾ വേദാന്താദിശാസ്ത്രവും ഗുരുശിഷ്യോപദേശവും സൽസമ്പ്രദായവും സൽകൎമ്മങ്ങളും കൊല, കളവു, ചതി മുതലായ മഹാപാപകൎമ്മങ്ങളും സ്വപ്നപ്രായംതന്നെ. സ്വപ്നത്തിൽ ചെയ്യുന്ന പുണ്യകൎമ്മത്തിന്നും പാപകൎമ്മത്തിന്നും യാതൊരു ഫലവും ഇല്ല. അപ്പോലെ ജാഗ്രത്തിൽ ചെയ്യുന്നതിന്നും പുണ്യപാപങ്ങൾ ഇല്ല. സ്വപ്നത്തിൽ ചെയ്യുന്ന നാനാ അസംബന്ധങ്ങൾപോലെതന്നെ ജാഗ്രത്തിൽ ചെയ്യുന്ന ആത്മാനാത്മവിചാരവും മററും അസംബന്ധമെന്നും മിഥ്യയെന്നും എളുകക്ഷികൾ വാദിപ്പാൻ ഇടയായി. അതുകൊണ്ടു സ്വപ്നംപോലെ എന്നു പറഞ്ഞതു യുക്തമല്ല. സ്വപ്നത്തിൽ മിഥ്യാദൎശനത്തിന്നു കാരണമുണ്ട്. ജാഗ്രത്തിൽ ചിലതു കണ്ടതിനാലും കേട്ടതിനാലും അവ നാനാവിധമായി സ്വപ്നത്തിൽ കാണുന്നതാകുന്നു. ജഗത്തു വാസ്തവത്തിൽ ഇല്ലെങ്കിൽ കാണ്മാനും കേൾപ്പാനും ഒന്നിനും അവകാശമെ ഇല്ല. പിന്നെ എങ്ങിനെ ജഗത്തു സ്വപ്നംപോലെ കണ്ടു? ജാഗ്രദവസ്ഥയ്ക്കു് ഇല്ലാത്തതിനേയും കാണാത്തതിനേയും കേൾക്കാത്തതിനേയുംകൂടി കാണിപ്പാൻ ശക്തിയുണ്ടെന്നു വാദിക്കുന്നുണ്ടെങ്കിൽ ഇപ്പോൾ ഇവിടെ ഒരു വെള്ളാനയേയൊ വെള്ളക്കാക്കയേയൊ ഒരു മൊയൽകൊമ്പിനേയൊ അമൃതത്തിനേയൊ കാണിക്കട്ടെ. അങ്ങിനെ കാണുന്നില്ലല്ലൊ. അത് ഇരിക്കട്ടെ, പിന്നെ 'ആത്മാ സജാതീയ വിജാതീയ സ്വഗതഭേദശൂന്യഃ' എന്നാണ് വേദാന്തത്തിൽ പറയുന്നത്. അൎത്ഥം:—ആത്മാവിന്നു സജാതീയഭേദവും, വിജാതീയഭേദവും, സ്വഗതഭേദവും ഇല്ല. വൃക്ഷത്തിന്നു മറെറാരുവൃക്ഷം സജാ

തീയഭേദമാകുന്നു. വൃക്ഷത്തിന്നു കല്ലു വിജാതീയഭേദമാകുന്നു. വൃക്ഷത്തിന്നു പത്രം, പുഷ്പം, ഫലം, ശാഖ മുതലായതു സ്വഗതഭേദമാകുന്നു. ഇങ്ങിനെയുള്ള മൂന്നു ഭേദം ആത്മാവിന്ന് ഇല്ല. എന്നാൽ ആത്മാവിന്നു സമാനജാതിയായിട്ടു മറെറാരാത്മാവില്ല ആത്മാവിൽനിന്നു വേറിട്ട് ഒരു ജാതിയായി ഒരു ജഗത്തും ഇല്ല. ആത്മാവിൽ ഉൾപ്പെട്ടതായിട്ടും ആത്മാവിൽനിന്നു ഉണ്ടായതായിട്ടും ഒന്നും ഇല്ല ആത്മാവ് എന്ന ഒരു വസ്തു മാത്രമെ ഉള്ളു എന്നു സാരം. ആത്മാവു നിൎവ്വികാരിയായ സ്ഥിതിക്കും ആത്മാവല്ലാതെ ദ്വിതീയമായിട്ട് ഒന്നും ഇല്ലാത്ത സ്ഥിതിക്കും ആത്മീയമായിട്ടൊ പരകീയമായിട്ടൊ സ്വപ്നപ്രായത്തിൽ ഇല്ലാത്ത പ്രപഞ്ചത്തിൻെറ കാഴ്ചയെല്ലാം തോന്നലിന്നൊ ആത്മാവിന്ന് അവകാശമില്ല. അങ്ങിനെ ഇരിക്കെ രജ്ജുവിൽ സൎപ്പംപോലെ ആത്മാവിന്ന് (പരബ്രഹ്മത്തിന്ന്) ഒരു പ്രപഞ്ചം തന്നിൽ തോന്നി എന്നു പറയുന്നതു യുക്തമൊ? പാമ്പ് എന്ന ഒരു സാധനത്തെ മുമ്പു കണ്ടിട്ടുള്ളതുകൊണ്ടാണ് രജ്ജുവിനെ (കയറിനെ) കണ്ടപ്പോൾ അതിനെ പാമ്പെന്നു ഭ്രമിച്ചത്. ഈ ദൃഷ്ടാന്തത്തിൽ പാമ്പ് എന്ന ഒരു സാധനവും കയർ എന്ന ഒരു സാധനവും കാണുന്നവൻെറ കാഴ്ചക്കുറവും ഈ മൂന്നും ഇല്ലെങ്കിൽ ഭ്രമത്തിന്ന് അവകാശമില്ല. ദാൎഷ്ടാന്തികത്തിൽ ആത്മാവ് (ബ്രഹ്മം) എന്ന ഒരുവസ്തു മാത്രമെ ഉള്ളു. രജ്ജുവിൽ സൎപ്പം ഭൂതത്തിലും വൎത്തമാനകാലത്തിലും ഭാവിയിലും ഇല്ലാത്തപോലെ യാതൊരു പ്രപഞ്ചവും ആത്മാവിൽ ഇല്ലാ എന്നാകുന്നു വേദാന്തത്തിൽ പറയുന്നത്. പിന്നെ എങ്ങിനെ ബ്രഹ്മത്തിന്നു ഭ്രമം വന്നു? ബ്രഹ്മത്തിന്ന് (എങ്ങുംനിറഞ്ഞ ദൈവത്തിന്ന്) ഒരു ഭ്രമം ഉണ്ടായി എന്നു പറയുന്നതു യുക്തമൊ? ഇതരമതക്കാൎക്ക് ഇതു പരിഹാസത്തിന്ന് ഇടയല്ലയൊ? ഒരു നിസ്സാരൻകൂടി കാരണംകൂടാതെ ഭ്രമിക്കയില്ല അപ്പോൾ എങ്ങുംനിറഞ്ഞ നിൎവ്വികാരിബ്രഹ്മം കാരണംകൂടാതെ ഇല്ലാത്ത ജഗത്ത് ഉണ്ടെന്നു ഭ്രമിച്ചു എന്നു പറയുന്നതു യുക്തമൊ? അതും ഇരിക്കട്ടെ വേദാന്തികൾ മനസ്സിനെ ജഡമായി പിരിച്ചതുള്ളിനു കൂട്ടക്കാരല്ല, മനസ്സിനെ ലയിപ്പി

കുന്ന കൂട്ടക്കാരാകുന്നു എന്നുതന്നെ നോം വിചാരിക്കുക. എന്നാലും പ്രപഞ്ചം ഒന്നും ഇല്ലെന്നു പറയുന്നതു യുക്തമൊ?

ഗുരു:—ഹേ ശിഷ്യ! സുഷുപ്തിയിൽ മനസ്സുലയിച്ചാൽ ഈ ലോകവും ഒന്നും ഇല്ലല്ലൊ. ഇത് എല്ലാവക്കും അനുഭവമല്ലെ. അപ്പോലെ ബ്രഹ്മത്തിൽ മനസ്സു ലയിച്ചാൽ ഒന്നും ഇല്ലല്ലൊ. ആ അതീതാവസ്ഥയെ അപേക്ഷിച്ചിട്ടാകുന്നു ഒന്നും ഇല്ലെന്നു വേദാന്തത്തിൽ പറഞ്ഞിരിക്കുന്നത്.

ശിഷ്യൻ:—സ്വാമിൻ! അതും യുക്തമല്ല. ലോകമെല്ലാം അപ്പൊഴും ഉണ്ട്. പക്ഷെ ലോകത്തെ അറിയുന്ന മനസ്സു ലയിച്ചതുകൊണ്ടു ലോകത്തെ അറിവാൻ കഴിഞ്ഞില്ല. അതിനാൽ മനസ്സു ലയിച്ചു എന്നു പറയുന്നതൊ യുക്തം, സവ്വമതത്തിന്നും വിരോധമായി ലോകം മിത്ഥ്യാ എന്നു പറയുന്നതൊ യുക്തം? സൂൎയ്യനെക്കാണ്മാൻ സാധനമായ കണ്ണു നശിച്ചാൽ സൂൎയ്യനെ കാണുകയില്ല. ഈ വിഷയത്തിൽ കണ്ണുനശിച്ചു എന്നു പറയുന്നതൊ യുക്തം, സൂൎയ്യൻ നശിച്ചു എന്നു പറയുന്നതൊ യുക്തം? ലോകമെല്ലാം നശിച്ചു എങ്കിൽ യോഗി സമാധിയിൽനിന്ന് ഉണരുമ്പോഴും ജനങ്ങൾ സുഷുപ്തിയിൽനിന്ന് ഉണരുമ്പോഴും പിന്നെ ലോകത്തെ കാണുകയില്ലല്ലൊ. പിന്നെ കാണുന്നതുകൊണ്ടു മനസ്സാകുന്നു ലയിച്ചത് എന്ന് അനുഭവമായില്ലെ?

ഗുരു:—ഹേ ശിഷ്യ! ഈ വക വാദങ്ങളെല്ലാം ഞാൻ ചെയ്തിട്ടുണ്ട്. ഇതിന്നൊന്നും യുക്തിയുക്തമായി വേദാന്തികൾക്കു സമാധാനിപ്പാൻ കഴിയുന്നില്ല.

ശിഷ്യൻ:—വ്യവഹാരത്തെ നശിപ്പിപ്പാൻ പുറപ്പെട്ട വേദാന്തശാസ്ത്രം ലോകമില്ലെന്നും മററും പറഞ്ഞു വ്യവഹാരത്തെ വളരെ വൎദ്ധിപ്പിച്ചു. അനുഭവമുള്ള കാൎയ്യങ്ങളെ പറഞ്ഞു യഥാൎത്ഥമാൎഗ്ഗത്തിൽ കൊണ്ടുപോകുവാൻ ശ്രമിച്ചാൽ സവ്വമതക്കാരും ഒരുമൂകനും തൃപ്തിപ്പെടും. വേദാന്തത്തിൻെറ പോക്ക് അങ്ങിനെയല്ല. മഹാവിദ്വാന്മാരും സംശയത്തിൽപെട്ട് ഉഴലേണ്ട താന്തിലാകുന്നു. നോക്കുക, ജീവനെത്തന്നെ എത്രവിധമായി കല്പിച്ചിരിക്കുന്നു.

അവച്ഛിന്നശ്ചിദാഭാസ സ്തൃതീയഃ സ്വപ്നകല്പിതഃ
വിജ്ഞേയസ്ത്രിവിധോജീവ സ്തത്രാദ്യഃ പാരമാൎത്ഥികഃ.

(എന്നു അപരോക്ഷാനുഭൂതി.)

അൎത്ഥം:— ൧. അവച്ഛിന്നൻ, ൨. ചിദാഭാസൻ, ൩. സ്വപ്നകല്പിതൻ ഇങ്ങിനെ മൂന്നുവിധത്തിൽ ജീവനുണ്ട്. അതിൽ ആദ്യത്തേതുതന്നെ പരമാൎത്ഥത്തിലുള്ള ജീവൻ. എല്ലാവൎക്കും ഒരു ദേഹത്തിൽ ഒരു ജീവനോ ഉള്ളൂ എന്നാകുന്നു ബോധം. ആ ബോധത്തെ തെററിച്ച് ഒരു ദേഹത്തിൽതന്നെ മൂന്നുവിധം ജീവനുണ്ടെന്ന ഭ്രമത്തിന്ന് ഇട വേദാന്തശാസ്ത്രം ഉണ്ടാക്കി. ഒന്നേ ഉള്ളൂ എന്നു സ്ഥാപിപ്പാൻ പുറപ്പെട്ട സ്ഥിതിക്ക് ആൎക്കും ഇല്ലാത്തതായ നാനാവിധഭ്രമത്തിന്ന് ഇടവരുത്തേണമോ? ഇതു നിമിത്തം ഏതു ജീവനാകുന്നു മുക്തി എന്നുകൂടി ഒരു വിശേഷ സംശയത്തിന്ന് ഇടവരുത്തി.

ഗുരു:—ഹേ ശിഷ്യ! ഈവക സംശയഭ്രാന്തികളിൽ പെട്ടുപോകാതെ ഇരിപ്പാൻ വേണ്ടിയാകുന്നു എല്ലാവൎക്കും അനുഭവമുള്ള മനസ്സ് എന്ന ഒരു തത്വത്തെ മാത്രം യോഗികൾ എടുത്ത് അതിനെ ലയിപ്പിച്ചാൽ ദുഃഖനിവൃത്തിയായി എന്നു വിധിച്ചത്.

ശിഷ്യൻ:—അതു വളരെ നന്നായി. ഒരു മൂകനുകൂടി സംശയിപ്പാൻ ഇടയില്ല. സുഷുപ്തിയിൽ മനസ്സു ലയിക്കുമ്പോൾ ദുഃഖം നശിച്ചു കാണുന്നുവെല്ലോ അതുകൊണ്ട് ഒരു അക്ഷരം അറിഞ്ഞുകൂടാത്തവനും മുക്തിയെക്കൊടുപ്പാൻ മുഖ്യസാധനം യോഗംതന്നെ. വേദാന്തശാസ്ത്രത്തിന്നു ചില ന്യൂനത ഉണ്ടെന്നു പറഞ്ഞതു ശരിതന്നെ. വേദാന്തം പഠിച്ചു പഠിച്ചു ജന്മം ചലിച്ച് ഒരു അനുഭവവും കാണുന്നില്ല എന്നു ചില വേദാന്തികൾ ഖേദിച്ച് ഇവിടെ വന്ന് ഒരു ഉപദേശം കിട്ടിയാൽ കൊള്ളാമെന്ന് അപേക്ഷിക്കുന്നതും ഞാൻ കാണുക ഉണ്ടായി. ഒരക്ഷരംപോലും അറിയാത്ത ചില കൂട്ടർ ഇവിടുത്തെ ഉപദേശപ്രകാരം യോഗംകൊണ്ടു ലഘുവായി നിൎവ്വികല്പകസമാധിയിൽ ഇരിക്കുന്നതും എനിക്ക് അനുഭവമാകുന്നു.

# യാഗാദികർമ്മഖണ്ഡനപ്രകരണം

ശിഷ്യൻ:—സ്വാമിൻ! കർമ്മകാണ്ഡോക്തങ്ങളായ യാഗാദികർമ്മങ്ങൾ ചെയ്യാതെ ജ്ഞാനമാർഗ്ഗത്തിൽ പ്രവേശിപ്പാൻ അർഹതയില്ലെന്നു പറയുന്നു.

ഗുരു:—അതു ശരിയല്ല, കേൾക്ക. 'യഥാമാവാസ്യാന്ധകാരം മേഘാവരണം വർദ്ധയതി തഥാ കർമ്മാജ്ഞാനം വർദ്ധയതി' എന്നു വാസുദേവമനനം. അർത്ഥം:—കറുത്ത വാവിലുള്ള രാത്രിയിലെ ഇരുട്ടിനെ മഴക്കാറുകൊണ്ടുള്ള ആവരണം എങ്ങിനെ വർദ്ധിപ്പിക്കുന്നുവോ അങ്ങിനെ കർമ്മം അജ്ഞാനത്തെ വർദ്ധിപ്പിക്കുന്നു.

കാലംയജ്ഞതപോദാന തീർത്ഥദേവാർച്ചനഭ്രമൈഃ
ചിരമാധിശതോപേതാഃ ക്ഷപയന്തിമൃഗാ ഇവ.
(എന്നു വാസിഷ്ഠം.)

അർത്ഥം:—യാഗം, തപസ്സ്, ദാനം, തീർത്ഥസ്നാനം, പലവിധ ദേവപൂജനം ഇവയിൽ ഭ്രമിച്ച് അനേകകാലം വ്യസനത്തോടുകൂടി ജനങ്ങൾ മൃഗങ്ങളെപ്പോലെ കാലം കഴിച്ചുകൂട്ടുന്നു.

ശിഷ്യൻ:—സ്വാമിൻ! യാഗംചെയ്താൽ ദീക്ഷിതർ എന്നു മാലോകർ കൊണ്ടാടുന്നു. അപ്പോലെതന്നെ തപസ്സ്, ദാനം, തീർത്ഥസ്നാനം, പലവിധ ദേവപൂജനം മുതലായ കർമ്മങ്ങൾ ചെയ്യുന്നവരേയും, തീർത്ഥസ്നാനത്തിന്നു സംഗതി വന്നുവെല്ലൊ മഹാ ഭാഗ്യവാൻ മഹാ പുണ്യവാൻ എന്നുംമറ്റും സ്തുതിക്കുന്നു, വന്ദിക്കുന്നു. ഇങ്ങിനെ ലോകപൂജ്യന്മാരെക്കൂടി വസിഷ്ഠഭഗവാൻ മൃഗപ്രായന്മാരാക്കി നിന്ദിച്ചു പറഞ്ഞതെന്താകുന്നു?

ഗുരു:—ഹേ ശിഷ്യ! ജനങ്ങൾ തത്വം അറിഞ്ഞിട്ടാണോ പറയുന്നത്. തത്വത്തെ ഒന്നു വിചാരിച്ചു നോക്ക. യാഗം മഹാ ദുഷ്ടകർമ്മമല്ലെ. എന്തുകൊണ്ടെന്നാൽ യാഗത്തിൽ പശുഹിംസ ചെയ്യുന്നില്ലെ. ഹിംസയ്ക്കു സമമായി ദുഷ്ടകർമ്മം ലോകത്തിൽ എന്തെങ്കിലും ഉണ്ടോ? നമ്മുടെ രാജാവിന്റെ നീതികൊണ്ടുതന്നെ ബുദ്ധിഹീനന്മാർക്കുകൂടി ഹിംസയിൽ മീതെ ദുഷ്ടകർമ്മം ഇല്ലെന്നു സ്പഷ്ടത്തിൽ അറിയാമെല്ലൊ. കളവു, കൊല്ല

ററം, ചതി മുതലായ അനേക കുററങ്ങൾക്ക യഥായോഗ്യം തടവു, പിഴ, അടി മുതലായ ശിക്ഷകളെ കല്പിച്ചിരിക്കുന്നു. കുലക്കുററത്തിന്നു മാത്രമേ തൂക്കിക്കൊല്ലാറുള്ളു അതുകൊണ്ടു ഹിംസയാണ് മഹാ ക്രൂരകൎമ്മം എന്നു തീൎച്ചപ്പെടുന്നു. സൎവ്വമതക്കാൎക്കും ഇതു സമ്മതമാകുന്നു. ധൎമ്മാധൎമ്മകാൎയ്യങ്ങളിൽ പരസ്പരം ഭിന്നാഭിപ്രായത്തോടുകൂടിയ മതക്കാരും ഹിംസയിൽ മീതെ സങ്കടം മറെറാന്നുമില്ലെന്ന് ഒരുപോലെ സമ്മതിക്കുന്നു. എന്തെങ്കിലും തോന്നിയവണ്ണം പറഞ്ഞതിന്നു വിപരീതം പറയുകതന്നെ എന്നുവെച്ച് ഒരു വികൃതി ഹിംസ സങ്കടകരമല്ലെന്നു പറയുന്നു എങ്കിൽ അവന്റെ ദേഹത്തിൽനിന്നു കുറെ മാംസം അരിഞ്ഞെടുക്കുവാൻ അവൻ സമ്മതിക്കുമോ? ഇല്ല. ബലാൽക്കാരമായി നോം അങ്ങിനെ ചെയ്താൽ അവൻ നിലവിളിച്ചുതുടങ്ങും. വേദനകൊണ്ടല്ലെ നിലവിളി. അതുകൊണ്ടു വിപരീതം പറയുന്ന ശഠൻകൂടി ഹിംസ മഹാ സങ്കടമെന്നു സമ്മതിക്കുന്നു. അത് ഇരിക്കട്ടെ. ധൎമ്മാധൎമ്മങ്ങൾ അറിഞ്ഞുകൂടാത്ത വിശേഷബുദ്ധിയില്ലാത്ത ആടു, കോഴി, നായ മുതലായ ജന്തുക്കൾകൂടി ഹിംസ അതിസങ്കടമെന്നു നമുക്ക് ഉപദേശിക്കുന്നു. നോം അവറ്റിന്റെ കൈകാലുകൾ പിടിച്ച് അമൎത്തുച്ചത്തിൽ അവ നിലവിളിക്കുന്നു. നോം മൃഗത്തിന്റെ അരികിൽ ചെന്ന് അസഭ്യമോ അസത്യമോ പറഞ്ഞാൽ അതുകൊണ്ട് അവയ്ക്കു വേദനയില്ല. ആവിധം മൃഗങ്ങൾകൂടി അതിസങ്കടമെന്നു നമ്മെ അറിയിക്കുന്ന അധൎമ്മകൎമ്മം വേറെ എന്താ ഉള്ളത്. ഇങ്ങിനെയുള്ള അധൎമ്മകൎമ്മം വ്യാഘ്രം മുതലായ ക്രൂരമൃഗങ്ങളുടെ വ്യാപാരമല്ലയോ? അവയ്ക്കു വിശേഷബുദ്ധിയില്ല, സസ്യങ്ങളെ അവ ഭക്ഷിക്കയും ഇല്ല. ഉപജീവിക്കേണമെങ്കിൽ ഹിംസതന്നെ ചെയ്യേണം. അങ്ങിനെ സമാധാനിക്കാം. ഹിംസകൂടാതെ ഉപജീവിക്കാൻ അനേക പദാൎത്ഥങ്ങളെ മനുഷ്യന്നു ദൈവം കല്പിച്ചുകൊടുത്തിട്ടും വിശേഷബുദ്ധിയെ കൊടുത്തിട്ടും അറിവില്ലെങ്കിൽ ഉപദേശിപ്പാൻ സച്ഛാസ്ത്രങ്ങളും സത്തുക്കളും ഉണ്ടായിട്ടും ഹിംസിക്കുന്ന മനുഷ്യൻ നരിയേക്കാൾ വലിയ നരിയല്ലെ? സ്വപാപശാന്തിക്കു യാഗത്തിൽ പശുഹിംസ ചെയ്യുന്നതും അസംബന്ധമല്ലെ? തന്റെ വിരലിൽ വിഷം തട്ടി

യാൽ അന്യന്റെ വിരലിനെ ഛേദിച്ചാൽ ആ വിഷദോഷം തീരുമൊ? വസിഷ്ഠഭഗവാൻ മൃഗപ്രായന്മാരായി യാഗം ചെയ്യുന്നവരെ നിന്ദിച്ചതിന്ന് എന്താ കററം? ഹേ ശിഷ്യ! വിശ്വമെല്ലാം ഭരിക്കയാൽ വിശ്വംഭരൻ എന്നും പരിപൂൎണ്ണൻ എന്നും നിത്യതൃപ്തൻ എന്നും ഈശ്വരനെ സൎവ്വമതക്കാരും സമ്മതിക്കുന്നു. അങ്ങിനെയുള്ള ഈശ്വരൻ എറച്ചിയ്ക്കു് ആശപ്പെട്ടു കിടക്കുന്ന എരപ്പാളിയാണോ? അതോ അദ്ദേഹത്തിന്നു പനിയോ മററൊ പിടിച്ചു നാവിന്നു ചാപല്യം പിടിച്ചു കിടക്കുന്നുണ്ടോ? അതോ അദ്ദേഹത്തിന്നു രോഗം പിടിപെട്ടു ശരീരം ക്ഷീണിച്ചിട്ടുണ്ടോ? അതോ ഈശ്വരൻ ശവം തിന്നുന്ന കുറുക്കന്റെ കൂട്ടത്തിലോ? എന്താ ഹിന്തുക്കൾ മാംസംവെച്ച് ആരാധിക്കുന്നതിന്റെ അൎത്ഥം? ഈശ്വരന്നു വേണ്ടിയല്ല, ഇന്ദ്രാദിദേവന്മാരുടെ തൃപ്തിക്കുവേണ്ടിയാകുന്നു യാഗത്തിൽ പശുഹിംസ ചെയ്യുന്നത് എന്നു പറയുന്നു എങ്കിൽ അവർ അമൃതത്തെ ഭുജിച്ചു കൂട്ടരാകുന്നു. അതുകൊണ്ടാണ് ദേവന്മാൎക്ക് 'അമൃതാന്ധസഃ' എന്നു പേർ കൊടുത്തിട്ടുള്ളത്. ഇച്ഛിച്ചതിനെ എല്ലാം നല്കുന്ന കല്പകവൃക്ഷങ്ങളും ദേവന്മാൎക്ക് ഉണ്ടത്രേ. അതുകൊണ്ടു ദിവ്യമായ ആഹാരത്തിന്നും അവൎക്കു പഞ്ഞമില്ല. ആ സ്ഥിതിക്ക് ഇന്ദ്രാദിദേവന്മാരെയും ശവം തിന്നുന്ന കുറുക്കന്മാരുടെ കൂട്ടത്തിൽ കൂട്ടുന്നതു ശരിയല്ല. കഷ്ടം! കഷ്ടം! സൎവ്വമതക്കാൎക്കും ഈശ്വരന്നും അസഹ്യമായ ഇങ്ങിനെയുള്ള അധൎമ്മത്തെ നമ്മുടെ കൂട്ടക്കാർ ചെയ്യുന്നുവെല്ലോ. ആൺമൃഗത്തിന്റെ ഇന്ദ്രിയവും പെൺമൃഗത്തിന്റെ രക്തവും കൂടിച്ചേൎന്നു കലൎന്നു പരിണമിച്ചതാണ് മാംസം. ആ സൂക്ഷ്മം ആലോചിക്കുമ്പോൾ എത്രയോ അറച്ചുപോകുന്നു. അങ്ങിനെയുള്ള മാംസത്തിൽ വിശേഷബുദ്ധിയില്ലാത്ത കുറുക്കന്നോ നരിക്കോ മററൊ ആശ ജനിക്കുന്നതല്ലാതെ മനുഷ്യന്ന് അതിൽ രുചി ജനിക്കുവാൻ ഒന്നുകൊണ്ടും തരമില്ല. അങ്ങിനെ ഇരിക്കെ അത് ഈശ്വരന്നുംകൂടി രുചിയുള്ള പദാൎത്ഥമെന്നു വിചാരിച്ചു വ്യാഘ്രങ്ങളെപ്പോലെ ഹിംസിച്ചു മാംസത്തെ നിവേദ്യമാക്കിക്കല്പിക്കുന്നവരെ മൃഗപ്രായന്മാരായി വസിഷ്ഠഭഗവാൻ പറഞ്ഞതിന്ന് എന്താ കു

ററം? ഒരു ദുഷ്ടപിതാവായാൽക്കൂടി അവൻ അവൻെറ കട്ടിയെ കൊന്നുതിന്നുമോ? ഇല്ല. ആ സ്ഥിതി ഓൎക്കുമ്പോൾ സൎവ്വലോകപിതാവും മാതാവും അല്ലെ ദൈവം? സൎവ്വ പ്രാണികളും തൻെറ സന്താനങ്ങളും അല്ലെ? അപ്പോൾ തൻെറ കട്ടിയെ കൊന്ന് ആ മാംസത്തെ തനിക്കു നിവേദിച്ചാൽ രസിക്കുമോ? നരിയും തൻെറ കട്ടിയെ കൊന്നു തിന്നുന്നില്ലല്ലൊ. നരിയേക്കാളും ജ്ഞാനമില്ലാത്തവനും നിന്ദ്യമാംസപ്രിയനും നിൎദ്ദയനുമാണ് ഹിന്തുക്കളുടെ ദൈവം എന്നു ഇതരമതക്കാൎക്ക വ്യാഖ്യാനിച്ചു കൊട്ടുത്തു പരിഹസിപ്പാൻ ഇടവരുത്തുകയോ ചെയ്യുന്നത്? എന്താ മാംസംവെച്ചു പൂജിക്കുന്നതിൻെറ അൎത്ഥം? അന്യമതക്കാർ പരിഹസിക്കുന്നത് ഇരിക്കട്ടെ, ദൈവം പരിഭവിക്കുന്നതും ഇരിക്കട്ടെ, ആലോചിക്കുന്തോറും അതി കഷ്ടമായിരിക്കുന്നുവെല്ലൊ ഹിംസാകൎമ്മം. നോം നമുക്കു മീതെ ഒരു ജാതിയുണ്ടെന്നു വിചാരിക്കുക. അവൎക്ക ഭക്ഷണാൎത്ഥമായിട്ടോ പൂജയ്ക്കായിട്ടോ മനുഷ്യരിൽ ഒരുവനെ പിടിച്ചു കൊല്ലുവാൻ കൊണ്ടുപോകുന്നു എങ്കിൽ അവൻ എത്ര വ്യസനിക്കും? അടിക്കും, തൊഴിക്കും, മരണഗോഷ്ഠി പലതും കാണിക്കും എന്നു ചുരുക്കിപ്പറയുന്നതല്ലാതെ അപ്പോഴത്തെ വ്യസനഘട്ടം പറവാൻ സാധിക്കുമോ? എന്തിന്ന് അത്ര ദൂരെപ്പോകുന്നു. രോഗം പിടിപെട്ടു സാധാരണ മരിക്കുമ്പോൾതന്നെ എത്രയെല്ലാം വ്യസനിക്കുന്നു. ഇതു തട്ടത്താൽ നില്ക്കാത്ത സംഗതിയാണെന്ന് അറിഞ്ഞിട്ടും വളരെ പണം ചിലവുചെയ്തിട്ടും വൈദ്യന്മാരെ കൊണ്ടുവന്ന് അനേകവിധം ചികിത്സചെയ്തിട്ടും ഈശ്വരസേവാദികൾ ചെയ്തിട്ടും പലവിധം നിവാരണത്തെ ചെയ്തുനോക്കുന്നു. എന്നിട്ടും മരിക്കുമ്പോൾ കാലഗതിയാണെന്നു സമാധാനിക്കാതെ അവനും ശേഷക്കാൎക്കുമുള്ള സങ്കടം അവാച്യമായിരിക്കുന്നു. ഈ അനുഭവം മനുഷ്യൎക്ക് ഉണ്ടായിരുന്നിട്ടും മററുള്ള പ്രാണികൾക്കും ഇങ്ങിനെ പുത്രാദിപാശവും മരണഭയവും ഉണ്ടെന്നറിഞ്ഞിട്ടും മനുഷ്യനാൽ ഇതു നിൎത്തൽചെയ്യപ്പെടത്തക്കതായിരുന്നിട്ടും പുലി പശുവിനേയും പൂച്ച എലിയേയും കുറുക്കൻ കോഴിയേയും കൊല്ലുന്ന മാതിരി കോഴി ആട്ട മുതലായ പ്രാണികളെ ബലാ

ല്ലാരേണ പൊത്തിപ്പിടിച്ച കഴുത്തറക്കുന്ന കഠിനകർമ്മമാണോ മനുഷ്യന്റെ ധർമ്മം? ദുർബ്ബലപ്രാണികളെ പ്രബലപ്രാണികൾ ഹിംസിക്കുന്നതു മൃഗധർമ്മമല്ലെ? അങ്ങിനെ മനുഷ്യനും ചെയ്യുന്നപക്ഷം മനുഷ്യൻ മൃഗത്തിലുംവെച്ചു മൃഗമായിരിക്കുന്നുവെല്ലൊ. ഒരു മനുഷ്യനെപ്പിടിച്ചു കഴുത്തറുത്തു തിന്നുന്നതിനേക്കാൾ മഹാ കഷ്ടമാണ് മത്സ്യാദിജന്തുഹിംസാ എന്നാകുന്നു എന്റെ പക്ഷം. എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ ഇടയിൽ തന്നെ വിശ്വസിച്ചവനെ ചതിക്കയോ നാഥനില്ലാത്ത സാധുവെ ഉപദ്രവിക്കയോ ചെയ്യുമ്പോഴയ്ക്ക് അങ്ങിനെ ചെയ്തവനെ വിശ്വാസഘാതകം ചെയ്തുവെല്ലോ നാഥനില്ലാത്ത സാധുവിനെ ഇവൻ ദ്രോഹിച്ചുവെല്ലോ ഇവൻ മഹാപാപി മഹാപാപി എന്നു ലോകം മുഴുവനും നിന്ദിക്കുന്നു. ആ സ്ഥിതി ഓൎക്കുമ്പോൾ കോഴി ആടു മുതലായവ നമ്മെ വിശ്വസിച്ചു വളരുന്നു. നോം വിളിക്കുമ്പോൾ അവ അരികിൽ വരുന്നു. നമ്മെ അതിന്റെ എജമാനൻ എന്നാണ് അതിന്റെ വിശ്വാസം. വിശ്വസിക്കപ്പെട്ട എജമാനൻ കഴുത്തു തിരുമ്പിക്കൊല്ലുകയാണോ ചെയ്യേണ്ടത്? പോക്കാനൊ കറുക്കനൊ ആണോ എജമാനൻ? വിശ്വാസഘാതകമല്ലെ ചെയ്യുന്നത്. ഈ പ്രാണികളെ എത്ര ഹിംസിച്ചാലും അതിനെപ്പററി ചോദിപ്പാൻ ആരെയും കാണുന്നില്ല. അതുകൊണ്ട് അവ നാഥനില്ലാത്തവയാണെന്നുള്ളതും സ്പഷ്ടമല്ലേ? ഇങ്ങിനെ ഇരിക്കുന്ന പ്രാണികളെ ഹിംസിക്കുന്നതല്ലെ മഹാപാപം. മനുഷ്യനു സ്വശക്തിയും ബുദ്ധിയും ഉണ്ട്. ആപത്തിൽനിന്നു രക്ഷിപ്പാൻ ജ്യേഷ്ഠകനിഷ്ഠപുത്രമിത്രബന്ധുജനാദികളും നാഥന്മാരായിട്ടുണ്ട്. പോരെങ്കിൽ മഹാനാഥനായി രാജാവും ഉണ്ട്. ഈ സ്ഥിതിക്കു ദയയ്ക്കു പാത്രം ആരാകുന്നു. ഏതാകുന്നു വലിയ കററം? സൂക്ഷ്മത്താലും ആലോചിക്കുമ്പോൾ മനുഷ്യരിൽ ഉത്തമധർമ്മം കാണുന്നില്ല. 'അഹിംസാ പരമോധർമ്മഃ' എന്നല്ലെ മഹാന്മാരായ ദയാലുക്കൾ വിധിച്ചിട്ടുള്ളത്.

ശിഷ്യൻ:—എന്നാൽ സസ്യങ്ങളെ ഭക്ഷിക്കുന്നതിലും ഹിംസാദോഷം ഇല്ലെ? അവയ്ക്കും ജീവനുണ്ട്, ഉല്പത്തിയും വളർച്ചയും നാശവും കാണുന്നു. ജലാദിരക്ഷകൊണ്ടു വളരുന്നു. അത്

ഇല്ലാതെയാകുമ്പൊഴൊ ഛേദിക്കുമ്പോഴൊ നശിക്കയും ചെയ്യുന്നു.

ഗുരു:— ഹേ ശിഷ്യ! മനസ്സ് ഉണ്ടെങ്കിലെ വേദനയുള്ളു. സസ്യാദികൾക്കു ദൈവം മനസ്സിനെ സൃഷ്ടിച്ചിട്ടില്ല. അതുകൊണ്ട് അവയുടെ ഛേദത്തിൽ ഹിംസാദോഷം ഇരിക്കയില്ല. ഏതുപോലെ എന്നാൽ, നമ്മുടെ തലമുടിയെ അരിയുന്നതുകൊണ്ടു വേദനയില്ല. അതുകൊണ്ടു ഹിംസാദോഷവും ഇല്ല. ഉണ്ടെങ്കിൽ ക്ഷൌരം ചെയ്യിക്കുമ്പോൾ അസംഖ്യം രോമത്തെ ഛേദിച്ചുകളയുന്നു. അതുകൊണ്ടു അസംഖ്യം ഹിംസാദോഷവും നമുക്കു പറേറണമെല്ലൊ. എണ്ണ മുതലായ രക്ഷകൊണ്ടു രോമങ്ങളും വളരുന്നു. അത് ഇല്ലാതെയാകുമ്പോഴൊ ഛേദിക്കുമ്പോഴൊ അവ ക്ഷയിക്കയും ചെയ്യുന്നു. വൃദ്ധിക്ഷയങ്ങൾ സസ്യാദികൾക്കെന്നപോലെ രോമങ്ങൾക്കും ഉണ്ടെല്ലൊ. അതുകൊണ്ടു സുഖദുഃഖങ്ങളുള്ള മനസ്സിന്റെ സൃഷ്ടിയോടുകൂടിയ പ്രാണിയുടെ ഹിംസനത്തിൽ മാത്രമെ ഹിംസാദോഷം ഇരിക്കയുള്ളു. ഒരു മതക്കാരും സസ്യഭക്ഷണത്തിൽ പാപത്തെ കല്പിക്കാത്തതിന്റെ അത്ഥവും അതുതന്നെ. സകല മതക്കാരും സസ്യഭക്ഷണത്തെ ഒരുപോലെ അംഗീകരിച്ചിട്ടുണ്ട്. പ്രാണികളെ കൊന്നുതിന്നുന്നകാൎയ്യത്തിൽ അങ്ങിനെ യോജിച്ചുകാണുന്നില്ല. ഹിന്തുമതത്തിന്റെ ഹൃദയമായ യോഗത്തിന്റെ യമത്തിന്റെ ഒന്നാമത്തെ ഭാഗം അഹിംസയാകുന്നു. ഈ ധമ്മം സാരഗ്രാഹികളായ സത്തുക്കളുടെ ഇടയിൽ മാത്രം ഹിന്തുമതത്തിൽ ജീവിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധമതത്തിൽ ഇതു സവ്വരിലും പ്രസിദ്ധപ്പെട്ടിരിക്കുന്നു. മററുള്ള മതങ്ങളിൽ ഇതു ഗൂഢമായി ഇരിക്കുന്നു. പക്ഷെ രസനാചാപല്യംനിമിത്തം അവർ ഹിന്തുക്കളിൽ ചിലരെപ്പോലെ ഹിംസാതല്പരന്മാരായി അതിനെ സാധിപ്പാൻ പല കുയുക്തികളും പറഞ്ഞുനോക്കുന്നു. എന്തിന്ന് അധികം പറയുന്നു; തന്റെ മതം ഉൽകൃഷ്ടമെന്നു യുക്തിയുക്തമായി ഒരുവന്നു സാധിക്കേണമെന്നുണ്ടെങ്കിൽ നിശ്ചയമായിട്ടും 'അഹിംസ' എന്ന പരമധമ്മത്തെ അംഗീകരിക്കാതെ ഇരിപ്പാൻ നിവ്വാഹമില്ല. ഈ ധമ്മം ഈശ്വരൻ എങ്ങിനെ സവ്വവ്യാപിയായി ഇരിക്കുന്നുവൊ അപ്പോലെ സവ്വമ

തത്തേയും വ്യാപിച്ചുകൊണ്ടിരിക്കുന്നു എങ്കിലും വിഷയഭ്രാന്തന്മാർ എങ്ങിനെ ഈശ്വരനെ ഗണിക്കുന്നില്ലയൊ അപ്പോലെ മാംസഭ്രാന്തന്മാരും ഈ ധമ്മത്തെ ഗണിക്കുന്നില്ല.

ശിഷ്യൻ:— സ്വാമിൻ! കൊന്നുതിന്നാക്കല്ലെ ഹിംസാദോഷം ഇരിക്കു മാംസത്തിന്നു എജമാനന്മാരെ കൈ കൊല്ലുന്നവരല്ല.

ഗുരു:— ഹേ ശിഷ്യ! കൊന്നത് ഒരുവനാകുന്നു എങ്കിലും കൊല്ലിച്ചവനെക്കൂടി രാജാവു പിടിച്ചു ശിക്ഷിക്കുന്നു. അപ്പോലെതന്നെ ആടുമുതലായവയുടെ ഘാതാവു മററാരുവനാണെങ്കിലും ആ മാംസംവാങ്ങി തിന്നുന്നവരും ദണ്ഡനീയന്മാർതന്നെ. എന്തുകൊണ്ടെന്നാൽ, തിന്നാൻ ആരും ഇല്ലെങ്കിൽ കൊല്ലാനും ആളുണ്ടാകയില്ല. അതുകൊണ്ടു സൂക്ഷ്മത്തിൽ തിന്നുന്നവരാണ് കൊല്ലിക്കുന്നത്. ഏതു കച്ചവടത്തെ കൊള്ളാൻ ആളില്ലാതെ വരുന്നുവൊ ആ കച്ചവടക്കാരനു നഷ്ടം നേരിട്ട് ആ കച്ചവടത്തിൽനിന്നു പിൻവലിക്കും. അപ്പോലെ മാംസത്തിനേയും വാങ്ങുവാൻ ആളില്ലെങ്കിൽ ഹിംസകനും ഹിംസയിൽനിന്നു പിൻവലിക്കും.

ശിഷ്യൻ:— മത്സ്യാദിമാംസങ്ങൾ മനുഷ്യക്കു രുചിക്കുന്നതുകൊണ്ട് അവയും ദൈവം തിന്നാൻ കല്പിച്ചിട്ടുള്ളതാകുന്നു. അല്ലെങ്കിൽ അവയിൽ രുചി വരികയില്ലാ എന്നു ചിലർ വാദിക്കുന്നു.

ഗുരു:— എന്നാൽ പരധനങ്ങളിലും പരസ്ത്രീകളിലും മററും രുചി ജനിക്കുന്നവക്ക് അവ കക്കാനും വ്യഭിചരിക്കാനും നമുക്കു കല്പിച്ചുവെച്ചതാകുന്നു എന്നു സമാധാനിക്കാം. എന്നുമാത്രമല്ല നരി നമ്മെ കൊന്നുതിന്നുവാൻ ശ്രമിക്കുമ്പൊഴൊ നമ്മുടെ കന്നുകാലികളെ കൊന്നുതിന്നുമ്പൊഴൊ നരിയെയും നമുക്കു വെടിവെച്ചോ മററൊ കൊല്ലുവാൻ പാടില്ല. അതിന്നു നമ്മുടെയും മററും മാംസം ദൈവം കല്പിച്ചതുകൊണ്ടല്ലെ രുചിക്കുന്നത്. നമുക്ക് ഒരു പ്രാണിയെ കൊന്നുതിന്നുന്നതു സന്തോഷകരമായിരിക്കുന്നതുകൊണ്ടു ദൈവകല്പനയാണെന്നു നിശ്ചയപ്പെടുത്തുന്നവക്കും നമ്മെയും മററൊരു പ്രാണി കൊന്നുതിന്നുന്നതു സന്തോഷകരമായിരിക്കുന്നതുകൊണ്ട് അതും ദൈവകല്പനയാണെന്നുവച്ചു സന്തോഷിക്കയാകുന്നു വേണ്ടത്.

അതിന്നു വിപരീതമായി നരിയെ ഉപദ്രവിക്കുന്നതു ശരിയല്ല. ഈ സ്ഥിതിക്കു കളവുമുതലായ കുററങ്ങൾക്ക് ഒന്നും ശിക്ഷിപ്പാൻ പാടില്ല. എന്തുകൊണ്ടെന്നാൽ കക്കുന്നതു കള്ളനു വിധിച്ചിട്ടല്ലെ? വിധിക്കുന്നതൊ ദൈവകല്പനകൊണ്ടാകുന്നു. ദൈവകല്പനപ്രകാരം ഒരുവൻ ചെയ്യുന്നു എങ്കിൽ അതിന്നു ദണ്ഡിക്കുന്ന രാജാവു കുററക്കാരനായി. ആരും ദൈവകല്പനയെ ലംഘിക്കരുതെല്ലൊ. ഹേ ശിഷ്യ! ഇന്ദ്രിയചാപല്യംനിമിത്തം തോന്നിയവണ്ണം വാദിക്കുന്നവരുടെ വാദം വാദിച്ചതു മതി. യോഗശാസ്ത്രപ്രകാരം 'അഹിംസ' എന്നതിന്ന് അൎത്ഥം വിചാരിക്കുന്നതായാൽ സകല ധൎമ്മവും ഇതിൽ അടങ്ങിപ്പോയി. എങ്ങിനെ എന്നാൽ കായംകൊണ്ടൊ മനസ്സുകൊണ്ടൊ വാക്കുകൊണ്ടൊ ഒരു പ്രാണിക്കും ഉപദ്രവം ഏല്പിക്കാതെ ഇരിക്കുന്നതാകുന്നു അഹിംസാ.

ശിഷ്യൻ:—സ്വാമിൻ! കായംകൊണ്ട് അടിച്ചിട്ടൊ കുത്തിയിട്ടൊ കലപ്പെടുത്തിയിട്ടൊ മററുവല്ല ഉപായങ്ങളും ചെയ്തിട്ടൊ ഒരു പ്രാണിക്ക് ഉപദ്രവത്തെ ഏല്പിക്കാം. വാക്കുകൊണ്ടും അസഹ്യമായ അസഭ്യം പറഞ്ഞിട്ടൊ ഒരുവനെക്കൊണ്ടു മറെറാരുവനോടു നുണ പറഞ്ഞുകൊടുത്തു തമ്മിൽതല്ലിച്ചിട്ടൊ കള്ളസ്സാക്ഷിമുതലായതു പറഞ്ഞു കാൎയ്യദോഷം വരുത്തിയിട്ടൊ മറെറാരുത്തനെ ഉപദ്രവിക്കാം. മനസ്സുകൊണ്ട് എങ്ങിനെയാകുന്നു ഉപദ്രവിക്കുന്നത്?

ഗുരു:— മനസ്സുകൾക്കെല്ലാംകൊണ്ടു ഗുണത്തേയും ദോഷത്തേയും വരുത്തുവാനുള്ള ശക്തി ചില യോഗികളുടെ മനസ്സിന്നു കാണുന്നുണ്ട്. അവർ മനസ്സുകൊണ്ടു ദ്രോഹവിചാരം ചെയ്താൽ മറെറാരുത്തന്നു ദ്രോഹം നേരിടുന്നു.

ശിഷ്യൻ:— ഇത് ഇക്കാലത്ത് ആരും വിശ്വസിക്കയില്ല.

ഗുരു:— വിശ്വസിക്കാത്തവൎക്കു വേറെ ഉദാഹരിക്കാം കേൾക്കു. നിനക്ക് ഒരുവൻെറനേരെ രസമില്ലെന്നുകണ്ടാൽ നിൻെറ സേവയ്ക്കുവേണ്ടി നിൻെറ കൂട്ടക്കാർ അവനെ ഉപദ്രവിച്ചുതുടങ്ങും. നീ കായംകൊണ്ടൊ വാക്കുകൊണ്ടൊ അവരെ ഉത്സാഹിപ്പിച്ചിട്ടില്ലെങ്കിലും അവരെ തടസ്ഥം ചെയ്യാതെ

മൌനിയായിരുന്നാൽ നീ മനസ്സുകൊണ്ട് ഉപദ്രവിച്ച കുററം നിണക്കും പററും. നിൻെറ ഇഷ്ടത്തിന്നുവേണ്ടിയല്ലെ അവർ ചെയ്യുന്നത്. നിണക്ക് അത് ഇഷ്ടമല്ലെന്നുകണ്ടാൽ നീ നിൎത്തൽ ചെയ്യേണ്ടതും അല്ലെ? അങ്ങിനെ ചെയ്യാത്തതുകൊണ്ട് അവന്ന് ഉപദ്രവം ഏല്ക്കുന്നുവെല്ലൊ. അതിന്നുപുറമെ എപ്പോൾ ഒരുവനെ ഉപദ്രവിക്കേണമെന്നു മനസ്സിന്നു തോന്നിയൊ ആ വിചാരംനിമിത്തം പലവിധം ആലോചിച്ചു മനസ്സു കലുഷമായിത്തീരുന്നു. ആ ചിന്തകൊണ്ടു നിദ്രകൂടി രാത്രിയിൽ ഇല്ലാതെയാകുന്നു. ഇങ്ങിനെ തനിക്കും ഉപദ്രവം ഏല്ക്കുന്നുവെല്ലൊ ഇതിന്നെല്ലാം സാക്ഷി സൎവ്വജ്ഞനായ ഈശ്വരനല്ലെ? അപ്പോൾ ഈശ്വരസന്നിധിയിൽ കുററക്കാരനായില്ലെ? ശിക്ഷയ്ക്കും പാത്രമായില്ലെ? കലങ്ങിയ വെള്ളത്തിൽ സൂൎയ്യബിംബം പ്രതിബിംബിക്കാത്തതുപോലെ കലുഷമായ മനസ്സിൽ ആത്മജ്യോതിസ്സും പ്രകാശിക്കയില്ലല്ലൊ. ഇങ്ങിനെ ആത്മഗതിക്കു ഹാനിവരുത്തുകയാൽ അവൻ ആത്മഹത്യാചെയ്ത പാപിയായി. മററൊരുത്തന്ന് ഉപദ്രവം ഏല്പിച്ചാലും ശിക്ഷയ്ക്കുപാത്രം ഉപദ്രവകൎത്താവുതന്നെ. മനോവ്യാപാരംകൊണ്ടുമാത്രം ആ സ്ഥിതിയിലെത്തുന്നുവെല്ലൊ. അപ്പോൾ അന്യന്നും തനിക്കും മനസ്സുകൊണ്ടും ഉപദ്രവത്തെ ഉണ്ടാക്കാമെന്നു സിദ്ധിച്ചു.

ശിഷ്യൻ:—സത്യം, സന്തോഷം, ദയ മുതലായ സകല ധൎമ്മങ്ങൾ 'അഹിംസയിൽ' അടങ്ങുന്നത് എങ്ങിനെയാകുന്നു?

ഗുരു:— ൧. സത്യംവിട്ടുനടക്കുന്നതുകൊണ്ടു തനിക്കും അന്യന്നും ഉപദ്രവം തട്ടുന്നു. ൨. തനിക്കുള്ളതുകൊണ്ടു സന്തോഷിക്കാതെയല്ലെ ദുൎവ്യാപാരത്തിന്നു പോകുന്നത്. അതുകൊണ്ടും ഉപദ്രവമല്ലെ നേരിടുന്നത്. ദയയില്ലാത്തതുകൊണ്ടല്ലെ ക്രൂരഹിംസചെയ്യുന്നത്. അതും മഹാ ഉപദ്രവമല്ലെ? ഇങ്ങിനെ ഏതൊരു ധൎമ്മമുണ്ടൊ അതാതിനെ തെററിച്ചുനടക്കുമ്പോൾ ഉപദ്രവം നേരിടുന്നു. ധൎമ്മപ്രകാരം നടന്നാൽ ആൎക്കും ഉപദ്രവമില്ല. അപ്പോൾ സകല ധൎമ്മങ്ങളുടേയും ആവശ്യം ആൎക്കും ഉപദ്രവം ഏല്പിക്കാതെ കഴിച്ചുകൂട്ടണമെന്നാകുന്നു എന്നു സിദ്ധിച്ചു. അഹിംസാ എന്ന ധൎമ്മത്തിൻെറ അൎത്ഥം അതാ

ണ്ണെന്നു ഞാൻ വ്യാഖ്യാനിച്ചുവെല്ലൊ, വിളയിറക്കിയാൽ വേലി കെട്ടുന്നതു വിളയുടെ രക്ഷയ്ക്കുവേണ്ടിയാകുന്നു. അപ്പോലെ 'അഹിംസ' എന്ന ധർമ്മത്തിന്റെ രക്ഷയ്ക്കുവേണ്ടിയാകുന്നു യോഗികൾ മററുള്ള ധർമ്മകർമ്മങ്ങളെല്ലാം വിധിച്ചിട്ടുള്ളത്.

ശിഷ്യൻ:— ഇങ്ങിനെയുള്ള വിശിഷ്ടധർമ്മത്തിന്നു വിപരീതമായി യാഗത്തിൽ ഹിംസ ചെയ്യുന്നതുകൊണ്ടു വസിഷ്ഠഭഗവാൻ യാഗംചെയ്യുന്നവരെ മൃഗപ്രായന്മാരായി നിന്ദിച്ചതു വളരെ യുക്തംതന്നെ.

ഗുരു:—ഹേ ശിഷ്യ! ഒരു വൈശ്യൻ, പണ്ടു തന്റെ ദേഹത്തിൽ കത്തി രക്തം എടുത്ത് ആ രക്തംകൊണ്ടു ദേവിയെ പൂജിക്കയാൽ ദേവി വേഗത്തിൽ പ്രത്യക്ഷത്തിലായി ഇഷ്ടവരങ്ങൾ കൊടുത്തുപോൽ. തന്റെ ശിരസ്സുകളെ അറുത്തു രാവണൻ ഹോമിക്കയാൽ ഈശ്വരൻ പ്രത്യക്ഷനായി ത്രൈലോക്യാധിപത്യത്തെ രാവണന്നു കൊടുത്തുപോൽ. ഈ കഥകൾ പുരാണങ്ങളിൽ പറഞ്ഞിട്ടുള്ളതു നമ്മുടെ കൂട്ടക്കാൎക്കെല്ലാം അറിയാം. ആ സ്ഥിതിക്കു നമ്മുടെ കൂട്ടക്കാർ അവനവന്റെ ദേഹത്തേയൊ തലയേയൊ ഛേദിച്ചു ദൈവത്തിന്നു നിവേദിച്ചാൽ ദൈവം വേഗത്തിൽ പ്രസാദിച്ച് അഭീഷ്ടങ്ങളേയും നല്കുമെല്ലൊ. അങ്ങിനെ ചെയ്യാതെ അനാഥപ്രാണികളായ കോഴി ആടു മുതലായവയെ കൊന്നു ദൈവത്തിന്നു കൊടുക്കുന്നത് എന്താകുന്നു?

ശിഷ്യൻ:—സ്വാമിൻ രാവണന്നു പത്തു തലയുണ്ട്. ഒമ്പതു തല പോയാലും പത്താമത്തെ തലകൊണ്ടു കോഴിയുടെയൊ ആട്ടിന്റെയൊ മററൊ തല കടിച്ചുതിന്നാം. നമ്മുടെ കൂട്ടൎക്ക് ഒരു തലയെ ഉള്ളൂ, അതിനെ ദൈവത്തിന്നുവേണ്ടി അറുത്താൽ പിന്നെ ഏതുതലകൊണ്ട് ഇവർ കോഴിയുടേയും ആട്ടിന്റേയും മററും തല കടിച്ചുതിന്നും? എന്നുമാത്രമല്ല നീതിനിധിയായിരിക്കുന്ന ഇംഗ്ലീഷുരാജാവ് ആത്മഹത്യചെയ്യാൻ തുനിഞ്ഞ കുററത്തിൽ നമ്മുടെ കൂട്ടരെ പിടിച്ചു ദണ്ഡിക്കയും ചെയ്യും. ഈ രണ്ടു സംഗതികൊണ്ടായിരിക്കാം സ്വശിരസ്സിനേയും സ്വദേഹരക്തത്തെയും ദൈവത്തിന്നു നിവേദ്യമാക്കാത്തത്.

ഗുരു:—ഹേ ശിഷ്യ! വിജനസ്ഥലത്തിൽ ഇരുന്നു മേല്പറ
ഞ്ഞ ക്രിയ നടത്തിയാൽ നമ്മുടെ രാജാവ് അറികയും ഇല്ല.
ഈശ്വരൻ പ്രത്യക്ഷനായി ത്രൈലോകാധിപത്യത്തെ കൊടു
ക്കയും ചെയ്യും. ഛേദിക്കപ്പെട്ട ശിരസ്സു രണ്ടാമതു മുളച്ചുവരി
കയും ചെയ്യും. രാവണന്നു് അങ്ങിനെ ഉണ്ടായി എന്നു പറ
യുന്നുവെല്ലൊ. ത്രൈലോക്യരാജനായി തെളിയാമെല്ലൊ. അ
പ്പോൾ ഇംഗ്ലീഷുകാരും കീഴിലായെല്ലൊ. ഹേ ശിഷ്യ! തന്നെ
പ്പോലെ അന്യപ്രാണിയെ കരുതാതെ ദയയില്ലാതെ ഹിംസി
ക്കുന്നതു മാംസപ്രിയന്മാരായിട്ടു് എന്നുമാത്രമെ തീൎച്ചപ്പെടുത്തു
വാനുള്ളു. ഇവർ ഇതിൻെറ ഫലം അനുഭവിക്കും കേൾക്കുക

"തേ മേ മതമവിജ്ഞായ പരോക്ഷംവിഷയാത്മകാഃ
വൃഥാപശൂൻവിഹിംസന്തി ഹിംസ്യന്തെപ്രേത്യതൈസ്തുതേ."

അൎത്ഥം:— വിഷയങ്ങളിൽ മനസ്സോടുകൂടിയവൻ ഗ്രന്ഥ
മായിരിക്കുന്ന എൻെറ മതത്തെ അറിയാതെ വൃഥാ പശുക്ക
ളെ ഹിംസിക്കുന്നു. അവർ മരിച്ചിട്ടു പശുക്കളാലും ഹിംസിക്ക
പ്പെടുന്നു. എന്നാൽ പശുഹിംസകന്മാർ മരിച്ചു പരലോക
ത്തിൽ ചെല്ലുമ്പോൾ അവരാൽ യാഗാദികളിൽ ഹിംസിക്ക
പ്പെട്ട പശുക്കൾ അവരേയും കുത്തിക്കൊല്ലുന്നു എന്നു സാരം.
ഇതു ഭാഗവതത്തിൽ ഉള്ള പദ്യമാകുന്നു. കൃഷ്ണൻ ഉദ്ധവരോ
ടു് അരുളിച്ചെയ്തതും ആകുന്നു. ഇങ്ങിനെയുള്ള കൃഷ്ണൻ ഹിം
സാസഹിതങ്ങളായ കൎമ്മങ്ങളെ ഭഗവൽഗീതയിൽ വിധിക്കു
മൊ? ഇല്ല.

ശിഷ്യൻ:— തപസ്സു ചെയ്യുന്നവരേയും മൃഗപ്രായന്മാരാ
യി വസിഷ്ഠൻ എന്താ ദുഷിച്ചതു്?

ഗുരു:— തപസ്സും ഹിംസതന്നെ. എങ്ങിനെയെന്നാൽ
പട്ടിണികിടക്കുമ്പോൾ വിശപ്പും ദാഹവും സഹിച്ചുകൂടാതെ
ഇന്ദ്രിയങ്ങൾ വല്ലാതെ തപിച്ചു വലയുന്നു. ഒരു കുടുംബ
ത്തിലുള്ള കൂട്ടൎക്കു് ആഹാരംകൊടുക്കാതെ പട്ടിണിയിട്ടു് ഉപ
ദ്രവിക്കുന്നതു ഹിംസയല്ലെ? അങ്ങിനെ ഉപദ്രവിക്കുന്ന കു
ടുംബനാഥനെ നാട്ടുകാരെല്ലാം നിന്ദിക്കയില്ലയൊ? അപ്ര
കാരമല്ലെ ദേഹമാകുന്ന ഗൃഹത്തിലെ പ്രാണാദികളാകുന്ന
കുടുംബങ്ങൾക്കു് ആഹാരാദികൾ കൊടുക്കാതെ തപി

ഷ്ഠിക്കുന്നത്. ഇതുകൊണ്ട് ഉഷ്ണിച്ച രോഗമുണ്ടാകുന്നു. രോഗമൊ ദേഹശക്തിയെ കെടുക്കുന്നതും അതിസങ്കടകരമാണെന്നുള്ളതും സൎവ്വജനാനുഭവസിദ്ധമാകുന്നു. സംസാരസമുദ്രത്തെ കടപ്പാൻ ദേഹം ഒരു തോണിയായിരിക്കെ ആ തോണിക്കു കേടുതട്ടിയാൽ ആത്മഗതിക്കു ഹാനി വരുന്നു. രോഗിയെ രക്ഷിപ്പാൻവേണ്ടി ശേഷക്കാൎക്ക് ഉള്ള ഉപദ്രവമോ പറയേണ്ടതില്ലല്ലോ. പട്ടിണികിടന്നു തപിച്ചതുകൊണ്ടു യോഗജ്ഞാനവും ഉണ്ടാകുന്നതല്ല. അതുകൊണ്ടു വസിഷ്ഠഭഗവാൻ തപസ്വികളെ ദൂഷിച്ചിരിക്കുന്നു. ഗാരുഡത്തിൽ വിഷ്ണുഭഗവാനും അപ്രകാരം പറഞ്ഞിരിക്കുന്നു കേൾക്കു.

ഏകഭക്തോപവാസാദ്യൈൎന്നിയമൈഃ കായശോഷണൈഃ
മൂഢാഃ പരോക്ഷമിച്ഛന്തി മമ മായാവിമോഹിതാഃ.

അൎത്ഥം:— എന്റെ മായയാൽ മോഹിതന്മാരായിട്ടു മൂഢന്മാർ ഒരുനേരം ഉണ്ടിട്ടും തീരെ പട്ടിണികിടന്നിട്ടും മററുമുള്ള ദേഹത്തെ ശോഷിപ്പിക്കുന്ന വ്രതങ്ങൾകൊണ്ട് അപ്രത്യക്ഷത്തിലിരിക്കുന്ന ഈശ്വരനെ കാണ്മാൻ ഇച്ഛിക്കുന്നു.

കൎശയന്തഃശരീരസ്ഥം ഭൂതഗ്രാമമശേഷതഃ
മാഞ്ചൈവാന്തശ്ശരീരസ്ഥം താൻവിദ്ധ്യാസുരനിശ്ചയാൻ.
അശാസ്ത്രവിഹിതംഘോരം തപ്യന്തെയെതപോജനാഃ.
(എന്നു ഭഗവൽഗീത).

അൎത്ഥം:— ഏതു ജനങ്ങൾ ഹൃദയത്തിലിരിക്കുന്ന എന്നേയും പഞ്ചഭൂതമയമായ ശരീരത്തേയും മുഴുവൻ ശോഷിപ്പിച്ചുകൊണ്ടു ജ്ഞാനശാസ്ത്രസമ്മതമല്ലാത്ത ഘോരതപസ്സിനെ ചെയ്യുന്നുവോ അവരെ അസുരസ്വഭാവികളായിട്ട് അറിയുക. തീൎത്ഥസ്നാനം ചെയ്യുന്നതിലും അതാതുസമയത്ത് ആഹാരത്തിനും മററും തരംവരായ്കയാലും അതി കായക്ലേശത്തിന്ന് ഇടയുള്ളതുകൊണ്ടും മേൽപറഞ്ഞ ദോഷം ഉണ്ട്. തീൎത്ഥസ്നാനംകൊണ്ടു ദേഹത്തിലെ ചളിനീങ്ങുന്നതല്ലാതെ മനസ്സിന്റെ മലിനത നീങ്ങുകയും ഇല്ല. അനേക കൂട്ടക്കാർ തീൎത്ഥസ്നാനം ചെയ്തു വന്നിരിക്കുന്നുണ്ട്. തീൎത്ഥസ്നാനത്തിന്നുമുമ്പ് അവൎക്കുള്ള രാഗദ്വേഷാദിദോഷങ്ങൾ തീൎത്ഥസ്നാനം കഴിച്ചതിന്നു ശേഷവും കാണുന്നു.

അല്പവും ശമിച്ചുകാണുന്നില്ല. തീൎത്ഥസ്നാനത്താൽ വിവേകവും ഉണ്ടായിക്കാണുന്നില്ല. നിത്യവും തീൎത്ഥസ്നാനം ചെയ്തുകൊണ്ടു തീൎത്ഥക്കരയിൽതന്നെ ഇരിക്കുന്ന കൂട്ടൎക്കും രാഗദ്വേഷാദിദോഷങ്ങൾ ധാരാളം കാണുന്നു. മേൽപറഞ്ഞ സംഗതികളാൽ തീൎത്ഥസ്നാനംകൊണ്ടു ദോഷം അല്ലാതെ ഗുണം കാണുന്നില്ല. അതുകൊണ്ട് അതിൽ ഭ്രമിച്ചു വൃഥാ കാലംകളയുന്നവരെ മൃഗപ്രായന്മാരായി വസിഷ്ഠഭഗവാൻ പറഞ്ഞതും ഉചിതംതന്നെ. വിഷ്ണുഭഗവാനും അപ്രകാരം ദൂഷിച്ചിരിക്കുന്നു കേൾക്കുക.

ആജന്മ മരണാന്തഞ്ച ഗംഗാദിതടിനീസ്ഥിതാഃ
മണ്ഡൂകമത്സ്യപ്രമുഖാഃ യോഗിനസ്തേ ഭവന്തി കിം.

(എന്നു ഗാരുഡപുരാണം)

അൎത്ഥം:— ജനനംമുതൽ മരണംവരെ കാശീ, ഗംഗ മുതലായ തീൎത്ഥങ്ങളിൽ തവള, മത്സ്യം മുതലായ ജന്തുക്കൾ കിടക്കുന്നു. അവ യോഗികളായി ഭവിക്കുന്നുണ്ടോ? ഇല്ല. (അപ്പോൾ മനുഷ്യൻ ആ വെള്ളത്തിൽ ഒരിക്കൽ സ്നാനം ചെയ്യുമ്പോഴയ്ക്ക് എങ്ങിനെ ശുദ്ധനാകും? മത്സ്യാദികളുടെ കൂട്ടത്തിൽതന്നെ വെള്ളത്തിൽ ഭ്രമിക്കുന്ന മനുഷ്യനും എന്നു സാരം).

ക്ഷാളയന്തിഹിതീൎത്ഥാനി സൎവ്വഥാദേഹജംമലം
മാനസംക്ഷാളിതും താനി നസമൎത്ഥാനിവൈനൃപ.
ശക്താനിയദിചേത്താനി ഗംഗാതീരനിവാസിനഃ
മനുജാദ്രോഹസംയുക്താഃ കഥംസ്യുഃ.

(എന്നു ദേവീഭാഗവതത്തിൽ വേദവ്യാസർ പറഞ്ഞിരിക്കുന്നു).

അൎത്ഥം:—ദേഹത്തിലുള്ള ചളിയെ തീൎത്ഥങ്ങൾകൊണ്ടു കഴുകിക്കളയാം. മനസ്സിലുള്ള ചളിയെ നീക്കാൻ തീൎത്ഥങ്ങൾക്കു സാമൎത്ഥ്യമില്ല. തീൎത്ഥങ്ങൾക്കു മനസ്സിലുള്ള മലിനതയേയും കളവാൻ കഴിയുമെങ്കിൽ ഗംഗാതീരത്തിലിരിക്കുന്നവർ ദ്രോഹികളായി ഭവിക്കുമോ? (ഗംഗാതീരനിവാസികളും രാഗദ്വേഷാദികളാൽ മലിനമാനസന്മാരായി ദ്രോഹിക്കുന്നതുകൊണ്ടു മനഃശുദ്ധിയെ വരുത്തുവാൻ തീൎത്ഥങ്ങൾക്കു ശക്തിയില്ലെന്ന് അഭിപ്രായം).

ശിഷ്യൻ:—സ്വാമിൻ! ദാനം ചെയ്യുന്നവരേയും മൃഗപ്രായന്മാരായി വസിഷ്ഠർ നിന്ദിച്ചത് എന്താണ്?

ഗുരു:—ലോകത്തിലുള്ള സകല ജനങ്ങൾക്കും നീ അന്നദാനം ചെയ്താലും നിന്റെ വയർ നിറയുമോ? ഇല്ല. നിന്റെ വിശപ്പ് അടങ്ങി തൃപ്തിവരേണമെങ്കിൽ നിന്റെ ഉദരത്തിന്നു തന്നെ അന്നദാനം ചെയ്യേണം. അപ്പോലെ പരമാത്മസാക്ഷാൽകാരംകൊണ്ടു നിത്യതൃപ്തനായിത്തീരേണമെങ്കിൽ യോഗജ്ഞാനംതന്നെ വേണം. ഈ ജ്ഞാനം ദാനംകൊണ്ടു വരുമോ? ഇല്ല. നോക്കുക. ദാതാക്കന്മാരായ ധനികന്മാർ ഇപ്പോൾ വളരെ ഉണ്ട്. അവരൊക്കെ ജ്ഞാനികളായിരിക്കുന്നില്ല. ദാതാക്കന്മാരല്ലാതെ ചില ദരിദ്രന്മാർ ജ്ഞാനികളായിട്ടും കാണുന്നുണ്ട്. വിദ്യയെ അഭ്യസിച്ചാലെ വിദ്യ ഉണ്ടാകൂ. വളരെക്കാലം അദ്ധ്വാനിച്ചു പഠിക്കാതെ ബി. ഏ. പാസ്സാകുവാനുള്ള അറിവു തീൎത്ഥാടനംകൊണ്ടോ ദാനംകൊണ്ടോ പട്ടിണികൊണ്ടോ ലഭിക്കുമോ? ഇല്ല. ഇതിനെ സൂക്ഷ്മം ആലോചിച്ച് അറിയേണ്ടതിനെ അറിയാതെ ദാനത്തിൽമാത്രം ഭ്രമിക്കുന്നവരെ മൃഗപ്രായന്മാരായി വസിഷ്ഠഭഗവാൻ നിന്ദിച്ചതും യുക്തംതന്നെ.

ശിഷ്യൻ:—ദേവാൎച്ചനയെ അദ്ദേഹം ദൂഷിച്ചതു നന്നായോ?

ഗുരു:—ദേവപൂജകന്മാർ ഈശ്വരന്റെ അഖണ്ഡാനന്ദസ്വരൂപത്തെ അറിയാതെ ഉപാധിയിൽ ഭ്രമിച്ചു ശിവനാകുന്നു വലിയത്, വിഷ്ണുവാകുന്നു വലിയത്, ഗണപതിയാകുന്നു വലിയത് എന്നും മററും വാദിച്ചു കലഹിക്കുകയും പരസ്പരം ദ്വേഷിക്കുകയും ചെയ്യുന്നു. അതിനാൽ അവരെ ദൂഷിച്ചതാകുന്നു. അങ്ങിനെയല്ലേ, വൈഷ്ണവന്മാൎക്കൊരു സൂൎയ്യൻ, ശൈവന്മാൎക്കൊരു സൂൎയ്യൻ, ശാക്തന്മാൎക്കൊരു സൂൎയ്യൻ, ക്രിസ്ത്യന്മാൎക്കൊരു സൂൎയ്യൻ ഇങ്ങിനെ ഓരോ മതക്കാൎക്ക് ഓരോ സൂൎയ്യൻ വെവ്വേറെ ഉണ്ടോ? അപ്രകാരം പഞ്ചഭൂതങ്ങളും മററു സൃഷ്ടികളും ഓരോ മതക്കാൎക്കു വെവ്വേറെ ഉണ്ടോ? ഇല്ല. ദൈവത്തിന്റെ മഹത്വം ഓൎക്കുമ്പോൾ മേൽപറഞ്ഞ സൂൎയ്യാദികളെല്ലാം അല്പവസ്തുക്കളും എത്രയൊ താണസ്ഥിതിയിലുള്ളവയും ആകുന്നു ഈ വസ്തുക്കൾതന്നെ എല്ലാമതക്കാൎക്കും ഒന്നായിട്ടിരിക്കുമ്പോൾ ദൈവം ഓരോമതക്കാൎക്കു വെവ്വേറെ മതങ്ങളെമാത്രം കല്പിച്ചുകൊടുത്തു എന്നും ദൈവം വെവ്വേറെ ഉണ്ടെന്നും വിചാരിച്ചു കലഹിക്കു

ന്നതു ശരിയൊ? ദൈവം വെവ്വേറെ ഉണ്ട്, മതവും ദൈവം വെവ്വേറെ സ്ഥാപിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ ഓരൊ മതക്കാൎക്കു ചന്ദ്രസൂൎയ്യാദിസൃഷ്ടിജാലങ്ങളേയും വെവ്വേറെ സൃഷ്ടിച്ചുകൊടുപ്പാൻ അവകാശമുണ്ടായിരുന്നു. അങ്ങിനെ ചെയ്യാത്തതുകൊണ്ടുതന്നെ മതങ്ങൾ മനുഷ്യകല്പിതങ്ങളാകുന്നു എന്നു ബുദ്ധിമാന്മാർ തീൎച്ചപ്പെടുത്തേണ്ടതാകുന്നു. അങ്ങിനെ ആലോചിച്ചു മതങ്ങളിലുള്ള വിരുദ്ധാംശങ്ങളെ നീക്കി സൎവ്വത്ര ഏകസ്വരൂപമായി സൎവ്വവ്യാപിയായ ദൈവം ഒന്നെന്ന് അറിയാതെ കലഹിക്കുന്ന കൂട്ടരെ വസിഷ്ഠഭഗവാൻ നിന്ദിച്ചതു യുക്തംതന്നെ. ഒരു രാജാവിന്റെ കീഴിലുള്ള പ്രജകൾ എന്റെ രാജാവാകുന്നു നല്ലത് എന്റെ രാജാവാകുന്നു നല്ലത് എന്നു പരസ്പരം കലഹിക്കുന്നതു ശരിയൊ? ഒരു പിതാവിന്റെ മക്കൾതന്നെ എന്റെ പിതാവാണ് യോഗ്യൻ നിന്റെ പിതാവ് അയോഗ്യനാണ് എന്നു വാദിക്കുന്നതു യുക്തമൊ?

ശിഷ്യൻ:—സ്വാമിൻ! ശിവൻ പറഞ്ഞതാകുന്നു വിഷ്ണു പറഞ്ഞതാകുന്നു എന്നു പറഞ്ഞ് ഇവിടുന്നും ചില പ്രമാണങ്ങളെ ഉദാഹരിക്കുന്നുവെല്ലൊ. അതുകൊണ്ടു ഭിന്നദൈവങ്ങൾ ഉണ്ടെന്നും അവരാൽ നിൎമ്മിതങ്ങളാകുന്നു മതങ്ങൾ എന്നും സിദ്ധിക്കുന്നു. ആ സ്ഥിതിക്ക് അതിന്നു വിരോധമല്ലെ 'മതങ്ങൾ മനുഷ്യകല്പിതങ്ങളാകുന്നു' എന്നും മററും ഇപ്പോൾ പറഞ്ഞത്.

ഗുരു:— ഹേ ശിഷ്യ! പ്രകൃതത്തിന്ന് ഉപയോഗമുള്ള പ്രമാണങ്ങളെ ഞാൻ എടുത്തു ചേൎത്തു. അത് ആരൊ പറഞ്ഞിട്ടുള്ളതായിരുന്നുകൊള്ളട്ടെ യുക്തിയുള്ളതിനെ സ്വീകരിക്കുക എന്ന ന്യായത്തെ മാത്രമെ ഞാൻ സ്വീകരിച്ചിട്ടുള്ളു. പ്രസിദ്ധപ്പെട്ടവരിലും മററും ഭ്രമിക്കുന്നവനല്ലാ ഞാൻ. അതിലെ പേരിനെ മാററേണ്ട ആവശ്യമിനിക്ക് ഇല്ല. മാററിയാൽ അത് ഇന്നപ്രമാണമെന്നു ജനങ്ങൾ അറികയും ഇല്ല. അതുകൊണ്ടു ഞാൻ വെവ്വേറെ ദൈവങ്ങൾ ഉണ്ടെന്ന് അഭിപ്രായമുള്ളവനാകുന്നു എന്നു വിചാരിക്കേണ്ട.

ശിഷ്യൻ:—വനവാസികളായി കായ്കനികൾ തിന്നു ഗുഹയിൽ വസിക്കുന്നവരേയും ദിഗംബരന്മാരേയുംകൂടി ഇവിടുന്നു

ജ്ഞാനകൎമ്മിയിൽ നിഷേധിച്ചിരിക്കുന്നുവെല്ലൊ അതു ശരിയൊ?

ഗുരു:—ഹേ ശിഷ്യ! എന്നെ കുററം പറയേണ്ട. പണ്ടുള്ള മഹാന്മാർ പറഞ്ഞതിനെയാകുന്നു ഞാൻ പറഞ്ഞത് എന്നു സിദ്ധാന്തഭൂതിയുടെ മുഖവിന്യാസത്തിൽതന്നെ പറഞ്ഞിട്ടുണ്ടല്ലൊ. അത് ആലോചിക്കാതെ കേവലം അജ്ഞന്മാർ എന്നിൽ ദോഷം ആരോപിക്കുംപോലെ നീയും പറഞ്ഞുതുടങ്ങിയൊ? വിഷ്ണുഭഗവാൻ പറഞ്ഞതിനെയാകുന്നു ഞാൻ പറഞ്ഞത്. കേൾക്കുക.

തൃണപൎണ്ണോദകാഹാരാ സ്സതതംവനവാസിനഃ
ജംബൂകാഖുമൃഗാദ്യാശ്ച താപസാസ്തേഭവന്തികിം.
ഗൃഹാരണ്യസമാലോക ഗതവ്രീഡാദിഗംബരാഃ
ചരന്തിഗൎദ്ദഭാദ്യാശ്ച വിരക്താസ്തേഭവന്തികിം.
തസ്മാദിത്യാദികംകൎമ്മ ലോകരഞ്ജനകാരണം
മോക്ഷസ്യകാരണംസാക്ഷാൽ തത്വജ്ഞാനംഖഗേശ്വര.
(എന്നു ഗാരുഡപുരാണം.)

അൎത്ഥം:—(പുല്ല്, ഇല, വെള്ളം ഇവയെ ഭക്ഷിച്ചുംകൊണ്ട് എല്ലായ്പോഴും വനത്തിൽതന്നെ വസിക്കുന്നവയാകുന്ന മാൻ, കുറുക്കൻ, എലി മുതലായ ജന്തുക്കൾ. അവ താപസന്മാരാകുമൊ? ഇല്ല (ഭക്ഷണം ഉപേക്ഷിച്ച് ഇലയൊ കനിയൊ തിന്നു കാട്ടിൽതന്നെ വസിക്കുന്നതുകൊണ്ടും മുക്തി കിട്ടില്ലെന്നു സാരം.) വീടെന്നും കാടെന്നുമുള്ള ഭേദദൃഷ്ടികൂടാതെ ലജ്ജ വിട്ടു നഗ്നവേഷത്തോടെ സഞ്ചരിക്കുന്ന കൂട്ടരാകുന്നു കഴുതമുതലായ ജന്തുക്കളും അവയ്ക്കു വിരക്തി ഭവിക്കുന്നുണ്ടൊ? ഇല്ല. (ആ തരത്തിൽ ചിലർ നഗ്നരൂപന്മാരായി നടക്കുന്നതുകൊണ്ടും വിഷയാശവിട്ടു യോഗിയായിട്ടില്ലാ എന്നു സാരം.) അതുകൊണ്ടു് ഇപ്രകാരവും മററുമുള്ള കൎമ്മം ലോകത്തെ രഞ്ജിപ്പിപ്പാൻ കൊള്ളാം. മോക്ഷത്തിന്നു പരമാനന്ദാനുഭൂതിജ്ഞാനംതന്നെ വേണം.) ഹേ ശിഷ്യ! യജ്ഞാദികൎമ്മങ്ങൾ ചിത്തശുദ്ധികരങ്ങളും മോക്ഷസഹായികളും അവ ചെയ്തതിന്നുശേഷമെ യോഗജ്ഞാനമാൎഗ്ഗത്തിൽ ഏപ്പെട്ടുകൂട എന്നാണ് മഹാന്മാരായ ജ്ഞാനികളുടെ അഭിപ്രായം എന്നുവരികിൽ ആ വക കൎമ്മങ്ങളിൽ ഭ്രമിക്കുന്ന കൂട്ടരെ മത്സ്യത്തിന്നും തവളയ്ക്കും കരു

കന്നും കഴുതയ്ക്കും സമന്മാരാണെന്നു പറഞ്ഞു നിന്ദിപ്പാൻ അവകാശമുണ്ടൊ? ഫലങ്ങൾക്കു പുഷ്പങ്ങൾ കാരണങ്ങളായിരിക്കുന്നതുപോലെ ചിത്തശുദ്ധിദ്വാരാ ജ്ഞാനമോക്ഷങ്ങൾക്കു യജ്ഞാദികൎമ്മങ്ങൾ കാരണമായിരിക്കുന്നു എങ്കിൽ ആ വക ചെയ്യുന്നവരെ ജ്ഞാനികൾ സ്തുതിക്കയാകുന്നു വേണ്ടത്. ഫലകാരണമായ പുഷ്പത്തെ എന്തിനു നിന്ദിക്കുന്നു? അപ്പോലെ ജ്ഞാനകാരണമായ യജ്ഞാദികൎമ്മത്തെ എന്തിന്നു ദൂഷിക്കുന്നു?

ശിഷ്യൻ:—സ്വാമിൻ! വലിയ പദവിയിൽ എത്തുമ്പോൾ ചെറിയ പദവിയെ ദൂഷിക്കുന്നതു സാധാരണയാകുന്നു. ആ ക്രമത്തിൽ ജ്ഞാനികൾ അതീതപദവിയിൽ എത്തിയതുകൊണ്ടു യാഗാദികൎമ്മങ്ങളെ ദൂഷിച്ചതാകുന്നു.

ഗുരു:—കോണിപ്പടിയിൽകൂടി മാളികയുടെ മുകളിൽ കയറിയിരിക്കുന്നവൻ മററു ചിലർ ആ കോണിപ്പടിയിൽകൂടി ആ മാളികയ്ക്കു കയറുമ്പോൾ ഇതു ശരിയായ വഴിയല്ലെന്നു പറഞ്ഞു ദൂഷിക്കുമൊ? ആദിയിൽ അക്ഷരങ്ങളെ അഭ്യസിച്ച ക്രമേണ പണ്ഡിതനായിരിക്കുന്നവൻ അക്ഷരാഭ്യാസം ചെയ്യുന്നത് അസംബന്ധമാകുന്നെന്നു പറഞ്ഞു കുട്ടികളെ ദൂഷിക്കുമൊ? ഇല്ല. അക്ഷരാഭ്യാസം ചെയ്യാതെ പണ്ഡിതനാകാ എന്നും ആദിയിൽ അതു വേണ്ടതാണെന്നും ആ പണ്ഡിതന്നു അറിയാം. അപ്പോലെ യജ്ഞാദികൎമ്മാനുഷ്ഠാനംകൊണ്ടാകുന്നു യോഗജ്ഞാനപദവിയിൽ എത്തിയത് എങ്കിൽ ആ വഴിയിൽ പ്രവൃത്തിക്കുന്നവരേയും യജ്ഞാദികൎമ്മങ്ങളേയും ജ്ഞാനികൾ ദൂഷിക്കയില്ല. ദൂഷിച്ചതുകൊണ്ടു യജ്ഞാദികൎമ്മങ്ങൾ യോഗജ്ഞാനങ്ങൾക്കു വിരോധികളാകുന്നു എന്നും കൎമ്മകാണ്ഡത്തെ വിലപിടിപ്പിക്കുവാൻവേണ്ടി അതിനെ ജ്ഞാനസഹായിയെന്നു കൎമ്മകാണ്ഡപ്രവൎത്തകന്മാർ എഴുതിച്ചേൎത്തതാകുന്നു എന്നും തീൎച്ചപ്പെടുന്നു. യജ്ഞാദികൎമ്മങ്ങൾ യോഗജ്ഞാനങ്ങൾക്കു വിരോധികളാകുന്നു എന്നതിന്നു പ്രമാണം. 'സ്വസ്വവൎണ്ണാശ്രമാചാരനിരതാഃ' ഇത്യാദികളായി ഇതിൽ പലേടത്തും കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇവിടെയും ചേൎക്കുന്നില്ല. അനേകകാലം ഒന്നിൽ പ്രവൃത്തിച്ചിട്ട് അതുകൊണ്ടു ഫലമില്ലെന്നു കാണു

മ്പോൾ അതിനെ ദൂഷിക്കുന്നതു സൎവ്വസാധാരണമാകുന്നു. അ പ്രകാരം യാഗാദികൎമ്മങ്ങളിൽ വളരെക്കാലം കഷ്ടപ്പെട്ടിട്ടു സുഖം കിട്ടായ്കയാൽ ജ്ഞാനികൾ കൎമ്മകാണ്ഡത്തെ ദൂഷിച്ചതാകുന്നു. മററുള്ളവരും യാഗോപവാസാദികഷ്ടകൎമ്മങ്ങളിൽപെട്ട് ആത്മാനന്ദം ലഭിക്കാതെ നശിച്ചുപോകരുതെന്നു കരുതി ദൂഷിച്ചതാകുന്നു. ചിലർ ഈ അഭിപ്രായത്തെ അറിയാതെ പൂൎവ്വാചാരങ്ങളേയും പ്രമാണങ്ങളേയും ദൂഷിച്ചതു നന്നായില്ല. യോഗ്യതയുള്ളവർ മറെറാന്നിനെ ദൂഷിക്കുമൊ? എന്നും മററും തെറി പറയുന്നുണ്ട്. ഇതു കേവലം മൂഢതയാകുന്നു. ലോകോപകാരികളായ ജ്ഞാനികൾ നല്ലതിനെ സ്ഥാപിച്ചു ചീത്തയെ ദൂഷിക്കുന്നത് അവരുടെ ധൎമ്മമാകുന്നു. ഈ സമ്പ്രദായം എല്ലാമതത്തിലും ഉള്ളതാകുന്നു. അങ്ങിനെ ചെയ്തിട്ടില്ലെങ്കിൽ സമദൃഷ്ടിവരാതെ ഹിംസാപ്രധാനങ്ങളായ ദുഷ്കൎമ്മങ്ങളിൽപെട്ടു കെട്ടുപോകും. ഒരു വൈദ്യൻ പത്ഥ്യപദാൎത്ഥങ്ങളെ പറഞ്ഞുകൊടുത്ത് അപത്ഥ്യപദാൎത്ഥങ്ങളെ ദൂഷിച്ചിട്ടില്ലെങ്കിൽ രോഗികൾ അപത്ഥ്യങ്ങളെ ആചരിച്ചു കെട്ടുപോകും. വൈദ്യൻ അപത്ഥ്യപദാൎത്ഥങ്ങളെ നിഷേധിക്കുമ്പോൾ 'ഈശ്വരൻ സൃഷ്ടിച്ച ഈ പദാൎത്ഥങ്ങൾക്കു കുററംപറവാൻ ഇവൻ ആരാകുന്നു? ഇവന്നു യോഗ്യതയുണ്ടെങ്കിൽ ഈശ്വരസൃഷ്ടപദാൎത്ഥങ്ങളെ ദൂഷിക്കുമൊ' എന്നു നിന്ദിക്കുമ്പോലെയാകുന്നു ജ്ഞാനികളെ നിന്ദിക്കുന്നത്. അങ്ങിനെ ദൂഷിക്കുന്നവർ തത്വശാസ്ത്രസമ്പ്രദായത്തെ അറിയാത്തവരാകുന്നു. എന്തുകൊണ്ടെന്നാൽ, സത്തിനെ സ്ഥാപിച്ച് അസത്തിനെ ദൂഷിക്കുന്നതാകുന്നു തത്വശാസ്ത്രസമ്പ്രദായം. വൈദ്യന്ന് അസൂയയൊ ദ്വേഷമൊ ഉണ്ടായിട്ടല്ല അപത്ഥ്യപദാൎത്ഥങ്ങളെ നിഷേധിക്കുന്നത്. അപ്രകാരം മനോമാലിന്യമുണ്ടായിട്ടല്ല ജ്ഞാനികളും യോഗികളും സമദൃഷ്ടിപ്രധാനങ്ങളല്ലാത്ത അസൽപ്രമാണങ്ങളേയും അസൽകൎമ്മങ്ങളേയും നിഷേധിക്കുന്നത്. ലോകഹിതത്തിന്നുവേണ്ടിയാകുന്നു. ഹേ ശിഷ്യ! എന്തിന്ന് അധികം പറയുന്നു, വാസ്തവം പറയുന്നതായാൽ യാഗാദികൎമ്മങ്ങളിൽ ഒന്നും ഏൎപ്പെടാതെ ഒന്നാമതായിത്തന്നെ യോഗത്തിൽ പ്രവേശിക്കുന്നതാകുന്നു ശീഘ്രം ജന്മസാ

ഫല്യത്തിന്ന കാരണം എന്നാകുന്നു പറയേണ്ടത്. എന്തുകൊ ണ്ടെന്നാൽ, കമ്മങ്ങളെ അനുഷ്ഠിക്കുമ്പോൾ അജ്ഞാനസ്വരൂ പമായ പ്രവൃത്തിമാൎഗ്ഗത്തിൽതന്നെ മനസ്സ് ഉറച്ചുപോകുന്നു. നിവൃത്തിമാൎഗ്ഗത്തെ (മോക്ഷമാൎഗ്ഗത്തെ) പററി പ്രമാണങ്ങളേ യും യുക്തികളേയും അനുഭവത്തേയും വൎഷിച്ചാലും കമ്മകാ ണ്ഡരതന്മാരുടെ ചെകിട്ടിൽ പോകുന്നില്ല. കററമല്ല, ഒരു ല തയെ ആദിയിൽ മുള്ളിൽ പടത്തിയാൽ പിന്നെ അതിൽനി ന്നു വേർപെടുത്തുവാൻ വളരെ വിഷമം. മനസ്സിൻെറ സ്ഥിതി യും ഇപ്രകാരമാകുന്നു. ആദിയിൽ ഒന്നിൽ പരിചയിച്ച് ഉറ ച്ചുപോയാൽ അതിൽനിന്നു തിരിക്കുവാൻ മഹാപ്രയാസംത ന്നെ. അതിന്ന് ഒരു ദൃഷ്ടാന്തം പറയാം. മത്സ്യാദിമാംസത്തെ ആദിയിൽ തിന്നുശീലിക്കാത്തവൎക്ക് അതു ദുൎഗ്ഗന്ധിയായും അ രുചിയായും ഇരിക്കുന്നു എന്നുമാത്രമല്ല തിന്നാൽ ഛർദ്ദിക്കയും ചെയ്യുന്നു. അങ്ങിനെയുള്ള നിന്ദ്യമാംസത്തെ ബാല്യംമുതല്ക്കേ തിന്നുശീലിച്ചവൎക്ക് അതു സുഗന്ധിയായും രുചികരമായും ഇ രിക്കുന്നു. മാംസഭക്ഷകരായ മനുഷ്യരോടു ഹിംസിക്കരുത്, മാം സം തിന്നരുത്, മഹാപാപം ഉണ്ട് എന്നു പ്രമാണയുക്തിപു രസ്സരം വാദിച്ച് അവരെ തോല്പിച്ചാലും അവർ അതിൽനിന്നു പിൻവലിക്കുന്നില്ല എന്നുമാത്രമല്ല ശണ്ഠയും വരുന്നു. ആദി യിൽ നിന്ദ്യമാംസത്തെ തിന്നുശീലിച്ചതുകൊണ്ടല്ലേ അതിനെ ദൂഷിക്കുമ്പോൾ ശണ്ഠയും വരുന്നത്? അപ്രകാരംതന്നെ യു ക്തികൾകൊണ്ടും പ്രമാണങ്ങൾകൊണ്ടും കമ്മകാണ്ഡരതന്മാർ തോററാലും ശണ്ഠയും വരുന്നു. അതും ചിരപരിചയത്താലുള്ള വിശ്വാസം നിമിത്തമല്ലേ? മേൽപറഞ്ഞ രണ്ടു കാൎയ്യങ്ങളും ഇ നിക്ക് എത്രയൊ അനുഭവമാകുന്നു. അതുകൊണ്ടു കമ്മങ്ങളെ അനുഷ്ഠിച്ചു പിന്നെ മോക്ഷമാൎഗ്ഗത്തിൽ പ്രവേശിക്കേണ്ടതാകു ന്നു എന്നു പറയുന്നതു തീരെ അസംബന്ധംതന്നെ. ഇത് അ റിവില്ലായ്മയെ എല്ലാം അഭ്യസിച്ചതിൻെറ ശേഷമേ അറിവി നെ സമ്പാദിച്ചുകൂടു എന്നും ഇരുട്ടിനെ കുറേക്കാലം നോക്കിയി രുന്നതിൻെറ ശേഷമേ വെളിച്ചത്തെ നോക്കിക്കൂടു എന്നും വെ ള്ളം കുറെക്കാലം കുടിച്ചു കിടന്നതിൻെറ ശേഷമേ പാലു കുടി ച്ചുകൂടു എന്നും സിദ്ധാന്തിക്കുന്നതുപോലെ ഇരിക്കുന്നു. ഒന്നാമ

തായിത്തന്നെ അറിവിനെ സമ്പാദിക്കുന്നതിന്നും ഒന്നാമതായിത്തന്നെ വെളിച്ചത്തെ കാണ്മാൻ ശ്രമിക്കുന്നതിന്നും ഒന്നാമതായിത്തന്നെ പാലു കുടിക്കുന്നതിന്നും വിരോധം എന്താ എന്നു ബുദ്ധിമാന്മാർ ആലോചിക്കേണ്ടതാകുന്നു.

ശിഷ്യൻ:—സ്വാമിൻ! എ. ബി. സി. ഡി. പഠിക്കാതെ ബി. എ. പരീക്ഷയ്ക്കു പോകുമ്പോലെയാകുന്നു യാഗാദികൎമ്മങ്ങളും പല ദേവോപാസനകളും ചെയ്യാതെ യോഗജ്ഞാനമാൎഗ്ഗത്തിൽ പ്രവേശിക്കുന്നത് എന്നു ചിലർ വാദിക്കുന്നുണ്ട്. ആ വാദവും മേൽപറഞ്ഞ ഉദാഹരണങ്ങൾകൊണ്ടു ഖണ്ഡിക്കപ്പെട്ടു.

ഗുരു:—ഹേ ശിഷ്യ! എ. ബി. സി. ഡി. പഠിക്കാതെ ബി. എ. പരീക്ഷയ്ക്കു പോകുവാൻ നിൎവ്വാഹമില്ലെന്നു അവർ പറയുന്നതു ശരിതന്നെ. ആ ഉദാഹരണം ഈശ്വരസാക്ഷാൽകാരവിഷയമായ യോഗജ്ഞാനത്തിന്നു പറ്റുന്നതല്ല. ബി. എ. പരീക്ഷയ്ക്ക് എ. ബി. സി. ഡി. മുതലായ അക്ഷരങ്ങൾ പഠിച്ചു പിന്നെ അനേകപുസ്തകങ്ങൾ വായിച്ചു ക്രമത്തിൽ അഭ്യസിച്ചുപോകേണ്ടതാണ്. ഈശ്വരസാക്ഷാൽകാരപരമായ യോഗത്തിന്നു ഭക്തി മാത്രം മതി. ഭക്തിയെന്നുവെച്ചാൽ അതികാമുകന്റെ മനസ്സു സ്ത്രീവിഷയത്തിലും അൎത്ഥാശപെരുത്തവന്റെ മനസ്സ് അൎത്ഥത്തിലും ഇടവിടാതെ ചെന്നുകൊണ്ടിരിക്കുന്നതുപോലെയും ജലം താണപ്രദേശത്തേക്കു നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്നതുപോലെയും സദാ ദൈവവിചാരത്തിൽ ചെന്നുകൊണ്ടിരിക്കുന്ന സ്നേഹരൂപിണിയായ മനോവൃത്തിതന്നെ ഭക്തി എന്നു പറയപ്പെടുന്നത്. കാമുകനു സ്ത്രീയിലും അൎത്ഥാഗ്രഹിക്കു പണത്തിലും സ്നേഹം വരുവാൻ യാഗാദികൎമ്മം ചെയ്യേണമൊ? ശാസ്ത്രം പഠിക്കേണമൊ? വേണ്ടാ. അപ്രകാരം ഭക്തിയും യാഗാദികൎമ്മം ചെയ്തിട്ടും പുസ്തകം വായിച്ചിട്ടും പഠിച്ചിട്ടും ഉണ്ടാക്കേണ്ട സാധനമല്ല വളരെ പഠിപ്പുള്ള പല ജനത്തെ ഭക്തിഹീനന്മാരായിട്ടും കാണുന്നുണ്ട്. ഒരു പഠിപ്പുംഇല്ലാത്ത പലജനത്തെ മഹാഭക്തന്മാരായിട്ടുംകാണുന്നുണ്ട്.

ശിഷ്യൻ:—സ്വാമിൻ! യാഗാദികൎമ്മങ്ങൾ ഈശ്വരാൎപ്പണമായി ചെയ്യുന്നതുകൊണ്ടാകുന്നു ചിത്തശുദ്ധികരങ്ങൾ എന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത്.

ഗുരു:—ഹേ ശിഷ്യ! ഈശ്വരാർപ്പണമായി സങ്കല്പിച്ചു ഹിംസിച്ചു ചെയ്യുന്ന കർമ്മം ചിത്തശുദ്ധികരമായിത്തീരുമെന്നു പറയുന്ന പക്ഷം കുല, കളവു, ചതി മുതലായ പല അധമകർമ്മങ്ങളും ചെയ്തു നമുക്കു പണം സമ്പാദിച്ച് ഈശ്വരനെ പൂജിക്കാം. അവ ചെയ്യുമ്പോഴും നാം ഈശ്വരാർപ്പണമെന്നു സങ്കല്പിച്ചാൽ ചിത്തശുദ്ധി വരുമല്ലൊ! നല്ല തരം. ഒത്തവണ്ണം നടക്കാം. ഈശ്വരപ്രസാദവും ചിത്തശുദ്ധിയും എളുപ്പത്തിൽ സമ്പാദിക്കയും ചെയ്യാം. ഇങ്ങിനെയാകുമ്പോൾ ചില പിടിച്ചുപറി കുല കളവു മുതലായതു ചെയ്തു ചെയ്തു അന്യസ്വത്തിനെ അപഹരിച്ചു കള്ളന്മാരുടെ പക്കൽനിന്ന് ഏതാനും വാങ്ങി അവരെ ശിക്ഷിക്കാതെ വിട്ടു പിന്നെയും മേൽപറഞ്ഞ കുററങ്ങളെ വർദ്ധിപ്പിക്കുന്ന ദുർജ്ജഡ്ജിയുടെ കൂട്ടത്തിലായിരിക്കേണം ഈശ്വരനും എന്നു വരുന്നു. അങ്ങിനെ തീർച്ചപ്പെടുത്തുന്നത് അന്യായംതന്നെ. ഒരു മതക്കാൎക്കും ഇത് ഇഷ്ടമായിരിക്കില്ല. ഇന്ദ്രിയനിഗ്രഹവും ആവശ്യമില്ലാ. അതിനെ സാധിപ്പിക്കുന്ന യോഗജ്ഞാനശാസ്ത്രങ്ങളും ആവശ്യമില്ലാ. ഹേ ശിഷ്യ! കർമ്മകാണ്ഡത്തെപ്പററി ഓരോന്നു ചോദിക്കുന്നതായാൽ അനവധി ചോദിക്കാം. എന്തിന് അതെല്ലാം ചോദിച്ചു വൃഥാ കാലം കളയുന്നു? കർമ്മകാണ്ഡമാകുന്ന വിഷവൃക്ഷത്തെ ജ്ഞാനികൾ ജ്ഞാനമാകുന്ന ശസ്ത്രംകൊണ്ട് അടിയെ ഛേദിച്ചു ദൂരെ എറിഞ്ഞിരിക്കുന്നു എന്നതിന്നു യുക്തികളും പ്രമാണങ്ങളും ഞാൻ കാണിച്ചുതന്നുവല്ലൊ. പോരെങ്കിൽ ഇനിയും കേൾക്കു വിഷ്ണുഭഗവാന്റെ വാക്യം.

സ്വസ്വവർണ്ണാശ്രമാചാര നിരതാഃ സർവ്വമാനവാഃ
നജാനന്തിപരംധർമ്മം വൃഥാനശ്യന്തിദാംഭികാഃ. ൧

ക്രിയായാസപരാഃകേചിൽ വ്രതചര്യാദിസംയുതാഃ
അജ്ഞാനസംവൃതാത്മാനഃ സഞ്ചരന്തിപ്രതാരകാഃ. ൨

നാമമാത്രേണസന്തുഷ്ടാഃ കർമ്മകാണ്ഡരതാനരാഃ
മന്ത്രോച്ചാരണഹോമാദ്യൈർഭ്രാമിതാഃക്രതുവിസ്തരൈഃ ൩

(എന്നു ഗാരുഡം)

അൎത്ഥം:—൧. അവനവന്റെ ജാത്യാചാരങ്ങളിലും ആശ്രമാചാരങ്ങളിലും ആസക്തന്മാരായിരിക്കുന്ന മനുഷ്യരാരും

മോക്ഷധൎമ്മത്തെ അറിയുന്നില്ല. അഭിമാനികളായി വൃഥാ നശിച്ചുപോകുന്നു. ചിലർ യാഗാദിക്രിയകളിലുള്ള ശ്രമങ്ങളിൽ സക്തന്മാരായിരിക്കുന്നു. ചിലർ വ്രതാനുഷ്ഠാനാദികളോടുകൂടിയിരിക്കുന്നു. ഇങ്ങിനെ അജ്ഞാനത്താൽ മറയ്ക്കപ്പെട്ട ആത്മാവോടുകൂടി വഞ്ചകന്മാരായി സഞ്ചരിക്കുന്നു. ഈ രണ്ടാം ശ്ലോകത്തിൽ 'പ്രതാരകാഃ' (വഞ്ചകന്മാർ) എന്നു പ്രയോഗിച്ചതിന്റെ അഭിപ്രായം എന്തെന്നാൽ, ജാത്യാചാരാദിസക്തന്മാരെ മോക്ഷധൎമ്മത്തെ അറിയാതെ അജ്ഞാനത്തിൽ ആണ്ടുപോയി. അന്യന്മാരെയും പറഞ്ഞു ഭ്രമിപ്പിച്ചു യാഗവ്രതാദികൎമ്മങ്ങളിൽ ഏൎപ്പെടുത്തി ആനന്ദപദവിയിൽനിന്നു തെററിച്ചു തോല്പിക്കുന്നു എന്നാകുന്നു. അങ്ങിനെയല്ലെ? 'മുക്തി' എന്ന വാക്കിന്റെ അൎത്ഥം മോചനം (വേർപെടുക) എന്നാകുന്നു. എന്തിങ്കൽനിന്ന് എങ്കിൽ ദുഃഖത്തിൽനിന്ന് എന്നാകുന്നു. അപ്പോൾ ദുഃഖത്തിൽനിന്നു വേർപെടുന്നതാകുന്നു മുക്തി എന്നു സിദ്ധിച്ചു. 'കൎമ്മകിഞ്ചിദപി ദുഃഖാഭവതി' (കൎമ്മം അല്പം ഉണ്ടായാൽകൂടി ദുഃഖമാകുന്നു) എന്നാകുന്നു പ്രമാണം. അനുഭവവും അങ്ങിനെതന്നെ. അപ്പോൾ കൎമ്മം മുക്തിക്കു നേരെ വിപരീതമായി കലാശിക്കുന്നു. വടക്കോട്ടു പോകേണമെന്ന് ഉദ്ദേശം, യാത്ര നേരെ തെക്കോട്ടും ആയാൽ എങ്ങിനെ വടക്കദിക്കിൽ എത്തും? ജലത്തോടുചേൎന്നാൽ താപശാന്തിയും തണുപ്പും സിദ്ധിക്കും. അപ്പോലെ മനസ്സ് ആനന്ദത്തോടു (പരമാത്മാവോടു) ചേൎന്നാൽ ദുഃഖനിവൃത്തി എന്ന മുക്തിയും ആനന്ദവും സിദ്ധിക്കും. തീയിനോടുചേൎന്നാൽ വെന്തുവെന്തുരുകുന്നതല്ലാതെ കുളുൎമ്മ സിദ്ധിക്കുമൊ? ഇല്ല. അപ്പോലെ യാഗം, വ്രതം, തീൎത്ഥാടനം, ദേവാൎച്ചനം മുതലായ ദുഃഖകൎമ്മങ്ങളോടു ചേൎന്നാൽ മനസ്സിന്നു ദുഃഖമല്ലാതെ ആനന്ദം ലഭിക്കുമൊ? ഇല്ല. 'ചിത്തെചലതിസംസാരഃ' (ചിത്തം ചലിച്ചാൽ സംസാരമായി) എന്നു യോഗശിഖോപനിഷത്തിലും പറഞ്ഞിരിക്കുന്നു. 'ചലനാത്മകംകൎമ്മ' (ചലനസ്വരൂപമാകുന്നു കൎമ്മം) എന്നും പറയുന്നു. ഇതും നമുക്ക് അനുഭവമാകുന്നു. അപ്പോൾ ഓടുന്ന തോണിക്ക് ഒരു ഉന്തൽ എന്നു പറഞ്ഞകൂട്ടത്തിൽ സംസാരിയായ മനസ്സിന്നു പിന്നെയും പിന്നെയും ചലനത്തെ

ഉണ്ടാക്കി സംസാരം വൎദ്ധിപ്പിപ്പാൻ യാഗാദികൎമ്മങ്ങൾ മഹാ സഹായികളായിട്ടാണ് തീരുന്നത്. അതുകൊണ്ടു മേൽപറഞ്ഞ കൎമ്മങ്ങളിൽ ഏൎപ്പെട്ടത്തി ദുഃഖനിവൃത്തിമാൎഗ്ഗത്തിൽനിന്നു തെററിച്ചു സംസാരദുഃഖത്തെ വൎദ്ധിപ്പിക്കുന്നവരെ വഞ്ചകന്മാർ എന്നു പറഞ്ഞതു വളരെ ഉചിതമായിരിക്കുന്നു. വസിഷ്ഠാദികൾ കൎമ്മകാണ്ഡരതന്മാരെ നിന്ദിച്ചതും കററമല്ല. നൃ. കൎമ്മകാണ്ഡത്തിൽ ആസക്തന്മാരായ നരന്മാർ കേവലം നാമംകൊണ്ടു സന്തുഷ്ടന്മാരായി അനേകവിധ യാഗങ്ങളാലും മന്ത്രജപം ഹോമം മുതലായവയാലും ഭ്രമിക്കപ്പെട്ടുപോയി. അതിനാൽ ആ വക കൎമ്മങ്ങളിൽ അലഞ്ഞു കാലംകഴിയുന്നു, നിദ്രാസുഖത്തെ കാംക്ഷിക്കുന്നവൻ ഞാൻ രാമനാകുന്നു, ഞാൻ രാവണനാകുന്നു എന്ന് അഭിമാനിച്ചു വേഷംകെട്ടിയാൽ പുലരുന്നവരെ നിദ്രവിട്ടു പാടിക്കളിച്ചു കഴങ്ങുവാനല്ലെ ഇടയുള്ളത്. അപ്പോലെ പരമാനന്ദനിദ്രയെ പ്രാപിപ്പാൻ ഇച്ഛിക്കുന്നവൻ ഞാൻ ബ്രാഹ്മണനാകുന്നു, ഞാൻ ക്ഷത്രിയനാകുന്നു, ഞാൻ വൈശ്യനാകുന്നു, ഞാൻ ശൂദ്രനാകുന്നു എന്നും മററും അഭിമാനിച്ചാൽ ജന്മം മുഴുവനും കൎമ്മങ്ങൾചെയ്തു കഴങ്ങുവാനാകുന്നു ഇടയുള്ളത്. എന്നുമാത്രമല്ല സമദൃഷ്ടിയുംപോയി ഞാൻ ഉൽകൃഷ്ടജാതി, നീ നികൃഷ്ടജാതി എന്ന ഭേദദൃഷ്ടിയും വൎദ്ധിച്ചു തമ്മിൽതല്ലി നശിപ്പാനാകുന്നു ഇടയുള്ളത്. അങ്ങിനെ അനേക അനുഭവവും കാണുന്നു.

---

## ജാതിഭേദഖണ്ഡനാദിപ്രകരണം

---

ശിഷ്യൻ:—സ്വാമിൻ! മനുഷ്യരുടെ ഇടയിലുള്ള ജാതിഭേദം ഈശ്വരകല്പിതമല്ലെ? അതിനെ അനുസരിക്കേണ്ടതും അല്ലെ? പിന്നെ എന്താ ഇങ്ങിനെ പറഞ്ഞത്?

ഗുരു:—ഹേ ശിഷ്യാ ജാതിഭേദം മനുഷ്യകല്പിതമെന്നല്ലാതെ ഒന്നുകൊണ്ടും ഈശ്വരകല്പിതമാണെന്നു വിചാരിപ്പാൻ തരമില്ലെല്ലൊ നോക്കുക. അട്ടയെപ്പോലെയല്ല ആന്ത, ആന്തയെപ്പോലെയല്ല അണ്ണാൻ, അണ്ണാനെപ്പോലെയല്ല അരണ, അരണയെപ്പോലെയല്ല ആട്, ആട്ടിനെപ്പോലെയല്ല ആന, ആ

നയെപ്പോലെയല്ല അശ്വം, അശ്വത്തെപ്പോലെയല്ല മനുഷ്യൻ, പുല്ലുപോലെയല്ല നെല്ല്, തെങ്ങുപോലെയല്ല തേക്ക, ഭൂമിയെപ്പോലെയല്ല, വെള്ളം, വെള്ളത്തെപ്പോലെയല്ല അഗ്നി, അഗ്നിയെപ്പോലെയല്ല വായു, വായുവിനെപ്പോലെയല്ല ആകാശം ഇങ്ങിനെ സകല ചരാചരങ്ങളേയും രൂപഗുണാദികളായ പല സംഗതികൊണ്ടും കുട്ടികൾക്കുപോലും വേർതിരിച്ചറിയുംവിധം സൃഷ്ടിച്ചിരിക്കുന്ന ശക്തിക്ക ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങിനെ മനുഷ്യവർഗ്ഗത്തിൽ പല ജാതിയുണ്ടെന്നു കാണിപ്പാനുള്ള ചിഹ്നങ്ങളെ സൃഷ്ടിപ്പാൻ മാത്രം ശക്തിയില്ലാതെ വന്നുപോയൊ? കഷ്ടം കഷ്ടം! ആട്ടിന്ന് ആനയിൽ കുട്ടിയുണ്ടാവുന്നില്ല. ആനയ്ക്ക് ആട്ടിലും കുട്ടിയുണ്ടാവുന്നില്ല. പരസ്പരം സുരതക്രീഡയിൽ മോഹവും ജനിക്കുന്നില്ല, യോനിപ്പൊരുത്തവും ഇല്ല. മനുഷ്യവർഗ്ഗത്തിൽ അങ്ങിനെ കാണുന്നില്ല. താണജാതിക്ക് ഉൽകൃഷ്ടജാതിയിലും ഉൽകൃഷ്ടജാതിക്ക താണജാതിയിലും സുരതക്രീഡയിൽ മോഹം ജനിക്കുന്നുണ്ട്, യോനിപ്പൊരുത്തവും ഉണ്ട്, സംഗംചെയ്താൽ സുഖവും ഉണ്ട്, കുട്ടിയും ഉണ്ടാകുന്നുണ്ട്. അതുകൊണ്ടു മനുഷ്യരെല്ലാം ഒരെ ജാതിതന്നെ. ഭിന്നജാതികളായിരുന്നാൽ യോനിപ്പൊരുത്തം ഉണ്ടാകയില്ല, കുട്ടിയും ഉണ്ടാകയില്ല. അന്നുമുതലായ പ്രാണികൾക്ക് ആടുമുതലായ പ്രാണികളിൽ കുട്ടി ഉണ്ടാകുന്നില്ലല്ലൊ. ആ വക ജാതികൾക്ക് എന്നപോലെ വേർതിരിച്ചറിവാൻ ഭിന്നചിഹ്നങ്ങളും മനുഷ്യക്ക ദൈവം സൃഷ്ടിച്ചിട്ടില്ലല്ലൊ. കഥകളിയിൽ വേഷംകെട്ടി ഞാൻ പച്ചതേപ്പുവേഷം, ഞാൻ താടിവെച്ചവേഷം, ഞാൻ കരിവേഷം, ഞാൻ രാമൻ, ഞാൻ രാവണൻ, ഞാൻ ശൂപ്പണഖാ എന്നുപറഞ്ഞു ഞെളിയുന്നതുപോലെ പൂണുനൂൽ പിൻകുടുമ ഉച്ചിക്കുടുമമുതലായ ചിഹ്നങ്ങളെ ധരിച്ചു ഞാൻ ബ്രാഹ്മണൻ, ഞാൻ ക്ഷത്രിയൻ എന്നുംമററും നടിക്കുന്നതു വാസ്തവമല്ല. വാസ്തവമാണെങ്കിൽ ജനിക്കുമ്പോൾതന്നെ പൂണുനൂൽ മുതലായ ചിഹ്നം ഉണ്ടായിരിക്കും. ഭിന്നജാതികൾ എന്ന് അഭിമാനിക്കുന്ന മനുഷ്യരുടെ കുട്ടികൾ എല്ലാം ജനനകാലത്തിൽ ഒരുപോലെ

തന്നെ ഇരിക്കുന്നു. അതുകൊണ്ടു മനുഷ്യരുടെ ഇടയിലുള്ള ജാതിഭേദം മനുഷ്യകല്പിതമാകുന്നു. നോക്കുക. ഒരു ബ്രാഹ്മണൻ മഹമ്മദുമതത്തിൽ ചേരുമ്പോൾ മഹമ്മദനും ക്രിസ്തുമതത്തിൽ ചേരുമ്പോൾ ക്രിസ്ത്യനും ആകുന്നു. ബ്രാഹ്മണൻ ഉൽകൃഷ്ടജാതിയും മററുള്ളവർ നികൃഷ്ടജാതിയും ആകുന്നു എങ്കിൽ എങ്ങിനെ അങ്ങിനെ ജാതിമാറും? ആന ആട്ടിൻെറ കൂട്ടത്തിൽ ചെന്നാൽ ആടായിത്തീരുന്നില്ലല്ലൊ. അതുകൊണ്ടും മനുഷ്യരുടെ ഇടയിലുള്ള ജാതിഭേദം മനുഷ്യകല്പിതംതന്നെ എന്നു ബുദ്ധിമാന്മാൎക്കു തീൎച്ചപ്പെടുത്താം. പിന്നെ അതാതു വാക്കിൻെറ അവയവാൎത്ഥത്തെ ആലോചിച്ചാലും വൃത്തിഭേദത്താൽ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നു വിളിക്കപ്പെട്ടിട്ടുള്ളതല്ലാതെ ജാതിഭേദത്താൽ വിളിക്കപ്പെട്ടതല്ലെന്നു സിദ്ധിക്കുന്നു. കേൾക്കുക ബ്രാഹ്മണാദിപദനിരുക്തി. 'ബ്രഹ്മണിനിഷ്ഠാവാൻ ബ്രാഹ്മണഃ' (ബ്രഹ്മത്തിൽ നിഷ്ഠയോടുകൂടിയവൻ ബ്രാഹ്മണനാകുന്നു). 'ക്ഷതാൽത്രായത ഇതി ക്ഷത്രഃ തസ്യാപത്യം ക്ഷത്രിയഃ'. (ക്ഷതത്തിൽനിന്നു=ആപത്തിൽനിന്നു രക്ഷിക്കുന്നവൻ ക്ഷത്രൻ=രാജാവു) തദപത്യമാകയാൽ ക്ഷത്രിയൻ. കുററത്തിനു തക്കശിക്ഷ കൊടുത്തു രാജാവു രക്ഷിക്കുന്നു. അല്ലെങ്കിൽ ഓരോ അക്രമംനിമിത്തം എന്തെല്ലാം ആപത്തു നേരിടും. 'വിശത്യാപണാദികമിതിവിശഃ വിശ ഏവവൈശ്യഃ' വിശ=പ്രവേശനെ. കച്ചവടത്തിന്നായി അങ്ങാടിമുതലായ സ്ഥലങ്ങളിൽ പ്രവേശിക്കുന്നവനെ വൈശ്യനെന്നു പറയുന്നു) 'ശോചതീതിശൂദ്രഃ' (ജ്ഞാനമില്ലാതെ ശോചിക്കുന്നവനെ=ദുഃഖിക്കുന്നവനെ ശൂദ്രൻ എന്നു പറയുന്നു).

ശിഷ്യൻ:—സ്വാമിൻ! അപ്പോൾ ബൌദ്ധനായാലും ക്രിസ്ത്യനായാലും ഹിന്തുവായാലും മനുഷ്യരിൽ ഏവനായാലും ശോചിക്കുന്നവൻ ശൂദ്രൻ എന്നു സിദ്ധിച്ചു.

ഗുരു:-വാസ്തവം അങ്ങിനെതന്നെ. എങ്കിലും ഹിന്തുക്കളുടെ ഇടയിൽ ശൂദ്രൻ എന്ന് അഭിമാനിക്കുന്ന കൂട്ടൎക്കാകുന്നു ഈ പേർ അധികം പറവുന്നത്. എന്തുകൊണ്ടെന്നാൽ, ഈശ്വരസേവകൊണ്ടാകുന്നു ആനന്ദപ്രാപ്തി. ആ ഈശ്വരസേവയ്ക്കുള്ള അധികാരം തങ്ങൾക്കില്ലെന്നും ബ്രാഹ്മണർ എന്ന് അ

ഭിമാനിക്കുന്ന കൂട്ടൎക്കെ ഉള്ളു എന്നും ഇവർ വിചാരിച്ച് അവ രെക്കൊണ്ട് ഈശ്വരസേവ ചെയ്യിക്കുന്നു. ശൂദ്രനു വിശക്കു മ്പോൾ ബ്രാഹ്മണനെ ഊട്ടിച്ചാൽ ശൂദ്രന്റെ വിശപ്പു മാറു മൊ? ശൂദ്രനു ദാഹിക്കുമ്പോൾ ബ്രാഹ്മണനെക്കൊണ്ടു പാനീ യം പാനം ചെയ്യിപ്പിച്ചാൽ ശൂദ്രന്റെ ദാഹം ശമിക്കുമൊ? ഇല്ല. പിതാവിനെ കണ്ടു സന്തോഷിപ്പാനും സേവിപ്പാനും പിതൃസ്വത്തിനെ അനുഭവിപ്പാനും പുത്രന്മാരൊക്കെ സമാവ കാശികളായിരിക്കെ അതിന്നു ചില പുത്രന്മാൎക്കു മാത്രമെ അ ധികാരമുള്ളു ചില പുത്രന്മാൎക്കില്ലെന്നു പറയുന്ന അസംബന്ധ ത്തെ ആരെങ്കിലും അംഗീകരിക്കുമൊ? ഇല്ല. അപ്രകാരമല്ലെ സൎവ്വപിതാവായ ദൈവത്തെ ചിലൎക്കേ ഭജിച്ചു സുഖിച്ചുകൂട ചിലൎക്ക് അതിന്ന് അധികാരമില്ലെന്നു പറയുന്നത്. പിച്ചക പ്പൂവിനെ വാസിപ്പാൻ ചിലൎക്കെ അൎഹതയുള്ളു. ചിലൎക്കില്ലെ ന്നു പറയുന്നത് എന്തു അന്യായമാകുന്നു. ചന്ദ്രനെക്കാണ്മാൻ ചിലൎക്കെ അവകാശമുള്ളു ചിലൎക്ക് അവകാശമില്ലെന്നു കല്പി ക്കുന്നത് എന്തു കല്പനയാകുന്നു? അതിസ്വാദുള്ള പദാൎത്ഥത്തി നെ അനുഭവിപ്പാൻ ചിലൎക്കെ അധികാരമുള്ളു ചിലൎക്കില്ലെന്നു വാദിക്കുന്നത് എന്തു വാദമാകുന്നു? വായുവിനെ ശ്വസിപ്പാൻ ചിലൎക്കെ അൎഹതയുള്ളു ചിലൎക്കില്ലെന്നു വിധിക്കുന്നത് എന്തു വിധിയാകുന്നു? ഇവയെക്കാൾ എത്രയോ അസംബന്ധമായും അനാദരണീയമായും അസൂയാമൂലമായും അജ്ഞാനകല്പിതമാ യും ഇരിക്കുന്നതാകുന്നു ദൈവത്തെ ശൂദ്രാദികൾക്ക് ആരാധി പ്പാൻ പാടില്ലെന്നും ഉപനിഷദാദികൾ വായിച്ചുകൂടാ എന്നും കല്പിക്കുന്നത്. ദൈവം അങ്ങിനെ കല്പിച്ചിട്ടുണ്ടെന്നു കൃത്രിമ പ്രമാണങ്ങളെ കണ്ടു വിശ്വസിക്കുന്നതു ബുദ്ധിയില്ലായ്മ അല്ല യൊ? ദൈവം അങ്ങിനെ കല്പിച്ചിട്ടുണ്ടെങ്കിൽ ഉപനിഷദാദി കൾ വായിപ്പാൻതന്നെ ശൂദ്രൎക്കു തോന്നുകയില്ല. വായിച്ചാൽ സംസ്കൃതശബ്ദം വായിൽ വരികയും ഇല്ല. അൎത്ഥവും മനസ്സി ലാകയില്ല. നോക്കുക, കന്നുകാലികൾക്കു ദൈവത്തെ ഭജിപ്പാ നൊ ഉപനിഷദാദികൾ വായിപ്പാനൊ ബുദ്ധി വരുന്നുണ്ടൊ? അനേകകാലം അവയെ അഭ്യസിപ്പിച്ചാലും സംസ്കൃതശബ്ദങ്ങ

ളെ ഉച്ചരിപ്പാൻ അവൎക്കു കഴിയുമൊ? ഇല്ല. ദൈവകല്പന യാണെങ്കിൽ ഈ തരത്തിൽ ശൂദ്രാദികൾക്കും സംസ്കൃതശബ്ദങ്ങളെ ഉച്ചരിപ്പാൻ കഴികയില്ല. ഉപനിഷദാദികൾ വായിപ്പാനും മനസ്സു വരികയില്ല. ഇങ്ങിനെ ഇരിക്കെ ശശവിഷാണം പോലെ മനുഷ്യരിൽ ജാതിഭേദവും ഇല്ലാതിരിക്കെ തങ്ങൾ ബ്രാഹ്മണജാതിയാണെന്നും ശ്രേഷ്ഠന്മാരാണെന്നും മററുള്ളവർ ഹീനജാതികളെന്നും കല്പിക്കുന്നവർ അജ്ഞാനികളാകുന്നു. അങ്ങിനെയുള്ളവരെ ശുശ്രൂഷിച്ചാലും അവരെക്കൊണ്ടു ദൈവ ഭത്ത ഭജിപ്പിച്ചുകൊണ്ടാലും തങ്ങൾക്കു ഗതി വരും എന്നു വിശ്വസിക്കുന്നത് എന്തു ഭോഷത്വമാകുന്നു? ഒരു അജ്ഞാനിക്കു മറെറാരു അജ്ഞാനിയുടെ അജ്ഞാനത്തെ കളവാൻ കഴിയുമൊ? കുരിരുട്ടിനു കുരിരുട്ടിനെ കളവാൻ കഴിയുമൊ? ഇല്ല. കഴിയും എന്നു വിശ്വസിച്ച് അടിമകളായി ദുഃഖിക്കുന്ന കൂട്ടർ ഹിന്തുമതത്തിലല്ലാതെ ഏതുമതത്തിൽ ഉണ്ട്? അതുകൊണ്ടാകുന്നു ഹിന്തുമതാവലംബികളായ ആ കൂട്ടൎക്കാകുന്നു ശൂദ്രശബ്ദം വിശിഷ്യ പറവുന്നത് എന്നു ഞാൻ മുമ്പ് അഭിപ്രായപ്പെട്ടത്. ഹേ ശിഷ്യ! സൂൎയ്യപ്രകാശത്തെ ബ്രാഹ്മണൻ എന്നും ശൂദ്രൻ എന്നും ചണ്ഡാളൻ എന്നും മഹമ്മദൻ എന്നും ക്രിസ്ത്യൻ എന്നും ബൌദ്ധൻ എന്നും മററും പല വേഷംകെട്ടി നടിക്കുന്ന സകല കൂട്ടൎക്കും കണ്ണിന്നു വെളിച്ചം ഉണ്ടെങ്കിൽ കാണാം. കണ്ണിന്നു തിമിരം ഏവന്നുണ്ടൊ അവന്നു കാണുകയില്ല. അപ്പോലെ പരംജ്യോതിസ്സിനെ (ദൈവത്തെ) മനസ്സിന്നു വെളിച്ചം ഏവന്നുണ്ടൊ അവന്നു കാണാം. മനക്കണ്ണിന്നു് അജ്ഞാന തിമിരം ഏവന്നു പിടിപെട്ടിട്ടുണ്ടൊ അവന്നു കാണുകയില്ല. സകല മനുഷ്യൎക്കും പുറവുമുള്ള സകലത്തേയും കാണാമെങ്കിലും തങ്ങളുടെ മുഖങ്ങളെ കാണ്മാൻ കഴികയില്ല. അതിന്നു കണ്ണാടി ആവശ്യമായിരിക്കുന്നു. ആ കണ്ണാടിയിൽ ചളിയുണ്ടെങ്കിൽ മുഖം കാണുകയില്ല. അതിലെ ചളി നീക്കിയാൽ കണ്ണുള്ള ഏതു മനുഷ്യനും തന്റെ മുഖത്തെ കാണാം. അപ്പോലെ മനസ്സിലെ മാലിന്യത്തെ നീക്കി നോക്കിയാൽ ഏവനും ഈശ്വരദൎശനം സിദ്ധിക്കും. മുഖത്തെ കാണ്മാൻ കണ്ണാടി എന്നപോലെ ആത്മജ്യോതിസ്സിനെ കാണ്മാൻ മനസ്സാകുന്നു കണ്ണാടി.

ചിലൎക്ക് മാത്രമെ കണ്ണാടി നോക്കിക്കൂടു ചിലരുടെ മുഖം മാത്രമെ കണ്ണാടിയിൽ പ്രതിഫലിക്കയുള്ളു എന്നു സിദ്ധാന്തിക്കുന്നതു സൎവ്വഥാ അസംബന്ധമല്ലെ? ഇങ്ങിനെയാകുന്നു ഹിന്തുമതം എന്നു വാദിക്കുന്ന ഹിന്തുക്കൾ ഹിന്തുമതത്തേയും ഈശ്വരനേയും അപമാനിക്കുകയാകുന്നു ചെയ്യുന്നത്. എങ്ങിനെ എങ്കിൽ, ഈശ്വരമുഖത്തിൽനിന്നു പുറപ്പെട്ടതാകുന്നു വേദം എന്നല്ലെ അവർ പറയുന്നത്. ഈശ്വരൻ ഇങ്ങിനെ അസംബന്ധത്തെ കെട്ടിച്ചമച്ചു തമ്മിൽതല്ലിപ്പിച്ചു നശിപ്പിക്കുന്ന ഭേദദൃഷ്ടിയുള്ള അസൂയക്കുടുക്കയാണൊ? അങ്ങിനെ ആയിരുന്നാൽ അദ്ദേഹം സൎവ്വജനഹൃദയത്തിലും സമമായി വസിക്കുമൊ? ഉൽകൃഷ്ടജാതികൾ എന്നു നടിക്കുന്ന കൂട്ടരുടെ ഹൃദയത്തിൽ മാത്രമല്ലെ ഇരിപ്പാൻ അവകാശമുള്ളത്. അങ്ങിനെയല്ലെല്ലൊ ശ്രുതി പറയുന്നത്.

ഈശ്വരഃ സൎവ്വഭൂതാനാം ഹൃദ്ദേശേൎജ്ജുനതിഷ്ഠതി
സമംസൎവ്വേഷുഭൂതേഷു തിഷ്ഠന്തംപരമേശ്വരം
വിനശ്യത്സ്വവിനശ്യന്തം യഃപശ്യതിസപശ്യതി
(എന്നു ഭഗവൽഗീതാ).

അൎത്ഥം:—ഹെ അൎജ്ജുന! ഈശ്വരൻ സൎവ്വഭൂതങ്ങളുടേയും ഹൃദ്ദേശത്തിൽ വസിക്കുന്നു. ദേഹങ്ങൾ നശിക്കുമ്പോഴും നശിക്കാത്തവനായും എല്ലാ പ്രാണികളിലും സമമായി ഇരിക്കുന്നവനും ആയ ഈശ്വരനെ ഏവൻ കാണുന്നുവൊ അവനാകുന്നു കാണുന്നവൻ എന്നു ശ്ലോകാഷിക്കുന്നു. ഈ സ്ഥിതിക്ക് ഈശ്വരനെ നേരിട്ടു സേവിപ്പാൻ നിൎവ്വാഹമില്ലെല്ലൊ എന്നു ഭ്രമിക്കുന്നതു മൂഢതതന്നെ. ഉൽകൃഷ്ടജാതികളെന്നു വിചാരിക്കുന്നവരെക്കൊണ്ട് ഈശ്വരനെ പ്രാൎത്ഥിപ്പിച്ചുകൊണ്ടാൽ മതി എന്നു പറയുന്നതും അതിനെ വിശ്വസിക്കുന്നതും അതിലും മഹാ മൂഢതതന്നെ. നാട്ടുഭാഷകൾ മനസ്സിലാകായ്കയാൽ വക്കീൽമുഖേനയൊ മററൊ കാൎയ്യം മനസ്സിലാക്കി ഒരു കോൎട്ടിൽതന്നെ വസിക്കുന്ന ജഡ്ജിയുടെ കൂട്ടത്തിലും അല്ല ഈശ്വരൻ. അദ്ദേഹം സൎവ്വജ്ഞനും സൎവ്വവ്യാപിയും സൎവ്വഹൃദിസ്ഥിതനും ആകുന്നു, അതുകൊണ്ട് ഏവനും ഈശ്വരനെ ഭജിക്കാം. ഭജനാനുസരണം ആനന്ദവും ഉണ്ടാകും. ഭൂമിയിൽ

വേണ്ടുംവണ്ണം കൃഷിചെയ്താൽ ക്രിസ്ത്യനും ബൌദ്ധനും മഹമ്മദനും ഹിന്തുവിനും എല്ലാവൎക്കും ഒരുപോലെ വിളയും. വിളവു പ്രയത്നംപോലെ ഇരിക്കും. അല്ലാതെ ഭൂമിക്കു പക്ഷഭേദം ഇല്ല. അപ്പോലെ ഈശ്വരനും ഹിന്തുമതത്തിനും പക്ഷഭേദം ഇല്ല. പക്ഷഭേദം ഉണ്ടെന്നു സിദ്ധാന്തിച്ച ചില സാധുക്കളെ ഇക്കാലത്തും ദൂരെ അകററുന്നുവെല്ലൊ. നോക്കുക, താണ ജാതികളെന്നു കല്പിക്കപ്പെട്ടവൎക്ക് ഉൽകൃഷ്ടജാതികളെന്നു നടിക്കുന്നവരെ അണയാൻ പാടില്ല. ദൂരെ വിലങ്ങേണം. അങ്ങിനെ വിലങ്ങി നടക്കുന്നവൻ ക്രിസ്തുമതത്തിലൊ മഹമ്മദുമതത്തിലൊ ചേൎന്നാൽ ബ്രാഹ്മണ ക്ഷത്രിയവൈശ്യശൂദ്രന്മാരെന്നു നടിച്ചുനടക്കുന്നവരുടെ അരികിൽ വരാം. അപ്പോൾ അവന്റെ അശുദ്ധി എവിടെപ്പോയി? ക്രിസ്തുമതപുണ്യാഹജലബലംകൊണ്ടൊ മഹമ്മദുമതപുണ്യാഹജലബലംകൊണ്ടൊ അവൻ പരിശുദ്ധനായി എന്നു ഹിന്തുക്കൾ വിചാരിക്കുന്നപക്ഷം ആ മതങ്ങൾക്ക് അശുദ്ധനെ ശുദ്ധനാക്കുവാൻ ഹിന്തുമതത്തെക്കാൾ ശക്തിയുണ്ടെന്നു ഹിന്തുക്കൾതന്നെ സമ്മതിക്കുന്നു. ഇത് എത്ര അപമാനമാകുന്നു. ഹിന്തുമതത്തെ ആശ്രയിച്ചുകിടക്കുന്ന കൂട്ടക്കാരെ ഹിന്തുമതപുണ്യാഹജലംകൊണ്ടുതന്നെ പരിശുദ്ധന്മാരാക്കുന്നതല്ലെ ഉചിതം. അശുദ്ധപ്പെട്ട കുളം കിണർ മുതലായ ജഡപദാൎത്ഥങ്ങളെക്കൂടി പുണ്യാഹംകൊണ്ടു ശുദ്ധം വരുത്തുന്നുപോൽ. ഹിന്തുമതത്താൽ തീൎക്കപ്പെടുവാൻ നിൎവ്വാഹമില്ലാത്ത എന്തൊരു അശുദ്ധിയെ അവരിൽ കണ്ടിട്ടാകുന്നു അവരെ ദൂരെ വിലക്കി അന്യമതത്തിലേക്ക് ആട്ടിപ്പായിച്ചത്? അവർ ചെന്നു ക്രിസ്ത്വാദിമതത്തിൽ ചേൎന്നശേഷം അവരിൽ എന്തൊരു ശുദ്ധി കണ്ടിട്ടാണ് അവർ അരികിൽ വരുമ്പോൾ ഉൽകൃഷ്ടജാതികളെന്നു നടിക്കുന്നവർ അവരെ വിലക്കാത്തത്. കഷ്ടം! കഷ്ടം! ഒരേജാതിയായ മനുഷ്യരിൽ ചിലരെ താണജാതിയെന്നു ധിക്കരിച്ചു ദൂരെ വിലക്കുന്ന ശ്രേഷ്ഠന്മാർ എന്തുകൊണ്ടു പശു പക്ഷി മൃഗാദികളെ ദൂരെ വിലക്കുന്നില്ല. അവ മനുഷ്യരിൽനിന്നു താണജാതിയാകുന്നു എന്നു സൎവ്വമതക്കാൎക്കും സമ്മതമാകുന്നു. ആ താണ ജാതിയിലുള്ള ആട്, മാട്, എരുമ മുതലായവയുടെ പാലും കറന്നുകുടിക്കുന്നു, മാംസവും തിന്നുന്നു.

താണജാതിക്കാരെ അണഞ്ഞുകൂടാ, അവരുടെ അന്നം ഭക്ഷിച്ചുകൂടാ, വെള്ളം കുടിച്ചുകൂടാ, എന്നാൽ ഭ്രഷ്ടന്മാരായിത്തീരും എന്നു വിചാരിക്കുന്ന ഉൽകൃഷ്ടജാതികൾക്ക് ഇങ്ങിനെ ചെയ്യാമൊ? ഭ്രഷ്ടത്വം ഭവിക്കയില്ലയൊ? ശിവ! ശിവ! ആട്, മാട്, എരുമ, കോഴി മുതലായവയെക്കാൾ താണജാതിയാണൊ ചില മനുഷ്യർ?

ശിഷ്യൻ.—സ്വാമിൻ! ഹിന്തുക്കളുടെ ഇടയിലുള്ള സ്വജനദ്വേഷം അനിർവ്വചനീയംതന്നെ. എത്രയോ യൂറോപ്യന്മാർ സംസ്കൃതഭാഷ പഠിക്കുന്നു. വേദം, ഗീത മുതലായതു നോക്കുന്നു, അവ തർജ്ജമയും ചെയ്യുന്നു. ബ്രാഹ്മണർ ആ തർജ്ജമകളെ വാങ്ങി വായിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു. ഒരു ശൂദ്രൻ വേദാദികളെ നോക്കുന്നു എന്നു കേൾക്കുമ്പോഴയ്ക്കുള്ള ഈൎഷ്യ ബ്രാഹ്മണൎക്കു സഹിച്ചുകൂടുന്നില്ലാ.

ഗുരു:— ആ കാൎയ്യത്തിൽ അവരെ കുററം പറവാനില്ല. അങ്ങിനെയല്ലെ, നിന്നെ ഒരുവൻ അനേകകാലം പൂജിച്ചു നിൻെറ ചൊൽപടി കേട്ട് അടിമയായിരുന്നിട്ടു പിന്നെ അവൻ ആ നിലവിട്ടു നിണക്കു സമനായി നടിച്ചു നടക്കുമ്പോൾ നിശ്ചയമായിട്ടും അവനിൽ നിണക്ക് ഈൎഷ്യയുണ്ടാകും. അപ്പോലെ ബ്രാഹ്മണൎക്ക് അടിമകളായിരുന്ന് അവരെ പൂജിച്ചുകൊണ്ടിരുന്ന ശൂദ്രരും അതിനെ ലംഘിച്ചുനടക്കുമ്പോൾ അവൎക്ക് അത്യന്തം ഈൎഷ്യയ്ക്ക് അവകാശമുണ്ട്. യൂറോപ്യന്മാരും മററും ബ്രാഹ്മണരെക്കൊണ്ട് ഈശ്വരസേവാദികൾ ചെയ്യിക്കുക, ദക്ഷിണകൊടുക്കുക, അന്നദാനം വസ്ത്രദാനം ഗോദാനം ഭൂദാനം സുവൎണ്ണദാനം മുതലായവ ചെയ്യുക, ബ്രാഹ്മണരെ പൂജിക്കുക, അവൎക്ക് അടിമകളായിരിക്കുക എന്ന സമ്പ്രദായം ആചരിച്ചു വന്നിട്ടില്ല. അതുകൊണ്ടു യൂറോപ്യന്മാരും മററും ഉപനിഷദാദികൾ വായിക്കുന്നതുകൊണ്ടു ബ്രാഹ്മണൎക്കു സ്വാതന്ത്ര്യത്തിന്നും ബഹുമാനത്തിന്നും കുറവില്ല. അവരെ നേരെ ഈൎഷ്യയ്ക്കും അവകാശമില്ല. ശൂദ്രൻ വേദാദികളെ നോക്കി ജ്ഞാനിയാകുമ്പോൾ ബ്രാഹ്മണൎക്കുള്ള സ്വാതന്ത്ര്യത്തിന്നും പൂജ്യതയ്ക്കും ഹാനിയും ഉണ്ട്. എങ്ങിനെയെന്നാൽ 'ബ്രാഹ്മണനി

പ്രൻ •

ഷ്ഠാവാൻ ബ്രാഹ്മണഃ' (ബ്രഹ്മത്തിൽ നിഷ്ഠയുള്ളവൻ ബ്രാഹ്മണൻ) എന്നു ഗ്രഹിക്കയും അതിന്നു വിപരീതമായി കാണപ്പെടുന്ന ബ്രാഹ്മണരിൽ ഭക്തിശ്രദ്ധാദികൾ കുറകയും ചെയ്തു് അവരെ പൂജിക്കയാവട്ടെ യഥാശക്തി വല്ലതും അവൎക്കു കൊടുക്കുകയാവട്ടെ ചെയ്യുയില്ല. അതുകൊണ്ടും ശൂദ്രർ വേദാദികളെ അഭ്യസിക്കുമ്പോൾതന്നെയാകുന്നു ബ്രാഹ്മണൎക്ക് ഈൎഷ്യയ്ക്കു് അവകാശം. പണ്ടു് ഈശ്വരനെ ഒരു ശൂദ്രൻ ഭജിക്കയാൽ ഒരു ബ്രാഹ്മണൻ ശ്രീരാമനെക്കൊണ്ടു് ആ ശൂദ്രന്റെ ശിരച്ഛേദം ചെയ്യിപ്പിച്ചുപോൽ.

ശിഷ്യൻ:--സ്വാമിൻ! ആ കഥയൊന്നു കേട്ടാൽ കൊള്ളാം.

ഗുരു;—ഒരു ബ്രാഹ്മണന്റെ കുട്ടി മരിച്ചുപോയി. അപ്പോൾ അദ്ദേഹം ശ്രീരാമന്റെ അരികിൽ ചെന്നു ഭവാന്റെ രാജ്യരക്ഷാദോഷംകൊണ്ടാകുന്നു ഈ അകാലമരണം നേരിട്ടതു് എന്നുപറഞ്ഞു നിലവിളിച്ചുപോൽ. അതുകേട്ടു ശ്രീരാമൻ എന്താ എന്റെ അകൃത്യമെന്നു് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ 'ഒരു ശൂദ്രകൻ തപസ്സുചെയ്യുന്നു. ആ അകൃത്യം നിമിത്തമാകുന്നു ഈ ബ്രാഹ്മണന്റെ ശിശു മരിച്ചതു്. ആ ശൂദ്രന്റെ വധത്തെച്ചെയ്താൽ ഈ ശിശു ജീവിക്കും എന്നു് ഒരു അശരീരിവാക്കു (ദേവവാക്യം) ഉണ്ടായിപോൽ. ഉടൻതന്നെ രാമൻ പോയി ആ ശൂദ്രകന്റെ കണ്ഠത്തെ അറിയുകയും ആ ബ്രാഹ്മണന്റെ ശിശു ജീവിക്കയും ചെയ്തുപോൽ. രാമൻ ശൂദ്രകവധം ചെയ്വാൻ തുടങ്ങുമ്പോൾ വിചാരിച്ചശ്ലോകമാകുന്നു ഇതു്.

രേഹസ്തദക്ഷിണമൃതസ്യശിശോൎദ്ദ്വിജസ്യ
ജീവാതവെവിസൃജശൂദ്രമുനൌകൃപാണം
രാമസ്യഗാത്രമസിദുൎവ്വഹഗൎഭഖിന്ന
സീതാവിവാസനപടോഃ കരുണാകുതസ്തേ.

(എന്നു് ഉത്തരരാമചരിതം)

ശിഷ്യൻ;— സ്വാമിൻ! എന്നാൽ ഇക്കാലത്തു ബ്രാഹ്മണരുടെ വംശമെല്ലാതെയാക്കുവാൻ ശൂദ്രർ വിചാരിച്ചാൽ കഴിയുമെല്ലൊ. പട്ടന്മാരോടു രസമില്ലാത്ത നായന്മാർ ഈശ്വരഭജനം ചെയ്താൽ പട്ടന്മാരുടെകുട്ടികളൊക്കെ ചാകുമെല്ലൊ. ഇപ്പൊഴ

ത്തെ രാജാവു ശൂദ്രരുടെ ഈശ്വരഭജനംകൊണ്ടു ബ്രാഹ്മണരുടെ കുട്ടികൾ ചാകുന്നു എന്നു ബ്രാഹ്മണർ അന്യായം കൊടുത്താൽ ശൂദ്രരെ ശിക്ഷിക്കയും ഇല്ല. കഷ്ടം! കഷ്ടം! ഇങ്ങിനെ ശൂദ്രദ്വേഷം ഉള്ള കൂട്ടരെക്കൊണ്ടു ഭഗവതീസേവ മൃത്യുഞ്ജയഹോമം മുതലായത് ഇപ്പോഴും ശൂദ്രാദികൾ ചെയ്യിക്കുന്നു.

ഗുരു:— ഹേ ശിഷ്യ! മൃത്യുവിനെ ജയിക്കുന്നതാകുന്നു മൃത്യുഞ്ജയഹോമം. മരണത്തെ ജയിപ്പാനുള്ള ശക്തി ബ്രാഹ്മണാഭിമാനികൾക്കുണ്ടെങ്കിൽ അവൎക്ക് ആ ഹോമം ചെയ്തു മരിക്കാതെ ഇരുന്നുകൂടെ. ഒരാളെങ്കിലും അവരിൽ ചാകാതെ ഇരിക്കുന്നില്ല, എന്നുമാത്രമല്ല അവൎക്കു കഠിനരോഗം പിടിപെട്ടുമ്പൊഴയ്ക്കു ഡാക്ടർ, ദരസ്സർ മുതലായവരെ യഥാശക്തിവരുത്തി ചികിത്സിക്കുന്നു. മൃത്യുഞ്ജയഹോമംകൊണ്ടൊ മറ്റൊ രോഗത്തെ ശമിപ്പിക്കാൻകൂടി ബ്രാഹ്മണൎക്കു ശക്തി കാണുന്നില്ല. അതു കണ്ട് അനുഭവമുണ്ടായിട്ടും തങ്ങളുടെ അരിഷ്ടത്തെയും മരണത്തേയും അവരെക്കൊണ്ടു തടുത്തുകളയാമെന്നുവിചാരിച്ചു പണം ചിലവുചെയ്തു മൃത്യുഞ്ജയഹോമാദികൾ ചെയ്യിക്കുന്ന ശൂദ്രർ ശോച്യന്മാർതന്നെ. അതാകുന്നു ശൂദ്രശബ്ദം സാമാന്യവാചിയായിരുന്നാലും ഹിന്തുമതാവലംബികളായ ശൂദ്രൎക്കാകുന്നു അധികം ചേരുന്നത് എന്നു ഞാൻ മുമ്പ് അഭിപ്രായപ്പെട്ടത്. ഇങ്ങിനെ യഥാൎത്ഥത്തെ വിചാരിക്കുമ്പോൾ ശോച്യവൃത്തികൊണ്ടു ശൂദ്രൻ എന്നും കച്ചോടവൃത്തികൊണ്ടു വൈശ്യൻ എന്നും ക്ഷതത്രാണവൃത്തികൊണ്ടു ക്ഷത്രിയൻ എന്നും ബ്രഹ്മനിഷ്ഠാവൃത്തികൊണ്ടു ബ്രാഹ്മണൻ എന്നും പേരുകൾ സിദ്ധിച്ചിട്ടുള്ളതാകുന്നു. ഹിന്തുവൊ ക്രിസ്ത്യനൊ ബൌദ്ധനൊ മനുഷ്യരിൽ ഏവനായാലും ഈ വൃത്തികൾ ഉണ്ടെന്നുകണ്ടാൽ അവൎക്കെല്ലാം ആ പേരുകൾ ചേരും. ബ്രാഹ്മണാദിനാമങ്ങൾ ജാതിഭേദംനിമിത്തം വിളിക്കപ്പെട്ടിട്ടുള്ളതല്ല. ജാതിഭേദം, ശശവിഷാണം, വന്ധ്യാപുത്രൻ, ഗഗനകുസുമം ഇവയെപ്പോലെ ഇല്ലാത്തതാകുന്നു. നോക്കുക, സന്യസിക്കുമ്പോൾ പൂണനൂൽ പിൻകുടുമമുതലായ ചിഹ്നങ്ങളെ കളയുന്നു. ഇവയാകുന്നു ബ്രാഹ്മണജാതിചിഹ്നം എങ്കിൽ അവയെ ദൂരെ നിരാകരിക്കു

മൊ? ഇല്ല. അവയെ കളയുന്നതിൻെറ അത്ഥം എന്താകുന്നു എങ്കിൽ പൂണൂനൂൽ, പിൻകുടുമ മുതലായ ചിഹ്നങ്ങൾ ബ്രാഹ്മണലക്ഷണമെന്നു വിചാരിച്ച് ഇതുവരെ ഇരുന്നു; അവയല്ല ബ്രാഹ്മണലക്ഷണം എന്ന് ഇപ്പോൾ അറിയുന്നു. അതിനാൽ അവയെ ദൂരെ തള്ളിക്കളയുന്നു എന്നാകുന്നു. അറിവില്ലാത്ത കാലത്തു പലതും ആചരിക്കും. അറിവുണ്ടാകുമ്പോൾ അവയെ വിട്ടുകളകയും ചെയ്യും. ഇതു സവ്വജനാനുഭവമാകുന്നു. നോം ബാല്യകാലത്തിൽ പലതും കുട്ടിക്കളി കാണിച്ചിട്ടുണ്ട്. ഇപ്പോൾ അതെല്ലാം വിട്ടില്ലയൊ?

ശിഷ്യൻ:—സ്വാമിൻ! ബ്രഹ്മകുലത്തിൽ ഉണ്ടായതുകൊണ്ടു ബ്രാഹ്മണൻ എന്നും അത്ഥം എടുത്തുകൂടെ?

ഗുരു:—അങ്ങിനെ പറയുന്നപക്ഷം എല്ലാവരും ബ്രാഹ്മണർതന്നെ. എങ്ങിനെയെന്നാൽ.

യതോവാഇമാനിഭൂതാനി ജായന്തെയേനജാതാനിജീവന്തി
യൽപ്രയന്ത്യഭിസംവിശന്തി തദ്വിജിജ്ഞാസസ്വതൽബ്രഹ്മ.

(എന്നു തൈത്തിരീയോപനിഷത്ത്)

അത്ഥം:—യാതൊന്നിൽനിന്ന് ഈ ജീവലോകം ജനിക്കുന്നുവൊ യാതൊന്നിനാൽ ഇവ രക്ഷപ്പെടുന്നുവൊ യാതൊന്നിനെ കുറിച്ചു ജീവികൾ പുറപ്പെട്ടുചെന്നെത്തുന്നുവൊ അതാകുന്നു ബ്രഹ്മം. അതിനെ അറിവാൻ ഇച്ഛിക്കുക. ഈ ശ്രുതികൊണ്ടു സവ്വരും ബ്രഹ്മത്തിൻനിന്ന് ഉണ്ടായി എന്നു കാണുന്നു. അതുകൊണ്ടു സവ്വന്മാക്കും ബ്രഹ്മകുലംതന്നെ. സവ്വന്മാരും ബ്രാഹ്മണർതന്നെ എന്നു സിദ്ധിച്ചു. അപ്പോൾ ഞാൻ മാത്രം ബ്രാഹ്മണൻ എന്നു നടിപ്പാൻ ആക്കെങ്കിലും അവകാശമുണ്ടൊ? ഇല്ല. പിതാവിൻെറയും മാതാവിൻെറയും കുലത്തെ അവലംബിച്ചിട്ടും അല്ല ബ്രാഹ്മണൻ എന്നു പറയുന്നത്. 'വ്യാസഃകൈവത്തകന്യകായാം' (എന്നു വജ്രസൂചികോപനിഷത്ത്) അത്ഥം:—വ്യാസർ മുക്കുവത്തിയിൽനിന്നു ജനിച്ചു. ഇപ്രകാരം പലരെയും പകരത്ത ബ്രഹ്മഷിയാകുന്നു. ഇങ്ങിനെ ശ്രുതികൊണ്ടും യുക്തികൊണ്ടും അനുഭവംകൊണ്ടും ബ്രഹ്മത്തിൽ നിഷ്ഠയുള്ളവൻ ബ്രാഹ്മണൻ എന്നു തീച്ചപ്പെത്തിയിരിക്കുന്ന അത്ഥവിശേഷത്തെ കുറിക്കുന്നു. അതായതു ബൌ

ധൻ എന്നൊ ക്രിസ്ത്യൻ എന്നൊ ചണ്ഡാളൻ എന്നൊ മ റെറാ പറയപ്പെടുന്ന ഏതു മനുഷ്യനായാലും ബ്രഹ്മത്തിൽ നിഷ്ഠയുണ്ടെങ്കിൽ അവൻ ബ്രാഹ്മണൻ എന്ന വാചകത്തിന്ന് അർഹനാകുന്നു എന്നാകുന്നു. ബ്രഹ്മകുലജാതനാകയാൽ ബ്രാഹ്മണൻ എന്ന അൎത്ഥം സാമാന്യേന കുറിക്കുന്നു. ഈ പക്ഷത്തെ അംഗീകരിക്കുന്നപക്ഷം സകല മനുഷ്യരേയും ബ്രാഹ്മണർ എന്നുതന്നെ പറയേണ്ടതായിരിക്കുന്നു. ചിലർ ബ്രാഹ്മണർ, ചിലർ ക്ഷത്രിയർ എന്നിങ്ങിനെ ഭിന്നജാതികളായി പിരിക്കുന്നതു യുക്തിക്കും ശ്രുതിക്കും അനുഭവത്തിന്നും വിരോധമാകുന്നു. തത്വം ആലോചിക്കുമ്പോൾ ഞാൻ എന്നു വ്യവഹരിക്കുന്ന ആത്മാവു ചിച്ഛക്തിയാകുന്നു (ജ്ഞാനശക്തിയാകുന്നു). ദേഹമൊ പഞ്ചഭൂതവികാരമാകുന്നു. ജാതിനാമാദികൾ മനുഷ്യരാൽ കല്പിതങ്ങളാകുന്നു. ജനിക്കുമ്പോൾ ഒരു പേരും ആൎക്കും ഇല്ല. അമ്മയും അച്ഛനും ബന്ധുജനങ്ങളുംകൂടി നാമകരണനാളിൽ ഒരു പേർ വിളിക്കുന്നു. ദേരു കുപ്പൻ എന്നൊ കോമൻ എന്നൊ രാമൻ എന്നൊ എന്തായാലും ആ പേരുപറഞ്ഞു വിളിക്കുന്നു. ഈ പേരിനെ ദേഹത്തിൽ പരിശോധിക്കുമ്പോഴും കാണുന്നില്ല. ആത്മാവിനെ പരിശോധിക്കുമ്പോഴും കാണുന്നില്ല. ഇതുപോലെതന്നെ ജാതിയും പൂൎവ്വന്മാരാൽ കല്പിക്കപ്പെട്ടതാകുന്നു. പരിശോധിച്ചുനോക്കുമ്പോൾ അതിനേയും ദേഹത്തിലും ആത്മാവിലും കാണുന്നില്ല ഹിന്തുമതഹൃദയത്തെ അറിയാതെ തത്വശാസ്ത്രത്തിന്നു വിരോധമായി സമദൃഷ്ടിയില്ലാത്ത ചിലക്കൂട്ടർ കല്പിച്ച പ്രമാണത്തേയും ജാതിഭേദത്തേയും അനുസരിക്കനിമിത്തം ഇഹലോകസുഖത്തേയും ശാശ്വതമോക്ഷസാമ്രാജ്യസുഖത്തേയും യഥേഷ്ടം പ്രാപിക്കുന്നതിന്നു കഴിവില്ലാതെ വന്നിരിക്കുന്നു. എന്നുമാത്രമല്ല അനേകവിധത്തിലുള്ള ആപത്തിന്നും ഹിന്തുക്കൾ പാത്രമായിരിക്കുന്നു.

ശിഷ്യൻ;—സ്വാമിൻ! അതു വാസ്തവംതന്നെ. കാരണം കൂടാതെ കലഹിക്കുന്നതു ജാത്യാ വിരുദ്ധങ്ങളായ നായ, പൂച്ച, പാമ്പു, കീരി മുതലായ വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളാകുന്നു. ആ വിധം വൃഥാ കലഹിച്ചു കെട്ടുപോകുന്ന മൃഗധൎമ്മം

ഹിന്തുമതത്തിലല്ലാതെ ഏതൊരു മതത്തിൽ ഉണ്ട്? ഒരുവൻ മററൊരുവൻെറ ധനത്തെ അപഹരിച്ചു, സ്ത്രീയെ അപഹരിച്ചു, വസ്തുവിൽ കയ്യേറി എന്നുംമററും ഓരോ കാൎയ്യവശാൽ ദ്വേഷിക്കുന്നതു ലോകസമ്പ്രദായമാകുന്നു. ഒരുവൻ ഈശ്വരനെ ഭജിച്ചു, മന്ത്രംജപിച്ചു, വേദശാസ്ത്രങ്ങൾ നോക്കി, പ്രാതസ്സ്നാനം ചെയ്തു, എന്നെക്കണ്ടിട്ടു ദൂരെ വിലങ്ങിയില്ല, എന്നെ അയിത്തമാക്കി എന്നു പറഞ്ഞു ദ്വേഷിക്കുന്ന സമ്പ്രദായം ഹിന്തുക്കളുടെ ഇടയിൽ അല്ലാതെ വേറെ മതക്കാരുടെ ഇടയിൽ ഇല്ല. മററൊരുത്തൻ മനസ്സുകൊണ്ടോ വാക്കുകൊണ്ടോ കൎമ്മംകൊണ്ടോ ഉപദ്രവം ഏല്പിക്കുന്നുണ്ടെങ്കിൽ മാത്രമല്ലെ ഒരു കുററമായിരിപ്പാനും ദ്വേഷിപ്പാനും ദണ്ഡിപ്പാനും സംഗതിയുള്ളു. ഒരുവൻെറ ഈശ്വരഭജനംകൊണ്ടും പ്രാതഃസ്നാനംകൊണ്ടും തപസ്സുകൊണ്ടും മററൊരുത്തന്ന് ഉപദ്രവം നേരിടുവാൻ ഇടയില്ലല്ലൊ. അങ്ങിനെയിരിക്കെ ശൂദ്രകൻ തപസ്സുചെയ്യുമ്പോൾ ബ്രാഹ്മണൻ അന്യായംകൊടുപ്പാനും ശ്രീരാമൻ ശൂദ്രകനെ വധിപ്പാനും ന്യായമില്ലല്ലൊ. രാമൻ പരമയോഗ്യനാണെന്നു പറയുന്നു. അതിനീചന്മാർകൂടി ചെയ്യാത്തതായ ഇങ്ങിനെയുള്ള നിന്ദ്യകൎമ്മം എന്താ ചെയ്തത്?

ഗുരു:—രാമൻ മഹായോഗ്യൻതന്നെ. അങ്ങിനെയിരിക്കുന്ന യോഗ്യൻകൂടി ബ്രാഹ്മണൎക്കുവേണ്ടി ഇങ്ങിനെ ചെയ്തിട്ടുണ്ടെന്നു നിയമത്തെ ഉണ്ടാക്കിയാൽ മററുള്ളവരും അതിനെ പിന്തുടരുമെല്ലൊ. അപ്പോൾ തങ്ങളുടെ ഇഷ്ടം എന്തും സാധിക്കാമെന്നു വിചാരിച്ചു കല്പിച്ചുകൂട്ടി ഉണ്ടാക്കിയ പ്രമാണമാകുന്നു അത്. ആ വകയെ വേദമെന്നു പ്രമാണിച്ചിട്ടാകുന്നു നമ്മുടെ ഹിന്തുരാജാക്കന്മാർ ബ്രാഹ്മണരെന്നഭിമാനിക്കുന്ന കൂട്ടരുടെ ആവശ്യപ്രകാരം ശൂദ്രാദിദ്വേഷം തുടങ്ങിയത്. അതിനാൽതന്നെയാകുന്നു അവരുടെ വക്കൽനിന്നു രാജ്യം പോയതും. അങ്ങിനെയല്ലെ, ഒരു തറവാട്ടുകാരണവൻ ചില അനന്തരവന്മാരെ സ്നേഹിച്ചു മററുള്ളവരെ ദ്വേഷിക്കുന്നതുകൊണ്ടു ഹിന്തുതറവാടുകൾ തമ്മിൽതല്ലി എത്ര നശിച്ചുപോകുന്നു. ചില കാരണവന്മാരെ കുലപ്പെടുത്തിയും ചിലരുടെ കൈകാൎയ്യം ഉച്ചലപ്പെടുത്തിയും കാണുന്നു. നാഥനായിരിക്കുന്നവൻ പക്ഷ

ഭേദം കാണിക്കരുത്. എന്നാലുള്ള അനൎത്ഥം അനിൎവ്വചനീയമാകുന്നു. രാജാവു രാജ്യമാകുന്ന മഹാ കുടുംബത്തിലെ കാരണവനാകുന്നു. പ്രജകളെല്ലാം അനന്തരവന്മാരാകുന്നു. അവരെ എല്ലാവരേയും ഒരുപോലെ സംരക്ഷണചെയ്യാതെ ചിലൎക്കു മാത്രം അന്നവസ്ത്രഭൂഷണധനധാന്യാദികളെ കൊടുത്ത് ഇഷ്ടംപോലെ രക്ഷിക്കുന്നതു പോരാതെ അവരുടെ പരശ്രീ കണ്ടുകൂടാത്ത അസൂയയെക്കൂടി പൂരിപ്പാൻവേണ്ടി മററുള്ളവരെ ദ്വേഷിക്കുന്ന രാജാക്കന്മാരുടെ പക്കൽ രാജ്യം നിലനില്ക്കയില്ല. സൂൎയ്യൻ എങ്ങിനെ പക്ഷഭേദംകൂടാതെ സൎവ്വന്മാൎക്കും വെളിച്ചം കൊടുക്കുന്നുവൊ, കാററ് എങ്ങിനെ എല്ലാവൎക്കും ഒരുപോലെ ശ്വാസിപ്പാൻ ഉപകാരപ്പെടുന്നുവൊ, ജലം എങ്ങിനെ എല്ലാവൎക്കും ഒരേമാതിരി ദാഹം തീൎക്കുന്നുവൊ, ഭൂമി എങ്ങിനെ ഹിന്തുവിന്നും ക്രിസ്ത്യന്നും മഹമ്മദന്നും സൎവ്വജനങ്ങൾക്കും ഒരുപോലെ ഇരിപ്പാൻ ഇടംകൊടുത്തു സസ്യാദികളെ നൽകുന്നുവൊ, ഒരു സൽപിതാവ് എങ്ങിനെ സ്വപുത്രന്മാരെയെല്ലാം ഒരുപോലെ ശിക്ഷിച്ചു രക്ഷിച്ചുപോരുന്നുവൊ അങ്ങിനെ സ്വപ്രജകളെ സമദൃഷ്ടിയോടുകൂടി സംരക്ഷിക്കുന്ന രാജാവാകുന്നു രാജാവ്. അവരുടെ പക്കലെ രാജ്യം നിലനില്ക്കയുള്ളു.

## കലികാലാപവാദഖണ്ഡനാദിപ്രകരണം

ശിഷ്യൻ:— സ്വാമിൻ! കലികാലമായതുകൊണ്ടാകുന്നു ഹിന്തുരാജാക്കന്മാരുടെ പക്കൽനിന്നു രാജ്യംപോയതും ശൂദ്രാദികൾക്കു മന്ത്രം ജപിപ്പാനും ഇഷ്ടംപോലെ ഈശ്വരനെ ഭജിപ്പാനും ഉപനിഷത്തുമുതലായ ഗ്രന്ഥങ്ങൾ നോക്കുവാൻ സംഗതിവന്നതും എന്നാകുന്നു നമ്മുടെ കൂട്ടർ പറയുന്നത് കലി നീചനാണത്രെ. അതുകൊണ്ട് ഇപ്പോൾ നീചന്മാൎക്ക് ഊൎജ്ജിതമായ കാലമാണത്രെ.

ഗുരു:— ശിഷ്യ! അങ്ങിനെ പറയുന്നതും അതിമൂഢതതന്നെ. എന്തുകൊണ്ടെന്നാൽ 'സതാം സത്യയുഗം സാക്ഷാൽ സൎവ്വദൈവാസതാം കലിഃ' എന്നു ദേവീഭാഗവതത്തിൽ പറഞ്ഞിരിക്കുന്നു: അൎത്ഥം:— സത്തുക്കൾക്ക് എല്ലായ്പ്പോഴും സാ

ക്ഷാൽ സത്യയുഗംതന്നെ=കൃതയുഗംതന്നെ. അസത്തുക്കൾക്ക് എല്ലാക്കാലവും കലികാലംതന്നെ. ഇത് അനുഭവത്തിന്നും യുക്തിക്കും ഒത്ത ശാസ്ത്രമാകുന്നു. എങ്ങിനെയെന്നാൽ, അസത്തുക്കൾ കൃതയുഗത്തിലും (സത്യയുഗത്തിലും) സത്യധൎമ്മാദികൾവിട്ടു നടന്നിരിക്കുന്നു എന്നു പുരാണങ്ങളിൽ കാണുന്നു. സത്യയുഗമെന്നു പ്രശംസിക്കപ്പെട്ടുന്ന കാലത്തിന്റെ യോഗ്യത ഒന്നും അസത്തുക്കളിൽ ഫലിച്ചുകാണുന്നില്ല. സത്തുക്കൾ അന്നും സത്യധൎമ്മാദികളെ വിടാതെ നടന്നിരിക്കുന്നു. കലിയുഗമാണെന്നു ചിലർ അഭിപ്രായപ്പെട്ടുന്ന ഇക്കാലത്തും സത്തുക്കൾ സത്യധൎമ്മാദികളെ വിടാതെ നടക്കുന്നു കലിയുഗമെന്നു നിന്ദിക്കപ്പെട്ട ഇക്കാലത്തിന്റെ കാലുഷ്യം സത്തുക്കളെ ബാധിച്ചുകാണുന്നില്ല. അസത്തുക്കൾ ഇന്നും അന്നേത്തെപ്പോലെതന്നെ. അതുകൊണ്ടു സത്തുക്കൾക്ക് അന്നും ഇന്നും എന്നും സത്യയുഗംതന്നെ. അസത്തുക്കൾക്ക് അന്നും ഇന്നും എന്നും കലിയുഗംതന്നെ. ഇങ്ങിനെയാകുന്നു മഹാന്മാർ തീൎച്ചപ്പെട്ടുത്തിയിട്ടുള്ളത്. അസത്തുക്കളും അന്യായങ്ങളും ഇക്കാലത്തു വൎദ്ധിച്ചിരിക്കുന്നു. അതുകൊണ്ട് ഇക്കാലംതന്നെ കലികാലമെന്നു കണ്ണുചിമ്പി പറയുന്നത് അനുഭവത്തിന്നു വിരോധമാകുന്നു. എന്തുകൊണ്ടെന്നാൽ, ഇംഗ്ലീഷുരാജ്യഭരണം സമദൃഷ്ടിയോടുകൂടിയിരിക്കുന്നു. അതിനാൽ വലിയമത്സ്യം ചെറിയമത്സ്യത്തെ പിടിച്ചുതിന്നുന്നപോലെ പണ്ടു പ്രബലന്മാർ ദുൎബ്ബലന്മാരെ പീഡിച്ചിരുന്നു. അതിന്ന് ഇപ്പോൾ നിൎവ്വാഹമില്ലാതെവന്നിരിക്കുന്നു. അതുകൊണ്ടു തങ്ങളുടെ സ്വത്തിന്നും ബുദ്ധിവിശേഷത്തിന്നും ഇഷ്ടത്തിന്നും അനുസരിച്ചു ന്യായമായിനടന്നു സ്വാതന്ത്ര്യസുഖത്തോടെ ഇരിക്കാം. സ്വാതന്ത്ര്യസുഖത്തിൽമീതെ ഒരു സുഖവും ഇല്ല. പണ്ടേത്തെകാലത്ത് അത്തു ദ്വിജന്മാൎക്കല്ലാതെ മററുള്ളവൎക്ക് ലേശംപോലും ഇല്ലായിരുന്നു. ഇക്കാലത്ത് എല്ലാവൎക്കും ഈശ്വരനെ ഭജിക്കാം. എങ്ങും സുഭിക്ഷമായിരിക്കുന്നു. ഒരു ദിക്കിൽ ക്ഷാമം ഉണ്ടെന്നുകാണുമ്പോഴയ്ക്കു ക്ഷാമമില്ലാത്ത ദിക്ക് അനേകയോജന ദൂരത്തായിരുന്നാലും അവിടെനിന്നു വായുവേഗത്തെ ധരിച്ചിരിക്കുന്ന തീവണ്ടിമുതലായ യന്ത്രവിശേഷങ്ങൾകൊണ്ടു വേണ്ടുന്ന സാമാനങ്ങളെ വരുത്തി

ക്ഷാമനിവാരണത്തെ ചെയ്യാം. കാശീയാത്രകൊണ്ടു മുക്തിയുണ്ടെന്നു വിചാരിക്കുന്ന നമ്മുടെ കൂട്ടക്കാൎക്കു പണ്ടു കാശിക്ക് എത്തേണമെങ്കിൽ ആറുമാസം വേണം. വഴിക്കുള്ള അപകടംനിമിത്തം കാശിക്കുപോയി മടങ്ങിവരുന്നവരും ദുല്ലഭം. മിക്കതും സിദ്ധികൂടി (ചത്തു) എന്നെ കേട്ടിട്ടുള്ളു. ഇപ്പോൾ തീവണ്ടി എന്ന വിമാനത്തിലിരുന്ന് അതിവേഗത്തിൽ കാശി മുതലായ ദൂരപ്രദേശങ്ങളിൽ ചെന്നു സുഖമായി പോരാം. ഇപ്രകാരംതന്നെ സമുദ്രയാത്ര ചെയ്തു ദ്വീപാന്തരങ്ങളിൽ ചെന്നു പോരുവാൻ തീക്കപ്പൽ മുതലായ യന്ത്രവിശേഷങ്ങളും ഉണ്ട്. നമ്മുടെ ദേഹത്തിൽ ഒരിടത്തിൽ ഒരാൾ തൊട്ടാൽ മിന്നൽപോലെ മിന്നുന്ന കുണ്ഡലിനീശക്തിയുടെ നാഡിവഴിയായി എത്ര വേഗത്തിൽ അറിയാമൊ ആ പ്രകാരം കമ്പിവഴിയായി അനേകദൂരത്തിലുള്ള അനേകദിക്കിലെ വൎത്തമാനത്തെ അതിശീഘ്രത്തിൽ അറിയാം. നമുക്കു പണ്ട് ഒരു ഭാരതം പുസ്തകം എഴുതി കിട്ടേണമെങ്കിൽ നാലഞ്ചുകൊല്ലം വേണം. ഇപ്പോൾ അനേകായിരം ഭാരതപുസ്തകങ്ങൾ ലഘുവായി അച്ചടിയന്ത്രം കൊണ്ടു സമ്പാദിക്കാം. പണ്ട് അനേകം ചിലവുചെയ്തിട്ടും അതിപ്രയത്നം ചെയ്തിട്ടും ദീൎഘകാലംകൊണ്ടു സാധിക്കാവുന്ന അനവധി കാൎയ്യങ്ങൾ ഇപ്പോൾ അല്പവ്യയംകൊണ്ടും അല്പസമയംകൊണ്ടും അല്പയത്നംകൊണ്ടും സാധിക്കുന്നു. എന്ന അനേക ഉപായങ്ങൾ ഉണ്ടെന്നു സമഷ്ടിയായി പറവാനല്ലാതെ എല്ലാ ഗുണങ്ങളും എന്നെക്കൊണ്ടു പറവാൻ പ്രയാസം. യഥാശക്തി വൎണ്ണിക്കുകതന്നെ എന്നുവെച്ചാലും ഞാൻ യോഗനിഷ്ഠനായതുകൊണ്ട് അവസരവും ചുരുക്കം. പണ്ടു മേൽപറഞ്ഞ ഗുണങ്ങളില്ലെന്നുമാത്രമല്ല സമദൃഷ്ടിയില്ലാത്ത രാജാക്കന്മാരിൽനിന്നുള്ള പീഡയ്ക്കു പുറമെ പണ്ടു മനുഷ്യന്മാരെ തിന്നുന്ന രാക്ഷസന്മാരും ഉണ്ടായിരുന്നു എന്നു രാമായണാദിപ്രബന്ധങ്ങൾകൊണ്ടു കാണുന്നു. ഇതിൽ മീതെ എന്താ അന്യായവും അതിസങ്കടവും.

ഹേ ബുദ്ധിമാന്മാരെ! പണ്ടത്തെ കാലമൊ ഇക്കാലമൊ കലികാലമെന്നു നിങ്ങൾതന്നെ തീൎച്ചപ്പെടുത്തുവിൻ. പണ്ടു ഭൎത്താക്കന്മാർ മരിച്ചാൽ ഭാൎയ്യമാരെക്കൂടി ആ ശവത്തിൽ കൂടി ജീവ

നോട്ടു കൂട്ടിക്കെട്ടി ദഹിപ്പിക്കുന്ന പ്രവൃത്തിയുണ്ടായിരുന്നു. അതിനെ ഉടൻതടി ഏറൽ, ഉടൻകട്ട ഏറൽ എന്നു പറയും. ഇങ്ങിനെ എത്ര സ്ത്രീകളെ കൊന്നിരിക്കുന്നു. ഹരിശ്ചന്ദ്രമഹാരാജൻ പരമയോഗ്യൻ എന്നാകുന്നു പ്രസിദ്ധം. അദ്ദേഹംകൂടി തന്റെ രോഗശാന്തിക്കു വരുണന്നു നരബലി കൊടുപ്പാൻവേണ്ടി ശുനശ്ശേഫൻ എന്ന ഒരു കുട്ടിയെ വിലകൊടുത്തു വാങ്ങി കൊല്ലുവാൻ തുടങ്ങുമ്പോൾ ആ കുട്ടി മരണഭയം നിമിത്തം വാവിട്ടു കരഞ്ഞ കരച്ചിൽ കേട്ടു സഭാവാസികളെല്ലാരും വ്യസനിക്കയും വിശേഷിച്ചു വിശ്വാമിത്രമഹർഷി ഹരിശ്ചന്ദ്രന്റെ അരികിൽചെന്നു "ഹേ രാജാവേ! ഈ അന്യായകർമ്മം ചെയ്യരുത്, വരുണപ്രസാദത്തിന്നു ഞാൻ വേറെ വഴിയുണ്ടാക്കിത്തരാമെന്നു" പല പ്രാവശ്യം അപേക്ഷിച്ചിട്ടും ഹരിശ്ചന്ദ്രൻ സമ്മതിച്ചിട്ടില്ല. പണ്ടു മഴയില്ലാതെ മേൽപറഞ്ഞ വിശ്വാമിത്രമഹർഷി ക്ഷുത്തു സഹിക്കായ്കയാൽ ഒരു നായാടി (ശ്വാപചൻ) വെച്ചിരിക്കുന്ന നായിന്റെ മാംസത്തെ കട്ടുതിന്നുവാനായി രാത്രി നായാടിയുടെ കുടിയിൽ കടക്കുകയുണ്ടായി. ഇപ്പോൾ ഇങ്ങിനെയുള്ള ക്ഷാമം ഉണ്ടൊ. വൃഥാ ജീവനോടുകൂടി സ്ത്രീകളെ ഭർത്തൃശവത്തിൽ കൂടി ചുടുന്നുണ്ടൊ? തന്റെ രോഗശാന്തിക്കുവേണ്ടി ഇംഗ്ലീഷുരാജാവു പ്രജയെ കൊല്ലുന്നുണ്ടൊ? ശൂദ്രന്റെ തപസ്സുകൊണ്ടാകുന്നു ബ്രാഹ്മണരുടെ കുട്ടികൾ ചിലപ്പോൾ ചത്തുപോകുന്നത് എന്നുകേട്ട് ഈശ്വരഭജനം ചെയ്യുന്ന ശൂദ്രന്റെ കണ്ഠത്തെ ഛേദിക്കുന്നുണ്ടൊ? മാമുനിമാരേയും കൂടി പിടിച്ചുതിന്നുന്ന രാക്ഷസന്മാർ ഇപ്പോഴുണ്ടൊ? ഇല്ല. ഹേ ബുദ്ധിമാന്മാരേ! ഏതു കാലമാകുന്നു കലികാലം എന്നു നിങ്ങൾതന്നെ തീർച്ചപ്പെടുത്തുവിൻ. എന്നാൽ സമദൃഷ്ടിയോടുകൂടി പണ്ടു രാജാക്കന്മാർ ഭരിച്ചു എന്നു ഗ്രന്ഥങ്ങളിൽ കാണാം. അതു കവികൾ രാജാക്കന്മാരുടെ സേവയ്ക്കുവേണ്ടി സ്തുതിച്ചതാണെന്നുമാത്രമെ തീർച്ചപ്പെടുത്തുവാൻ ഉള്ളു. കവികളെല്ലാം ദ്വിജന്മാരാകുന്നു. അവരുടെ സർവ്വാഭീഷ്ടത്തേയും കൊടുക്കുമ്പോൾ അവർക്കു സ്തുതിക്കുന്നതിന്നു വിരോധം ഉണ്ടൊ? നരബലി, സ്ത്രീവധം, ശൂദ്രദ്വേഷം മുതലായ അന്യായകർമ്മങ്ങളെ പ്രതിപാദിക്കുന്ന പ്രമാണങ്ങളെ തീയിലിട്ടു ചുടാതെകണ്ട് അവ

യെ അനുസരിച്ചുവന്നതുകൊണ്ടുതന്നെ സമദൃഷ്ടിയോടുകൂടി രാജ്യപരിപാലനം പ്രണ്ട് ഉണ്ടായിട്ടില്ലെന്നു ബുദ്ധിമാന്മാൎക്ക തീൎച്ചപ്പെടുത്താം. പോരെങ്കിൽ ഇപ്പോഴും ഹിന്തുരാജാക്കന്മാർ ഉൽകൃഷ്ടജാതികളെന്നു വിചാരിക്കപ്പെടുന്നവൎക്കമാത്രം ഊട്ടുപുരകറം കെട്ടി ഊട്ടുകഴിക്കുന്നതുകൊണ്ടും സ്വൎണ്ണാദി ദാനം ചെയ്യുന്നതുകൊണ്ടും ഹിന്തുരാജാക്കന്മാരുടെ പാരമ്പൎയ്യം ഇങ്ങിനെ ഭേദദൃഷ്ടിയോടുകൂടിയാകുന്നു, സമദൃഷ്ടിയോടുകൂടിയല്ലെന്നു ബുദ്ധിമാന്മാൎക്ക തീൎച്ചപ്പെടുത്താം.

ശിഷ്യൻ:- സ്വാമിൻ ഇവിടുന്ന പറഞ്ഞ സംഗതികളെ തെളിയിപ്പാൻ പ്രമാണങ്ങറംകൂടി കേട്ടാൽ കൊള്ളാം.

ഗുരു:- കേറംക്ക എല്ലാവൎക്കും ദൈവത്തെ ഭജിക്കാമെന്നും മററും പറഞ്ഞതിന്ന് എല്ലാം പ്രമാണങ്ങറം.

ഭജൻഭക്ത്യാവിഹീനോയഃ സചണ്ഡാലോഭിധീയതെ
ചണ്ഡാലോപിഭജൻഭക്ത്യാ ബ്രാഹ്മണേഭ്യോധികോമമ.
(എന്നു ഗണേശഗീതാ)

അൎത്ഥം:- ഭക്തികൂടാതെകണ്ടു യാവനൊരുത്തൻ എന്നെ ഭജിക്കുന്നുവൊ ചണ്ഡാലൻ എന്നു പറയപ്പെടുന്നത് അവനാകുന്നു. ഭക്തിയോടുകൂടി ഭജിക്കുന്നവൻ ചണ്ഡാലൻ എന്നു വിളിക്കപ്പെടുന്നവനായാലും ബ്രാഹ്മണനെന്നു പറയപ്പെടുന്ന മനുഷ്യനെക്കാറം മീതെയാകുന്നു.

ബഹ്വനാത്രകിമുക്തേന യസ്യഭക്തിൎശ്ശിവാച്ചനെ
സഏവാത്രാധികാരീസ്യാൽ നാന്യചിത്തഃകദാചന.
(എന്നു ശിവഗീതാ)

അൎത്ഥം:—അധികം പറഞ്ഞിട്ട് എന്താകുന്നു? ഏതൊരു മനുഷ്യന്ന് ഈശ്വരനെ ആരാധിപ്പാൽ ഭക്തിയുണ്ടൊ അവൻതന്നെ അതിന്ന് അധികാരി. ഇതരചിന്തയോടുകൂടിയവൻ ഒരിക്കലും അധികാരിയല്ല.

യേഭജന്തിതുമാംഭക്ത്യാ മയിതെ തേഷുചാപ്യഹം.
(എന്നു ഭഗവൽഗീതാ)

അൎത്ഥം:- ഏവർ എന്നെ ഭക്തിയോടുകൂടി ഭജിക്കുന്നുവൊ

എന്നിൽ അവരും അവരിൽ ഞാനും ഉണ്ട്. മേല്പറഞ്ഞ പ്രമാണങ്ങൾകൊണ്ടു ചണ്ഡാലൻ എന്നൊ ശൂദ്രൻ എന്നൊ ബ്രാഹ്മണൻ എന്നൊ ക്രിസ്ത്യൻ എന്നൊ ബൌദ്ധൻ എന്നൊ മററൊ പലവിധത്തിലും അഭിമാനിക്കുന്ന സർവ്വന്മാൎക്കും ഈശ്വരനെ ഭജിക്കാം അവരിലെല്ലാം ഈശ്വരാനുഗ്രഹം ഉണ്ടാകും എന്നും സിദ്ധമായി.

ക്ഷുധാനിവൃത്തിൎഭക്ഷ്യേണ നപുത്രസ്യപ്രദൎനാൽ
പിപാസാജലപാനേന യാതിനൈവാത്മജേക്ഷണാൽ.
(എന്നു ദേവീഭാഗവതം)

ക്ഷുധാദികൃതദുഃഖന്തു വിനാസ്വേനനകേനചിൽ.
(എന്ന് ആത്മബോധം)

അൎത്ഥം:- പുത്രനെ കണ്ടതുകൊണ്ടു ക്ഷുത്തും ദാഹവും ശമിക്കുന്നില്ല. ഉണ്ടാലെ വിശപ്പു തീരു. വെള്ളം കുടിച്ചാലെ ദാഹം ശമിക്കു. ക്ഷുത്തു (വിശപ്പു) മുതലായതുകൊണ്ടുള്ള ദുഃഖം തന്നാലല്ലാതെ മററാരുവനാലും തീൎക്കപ്പെടുവാൻ കഴികയില്ല. (എന്നാൽ, താൻ ഉണ്ടല്ലാതെ തനിക്കു പകരം മററാരുത്തൻ ഉണ്ടാൽ തന്റെ വിശപ്പു മാറില്ലെന്നു സാരം). മേൽപറഞ്ഞ പ്രമാണങ്ങൾകൊണ്ട് ഒരുവന്റെ മുക്തിക്കു (ദുഃഖനിവൃത്തിക്കു) അവൻ തന്നെ ഈശ്വരനെ ഭജിക്കുന്നതല്ലാതെ പുത്രന്റെ സൽക്കൎമ്മങ്ങൾകൊണ്ടൊ ഉൽകൃഷ്ടജാതികളെന്നു വിചാരിക്കപ്പെടുന്നവരെക്കൊണ്ടു ചെയ്യിപ്പിക്കപ്പെടുന്ന ഈശ്വരസേവാദികൾകൊണ്ടൊ മതിയാകയില്ലെന്നു സിദ്ധമായി.

നാഹംമനുഷ്യോനചദേവയക്ഷൌ
നബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാഃ
നബ്രഹ്മചാരീനഗൃഹീവനസ്ഥോ
ഭിക്ഷുൎന്നചാഹംനിജബോധരൂപഃ.

(എന്നു ശങ്കരാചാൎയ്യരാൽ ഉണ്ടാക്കപ്പെട്ട ഹസ്താമലകം)

അൎത്ഥം:—ഞാൻ മനുഷ്യനും അല്ല, ഞാൻ ദേവനും അല്ല, ഞാൻ യക്ഷനും അല്ല, ഞാൻ ബ്രാഹ്മണനും അല്ല, ഞാൻ ക്ഷത്രിയനും അല്ല, ഞാൻ വൈശ്യനും അല്ല, ഞാൻ ശൂദ്രനും അല്ല, ഞാൻ ബ്രഹ്മചാരിയും അല്ല, ഞാൻ ഗൃഹസ്ഥനും അല്ല,

ഞാൻ വാനപ്രസ്ഥനും അല്ല, ഞാൻ സന്ന്യാസിയും അല്ല, ഞാൻ സത്തായിരിക്കുന്ന അറിവാകുന്നു (ജ്ഞാനശക്തിയാകുന്നു). ഈ പ്രമാണംകൊണ്ടു ഞാൻ എന്ന ചൈതന്യത്തിന്നു ജാതിയും പേരും ആശ്രമങ്ങളും ഇല്ലെന്നു സിദ്ധമായി. അപ്പോൾ കൃഷി ചെയ്യുന്നവനെ കൃഷിക്കാരൻ എന്നും കച്ചവടം ചെയ്യുന്നവനെ കച്ചവടക്കാരൻ എന്നും മററും അതാതു വ്യാപാരം നിമിത്തം പലവിധം വിളിക്കപ്പെട്ടുന്നതുപോലെ ബ്രാഹ്മണാദി സംജ്ഞകളും മനുഷ്യകല്പിതങ്ങളാകുന്നു എന്നും. ആ പേരുകളിൽ അഭിമാനിച്ചു കലഹിക്കുന്നത് അറിവില്ലായ്മയാണെന്നും തീർച്ചയായി. അതുകൊണ്ടാകുന്നു മുക്തി കിട്ടണമെങ്കിൽ ഞാൻ ബ്രാഹ്മണൻ, ഞാൻ ക്ഷത്രിയൻ എന്നും മററുമുള്ള ജാത്യാദ്യഭിമാനങ്ങളെ ത്യജിക്കേണമെന്നു ജ്ഞാനശാസ്ത്രത്തിൽ പറഞ്ഞത്. കേൾക്കുക. [ൽ'

'മുമുക്ഷുഃപുരുഷഃജാതിവർണ്ണാശ്രമവയോവസ്ഥാദ്യഭിമാനംത്യജേ

(എന്നു വാസുദേവമനനം)

അർത്ഥം:—മോക്ഷത്തിനെ ഇച്ഛിക്കുന്ന പുരുഷൻ, ജാതി, വംശം, ആശ്രമം, വയസ്സ്, അവസ്ഥ മുതലായവയിലുള്ള അഭിമാനത്തെ ത്യജിക്കേണം. മേൽപറഞ്ഞ പ്രമാണങ്ങൾകൊണ്ടു ജാതിയില്ലെന്നു സിദ്ധമായി.

ശിഷ്യൻ:—സ്വാമിൻ! ഹരിശ്ചന്ദ്രമഹാരാജൻ സ്വരോഗശാന്തിക്കു നരബലി കഴിപ്പാൻ കാംക്ഷിച്ചു എന്നതിന്നു പ്രമാണം എന്താകുന്നു?

ഗുരു:—ഹേ ശിഷ്യ! കേൾക്കുക.

"രാജൻമുഞ്ചശുനശ്ശേഫം രുദന്തംഭൃശദുഃഖിതം
ക്രതുസ്തേഭവിതാപൂർണ്ണോ രോഗനാശശ്ചസർവ്വഥാ. ൧
ദയാസമംനാസ്തിപുണ്യം പാപംഹിംസാസമംനഹി
ആത്മദേഹസ്യരക്ഷാർത്ഥം പരദേഹനികൃന്തനം. ൨
നകർത്തവ്യംമഹാരാജ! സർവ്വതഃശുഭമിച്ഛതാ
ആത്മവൽസർവ്വഭൂതേഷു ചിന്തനീയംനൃപോത്തമ! ൩
ജീവിതവ്യംപ്രിയംനൄനം സർവ്വേഷാംസർവ്വദാകില
തപമിച്ഛസിസുഖംകർത്തും ദേഹേഹതാപതമുംചിജ്ഞ. ൪

കഥംനേച്ഛസിദേഹം രക്ഷിതുംസ്വസുഖാസ്പദം
ജനകോസ്യസുദുഷ്ടാത്മാ യേനാസൌതേസമപ്പിതഃ. ൫
സ്വാത്മജോധനലോഭേന പാപാചാരഃസദുമ്മതിഃ
ദേശമദ്ധ്യേചയഃകശ്ചിൽ പാപകമ്മസമാചരേൽ. ൬
ഷഷ്ഠാംശംതസ്യപാപസ്യ രാജാഭുംക്തേനസംശയഃ
നിഷേധനീയോരാജ്ഞാസൌ പാപംകത്തുംസമുദ്യതഃ
നനിഷിദ്ധാസ്ത്വയാകസ്മാൽ പുത്രംവിക്രേതുമുദ്യതഃ. ൭
മോചനാന്മുനിപുത്രസ്യ കരുണാദ്വചനസ്യമെ
തവദേഹെ സുഖംരാജൻ ഭവിഷ്യത്യവിചാരണാൽ.” ൮

ഈ ശ്ലോകങ്ങൾ ദേവീഭാഗവതത്തിൽ ഉള്ളവയാകുന്നു. ഹരിശ്ചന്ദ്രൻ തന്റെ രോഗശാന്തിക്കുവേണ്ടി ശുനശ്ശേഫൻ എന്ന കുട്ടിയെ വിലയ്ക്കുവാങ്ങി യാഗത്തിൽ കൊല്ലുവാൻ തുടങ്ങുമ്പോൾ കുട്ടിയുടെ കരച്ചിൽ കേട്ടു സഹിച്ചുകൂടാതെ വിശ്വാമിത്രമഹഷി ഹരിശ്ചന്ദ്രനോടു പറഞ്ഞവയിൽ ചിലതാകുന്നു.

അത്ഥം:—൧. ഹേ രാജാവേ! ഏററവും കരഞ്ഞു ദുഃഖിച്ചുകൊണ്ടിരിക്കുന്ന ശുനശ്ശേഫനെ വിടുക (കൊല്ലേണ്ടാ). അങ്ങയുടെ യാഗം പൂർണ്ണമായി ഭവിക്കും, രോഗവും നശിക്കും. ൨. ൩. ദയയ്ക്കു സമമായിട്ട് ഒരു പുണ്യവും ഇല്ല. ഹിംസയ്ക്കു തുല്യമായിട്ട് ഒരു പാപവും ഇല്ല. ഹേ രാജാവേ! ശുഭത്തെ ഇച്ഛിക്കുന്നവൻ തന്റെ ദേഹരക്ഷയ്ക്കുവേണ്ടി അന്യപ്രാണിയെ ഒരുപ്രകാരത്തിലും ഹിംസിക്കരുത്. സവ്വപ്രാണികളേയും തന്നെപ്പോലെ വിചാരിക്കേണം. ൪. എല്ലാവക്കും എല്ലായ്പോഴും ജീവിച്ചിരിക്കുക എന്നതാകുന്നു പ്രിയം. സംശയമില്ല. ഈ ദ്വിജശിശുവിനെ കൊന്നിട്ടും ദേഹത്തിന്നു സുഖത്തെച്ചെയ്വാൻ അങ്ങുന്ന് ആശപ്പെടുന്നു. ൫. ൬. ഈ കുട്ടി സ്വസുഖാസ്പദമായിരിക്കുന്ന ദേഹത്തെ രക്ഷിപ്പാൻ എങ്ങിനെ ആഗ്രഹിക്കാതെ ഇരിക്കും. പണത്തിലുള്ള ആശകൊണ്ടു സ്വപുത്രനെ അങ്ങേക്കു നൽകിയല്ലോ. (വിററുവല്ലോ). ഈ കുട്ടിയുടെ ആ പിതാവു ദുഷ്ടനും പാപിഷ്ഠനും ദുമ്മതിയും ആകുന്നു. ൭. രാജ്യത്തിൽ ഏതെങ്കിലും ഒരുവൻ പാപത്തെച്ചെയ്യുവെങ്കിൽ ആ പാപത്തിന്റെ ആറിലൊരു ഭാഗം രാജാവ് അനുഭവിക്കുന്നു സംശയമില്ല.

എന്തുകൊണ്ടെന്നാൽ പാപത്തെച്ചെയ്യാൻ തുനിഞ്ഞവനെ രാജാവു വിരോധിക്കേണ്ടതാകുന്നു. അങ്ങുന്നു പുത്രനെ വില്പാൻ പറപ്പെട്ടവനെ എന്തുകൊണ്ടു വിരോധിച്ചില്ല. ൨. ഹേ രാജാവേ! എന്റെ വാക്കിനെ കേട്ടു മുനിപുത്രനെ വിട്ടയച്ചാൽ അങ്ങേക്കു ദേഹസൌഖ്യം സിദ്ധിക്കും. ഇങ്ങിനെ പലതും വിശ്വാമിത്രർ പറഞ്ഞു, അതെല്ലാം ഗ്രന്ഥവിസ്താരഭയംകൊണ്ട് ഇവിടെ ചേൎക്കുന്നില്ല. ആ പറഞ്ഞതിനെ ഒന്നും ഹരിശ്ചന്ദ്രമഹാരാജൻ ഗണിച്ചില്ല.

ശിഷ്യൻ:—സ്വാമിൻ വിശ്വാമിത്രമഹൎഷി ഹരിശ്ചന്ദ്രനെ വളരെ കഷ്ടത്തിൽപെടുത്തിയ ഹരിശ്ചന്ദ്രപുരാണം വായിച്ചപ്പോൾ ഇനിക്കു വിശ്വാമിത്രരുടെ നേരെ വളരെ വെറുപ്പു തോന്നിയിരുന്നു. ഇപ്പോൾ ഹരിശ്ചന്ദ്രനെ അത്ര കഷ്ടത്തിൽ പെടുത്തിയതു പോരാ എന്നു തോന്നുന്നു. ക്ഷാമംകൊണ്ടു വിശപ്പു സഹിച്ചുകൂടാതെ വിശ്വാമിത്രമഹൎഷികൂടി കക്കാൻ ശ്രമിച്ചു എന്നതിന്നു പ്രമാണം കേട്ടാൽ കൊള്ളാം.

ഇതു:—൧. "അഹമപ്യതിവാൎമോത്ര പീഡിതഃക്ഷുതയാവനേ
പ്രവിഷ്ടശ്ചൌരഭാവേനകത്രചിൽശ്വപചാലയേ.
൨ ശ്വപചംനിദ്രിതംദൃഷ്ട്വാ ക്ഷുധയാപീഡിതോഭൃശം
മഹാനസംപരിജ്ഞായ ഭക്ഷ്യാൎത്ഥംസമുപസ്ഥിതഃ.
൩. യദാഭാണ്ഡംസമുൽഘാട്യ പക്വംശ്വതനുജാമിഷം
ഗൃഹ്ണാമിഭക്ഷണാൎത്ഥായ തദാദൃഷ്ടസ്തുതേനവൈ.
൪. ഉക്തിക്ഷേത്തുകഥംകാല സ്വാപയാനീതസ്സലോചനേ."

ഈ ശ്ലോകങ്ങൾ ദേവീഭാഗവതത്തിലുള്ളവയാകുന്നു. വിശ്വാമിത്രമഹൎഷി തന്റെ ഭാൎയ്യയോടു പറഞ്ഞവയിൽ ചിലതാകുന്നു.

അൎത്ഥം:—൧. ഹേ സുന്ദരീ! ഞാൻ വിശപ്പുകൊണ്ട് ഉപദ്രവത്തിൽപെട്ടു വനത്തിൽ ഒരിടത്ത് ഒരു നായാടിയുടെ കടിയിൽ മോഷ്ടിപ്പാൻ ചെന്നു. ൨. ശ്വപചൻ (നായാടി) ഉറക്കത്തിൽപെട്ടു എന്നുകണ്ട് ഏററവും ക്ഷുൽപീഡിതനായ ഞാൻ അടുക്കളയെ മനസ്സിലാക്കി ഭക്ഷണസാധനത്തിന്നുവേണ്ടി കടന്നുചെന്നു. ൩. എപ്പോൾ പാത്രത്തെ തുറന്നു പാകംചെയ്തുവെച്ചിരിക്കുന്ന പട്ടിയുടെ ഇറച്ചിയെ ഭക്ഷിപ്പാനായിക്കൊണ്ട്

എടുത്തുവോ അപ്പോൾ അവൻ (നായാടി) എന്നെ കണ്ടു. ർ. ഹേ സുന്ദരി ഈ ക്ഷാമകാലത്തിൽ നീ എങ്ങിനെ കാലത്തെ കഴിച്ചുകൂട്ടി? ഹേ ശിഷ്യ! ഇതു മാത്രമല്ല ക്ഷാമംകൊണ്ടു മനുഷ്യർ മനുഷ്യരെത്തന്നെ പിടിച്ചു തിന്ന കഥയുണ്ട്. അതെല്ലാം എടുത്തു് ഉദാഹരിച്ചു ഗ്രന്ഥം വൎദ്ധിപ്പിക്കുന്നില്ല.

ശിഷ്യൻ:—സ്വാമിൻ! ക്ഷാമവും നരഹത്യാദിദുഷ്ടതയും അന്നുള്ളതുകൊണ്ടു് അതും കലിയുഗംതന്നെ. കൃത, ത്രേത, ദ്വാപര, കലിയുഗങ്ങൾ ചക്രം ചുററുന്നമാതിരി ചുററിക്കൊണ്ടിരിക്കുന്നു.

ഗുരു:—എന്നാലൊ അന്നു് ഇംഗ്ലീഷുകാരുടെ രാജ്യഭരണകാലവും ഇഷ്ടംപോലെ ശൂദ്രാദികൾ മന്ത്രജപം, യോഗം, ജ്ഞാനം ഇവയെല്ലാം അനുഷ്ഠിച്ചിരുന്ന കാലവും ആയിരുന്നു. എന്നുകൂടി പ്രമാണങ്ങളിൽ കാണേണ്ടതായിരുന്നു. എന്തുകൊണ്ടെന്നാൽ, നമ്മുടെ കൂട്ടർ ഇപ്പോൾ ഇംഗ്ലീഷുരാജ്യാധിപത്യത്തിന്നും ശൂദ്രാദികൾക്കുള്ള സ്വാതന്ത്ര്യത്തിന്നും കാരണം കലികാലമായതുകൊണ്ടാകുന്നു എന്നല്ലെ പറയുന്നതു്. കലികാലത്തിന്റെ ലക്ഷണങ്ങളിൽ ഒന്നു് അതാകുന്നുഎങ്കിൽ അന്നും ആ ലക്ഷണം ഉണ്ടായിരിക്കേണ്ടതല്ലയോ? പറയുന്നതിൽ യുക്തിയില്ല. പ്രമാണത്തിന്നും വിരോധമായിരിക്കുന്നു. ഹരിശ്ചന്ദ്രന്റെ വാഴ്ച കൃതയുഗത്തിലായിരുന്നു എന്നാകുന്നു പ്രമാണം.

പുരാകൃതയുഗേരാജാ ഹരിശ്ചന്ദ്രാതിധാൎമ്മികഃ
അയോദ്ധ്യാമാവസന്നീത്യാ പാലയാമാസവൈപ്രജാഃ.
(എന്നു ഹരിശ്ചന്ദ്രോപാഖ്യാനം).

അൎത്ഥം:—പണ്ടു കൃതയുഗത്തിൽ അയോദ്ധ്യയിൽ ധൎമ്മതല്പരനായ ഹരിശ്ചന്ദ്രൻ വാണു. അദ്ദേഹം നീതിയോടുകൂടി പ്രജകളെ പാലിച്ചു. തന്റെ രോഗശമനത്തിന്നുവേണ്ടി ശുനശ്ശേഫൻ എന്ന ബ്രാഹ്മണക്കുട്ടിയെ നരബലി കൊടുപ്പാൻ ഹരിശ്ചന്ദ്രൻ ഒരുങ്ങിയതും, ശുനശ്ശേഫനെ കൊല്ലുവാൻ ആരും ഇല്ലെന്നു കണ്ടപ്പോൾ ആ ശുനശ്ശേഫന്റെ അച്ഛൻ 'ഇനിക്കു കൂറേക്കൂടി ദ്രവ്യംതന്നാൽ ഞാൻതന്നെ ശുനശ്ശേഫൻ എന്ന എന്റെ കുട്ടിയെ കൊന്നുതരാം' എന്നു പറകയും, ഹരിശ്ചന്ദ്രൻ അതിനെ സമ്മതിച്ചതും ഏതു നീതിയിൽപെട്ടതാണെന്നു ബുദ്ധിമാന്മാർ തീൎച്ചപ്പെടുത്തട്ടെ.

ശിഷ്യൻ:— സ്വാമിൻ! രാജാവ് എന്ത് അനീതി കാണിച്ചാലും രാജസേവയ്ക്കുവേണ്ടി നീതിമാനെന്നും മററും കവികൾ വൎണ്ണിക്കുകതന്നെ. കഷ്ടം! കഷ്ടം! കൃതയുഗത്തിലും ത്രേതായുഗത്തിലും ദ്വാപരയുഗത്തിലും നടന്നിട്ടുള്ള അന്യായം ഇക്കാലത്തില്ല. അങ്ങിനെയിരിക്കെ ഇതു കലിയുഗമാകുന്നു, അതാകുന്നു ഇംഗ്ലീഷുകാൎക്കു രാജ്യഭരണത്തിന്നു സംഗതി വന്നതും ശൂദ്രാദികൾക്കു സ്വാതന്ത്ര്യത്തിന്ന് ഇടവന്നതും എന്നു ലജ്ജയില്ലാതെ പറയുന്നവരോട് എന്തുപറയട്ടെ.

## അഹങ്കാരശങ്കാഖണ്ഡനപ്രകരണം

ശിഷ്യൻ:—ഹേ സ്വാമിൻ! ഇവിടത്തെ പ്രവൃത്തിയെപ്പററിയിട്ടും ചില ശങ്കയുണ്ട്. അതിനെപ്പററി ചോദിക്കുന്നതുകൊണ്ടു പരിഭവിക്കരുത്.

ഗുരു:—ഹേ ശിഷ്യ! എന്റെ പ്രവൃത്തിയുടെ തത്വത്തെ അറിയാതെ ശങ്കിച്ചു ചോദിക്കുന്നതാണെങ്കിൽ എനിക്കു യുക്തിയുക്തമായി ആ ശങ്കയെ നിരാകരിപ്പാനെ അവകാശമുള്ളു. എന്റെ പ്രവൃത്തിയിൽ തെററുണ്ടായിട്ടു കണ്ടിട്ടു ചോദിച്ചതാണെങ്കിലോ എനിക്ക് ആ തെററിനെ നീക്കിക്കളവാനേ അവകാശമുള്ളു. പരിഭവിപ്പാൻ അവകാശമില്ല മുഖത്തിലെ മാലിന്യം കണ്ണാടിയിൽ കണ്ടാൽ ആ മാലിന്യത്തെ നീക്കാനല്ലെ അവകാശം കണ്ണാടിയോടു പരിഭവിച്ച് അതിനെ കുത്തിഉടപ്പാൻ കാരണമുണ്ടോ?

ശിഷ്യന്:— 'സിദ്ധാന്തശ്രുതിയിൽ' അങ്ങുന്നു, "സിദ്ധൻ ഞാൻ സിദ്ധൻ ഞാൻ സിദ്ധിച്ചതു സിദ്ധമാൎഗ്ഗമതിഗോപ്യം, മുക്തൻഞാൻ മുക്തൻഞാൻ മുക്തിക്കിതുതന്നെമാൎഗ്ഗമില്ലന്യം, ധന്യൻഞാൻ ധന്യൻഞാൻ വന്നിതുഭക്തി! പുരൈവ പരയിങ്കൽ" എന്നും ശിവയോഗരഹസ്യത്തിൽ 'കണ്ടേൻകാണേണ്ടമാൎഗ്ഗം' എന്നും പറഞ്ഞിരിക്കുന്നു. ഇങ്ങിനെ അഹങ്കാരം പറയാമോ? അനുഭവമുള്ളവർ ഇങ്ങിനെ പറയുമോ?

ഗുരു:—ഹേ ശിഷ്യ! അനുഭവമുള്ളവൎക്കല്ലെ അങ്ങിനെ പ

റവാൻ അവകാശമുള്ളത്. സ്ത്രീസുഖത്തെ അനുഭവിച്ച കാമുകനല്ലാതെ ഒരു ബാലൻ സുരതസുഖം വൎണ്ണിച്ചു നീ കേട്ടിട്ടുണ്ടോ? ഞാൻ അമൃതത്തിനെ അശിച്ചു, അതിൻെറ രസം ഇന്നവിധമാകുന്നു എന്ന് ആരെങ്കിലും പറഞ്ഞു കേട്ടിട്ടുണ്ടോ? നിസ്സന്ദേഹം മുമ്പ് അനുഭവിച്ചവർ പറഞ്ഞതുകൊണ്ടല്ലെ ഇനിക്കു യോഗാനന്ദത്തിന്നു സംഗതിവന്നത്. അന്യന്മാൎക്ക് ഉപകാരപ്പെടുവാൻവേണ്ടി ഞാനും അങ്ങിനെ പറയുന്നതു സജ്ജനധൎമ്മമല്ലെ. അനുഭവിച്ചതിനെ പറയുമ്പോഠം ദൃഢമായി പറഞ്ഞാലല്ലെ അന്യന്നും വിശ്വാസം വരു. ഒരു ഔഷധസേവയാൽ ഒരുവന്നു സിദ്ധിച്ച ഗുണത്തെ അവൻ ഘോഷിച്ചാലല്ലെ അതിൻെറ ഗുണമറിയാത്ത കൂട്ടരും അതിനെ വിശ്വസിച്ചു സേവിച്ച് അരോഗദൃഢഗാത്രതയെ പ്രാപിക്കു. അതുകൊണ്ടു 'കണ്ടേൻകാണേണമാൎഗ്ഗം' എന്നുതന്നെയാകുന്നു പരോപകാരിയും സ്വാനുഭവനിഷ്ഠനും ആയ യോഗി പറയേണ്ടത്. പിന്നെ 'സിദ്ധൻഞാൻ സിദ്ധൻഞാൻ' 'ധന്യൻഞാൻ ധന്യൻ ഞാൻ' 'മുക്തൻഞാൻ മുക്തൻഞാൻ' എന്നു പറഞ്ഞതും പരമാൎത്ഥത്തെ കാണിക്കുന്നതും പരന്മാരെ പ്രോത്സാഹിപ്പിക്കുന്നതും ആകുന്നു. എങ്ങിനെയെന്നാൽ, ഞാൻ എന്ന പദം ആത്മാവിനെ കുറിക്കുന്ന പദമാകുന്നു. ആത്മാവിനെ അറിഞ്ഞ സകല ജ്ഞാനികളും വേദങ്ങളും ആത്മാവിനെ ബ്രഹ്മമായിട്ടാകുന്നു തീൎച്ചപ്പെടുത്തിയിരിക്കുന്നത്. അതിന്നു പ്രമാണം. 'അയമാത്മാ ബ്രഹ്മ' എന്നു ശ്രുതി.

അൎത്ഥം:—ഈ ആത്മാവു ബ്രഹ്മമാകുന്നു. 'അഹം ബ്രഹ്മാസ്മി' (ഞാൻ ബ്രഹ്മമാകുന്നു) എന്നു യജുൎവ്വേദം.

നിത്യശുദ്ധസ്വരൂപോസ്മി നിത്യബുദ്ധസ്വരൂപകഃ
നിത്യമുക്തസ്വരൂപോസ്മി. (എന്നു യോഗദൎപ്പണം).

അൎത്ഥം:—ഞാൻ എന്നും ശുദ്ധസ്വരൂപനാകുന്നു, ഞാൻ എന്നും ജ്ഞാനസ്വരൂപനാകുന്നു, ഞാനെന്നും മുക്തനാകുന്നു.

ധന്യോഹംധന്യോഹം തൃപ്തേൎമ്മേകോപമാഭവെല്ലോകെ
ധന്യോഹംധന്യോഹം ധന്യോധന്യഃപുനഃപുനൎദ്ധന്യഃ

എന്നു പഞ്ചദശപ്രകരണത്തിൽ വിദ്യാരണ്യസ്വാമികഠം പറഞ്ഞിരിക്കുന്നു. അൎത്ഥം:—ഞാൻ ധന്യൻ, ഞാൻ ധന്യൻ,

എന്റെ തൃപ്തിക്ക് ഉപമയായി ലോകത്തിൽ എന്താ ഉള്ളത്? ഞാൻ ധന്യൻ, ഞാൻ ധന്യൻ, പിന്നെയും പിന്നെയും ഞാൻ ധന്യൻ (എന്നെ ധന്യൻ എന്ന് ഒരിക്കൽ പറഞ്ഞാൽപോരാ എന്നു താല്പര്യം)

ബ്രഹ്മാരുദ്രസ്തഥാവിഷ്ണു രഹങ്കാരയുതാസ്ത്വമീ
അന്യേഷാമ്മൈവ കാവാർത്താ മുനീനാംവസുധാധിപ.

(എന്നു ദേവീഭാഗവതം)

അർത്ഥം:—ബ്രഹ്മാവും രുദ്രനും വിഷ്ണുവും അഹങ്കാരികളാകുന്നു. മററുള്ള മുനിമാരുടെ കഥ പറവാനുണ്ടോ. (എല്ലാവരും അഹങ്കാരികളെന്ന് അഭിപ്രായം) ഈ സ്ഥിതിക്കു ഞാൻ മാത്രമാണൊ അഹങ്കാരി. വേദസാരത്തേയും മുമ്മൂർത്തികളേയും മററുള്ള മഹാന്മാരേയുംക്കൂടി ദൂഷിപ്പാനോ ശ്രീ ഇങ്ങിനെ ചോദിച്ചത്;

ശിഷ്യൻ:- സ്വാമിൻ! ഞാൻ ഇവിടുത്തോടു വാദിച്ചു ജയിപ്പാൻ ശക്തനല്ല. അഹങ്കാരം ബന്ധമാണെന്നും ദോഷമാണെന്നും തത്വശാസ്ത്രവും പറയുന്നുണ്ട്.

ഗുരു:—ആ അഹങ്കാരം വേറെ കേൾക്കു. "ഞാൻ എന്ന വസ്തുവിനെ അറിയാതെ പൂണുനൂൽ, പിൻകുടുമ, ഉച്ചിക്കുടുമ മുതലായ നാനാചിഹ്നങ്ങളെ ധരിച്ച ഞാൻ ബ്രാഹ്മണൻ, ഞാൻ ക്ഷത്രിയൻ, ഞാൻ വൈശ്യൻ, ഞാൻ ശൂദ്രൻ, ഞാൻ ചെട്ടി, ഞാൻ തിയ്യൻ എന്നിങ്ങിനെ മലമൂത്രഭാണ്ഡമായ ഈ ദേഹത്തിൽ ഞാൻ എന്ന് അഭിമാനിച്ചു തനിക്കും അന്യനും ഉപദ്രവത്തിന്നും സങ്കടത്തിന്നും ഹേതുഭൂതമായിരിക്കുന്നതാകുന്നു ആ അഹങ്കാരം. അതാകുന്നു നിന്ദ്യം. അങ്ങിനെയല്ലെ, രാമൻ എന്നും രാവണൻ എന്നും ബാലി എന്നും സുഗ്രീവൻ എന്നും ഓരോ വേഷങ്ങളെ കെട്ടി ആടുമ്പോൾ ആയതു വാസ്തവമായി കരുതി ശണ്ഠപിണഞ്ഞു കുത്തി കലപ്പെട്ടുത്തി മരിക്കുന്നത് എത്ര അന്ധതയാകുന്നു. അസ്മാദൃക്കുകളുടെ അഹങ്കാരം അങ്ങിനെയല്ല. ലോകക്ഷേമത്തിന്നുവേണ്ടി മാത്രമാകുന്നു. സൽകൃതികളെക്കൊണ്ടും സദുപദേശങ്ങളെക്കൊണ്ടും ലോകഹിതത്തെ ചെയ്യുന്നുണ്ടല്ലോ. 'മുക്തൻഞാൻ, സിദ്ധൻഞാൻ, ധന്യൻഞാൻ' എന്നുള്ള പ്രയോഗങ്ങൾ സൂക്ഷ്മത്തിനെ കാണിക്കുന്നതിന്നു പുറമെനമുക്കും ഇമ്മാതിരി യോഗ്യത സമ്പാദിക്കേണമെന്നു വി

ചാരിച്ച് ഉത്സാഹിച്ച ജനങ്ങൾ പുറപ്പെടുവാൻ കാരണങ്ങളായും ഇരിക്കുന്നു. വാസ്തവത്തിൽ മേൽപറഞ്ഞ പ്രയോഗങ്ങൾ ദുരഹങ്കാരത്തെ കാണിപ്പാൻ കല്പിച്ചുകൂട്ടി പ്രയോഗിച്ചതും അല്ല. ആനന്ദലഹരിയിൽ പുറപ്പെട്ടതാകുന്നു. അവ സിദ്ധമതത്തിൻെറയും ശക്തിയുടേയും വർണ്ണനയിലാകുന്നു കലാശിക്കുന്നതും. അങ്ങിനെ ഇരിക്കെ അസത്യം പറഞ്ഞും അധിക്ഷേപിച്ചും അന്യനെ ദ്രോഹിപ്പാൻ വേണ്ടിയാകുന്നു നാവിൻെറ സൃഷ്ടി എന്നു തെററിദ്ധരിച്ച ബ്രഹ്മാവിനെ തെറിപറയുംപോലെയാകുന്നു അഹങ്കാരശബ്ദപ്രയോഗത്തിൻെറ അർത്ഥത്തെ തെററിദ്ധരിച്ച സജ്ജനത്തെ ദൂഷ്യം പറയുന്നത്.

# ഭിക്ഷാടനഖണ്ഡനാദിപ്രകരണം

ശിഷ്യൻ:—സ്വാമിൻ! എന്തിനാകുന്നു ഇവിടേക്ക് ഉദ്യോഗം?

"മാതർലക്ഷ്മിഭജസ്വകഞ്ചിദപരം മൽകാംക്ഷിണീമാസ്മഭൂഃ
ഭിക്ഷാവസ്തുഭിരേവസമ്പ്രതിവയം വൃത്തിംസമീഹാമഹേ".

(എന്നു ഭർത്തൃഹരി)

അർത്ഥം:—ഹേ സമ്പത്തേ! നീ അന്യനെ സേവിച്ചുകൊൾക. എന്നെ സേവിപ്പാൻ വിചാരിക്കേണ്ടാ (എനിക്കു പണം വേണ്ടാ എന്നു സാരം) ഭിക്ഷയെടുത്തു കിട്ടുന്ന സാധനങ്ങൾകൊണ്ട് ഇപ്പോൾ ഉപജീവനം കഴിപ്പാൻ നാം ഇച്ഛിക്കുന്നു. ഇങ്ങിനെ പറഞ്ഞു സ്വത്തിനെ ഉപേക്ഷിച്ച ഭിക്ഷയെടുത്തിരിക്കുന്നു. ഇങ്ങിനെ പല മഹാന്മാരും ചെയ്തുകാണുന്നുണ്ട്. സ്വാമിക്ക് അങ്ങിനെ ചെയ്തുകൂടെ?

ഗുരു:—ഹേ ശിഷ്യ! മഹാന്മാരിൽ ചിലർ അങ്ങിനെ ചെയ്തിട്ടുണ്ടെങ്കിലും അത് അധമപക്ഷമാണെന്നേ ഞാൻ വിചാരിക്കു. എന്തുകൊണ്ടെന്നാൽ, സ്വത്തിനെ ആവർ ഉപേക്ഷിച്ച വസ്ഥയ്ക്കു ഭിക്ഷയെടുത്തതു നന്നായോ?

ശിഷ്യൻ:—സ്വാമിൻ! ജ്ഞാനികൾക്കും ദേഹം ഭരിക്കേണ്ടയോ?

ഗുരു:—ദേഹംഭരിപ്പാൻ കയ്യിൽ സ്വത്തുണ്ടായിരുന്നുവല്ലൊ

അതിനെ ഉപേക്ഷിച്ചിട്ട് അന്യൻ അരിഷ്ടിച്ച് അദ്ധ്വാനിച്ചു സമ്പാദിച്ചതിൽനിന്ന് ഒരു ഓഹരി വാങ്ങി അനുഭവിക്കുന്നത് അനാവശ്യമല്ലെ? ജ്ഞാനി സമ്പാദിച്ച് അവരുടെ പക്കൽ മുമ്പു കൊടുത്തിട്ടുണ്ടൊ? അതൊ ജ്ഞാനി അന്യന്റെ സ്വത്തിന്ന് അവകാശിയാണെന്നുണ്ടൊ?

കരസ്ഥം പായസം ത്യക്ത്വാ ഭിക്ഷാമടതി ദുൎമ്മതിഃ.

അൎത്ഥം:—കരസ്ഥമായ പായസത്തെ ഉപേക്ഷിച്ചിട്ടു ഭിക്ഷയെ എടുക്കുന്നവൻ ദുൎമ്മതിയാകുന്നു. ഈ ദുൎബ്ബുദ്ധിയുടെ അവസ്ഥയെ ജ്ഞാനി പിന്തുടരുന്നതു മതിയൊ? സ്വത്തും ഇല്ല, ദേഹഭരണത്തിന്നുമാത്രം വേണ്ടി വല്ല വ്യാപാരത്തിന്നു ശക്തിയും ഇല്ല, അതിന്ന് ഒരു ഉപായവും അറികയില്ലാ എങ്കിൽ ഭിക്ഷാടനം കൊള്ളാം. സ്വത്തുണ്ടായിട്ട് അതിനെ ഉപേക്ഷിച്ചു ഭിക്ഷാടനം ചെയ്യുന്നതുകൊണ്ടു പാപം ഉണ്ടെന്നാണ് എന്റെ പക്ഷം. എങ്ങിനെയെന്നാൽ, ചിലർ കള്ളസ്സാക്ഷി പറഞ്ഞിട്ടും ചിലർ ചതിച്ചിട്ടും ചിലർ അപഹരിച്ചിട്ടും പല അന്ന്യായം ചെയ്തിട്ടും ചിലർ ന്യായമായിട്ടും പലവിധത്തിലും മനുഷ്യർ സ്വത്തിനെ സമ്പാദിക്കുന്നു. ഭിക്ഷയെടുക്കുമ്പോൾ ആ അന്ന്യായാൎജ്ജിതവും ജ്ഞാനിക്കു ഭുജിക്കുവാൻ ഇടവരുന്നു. അപ്പോൾ ആ പാപാംശവും ജ്ഞാനി അനുഭവിപ്പാൻ ബാദ്ധ്യസ്ഥനാകുന്നു. അതിന്നുപുറമെ ഭിക്ഷക്കാരെ കാണുമ്പോഴേക്ക് 'ഉപദ്രവമായിത്തീൎന്നുവല്ലൊ, എങ്ങിനെയാകുന്നു വല്ലതും കൊടുക്കാതെ ഇരിക്കുന്നത്' എന്നു കരുതി ദണ്ഡപ്പെട്ടുകൊണ്ടാണ് പ്രായേണ ജനങ്ങൾ കൊടുക്കുന്നത്. അപ്പോൾ സ്വസ്ഥന്മാൎക്ക് ഉപദ്രവം നേരിടുവിച്ച കുററവും ജ്ഞാനിക്കുണ്ടു 'അഹിംസാ പരമോ ധൎമ്മഃ' എന്ന ഉത്തമധൎമ്മത്തിന്ന് ഇന്ന്യൂനതയും ആകുന്നു. അതിന്നുപുറമെ ഭിക്ഷയെടുക്കുമ്പോൾ ചിലപ്പോൾ വേണ്ടസമയത്തു ഭക്ഷണം കിട്ടാതെയും ചിലപ്പോൾ കിട്ടുന്നതു പത്ഥ്യാഹാരമല്ലാതെയും വരുന്നതിനാൽ രോഗാദിപീഡയ്ക്കും ഇടവരുന്നു. അതിനാൽ ആത്മനിഷ്ഠയ്ക്കു ഹാനിവരുന്നു എന്നുമാത്രമല്ല ദുഃഖത്തിന്നും ജ്ഞാനി പാത്രമാകുന്നു കയ്യിലുള്ള സ്വത്തിനെ ഉപേക്ഷിച്ചു ഭിക്ഷാടനംചെയ്തു അന്യ

നം തനിക്കും ഉപദ്രവം ഉണ്ടാക്കി പാപത്തിന്നും ദുഃഖത്തിന്നും പാത്രമായിത്തീരുന്നതു ജ്ഞാനിക്കു യുക്തമൊ? ഒന്ന് ആലോചിച്ചുനോക്കുക.

ശിഷ്യൻ:—സ്വാമിൻ ജ്ഞാനിയൊ യോഗിയൊ ആണെങ്കിൽ ക്ഷുൽപിപാസാദികളും രോഗാദികളും ഒന്നും ഉണ്ടാകയില്ല. അവയുണ്ടെങ്കിൽ അവൻ ജ്ഞാനിയും യോഗിയും അല്ലാ എന്നാണ് ചിലർ പറയുന്നത്.

ഗുരു:—ഹേ ശിഷ്യ! അങ്ങിനെ പറയുന്നതു മഹാ മൂഢതയാകുന്നു. കേൾക്കുക.

'വിവേകിനാമപി ശരീരപരിഗ്രഹാൽ ദുഃഖമസ്തിവേതി ചേൽ തേഷാമപി ക്ഷുൽപിപാസാദിനാ ശീതോഷ്ണാദിനാ വ്യാധിനാ സൎപ്പവൃശ്ചികവ്യാഘ്ര്യാദിനാചദുഃഖമസ്ത്യേവ' എന്നു വാസുദേവമനനം എന്ന വേദാന്തഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു.

അൎത്ഥം:—ജ്ഞാനികൾക്കും ശരീരപരിഗ്രഹം നിമിത്തം ദുഃഖമുണ്ടൊ എങ്കിൽ വിശപ്പു, ദാഹം, ശീതം, ഉഷ്ണം മുതലായവകൊണ്ടും, വ്യാധികൊണ്ടും, സൎപ്പം, തേള്, വ്യാഘ്രം മുതലായവയാലും ദുഃഖം ഉണ്ടു സംശയമില്ല. ഇതു യോഗികൾക്കും സമ്മതമാകുന്നു. കേൾക്കുക.

'യോഗിനൊ പക്വയോഗസ്യ യുഞ്ജതഃ കായഉത്ഥിതൈഃ ഉപസൎഗ്ഗൈൎവ്വിഹന്യേത' എന്നു ശ്രീകൃഷ്ണൻ ഭാഗവതത്തിൽ ഉദ്ധവരോടു പറഞ്ഞിരിക്കുന്നു.

അൎത്ഥം:—ആത്മയോഗം ശീലിച്ചുവരുന്നു, യോഗം പരിപൂൎണ്ണമായിട്ടും ഇല്ല. ഇങ്ങിനെ ഇരിക്കുന്ന യോഗിയെ വ്യാധികൾ ബാധിക്കും. ഈ സംഗതികൊണ്ടാണ് ഗോതമ്പു മുതലായ സാരമുള്ള ഭക്ഷണങ്ങളേയും ക്ഷീരം മുതലായ വിശേഷപ്പെട്ട പേയങ്ങളേയും യോഗികൾ കഴിക്കേണമെന്നു യോഗശാസ്ത്രത്തിൽ കല്പിച്ചതു്. യോഗികൾ രസാദി കല്പങ്ങളെ സേവിച്ചു കായസിദ്ധിയോടുകൂടി ഇരുന്നതും രോഗദുഃഖനിവൃത്തിക്കുവേണ്ടിത്തന്നെ. ഭിക്ഷയെടുക്കുമ്പോൾ മേൽപ്രകാരമുള്ള പത്ഥ്യാഹാരം സാധിക്കയില്ല. അതിനാൽ രോഗം പിടിപെടും. രോ

ഗിയായാൽ അവന്ന് ഇഹലോകസുഖംകൂടി അനുഭവിപ്പാൻ കഴിവില്ലാത്തതു നമുക്ക് അനുഭവമല്ലെ? പിന്നെങ്ങിനെ ശാശ്വതസുഖപ്രാപ്തിക്കുള്ള യോഗജ്ഞാനവിഷയത്തിൽ വേല ചെയ്യും.

'ശരീരാരോഗ്യതഃസർവ്വം ജായതെ സുഖസംയുതം'

അർത്ഥം;—ശരീരാരോഗ്യത്തിൽനിന്ന് എല്ലാം സുഖമായി ഭവിക്കുന്നു എന്നു പ്രമാണവും ഘോഷിക്കുന്നു. ഇതു സർവ്വമതസമ്മതവും ആകുന്നു. അപ്പോൾ ക്ഷുൽപിപാസാദി ദുഃഖനിവൃത്തിക്കും ശരീരാരോഗ്യത്തിന്നും നിർവ്വിഘ്നമായി നിഷ്ഠയിലിരിക്കുന്നതിന്നും തനിക്കും അന്യൎക്കും ഉപദ്രവം നേരിടാതെ ഇരിക്കുന്നതിന്നും ഉള്ള ഉത്തമമായ ഉപായം കയ്യിലുള്ള ദ്രവ്യത്തിനെക്കൊണ്ടു ശരീരത്തെ ഭരിച്ചു യോഗജ്ഞാനനിഷ്ഠയിലിരിക്കുന്നതാകുന്നു എന്നു അനുഭവംകൊണ്ടും യുക്തികൊണ്ടും പ്രമാണംകൊണ്ടും സിദ്ധിക്കുന്നു. കയ്യിൽ ദ്രവ്യം ഇല്ലാത്തപക്ഷം പ്രവൃത്തിയെടുത്തു ദേഹത്തെയും തന്റെ നിഷ്ഠയേയും നിലയ്ക്കു നിറുത്തേണ്ടതാകുന്നു. അതുകൊണ്ടു ഞാൻ ഈ ഉദ്യോഗത്തിൽ ഇരിക്കുന്നു എന്നറിയുക. ഹേ ശിഷ്യ വസിഷ്ഠഭഗവാൻ രഘുവംശത്തിൽ വാദ്ധ്യാരുടെ പ്രവൃത്തിയെ വഹിച്ചുംകൊണ്ടിരുന്നില്ലെ. ചിലർ ഭിക്ഷാടനം ചെയ്തിട്ട്, ചിലർ ഒരേടിക്കിൽ ഇരുന്നുകൊണ്ട് ആരെങ്കിലും കൊണ്ടുവന്നു കൊടുക്കുന്നതിനെ വാങ്ങി ഭക്ഷിച്ചിട്ട്, ചിലർ ശിഷ്യന്മാരുടെ സംരക്ഷണയിൽ ഇരുന്നിട്ട്, ചിലർ വല്ല തൊഴിലും ചെയ്തിട്ട്, ചിലർ രാജാക്കന്മാരെ ആശ്രയിച്ചിട്ട്, സ്വത്തുള്ളവരിൽ ചിലർ ആരെയും ആശ്രയിക്കാതെ കണ്ട് ഇങ്ങിനെ പലതരത്തിലും അനുഭവനിഷ്ഠന്മാരായ മഹാന്മാർ കാലംകഴിച്ചിരിക്കുന്നു. ഭിക്ഷാടനം ചെയ്യാത്തതുകൊണ്ടൊ സന്ന്യാസിവേഷം കെട്ടാത്തതുകൊണ്ടൊ പ്രാണധാരണത്തിന്നുവേണ്ടിമാത്രം പരോപദ്രവകരമല്ലാത്ത തൊഴിൽ ചെയ്യുന്നതുകൊണ്ടൊ വീട്ടിലിരിക്കുന്നതുകൊണ്ടൊ സ്വാനുഭവനിഷ്ഠനല്ലെന്നു വിചാരിക്കുന്നവർ അജ്ഞന്മാരാകുന്നു. തന്റെ ക

ളിലുള്ള വരയെ കാണ്മാൻ കാട്ടിൽ പോകേണമൊ, ഭിക്ഷാടനം ചെയ്യേണമൊ, വേഷം കെട്ടേണമൊ? വേണ്ട. കണ്ണിന്നു വെളിച്ചം ഉണ്ടായാൽ എവിടെ ഇരുന്നാലും കാണാം. അപ്പോലെതന്നെ പരമാത്മദൎശനവും മനസ്സിനെ മാത്രം നേരെ വെച്ചാൽ മതി. കയ്യിലുള്ള രേഖയെ കാണ്മാനെങ്കിലും ചിലേടത്തു തടസ്ഥമുണ്ട്. ഇരുട്ടത്തിരുന്നു നോക്കിയാൻ കാണുകയില്ല. ആത്മദൎശനത്തിന്ന് ആ തടസ്ഥവും ഇല്ല. സ്വയംപ്രകാശവസ്തുവല്ലെ? സൂൎയ്യനെക്കാണ്മാൻ നമുക്ക ചൂട്ടൊ ദീപമൊ കൊളുത്തിനോക്കേണമെ? യഥാൎത്ഥമാൎഗ്ഗം അറിയാത്തവൎക്ക യോഗിവേഷം ധരിച്ചാലും കാട്ടിൽപോയാലും എന്തുചെയ്താലും ആത്മജ്യോതിസ്സിനെ കാണുകയില്ല. അറിഞ്ഞവൎക്ക നാട്ടിലിരുന്നാലും ഉദ്യോഗത്തിലിരുന്നാലും സ്വാനുഭവമുണ്ടു സംശയമില്ല. ചൂഡാല ഒരു സ്ത്രീയായിരുന്നിട്ടും നാട്ടിൽ രാജധാനിയിൽ ഇരുന്നിട്ടും രാജഭോഗങ്ങൾ അനുഭവിച്ചിരുന്നിട്ടും ആനന്ദാനുഭൂതിയോടുകൂടിയിരുന്നു. ചൂഡാലയുടെ ഭൎത്താവായ ശിഖിദ്ധ്വജൻ എന്ന രാജാവു കാട്ടിൽച്ചെന്നു കായ്കനികൾ തിന്നു കഠിനകഷ്ടം ചെയ്തിട്ടും കരുണേശ്വരതിനെ കണ്ടില്ലാ. ഒടുവു ചൂഡാലയായ തന്റെ ഭാൎയ്യ കുംഭമുനിവേഷം ധരിച്ചു കാട്ടിൽച്ചെന്നു ശിഖിദ്ധ്വജന്ന് ഉപദേശിച്ച് അനുഭവപ്പെടുത്തി കൊടുത്തതിന്റെ ശേഷം നാട്ടിലിരിക്കുന്നതിന്നും വിരോധമില്ലെന്നു കണ്ടു രണ്ടാമതു രാജ്യത്തിൽ വന്നു പൂൎണ്ണാനുഭവത്തോടുംകൂടി രാജ്യാം ഭരിക്കയുണ്ടായി. ഇതു കഥ വാസിഷ്ഠത്തിലുള്ളതാകുന്നു. ഇങ്ങിനെ അനേകകഥയുണ്ട്.

ശിഷ്യൻ:— സ്വാമിൻ! അതു പണ്ടെത്തെ കാലത്തല്ലെ. ഇക്കലികാലത്ത് അങ്ങിനെ സാധിക്കയില്ലെന്നു പറയുന്നു.

ഗുരു:— ഹേ ശിഷ്യ! പണ്ടെത്തെക്കാലത്തുമാത്രം പാൽ മധുരിക്കുക, ഇക്കലികാലത്തു പാൽ പുളിക്കുക എന്നുണ്ടൊ? പണ്ടെത്തെ കാലത്തുമാത്രം ഉണ്ടാൽ വയറു നിറയുക, ഇക്കലികാലത്തുണ്ടാൽ വയർ നിറയുകയില്ലാ എന്നുണ്ടൊ. പണ്ടെത്തെ കാലത്തു മാത്രമെ സ്ത്രീസംയോഗം ചെയ്താൽ ശുക്ലമോചനം വ

ത്രു, കുട്ടിയുണ്ടാകും, ഇക്കാലത്ത് ഉണ്ടാകയില്ല എന്നുണ്ടോ. പണ്ടത്തെ കാലത്തു മാത്രമെ വായുവിനെ ശ്വാസിച്ചുകൂടു, ഇക്കാലത്തു ശ്വാസിച്ചുകൂടാ എന്നുണ്ടോ. പണ്ടത്തെ കാലം മാത്രമെ മദ്യം കുടിച്ചാൽ ലഹരിയുള്ളു, ഇക്കാലത്തു ലഹരിയില്ലാ എന്നുണ്ടോ. പണ്ടത്തെ കാലം മാത്രം ജ്ഞാനത്തിന്നുള്ള കാലമാണെങ്കിൽ എന്തുകൊണ്ട് അന്നുള്ളവരെല്ലാം യോഗജ്ഞാനസിദ്ധന്മാരായിത്തീൎന്നില്ല? എന്താ യുക്തിക്കും അനുഭവത്തിന്നും പ്രമാണത്തിന്നും വിരോധമായി സംസാരിക്കുന്നത്. ഏതുകാലത്തും യഥാൎത്ഥവഴിയിൽ പ്രവേശിച്ചാൽ സിദ്ധിയുണ്ട്. ഏതു കാലത്തും ഉണ്ടാൽ വയർ നിറയും. സംശയിക്കേണ്ട.

---

## ഗുരുത്വശങ്കാഖണ്ഡനപ്രകരണം

ശിഷ്യൻ:—സ്വാമിൻ! ഭാൎയ്യയ്ക്കു ഗുരുസ്ഥാനം വഹിക്കാമൊ? ചൂഡാല എന്ത് അന്യായമാകുന്നു. ചെയ്തത്.

ഗുരു:—ഹേ ശിഷ്യ! പരമാത്മജ്ഞാനം ഉള്ള ജനം ഭാൎയ്യയായാലും പുത്രനായാലും ചണ്ഡാലനായാലും അവരെ ഗുരുവാക്കാം. ജ്ഞാനമില്ലാത്തവർ അച്ഛനായാലും ഭൎത്താവായാലും ദ്വിജനായാലും വിരോധമില്ലാ. കേൾക്കുക.

അദ്ധ്യാപയാമാസപിതൄൻ ശിശുരാംഗിരസഃകവിഃ
പുത്രകാഇതിഹോവാച ജ്ഞാനേനപരിഗൃഹ്യതാൻ.
(എന്നു മനുസ്മൃതി)

അൎത്ഥം:—അംഗിരസ്സിന്റെ പുത്രനും ശിശുവും ആയ കവി പിതാക്കന്മാരെ വേദം പഠിപ്പിച്ചു. ജ്ഞാനംകൊണ്ടു ശിഷ്യന്മാരായി സ്വീകരിച്ചിട്ടു പിതാക്കന്മാരെ നോക്കി, ഹേ പുത്രന്മാരേ! എന്നു വിളിക്കുകയും ചെയ്തു. ശങ്കരാചാൎയ്യർ പറഞ്ഞതാവിത്.

ജാഗ്രൽസ്വപ്നസുഷുപ്തിഷുസ്ഫുടതരം യാസംവിദുജ്ജൃംഭതെ
യാബ്രഹ്മാദിപിപീലികാന്തതനുഷുപ്രോതാജഗൽസാക്ഷിണീ

സൈവാഹംനചദൃശ്യവസ്ത്വിതിദൃഢപ്രജ്ഞാപിയസ്യാസ്തിചെ-
ച്ചണ്ഡാലോസ്തുസതുദ്വിജോസ്തുഗുരുരിത്യേഷാമനീഷാമമ.

അത്ഥം:—യാതൊരു ചിച്ഛക്തി (ജ്ഞാനശക്തി) അവസ്ഥാത്രയത്തിലും സ്പഷ്ടമായി വിളങ്ങിക്കൊണ്ടിരിക്കുന്നുവൊ യാതൊരു ചിച്ഛക്തി ബ്രഹ്മാവുമുതൽ എറുമ്പുവരെയുള്ള സകലദേഹങ്ങളിലും കോത്തുകിടക്കുന്നുവൊ യാതൊരു ചിച്ഛക്തി ദൃശ്യത്തിന്നു സാക്ഷിണിയായി ഇരിക്കുന്നുവൊ അതാകുന്നു ഞാൻ, എന്ന ദൃഢജ്ഞാനം ഏവന്നുണ്ടൊ അവൻ ചണ്ഡാലനായാലും ദ്വിജനായാലും എന്റെ ഗുരുവാകുന്നു. ഹേ ശിഷ്യ! അതുകൊണ്ടു ഭത്തൃത്വാദിയും ദ്വിജത്വാദിയും വയോധികതയും അല്ല ഗുരുത്വത്തിന്നും പൂജ്യതയ്ക്കും കാരണം. ജ്ഞാനാധിക്യം മാത്രമാകുന്നു. ഇങ്ങിനെയാകുന്നു മഹാന്മാരുടെ പക്ഷം.

## വേഷപ്രയോജനപ്രകരണം

ശിഷ്യൻ:—സ്വാമിൻ! മുക്തിയെ ലഭിപ്പാൻ മനസ്സിനെ മാത്രം നന്നാക്കിയാൽ മതിയെന്നും അത് എവിടെ ഇരുന്നിട്ടും ആവാമെന്നും പറഞ്ഞുവെല്ലൊ. പിന്നെ എന്തിന്നാകുന്നു ചിലർ ജട ധരിച്ചിട്ടും ചിലർ മുണ്ഡിതകേശന്മാരായിട്ടും കാവിവസ്ത്രം ധരിച്ചിട്ടും സന്ന്യാസാശ്രമത്തെ അനുസരിച്ചിട്ടും ഇരിക്കുന്നത്.

ഗുരു:—ഹേ ശിഷ്യ! സന്ന്യാസിവേഷംകൊണ്ടു തനിക്കും അന്ന്യന്നും പ്രയോജനമുണ്ട്. സന്ന്യാസിവേഷം കാണുമ്പോൾ പലരും സാദരം പൂജിച്ച ഭിക്ഷ നൽകും. അപ്പോൾ സ്വത്തില്ലെങ്കിലും അനായാസേന ദേഹത്തെ ഭരിക്കാം. തന്റെ ധ്യാനനിഷ്ഠയ്ക്കും ഹാനിയില്ല ആഹാരത്തിന്നുവേണ്ടി ധ്യാനം മുടക്കി വല്ല വേലയും എടുക്കാതെതന്നെ ആഹാരം കിട്ടുന്നുവെല്ലൊ. പിന്നെ ശുഭവാസനയുള്ളവക്ക വല്ലതും ഉപദേശിച്ചാൽ, "ഇദ്ദേഹം സന്ന്യാസി മഹാൻ. ഇദ്ദേഹത്തിന്റെ ഉപദേശം സാധാരണ ഉപദേശംപോലെ അല്ല. തെററി നടന്നാൽ മഹാദോഷം നേരിടും". എന്നു വിചാരിച്ച മഹാവിശ്വാസത്തോടെ ഈശ്വരഭജനം ചെയ്യ്വാനും അന്ന്യ

ന്മാക്ക് ഇടവരുന്നു, ലൌകികവേഷത്തിലിരുന്നുകൊണ്ടു പരമാൎത്ഥത്തെത്തന്നെ ഉപദേശിച്ചാലും "ഇവൻ നമ്മെപ്പോലെ ഒരുവൻ, എന്താ ഒരു വിശേഷം" എന്നു പറഞ്ഞു ധിക്കരിച്ചുകളയുന്നു ഒരു ദൃഷ്ടാന്തംകൊണ്ടു ഞാൻ ഇതിനെ അനുഭവപ്പെടുത്തിത്തരാം. ഒരു രാജാവു ഛത്രചാമരാദിചിഹ്നങ്ങളോടും അനേകപരിവാരത്തോടുംകൂടി എഴുന്നെള്ളുമ്പോൾ അറിഞ്ഞവരും അറിയാത്തവരും എല്ലാവരും യഥാശക്തി കാഴ്ചവെക്കുന്നു. ബഹുമാനിക്കുന്നു. അദ്ദേഹം കല്പിച്ചതിനെ കേൾക്കുകയും ചെയ്യുന്നു അതേ രാജാവു താനേതന്നെ നമ്മുടെ കൂട്ടരുടെ ഇടയിൽ വന്നാൽ അറിയാത്തവർ ഏവനൊ ഒരുത്തൻ എന്നു വിചാരിച്ചുപോകുന്നു. മുമ്പുള്ള ഉപചാരവും കാഴ്ചയും ഇല്ല. വല്ലതും കല്പിച്ചാൽ, കല്പിപ്പാൻ താൻ ആരാകുന്നു എന്നും ചോദിക്കും.

ശിഷ്യൻ:—ഇതു വാസ്തവമാകുന്നു. ഇനിക്ക് അനുഭവമുണ്ട്. ഞാൻ ഒരു നിരത്തിലകൂടി പോകുമ്പോൾ ഒരുവൻ നിരത്തിന്റെ അരികിൽ നിൽക്കുന്ന ഒരു മരക്കൊമ്പു മുറിക്കുന്നു. ഡ്രസ്സ് ഒന്നും ധരിക്കാതെ പോരുന്ന ഒരു പൊല്ലീസ്സ ഹേഡുകൺസ്റ്റബിളും അവിടെ വന്നുചേൎന്നു. അവനോടു മരക്കൊമ്പു മുറിക്കരുത് എന്ന് അദ്ദേഹം പറഞ്ഞു. നിങ്ങൾക്കെന്താ നഷ്ടം എന്നു ഉത്തരം പറഞ്ഞു. അവൻ കൂട്ടാക്കാതെ മുറിച്ചുതുടങ്ങി. അപ്പോഴെക്കു പഴയ ഒരു കൺസ്റ്റബിൾ ഡ്രസ്സോടുകൂടി വരുന്നു. ആ ചുകന്ന തലക്കെട്ടു കണ്ടമാത്രയ്ക്കു ആ മരക്കൊമ്പു മുറിക്കുന്നവൻ പാഞ്ഞുകളഞ്ഞു. വേഷം മൂഢന്മാരെ ബോദ്ധ്യപ്പെടുത്തുവാൻ വിശേഷംതന്നെ സംശയമില്ല. ഇവിടുന്ന് ഉദാഹരിച്ച ശിഖിദ്ധ്വജന്റെ കഥതന്നെ അതിനെ നല്ലവണ്ണം തെളിയിക്കുന്നു. നാട്ടിൽവെച്ചു ഭാൎയ്യയായ ചൂഡാല യഥാൎത്ഥത്തേയും തന്റെ അനുഭവത്തെയും ഭൎത്താവായ ശിഖിദ്ധ്വജനുപദേശിച്ചപ്പോൾ "നീ ഒരു പെണ്ണു, നിനക്കെന്തറിയാം, എങ്ങിനെ അനുഭവമുണ്ടാകും, അധികപ്രസംഗം പറയേണ്ട" എന്നും മറ്റും പറഞ്ഞു ചൂഡാലയെ പരിഹസിച്ചുകളഞ്ഞു. പിന്നീടു വനത്തിൽ ചെന്നാലെ ജ്ഞാനാനന്ദാനുഭവം വരൂ എന്നു കരുതി അവിടെ ചെന്നു ശിഖിദ്ധ്വജൻ

കഠിന വ്രതത്തോടുകൂടി പലനാളും കഷ്ടപ്പെട്ടു. ആ കഷ്ടപ്പാടുകണ്ടു ഭാൎയ്യയായ ചൂഡാല ഋഷിവേഷത്തെ ധരിച്ചു കുംഭമുനി എന്നു പേരും വഹിച്ചു കാട്ടിൽ ഭൎത്താവായ ശിഖിദ്ധ്വജന്റെ അരികിൽ ചെന്നു. അപ്പോൾ ശിഖിദ്ധ്വജൻ നമസ്കരിച്ചു വളരെ പൂജിച്ച് ഉപദേശത്തെ ചോദിക്കയും ചെയ്തു. മുമ്പു നാട്ടിൽവെച്ചു ഏതൊരു തത്വത്തെ പറഞ്ഞുവൊ അതിനെത്തന്നെയാകുന്നു ചൂഡാല ഉപദേശിച്ചത്. എങ്കിലും ശിഖിദ്ധ്വജന്ന് അതിൽ മഹാ വിശ്വാസം വരികയും ദിവസം അതിനെ അഭ്യസിക്കയും നിൎവ്വികല്പസമാധിയിൽ എത്തുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ, ഈ വന്നിരിക്കുന്നതു കുംഭമുനിയാണെന്നും ഇദ്ദേഹം ദേവർഷിയാണെന്നും മഹാമഹിമയുള്ള പൂജ്യനാണെന്നും മറ്റും വേഷംകണ്ടു വിശ്വസിക്കയാൽ ഉപദേശപ്രകാരം നടന്നു. അതിനാൽ ആ അനുഭവവും വന്നു. ഭാൎയ്യയായ ചൂഡാലയാകുന്നു ഈ വന്നിരിക്കുന്നത് എന്നു മനസ്സിലായിരുന്നു എങ്കിൽ അന്നും പരിഹസിച്ചു ധിക്കരിക്കുമായിരുന്നു. അങ്ങിനെ ചെയ്യാഞ്ഞതു സന്യാസിവേഷംകണ്ടു ഭ്രമിച്ചിട്ടുതന്നെ. അതുകൊണ്ട് അനുഭവനിഷ്ഠനായ മഹാനും അന്യന്മാൎക്കു മോക്ഷോപദേശത്തെ ചെയ്യുന്ന വിഷയത്തിൽ സന്യാസിവേഷം പരമോപകാരംതന്നെ. വാസ്തവത്തിൽ അതു വേണമെന്നില്ല. ഒരുവൻ മുനിവേഷംകെട്ടി ഒരുവന്നു ചോറു കൊടുത്താലും ആ വേഷം കെട്ടാതെ ചോറുകൊടുത്താലും ഭോക്താവിന്റെ വയർ നിറയും സംശയമില്ല. അപ്പോലെ സ്വാനുഭവനിഷ്ഠനായ ഗുരു സന്യാസാശ്രമോചിതവേഷത്തോടുകൂടി ഉപദേശിച്ചാലും ആ വേഷംകൂടാതെ ഉപദേശിച്ചാലും മോക്ഷാൎത്ഥിയായ സാരഗ്രാഹിക്കു പരിപൂൎണ്ണാനന്ദാനുഭൂതി ഉണ്ടാകും. ഇങ്ങിനെ അറിയുന്നവർ ചുരുക്കം. അതുകൊണ്ടു പണ്ടു ചില മഹാന്മാർ വേഷംധരിച്ചതാകുന്നു. അല്ലാതെ അതു മുക്തിക്കുവേണ്ടി ധരിച്ചതല്ല. പക്ഷെ നമ്മുടെ കൂട്ടക്കാർ ആ സൂക്ഷ്മം അറിയാതെ വേഷത്തിൽ ബഹുമാനംവെച്ചുകൊണ്ടു വേഷമില്ലാത്തവൻ മഹാനായാലും ഗണിക്കുന്നില്ല. അതാകുന്നു യോഗജ്ഞാനമാൎഗ്ഗം മറഞ്ഞുപോയത്.

# രാജയോഗപ്രകരണം

ശിഷ്യൻ: — സ്വാമിൻ! രാജയോഗാഭ്യാസം കേട്ടാൽ കൊള്ളാം.

ഗുരു:—"ഉന്മന്യവാപ്തയെ ശീഘ്രം ഭ്രൂധ്യാനം മമസമ്മതം
രാജയോഗപദംപ്രാപ്തും സുഖോപായോല്പചേതസാം"
(എന്നു ഹഠയോഗപ്രദീപികാ).

അൎത്ഥം:— വേഗത്തിൽ മനോലയം സിദ്ധിപ്പാനായ്ക്കൊണ്ടു ഭ്രൂധ്യാനമാണ് ഇനിക്കു സമ്മതമായിട്ടുള്ളത്. അല്പബുദ്ധികൾക്കു രാജയോഗത്തെ ലഭിപ്പാൻ ഇത് എളുപ്പത്തിലുള്ള ഉപായമാകുന്നു. (അല്പബുദ്ധികൾക്കുകൂടി ഈ മാൎഗ്ഗം എളുപ്പത്തിലുള്ള ഉപായമായിരിക്കുമ്പോൾ ബുദ്ധിമാന്മാൎക്ക് പിന്നെ പറയേണ്ടതുണ്ടോ? ഇല്ല. വളരെ എളുപ്പം എന്നു താല്പൎയ്യം).

൧. "തദ്യോഗഞ്ചദ്വിധാവിദ്ധി പൂൎവ്വോത്തരവിഭാഗതഃ
പൂൎവ്വന്തുതാരകംവിദ്യാ ദമനസ്കം തദുത്തരം".

൨. "ഭ്രൂയുഗമദ്ധ്യബിലെതേജസ ആവിൎഭാവഃ ഏതൽ പൂൎവ്വതാരകം ഉത്തരന്ത്വമനസ്കം" എന്നു മണ്ഡലബ്രാഹ്മണോപനിഷത്ത്.

അൎത്ഥം:— ൧. പൂൎവ്വഭാഗം എന്നും ഉത്തരഭാഗം എന്നും ആ യോഗം രണ്ടുവിധം ഉണ്ട്. പൂൎവ്വഭാഗത്തെ താരകയോഗമെന്നും ഉത്തരഭാഗത്തെ അമനസ്കയോഗമെന്നും അറിയേണം. ൨. പുരികമദ്ധ്യത്തിൽ ജ്യോതിസ്സു പ്രകാശിച്ചുതുടങ്ങിയാൽ അപ്പോൾ താരകയോഗം എന്നു പേർ. മനസ്സു ലയിച്ചാൽ അമനസ്കം എന്നു പേർ. അമനസ്കം, അദ്വൈതം മുതലായ ശബ്ദങ്ങൾ രാജയോഗത്തിന്റെ പൎയ്യായശബ്ദങ്ങളാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ.

തദ്ദൎശനതിസ്രോദൃഷ്ടയഃ അമാപ്രതിപൽപൂൎണ്ണിമാശ്ചേതി.
(എന്നു മണ്ഡലബ്രാഹ്മണോപനിഷത്ത്).

അൎത്ഥം:—തദ്ദൎശനത്തിൽ (പ്രഥമദൎശനത്തിൽ) മൂന്നു ദൃഷ്ടികൾ ഉണ്ട്. ൧. അമാദൃഷ്ടിയെന്നും ൨. പ്രതിപൽദൃഷ്ടിയെന്നും ൩. പൂൎണ്ണിമാദൃഷ്ടിയെന്നും ആ മൂന്നു ദൃഷ്ടിക്കു പേർ.

നിമീലിതദൎശനമമാദൃഷ്ടിഃ അൎദ്ധോന്മീലിതം പ്രതിപൽ

സർവോന്മീലനം പൂർണ്ണിമാ ഭവതി. (എന്നു മണ്ഡലബ്രാഹ്മണോപനിഷത്ത്).

അർത്ഥം:— കണ്ണുചിമ്പിനോക്കുന്നത് അമാദൃഷ്ടിയാകുന്നു. അരക്കൺമിഴിച്ചുനോക്കുന്നതു പ്രതിപൽദൃഷ്ടിയാകുന്നു. കണ്ണു നല്ലവണ്ണം മിഴിച്ചുനോക്കുന്നതു പൂർണ്ണിമാദൃഷ്ടിയാകുന്നു. ഈ പൂർണ്ണിമാദൃഷ്ടിയെ ശാംഭവീമുദ്രയെന്നു പറയും. ഇവിടെ പറയപ്പെട്ട മൂന്നിൽ ഏതിനെക്കൊണ്ടു ഭ്രൂധ്യാനം അഭ്യസിച്ചാലും രാജയോഗം സിദ്ധിക്കും എന്നത് എൻെറ അനുഭവംകൊണ്ടും എൻെറ ശിഷ്യന്മാരുടെ അനുഭവംകൊണ്ടുംകൂടി ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. കേവലം ശാസ്ത്രത്തെ വിശ്വസിച്ചു പറയുന്നതല്ല. മുൻചൊല്ലിയ മനോലയചിഹ്നങ്ങളും മനോലയാത്മികയായ മുക്തിയും ഇതിൽനിന്നുതന്നെ സിദ്ധിക്കുന്നതുകൊണ്ടു മനോലയസ്ഥാനങ്ങളെ ഞാൻ പെരുക്കി പറയുന്നില്ല. അതുകൊണ്ടു സന്ദേഹവും സംഭ്രമവും വർദ്ധിക്കും.

ശിഷ്യൻ:— സ്വാമിൻ! അതു വാസ്തവംതന്നെ എങ്കിലും ശാംഭവീമുദ്രയെ ഒന്നു വ്യാഖ്യാനിക്കേണ്ടതാകുന്നു.

ഗുരു:— അന്തർല്ലക്ഷ്യം ബഹിർദൃഷ്ടി ന്നിമേഷോന്മേഷവർജ്ജിതാ ഏഷാസാശാംഭവീമുദ്രാ സർവതന്ത്രേഷുഗോപിതാ.

(എന്നു ഹഠയോഗപ്രദീപികാ).

അർത്ഥം:—മൂലാധാരംമുതൽ ബ്രഹ്മരന്ധ്രംവരെയുള്ള ആധാരങ്ങളിൽ ഏതിലെങ്കിലും മനസ്സിൻെറ സ്ഥിതി, ബഹിർഭാഗത്തിൽ കണ്ണിമ അനങ്ങാതെയുള്ള ദൃഷ്ടി. ഇതു പ്രസിദ്ധപ്പെട്ട ശാംഭവീമുദ്രയാകുന്നു. ഇതു സർവതന്ത്രങ്ങളിൽ ഗോപ്യമായി വെച്ചിരിക്കുന്നു. മേൽപറഞ്ഞ ശ്ലോകത്തിലെ അന്തർല്ലക്ഷ്യം എന്ന പദത്തിന്ന് ഏതെങ്കിലും ഒരു ആധാരത്തിൽ മനസ്സിനെ വെക്കാമെന്നു വ്യാഖ്യാനിച്ചിട്ടുണ്ടെന്നും ഭ്രൂമദ്ധ്യത്തിൽ മനസ്സിനെ വെക്കുന്നതാണ് അത്യന്തം ഉത്തമം. എന്തുകൊണ്ടെന്നാൽ,

ഉന്മന്യവാപ്തയെശീഘ്രം ഭ്രൂധ്യാനം മമസമ്മതം.

അർത്ഥം:—വേഗത്തിൽ മനോലയം സിദ്ധിപ്പാൻ ഭ്രൂധ്യാനമാണ് ഇനിക്കു സമ്മതം എന്നു ആത്മാരാമയോഗീന്ദ്രൻ വിശേഷമായി പറഞ്ഞിരിക്കുന്നു. ഇങ്ങിനെ അനേകമഹാന്മാർ പറഞ്ഞിട്ടുണ്ട്. അതിന്നു കാരണമെന്താകുന്നു എങ്കിൽ,

നാദരൂപാപരാശക്തി ല്ലലാടസ്യതുമദ്ധ്യമെ
(എന്നു യോഗശിഖോപനിഷത്ത്)
ശംഭോ തൃതീയകംനേത്രം വഹ്നിരൂപംപ്രതിഷ്ഠിതം
മശോധാനംഗസ്സവൈയേന ജ്ഞാനനേത്രംതദേവഹി.
(എന്നു കപിലഗീതാ).
ഭ്രുവോർമ്മദ്ധ്യംലലാടഞ്ച മൂൎദ്ധാചമുനിസത്തമെ
മർമ്മസ്ഥാനാനി ചൈതാനി. (എന്നു യാജ്ഞവല്ക്യർ).
ഭ്രുവോർമ്മദ്ധ്യേലലാടേതു നാസികായാസ്തുമൂലതഃ
ജാനീയാദമൃതംസ്ഥാനം തൽബ്രഹ്മായതനംമഹൽ.
(എന്നു തേജോബിന്ദൂപനിഷത്ത്).
നാദരൂപംഭ്രുവോർമ്മദ്ധ്യേ മനസോമണ്ഡലംവിദുഃ
ഭ്രൂമദ്ധ്യേനിലയോ ബിന്ദുഃ.
(എന്നു യോഗശിഖോപനിഷത്ത്).
യാവദ്ദൃഷ്ടിഃഭ്രുവോർമ്മദ്ധ്യേ താവൽ കാലഭയംകുതഃ
ആഭ്രൂമദ്ധ്യാത്തുമൂൎദ്ധാന്തം യാവദാകാശമിഷ്യതെ.
(എന്നു യോഗചൂഡാമണിയെന്ന ഉപനിഷത്ത്)

ഭ്രൂമദ്ധ്യംമുതൽ മൂൎദ്ധാവുവരെ പരാകാശസ്ഥാനമായിട്ടാകുന്നു പറയപ്പെട്ടിട്ടുള്ളത്. ചന്ദ്രസൂൎയ്യനക്ഷത്രാദിജ്യോതിഃപുഞ്ജത്തെ കാണേണമെങ്കിൽ ആകാശത്തിൽതന്നെ നോക്കേണ്ടതല്ലയൊ? ബാഹ്യത്തിൽ നോം അങ്ങിനെയല്ലെ ചെയ്യുന്നത്? കീഴോട്ടു ഭൂമിയിലേക്ക നോക്കിയാൽ ചന്ദ്രാദികളെ കാണുന്നുണ്ടൊ? ഇല്ല. അപ്പോലെ ഭ്രൂമദ്ധ്യമെന്ന ആജ്ഞാചക്രത്തിൽനിന്നു കീഴിലുള്ള ആധാരങ്ങളിൽ നോക്കിയാലും കാണുകയില്ല. അതുകൊണ്ടാകുന്നു ആത്മാരാമയോഗീന്ദ്രനും മററ് അനേകമഹാന്മാരും ഭ്രൂധ്യാനത്തെ അഭിപ്രായപ്പെട്ടത്.

ഏവംസഹജാനന്ദെയദാമനൊലീയതെതദാശാംഭവീഭവതി
(എന്നു മണ്ഡലബ്രാഹ്മണോപനിഷത്ത്)

അൎത്ഥം:—ഇങ്ങിനെ സഹജാനന്ദത്തിൽ എപ്പോഠം മനസ്സു ലയിക്കുന്നുവൊ അപ്പോഠം ശാംഭവി ആയി. മനസ്സിനേ

യും ദൃഷ്ടിയേയും മേല്പറഞ്ഞപ്രകാരം നിറുത്തി അഭ്യസിക്കു മ്പോൾ നാദം, ജ്യോതിസ്സമുതലായ അനുഭവത്തിൽ വസ്സായി ച്ചുരസിച്ചു മനസ്സു ലയിക്കുന്നു. മുക്തിയെ പ്രാപിക്കുന്നു. അ പ്പോൾ ശാംഭവീമുദ്ര സിദ്ധിച്ചു.

## അഷ്ടാംഗയോഗപ്രകരണം

ശിഷ്യൻ:—അഷ്ടാംഗയോഗത്തെക്കൂടി കേട്ടാൽ കൊള്ളാം.

ഗുരു:—യമ നിയമാസന പ്രാണായാമ പ്രത്യാഹാര ധാര ണാ ധ്യാനസമാധയോഷ്ടാവംഗാനി. എന്നു പാതഞ്ജലയോ ഗസൂത്രം. (യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാ ഹാരം, ധാരണാ, ധ്യാനം, സമാധി ഇങ്ങിനെ എട്ട് അംഗങ്ങ ളാകുന്നു. അഷ്ട=എട്ട്. എട്ട് അംഗങ്ങളോടുകൂടിയതുകൊ ണ്ട് അഷ്ടാംഗയോഗം എന്നു പറയുന്നു).

തത്രാഹിംസാ സത്യാസ്തേയ ബ്രഹ്മചര്യാപരിഗ്രഹാ യമാഃ

(അഹിംസാ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്ര ഹം ഇവ യമങ്ങളാകുന്നു). യമയന്തീതി യമാഃ. യമിക്കുന്നതു കൊണ്ടു യമങ്ങൾ എന്നു പേർ. യമിക്കുക=വിരോധിക്കുക. യോഗികളെ നിഷിദ്ധകർമ്മങ്ങളിൽനിന്നു വിരോധിക്കുന്നവ യമ ങ്ങളാകുന്നു.

൧. "അഹിംസാ" എന്തെന്നാൽ,

കർമ്മണാമനസാവാചാ സർവ്വഭൂതേഷുസർവ്വദാ
അക്ലേശജനനംപ്രോക്ത മഹിംസാത്വേനയോഗിഭിഃ.

അർത്ഥം:—കർമ്മംകൊണ്ടോ മനസ്സുകൊണ്ടോ വാക്കുകൊ ണ്ടോ ഒരിക്കലും ഒരു പ്രാണിക്കും ക്ലേശം ജനിപ്പിക്കാതെ ഇരി ക്കുന്നത് അഹിംസാ എന്നു യോഗികളാൽ പറയപ്പെട്ടിരിക്കുന്നു.

൨. "സത്യം." 'സത്യം ഭൂതഹിതം പ്രോക്തം' സർവ്വപ്രാ ണികൾക്കും നന്മയായിട്ടുള്ളതിനെ പറയുന്നതാണ് സത്യം.

ശിഷ്യൻ:—സ്വാമിൻ! കണ്ടതും കേട്ടതും അനുഭവിച്ചതു മായ വിഷയത്തെ മറച്ചുവെക്കാതെ പറയുന്നതാണ് സത്യം എന്നു ലോകത്തിൽ പ്രസിദ്ധമായിരിക്കുന്നു. ഇവിടുന്ന് എന്താ ഇങ്ങിനെ പറഞ്ഞത്?

ഗുരു:—ഹേ ശിഷ്യ! കണ്ടതും കേട്ടതും അനുഭവിച്ചതുമായ വിഷയത്തെ മറച്ചുവെക്കാതെ പറയുന്നതും ഒരുവിധം സത്യംതന്നെ എങ്കിലും അങ്ങിനെ മാത്രം സത്യത്തെ മനസ്സിലാക്കിയാൽ മഹാപാപത്തിന്നും പതനത്തിന്നുംകൂടി സംഗതിയുണ്ട്. എങ്ങിനെയെങ്കിൽ, നീ ഇപ്പോഠം എന്റെ അരികിൽനിന്നു പുറത്തേക്കുപോകുമ്പോഠം ഒരുവൻ എന്നെ കലപ്പെടുത്തുവാൻ ഒരുങ്ങി ആയുധവും എടുത്ത് എന്നെ അന്വേഷിച്ചുവരുന്നു എന്നു വെക്കുക. നിണക്ക് ആ കാൎയ്യം മനസ്സിലാകയും ചെയ്തു. നീ സത്യവാദിയും ആകുന്നു. അവൻ നിന്നോട് 'എന്നെ കണ്ടുവൊ, ഞാൻ ഇവിടെ ഉണ്ടൊ' എന്നു ചോദിക്കയും ചെയ്തു. നീ ഉണ്ടെന്നു സത്യം പറഞ്ഞാൽ അവൻ വന്ന് എന്നെ കലപ്പെടുത്തും. നീ ഗുരുഹത്യയ്ക്കു സഹായിച്ച മഹാപാപത്തിന്നു പാത്രവും ആയിത്തീരും. 'ഞാൻ കോഴിക്കോട്ടയ്ക്കു പോയിരിക്കുന്നു, നാലുദിവസത്തെ കഴിഞ്ഞെ വരു' എന്നു നീ അവനോട് അപ്പോഠം പറഞ്ഞാൽ അവൻ മടങ്ങിപ്പോകും. ഗുരുവിനെ രക്ഷിച്ച മഹാപുണ്യത്തിന്നു നീ പാത്രമാകയും ചെയ്യും. അപ്പോഠം നിന്റെ അസത്യവാക്കു സൎവ്വോൽകൃഷ്ടമായ ധൎമ്മമായും നിന്റെ സത്യവാക്ക് അതിനിന്ദ്യമായ അധൎമ്മമായും തീരുന്നുവെല്ലൊ. ഇങ്ങിനെയുള്ള അധൎമ്മം നേരിടാതെ ഇരിപ്പാൻവേണ്ടിയാകുന്നു യാജ്ഞവല്ക്യസംഹിതയിൽ 'സത്യം ഭൂതഹിതം പ്രോക്തം' എന്നു പറഞ്ഞത്. പാതഞ്ജലയോഗസൂത്രത്തിന്റെ വ്യാഖ്യാനത്തിലും 'സത്യം' എന്ന പദത്തിനെ വ്യാഖ്യാനിച്ചുകലാശിച്ചത് 'പരീക്ഷ്യസൎവ്വഭൂതഹിതം ബ്രൂയാൽ' എന്നാകുന്നു. അൎത്ഥം:—പരിശോധിച്ചു സൎവ്വപ്രാണികളും ഹിതമായ സത്യത്തെ സംസാരിക്കേണം എന്നാകുന്നു. പിന്നെ ദേവീഭാഗവതത്തിൽ പറഞ്ഞതാവിത്.

> സത്യംനസത്യംഖലുയത്രഹിംസാ
> ദയാന്വിതഞ്ചാനൃതമേവസത്യാം
> ഹിതംനരാണാം ഭവതീഹയേന
> തദേവസത്യം നതതോന്യഥൈവ.

അൎത്ഥം:—ഏതൊരു സത്യത്തിൽ ഉപദ്രവം ഉണ്ടൊ ആ

സത്യം സത്യമല്ല. ഒന്നയോടുകൂടിയിരിക്കുന്ന അസത്യവും സത്യം തന്നെ. എന്നാൽ ലോകത്തിന് ഏതൊരു വാക്കുകൊണ്ടു നന്മവരുമൊ അതുതന്നെ സത്യം. അങ്ങിനെയല്ലാത്തതു സത്യമല്ല.

ശിഷ്യൻ:—സ്വാമിൻ! ഒരുവൻ ഒരു കുലക്കററം ചെയ്യുന്നതിനെ ഞാൻ കാണുകയും സാക്ഷിയാക്കി എന്നെ വിസ്തരിക്കുകയും ചെയ്യുമ്പോൾ ഞാൻ കണ്ട പരമാൎത്ഥം പറഞ്ഞാൽ അവനെ തൂക്കിക്കൊല്ലും. അത് അവന്നു ഹിതമായിരിക്കയില്ല. അവനെ തൂക്കിക്കൊല്ലിക്കാൻ സഹായിച്ച പാപവും ഇനിക്കുണ്ട്. ആ സ്ഥിതിക്കു ലോകഹിതമായി സംസാരിക്കുന്നത് എങ്ങിനെയാണ്?

ഗുരു:—ഹേ ശിഷ്യ! ഈ സംഗതിയിൽ നീ കൊല്ലുന്നതു കണ്ടതിനെ പറഞ്ഞതു ലോകഹിതംതന്നെ. എങ്ങിനെയെന്നാൽ, അവനെക്കൊണ്ടുള്ള ലോകോപദ്രവം തീൎന്നുവെല്ലോ. കണ്ടത് ആരും പറഞ്ഞിട്ടില്ലെങ്കിൽ കുററം തെളികയില്ല, ദണ്ഡിക്കയും ഇല്ല. അപ്പോൾ ദുർബുദ്ധികൾ മേൽക്കുമേൽ കുററം വൎദ്ധിപ്പിച്ചുതുടങ്ങും. ലോകോപദ്രവം വൎദ്ധിക്കയും ചെയ്യും. കണ്ടതു പറയുമ്പോൾ ആ ഉപദ്രവത്തിന്നു ശാന്തിയുണ്ട്. അതുകൊണ്ടു ലോകഹിതംതന്നെ നീ പറഞ്ഞത്. കുററക്കാരൻെറ കുററത്തിന്നാകുന്നു ശിക്ഷിക്കുന്നത്, അതുകൊണ്ടു നിണക്കു പാപം ഇല്ല. എന്നാലൊ ശിക്ഷിക്കുന്ന ജഡ്ജിക്കും പാപമുണ്ടല്ലൊ. പാപികളെ ശിക്ഷിക്കുന്ന ഈശ്വരന്നും പാപമുണ്ട് എന്നു പറയേണം. ഈ വക സംഗതികളിൽ കണ്ടതു പറയാതെ ഇരിക്കുന്നതാണ് പാപം. കുററംകണ്ടതിനെ പറയുന്നതു കുററക്കാരന്നു ഹിതമല്ലല്ലൊ എന്നും ശങ്കിക്കുണ്ടാ. അവന്നും അതു നന്മതന്നെ. മേൽക്കുമേൽ കുററം ചെയ്തു എന്നും അവന്നു നരകത്തിൽ പതിക്കുവാൻ ഇടവരുന്നില്ലല്ലൊ. കുററത്തിന്നനുരൂപമായ ശിക്ഷ ചെയ്തുവിട്ടിട്ടുള്ള എത കുററക്കാർ പിന്നെ ആ വക കുററം ചെയ്യാതെ മൎയ്യാദക്കാരായി നടന്നുകാണുന്നു. അപ്പോൾ സത്യവാദി ശരിയായി നടത്തുവാനുള്ള ശിക്ഷയ്ക്കു സഹായിച്ച പുണ്യത്തിന്നു പാത്രമായി എന്നല്ല കുററക്കാരന്നും നാട്ടുകാൎക്കും നന്മയ്ക്കും കൎത്താവായി. സത്യവാദി കുററം കണ്ടതിനെ പറയാഞ്ഞാൽ കുററം വൎദ്ധി

പ്പാൻ സഹായിച്ച പാപത്തിന്നു പാത്രമായി എന്നല്ല കററ ക്കാരന്നും നാട്ടുകാൎക്കും തിന്മയ്ക്കും കൎത്താവായി. അതുകൊണ്ടു കണ്ടതും കേട്ടതും അനുഭവിച്ചതുമായ വിഷയത്തെ മറച്ചുവെ ക്കാതെ പറയേണ്ടതും ആവശ്യംതന്നെ. എന്നാൽ ഔഷധം സേവിക്കുമ്പോൾ നാവിന്ന് അഹിതമായിരിക്കുന്നു എങ്കിലും സൎവ്വാംഗങ്ങൾക്കും ആ നാവിന്നും ആരോഗ്യത്തെ നൽകുന്നനി മിത്തം എങ്ങിനെ ഹിതമായിരിക്കുന്നുവൊ അപ്രകാരം പറയു ന്നതു ദുർബ്ബുദ്ധിക്ക് അഹിതമായിരുന്നാലും അവന്നും മററുള്ള വൎക്കും ശ്രേയസ്സിനെ നല്കുന്നനിമിത്തം ഹിതമായിരിക്കേണം. അതാണ് സത്യം എന്ന് അഭിപ്രായം.

൩. "അസ്തേയം".

കൎമ്മണാമനസാവാചാ പരദ്രവ്യേഷുനിസ്പൃഹാ
അസ്തേയമിതി സംപ്രോക്ത മൃഷിഭിസ്തത്വദൎശിഭിഃ.

അൎത്ഥം:—കൎമ്മംകൊണ്ടും മനസ്സുകൊണ്ടും വാക്കുകൊ ണ്ടും പരദ്രവ്യത്തെ ആഗ്രഹിക്കാതെ ഇരിക്കുന്നത് അസ്തേയമാ കുന്നു എന്നു തത്വദൎശികളായ ഋഷികൾ പറഞ്ഞിരിക്കുന്നു.

൪. "ബ്രഹ്മചൎയ്യം." 'ഗുഃപ്തേന്ദ്രിയസ്യോപസ്ഥസ്യസംയ മഃ.' അൎത്ഥം:—ഉപസ്ഥേന്ദ്രിയചാപല്യം ഇല്ലാതെ ഇരിക്കുന്ന തു ബ്രഹ്മചൎയ്യം എന്നു പറയപ്പെടുന്നു.

കൎമ്മണാമനസാവാചാ സൎവ്വാവസ്ഥാസുസൎവ്വദാ
സൎവ്വത്രമൈഥുനത്യാഗൊ ബ്രഹ്മചൎയ്യംപ്രചക്ഷതെ.

അൎത്ഥം:—ഒരു അവസ്ഥയിലും ഒരിക്കലും ഒരു സ്ഥലത്തും പ്രവൃത്തിയിലും മനസ്സിലും വാക്കിലും മന്മഥവികാരം വരാതെ ഇരിക്കുന്നതു ബ്രഹ്മചൎയ്യം എന്നു പറയുന്നു.

൫. "അപരിഗ്രഹം."

ദേഹയാത്രാതിരിക്തഭോഗസാധനാസ്വീകാരഃ.

അൎത്ഥം:—ദേഹത്തെ ഭരിക്കേണ്ടതിൽനിന്നു കവിഞ്ഞിട്ടു ള്ള സുഖപദാൎത്ഥങ്ങളെ പരിഗ്രഹിക്കാതെ ഇരിക്കുന്നതു അപ രിഗ്രഹമാകുന്നു. മഹാ ജ്ഞാനിയായാലും സൎവ്വവും ഉപേക്ഷി ച്ചാലും ദേഹത്തെ ഉപേക്ഷിപ്പാൻ നിൎവ്വാഹമില്ല. അതുകൊ ണ്ട് അതു നശിക്കുന്നതുവരെ അതിൻെറ രക്ഷയ്ക്കുമാത്രം ശി ഷ്യന്മാരാലൊ അന്യന്മാരാലൊ നല്കപ്പെട്ടതൊ സ്വയത്നസി

ധമായതൊ സ്വീകരിക്കാം. ദേഹരക്ഷയ്ക്കു വേണ്ടതിൽനിന്ന് അധികം സ്വീകരിച്ചുപോകരുത് എന്ന് അഭിപ്രായം. മേൽ വിവരിക്കപ്പെട്ട അഞ്ചും യമങ്ങളാകുന്നു.

നിയമങ്ങൾ.

'ശൌചസന്തോഷതപഃ സ്വാദ്ധ്യായേശ്വരപ്രണിധാനാനിനിയമാഃ'. ൧ ശൌചം, ൨. സന്തോഷം, ൩. തപസ്സ്, ൪. സ്വാദ്ധ്യായം, ൫. ഈശ്വരപ്രണിധാനം. ഈ അഞ്ചും നിയമങ്ങളാകുന്നു. നിയമയന്തീതിനിയമാഃ നിയമിക്കുന്നതുകൊണ്ടു നിയമങ്ങൾ എന്നു പേർ. നിയമിക്കുക=ഏർപ്പെടുത്തുക (മോക്ഷകാരണത്തിൽ ഏർപ്പെടുത്തുന്നവ നിയമങ്ങൾ ആകുന്നു.)

൧. "ശൌചം" എന്തെന്നാൽ. 'ചിത്തമലാനാമാക്ഷാളനം' അർത്ഥം:—ചിത്തത്തിൻെറ അസൂയാദികളാകുന്ന മലിനതയെ നീക്കിക്കളയുന്നതു് ആന്തരമായ ശൌചമാകുന്നു.

൨. "സന്തോഷം" അർത്ഥം സ്പഷ്ടം.

൩. "തപസ്സ്" 'തപോദ്വന്ദ്വസഹനം ദ്വന്ദ്വഞ്ചസുഖദുഃഖെ' അർത്ഥം:—ദ്വന്ദ്വത്തെ സഹിക്കുന്നതു തപസ്സാകുന്നു. ദ്വന്ദ്വം എന്തെന്നാൽ സുഖവും ദുഃഖവും ആകുന്നു. സുഖം ഉണ്ടാകുമ്പോൾ കവിഞ്ഞുമദിച്ചു നടക്കരുത്. ദുഃഖം നേരിടുമ്പോൾ മനസ്സിന്ന് ഇടിച്ചിലും വരരുത്. സുഖദുഃഖങ്ങൾ രണ്ടിലും മനസ്സിന്നു വികാരം വരരുത് എന്നു സാരം.

൪. "സ്വാദ്ധ്യായം."

'സ്വാദ്ധ്യായൊ മോക്ഷശാസ്ത്രാണാമദ്ധ്യയനം പ്രണവജപോവാ.' അർത്ഥം:—മോക്ഷശാസ്ത്രത്തെ ശീലിക്കയൊ ഓങ്കാരത്തെ ജപിക്കയൊ ചെയ്യുന്നതു സ്വാദ്ധ്യായമാകുന്നു.

൫. "ഈശ്വരപ്രണിധാനം" 'തസ്മിൻ പരമഗുരൌ സർവ്വകർമ്മാർപ്പണം.' അർത്ഥം:—സർവ്വകർമ്മത്തെയും ഈശ്വരന്ന് അർപ്പിക്കുന്നതു് ഈശ്വരപ്രണിധാനം (ഭക്തിവിശേഷം) ആകുന്നു.

ശിഷ്യൻ:—സ്വാമിൻ! അപ്പോൾ യോഗികളും കർമ്മങ്ങൾ ചെയ്യേണം എന്നും നിയമിച്ചിരിക്കുന്നു എന്നു സിദ്ധിച്ചു. ഇവിടുന്നൊ പ്രമാണയുക്തിപുരസ്സരം കർമ്മങ്ങളെ ഖണ്ഡിച്ചിരിക്കുന്നു. ഇതിനെ എങ്ങിനെ സമാധാനിക്കും?

ഗുരു:— ഹേ ശിഷ്യ! യോഗാഭ്യാസത്തിന്നു വിഘ്നങ്ങളായ ഹിംസാസഹിതയാഗങ്ങൾ, കൃഛ്രചാന്ദ്രായണാദിവ്രതങ്ങൾ, തീൎത്ഥാടനംമുതലായ അജ്ഞാനകൎമ്മങ്ങളെയാകുന്നു ഞാൻ ഖണ്ഡിച്ചതു്. ലോകത്തിലിരിക്കുമ്പോൾ സ്വദേഹഭരണത്തിന്നു വേണ്ടിയൊ പരോപകാരാൎത്ഥമായൊ ന്യായമായ വല്ല പ്രവൃത്തിയും ചെയ്യേണ്ടിവരും. ആ കൎമ്മങ്ങളെയും സജ്ജനദൎശനം, സജ്ജനസംഭാഷണം, സജ്ജനശുശ്രൂഷാ, പ്രാൎത്ഥനാവന്ദനം, സ്തോത്രം, യോഗശാസ്ത്രോക്തമററുകൎമ്മങ്ങൾ ഇവയേയും ഫലാപേക്ഷകൂടാതെ ഭക്തികൊണ്ടു് ഈശ്വരാൎപ്പണമായി ചെയ്യേണമെന്നാണു് ഈ "പ്രണിധാനം" എന്നതിന്നു ഞാൻ വ്യാഖ്യാനിച്ചതു്. നിയമം ക്രിയായോഗമാണെന്നും ഇതു ബഹിരംഗമാണെന്നും യോഗശാസ്ത്രത്തിൽ ഇതു കല്പിപ്പാനുള്ള കാരണം ഇന്നതാണെന്നും ഞാൻ മുമ്പു പറഞ്ഞുവെല്ലൊ. നിയമങ്ങൾക്കു പ്രവൃത്തിപരമായ അൎത്ഥം കല്പിക്കുമ്പോൾ അതു യോഗത്തിന്നു വിഘ്നമായിവരുന്നു. അതുകൊണ്ടാണു് ഞാൻ ശൌചം എന്നും തപസ്സ് എന്നും ഈശ്വരപ്രണിധാനം എന്നും പറയപ്പെടുന്നവയ്ക്കു ചില യോഗശാസ്ത്രവ്യാഖ്യാനങ്ങളിൽ പറഞ്ഞ പ്രവൃത്തിപരമായ വാച്യാൎത്ഥത്തെ വിട്ടു നിവൃത്തിപരമായ ലക്ഷ്യാൎത്ഥത്തെ മാത്രം എടുത്തു് എഴുതിയതു്. ഇങ്ങിനെ ചെയ്വാനുള്ള അധികാരവും ധൈൎയ്യവും ഇനിക്കു യോഗശാസ്ത്രത്തിൽനിന്നും എന്റെ അനുഭവത്തിൽനിന്നും സിദ്ധിച്ചിരിക്കുന്നു കേൾക്കു.

"യമാഏവ പരമഹംസാനാമാവശ്യകാഃ നതുനിയമാഃ പ്രവൃത്തിരൂപതയാ യോഗാന്തരായത്വാൽ" എന്നു യോഗവാൎത്തികത്തിൽ പറഞ്ഞിരിക്കുന്നു.

അൎത്ഥം:— യമങ്ങൾതന്നെയാണു് യോഗികൾക്കു് ആവശ്യങ്ങളായിട്ടുള്ളവ. നിയമങ്ങൾ പ്രവൃത്തിരൂപങ്ങളായിരിക്കുയാൽ യോഗത്തിന്നു വിഘ്നങ്ങളായിരിക്കുന്നതുകൊണ്ടു് ആവശ്യങ്ങളല്ല.

ശിഷ്യൻ— സ്വാമിൻ! നിയമങ്ങൾ എങ്ങിനെയാണു് യോഗത്തിന്നു വിഘ്നങ്ങളായിരിക്കുന്നതു്?

ഗുരു:— "സ്വാദ്ധ്യായം" എന്നതിന്നു "മോക്ഷശാസ്ത്രാണാം

മധയനം''(മോക്ഷശാസ്ത്രങ്ങളെ പഠിക്കുക എന്നകൂടി അൎത്ഥം കല്പിച്ചിട്ടുണ്ട്). ഈ പഠിപ്പിൽ ഏൎപ്പെട്ടാൽ വളരെക്കാലം അതിന്നുവേണ്ടി പോകുന്നു. ഇതു മനോലയമായ രാജയോഗത്തിനെ ശീലിക്കുന്നതിന്നു വിഘ്നമല്ലയൊ? അതുകൊണ്ടാകുന്നു "സൎവ്വഞ്ചോദരപൂരണായ ꞉പഠനം നശ്രേയസഃകാരണം''എന്ന് അമനസ്കഖണ്ഡത്തിൽ പറഞ്ഞത്.

അൎത്ഥം:—എല്ലാ പഠിപ്പും ഉദരത്തെ പൂരിപ്പാൻ കൊള്ളാം, മുക്തിക്കു കാരണമല്ല ഇതിനെപ്പററി ശ്രുതികൾ ഞാൻ മുമ്പു꞉ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇനിയും പറയുന്നില്ല.

"ശൌചം."

ശൌചന്തു ദ്വിവിധം പ്രോക്തം ബാഹ്യമാഭ്യന്തരംതഥാ
മൃജ്ജലാഭ്യാംസ്മൃതംബാഹ്യം മനഃശ്ശുദ്ധിസ്തഥാന്തരം.

അൎത്ഥം:—ബാഹ്യം എന്നും ആഭ്യന്തരം എന്നും ശൌചം രണ്ടുവിധം പറയപ്പെട്ടിട്ടുണ്ട്. മണ്ണുകൊണ്ടും ജലംകൊണ്ടും തേച്ചുകഴുകി കുളിക്കുന്നതു ബാഹ്യശൌചമാകുന്നു. മനസ്സിന്നു ശുദ്ധിവരുത്തുന്നത് ആന്തരശൌചമാകുന്നു. ഇങ്ങിനെ അൎത്ഥം കല്പിച്ചതുകൊണ്ടു ചില കൂട്ടർ സ്നാനംകൂടി ചെയ്താലെ ശുദ്ധി വരൂ എന്നും സ്നാനം ചെയ്തതിന്നുശേഷമെ ധ്യാനാദികളെ ചെയ്തുകൂടു എന്നും ഭ്രമിച്ചു പ്രാതഃസ്നാനത്തിന്നു പായുന്നു. സംഗതിവശാൽ സ്നാനത്തിന്നു തരം വന്നില്ലെങ്കിൽ അന്നേത്തെ യോഗാഭ്യാസവും ധ്യാനവും മുടങ്ങി. ചില ദേഹികൾക്കു ചില കാലത്തിൽ പ്രാതഃസ്നാനം ചില രോഗത്തേയും ഉണ്ടാക്കുന്നു. ആ തരത്തിലും ഭംഗം നേരിടുന്നു.

"തപസ്സ്'' എന്നതിന്നു 'വ്രതാനിചൈവ' എന്നും പാതഞ്ജലയോഗസൂത്രവ്യാഖ്യാനത്തിൽ അൎത്ഥം കല്പിച്ചിരിക്കുന്നു.

അൎത്ഥം:—വ്രതങ്ങളും തപസ്സുതന്നെ. പട്ടിണികിടക്കുമ്പോൾ മനസ്സു ധ്യാനത്തിൽ നേരെ നില്ക്കയില്ല. ഉഷ്ണിച്ചു രോഗങ്ങളും ഉണ്ടാകും. ഈ സംഗതിയെപ്പററി മുമ്പു ഞാൻ പ്രമാണപുരസ്സരം വിസ്തരിച്ചു പറഞ്ഞുപോയി. എങ്കിലും പ്രാതഃസ്നാനവും പട്ടിണിയും മററും യോഗശാസ്ത്രത്തിന്നും ഹിതമല്ലെന്നു വിശേഷിച്ചു പറഞ്ഞിരിക്കുന്നു.

പ്രാതസ്സ്നാനോപവാസാദി കായക്ലേശവിധിം ത്യജേൽ.

അൎത്ഥം:—പ്രാതഃസ്നാനം, പട്ടിണി മുതലായ കായക്ലേശവ്യാപാരത്തെ ത്യജിക്കേണം. എന്നു ഹഠയോഗപ്രദീപിക.

നാത്യശ്നതസ്തുയോഗോസ്തി ന ചൈകാന്തമനശ്നതഃ
നചാതിസ്വപ്നശീലസ്യ ജാഗ്രതോനൈവചാൎജ്ജുനഃ.

(എന്നു ഭഗവൽഗീതാ)

അൎത്ഥം:—ഹേ അൎജ്ജുന! മിതമല്ലാതെ ഭക്ഷിക്കുന്നവനും തീരെ പട്ടിണി കിടക്കുന്നവനും മിതമല്ലാതെ അധികം ഉറങ്ങുന്നവനും ഉറക്കം ഒഴിക്കുന്നവനും യോഗം സിദ്ധിക്കയില്ല.

യജ്ഞശ്ചാന്ദ്രായണംകൃച്ഛ്രം തീൎത്ഥാനിവിഷയാണിച
ദൃശ്യന്തെചഇമെവിഘ്നാ ധൎമ്മരൂപേണസംസ്ഥിതാഃ.

(എന്നു ശിവസംഹിതാ)

അൎത്ഥം:—യാഗവും കൃച്ഛ്രചാന്ദ്രായണവ്രതവും തീൎത്ഥങ്ങളും വിഷയങ്ങളും ധൎമ്മരൂപങ്ങളായ വിഘ്നങ്ങളായി കാണപ്പെടുന്നു

ശരീരാരോഗ്യതഃസൎവ്വം ജായതെസുഖസംയുതം.

(എന്നു കപിലഗീതാ)

അൎത്ഥം:—ശരീരാരോഗ്യത്തിൽനിന്ന് എല്ലാം സുഖത്തോടുകൂടി തീരുന്നു.

യുക്താഹാരവിഹാരസ്യ യുക്തചേഷ്ടസ്യകൎമ്മസു
യുക്തസ്വപ്നാവബോധസ്യ യോഗോഭവതിദുഃഖഹാ.

(എന്നു കപിലഗീതാ)

അൎത്ഥം:—ശരിയായ ആഹാരവിഹാരങ്ങളോടും ശരിയായ വ്യാപാരത്തോടും ശരിയായ ഉറക്കത്തോടും ജാഗ്രതയോടും കൂടിയവന്റെ യോഗം ദുഃഖങ്ങളെ ഒക്കെയും നീക്കുന്നു. ഈവക പ്രമാണങ്ങളേയും യോഗവാൎത്തികത്തേയും എന്റെ അനുഭവത്തേയും അനുസരിച്ചിട്ടാകുന്നു പ്രവൃത്തിമാൎഗ്ഗപരമായി നിയമങ്ങൾക്കു വ്യാഖ്യാനിച്ചിരിക്കുന്ന "അൎത്ഥം" യോഗത്തിനു വിഘ്നമാണെന്ന് അറിഞ്ഞ് അതിനെ ഉപേക്ഷിച്ച് അനുകൂലമായ അൎത്ഥത്തെ മാത്രം ഞാൻ ഇതിൽ എടുത്ത് എഴുതിയത്. നിയമത്തിൽ സംഗ്രഹിക്കപ്പെട്ട അനുകൂലമായ അൎത്ഥത്തെ

ന്നെയാണ് ഭഗവൽഗീതയിൽ യജ്ഞതപഃകർമ്മഭക്തികൾക്കു കൃഷ്ണൻ കല്പിച്ചിട്ടുള്ളതും. മുക്തിമാർഗ്ഗത്തിൽനിന്നു തെററിച്ചു ജനങ്ങളെ ദുഃഖത്തിൽ പെടുത്തുന്ന അർത്ഥത്തെ ഏതൊരു മഹാത്മാവും ഇഷ്ടപ്പെടുകയില്ല.

ന. "ആസനം." 'സ്ഥിരസുഖമാസനം.'

അർത്ഥം:—സ്ഥിരമായും സുഖകരമായും ഇരിക്കുന്ന ഇരിപ്പ് ആസനമാകുന്നു.

വസിഷ്ഠാദ്യൈശ്ച മുനിഭി ർമ്മത്സ്യേന്ദ്രാദ്യൈശ്ച യോഗിഭിഃ
അംഗീകൃതന്യാസനാനി കഥ്യന്തേകാനിചിന്മയാ

അർത്ഥം:—വസിഷ്ഠർ മുതലായ മുനികളാലും മത്സ്യേന്ദ്രൻ മുതലായ യോഗികളാലും സ്വീകരിക്കപ്പെട്ടിട്ടുള്ള ചില ആസനങ്ങൾ എന്നാൽ ഇവിടെ പറയപ്പെടുന്നു.

### സ്വസ്തികാസനം.

ജംഘോർവ്വോരന്തരെസമ്യക് കൃത്വാപാദതലെ ഉഭെ
ഋജുകായഃസമാസീനഃ സ്വസ്തികംതൽപ്രചക്ഷതെ.

അർത്ഥം—:മുഴങ്കാലിന്റേയും തുടയുടേയും ഇടയിൽ രണ്ടു കാലടികളേയുംവെച്ചു ശരീരം വളയാതെ നേരെ ഇരിക്കുന്നതു സ്വസ്തികാസനമെന്നു പറയുന്നു.

### വീരാസനം.

ഏകംപാദംതഥൈകസ്മിൻ വിന്യസെദൂരുണിസ്ഥിതം
ഇതരസ്മിംസ്തഥാചോരും വീരാസനമിതീരിതം.

അർത്ഥം:—വലത്തെ കാലിനെ ഇടത്തെ തുടമേൽ വെക്കേണം. ഇടത്തെ കാലിൽ വലത്തെ തുടയെ വെക്കേണം. എന്നാൽ അതു വീരാസനമെന്നു പറയപ്പെടുന്നു.

### പത്മാസനം.

വാമോരൂപരിദക്ഷിണഞ്ചചരണം സംസ്ഥാപ്യവാമംതഥാ
ദക്ഷോരൂപരിപശ്ചിമേനവിധിനാ ധൃത്വാകരാഭ്യാംദൃഢം
അംഗുഷ്ഠൌഹൃദയെനിധായചിബുകംനാസാഗ്രമാലോകയേ
ദേതദ്വ്യാധിവിനാശകാരിയമിനാം പത്മാസനംപ്രോച്യതെ

അർത്ഥം;—ഇടത്തെ തുടയുടെ മേൽ വലത്തെ കാലിനേയും വലത്തെ തുടമേൽ ഇടത്തെ കാലിനേയും വെച്ചു പിൻഭാ

ഗത്തുകൂടി വലത്തെ കൈകൊണ്ട് ഇടത്തെ തുടമേലിരിക്കുന്ന വലത്തെ കാൽ പെരുവിരലിനെ പിടിച്ച് അപ്രകാരം ഇടത്തെ കൈകൊണ്ടു വലത്തെ തുടമേലിരിക്കുന്ന ഇടത്തെ കാൽ പെരുവിരലിനേയും പിടിച്ചു താടിയെ തൊണ്ടക്കുഴിക്കു താഴെ വെച്ചു നാസാഗ്രത്തെ നോക്കിയിരിക്കേണം. ഇതു യോഗികളുടെ വ്യാധിയെ നശിപ്പിക്കുന്ന പത്മാസനമെന്നു പറയപ്പെടുന്നു.

സിദ്ധാസനം.

യോനിസ്ഥാനകമംഘ്രിമൂലഘടിതംകൃത്വാദൃഢംവിന്യസെ-
ന്മേഢ്രേപാദമഥൈകമേവഹൃദയേകൃത്വാഹനുംസുസ്ഥിരം
സ്ഥാണുഃ സംയമിതേന്ദ്രിയോചലദൃശാപശ്യേൽഭ്രുവോരന്തരം
ഹ്യേതന്മോക്ഷകവാടഭേദജനകം സിദ്ധാസനംപ്രോച്യതെ.

അൎത്ഥം:—മലദ്വാരത്തിന്റെയും ഉപസ്ഥത്തിന്റെയും മദ്ധ്യപ്രദേശമാകുന്നു യോനിസ്ഥാനം. അവിടെ ഇടത്തെ കാലിന്റെ കുതികാലിനെ ചേൎത്തു വലത്തെ കാലിനെ അതിന്മേൽ വെച്ചു താടിയെ തൊണ്ടക്കുഴിക്കു താഴെ നല്ലവണ്ണം ചേൎത്ത് അനങ്ങാതെ ഇന്ദ്രിയങ്ങളെ ഒതുക്കി കണ്ണിന്റെ ഇമ അനങ്ങാതെ പുരികമദ്ധ്യത്തിനെ നോക്കിയിരിക്കുന്നതു സിദ്ധാസനമാകുന്നു. ഇതു മോക്ഷവാതിലിനെ തുറപ്പിക്കുന്നതാകുന്നു.

മുഖ്യംസൎവ്വാസനേഷ്വേകം സിദ്ധാഃസിദ്ധാസനംവിദുഃ.

അൎത്ഥം:—സിദ്ധന്മാർ എല്ലാ ആസനങ്ങളിൽവെച്ചു സിദ്ധാസനം ഒന്നിനെയാകുന്നു മുഖ്യമായി ഗ്രഹിച്ചിട്ടുള്ളത്.

ചതുരശീതിപീഠേഷു സിദ്ധമേവസദാഭ്യസേൽ
ദ്വാസപ്തതിസഹസ്രാണാം നാഡീനാംമലശോധനം.

അൎത്ഥം:—എമ്പത്തിനാല് ആസനങ്ങളിലുംവെച്ചു സിദ്ധാസനത്തെത്തന്നെ എല്ലാപ്പോഴും അഭ്യസിക്കേണം. എഴുപത്തീരായിരം നാഡികളേയും അതു ശുദ്ധിചെയ്യും.

കിമന്യൈൎബ്ബഹുഭിഃപീഠൈഃ സിദ്ധേസിദ്ധാസനേസതി.

അൎത്ഥം:- സിദ്ധാസനം സിദ്ധിച്ചാൽ മറ്റുള്ള അനേകാസനം എന്തിന്നു? ആവശ്യമില്ല

ബന്ധത്രയമനായാസാൽ സ്വയമേവോപജായതെ.

അൎത്ഥം:— സിദ്ധാസനം സിദ്ധിച്ചാൽ പ്രയാസംകൂടാതെ താനേതന്നെ ബന്ധത്രയവും (൧. ഉഡ്യാനബന്ധവും ൨. ജാലന്ധരബന്ധവും ൩. മൂലബന്ധവും) സിദ്ധമായി ഭവിക്കുന്നു. അതുകൊണ്ടു മറ്റുള്ള ആസനങ്ങളെ ഒന്നും ഇവിടെ പറയുന്നില്ല.

### പ്രാണായാമം.

പ്രാണംചേദിഡയാപിബേന്നിയമിതംഭൂയോന്യയാരേചയേൽ
പീത്വാപിംഗളയാസമീരണമഥോ ബദ്ധ്വാത്യജേദ്വാമയാ
സൂൎയ്യാചന്ദ്രമസോരനേനവിധിനാഭ്യാസംസദാതന്വതാം
ശുദ്ധാനാഡിഗണാഭവന്തിയമിനാംമാസത്രയാദൂൎദ്ധ്വതഃ.

അൎത്ഥം:— ഇടത്തെ മൂക്കിൽക്കൂടി ശ്വാസത്തെ വലിച്ചു കഴിയുന്നേടത്തോളം സ്തംഭിച്ചു പിന്നെ വലത്തെ മൂക്കിൽക്കൂടി ശ്വാസത്തെ വിടേണം. പിന്നെ വലത്തെ മൂക്കിൽക്കൂടി ശ്വാസത്തെ വലിച്ചു കഴിയുന്നേടത്തോളം സ്തംഭിച്ച് ഇടത്തെ മൂക്കിൽക്കൂടി വിടേണം. ഇങ്ങിനെ ഇടത്തേതിൽക്കൂടിയും വലത്തേതിൽക്കൂടിയും മാറി മാറി ഇടവിടാതെ അഭ്യസിക്കുന്ന യോഗികളുടെ നാഡികൾ മൂന്നുമാസംകൊണ്ടു ശുദ്ധമാകും.

പ്രാതൎമ്മദ്ധ്യംദിനെസായ മൎദ്ധരാത്രെ ചകുംഭകാൻ
ശനൈരശീതിപൎയ്യന്തം ചതുൎവ്വാരംസമഭ്യസേൽ.

അൎത്ഥം:— രാവിലെയും ഉച്ചയ്ക്കലും വൈകുന്നേരത്തും അൎദ്ധരാത്രിയിലും ഇങ്ങിനെ നാലു സമയം അഭ്യസിക്കേണം. ഓരെ സമയത്തിന്ന് എമ്പതുവീതം പ്രാണയാമം ചെയ്യേണം.

യേനത്യജേത്തേനപീത്വാ ധാരയേദതിരോധതഃ
രേചയേച്ചതതോന്യേന ശനൈരേവനവേഗതഃ.

അൎത്ഥം:— ഇടത്തേതിൽക്കൂടി ശ്വാസത്തെ വിട്ടാൽ ഉള്ളിലേക്കു ശ്വാസത്തെ വലിക്കുന്നതും ഇടത്തേതിൽക്കൂടിത്തന്നെ വേണം. വലത്തേതിൽക്കൂടി ശ്വാസത്തെ വിട്ടാൽ വലത്തേതിൽക്കൂടിത്തന്നെ ശ്വാസത്തെ വലിക്കേണം. "ധാരയേദതിരോധതഃ" എന്നു പറഞ്ഞതുകൊണ്ടു വിയൎപ്പൊ ദേഹകമ്പമൊ ഉണ്ടാകുന്നവരെ ശ്വാസത്തെ സ്തംഭിക്കേണമെന്നു താല്പൎയ്യം. "ശനൈരേവനവേഗതഃ" എന്നു മേൽ പറഞ്ഞ ശ്ലോകത്തിൽ

പറഞ്ഞതുകൊണ്ടു വായുവിനെ വിടുമ്പോൾ മെല്ലെ മെല്ലെ വിടേണം. വേഗം ഒന്നായി വിടരുത് എന്നഭിപ്രായം.

വേഗാദ്രേചനെ ബലഹാനിഃസ്യാൽ.

അൎത്ഥം:—വേഗത്തിൽ വിട്ടാൽ ബലക്ഷയം ഭവിക്കും എന്നു ഹഠയോഗപ്രദീപികാവ്യാഖ്യാനത്തിൽ പറഞ്ഞിരിക്കുന്നു.

ശിഷ്യൻ:- സ്വാമിൻ!

ധൌതിർവ്വസ്തിസ്തഥാനേതിസ്ത്രാടകംനൌലികംതഥാ

കപാലഭാതിശ്ചൈതാനി ഷൾകൎമ്മാണിപ്രചക്ഷതെ. ൧

ഷൾകൎമ്മനിൎഗ്ഗതസ്ഥൌല്യകഫദോഷമലാദികഃ

പ്രാണായാമാതതഃകുൎയ്യാദനായാസേനസിദ്ധ്യതി. ൨

൧ അൎത്ഥം:—ധൌതി, വസ്തി, നേതി, ത്രാടകം, നൌലികം, കപാലഭാതി എന്ന് ആറു കൎമ്മങ്ങളെ പറഞ്ഞിട്ടുണ്ടു്.

൨. ആ ആറു കൎമ്മങ്ങൾ ചെയ്തു് അതുകൊണ്ടു ദേഹത്തിന്റെ സ്ഥൂലതയും കഫദോഷവും മലം മുതലായതും കളഞ്ഞ് അതിന്നുശേഷം പ്രാണായാമത്തെച്ചെയ്താൽ എളുപ്പത്തിൽ സിദ്ധിക്കും എന്നു ഹഠയോഗപ്രദീപികയിൽ പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ആ ഷൾകൎമ്മം ചെയ്തിട്ടു വേണ്ടെ പ്രാണായാമം ചെയ്യുവാൻ?

ഗുരു:—അവ ചെയ്യാതെയും പ്രാണായാമം ചെയ്യാമെന്ന് അതിൽതന്നെ പറഞ്ഞിട്ടുണ്ടു്.

പ്രാണായാമൈരേവസൎവ്വേ പ്രശുഷ്യന്തിമലാഇതി

ആചാൎയ്യാണാന്തുകേഷാഞ്ചിദന്യൽകൎമ്മനസമ്മതം.

അൎത്ഥം:—പ്രാണായാമങ്ങൾകൊണ്ടുതന്നെ എല്ലാ ദോഷങ്ങളും ശമിക്കുന്നു. അതുകൊണ്ടു ചില ആചാൎയ്യന്മാർ ഷൾകൎമ്മത്തെ സമ്മതിച്ചിട്ടില്ല.

ശിഷ്യൻ:—പ്രാണായാമം എത്രവിധം ഉണ്ടെന്നുകൂടി കേട്ടാൽ കൊള്ളാം.

ഗുരു:— പ്രാണായാമസ്ത്രിധാപ്രോക്തോരേചപൂരകകുംഭകൈഃ

അൎത്ഥം:--രേചകപൂരകകുംഭകങ്ങളാൽ പ്രാണായാമം മൂന്നുവിധത്തിൽ പറയപ്പെട്ടിരിക്കുന്നു. ൧. രേചകപ്രാണായാമം,

൨. പൂരകപ്രാണായാമം, ൩. കുംഭകപ്രാണായാമം ഇങ്ങിനെ മൂന്നുവിധം പ്രാണായാമം.

൧. "രേചകപ്രാണായാമം" എങ്ങിനെയെന്നാൽ
നിഷ്ക്രമ്യനാസാവിവരാദശേഷം
പ്രാണംബഹിഃശൂന്യമിവാനിലേന
നിരുദ്ധ്യസംതിഷ്ഠതിരുദ്ധവായുഃ
സരേചകോനാമ മഹാനിരോധഃ.

അൎത്ഥം:—നാസാദ്വാരത്തിൽനിന്നു മുഴുവനും വെളിക്കു പോയിരിക്കുന്ന ശ്വാസത്തെ ഉള്ളിലേക്കു പ്രവേശിക്കാനയയ്ക്കാതെ വെളിയിൽതന്നെ തടുത്തുനിറുത്തുന്നതു രേചകപ്രാണായാമമാകുന്നു. പ്രാണന്റെ ആയാമം (പ്രാണായാമം ആയാമം=തടഞ്ഞു നിറുത്തൽ).

൨. "പൂരകപ്രാണായാമം."
ബാഹ്യേസ്ഥിതംഘ്രാണപുടേനവായു
മാകൃഷ്യതേനൈവശനൈഃസമന്താൽ
നാഡീശ്ചസൎവ്വാഃപരിപൂരയേദ്യഃ
സപൂരകോനാമമഹാനിരോധഃ.

അൎത്ഥം:—പുറത്തുള്ള വായുവിനെ മെല്ലെ മെല്ലെ നാസികാദ്വാരത്തിൽകൂടി വലിച്ചു നാലുഭാഗത്തുള്ള എല്ലാ നാഡികളേയും പൂരിപ്പിക്കുന്നതു പൂരകപ്രാണായാമമാകുന്നു.

൩. "കുംഭകപ്രാണായാമം."

സമ്പൂൎണ്ണകുംഭവദ്വായോൎദ്ധാരണംകുംഭകോഭവേൽ.

അൎത്ഥം:—വായുവിനെ അകത്തു നിറച്ചു വിടാതെ സ്തംഭിച്ചുനിറുത്തുന്നതുതന്നെ കുംഭകപ്രാണായാമം.

അയംകുംഭകസ്തുപൂരകപ്രാണായാമാദഭിന്നഃ.

(ഈ കുംഭകപ്രാണായാമം പൂരകപ്രാണായാമത്തിൽനിന്നു വ്യത്യാസപ്പെട്ടതല്ല.) മറെറാരുപ്രകാരത്തിൽകൂടി കുംഭകപ്രാണായാമത്തെ ഭാഗിച്ചിരിക്കുന്നു.

സഹിതഃകേവലശ്ചേതി കുംഭകോദ്വിവിധോമതഃ.

അൎത്ഥം:—സഹിതകുംഭകം എന്നും കേവലകുംഭകം എന്നും കുംഭകം രണ്ടുവിധം ഉണ്ട്.

"സഹിതകുംഭകം" എന്തെന്നാൽ.

ആരേച്യാപൂൎയ്യവാകുൎയ്യാൽ സവൈസഹിതകുംഭകഃ.

അൎത്ഥം:— ശ്വാസത്തെ പുറത്തേക്ക വിട്ടിട്ടൊ അല്ലെങ്കിൽ ഉള്ളിലേക്ക വലിച്ചിട്ടൊ സ്തംഭിപ്പിച്ചു നിറുത്തുന്നതുതന്നെ സഹിതകുംഭകം. അതല്പാം രേചകകുംഭകമെന്നും പൂരകകുംഭകമെന്നും സഹിതകുംഭകം തന്നെ രണ്ടുവിധമായി. എന്നാൽ.

തത്രരേചകപൂൎവ്വകൊ രേചകപ്രാണായാമാദഭിന്നഃ
പൂരകപൂൎവ്വകഃകുംഭകഃ പൂരകപ്രാണായാമാദഭിന്നഃ.

അൎത്ഥം:— അതിൽ രേചകകുംഭകം രേചകപ്രാണായാമം തന്നെ, പൂരകകുംഭകം പൂരകപ്രാണായാമംതന്നെ. ഈ രണ്ടും മുമ്പു പറഞ്ഞുപോയി.

"കേവലകുംഭകം" എന്തെന്നാൽ.

രേചകംപൂരകംമുക്ത്വാ സുഖംയദ്വായുധാരണം
പ്രാണായാമൊയമിത്യുക്തഃ സവൈകേവലകുംഭകഃ.

അൎത്ഥം:— വായുവിനെ പുറത്തേക്ക വിടാതെയും അകത്തേക്ക വലിക്കാതെയും തന്നെ പ്രയാസംകൂടാതെ വായുവിനെ സ്തംഭിപ്പിക്കുന്ന പ്രാണായാമം കേവലകുംഭകമാകുന്നു.

യാവൽകേവലസിദ്ധിസ്യാൽ സഹിതംതാവദഭ്യസെൽ.

അൎത്ഥം:— കേവലകുംഭകം സിദ്ധിക്കുന്നതുവരെ സഹിതകുംഭകത്തെ അഭ്യസിക്കേണം. മാത്രാദി കാലനിയമത്തോടും പ്രണവാദി മന്ത്രജപത്തോടുംകൂടി പ്രാണായാമം ചെയ്യുന്നതുകൊണ്ടു സഗൎഭപ്രാണായാമം എന്നും അവകൂടാതെ പ്രാണായാമം ചെയ്യുന്നതുകൊണ്ട് അഗൎഭപ്രാണായാമം എന്നും രണ്ടുവിധം പേരുകൂടി മേൽ ചൊല്ലിയ പ്രാണായാമത്തിന്ന് ഉണ്ട്. അതിന്നു പ്രമാണം.

ജപധ്യാനാദിഭിൎയ്യുക്താം സഗൎഭംതംവിദുൎബ്ബുധാഃ
തദപേതംവിഗൎഭഞ്ച പ്രാണായാമംപരെവിദുഃ.

എന്ന് അദ്വൈതമാൎത്താണ്ഡത്തിൽ പറഞ്ഞിരിക്കുന്നു. അൎത്ഥം:— ജപം ധ്യാനം മുതലായവയോടുകൂടിയ പ്രാണായാമത്തെ സഗൎഭപ്രാണായാമമായി വിദ്വാന്മാർ ഗ്രഹിച്ചിരിക്കുന്നു. അവകൂടാതെയുള്ള പ്രാണായാമത്തെ വിഗൎഭപ്രാണായാമമാ

യി ഗ്രഹിച്ചിരിക്കുന്നു. അഗൎഭപ്രാണായാമമെന്നു പറഞ്ഞതിനെത്തന്നെയാണ് ഈ ശ്ലോകത്തിൽ വിഗൎഭപ്രാണായാമം എന്നു പറഞ്ഞത്.

"സഗൎഭപ്രാണായാമം" എങ്ങിനെയെന്നാൽ.

രേചയേൽഷോഡശേനൈവ ദ്വാത്രിംശന്മാത്രയാപൂരയേൽ

കുംഭയെച്ചചതുഃഷഷ്ട്യാ പ്രണവാൎത്ഥമനുസ്മരൻ.

അൎത്ഥം:— പ്രണവം പതിനാറുരു മനസ്സുകൊണ്ടു ജപിച്ചുകൊണ്ടു വലത്തെ മൂക്കിൽക്കൂടി രേചിക്കേണം (ശ്വാസത്തെ വെളിക്കു വിടേണം). പ്രണവത്തെ മുപ്പത്തിരണ്ട് ഉരു മനസാ സ്മരിച്ചു ജപിച്ചുകൊണ്ട് ഇടത്തെ മൂക്കിൽക്കൂടി പൂരിക്കേണം (വായുവിനെ അകത്തേക്കു വലിക്കേണം) പ്രണവം അറുപത്തിനാലുരു മനസ്സുകൊണ്ടു ജപിച്ചുകൊണ്ടു പ്രണവാൎത്ഥത്തെ സ്മരിച്ചുകൊണ്ടു വായുവിനെ കുംഭിക്കേണം (അകത്ത് അടക്കി പുറത്തേക്കു വിടാതെ ഇരിക്കേണം). ഇങ്ങിനെ അനുഷ്ഠിക്കുന്നതു സഗൎഭപ്രാണായാമമാകുന്നു.

"അഗൎഭപ്രാണായാമം" എന്തെന്നാൽ.

മുഞ്ചേദ്ദക്ഷിണയാവായും മാത്രാഹീനമനന്യധീഃ

പൂരയെദ്വാമയാതദ്വൽ കുംഭയെച്ചസുഷുമ്നയാ.

അൎത്ഥം:— ഏകാഗ്രചിത്തനായി പതിനാറുമാത്ര എന്ന കണക്കുകൂടാതെ വലത്തെ മൂക്കിൽക്കൂടി ശ്വാസത്തെ വിടേണം. മുപ്പത്തിരണ്ടുമാത്രാ എന്ന കണക്കുകൂടാതെ ഇടത്തെ മൂക്കിൽക്കൂടി വായുവിനെ ഉള്ളിലേക്കു വലിക്കേണം. അറുപത്തിനാലുമാത്ര എന്ന കണക്കുകൂടാതെ സുഷുമ്നയിൽ സ്തംഭിക്കയും ചെയ്യേണം. ഈ പ്രാണായാമത്തിൽ ഇത്ര മാത്രകൊണ്ടു പ്രാണനെ വിടേണം എന്നും ഇത്ര മാത്രകൊണ്ടു പ്രാണനെ പൂരിക്കണമെന്നും ഇത്രമാത്രനേരം പ്രാണനെ നിറുത്തണമെന്നും ഉള്ള നിയമമില്ല. എത്ര നേരംകൊണ്ടു വായുവിനെ രേചിപ്പാനും എത്രനേരംകൊണ്ടു പൂരിപ്പാനും എത്രനേരം കുംഭിക്കാനും (നിറുത്തുവാനും) കഴിയുമൊ അപ്രകാരം അഭ്യസിക്കാം. ഇതിന്നു പേർ അഗൎഭപ്രാണായാമം എന്നാകുന്നു. എന്റെ പക്ഷം ഇതാണ് വളരെ നല്ലത് എന്നാകുന്നു. എന്തുകൊണ്ടെന്നാൽ, മാത്രാകണക്കുപ്രകാരം പ്രാണനെ വിടുമ്പോഴും എത്രമാത്രയായി എന്നും, സ്തംഭിക്കുമ്പോഴും എത്രമാത്രയായി എന്നും ഉള്ള

കണക്കെ പിടിക്കുമ്പോൾ മനസ്സിന്നു പ്രവൃത്തി അതായി. അപ്പോൾ മനസ്സിന്ന് ഏകാഗ്രത സിദ്ധിപ്പാൻ പ്രയാസം. മനസ്സിന്ന് ഏകാഗ്രത വരാഞ്ഞാൽ പ്രാണൻ ലയിപ്പാനും പ്രയാസം. പ്രാണൻ ലയിപ്പാൻ പ്രയാസമായാൽ പ്രത്യാഹാരധാരണാധ്യാനസമാധികളും സിദ്ധിപ്പാൻ പ്രയാസം. എന്തുകൊണ്ടെന്നാൽ.

പ്രാണായാമഏവാഭ്യാസക്രമേണവൎദ്ധമാനഃ
പ്രത്യാഹാരധാരണാധ്യാനസമാധിശബ്ദൈരുച്യതെ.

എന്നു യോഗചിന്താമണിയിൽ പറഞ്ഞിരിക്കുന്നു. അൎത്ഥം: അഭ്യാസക്രമംകൊണ്ടു വൎദ്ധിച്ചുകൊണ്ടിരിക്കുന്ന പ്രാണായാമത്തെ തന്നെയാണ് പ്രത്യാഹാരമെന്നും, ധാരണാ എന്നും, ധ്യാനം എന്നും സമാധിയെന്നും പറയുന്നത്.

"ബ്രഹ്മരന്ധ്രംഗതഃപ്രാണൊ യദാപഞ്ചവിംശതിപലപൎയ്യന്തം തിഷ്ഠതിതദാപ്രത്യാഹാരഃ യദാ പഞ്ചഘടികാപൎയ്യന്തം തിഷ്ഠതി തദാധാരണാ യദാഷഷ്ടിഘടികാപൎയ്യന്തം തിഷ്ഠതി തദാധ്യാനം യദാ ദ്വാദശദിനപൎയ്യന്തം തിഷ്ഠതി തദാ സമാധിൎഭവതി." എന്നു ഹഠയോഗപ്രദീപികയിൽ പറഞ്ഞിരിക്കുന്നു. അൎത്ഥം:— പ്രാണായാമത്താൽ ബ്രഹ്മരന്ധ്രത്തെ പ്രാപിച്ചിരിക്കുന്ന പ്രാണൻ ഇരുപത്തഞ്ചു പലംവരെ നിന്നാൽ അപ്പോൾ പ്രത്യാഹാരമായി. അഞ്ചു നാഴിക നിന്നാൽ ധാരണയായി. അറുപതു നാഴിക നിന്നാൽ ധ്യാനമായി. പന്ത്രണ്ടു ദിവസം നിന്നാൽ സമാധിയായി. "ഷൾഭിഃശ്വാസൈരേകംപലംഭവെതി" (ആറു ശ്വാസത്തിന്നു വേണ്ടിവരുന്ന കാലത്തിന്ന് ഒരുപലം എന്നു പേർ) "സാൎദ്ധശ്വാസപലദ്വയാത്മകഃ കാലഃപ്രാണായാമകാലഃ" രണ്ടുപലത്തിന്നും അരശ്വാസത്തിന്നും വേണ്ടിവരുന്ന കാലം ഒരു പ്രാണായാമത്തിന്റെ കാലമാകുന്നു).

"നിദ്രാവശം ഗതസ്യപുംസൊ യാവതാകാലെനൈകഃ ശ്വാസൊ ഗച്ഛത്യാഗച്ഛതിച താവൽകാലഃ പ്രാണായാമസ്യ മാത്രേത്യുച്യതെ." അൎത്ഥം:— ഉറങ്ങുന്നവന്റെ ശ്വാസം എത്രനേരംകൊണ്ടു പുറത്തേക്കു പോകയും അകത്തേക്കു വരികയും ചെയ്യുന്നുവൊ അത്ര സമയം പ്രാണായാമത്തിന്റെ ഒരു മാത്രയെന്നു പറയപ്പെടുന്നു. ഇതു ഞാൻ പരീക്ഷിച്ചിട്ടുണ്ടു. ഒന്നു, രണ്ടു, മൂന്നു, നാലു, അഞ്ചു, ആറു എന്ന് എണ്ണുന്ന നേരംകൊ

ണ്ട് ഉറങ്ങുന്നവന്റെ ശ്വാസം പുറത്തേക്ക പോകയും അകത്തേക്ക വരികയും ചെയ്യുന്നു. ഒന്നുമുതൽ ആറുവരെ എണ്ണുന്ന നേരംകൊണ്ടു പുറത്തേക്ക പോകയും അകത്തേക്ക വരികയും ചെയ്യുന്ന ഒരു ശ്വാസമുണ്ടെല്ലൊ ആ ശ്വാസം ആറുകൂടിയതാണ് മന്ദ്വപലം എന്നു പറഞ്ഞത്. അങ്ങിനെയുള്ള പലം ഇരുപഞ്ചു കൂടിയതാണ് പ്രത്യാഹാരം. പ്രകാരാന്തരമായിട്ടും പ്രാണായാമമാത്രകളെ ഗണിച്ചിട്ടുണ്ട്. അതെല്ലാം എടുത്ത് എഴുതുന്നതുകൊണ്ടു ഗ്രന്ഥവിസ്താരം വരുത്തുക എന്നല്ലാതെ മറെറാരുഫലവും ഇല്ല. അതിനാൽ ആ വകയൊന്നും എടുത്തു പറയുന്നില്ല. മേൽപറഞ്ഞപ്രകാരം ഒരുവിധം പ്രാണായാമമാത്രയെ എടുത്തു പറഞ്ഞതുതന്നെ പ്രത്യാഹാരാദികൾ പ്രാണായാമത്തിന്റെ അഭിവൃദ്ധി മാത്രമാകുന്നു, അല്ലാതെ ഭിന്നകമ്മങ്ങളല്ലെന്നു കാണിപ്പാൻ വേണ്ടിയാകുന്നു. "സർവ്വേഷു യോഗസാധനേഷു പ്രാണായാമൊ മുഖ്യ സ്തൽസിദ്ധൌ പ്രത്യാഹാരാദീനാം സിദ്ധേഃ തദസിദ്ധൌ പ്രത്യാഹാരാദ്യസിദ്ധേശ്ച" എന്നു ഹഠപ്രദീപികയിൽ വ്യാഖ്യാനിച്ചിരിക്കുന്നു.

അത്ഥം:— പ്രാണായാമം സിദ്ധിച്ചാൽ പ്രത്യാഹാരധാരണാധ്യാനസമാധികൾ സിദ്ധിക്കുന്നതുകൊണ്ടും പ്രാണായാമം സിദ്ധിക്കാഞ്ഞാൽ അവ സിദ്ധിക്കാത്തതുകൊണ്ടും എല്ലാ യോഗസാധനങ്ങളിൽവെച്ചു പ്രാണായാമംതന്നെ മുഖ്യം. എന്പതിനാല് ആസനങ്ങളേയും, ഉഡ്യാണം, ജാലന്ധരം, മൂലബന്ധം എന്ന മൂന്നു ബന്ധത്തേയും, ധൌതി, വസ്തി, നേതി, ത്രാടകം, നൌലികം, കപാലഭാതി എന്ന ഷൾകമ്മങ്ങളേയും സൂര്യഭേദം, ഉജ്ജായി, സീൽകാരീ, ശീതളീ, ഭസ്ത്രികാ, ഭ്രാമരീ, മൂർഛ, പ്ലാവനീ എന്ന അഷ്ടകുംഭങ്ങളേയും മററും ചെയ്യാൻ അറിഞ്ഞാലും പ്രാണായാമം സിദ്ധിച്ചിട്ടില്ലെങ്കിൽ എല്ലാം വ്യത്ഥം.

൧. പ്രാണസംയമനേനൈവ സർവ്വേമുക്താഭവന്തിഹി.
൨. പ്രാണായാമൈർവ്വിശുദ്ധായെ തെ യാന്തിപരമാംഗതിം.
൩. സംസാരാണ്ണവമഗ്നാനാം താരകഃപ്രാണസംയമഃ.

(എന്നു യാജ്ഞവല്ക്യ സംഹിതാ).

൫. അത്ഥം:— എല്ലാവരും പ്രാണസംയമനംകൊണ്ടു തന്നെ മുക്തന്മാരായിത്തീരുന്നു.

൬. ഏവർ പ്രാണായാമംകൊണ്ടു വിശുദ്ധന്മാരാകുന്നുവൊ അവർ മുക്തിയെ പ്രാപിക്കുന്നു.

൭. സംസാരസമുദ്രത്തിൽ മുങ്ങി കിടക്കുന്നവരെ പ്രാണായാമം കരകയററുന്നു (മുക്തി നൽകുന്നു).

ഏഷാഹിചിത്തിവിശ്രാന്തിമ്മയാപ്രാണസമാധിനാ
ക്രമേണാനേനസംപ്രാപ്താ സ്വയമാത്മനിനിമ്മലെ.

എന്നു വാസിഷ്ഠത്തിൽ പറഞ്ഞിരിക്കുന്നു. ഈ പ്രാണായാമംകൊണ്ടു ക്രമത്തിൽ നിമ്മലമായിരിക്കുന്ന പരമാത്മാവിൽ ഞാൻ ചിത്തവിശ്രാന്തിയെ പ്രാപിച്ചു എന്നു ഭുസുണ്ഡമഹായോഗീശ്വരൻ പറഞ്ഞിരിക്കുന്നു.

൫. "പ്രത്യാഹാരം."

'ഇന്ദ്രിയാണി സ്വവിഷയേഭ്യഃ പ്രത്യാഹ്രിയന്തെ അസ്മിന്നിതി പ്രത്യാഹാരഃ' (ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്നു പ്രത്യാഹരിക്കുന്നതുകൊണ്ടു പ്രത്യാഹാരം എന്നു പറയുന്നു. പ്രത്യാഹരിക്കുക=മടക്കി എടുക്കുക.)

ഇന്ദ്രിയാണാംവിചരതാം വിഷയേഷുസ്വഭാവത
ബലാദാഹരണംതേഷാം പ്രത്യാഹാരഃസഉച്യതെ.
(എന്നു യാജ്ഞവല്ക്യസംഹിതാ).

അത്ഥം:— സ്വഭാവേന ഇന്ദ്രിയങ്ങൾ വിഷയങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ബലാൽകാരമായി അവയുടെ ആഹരണം ചെയ്യപ്പെടുന്നതു പ്രത്യാഹാരമെന്നു പറയപ്പെടുന്നു. ആഹരണം ചെയ്യുക=മടക്കി എടുക്കുക.

'വിഷയേഭ്യഇന്ദ്രിയാത്ഥേഭ്യോ മനോനിരോധനം പ്രത്യാഹാരഃ' എന്നു മണ്ഡലബ്രാഹ്മണോപനിഷത്തിൽ പറഞ്ഞിരിക്കുന്നു.

അത്ഥം:— സംസാരവിഷയങ്ങളിൽനിന്നു മനസ്സിനെ നിരോധിക്കുന്നതുതന്നെ പ്രത്യാഹാരം.

൬. "ധാരണാ."

'ദേശബന്ധശ്ചിത്തസ്യധാരണാ' എന്നു പാതഞ്ജലയോഗസൂത്രം.

അർത്ഥം:— ചിത്തത്തിനെ ദേശത്തിൽ ബന്ധിക്കുന്നതു ധാരണയാകുന്നു. ദേശം എന്തെന്നാൽ നാഭിചക്രം, ഹൃദയപുണ്ഡരീകം, നാസാഗ്രം മുതലായ സ്ഥലങ്ങൾ. ആ സ്ഥാനങ്ങളിൽ മനസ്സിനെ സ്ഥിരമായി നിൎത്തുന്നതുതന്നെ ധാരണാ. ഈ ധാരണയെ ലക്ഷ്യയോഗം എന്നും പറയുന്നു.

യോഹിനാസാദിദേശേഷു ദൃഷ്ടിഃപുംസാംസ്ഥിരീഭവേൽ

സലക്ഷ്യയോഗആഖ്യാതോ യോഗെശ്രദ്ധാകരഃപരഃ.

അർത്ഥം:— നാസാഗ്രാദികളായ ദേശങ്ങളിൽ ദൃഷ്ടി ഉറച്ചാൽ അതു ലക്ഷ്യയോഗമെന്നു പറയപ്പെടുന്നു. അതു യോഗത്തിൽ മുഖ്യമായും ശ്രദ്ധാകരമായും ഇരിക്കുന്നതാകുന്നു.

൭. "ധ്യാനം"

'തത്രപ്രത്യയൈകതാനതാ ധ്യാനം' എന്നു പാതഞ്ജലയോഗസൂത്രം. അവിടെ പ്രത്യയൈകതാനതാധ്യാനമാകുന്നു. അവിടെ=ധാരണയിൽ എവിടെ മനസ്സിനെ നിറുത്തിയോ അവിടെ. പ്രത്യയൈകതാനതാ=പ്രത്യയത്തിങ്കൽ ഏകതാനതാ. പ്രത്യയം=അനുഭവം. ഏകതാനതാ = ഏകാഗ്രതാ (ഒന്നിൽതന്നെ ദൃഢമാകുംവണ്ണം ശ്രദ്ധിച്ചിരിക്കുക) ധാരണയിൽ ചിത്തത്തെ എവിടെ നിറുത്തിയോ അവിടെ ചന്ദ്രൻ, സൂൎയ്യൻ, വഹ്നി, മിന്നൽ നാദം, സ്പൎശം, ആനന്ദം, ദിവ്യരസം മുതലായവയിൽ ഏതിന്റെയെങ്കിലും പ്രത്യയം (അനുഭവം) ഉണ്ടാകുന്നു. അപ്പോൾ അതിൽ തന്നെ മനസ്സു യത്നംകൂടാതെ ഒഴുകുന്ന തൈലധാരപോലെ ഇടവിടാതെ അത്യന്തശ്രദ്ധയോടുകൂടി നില്ക്കുന്നു. അതു ധ്യാനമാകുന്നു.

ദേശാവസ്ഥിതമാലക്ഷ്യ ബുദ്ധെയ്യാവൃത്തിസന്തതിഃ

വൃത്ത്യന്തരൈരസംസ്പൃഷ്ടാ തദ്ധ്യാനംസൂരയോവിദുഃ.

(എന്ന് ഈശ്വരഗീതാ).

അർത്ഥം:—ദേശാവസ്ഥിതത്തെ കണ്ടിട്ടു മനസ്സു മറെറാരു വ്യാപാരത്തോടും സംബന്ധിക്കാതെ ഇരിക്കുന്നതു ധ്യാനമാകുന്നു എന്നു വിദ്വാന്മാർ ഗ്രഹിച്ചിരിക്കുന്നു. ദേശാവസ്ഥിതം= ദേശത്തിൽ അവസ്ഥിതം. ദേശം=ഭ്രൂമദ്ധ്യം മുതലായ സ്ഥലം. അവസ്ഥിതം=ഇരിപ്പുള്ള മുൻചൊല്ലിയ ചന്ദ്രസൂൎയ്യാദി ചിഹ്നം എന്നു താല്പൎയ്യം.

വിനാദേശാദിബന്ധേന വൃത്തിര്യാഭിമതേസ്ഥിരാ
ധ്യാനയോഗോഭവേദേഷ ചിത്തചാഞ്ചല്യനാശകഃ.
(എന്ന് അദ്വൈതമാർത്താണ്ഡത്തിൽ പറഞ്ഞിരിക്കുന്നു).

അർത്ഥം:—നാസാഗ്രാദിദേശങ്ങളിൽ നിറുത്താതെതന്നെ അഭിമതത്തിൽ (അറിയപ്പെടേണ്ട വസ്തുവിൽ) മനോവ്യാപാരം സ്ഥിരമായി വരുന്നതു ധ്യാനമാകുന്നു. ഇതു മനസ്സിൻെറ ചാഞ്ചല്യത്തെ നശിപ്പിക്കുന്നതാകുന്നു. ഇങ്ങിനെ മനസ്സു താനേതന്നെ നില്ക്കണമെങ്കിൽ മുൻചൊല്ലിയ പ്രത്യയങ്ങൾ സ്മരിക്കേണം. അല്ലാതെ ഒരേ വിഷയത്തിൽതന്നെ അറ്റുന്ന തൈലധാരപോലെ ഇടവിടാതെ നില്ക്കുന്ന ധ്യാനം സിദ്ധിക്കയില്ല.

വ്യ. "സമാധി."

സലിലേസൈന്ധവം യദ്വൽ സാമ്യംഭവതിയോഗതഃ
തഥാത്മമനസോരൈക്യം സമാധിരഭിധീയതേ.
(എന്നു സൌഭാഗ്യലക്ഷ്മ്യുപനിഷത്തിൽ പറഞ്ഞിരിക്കുന്നു)

അർത്ഥം:–ഉപ്പു ജലത്തോട് ഏകീകരിക്കുന്നതുപോലെ മനസ്സ് ആത്മാവോട് ഐക്യത്തെ പ്രാപിക്കുന്നതാകുന്നു സമാധി എന്നു പറയപ്പെടുന്നത്. എന്നാൽ ജലത്തിൽ ചേർക്കപ്പെട്ട ഉപ്പു ജലരൂപമാകുന്നതുകൊണ്ടു ജലം എന്ന രൂപം മാത്രമെ കാണുന്നുള്ളു. അപ്രകാരം പരമാത്മാവോടു ചേർക്കപ്പെട്ട മനസ്സ് ആത്മാവോട് ഐക്യത്തെ പ്രാപിക്കയാൽ ആത്മസ്വരൂപമായ ഏകരൂപം മാത്രമെ ഉള്ളു. വ്യവഹരിപ്പാൻ ദ്വിതീയമായിട്ട് ഒന്നും ഇല്ല. ഈ സ്ഥിതിയാണ് സമാധി, ഇതാണ് അദ്വൈതം.

ശിഷ്യൻ:—സ്വാമിൻ! "സമാധിഃ സമതാവസ്ഥാ ജീവാത്മപരമാത്മനോഃ" (എന്നു യാജ്ഞവല്ക്യസംഹിതയിൽ പറഞ്ഞിരിക്കുന്നു).

അർത്ഥം:—ജീവാത്മാവിൻേറയും പരമാത്മാവിൻേറയും ഐക്യമാണ് സമാധി എന്നു പറഞ്ഞിരിക്കുന്നു.

ഗുരു:—മനസ്സു ലയിച്ചാൽ പിന്നെ ജീവൻ എന്ന് ഒരു വ്യവഹാരിയെ കാണുന്നുണ്ടോ, ഇല്ല. സുഷുപ്തിയിൽ മനസ്സു ലയിച്ചപ്പോൾ ഉള്ള അവസ്ഥ നോക്കു. മനോലയത്തിനെ ത

ന്നെയാണ് ജീവപരൈക്യം എന്നും മുക്തി എന്നും പറയുന്നത്. ശബ്ദം കേട്ടു ഭ്രമിക്കേണ്ടാ. അനുഭവംകൊണ്ടു തൃപ്തിപ്പെട്ട. "മനഏവഹിജീവകഃ" എന്നു ശ്രുതിയും ഞാൻ മുമ്പു പറഞ്ഞുവല്ലൊ.

ശിഷ്യൻ:—സ്വാമിൻ! ധ്യാനവും സമാധിയും തമ്മിലുള്ള വ്യത്യാസമെന്താണ്?

ഗുരു:—"ധ്യാനവിസ്മൃതിഃ സമാധിഃ" എന്നു മണ്ഡലബ്രാഹ്മണോപനിഷത്ത്.

അർത്ഥം:- ധ്യാനത്തിൻെറ സ്മൃതി വിട്ടുപോകുന്നതു സമാധിയാകുന്നു. സമാധിയിൽ മനോലയം വരുമ്പോൾ ധ്യാനം വിട്ടുപോകുമെല്ലൊ. സുഷുപ്തിയിൽ സ്മൃതിയുണ്ടൊ, ധ്യാനമുണ്ടൊ, ഇല്ല. അപ്പോലെതന്നെ സമാധിയിലും. ധ്യാനത്തിൽ, ധ്യാതാവും ധ്യാനവും ധ്യേയവും ഉണ്ട്. സമാധിയിൽ ഈ മൂന്നു ഭേദം ഇല്ല. അതിന്നു പ്രമാണം.

ധ്യാതൃധ്യേയധ്യാനകലനാവൽധ്യാനം
തദ്രഹിതംസമാധിരിതിധ്യാനസമാധ്യോർവ്വിഭാഗഃ
(എന്നു യോഗവാർത്തികം)

## രൂപധ്യാനാദിഖണ്ഡനപ്രകരണം

ശിഷ്യൻ:—സ്വാമിൻ! വിഷ്ണു, ശിവൻ മുതലായ ദേവന്മാരുടെ സ്വരൂപത്തെ മനസ്സുകൊണ്ടു ഹൃദയകമലത്തിൽ കല്പിച്ചു പാദാദികേശംവരെ ധ്യാനിക്കേണമെന്നു പ്രമാണങ്ങളിൽ കാണുന്നു. അങ്ങിനെതന്നെ അധികജനങ്ങൾ ചെയ്തുംവരുന്നു. അതല്ലെ ധ്യാനം?

ഗുരു:—ഹേ ശിഷ്യ! അനേകമാതിരി ധ്യാനം പറയുന്നുണ്ട്. അപ്രകാരംതന്നെ പ്രത്യാഹാരവും ധാരണയും പറയുന്നുണ്ട്. അതൊന്നും സുകരമല്ലാ. നോക്കുക. നോം കണ്ടിട്ടുള്ള ഒരു മനുഷ്യൻെറ രൂപത്തെത്തന്നെ ധ്യാനിച്ചുനോക്കുമ്പോൾ ചിലപ്പോൾ മനസ്സിൽ തോന്നും, ചിലപ്പോൾ തോന്നില്ല. പാദത്തെ കല്പിച്ചു ജംഘയെ കല്പിക്കുമ്പോഴയ്ക്കു പാദം വിട്ടുപോകും.

ഇങ്ങിനെതന്നെ അംഗങ്ങൾതോറും ഒന്ന് ഉറപ്പിക്കുമ്പോഴെക്കു മറെറാരംഗം വിട്ടുപോയി മനസ്സിന്നു പിടുത്തം കിട്ടാതെ ബുദ്ധിമുട്ടുന്നു. അപ്പോൾ നോം കാണാത്ത ഹരിഹരാദികളുടെ രൂപത്തെ നോം എങ്ങിനെയാണ് മനസ്സിൽ ഉറപ്പിക്കുന്നത്? വിഷ്ണുവിൻേറയൊ ശിവൻേറയൊ മറെറാ പാദത്തിനെ നോം മനസ്സുകൊണ്ടു കല്പിക്കുമ്പോൾ ആരുടെ പാദംപോലെയാണു വിചാരിക്കേണ്ടത്? എൻേറയൊ നിൻേറയൊ മററു വല്ലവരുടേയൊ പാദംപോലെ വിചാരിക്കുന്നതു ശരിയൊ? യഥാൎത്ഥത്തിൽ അവക്ക് ഒരു രൂപം ഉണ്ടെങ്കിൽ അതിനെ അല്ലെ നോം കാണേണ്ടത്? സൂൎയ്യചന്ദ്രാദികളുടെ രൂപത്തെ കാണേണമെങ്കിൽ നോം ആകാശത്തിൽ നോക്കിയാൽ കാണുമെല്ലൊ. അതല്ലാതെ സൂൎയ്യൻ ഠകാരംപോലെയൊ പപ്പടംപോലെയൊ വൃത്താകാരത്തിലാകുന്നു എന്നു മനസ്സുകൊണ്ടു കല്പിച്ചു കണ്ണുചിമ്മി കീഴ്പ്പെട്ടുനോക്കിയാൽ സൂൎയ്യദൎശനം സിദ്ധിക്കുമൊ, ഇല്ല. നോം കല്പിക്കാതെതന്നെ ആകാശത്തിൽ കണ്ണുകൊണ്ടു നോക്കിയാൽ എങ്ങിനെ സൂൎയ്യാദിദൎശനം സിദ്ധിക്കുമൊ അപ്രകാരം ആകാശത്തിൽ മനസ്സുകൊണ്ടു നോക്കിയാൽ ആത്മജ്യോതിൎദ്ദൎശനം സിദ്ധിക്കും. അങ്ങിനെയുള്ള സൂക്ഷ്മവഴിയെ അനുസരിച്ചിട്ടാണ് ഞാൻ വ്യാഖ്യാനിച്ചത്, സ്ഥൂലത്തിൽ ഭ്രമിപ്പിച്ചു വൃഥാ കാലംകഴിപ്പിച്ച് അലയിക്കുന്ന ശാസ്ത്രങ്ങളെയും സമ്പ്രദായത്തെയും പററി വാഗിച്ചു വൃഥാ ഗ്രന്ഥവിസ്താരം 'വരുത്തേണ്ടാ. പലതും ചോദിക്കേണ്ടാ. മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരം, അനാഹതം, വിശുദ്ധി, ആജ്ഞാ എന്നു ഷഡാധാരങ്ങളേയും അവയുടെ സ്വരൂപങ്ങളേയും ഓരോ ആധാരങ്ങളിൽ ധ്യാനിക്കേണ്ടു ക്രമങ്ങളേയും കേട്ടു ഭ്രമിക്കേണ്ടാ. അംഗുഷ്ഠാദി ഷോഡശാധാരങ്ങളുണ്ടെല്ലൊ അവയെന്തെല്ലാമാണെന്ന് അറിഞ്ഞില്ലെല്ലൊ എന്നു ഭ്രമിക്കേണ്ടാ. ഇഡാപിംഗളാദികളായ പതിന്നാലു നാഡികളും അവയുടെ സ്ഥാനവിശേഷങ്ങളും മനസ്സിലായില്ലെല്ലൊ എന്നു ഭ്രമിക്കേണ്ടാ. പ്രാണാദി ദശവായുക്കളേയും അവയുടെ സ്ഥാനങ്ങളും അതാതു വായുക്കളുടെ കൃത്യങ്ങളും അറിഞ്ഞില്ലെല്ലൊ എന്നു ഭ്രമിക്കേണ്ടാ. യോഗംതന്നെ മന്ത്രയോഗം എന്നും, ഹഠയോഗമെന്നും, ലയ

യോഗമെന്നും, നാദയോഗമെന്നും, ശിവയോഗമെന്നും, ബ്രഹ്മയോഗമെന്നും, ജ്ഞാനയോഗമെന്നും, അദ്വൈതയോഗമെന്നും, നിരാലംബയോഗമെന്നും, നിരാഭാസയോഗമെന്നും, അഷ്ടാംഗയോഗമെന്നും, രാജയോഗമെന്നും പറയുന്നുണ്ടല്ലൊ. ഏതുകൊണ്ടാണ് മുക്തി, ഇവയുടെ ഭേദങ്ങളെന്താണ് എന്നറിഞ്ഞതല്ലല്ലൊ എന്ന് അന്ധാളിക്കണ്ടാ. സമ്പ്രജ്ഞാതസമാധി, അസമ്പ്രജ്ഞാതസമാധി, സബീജസമാധി, നിർബ്ബീജസമാധി, സവികല്പകസമാധി, നിർവ്വികല്പകസമാധി എന്നും പല വിധം സമാധിയുണ്ടല്ലൊ, അവയുടെ ഭേദമെന്താകുന്നു? ശുഭേച്ഛാ, വിചാരണാ, തനുമാനസീ, സത്വാപത്തി, അസംസക്തി, പരാത്ഥാഭാവിനീ, തുര്യ്യഭൂമി ഇങ്ങിനെ ജ്ഞാനഭൂമികൾ ഏഴാകുന്നു എന്നു കേൾക്കുന്നു. അവയുടെ ഭേദമെന്താകുന്നു? ബ്രഹ്മവിത്തു, ബ്രഹ്മവിദ്വരൻ, ബ്രഹ്മവിദ്വരീയാൻ, ബ്രഹ്മവിദ്വരിഷ്ഠൻ എന്നു നാലുവിധമായിട്ടും, കുടീചകൻ, ബഹൂദകൻ, ഹംസൻ, പരമഹംസൻ, തുര്യ്യാതീതൻ, അവധൂതൻ എന്നിങ്ങിനെ ആറുതരത്തിലുമായിട്ടും ജ്ഞാനികളെ പറയുന്നുവെല്ലൊ. അവരുടെ ഭേദമെന്താണ് എന്നും അറിഞ്ഞില്ലല്ലൊ എന്നു വിഷാദിക്കേണ്ടാ. ഇതെല്ലാം ചോദിച്ചു മനസ്സിലാക്കി ഉത്തരം പറവാനുള്ള സാമത്ഥ്യത്തെ സമ്പാദിച്ചിട്ട് എന്താകുന്നു? ഇതെല്ലാം മനസ്സിൽ ധരിപ്പിക്കാൻ വേണ്ടിവരുന്ന സമയവും തത്വശാസ്ത്രങ്ങളും മററും വളരെ വായിച്ചു വാദിച്ചു വാദിച്ചു കളയുന്ന സമയവും മനസ്സിനെ ലയിപ്പിക്കേണ്ടു പണിയിൽ ചിലവു ചെയ്താൽ മഹാ പ്രയോജനമായിരിക്കും. മനഃപ്രവൃത്തിയുടെ താരതമ്യം നിമിത്തമാകുന്നു മേല്പറഞ്ഞ ജ്ഞാനഭൂമിഭേദങ്ങളും ജ്ഞാനികളുടെ ഭേദങ്ങളും സമാധിഭേദങ്ങളും മററും ഒരോ ശാസ്ത്രകത്താക്കന്മാർ കല്പിച്ചത്, പ്രാണായാമകാലഭേദംകൊണ്ടു പ്രത്യാഹാരാദി സമാധ്യന്തം കല്പിച്ചതുപോലെ. അതുകൊണ്ടു മനസ്സ് എന്ന ഒരു തത്വത്തെ മാത്രം പിടിച്ചാൽ മതി.

ശിഷ്യൻ:— സ്വാമിൻ! എന്തിന്നാണ് മഹാന്മാർ അനേകം ഉണ്ടാക്കിയിരിക്കുന്നത്. അതെല്ലാം അറിവാൻ വേണ്ടിയല്ലെ. അതെല്ലാം പഠിച്ച് അറിഞ്ഞാലെ മുക്തനായി ഭവിക്കയുള്ളു.

ഗുരു:—വിശേഷം. ശിഷ്യ! നിന്റെ ഈ വിചാരം ഏറ്റ

പോലെയിരിക്കുന്നു എങ്കിൽ, എന്തിന്നാണ് ദൈവം അപരിമിതമായ ധാന്യവർഗ്ഗത്തെ സൃഷ്ടിച്ചിട്ടുള്ളത്. അതെല്ലാം അനുഭവിപ്പാൻ വേണ്ടിയല്ലെ. അതുകൊണ്ടു ധാന്യവർഗ്ഗങ്ങളുടെ ഉമി, തവിടു മുതലായവയെ ഒന്നും കളയാതെ മുഴുവനും തിന്നു തീർത്താലെ ക്ഷുത്തുതീരുകയുള്ളൂ എന്നു വിചാരിക്കുമ്പോലെ ഇരിക്കുന്നു.

ശിഷ്യൻ:— സ്വാമിൻ! ഞാൻ ചിലരുടെ അഭിപ്രായത്തെ പറയുകയാണ് ചെയ്തത്. മനസ്സു ലയിച്ചാലെ സർവ്വദുഃഖവും നശിക്കു എന്നു പ്രമാണയുക്തിപുരസ്സരം അങ്ങുന്ന് എന്നോടു പറഞ്ഞു സുഷുപ്തിയിലുള്ള അനുഭവത്തെ ഉദാഹരിച്ച് അനുഭവപ്പെടുത്തിത്തന്നതു ഞാൻ മറന്നിട്ടില്ല. ആ മനോലയത്തിന്നുള്ള ഉപദേശം ഒരു മിനുട്ടിന്നുള്ളിൽ ഉപദേശിക്കാവുന്നതുമാകുന്നു. പിടിച്ചുപറിച്ചു നിത്യവൃത്തി കഴിച്ചിരുന്ന വാല്മീകിക്കു സപ്തഋഷികൾ 'മരാ' എന്ന് ഉപദേശിച്ചതേയുള്ളൂ. അതുകൊണ്ടു നിർവ്വികല്പസമാധിയിൽ എത്തി. പിന്നെ ദക്ഷിണാമൂർത്തിയുടെ അരികിൽ മഹർഷിമാർ ചെന്നു മോക്ഷമാർഗ്ഗത്തെപ്പററിയുള്ള സംശയത്തെ തീർത്തുതരേണമെന്ന് അപേക്ഷിച്ചപ്പോൾ ദക്ഷിണാമൂർത്തി മൌനനിലയിൽ ഇരുന്നു കാണിച്ചുകൊടുത്തതേയുള്ളൂ. മഹർഷിമാരുടെ സംശയം തീരുകയും ചെയ്തു. അതിന്നു പ്രമാണം.

ചിത്രംവടതരോർമ്മൂലെ വൃദ്ധാശ്ശിഷ്യാഗുരുർയുവാ
ഗുരോസ്തുമൌനംവ്യാഖ്യാനം ശിഷ്യാസ്തുച്ഛിന്നസംശയാഃ.

അർത്ഥം:—ഒരു ചിത്രം. അതു എന്താകുന്നു എങ്കിൽ വടവൃക്ഷത്തിന്റെ ചുവട്ടിൽ ഒരു ഗുരു. അദ്ദേഹം ചെറുപ്പക്കാരനായിരിക്കുന്നു, ശിഷ്യന്മാർ വൃദ്ധന്മാരായിട്ടിരിക്കുന്നു. വിശേഷിച്ച്, ഗുരുവിന്റെ മൌനമാണ് വ്യാഖ്യാനം(സംശയനിവൃത്തിക്കുവേണ്ടി ശാസ്ത്രങ്ങളെ ഉദാഹരിച്ചു പ്രകടിക്കുന്നതിന്നുപകരം മിണ്ടാതെ ഇരിക്കുകയാകുന്നു). ശിഷ്യന്മാരാവട്ടെ സംശയം തീന്നവരായി ഭവിക്കയും ചെയ്തു. സ്വാമിൻ! വാല്മീകിക്കു 'മരാ' എന്നെങ്കിലും ഉപദേശിച്ചു. ദക്ഷിണാമൂർത്തി ഒന്നും സംസാരിക്കാതെതന്നെ സമാധിയിൽ ഇരുന്നതു കാണുമ്പോഴയ്ക്കു് ഈ വിധമാകുന്നു ഇരിക്കേണ്ടത് എന്നു ശിഷ്യന്മാക്കു മനസ്സിലാക

യാൽ അവരുടെ സംശയം തീൎന്നുപോയി. ഈ കഥകളിൽനിന്നു സിദ്ധോപദേശം എത്രയൊ ചുരുങ്ങിയതാകുന്നു എന്നും ലോകസമ്പ്രദായംപോലെയല്ലെന്നും വളരെ പുസ്തകം വായിച്ച് ഉണ്ടാകേണ്ടതല്ലെന്നും കള്ളനേക്കൂടി കരകയറുവാനുള്ള സമത്ഥോപദേശമാണെന്നും തെളിയുന്നുണ്ട്. ഈ വക കഥകളെ വായിച്ചിട്ടും സൂക്ഷ്മം ഉണരാതെ ശാസ്ത്രഗത്തങ്ങളിൽ പതിച്ച് അനേകജനം വലയുന്നു എന്നുമാത്രമല്ല പഠിപ്പില്ലാത്തവൎക്കു മുക്തി കിട്ടില്ലെന്നു പറഞ്ഞു വാദിച്ചു ശാസ്ത്രനൈപുണ്യമില്ലാത്ത ചില സാധുക്കളെ പരിഭ്രമിപ്പിക്കയും ചെയ്യുന്നു.

ഗുരു:—ഹേ ശിഷ്യ! വളരെ പഠിച്ചിട്ടും സാരം ഗ്രഹിക്കാത്ത കൂട്ടരെ കഴുതയ്ക്കു തുല്യമായിട്ടാണ് ശ്രീകൃഷ്ണൻ പറഞ്ഞിട്ടുള്ളത്.

ശ്ലോ. യഥാഖരശ്ചന്ദനഭാരവാഹീ
ഭാരസ്യവേത്താ നതുചന്ദനസ്യ
തഥൈവശാസ്ത്രാണി ബഹൂന്യധീത്യ
സാരന്നജാനൻ ഖരവദ്വഹേൽസഃ.

എന്ന് ഉത്തരഗീതയിൽ അൎജ്ജുനനോടു പറഞ്ഞിരിക്കുന്നു.

ശ്ലോ അൎത്ഥം:—ചന്ദനഭാരത്തെ വഹിച്ചുകൊണ്ടിരിക്കുന്ന കഴുത ഭാരത്തെ അറിയുന്നു. ചന്ദനത്തിൻെറ ഗുണത്തെ അറിയുന്നില്ല. ശാസ്ത്രങ്ങളെ വളരെ പഠിച്ചിട്ടു സാരത്തെ അറിയാത്തവനും കഴുതയെപ്പോലെ ഭാരവാഹിയാകുന്നു.

ശ്ലോ. അപിവൎഷസഹസ്രായുഃ ശാസ്ത്രാന്തം നാധിഗച്ഛതി.
(എന്ന് ഉത്തരഗീതാ)

അൎത്ഥം:— ആയിരം വയസ്സുള്ളവനായാലും ശാസ്ത്രത്തിൻെറ അന്തത്തെ പ്രാപിക്കയില്ല (എന്നാൽ ശാസ്ത്രം മുഴുവനും പഠിച്ചുതീരില്ലാ എന്നു സാരം).

ശ്ലോ. യത്സാരഭൂതം തദുപാസിതവ്യം
ഹംസോയഥാക്ഷീരമിവാംബുമിശ്രം.
(എന്ന് ഉത്തരഗീതാ)

അൎത്ഥം:—വെള്ളവും പാലുംകൂടി കലൎന്നുവെച്ചാൽ അരയന്നം വെള്ളത്തെ നീക്കി പാലിനെ എങ്ങിനെ സ്വീകരിക്കുന്നുവൊ അപ്രകാരം സാരമായിട്ടുള്ളതിനെ മാത്രം ഉപാസിക്കേണം.

൭ വിഹായസൎവ്വശാസ്ത്രാണി യൽസത്യംതദുപാസ്യതാം.
(എന്ന് ഉത്തരഗീതാ.)

൭. അൎത്ഥം:—എല്ലാശാസ്ത്രങ്ങളേയും ഉപേക്ഷിച്ച് ഏതു ശാശ്വതമൊ അതിനെ ഉപാസിക്കേണം. ഇങ്ങിനെ പറഞ്ഞിരിക്കുന്നതുകൊണ്ട് ആ ശാശ്വതവസ്തുവെ പ്രാപിപ്പിക്കുന്ന ഉപാസനയിലല്ലെ ഇരിക്കേണ്ടത്? ആ സമ്പ്രദായം വാല്മീകി സപ്തൎഷികളിൽനിന്നു ഗ്രഹിച്ചപോലെയും ദക്ഷിണാമൂൎത്തിയിൽനിന്നു ഋഷികൾ ഗ്രഹിച്ചപോലെയും സിദ്ധഗുരുവിൽനിന്ന് അഞ്ചുമിനുട്ടിനുള്ളിൽ അറിയാമെല്ലൊ പിന്നെന്തിനു ശാസ്ത്രങ്ങൾ പഠിച്ചു വൃഥാ കാലം കളയുന്നു. സിദ്ധിക്കേണ്ടതു സിദ്ധഗുരുവിൽനിന്നുതന്നെ സിദ്ധിക്കേണം. കേൾക്കു.

നമീമാംസാതൎക്കഗ്രഹഗണിതസിദ്ധാന്തപഠനൈ-
ൎന്നഃവദൈൎവ്വേദാന്തൈഃസ്മൃതിഭിരഭിധാനൈരപിനച
തഥൈവഛന്ദോവ്യാകരണകവിതാലംകൃതിമയൈ-
ൎമ്മനേതത്പാവാപ്തിൎന്നിജഗുരുമുഖാദേവവിദിതാ.
(എന്ന് അമനസ്കഖണ്ഡം.)

അൎത്ഥം:—മീമാംസാ, തൎക്കം, ജ്യോതിശ്ശാസ്ത്രം, നാലു വേദങ്ങൾ, വേദാന്തങ്ങൾ, സ്മൃതികൾ, നിഘണ്ടുക്കൾ, ഛന്ദശ്ശാസ്ത്രം, വ്യാകരണം, കവിതാ, അലങ്കാരം ഇവയെല്ലാം അഭ്യസിച്ചതുകൊണ്ടു പരമാൎത്ഥത്തെ പ്രാപിക്കയില്ല. ഗുരുമുഖത്തിൽനിന്നുതന്നെയാകുന്നു യഥാൎത്ഥജ്ഞാനം പ്രാപിക്കുന്നത്.

ഹേ ശിഷ്യ! അതുകൊണ്ടു പണ്ഡിതന്മാർ പഠിപ്പില്ലാത്തവൎക്കു മുക്തി കിട്ടില്ലെന്നു പറയുന്നത് അസംബന്ധമാകുന്നു. പഠിപ്പില്ലാത്തവൎക്കു ഉണ്ടാൽ വയറു നിറയില്ലെന്നുണ്ടൊ? പഠിപ്പില്ലാത്തവൎക്കു സിദ്ധൌഷധം സേവിച്ചാൽ രോഗം മാറില്ലാ എന്നുണ്ടൊ? പഠിപ്പില്ലാത്തവൎക്കു സംഗിച്ചാൽ രസമുണ്ടാകയില്ല, കുട്ടിയുണ്ടാകയില്ലാ എന്നുണ്ടൊ? കഷ്ടം കഷ്ടം! വളരെ പഠിച്ചിട്ടും സൂക്ഷ്മം അറിയാതെ എന്തെങ്കിലും പറയുകതന്നെ.

ശിഷ്യൻ:—സ്വാമിൻ! അതൊന്നും പറയേണ്ട. ലോകം എപ്പോൾ ഉണ്ടായതാകുന്നു? അതിൻെറ ഉല്പത്തിക്രമം എങ്ങിനെയാകുന്നു എന്നു ചോദിച്ചിട്ട് അതിനുത്തരം പറഞ്ഞി

ട്ടില്ലെങ്കിൽ അവന്നു മുക്തിമാൎഗ്ഗത്തെ കാണിച്ചു സംസാരാന്ധകൂപത്തിൽനിന്നു കയററുവാൻ കഴികയില്ലെന്നു പറയുന്നു.

ഗുരു:— ഹേ ശിഷ്യ! ഇത് ഏതുപോലെ ഇരിക്കുന്നു എങ്കിൽ ഒരുവൻ ഒരു കൂപത്തിൽപെട്ടു മുങ്ങിപ്പൊങ്ങി വലയുമ്പോൾ മറെറാരാളു കണ്ടു മുകളിൽനിന്ന് ഒരു ആരോഹണസാധനത്തെ കാണിച്ചുകൊടുത്ത് ‘ഇതു പിടിച്ചു കയറിക്കൊൾക’ എന്നു പറയുമ്പോൾ ‘ഈ കിണറ് എന്നുണ്ടായതാണ് ആർ ഉണ്ടാക്കിയതാണ് ഇത് ഏതു കല്ലുകൊണ്ടാണ് കെട്ടിയിരിക്കുന്നത്’ എന്നു ചോദിച്ചിട്ട് അതിന്ന് ഉത്തരം പറഞ്ഞിട്ടില്ലെങ്കിൽ കരയിൽ നില്ക്കുന്നവൻ കരകയററുവാൻ കഴിയാത്തവൻ എന്നോ അവൻ കാണിച്ചുകൊടുത്ത മാൎഗ്ഗം ശരിയല്ലെന്നോ പറയുമ്പോലെയും ഒരു വൈദ്യൻ രോഗിക്കു ഔഷധം കൊടുക്കുമ്പോൾ ‘ഈ മൂലിക എന്നുണ്ടായതാണ് ഇതിന്റെ ഉല്പത്തിക്രമം എങ്ങിനെയാകുന്നു’ എന്നു രോഗി ചോദിച്ചിട്ട് ഉത്തരം പറവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആ മൂലികയാൽ രോഗം ശമിക്കുകയില്ലെന്നു പറയുമ്പോലെയും ഇരിക്കുന്നു. കിണർ ഉണ്ടാക്കിയ തീയതിയും മററും പറവാൻ കഴിഞ്ഞിട്ടില്ലെങ്കിലും കാണിച്ചുകൊടുത്ത ആലംബനത്തെ പിടിച്ചാൽ കരകയറാം. മൂലിക മുളച്ചുണ്ടായ തിയ്യതിയും അതിന്റെ വളൎച്ചയുടെ ക്രമത്തെയും മററും പറവാൻ കഴിഞ്ഞിട്ടില്ലെങ്കിലും അതിനെ ഉപയോഗിച്ചാൽ രോഗം ശമിക്കും. അപ്പോലെ അനാവശ്യമായ ലോകോല്പത്തി ചോദ്യത്തിന്നും ഉത്തരം പറഞ്ഞിട്ടില്ലെങ്കിലും സിദ്ധോപദേശം മുക്തിയെ സിദ്ധിപ്പിക്കും. പൌരാണികന്മാരും ആധുനികന്മാരുമായ പല മതക്കാരും പലപ്രകാരം ലോകോല്പത്തിയെപ്പററി പറയുന്നു. ആവശ്യമുണ്ടെങ്കിൽ ആ ഗ്രന്ഥങ്ങളെ വായിച്ചു കണ്ണുചിമ്മി വിശ്വസിച്ചുകൊൾക. യുക്തിയുക്തമായി അത് ആൎക്കും സ്ഥാപിപ്പാൻ കഴിയുന്നതല്ല.

ശിഷ്യൻ:— സ്വാമിൻ! അതു ശരിയാകുന്നു. ലോകോല്പത്തിക്രമങ്ങളെ ഘോഷിച്ചു നടക്കുന്ന ചില യോഗ്യന്മാരോടു ഞാൻ ചോദിക്കയുണ്ടായി. അതാവിത്. “ഉറക്കം വരുമ്പോൾ മനസ്സ് ആദ്യം എവിടെപ്പോകുന്നു. നിദ്ര പൂൎത്തിയാകുമ്പോൾ മനസ്സ് എവിടെപ്പോയി ലയിക്കുന്നു. ഉണരുമ്പോൾ ഏതേതു

സ്ഥാനത്തു പ്രവേശിച്ചു ജാഗ്രദവസ്ഥയെ പ്രാപിച്ചു? അനുഭവപ്പെട്ടതു പറയുക. മനസ്സു കറുത്തിട്ടോ വെളുത്തിട്ടോ ഉരുണ്ടിട്ടോ നീണ്ടിട്ടോ?" ഈ ചോദ്യങ്ങൾക്ക് ഉത്തരം ഇല്ല. മനുഷ്യർ ഏതൊരു മനസ്സിനെക്കൊണ്ടു സർവ്വവ്യവഹാരവും നടത്തുന്നുവൊ അതിനെപ്പററിത്തന്നെ ഒന്നും പറവാൻ കഴിയുന്നില്ല. മനസ്സിനു സാക്ഷിഭൂതന്മാരായിരുന്നിട്ടും ഇങ്ങിനെ ഇരിക്കുന്നു. അപ്പോൾ ലോകോല്ലത്തിക്രമത്തെ യുക്തിയുക്തമായി പറഞ്ഞ് അനുഭവപ്പെട്ടതാമെന്നു പുറപ്പെടുന്നുണ്ടെങ്കിൽ അവൻ പരിഹാസപാത്രമായിത്തീരുകയെ ഉള്ളു. പരിഹാസപാത്രമാവാതെ ഇരിക്കേണമെങ്കിൽ ശ്രോതാക്കന്മാർ കേട്ടതിനെയെല്ലാം വിശ്വസിക്കുന്ന കൂട്ടരായിരിക്കേണം. സ്വാമിൻ! മനോലയാത്മികയായ മുക്തിയെ പ്രാപിപ്പാൻ ഹഠയോഗപ്രധാനമായ പ്രാണായാമത്തെ അഭ്യസിക്കുന്നതൊ നല്ലത്, അതൊ രാജയോഗോക്തമായ ഭ്രൂമദ്ധ്യധാരണയൊ നല്ലത്?

ഗുരു:—രാജയോഗപ്രകാരമുള്ള ധാരണതന്നെ നല്ലത്. ഹഠയോഗം, ധനസൌകര്യംകൊണ്ടും സ്ഥലസൌകര്യംകൊണ്ടും അതിപ്രയാസംകൊണ്ടും മാത്രമെ സാധിച്ചുകൂടു. പത്ഥ്യവും അഭ്യാസവും പിഴച്ചാൽ മഹാവ്യാധി മുതലായ ഉപദ്രവങ്ങൾ ഹഠയോഗത്താൽ സംഭവിക്കും. അതിന്നു പ്രമാണം.

യഥാസിംഹൊ ഗജൊ വ്യാഘ്രൊ ഭവെദ്വശ്യഃ ശനൈഃ ശനൈഃ
തഥൈവ സേവിതൊ വായു രന്യഥാ ഹന്തി സാധകം.

(എന്നു ഹഠയോഗപ്രദീപികാ.)

അർത്ഥം:—സിംഹവും ആനയും വ്യാഘ്രവും എങ്ങിനെ മെല്ലെമെല്ലെ വശീകരിക്കപ്പെടേണമൊ അപ്രകാരംതന്നെ വായുവും വശീകരിക്കപ്പെടേണ്ടതാകുന്നു. പാകം തെററിയാൽ സാധകനെ കൊന്നുകളയും.

പ്രാണായാമേന യുക്തേന സർവ്വരോഗക്ഷയോ ഭവേൽ
അയുക്താഭ്യാസയോഗേന സർവ്വരോഗസമുൽഭവഃ.

അർത്ഥം:—ആഹാരാദികളാൽ യുക്തമായിരിക്കുന്ന പ്രാണായാമംകൊണ്ടു സർവ്വരോഗവും നശിക്കും. യുക്തമല്ലാത്ത പ്രാണായാമാഭ്യാസംകൊണ്ടു സർവ്വരോഗവും ഉണ്ടാകും.

## ആഹാരാദിക്രമപ്രകരണം

ശിഷ്യൻ:—പ്രാണായാമം അഭ്യസിക്കുമ്പോൾ പത്ഥ്യങ്ങൾ എന്തെല്ലാം? അപത്ഥ്യങ്ങൾ എന്തെല്ലാം?

ഗുരു:—ഗോധൂമശാലിയവഷാഷ്ടികശോഭനാന്നം
ക്ഷീരാജ്യഖണ്ഡനവനീതസിതാമധൂനി
ശുണ്ഠീപടോലകഫലാദികപഞ്ചശാകം
മുൽഗാദിദിവ്യമുദകഞ്ചയമീന്ദ്രപത്ഥ്യം.

അൎത്ഥം:—ഗോതമ്പ്, നെല്ല്, യവം, നവരനെല്ല് ഇവയുടെ ശോഭനമായ അന്നം, പാല്, നെയ്യ്, കല്ക്കണ്ടം, വെണ്ണ, പഞ്ചസാര, തേൻ, ചുക്ക്, പടോലം, ഫലങ്ങൾ, പഞ്ചശാകം, ചെറുപയർ, ശോധനചെയ്ത വെള്ളം ഇവ യോഗീശ്വരന്മാൎക്കു പത്ഥ്യമാകുന്നു. (വേണ്ടുന്നതാകുന്നു.)

പുഷ്ടംസുമധുരംസ്നിഗ്ദ്ധം ഗവ്യംധാതുപ്രപോഷണം
മനോഭിലഷിതംയോഗ്യം യോഗീഭോജനമാചരേൽ.

അൎത്ഥം:—ദേഹപുഷ്ടിയെ ചെയ്യുന്നതും, മധുരിച്ചതും, നെയ്യോടുകൂടിയതും, പാലോടുകൂടിയതും, ധാതുക്കളെ പോഷിപ്പിക്കുന്നതും, മനസ്സിന്നു ഹിതമായതും, യോഗ്യമായതും ആയ ഭക്ഷണത്തെ യോഗി ചെയ്യേണം. "മനോഭിലഷിതം" എന്നു പറഞ്ഞതുകൊണ്ട് ഇഷ്ടമുള്ളത് എന്തെങ്കിലും ഭക്ഷിച്ചുകൂടാ. മേൽപറയപ്പെട്ടതിൽ മനോരുചികരമായ ഭക്ഷണം എന്നു ഗ്രഹിക്കേണ്ടതാകുന്നു.

ദൌഭാഗൌപൂരയേദന്നൈസ്തോയേനൈകംപ്രപൂരയേൽ
വായോഃസഞ്ചാരണാൎത്ഥായ ചതുൎത്ഥമവശേഷയേൽ.

അൎത്ഥം:—രണ്ടുഭാഗം (അര വയർ) അന്നംകൊണ്ടു പൂരിക്കേണം. ഒരു ഭാഗം (കാൽവയർ) പേയദ്രവ്യംകൊണ്ടു (പാലൊ ചുക്കുവെള്ളമൊ ശോധനചെയ്ത ജലമൊ കൊണ്ടു) പൂരിക്കേണം. വായുസഞ്ചാരത്തിന്നായി കാൽവയർ ഒഴിച്ചുവെക്കേണം. വയർ നിറച്ച് ഉണ്ണരുത്. വയർ മുക്കാലും നിറയ്ക്കാം. അങ്ങിനെ ഭക്ഷിക്കുന്നത് അരവയർ മുൻവിവരിക്കപ്പെട്ട ഗോതമ്പു മുതലായവയുടെ ചോറുണ്ടിട്ടു കാൽവയർ ക്ഷീരമൊ വെള്ളമൊ കുടിച്ചിട്ട് ഇങ്ങിനെ മുക്കാൽ വയർ നിറയ്ക്കേണം.

മിതാഹാരംവിനായസ്സു യോഗാരംഭന്തുകാരയേൽ
നാനാരോഗൊഭവേത്തസ്യ കിഞ്ചിദ്യോഗൊനസിദ്ധ്യതി.

അൎത്ഥം:— മിതാഹാരംകൂടാതെ യോഗാഭ്യാസം ചെയ്താൽ നാനാരോഗം ഉണ്ടാകും. യോഗം അല്പവും സിദ്ധിക്കയും ഇല്ല. ഇങ്ങിനെ ഹഠയോഗപ്രദീപികയിലും ഘെരണ്ഡസംഹിതയിലും മററും പറഞ്ഞിരിക്കുന്നു. ഹേ ശിഷ്യ! നീ ഭിക്ഷാടനം ചെയ്യാൻ പറഞ്ഞുവെല്ലൊ. ഭിക്ഷാടനം ചെയ്യുമ്പോൾ മേൽപറഞ്ഞ പത്ഥ്യപാകത്തിൽ ശരീരരക്ഷ ചെയ്യുവാൻ കഴിയുമൊ? ഇല്ല.

അഭ്യാസകാലെപ്രഥമെ ശസ്തംക്ഷീരാജ്യഭോജനം
തതോഭ്യാസെദൃഢീഭൂതെ നതാദൃഗ്നിയമഗ്രഹഃ.

അൎത്ഥം:—ആദ്യം അഭ്യാസകാലത്തിൽ പാലും നെയ്യും കൂട്ടിയിട്ടുള്ള ഭക്ഷണംതന്നെ ശ്രേഷ്ഠം. അഭ്യാസം ദൃഢമായാൽ അപ്രകാരമുള്ള നിയമം കൂടിയെ കഴിയൂ എന്നില്ല.

### അപത്ഥ്യങ്ങൾ.

കടപമ്ലതീക്ഷ്ണലവണോഷ്ണഹരീതശാക
സൌവീരതൈലതിലസൎഷപമദ്യമത്സ്യാൻ
ആജാദിമാംസദധിതക്രകലത്ഥകോല
പിണ്യാകഹിംഗുലശുനാദ്യമപത്ഥ്യമാഹുഃ.

അൎത്ഥം:— കടു=കയ്പുക്കമുതലായത്, അമ്ലം=പുളിമുതലായത്, തീക്ഷ്ണം=മുളകുമുതലായത്, ഉപ്പ്, ഉഷ്ണം=വെല്ലംമുതലായത്, ഹരീതശാകം=പത്രശാകം (ഇലക്കറി) സൌവീരം=വെപ്പുകാടി, നല്ലെണ്ണ, എള്ളു്, കടുക, മദ്യം, മത്സ്യം, ആടുമുതലായവയുടെ മാംസം, തൈർ, മോർ, കൊള്ളു, എലന്തപ്പഴം, എള്ളിൻ പിണ്ണാക്ക്, കായം, ഉള്ളി, ആദ്യശബ്ദംകൊണ്ടു വെള്ളുള്ളിയേയും ലഹരിയെ ഉണ്ടാക്കുന്ന പദാൎത്ഥങ്ങളേയും ഗ്രഹിക്കേണം. മേൽപറഞ്ഞവ അപത്ഥ്യങ്ങളാകുന്നു. അവയെ യോഗി ഭക്ഷിക്കരുത്.

അതിശീതഞ്ചാതിചോഷ്ണം ഭക്ഷ്യംയോഗീവിവൎജ്ജയേൽ.

അൎത്ഥം:—വളരെ തണുത്തതും വളരെ ഉഷ്ണമുള്ളതുമായ ഭക്ഷണത്തെ യോഗി വൎജ്ജിക്കേണം. ഹേ ശിഷ്യ! ഭിക്ഷയെ

ട്ടത്താൽ ഇങ്ങിനെ സാധിക്കുമൊ? ശക്തിയില്ലാത്തതുകൊണ്ടു ഭിക്ഷയെടുക്കുക അല്ലെങ്കിൽ അറിവില്ലാത്തതുകൊണ്ടു ഭിക്ഷയെടുക്കുക എന്നെ പറയേണ്ടതുള്ളു.

വജ്ജയേൽദുർജ്ജനപ്രാന്തം വഹ്നിസ്ത്രീപഥസേവനം
പ്രാതഃസ്നാനോപവാസാദി കായക്ലേശവിധിന്തഥാ.

അർത്ഥം:—ദുർജ്ജന സംസർഗ്ഗം, തീയ്, സ്ത്രീസംഗം, അധികം വഴിനടക്കൽ, പ്രാതസ്നാനം, പട്ടിണി മുതലായ കായക്ലേശകർമ്മങ്ങളെയും ത്യജിക്കേണം. അപഥ്യാഹാരങ്ങളെയും കായക്ലേശകരങ്ങളായ കർമ്മങ്ങളെയും ഉപേക്ഷിച്ചു പഥ്യാഹാരത്തോടുകൂടി വിജനസ്ഥലത്തു ഇരുന്നു പ്രാണായാമത്തെ അഭ്യസിക്കേണം. അപ്രകാരം ചെയ്യില്ലെങ്കിൽ രോഗാദികളാലും മററും അനത്ഥത്തിന്നു ഇടയുണ്ടു. അതുകൊണ്ടു രാജയോഗത്തെത്തന്നെ നീയും അഭ്യസിക്കു. കഴിയുമെങ്കിൽ രാജയോഗത്തിന്നും മേൽപറഞ്ഞ പഥ്യാഹാരക്രമത്തിൽ ഇരിക്കുന്നത് അത്യുത്തമംതന്നെ.

രാജത്വാൽസവയോഗാനാം രാജയോഗ ഇതിസ്മൃതഃ
രാജന്തംദീപ്യമാനന്തം പരമാത്മാനമവ്യയം
പ്രാപയേദ്ദേഹിനാംയസ്തു രാജയോഗസ്സകീർത്തിതഃ
രാജയോഗസ്യമാഹാത്മ്യം കോവാജാനാതിതത്വതഃ.
(എന്നു അമനസ്കഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നു.)

അർത്ഥം:— എല്ലാ യോഗങ്ങൾക്കും രാജാവായിരിക്കുന്നതുകൊണ്ടു 'രാജയോഗം' എന്നു ഗണിക്കപ്പെട്ടിരിക്കുന്നു. നാശരഹിതനായും പ്രകാശിച്ചുകൊണ്ടും ഇരിക്കുന്ന പരമാത്മാവിനെ പ്രാപിപ്പിക്കുന്നത് ഏതൊ അതു രാജയോഗമെന്നു പറയപ്പെട്ടിരിക്കുന്നു. യഥാത്ഥത്തിൽ രാജയോഗത്തിന്റെ മാഹാത്മ്യത്തെ ആർ അറിയുന്നു?

## മനഃസിദ്ധിപ്രകരണം

**ശിഷ്യൻ:**—പ്രാണോമനോദ്വയമിദംവിലയംനയേദ്യോ
മോക്ഷംസഗച്ഛതിനരോനകഥഞ്ചിദന്യഃ

അൎത്ഥം:—പ്രാണനും മനസ്സും ഉണ്ടല്ലൊ. ഈ രണ്ടിനേയും ലയിപ്പിക്കുന്നവൻ ഏവനൊ ആ മനുഷ്യൻ മോക്ഷത്തെ പ്രാപിക്കുന്നു. ഇങ്ങിനെ ചെയ്യാത്തവൻ ഏതു വിധത്തിലും മുക്തിയെ പ്രാപിക്കയില്ല. ഇങ്ങിനെ പറഞ്ഞിരിക്കുമ്പോൾ രാജയോഗപ്രകാരം മനസ്സു ലയിക്കും. അതുകൊണ്ടു പ്രാണൻ ലയിക്കുമൊ?

ഉത്ത:—മനസ്സു ലയിച്ചാൽ പ്രാണനും ലയിക്കും. പ്രാണൻ ലയിച്ചാൽ മനസ്സും ലയിക്കും. ഏതിനെ എങ്കിലും ഒന്നിനെ ലയിപ്പിച്ചാൽ രണ്ടിൻെറയും ലയം സിദ്ധിക്കും. അതിനു പ്രമാണം.

പവനൊബദ്ധ്യതെയേന മനസ്തേനൈവബദ്ധ്യതെ
മനശ്ചബദ്ധ്യതെയേന പവനസ്തേനബദ്ധ്യതെ.

(എന്നു ഹഠയോഗപ്രദീപികയിൽ പറഞ്ഞിരിക്കുന്നു).

അൎത്ഥം:—ഏവനാൽ വായു (പ്രാണവായു) ബന്ധിക്കപ്പെടുന്നുവൊ അവനാൽതന്നെയാകുന്നു മനസ്സും ബന്ധിക്കപ്പെടുന്നത്. മനസ്സ് ഏവനാൽ ബന്ധിക്കപ്പെടുന്നുവൊ അവനാൽ വായുവും ബന്ധിക്കപ്പെടുന്നു.

മനോയത്രവിലീയേത പവനസ്തത്രലീയതെ
പവനൊലീയതെയത്ര മനസ്തത്രവിലീയതെ.

(എന്നു ഹഠയോഗപ്രദീപികാ).

അൎത്ഥം:—മനസ്സ് എവിടെ ലയിക്കുമൊ പ്രാണവായു അവിടെ ലയിക്കുന്നു. പ്രാണവായു എവിടെ ലയിക്കുന്നുവൊ മനസ്സ് അവിടെ ലയിക്കുന്നു.

ദുഗ്ദ്ധാംബുവൽസംമിളിതാവുഭൌതൌ
തുല്യക്രിയൌ മാനസമാരുതൌഹി.

(എന്നു ഹഠയോഗപ്രദീപികാ).

അൎത്ഥം:—ആ പ്രാണനും മനസ്സും പാലും വെള്ളവും കലൎന്നിരിക്കുന്നതുപോലെ ഏകീകരിച്ചു തുല്യപ്രവൃത്തിയോടുകൂടിയവയാകുന്നു. ഇങ്ങിനെ ഇരിക്കുന്നതുകൊണ്ടാകുന്നു ഒന്നിനെ പിടിക്കുമ്പോൾ മറേറതും സ്വാധീനപ്പെടുന്നത്.

അവിനാഭാവിനീനിത്യം ജന്തൂനാംപ്രാണചേതസീ
കുസുമാമൊദവന്മിശ്രേ തിലതൈലേ ഇവാസ്ഥിതെ

കരുതശ്ചവിനാശേന കാൎയ്യം മോക്ഷാഖ്യമുത്തമം.

(എന്നു വാസിഷ്ഠത്തിൽ പറഞ്ഞിരിക്കുന്നു).

അൎത്ഥം:—പുഷ്പവും ഗന്ധവും പോലെയും എള്ളും എള്ളിൻെറ എണ്ണയും പോലെയും ജന്തുക്കളുടെ പ്രാണനും മനസ്സും പിരിയാതെ ഇരിക്കുന്നു. പ്രാണമനസ്സുകളുടെ ലയംകൊണ്ട് ഉത്തമമായിരിക്കുന്ന മോക്ഷം സിദ്ധിക്കുന്നു.

യഥായഥാസമഭ്യാസാ ന്മനസഃസ്ഥിരതാഭവേൽ

വായുവാക്കായദൃഷ്ടീനാം സ്ഥിരതാ ചതഥാതഥാ.

(എന്ന് അമനസ്കഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നു).

അൎത്ഥം:—അഭ്യാസം ഹേതുവായിട്ടു മനസ്സിന്ന് ഏതേതു പ്രകാരം സ്ഥിരത ഭവിക്കുമൊ അതാതുപ്രകാരം പ്രാണവായുവിന്നും വാക്കിന്നും ദൃഷ്ടിക്കും സ്ഥിരത ഭവിക്കും.

ശിഷ്യൻ:—സ്വാമിൻ! സുഷുപ്തിയിൽ മനസ്സു ലയിച്ചാലും പ്രാണൻ ലയിക്കുന്നില്ലല്ലൊ. അതുകൊണ്ടു മനസ്സു ലയിച്ചാലും പ്രാണൻ ലയിക്കുകയില്ലാ എന്നല്ലെ വിചാരിക്കേണ്ടുത്.

ഗുരു:—ഹേ ശിഷ്യ! പരമാത്മാവിൽ മനസ്സു ലയിച്ചാലെ പ്രാണൻ ലയിക്കയുള്ളു. സുഷുപ്തിയിൽ മനസ്സു പരമാത്മാവിൽ ലയിക്കുന്നില്ല. എന്നാലൊ സുഷുപ്തിയും മുക്തിയായെല്ലൊ.

ശിഷ്യൻ:—സ്വാമിൻ! പ്രാണമനസ്സുക്കളുടെ ലയംകൂടാതെ ഒരുവിധത്തിലും മുക്തി സിദ്ധിക്കയില്ലെന്നു പറയുന്നത് എന്താണ്?

ഗുരു:—ഹേ സൌമ്യ! പരമാത്മാവിൽ പ്രാണമനസ്സുകളുടെ ലയംതന്നെയാകുന്നു മുക്തിയെന്നു പറയുന്നത്. അതിന്ന് അതുതന്നെ സിദ്ധിക്കേണ്ടുയൊ? സുഷുപ്തി എന്നു പറയുന്നതു നല്ല ഉറക്കമാകുന്നു. അതിന്ന് അതുതന്നെ സിദ്ധിക്കേണ്ടു? ജാഗ്രദവസ്ഥയിൽ സുഷുപ്തിയില്ല (ഉണൎന്നിരിക്കുമ്പോൾ ഉറക്കമില്ല). അപ്പോലെ പ്രാണമനസ്സുകളുടെ വ്യാപാരം ഉള്ളപ്പോൾ മുക്തിയില്ല. നോക്കുക. ജാഗ്രത്തിൽ മനോവ്യാപാരമുണ്ട്, സുഖദുഃഖങ്ങളും ഉണ്ട്. അപ്രകാരം സ്വപ്നത്തിലും മനോവ്യാപാരമുണ്ട്; അപ്പോഴും സുഖദുഃഖങ്ങൾ ഉണ്ട്. സുഷുപ്തിയിൽ മനസ്സു ലയിച്ച്, അപ്പോൾ ദുഃഖവും ഇല്ല.

ദ്വൈതവും ഇല്ല. ഈ അനുഭവംകൊണ്ടുതന്നെ മനോലയത്താൽ മാത്രമെ ദുഃഖനിവൃത്തിസ്വരൂപമായ മോക്ഷം ഉള്ളു എന്നു ബുദ്ധിമാന്മാൎക്ക തീൎച്ചപ്പെടുത്താം. പരമാത്മാവിൽ മനോലയംവരുമ്പോൾ പ്രാണനും ലയിക്കും. വേനല്ക്കാലത്തു ചെടികൾ ഉണങ്ങിപ്പോയാലും ബീജം നശിക്കാത്തതുകൊണ്ടാണ് വൎഷകാലത്തിൽ പിന്നെയും ഭൂമിയിൽ അവ മുളയ്ക്കുന്നത്. അപ്പോലെ ദേഹം നശിച്ചാലും പ്രാണമനസ്സുകളാകുന്ന ബീജം നശിക്കാത്തതുകൊണ്ടാണ് പിന്നെയും സംസാരവൃക്ഷസ്വരൂപമായ ദേഹം ഉണ്ടാകുന്നത്. വിത്തിനെ അഗ്നിയിൽ വറുത്താൽ പിന്നെ അതു മുളയ്ക്കുകയില്ല. അപ്പോലെ യോഗാഗ്നിയിൽ പ്രാണമനോബീജങ്ങളെ ഇട്ടാൽ പിന്നെ ദേഹവൃക്ഷം മുളയ്ക്കുകയില്ല. ദുഃഖനിവൃത്തി എന്ന മുക്തിയും സിദ്ധിച്ചു. പ്രാണമനോലയാനന്തരമുള്ള സ്ഥിതിതന്നെ സാക്ഷാൽകാരജ്ഞാനം, അതുതന്നെ മോക്ഷം, അതുതന്നെ അസമ്പ്രജ്ഞാതസമാധി, അതുതന്നെ നിൎവ്വികല്പസമാധി, അതുതന്നെ നിൎബ്ബീജസമാധി. അതുതന്നെ തുൎയ്യഭൂമി. ആ സ്ഥിതിയിൽ എത്തിയവൻതന്നെ വരിഷ്ഠൻ. ആ സ്ഥിതിയിലെത്തുന്നതിനുമുമ്പു മനോലയഹേതുക്കളായ നാദം ജോതിസ്സുമുതലായ ചിഹ്നങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിക്കു സമ്പ്രജ്ഞാതസമാധി എന്നും സവികല്പസമാധിയെന്നും നാദയോഗമെന്നും മററും പല പൎയ്യായശബ്ദങ്ങളെ ഉപയോഗിക്കുന്നു ആ ശബ്ദങ്ങൾ കേട്ട് ഒട്ടും ഭ്രമിക്കേണ്ടാ. സമ്പ്രജ്ഞാതാദിസമാധിഭേദങ്ങളും മന്ത്രയോഗാദിയോഗഭേദങ്ങളും ശുഭേച്ഛാദിജ്ഞാനഭൂമിഭേദങ്ങളും ബ്രഹ്മവിത്തുമുതലായ ജ്ഞാനികളുടെ ഭേദങ്ങളും ജ്ഞാനവും മോക്ഷവും എല്ലാം മനോലയക്രമത്തിൽ അടങ്ങിപ്പോയി. അതുകൊണ്ടു മനസ്സിനെ ശരിക്കു നിറുത്തിയാൽ ശാശ്വതസുഖത്തെ പ്രാപിക്കാം. ആ സുഖം തങ്കൽതന്നെയാകുന്നു. അത് അറിയാതെ സംസാരവിഷയങ്ങളിലാകുന്നു എന്നു തെററിധരിച്ചു സുഖത്തെ സമ്പാദിപ്പാൻ അലയുന്നു. ഇത് എതുപോലെ ഇരിക്കുന്നു എങ്കിൽ കൊച്ചുകുട്ടി കണ്ണാടിയിൽ കണ്ട തൻെറ മുഖത്തെ പിടിപ്പാൻ കൊതിക്കുന്നതുപോലെയും ഗിൽട്ടുപ്രയോ

ഗത്തെ സ്വൎണ്ണമെന്നു മോഹിച്ചു ഗ്രഹിക്കുമ്പോലെയും ഇരിക്കു ന്നു. ആ സുഖത്തെ സാധിപ്പാനുള്ള സാധനം എന്താകുന്നു എങ്കിൽ മനസ്സാകുന്നു. അത് അറിയാതെ ധനധാന്യാദികളും പുത്രമിത്രകളത്രാദികളും ആകുന്നു എന്നു വിചാരിച്ചു കൃഷി ചെയ്തിട്ടും കച്ചവടംചെയ്തിട്ടും ഉദ്യോഗം ഭരിച്ചിട്ടും പലവിധ സാഹസങ്ങളെച്ചെയ്തിട്ടും ധനധാന്യാദികളെ സമ്പാദിക്കുന്നു. എന്നിട്ടും മനോജയം സമ്പാദിക്കാത്തനിമിത്തം സുഖം കിട്ടുന്നി ല്ലെന്നുമാത്രമല്ല നിസ്സാരസംഗതികളാൽ ദുഃഖിക്കുകയും ചെയ്യു ന്നു. അതുകൊണ്ടു നീ മനോജയത്തെ സമ്പാദിക്കു. എന്നാൽ സൎവൈശ്വൎയ്യത്തോടുകൂടിയിരിക്കുന്ന ചക്രവൎത്തിയുടെ സുഖം നിന്റെ സുഖത്തിന്റെ ലക്ഷത്തിലൊരംശത്തോട് ഒക്കുന്ന തല്ല.

ശിഷ്യൻ:—സ്വാമിൻ! മനസ്സിന്റെ ജയത്തിന്നും ശാശ്വ തസുഖത്തിന്നും കാരണമായ രാജയോഗത്തെയും അഷ്ടാംഗ യോഗത്തെയും അങ്ങുന്ന് എനിക്ക് ഉപദേശിച്ചു എങ്കിലും പ്ര മാണങ്ങളിലും യുക്തികളിലും വാദങ്ങളിലുംകൂടി ഞാൻ ശ്രദ്ധി ച്ചുപോയി. അതുകൊണ്ട് എങ്ങിനെയാകുന്നു രാജയോഗത്തെ അഭ്യസിക്കേണ്ടത് എന്ന് ഏവൎക്കും മനസ്സിലാകുംവിധം ഒരി ക്കൽകൂടി ഉപദേശിച്ചുതന്നാൽ കൊള്ളാം.

ഗുരു:—ഹേ ശിഷ്യ! ജനബാധയില്ലാത്ത ദിക്കിൽ സുഖാ സനത്തിലിരുന്നു മനസ്സിനെ ഏകാഗ്രതപ്പെടുത്തുമ്പോൾ മന സ്സ് ഏതേതുവിഷയത്തിൽ ഓടുന്നുവൊ അതാതുവിഷയത്തിൽ നിന്നു മടക്കിഎടുത്തു മനസ്സിനെ ആത്മസ്ഥാനത്തിൽതന്നെ നിറുത്തേണം. അങ്ങിനെ നിറുത്തുമ്പോൾ അവിടെച്ചില ചി ഹ്നങ്ങൾ പ്രകാശിക്കും. അതുകൊണ്ടു മനസ്സു വിസ്മയിച്ച് ആ നന്ദിച്ചു സംസാരവിഷയത്തിൽ ഓടാതെ അതിൽതന്നെ ഇട വിടാതെ നില്ക്കും. അങ്ങിനെ നിന്നു നിന്നു മനസ്സു ലയിക്കയും ചെയ്യും. ഇതാകുന്നു രാജയോഗം, ഇതാകുന്നു മുക്തി, ഇതാകു ന്നു പരമാനന്ദപ്രാപ്തി, ഇതാകുന്നു ദുഃഖനിവൃത്തി, ഇതാകുന്നു സമാധി. അപ്പോൾ മനഃസിദ്ധിയിൽ പ്രാണലയവുംസിദ്ധിച്ചു.

## മനഃസിദ്ധൌ വ്യവഹാരസിദ്ധി

ശിഷ്യൻ:—സ്വാമിൻ! സമാധിവിട്ട വ്യവഹാരദശയിൽ ഇരിക്കുമ്പോൾ എങ്ങിനെയാകുന്നു നടക്കേണ്ടതു്?

ഗുരു:—ഒരുവൻ പത്തു കുതിരകളെ കെട്ടിയ സാറട്ടിൽ ഇരുന്നു ജനബഹുളമായ റോട്ടിൽക്കൂടി സഞ്ചരിക്കുമ്പോൾ ആ കുതിരകളെ കടിവാൾ വെട്ടിപ്പിടിച്ചു് ഒതുക്കി തെളിച്ചു തനിക്കും അന്യന്മാൎക്കും ഉപദ്രവം തട്ടിക്കാതെ സഞ്ചരിക്കുംവണ്ണം യോഗി ശരീരമാകുന്ന രഥത്തിലിരുന്നു് ഇന്ദ്രിയങ്ങളാകുന്ന കുതിരകളെ ഒതുക്കി തനിക്കും മറ്റൊരു പ്രാണിക്കും മനസ്സുകൊണ്ടും വാക്കുകൊണ്ടും കായംകൊണ്ടും ഉപദ്രവം നേരിടുവാൻ ഇടവരാതെ വ്യവഹാരദശയിൽ നടക്കേണം. ഇന്ദ്രിയനിഗ്രഹത്തോടുകൂടി നടക്കേണമെന്നഭിപ്രായം.

## മനഃസിദ്ധൌ ഇന്ദ്രിയനിഗ്രഹസിദ്ധി

ശിഷ്യൻ:—സ്വാമിൻ!സമാധിയിൽ മനസ്സിനേയും ഇന്ദ്രിയങ്ങളേയും ലയിപ്പിച്ചു സ്തംഭംപോലെ ഇരുന്നാലല്ലേ ഇന്ദ്രിയനിഗ്രഹമായിട്ടുള്ളു?

ഗുരു:—ഹേ ശിഷ്യ! സമാധിയിൽ അങ്ങിനെ. വ്യവഹാരദശയിൽ ഇങ്ങിനെ. മേൽപറഞ്ഞപ്രകാരം ഇന്ദ്രിയങ്ങളെല്ലാം തീരെ നശിപ്പിച്ചു സ്തംഭംപോലെ ഇരിക്കുന്നതുമാത്രമാണു് ഇന്ദ്രിയനിഗ്രഹം എന്നുവരികിൽ പണ്ടുണ്ടായിരുന്ന മഹായോഗികൾക്കു യോഗശാസ്ത്രങ്ങളെ ഉണ്ടാക്കുവാനും ലോകോപകാരമായിത്തീരാനും തരമില്ല. അവരെ ഇന്ദ്രിയനിഗ്രഹമില്ലാത്തവർ എന്നും പറയേണ്ടിവരും. ഇന്ദ്രിയനിഗ്രഹം എന്നതിന്റെ അൎത്ഥം എന്തെന്നാൽ, ഇന്ദ്രിയങ്ങളാകുന്ന കുതിരകൾ താൻ തെളിച്ച വഴിക്കു നല്ലമാൎഗ്ഗത്തിൽ നടക്കാറാക്കുക എന്നാകുന്നു. അതു സാധിച്ചിട്ടില്ലെങ്കിൽ തനിക്കും മറ്റുള്ളവൎക്കും ഉപദ്രവം നേരിടും. ശാശ്വതാനന്ദവീട്ടിനെ പ്രാപിക്കയും ഇല്ല. നരകത്തിൽപോയി കിടക്കേണ്ടിവരും. സാറട്ടിലിരിക്കുന്നവനു കു

തിരകളെ ഒതുക്കി തെളിക്കുവാൻ ശക്തിയില്ലെങ്കിൽ അവ മ ലിച്ചു മാൎഗ്ഗംതെററി ചാടും. തനിക്ക് അപായം അകപ്പെടും. അല്ലെങ്കിൽ ആളുകളുടെ മേൽ കയറി ആപത്തിനെ വലിച്ചി ടും. അപ്പോൾ ജേലിൽപോയി കിടക്കേണ്ടിവരും. ആ കു തിരകളെ ഒതുക്കി ശരിയായ വഴിക്കുതന്നെ നടത്തിപ്പാൻ ശ ക്തിയുണ്ടെങ്കിൽ താൻ വിചാരിച്ചുപോയകാൎയ്യം സാധിച്ച് ആക്കും ഉപദ്രവമില്ലാതെ വീട്ടിലേക്കു മടങ്ങിവന്നു സുഖമായി വസിക്കാം. അപ്പോലെ ഇന്ദ്രിയനിഗ്രഹം ഉണ്ടെങ്കിൽ വ്യവ ഹാരദശയിൽ ഇതുന്നു വേണ്ടപോലെ നടത്തി ആനന്ദവീട്ടി നെ പ്രാപിക്കാം. അപ്പോൾ മനഃസിദ്ധിയിൽ ഇന്ദ്രിയനിഗ്ര ഹവും സിദ്ധിച്ചു.

ഹേ ശിഷ്യ! ഇന്ദ്രിയനിഗ്രഹം എന്നാൽ ഇന്ദ്രിയങ്ങളെ തീരെ നശിപ്പിച്ചുകളയുക എന്നു മാത്രമായി അൎത്ഥം ഗ്രഹിച്ചു കൂടാ. എന്നാലൊ ചെകിടനേയും കുരുടനേയും ഊമയേയും നപുംസകനേയും മൂൎഛിതയേയും സുഷുപ്തിസ്ഥനേയും വരിഷ്ഠ നേയും മാത്രമെ ഇന്ദ്രിയനിഗ്രഹം ചെയ്യുവർ എന്നു പറവാൻ തരമുള്ളു. അതു ശരിയല്ല.

---

## മനഃസിദ്ധെ യോഗാധികാരസിദ്ധി

---

ശിഷ്യൻ:— ആരാകുന്നു യോഗാനന്ദത്തെ അനുഭവിപ്പാൻ അവകാശി?

ഗുരു:— ആൎക്കു യോഗാനന്ദത്തെ അനുഭവിപ്പാൻ ആശ യുണ്ടൊ ആൎക്ക് ആ ആശയ്ക്കുതക്കവണ്ണം പ്രയത്നംചെയ്യുവാൻ കഴിയുമൊ ആ ആൾ അത് അനുഭവിപ്പാൻ അവകാശിയാ കുന്നു.

ശിഷ്യൻ:—'ഇഹാമുത്രവിരക്തസ്യ സംസാരം പ്രജിഹാസതഃ
ജിജ്ഞാസോരേവകസ്യാപി യോഗേസ്മിന്നധികാരിതാ'

അൎത്ഥം:— ഇഹലോകത്തിലും സ്വൎഗ്ഗാദിലോകങ്ങളിലും ഉ ള്ള വിഷയങ്ങളിൽ ആശയില്ലാത്തവനും സംസാരത്തെ ത്യജി പ്പാനും പരമാനന്ദസ്വരൂപത്തെ അറിവാനും ഇച്ഛയുള്ളവനു മായ മനുഷ്യനാണ് യോഗത്തിന്ന് അവകാശി എന്നു പറഞ്ഞി രിക്കുന്നുവല്ലൊ.

ഗുരു:—അതിന്റെ അഭിപ്രായമെന്തെന്നാൽ, അങ്ങിനെ ഇരിക്കുന്നവന്നു യോഗത്തിൽ നിരന്തരാഭ്യാസത്തിന്ന് ഇടവരും. ഇഹലോകവിഷയങ്ങളിലും മററും ആശയുള്ളവനായിരുന്നാൽ അവൻ അതിന്നു അലയുന്നനിമിത്തം യോഗത്തിൽ വേണ്ടുംവിധം വേലചെയ്യാൻ സാധിക്കയില്ല. അതിനാൽ വേഗത്തിൽ ആനന്ദം പ്രകാശിക്കയും ഇല്ലാ എന്നാകുന്നു. അങ്ങിനെയല്ലെ, നിണക്കു കാശിക്കു വേഗത്തിൽ എത്തണമെന്നുണ്ടെങ്കിൽ നീ ഇടവിടാതെ നടന്നാലെ വേഗത്തിൽ എത്തുകയുള്ളൂ. കലഹിച്ചിട്ടോ കള്ളവടം ചെയ്തിട്ടോ ഓരേടിക്കിൽ കാമിനിമാരോടുകൂടി കളിച്ചിട്ടോ കാലംകഴിച്ച ദിവസം ഇരട്ടി കാശിക്കു നടന്നാൽ വേഗത്തിൽ എത്തുകയില്ല.

ശിഷ്യൻ:—അതുയല്ലെ ഉള്ളൂ. "ഇഹാമുത്ര വിരക്തസ്യ" എന്നു പ്രയോഗിച്ചതുകൊണ്ട് ഇഹാലോകത്തിലും സ്വർഗ്ഗാദിലോകസുഖത്തിലും ലേശം ആശയില്ലാതെയുള്ള വിരക്തിയുംകൂടി ഉണ്ടെങ്കിൽ അവന്നുമാത്രമേ യോഗാഭ്യാസത്തിലും വേദാന്തവിചാരത്തിലും ഏപ്പെട്ടുകൂടു, അത് ഇല്ലാത്തവൻ പ്രവേശിച്ചാൽ അപകടമുണ്ടെന്നു ചിലർ മനസ്സിലാക്കി അവരോ മോക്ഷമാർഗ്ഗത്തിൽ ഏപ്പെടുന്നില്ല, അതിൽ ഏപ്പെടുന്നവരെ ഭയപ്പെടുത്തുകയും പരിഹസിക്കയുംകൂടി ചെയ്യുന്നു.

ഗുരു:—വിഷയങ്ങളിൽ വിരക്തി വന്നിട്ടില്ലെങ്കിലും യോഗാനന്ദത്തിൽ ആശയും ഉണ്ട്, നല്ലവണ്ണം പ്രയത്നവും ചെയ്യുന്നുണ്ട് എങ്കിൽ അതിലുള്ള ചില രസത്തെ അനുഭവിപ്പാൻ സംഗതിവരും. അപ്പോൾ താനേതന്നെ വിഷയവിരക്തിയും വരും. ഇത് ഇനിക്ക് അനുഭവമാകുന്നു. ഞാൻ വിരക്തിയെ സമ്പാദിച്ചതിന്നു ശേഷമല്ല യോഗത്തിൽ പ്രവേശിച്ചത്. അതിന്നു മുമ്പുതന്നെ പ്രവേശിച്ചു. എന്നാൽ ആനന്ദത്തെ ആസ്വാദിപ്പാനുള്ള ആശകൊണ്ടു ഞാൻ നല്ലവണ്ണം അദ്ധ്വാനിച്ചു അതു കുറച്ച് അനുഭവിപ്പാൻ സംഗതിയും വന്നു, വിഷയവിരക്തിയും വന്നു. പഞ്ചസാര ചേർത്തു പയഃപാനം ചെയ്യാൻ സംഗതിവരുമ്പോൾ പഴങ്കഞ്ഞിയിൽ വിരക്തിവരാതെ ഇരിക്കുമോ? ഇല്ല. അതുകൊണ്ടാകുന്നു ഞാൻ ആ യോഗത്തിൽ അ

ധ്യാനിക്കുന്നവൻ യോഗത്തിന്ന് അവകാശിയാകുന്നു എന്ന് അഭിപ്രായപ്പെട്ടത്. വിഷയവിരക്തി വന്നില്ലെല്ലൊ, അതിന്നുമുമ്പ് എങ്ങിനെയാണ് യോഗത്തിൽ പ്രവേശിക്കുന്നത് എന്നു വിചാരിച്ച വിഷാദിക്കേണ്ടാ. യത്നംകൊണ്ടു സൎവ്വവും സാധിക്കാം.

## മനഃസിദ്ധൌ പൌരുഷസിദ്ധി

ശ്ലോ:—൧. ഉദ്യമഃസൎവ്വഥാകാൎയ്യോ യഥാപൌരുഷമാത്മനഃ
മുനയോപിഹിമുക്ത്യൎത്ഥം ഉദ്യമൈകരതാസ്സദാ.

൨. ഉദ്യമേനവിനാകാമം ന സിദ്ധ്യന്തിമനോരഥാഃ
കാതരാ ഏവജല്പന്തി യൽഭാവ്യംതൽഭവിഷ്യതി.
(ഇങ്ങിനെ ദേവീഭാഗവതത്തിൽ പറഞ്ഞിരിക്കുന്നു).

അൎത്ഥം:—൧. തന്റെ പൌരുഷത്തിന്നു തക്കവണ്ണം സൎവ്വപ്രകാരത്തിലും പ്രയത്നം ചെയ്യേണം. മുനികൾകൂടി മുക്തിക്കു വേണ്ടി എല്ലായ്പ്പോഴും പ്രയത്നം ചെയ്യുന്നു.

൨. വേണ്ടുന്ന പ്രയത്നംകൂടാതെ മനോരഥങ്ങൾ സിദ്ധിക്കയില്ല. ഭീരുക്കൾ മാത്രം ഏതു ഭവിക്കേണ്ടതുണ്ടോ അതു ഭവിക്കും എന്നു പറയുന്നു. (എന്നാൽ ഭീരുക്കൾ മാത്രം വേണ്ടു യത്നം ചെയ്യാതെ ദൈവം തരും എന്നു പറഞ്ഞിരിക്കുന്നു എന്നു സാരം)

ഹേ ശിഷ്യ! നല്ലവണ്ണം ഉഴുതു വിതച്ച വേണ്ടുന്ന പ്രയത്നം ചെയ്യുമ്പോൾ ഭൂമി വിളയുന്നു. ഭവിക്കേണ്ടതു ഭവിക്കും എന്നു പറഞ്ഞിരുന്നാൽ ഭൂമി വിളയുമോ? പഠിപ്പിൽ യത്നം ചെയ്യുമ്പോൾ അത് ഉണ്ടാകുന്നു. വലിയ പരീക്ഷകളിൽ ജയിക്കുന്നു. ഭവിക്കേണ്ടതു ഭവിക്കും എന്നു പറഞ്ഞു പഠിപ്പിൽ യത്നം ചെയ്യാഞ്ഞാൽ പഠിപ്പുണ്ടാകുമോ? ഇല്ല. ഇങ്ങിനെ ഏതേതുകാൎയ്യം സാധിക്കേണ്ടതുണ്ടോ അതെല്ലാം പുരുഷപ്രയത്നംകൊണ്ടു തന്നെ ബുദ്ധിമാന്മാർ സാധിച്ച് ഇഹലോകസുഖത്തിന്നും ശാശ്വതാനന്ദത്തിന്നും പാത്രമായിത്തീൎന്നു കണ്ടിരിക്കുന്നു. "യൽഭാവ്യം തൽ ഭവിഷ്യതി."

അൎത്ഥം:—ഏതു ഭവിക്കേണ്ടതോ അതു ഭവിക്കും. "സ

സ്ഥാതിഷ്ഠത ദൈവമേവഹിനൃണാം വൃദ്ധൌക്ഷയെ കാരണം"
(എന്നു ഭർത്തൃഹരി പറഞ്ഞിരിക്കുന്നു.)

അൎത്ഥം:—സ്വസ്ഥന്മാരായിട്ടിരിപ്പിൻ. ദൈവംതന്നെയാണ് മനുഷ്യരുടെ അഭ്യുദയത്തിന്നും ക്ഷയത്തിന്നും കാരണം. ഈ പ്രമാണങ്ങളെ വിശ്വസിച്ചു പൌരുഷത്തെ വിട്ടു ദൈവം തരും എന്നു പറഞ്ഞു മടിയന്മാരായി അനേക മനുഷ്യർ കെട്ടുപോകുന്നു. ഭവിക്കേണ്ടതു ഭവിക്കും, വിധിച്ചതുപോലെ വരും, ദൈവം തരും, എന്നു ഘോഷിക്കുന്ന പ്രമാണങ്ങളെ കണ്ടു പൌരുഷം വിട്ടിരിക്കരുത്. കഴിയുന്ന പ്രയത്നം ചെയ്തുകൊള്ളണമെന്നു നമുക്ക് ഈശ്വരൻതന്നെ ഉപദേശിക്കുന്നു. എങ്ങിനെയെന്നാൽ,നമുക്കു ഭക്ഷിപ്പാൻ ഉപയോഗപ്പെടാത്ത പുല്ലുമുതലായ അനേക സാധനങ്ങൾ ഭൂമിയിൽ താനേതന്നെ ഉണ്ടാകുന്നു. നെല്ലുമുതലായ ഭക്ഷണപദാൎത്ഥങ്ങൾ അങ്ങിനെ ഉണ്ടാകുന്നില്ല. പല പ്രാവശ്യം ഉഴുതു വളം ചാരം മുതലായതു ചേൎത്തു കാലം നോക്കി വിതച്ചു വേണ്ടുന്ന സംരക്ഷണചെയ്തു വളരെ പ്രയത്നപ്പെട്ട് ഉണ്ടാക്കിയാലെ ഉണ്ടാകുന്നുള്ളു. പുല്ലു മുതലായവപോലെതന്നെ നെല്ലുമുതലായവ വേണ്ട പദാൎത്ഥങ്ങൾ പുരുഷപ്രയത്നം കൂടാതെ താനേതന്നെ ഭൂമിയിൽ ഉണ്ടായാൽ നമുക്കു പ്രയത്നം ചെയ്യാതെ സ്വസ്ഥന്മാരായി ഇരിക്കാമെല്ലോ. നെല്ലു മുതലായ ധാന്യങ്ങൾക്ക് ഉമി മുതലായ ഹേയാംശങ്ങൾ ഇല്ലാതെ സൃഷ്ടിച്ചതാണെങ്കിൽ നമുക്കു കുത്തിച്ചേറി ശോധന ചെയ്യേണ്ട യത്നവും ഇല്ലല്ലെല്ലാ. സമുദ്രജലം മഴവന്നും ഉപ്പുവെള്ളമായി സൃഷ്ടിച്ചതു പകതിയെങ്കിലും ക്ഷീരമാക്കിയിരുന്നാൽ എത്ര ഉപകാരമണ്ടായിരുന്നു. മുത്തു മുതലായ രത്നങ്ങൾ സമുദ്രത്തിൽ മുങ്ങിത്തപ്പിയും മററും എടുക്കേണ്ടുവിധം സൃഷ്ടിച്ചതു ഭൂമിയിലെങ്ങും കിടക്കുന്ന പൊടിക്കല്ലുപോലെ കിടക്കുന്ന നിലയിൽവെച്ചതാണെങ്കിൽ പ്രയത്നംകൂടാതെ ഗൃഹസ്ഥന്മാരാകാമെല്ലോ. പുല്ലു മുതലായവപോലെ താനേതന്നെ നെല്ലു മുതലായവ ഉണ്ടാകുവാനും യത്നംകൂടാതെതന്നെ അവ ഭക്ഷിക്കേണ്ടു തരത്തിൽ ഉമി മുതലായ ഹേയാംശങ്ങൾ കൂടാതെ കഴിപ്പാനും ഈശ്വരൻ വിചാരിച്ചാൽ കഴിയില്ലാ എന്ന് ഊഹിപ്പാനും തരമില്ല. ചില കന്ദങ്ങളും (കിഴങ്ങുകളും) കനികളും യ

ത്താംക്രൂടാതെ അനുഭവിക്കേണ്ടുതരത്തിലും സൃഷ്ടിച്ചിട്ടുണ്ട്. അ ങ്ങിനെതന്നെ സവ്വത്തെയും സവ്വശക്തൻ ചെയ്യാത്തതുകൊണ്ടു പുരുഷപ്രയത്നം ചെയ്തുകൊള്ളേണം എന്നു ദൈവം സൃഷ്ടിജാലത്താൽ സവ്വന്മാക്കും ഉപദേശിക്കുന്നു. "സ്വാസ്ഥാസ്ഥിഷ്യത" "യൽഭാവ്യം തൽ ഭവേത്യേവ" (സ്വാസ്ഥന്മാരായിരിപ്പിൻ ഭവിക്കേണ്ടതു ഭവിക്കും) എന്നു വിചാരിക്കുന്നപക്ഷം ഗുരുവും വേണ്ടാ സച്ഛാസ്ത്രങ്ങളും വേണ്ടാ ഉപദേശവും വേണ്ടാ വേണ്ടുന്നതിലൊന്നും പുരുഷപ്രയത്നത്തിന്ന് ആവശ്യവുമില്ല. അങ്ങിനെ വരുമ്പോൾ ജനങ്ങൾ മൃഗപ്രായന്മാരായിത്തീരാനും അധഃപതിപ്പാനും സംഗതിവരുന്നു. ആ തരത്തിൽ പെട്ടുപോകേണ്ടാ.

അശുഭേഷുസമാവിഷ്ടം ശുഭേഷ്വേവാവതാരയേൽ
പ്രയത്നാൽചിത്തമിത്യേഷ സവ്വശാസ്ത്രാൎത്ഥസംഗ്രഹഃ.

(എന്നു വാസിഷ്ഠത്തിൽ ശ്രീരാമനു വസിഷ്ഠർ ഉപദേശിച്ചിരിക്കുന്നു)

അൎത്ഥം:—അശുഭങ്ങളിൽ പ്രവേശിച്ചിരിക്കുന്ന മനസ്സിനെ ശുഭങ്ങളിൽതന്നെ പിടിച്ച് ഇറക്കേണം. ഇതു സവ്വശാസ്ത്രാൎത്ഥത്തിൻേറയും സംഗ്രഹമാകുന്നു. അപ്പോൾ സവ്വശാസ്ത്രാൎത്ഥവും മനഃസിദ്ധിയിൽ അടങ്ങി.

## മനഃസിദ്ധൌ രാഗാദിജയസിദ്ധി

ഗുരു:—രാഗദ്വേഷാദിനിമിത്തമാകുന്നു മനസ്സ് അശുഭങ്ങളിൽ പ്രവേശിക്കുന്നത്. രാഗദ്വേഷാദികൾ എന്തെല്ലാമെങ്കിൽ ൧. രാഗം=മൈഥുനത്തിലുള്ള ഇച്ഛാ, ൨. ദ്വേഷം=ഇങ്ങോട്ട് ഉപദ്രവിച്ചവനെ അങ്ങോട്ട് ഉപദ്രവിക്കേണമെന്ന് ഇച്ഛാ, ൩. കാമം=ആശാ, ൪. ക്രോധം=കോപം, ൫. ലോഭം=ഒന്നും ആൎക്കും കൊടുത്തുക്രൂടാ എന്നവൃത്തി, ൬. മോഹം=ഐശ്വൎയ്യതിമിരം പിടിപെട്ടു കൃത്യത്തേയും അകൃത്യത്തേയും അറിയാതെ ഇരിക്കുക, ൭. മദം=ഇനിക്കു സമ്പത്തുണ്ടു ഞാൻ വിചാരിച്ചാൽ എന്താ കഴിയാത്തത് എന്ന ബുദ്ധി, ൮. മാത്സൎയ്യം=മറെറാരുവൻ നന്നാകുന്നതു കാണുമ്പോൾ സഹിച്ചുക്രൂടായ്ക, ൯. ഈൎഷ്യ=ഈ ഭുഖം അവനു വരാതെ ഇനിക്കെന്താ വന്നത് എ

ന്ന ബുദ്ധി, ൧൦. അസൂയാ=മററൊരുത്തന്റെ ഗുണത്തിൽ ദോഷത്തെ ആരോപിക്കുക, ൧൧. ദംഭം=ഈ ധമ്മംകൊണ്ട് ഇനിക്കു പ്രസിദ്ധിയുണ്ടാവേണമെന്ന വിചാരം (എല്ലാവരും എന്നെ പുകഴ്ത്തണമെന്നു വിചാരിക്കുന്നത്), ൧൨. ദർപ്പം=ഇനിക്കു സമനായി ആരും ഇല്ലെന്ന വിചാരം, ൧൩. അഹങ്കാരം=എല്ലാററിലും അഹംമതി. ഇവയിൽ ഏതെങ്കിലും ഒന്ന് ഉണ്ടായാൽ മനസ്സ് അശുഭകമ്മത്തിൽ ചാടി അധഃപതിച്ചുപോകും. രാഗം നിമിത്തമല്ലെ രാവണൻ രാമന്റെ ഭാൎയ്യയെ കട്ടതും സകലം കെട്ടതും. ഇങ്ങിനെ ഓരോ വൃത്തിയാൽ ഓരോരുത്തർ നശിച്ചതും ഓരോ വൃത്തിയുടെ ദോഷങ്ങളും വൎണ്ണിക്കുന്നതായാൽ ഗ്രന്ഥം വളരെ വദ്ധിക്കും. ബുദ്ധിമാന്മാക്ക് ഇത്ര മതി. ഹേ ശിഷ്യ! ഒരുവൻ, മററൊരുവൻ അപ്രിയം ചെയ്തു എന്നുവെച്ച് അവന്റെനേരെ കോപിച്ച് അവനെ നശിപ്പിക്കാൻ ശ്രമിക്കുന്നു. എന്തുകൊണ്ടു തന്റെ കോപത്തിന്റെ നേരെ കോപിച്ച് അതിനെ നശിപ്പിക്കുന്നില്ല? ധമ്മത്തേയും, അത്ഥത്തേയും, കാമത്തേയും, മോക്ഷത്തേയും നശിപ്പിക്കുന്ന മഹാ ശത്രുവല്ലെ കോപം? നോക്കുക. കോപംനിമിത്തം ഒരുവൻ മററൊരുവനെ കുലപ്പെടുത്തുന്നു. അപ്പോൾ താനും ചാകേണ്ടിവരുന്നു. അപ്പോൾ തന്റെ ധമ്മവും, അത്ഥവും, കാമവും, മോക്ഷവും എന്ന നാലു പുരുഷാത്ഥവും നശിച്ചില്ലെ? കോപമല്ലെ പുരുഷാത്ഥം നാലും കെടുത്ത മഹാശത്രു. ആ കോപമായ മഹാശത്രുവിനെയല്ലെ നശിപ്പിക്കേണ്ടത്? ഇങ്ങിനെതന്നെ രാഗദ്വേഷാദികളായ മുൻചൊല്ലിയ വൃത്തികളും മഹാപുരുഷാത്ഥത്തെ കെടുക്കുന്ന മഹാശത്രുക്കളാകുന്നു. ആ ശത്രുക്കളെത്തന്നെയാണ് നശിപ്പിക്കേണ്ടത്. രാഗദ്വേഷാദികളായ ആ മഹാശത്രുക്കൾ മനോവൃത്തിഭേദങ്ങളാകുന്നു. അതുകൊണ്ടാണ് മനസ്സാണ് മഹാശത്രുവെന്നു ഞാൻ മുമ്പു സവിസ്തരം പ്രതിപാദിച്ചത്. ആ മനോജയത്തിൽ സവ്വജയവും അടങ്ങിപ്പോയി. ആ മനോജയം മനോലയത്താലെ പരിപൂണ്ണമാകയുള്ളു. ആ മനോലയം രാജയോഗത്താലെ സിദ്ധിക്കയുള്ളു. അതുകൊണ്ട് അതിശുഭമായും അതി സുഖമായും ഇരിക്കുന്ന രാജയോഗത്തിലേക്കുത

ന്നെ മനസ്സിനെ തിരിക്കുക. അതിനാൽ മനോലയം സിദ്ധിക്കും. അതുതന്നെ മോക്ഷം. അതിനെ സമ്പാദിപ്പാനുള്ള അറിവുതന്നെ ജ്ഞാനം.

---

## മനഃസിദ്ധോന്ത മാനുഷത്വസിദ്ധി

ഗുരു:—ആ ജ്ഞാനംകൊണ്ടുതന്നെയാണ് മനുഷ്യനു മൃഗാദിജന്തുക്കളെക്കാൾ വിശേഷം കല്പിച്ചിട്ടുള്ളത്. അല്ലാതെ എഴുതുവാനും വായിപ്പാനും തൎക്കിപ്പാനും ഗൃഹധനധാന്യാദികൾ സമ്പാദിപ്പാനും മററുമുള്ള ജ്ഞാനംകൊണ്ടല്ല. ഈ ജ്ഞാനം ശരീരപോഷണത്തിനുള്ളതാകുന്നു. ശരീരപോഷണത്തിനുള്ള ജ്ഞാനം മൃഗാദിജന്തുക്കൾക്കും ഉണ്ട്. പൂച്ച എലിയെ ഒളിഞ്ഞിരുന്നുകൊണ്ടു ചാടിപ്പിടിക്കുന്നു. സ്പഷ്ടത്തിൽ എലി കാണെ ശബ്ദിച്ചുകൊണ്ടുപോയാൽ എലി ഓടിപ്പോകുമെന്നു ജ്ഞാനം അതിനുള്ളതുകൊണ്ടാകുന്നു തഞ്ചത്തിൽ ചാടിപ്പിടിക്കുന്നത്. ഇങ്ങിനെ സകല പ്രാണികൾക്കും അതാതിനു വേണ്ടതു സമ്പാദിപ്പാനുള്ള ഉപായവും ജ്ഞാനവും ഉണ്ട്. ആഹാരനിദ്രാമൈഥുനങ്ങളും മൃഗാദികൾക്കുണ്ട്. പിന്നെന്താ മനുഷ്യനു വിശേഷം? സംസ്കൃതം, ഇംഗ്ലീഷ്, തമിഴ്. ഹിന്ദുസ്ഥാനി, മുതലായ ഭാഷകളുടെ ജ്ഞാനം മനുഷ്യനുള്ളതുപോലെ അവക്കില്ലാ. അതുകൊണ്ടാണ് മനുഷ്യനു വിശേഷം എന്നു പറയുന്നപക്ഷം മനുഷ്യരുടെ ഭാഷകളുടെ ജ്ഞാനം പ്രാണികൾക്ക് എങ്ങിനെ ഇല്ലയോ അപ്രകാരം മൃഗാദികളുടെ ഭാഷയെ അറിവാനുള്ള ജ്ഞാനം മനുഷ്യനും ഇല്ല. അപ്പോൾ മനുഷ്യനെക്കാൾ വിശേഷം മൃഗങ്ങൾക്ക് ഉണ്ടെന്നും പറയേണ്ടിവരും. മനുഷ്യനു ഭൂമിയിൽ മാത്രമെ സഞ്ചരിപ്പാൻ കഴികയുള്ളു. പക്ഷികൾക്കു ഭൂമിയിലും ആകാശത്തിലും സഞ്ചരിപ്പാൻ ശക്തിയുണ്ട്. അതുകൊണ്ടു മനുഷ്യനെക്കാൾ വിശേഷം പക്ഷികൾക്കുണ്ടെന്നും പറയേണ്ടിവരും. ഇങ്ങിനെ ആലോചിക്കുമ്പോൾ മോക്ഷത്തിനുള്ള വിശേഷജ്ഞാനത്തെ അവലംബിച്ചിട്ടാണ് മനുഷ്യനു മൃഗാദികളെക്കാൾ വിശേഷം മഹാന്മാർ കല്പിച്ചിരിക്കുന്നത് എന്നു യുക്തികൊണ്ടു സിദ്ധിക്കുന്നു. പ്രമാണംകൊണ്ടും ജ്ഞാനം എന്ന പദത്തിന്റെ മുഖ്യാൎത്ഥം മോക്ഷജ്ഞാനം എന്നുതന്നെ നോക്കുക.

"മോക്ഷധീഃജ്ഞാനം" (എന്നു അമരസിംഹൻ).

അൎത്ഥം:—മോക്ഷത്തിലുള്ള ബുദ്ധിയാകുന്നു ജ്ഞാനം എന്നു പറയപ്പെടുന്നത്. ആ ജ്ഞാനം ഇല്ലെങ്കിൽ മനുഷ്യൻ മൃഗപ്രായംതന്നെ. മഹാപാപിയും ആകുന്നു. അതിന്നു പ്രമാണം.

ജ്ഞാനംനരാണാമധികംവിശേഷം
ജ്ഞാനേനഹീനാഃപശുഭിഃസമാനാഃ.

(എന്ന് ഉത്തരഗീതാ)

അൎത്ഥം:— ജ്ഞാനംതന്നെ മനുഷ്യൎക്ക് അധികമായ വിശേഷം. ജ്ഞാനമില്ലാത്തവർ പശുക്കളോടു സമന്മാരാകുന്നു.

സോപാനഭൂതംമോക്ഷസ്യ മാനുഷ്യംപ്രാപ്യദുല്ലഭം
യസ്താരയതിനാത്മാനം തസ്മാൽപാപതരോത്രകഃ.

(എന്നു ഗാരുഡപുരാണത്തിൽ പറഞ്ഞിരിക്കുന്നു)

അൎത്ഥം:— മോക്ഷത്തിന്നു കോണിപ്പടിയായും ദുല്ലഭമേയും ഇരിക്കുന്ന മനുഷ്യജന്മത്തെ പ്രാപിച്ചിട്ട് ഏവൻ മുക്തിയെ സാധിക്കുന്നില്ലയൊ അവനേക്കാൾ മഹാപാപി ലോകത്തിൽ ആരും ഇല്ല.

---

## മനഃസിലൊരു ആലോചനാസിദ്ധി

ഗുരു:— ഹേ ശിഷ്യ! മുക്തിക്കു അൎഹമായ മാനുഷജന്മം കിട്ടിയിട്ടും പശുപ്രായത്തിൽ പാപിയായി ജന്മം പാഴാക്കുന്ന 'ത് ആലോചനയില്ലായ്മകൊണ്ടല്ലെ? ആലോചിച്ചാൽ സംസാരത്തിൽ ഭ്രമിപ്പാൻ അവകാശമുണ്ടൊ? എന്റെ ഭൂമി എന്റെ ഭൂമി എന്ന് അഭിമാനിച്ച് അനേക സൈന്യങ്ങളോടും അനേകം അകമ്പടിയോടും അമിതശക്തിയോടും അഖിലസമ്പൽപുഷ്ടിയോടുംകൂടി അനവധി ചക്രവൎത്തികൾ ഈ ഭൂമിയെ ഭരിച്ചിരുന്നു. അവരെല്ലാം ഇപ്പോൾ എവിടെപ്പോയി? അവരുടെകൂടെ ആരെല്ലാം പോയി? അവരുടെ നാശത്തിന്നു സാക്ഷിണിയായ ഭൂമി ഇപ്പോഴും ഉണ്ട്. ഇപ്പോഴും എത്രജനം നമ്മുടെ അറിവിൽപെട്ടിട്ടുള്ളതിൽ നശിച്ചുപോയി? ആരുടേയുംകൂടെ ഒന്നും പോയി കാണുന്നില്ല. തന്റെ വസ്തുക്കളാണെ

ങ്കിൽ തന്റെകൂടെ പോരേണ്ടതല്ലയൊ? ഈ സ്ഥിതിക്ക് എന്റെ ഭാൎയ്യാ, എന്റെ പുത്രൻ, എന്റെ ഗ്രഹം, എന്റെ ധനം, എന്റെ ഭൂമി, എന്റെ ബന്ധു എന്നിങ്ങിനെ മമത്വം വെച്ച് അത്യാസക്തിയോടുകൂടി അലയുവാൻ അവകാശമുണ്ടൊ? അവസാനത്തിൽ ഒന്നുംകൂടെ വരാത്തത് ഇരിക്കട്ടെ. കഠിനരോഗപീഡയിൽ കിടന്നു ബുദ്ധിമുട്ടുമ്പോൾ ആ പീഡയെ അല്പനേരമെങ്കിലും പുത്രാദിബന്ധുക്കൾ വഹിച്ചു പീഡിതന്ന് ആശ്വാസത്തെ കൊടുപ്പാൻ കഴിയുമൊ? അതും ഇല്ല. അതും ഇരിക്കട്ടെ. ദേഹനാശംവരെ പുത്രാദികളോടു കൂടിയാടി ഇരിക്കാമെന്ന ദുൎമ്മോഹം സാധിക്കുന്നുണ്ടൊ? അതും ഇല്ല. കാലവശാൽ ഓരോന്നു നശിച്ചുപോകുന്നു. അപ്പോൾ ദുഃഖിക്കയും ചെയ്യുന്നു. അങ്ങിനെ ദുഃഖിക്കുന്നതും ആലോചനക്കുറവാകുന്നു. നശ്വരങ്ങൾ നശിക്കാതെ ഇരിക്കുമൊ? അത് അതിന്റെ സ്വഭാവമല്ലെ? ഒരു കാലത്തിൽ ഒരു വൃക്ഷത്തിൽ അനേകം ദലങ്ങളും പൂക്കളും ഫലങ്ങളും ഉണ്ടാകുന്നു. ഒരുകാലത്തിൽ അവയെല്ലാം കൊഴിഞ്ഞുപോകുന്നു. ഇതു സ്വഭാവമല്ലെ? ഇതിനെപ്പററി വ്യസനിപ്പാൻ എന്താണ്? വ്യസനിച്ചാൽ അവ ശാശ്വതസ്ഥിതിയെ പ്രാപിക്കുമൊ? സംസാരവൃക്ഷത്തിന്റെ ഫലം ദുഃഖസ്വരൂപമായിരിക്കുമ്പോൾ അതു സുഖസ്വരൂപമായിത്തീരുന്നില്ലല്ലൊ എന്നു വ്യസനിക്കുന്നത് എന്തു മൂഢതയാകുന്നു? വേപ്പു കയ്ക്കുന്നത് അതിന്റെ സ്വഭാവമല്ലെ? അതു കയ്ക്കുന്നുവെല്ലൊ എന്നുപറഞ്ഞു കരയുന്നതല്ലെ അസ്വഭാവം? കരഞ്ഞതിനെക്കൊണ്ടു വേപ്പിന്റെ കയ്പു ശമിക്കുമൊ? തീയിനെ കൈകൊണ്ടു വാരിയെടുത്തിട്ടു തീ ചുടുന്നുവെല്ലൊ എന്നു പറഞ്ഞു വേദനിച്ചു നാട്ടുകാരെ കൂട്ടിയാൽ തീ തണുക്കുമൊ? ഇല്ല. വേപ്പു കയ്ക്കാതെ ഇരിക്കേണമെങ്കിൽ വേപ്പിന്റെ ഫലം തിന്നാതെ ഇരിക്കേണം. തീ ചുടാതെ ഇരിക്കേണമെങ്കിൽ അതിനെ കൈകൊണ്ടു ഗ്രഹിക്കാതെ ഇരിക്കേണം. സംസാരവിഷയാഗ്നിയാൽ തപിച്ചു ദുഃഖിക്കാതെ കഴിയേണമെങ്കിൽ സംസാരവിഷയാഗ്നിയെ ആലിംഗനം ചെയ്യാതെ ഇരിക്കേണം. എന്നാൽ സംസാരവിഷയത്തിൽ ആശ യരുത് എന്നഭിപ്രായം. ആശയുണ്ടെങ്കിലെ ദുഃഖം ഉള്ളു. നോ

ക്കുക. മദ്യത്തിൽ ആശകൊണ്ടു കുടിച്ചു മറിച്ചു വീണ് മൂക്കും മു ഖവും മുട്ടും പൊട്ടി പരിഹാസപാത്രമായി ദുഃഖിക്കേണ്ടിവരു ന്നു. ഇങ്ങിനെ ഏതേതുവിഷയത്തിൽ ആശയുണ്ടോ അതാതു വിഷയത്തെപ്പററിയുള്ള ദുഃഖവും ഉണ്ട്. ഏതേതുവിഷയത്തിൽ ആശയില്ലയൊ അതാതു വിഷയത്തെപ്പററി ദുഃഖവും ഇല്ല. സ്ത്രീവിഷയത്തിൽ ആശയുള്ളവൻ സ്ത്രീനിമിത്തം എന്തെല്ലാം ദുഃഖമനുഭവിക്കുന്നു. അത് ഇല്ലാത്തവന്ന് ആ ദുഃഖമില്ല. ഹേ ശിഷ്യ! അതുകൊണ്ടു നല്ലവണ്ണം ആലോചിക്കേണം എങ്കിലെ ആപാതരമണീയമായിരിക്കുന്ന സംസാരം ആപത്തെന്ന് അ റികയുള്ളു. അല്ലെങ്കിൽ അഗ്നിയുടെ കാന്തി കണ്ട് അത്ഭുത പ്പെട്ട് അതിൽ പതിക്കുന്ന ആലോചനയില്ലാത്ത പാററപോ ലെ വിഷയാഗ്നിയിൽ ദഹിച്ചുപോകും. ഒരു അകൃത്യം പ്രവൃ ത്തിപ്പാൻവേണ്ടി നിണക്കു കനകാഭിഷേകം ചെയ്താലും ചക്ര വത്തിസ്ഥാനം തന്നാലും നീ അകൃത്യം ചെയ്യരുത്. ആ അകൃ ത്യം ചെയ്യാത്തപക്ഷം നിന്റെ ശിരഃച്ഛേദം ചെയ്യുമെന്നു ക ണ്ടാലും നീ അകൃത്യം ചെയ്യരുത്. അപ്പോൾ നീ ആലോചി ക്കേണ്ടത് എന്താകുന്നു എങ്കിൽ ദേഹം ജലത്തിലെ പോള പോലെ അസ്ഥിരമാകുന്നു. ഈ ദേഹംനിമിത്തം അകൃത്യംചെ യ്തു ധനാധിപതിയുടേയൊ ചക്രവത്തിയുടേയൊ മററൊ പദ വിയെ പ്രാപിച്ചാലും അതു ശാശ്വതമല്ല. അകൃത്യം നിമിത്ത മുള്ള അപകീത്തിയാവട്ടെ ലോകത്തിൽ ശാശ്വതയായിട്ടു നി ലനില്ക്കയും ചെയ്യും എന്നുമാത്രമല്ല ഉത്കൃഷ്ടഗതിക്കു ഹാനിയും നേരിടും. ഇങ്ങിനെ ഉഭയഭ്രഷ്ടനായിത്തീരും. അകൃത്യം പ്രവൃ ത്തിക്കാതെ ഇരുന്നാൽ കനകാഭിഷേകം ചെയ്തിട്ടും ചക്രവത്തി സ്ഥാനം നൽകിയിട്ടും ഇവൻ അകൃത്യം ചെയ്തില്ല. ശിരഃച്ഛേ ദം ചെയ്യുമെന്നു കണ്ടിട്ടും ഇവൻ അകൃത്യം ചെയ്തില്ല. ഇവൻ മഹാ ധീരൻ, മഹാ യോഗ്യൻ എന്നു സത്തുക്കൾ പ്രശംസിക്കും. ശാശ്വതസൽകീത്തിക്കും ഉത്കൃഷ്ടഗതിക്കും അഹനായിത്തീരുക യും ചെയ്യും. അതുകൊണ്ടു മൂന്നുദിവസത്തെ മുല്ലവാഴ്ച എന്നു പറഞ്ഞ ക്രട്ടത്തിലുള്ള ഐഹികവാഴ്ചയെ കൊതിച്ച് അന്യാ യകമ്മം അനുഷ്ഠിക്കാതെ ഇരിക്കുന്നതുതന്നെ അത്യന്തം ഉത്തമ പക്ഷം എന്ന് ആലോചിച്ചു തീച്ചപ്പെടുത്തി ചലിക്കാതെ

മനസ്സിനെ നിറുത്തേണം. സൎവ്വമതക്കാരുടെ ഇടയിലും ധൎമ്മിഷ്ഠന്മാരാണെന്നും ജ്ഞാനികളാണെന്നും അഭിമാനിക്കുന്ന മിക്കയോഗ്യന്മാരും തങ്ങളുടെ ദയാദിധൎമ്മങ്ങളെ അനാഥപ്രാണികളിൽ കാണിക്കുന്നില്ല. മത്സ്യാദിജന്തുക്കളെ കൊന്നുതിന്നുന്നതുകൊണ്ടു വാക്കിൽമാത്രമാണ് ദയാ. അന്തരത്തിൽ ദയ ഇല്ലെന്നുള്ളതു വ്യക്തമായിരിക്കുന്നു. മനുഷ്യരെ ഹിംസിച്ചാൽ രാജാവു ദണ്ഡിക്കും എന്നു ഭയപ്പെട്ടിട്ടൊ സ്വജാതിസ്നേഹംകൊണ്ടൊ ദയയെ അവർ കാണിക്കുന്നതുകൊണ്ടു ദയാനീതിനിധികളെന്ന് അവരെ വിചാരിച്ചുകൂടാ. ദയാദിധൎമ്മം വാസ്തവത്തിൽ ഉണ്ടെങ്കിൽ അത് എല്ലാ പ്രാണികളിലും ഉണ്ടായിരിക്കും. ശീതാംശുവിൻെറ (ചന്ദ്രൻെറ) ശീതളത്വം മഹാരാജാവിലും ദരിദ്രനിലും സൎവ്വപ്രാണികളിലും ഒരുപോലെ ഇരിക്കുന്നു. മത്സ്യാദി ക്ഷുദ്രപ്രാണികളെ ദഹിപ്പിക്കുന്നില്ല. അവൎക്കും ശീതളനായിത്തന്നെ ഇരിക്കുന്നു. അപ്പോലെ നിൻെറ ദയാദിധൎമ്മവും സൎവ്വത്ര ഒരുപോലെ വിളങ്ങുന്നവണ്ണം ആലോചിച്ചു നടക്കേണം. ഏതെതു സംഗതി നേരിട്ടുന്നുവൊ അതിലെല്ലാം ആലോചിച്ചു തീൎച്ചപ്പെടുത്തി മനസ്സിനെ നിലയ്ക്കു നിറുത്തേണം. വ്യവഹാരദശയിൽ ഇരിക്കുമ്പോൾ ഒരു സംഗതികൊണ്ടും മനശ്ചാഞ്ചല്യം വരരുത്. കൊടുങ്കാററ് അടിച്ചാലും കുലപൎവ്വതം എങ്ങിനെ കുലുങ്ങാതെ ഇരിക്കുമൊ അങ്ങിനെ മനസ്സും കുലുക്കംകൂടാതെ ഇരിക്കേണം. ചൂടു കത്തിച്ചു സമുദ്രജലത്തിൽ ഇട്ടാൽ സമുദ്രജലം എങ്ങിനെ ചൂടുപിടിക്കാതെ ഇരിക്കുമൊ അപ്രകാരം മനസ്സ് ആപത്തിലും തപിക്കാതെതന്നെ ഇരിക്കേണം. വികാരങ്ങൾക്കു ഹേതു ഉണ്ടായിരിക്കുമ്പോഴും വികാരപ്പെടാതെ ഇരിക്കുന്നതല്ലെ മനസ്സിൻെറ യോഗ്യതാ. അങ്ങിനെ വരാത്തപക്ഷം യോഗിക്കും ഭോഗിക്കും തമ്മിലുള്ള വ്യത്യാസമെന്താണ്? കാററടിക്കുമ്പോൾ മരവും മലയും കുലുങ്ങുന്നു എന്നുവരികിൽ മലയ്ക്കും മരത്തിന്നും തമ്മിലുള്ള ഭേദമെന്താണ്? യോഗാനന്ദം അനുഭവിക്കാൻ സംഗതിവരികയും അതിൽ ഇരിക്കുകയും ചെയ്യുന്നു എങ്കിൽ ചതുൎദ്ദശഭുവനങ്ങളും മീതെ വന്നു വീണാലും ഒരു കുലുക്കമുണ്ടാകയില്ല. ഒരു ആലോചനയും വേണ്ട. പ്രപഞ്ചത്തെ വിട്ടു യോഗത്തെ അഭ്യസിക്ക

നാപക്ഷവും അങ്ങിനെതന്നെ. യാതൊരു ബാധയും ഇല്ലല്ലൊ. പ്രപഞ്ചത്തിലിരുന്നുകൊണ്ടു യോഗത്തെ സാധിക്കുമ്പോൾ അതു സിദ്ധിക്കുന്നതുവരെ ആലോചന അത്യാവശ്യംതന്നെ.

## മനഃസിദ്ധെഴ സൽസംഗഗുണസിദ്ധി

ഗുരു:— സൽസംഗവും അത്യാവശ്യംതന്നെ. സത്തുക്കൾ കാമുകന്മാർ സ്ത്രീവിഷയത്തെപ്പററി പറഞ്ഞു രസിക്കുന്നതുപോലെ സദാ പരമാനന്ദാനുഭവരസത്തെപ്പററി പറഞ്ഞ് ആനന്ദിച്ചുകൊണ്ടെ ഇരിക്കും. അതു കാണുമ്പോൾ തനിക്കും ആ ആനന്ദാനുഭവം വേഗത്തിൽ സിദ്ധിപ്പാനുള്ള ആശകൊണ്ടു സാധകൻ നല്ലവണ്ണം യോഗത്തിൽ വേലചെയ്യും. ഒരുവൻ കേമനായി കാണുമ്പോൾ തനിക്കും അങ്ങിനെ ആവേണമെന്നു വിചാരിച്ചു ശ്രമിക്കുന്നതു ജനസ്വഭാവമല്ലൊ. പിന്നെ ആലോചനയൊ പ്രവൃത്തിയൊ പിഴച്ചുകാണുമ്പോൾ സത്തുക്കൾ ഉപദേശിച്ചു ശരിയായി നടത്തും. നൂറെറട്ട് ഉപനിഷത്തിനെ പഠിച്ചാൽ വിദേഹമുക്തി കിട്ടും, കാവേരീസ്നാനംകൊണ്ടു മുക്തി കിട്ടും, ഭഗവൽഗീത വായിച്ചാൽ മുക്തി കിട്ടും, പുരാണങ്ങളൊ സ്ഥലപുരാണങ്ങളൊ വായിച്ചാൽ മുക്തി കിട്ടും, ക്ഷേത്രോപവാസയാഗാദികർമ്മങ്ങൾകൊണ്ടു സൽഗതി കിട്ടും എന്നിങ്ങിനെ മുക്തിക്ക് അനേക വഴിയെ ഘോഷിക്കുന്ന പ്രമാണങ്ങളേയും അവയെ ആചരിക്കുന്ന അസംഖ്യം ജനത്തേയും കാണുമ്പോൾ യോഗത്തിൽ അനുഭവമില്ലെങ്കിൽ മനസ്സു ചലിച്ചു എന്നു വരാം. അപ്പോൾ ആ പ്രമാണങ്ങളേയും നാനാവിധാനുഷ്ഠാനങ്ങളേയും യുക്തിയുക്തമായി ഖണ്ഡിച്ചു മനോലയം ഒന്നുതന്നെ മുക്തി; മറെറല്ലാം കർമ്മവും വ്യർത്ഥമെന്നു പ്രതിപാദിക്കുന്ന പ്രബലശ്രുതികളെ ഉദാഹരിച്ചു യുക്തികൊണ്ടും അനുഭവംകൊണ്ടും തൃപ്തിപ്പെടുത്തി പരമാർത്ഥവഴിയിൽത്തന്നെ സാധകനെ സജ്ജനം വേലചെയ്യിക്കും. അതുകൊണ്ടു സജ്ജനസംസർഗ്ഗം മഹാ സഹായിതന്നെ. സംശയമില്ല. ഹേ ശിഷ്യ! വിശ്വാസമുള്ള സാരഗ്രാഹികൾക്കു ക്ഷണനേരംകൊ

ണ്ടു കാണിച്ചുകൊടുക്കാവുന്നതാണ് മുക്തിമാർഗ്ഗം. നീ തർക്കിച്ചു തർക്കിച്ചു വളരെ സമയം കളഞ്ഞു.

ശിഷ്യൻ:— സ്വാമിൻ! ഞാൻ വിശ്വാസമില്ലാതെ തർക്കിച്ചതല്ലാ. സൂക്ഷ്മം അറിയാതെ ആളുകൾ അനേകവിധത്തിൽ സംശയിക്കുന്നു. അവർക്കുകൂടി ഉപകാരപ്പെടേണമെങ്കിൽ ആവക സംശയങ്ങളേക്കൂടി ഖണ്ഡിക്കേണ്ടതാണല്ലോ എന്നു വിചാരിച്ചു ലോകോപകാരമായി തർക്കിച്ചതാകുന്നു.

ഗുരു:— നല്ലത്. നിണക്കു സൂക്ഷ്മം മനസ്സിലായൊ? എന്നാൽ ഞാൻ ഇതുവരെ പറഞ്ഞതിൻെറ സാരമെന്താണ് കേൾക്കട്ടെ.

## മനഃസിദ്ധാന്ത സാരഗ്രഹണസിദ്ധി

ശിഷ്യൻ:— മനസ്സിനെ ആത്മാവിൽ ലയിപ്പിച്ചാൽമുക്തിയായി. അതിന്നു വേദശാസ്ത്രാദിപാരായണങ്ങളും യാഗാദികർമ്മങ്ങളും വേണ്ടാ. നിദ്രയിൽ മനസ്സിനെ ലയിപ്പിക്കാൻ വേദങ്ങളൊ ശാസ്ത്രങ്ങളൊ പുരാണങ്ങളൊ അഭ്യസിക്കേണമൊ, യാഗാദികർമ്മങ്ങൾ ചെയ്യേണമൊ, വേണ്ടാ. വേദാന്തശാസ്ത്രപ്രകാരം സ്ഥൂലസൂക്ഷ്മകാരണദേഹങ്ങളെ പിരിച്ചുതള്ളി "അഹം ബ്രഹ്മാസ്മി" ഞാൻ ബ്രഹ്മമാകുന്നു എന്നു ധ്യാനിച്ചിട്ടാണൊ നിദ്രയിൽ മനസ്സു ലയിക്കുമ്പോൾ ദ്വൈതം നശിക്കുന്നതും ദുഃഖം നിവൃത്തിക്കുന്നതും അല്ല. അപ്പോലെ ആനന്ദനിദ്രയിൽ മനസ്സു ലയിച്ചു പ്രപഞ്ചം മറക്കാനും ദുഃഖം നിവൃത്തിപ്പാനും വേദവേദാന്തപഠനങ്ങളും, യാഗാദികർമ്മങ്ങളും ആവശ്യമില്ല. ഗുരൂപദേശപ്രകാരം മനസ്സിനെ വിഷയത്തിൽ വിടാതെ ഇരുന്നാൽ മനസ്സു ബ്രഹ്മത്തിൽ ലയിച്ചുകൊള്ളും. ആ ലയംതന്നെ മുക്തി. അതുതന്നെ രാജയോഗം. അതുതന്നെ അദ്വൈതം. ഈ ശാശ്വതാനന്ദനിദ്രയ്ക്കു് (മുക്തിക്ക്) ആൎക്ക് ആഗ്രഹമുണ്ടൊ ആ പ്രാണി ഹിന്തുവായാലും ക്രിസ്ത്യനായാലും ബൌദ്ധനായാലും മഹമ്മദനായാലും സ്ത്രീയായാലും ഒരു അക്ഷരംപോലും അറിയാത്തവനായാലും അൎഹനാകുന്നു. തിരഭേദം ഇല്ല. പിന്നെ ബ്രഹ്മം എന്നും വിഷ്ണുവെന്നും ബ്ര

ഹ്മാവെന്നും ആത്മാവെന്നും മററും അനേകമായി പറയപ്പെട്ടുന്നതു ശക്തിയെത്തന്നെയാകുന്നു. എന്തുകൊണ്ടെന്നാൽ, എല്ലാററിനേയും പരിശോധിക്കുമ്പോൾ ശക്തിമയമായിട്ടാണ് എല്ലാം ഇരിക്കുന്നത്. പ്രമാണവും "സർവ്വശക്തിമയോഹ്യാത്മാ" (ആത്മാവു സർവ്വശക്തിമയനാകുന്നു) എന്നു പറയുന്നു. കങ്കണം സ്വർണ്ണമയമാണ് എന്നു പറയുമ്പോൾ സ്വർണ്ണമാണ് വാസ്തവത്തിലുള്ളത് എന്നും കങ്കണം എന്ന ഒരു പേർ സ്വർണ്ണത്തിൽ കല്പിക്കപ്പെട്ടതാണെന്നും തെളിയുന്നു. അപ്രകാരം "സർവ്വശക്തിമയോഹ്യാത്മാ" (ആത്മാവു സർവ്വശക്തിസ്വരൂപനാകുന്നു) എന്ന ശ്രുതിയെ അനുസരിച്ചു പരിശോധിക്കുമ്പോൾ ശക്തിയാണ് വാസ്തവത്തിലുള്ളത് എന്നും ആത്മാവു, ബ്രഹ്മം, വിഷ്ണു എന്ന നാമങ്ങൾ ശക്തിയിങ്കൽ കല്പിതങ്ങളാകുന്നു എന്നും സിദ്ധിക്കുന്നു. അതുകൊണ്ടു ശക്തിതന്നെയാണ് സർവ്വദൈവം ഏരിയിൽ കുളിച്ചു, നദിയിൽ കുളിച്ചു, കുളത്തിൽ കുളിച്ചു എന്നു ജനങ്ങൾ പറയുന്നതല്ലാതെ ജലത്തിൽ കുളിച്ചു എന്ന് ആരും പറയുന്നില്ല. പരമാർത്ഥത്തിൽ കുളിച്ച് ഉഷ്ണത്തെ നീക്കി കുളുർപ്പിക്കാനും മററും ഉപകാരപ്പെട്ട വസ്തു ജലമാകുന്നു. എങ്കിലും അതിൻെറ പേരല്ലാ പറയുന്നത്. ഏരി, നദി മുതലായവയുടെ പേരാണ് പറയുന്നത്. ഇങ്ങിനെ പരമാർത്ഥം വിട്ടു സംസാരിക്കുന്നതു ലോകത്തിൽ സാധാരണസമ്പ്രദായമാകുന്നു. നോക്കുക. രാത്രികാലത്തിൽ ചിലർ പലപ്പോഴും നമ്മുടെ ഭവനത്തിൽ വരാറുണ്ട്. അവരോട് എങ്ങിനെ ഈ ഇരുട്ടിൽ നിങ്ങൾ വന്നുചേർന്നു എന്നു ചോദിക്കുമ്പോൾ "ചിലർ ചൂട്ടുണ്ടായിരുന്നു എന്നും ചിലർ റാന്തൽ ഉണ്ടായിരുന്നു എന്നും ചിലർ പാനീസ്സുണ്ടായിരുന്നു എന്നും ചിലർ വിളക്കുണ്ടായിരുന്നു" എന്നും മററും ഉത്തരം പറയുന്നതും ഉണ്ട്. അഗ്നിയുണ്ടായിരുന്നു എന്ന് ആരും പറയുന്നില്ല. വാസ്തവത്തിൽ ഇരുട്ടിനെ നീക്കി വെളിച്ചത്തെക്കൊടുത്ത സാധനം അഗ്നിയാകുന്നു എങ്കിലും അഗ്നിയുടെ പേരല്ലാ പറയുന്നത്. ചൂട്ടുമുതലായവയുടെ പേരാണ് പറയുന്നത്. അപ്പോലെ ശക്തിയെക്കൊണ്ടാണ് എല്ലാവരും ഉപജീവിക്കുന്നതും മുക്തിയെ പ്രാപിക്കുന്നതും എന്നുവരികിലും അതിൻെറ പേര

ല്ലാ പറയുന്നത്. ബ്രഹ്മവിഷ്ണുമഹേശ്വരാദികളുടെ പേരാണ് പറയുന്നത്. പേരിൽ ഭ്രമിച്ചു വാസ്തവത്തെ മറന്നുപോയി. എന്നുതന്നെയല്ല ശക്തിയെ പ്രബലപ്പെടുത്തി പറയുമ്പോൾ അത് അതാത്മവസ്തുക്കളിൽ അടങ്ങിപ്പോയി എന്നും വാദിക്കുന്നു. ഇത് എങ്ങിനെ ഇരിക്കുന്നു എന്നുവരികിൽ കങ്കണം, കടകം, കാഞ്ചിമുതലായ ആഭരണങ്ങളിൽ കാഞ്ചനം (സ്വർണ്ണം) അടങ്ങിപ്പോയി എന്നു പറയുംപോലെ ഇരിക്കുന്നു. വാസ്തവം ആലോചിക്കുമ്പോൾ കാഞ്ചനത്തിലാണ് (സ്വർണ്ണത്തിലാണ്) കങ്കണംമുതലായ ആഭരണങ്ങൾ ആരോപിക്കപ്പെട്ടിട്ടുള്ളത്. കങ്കണംമുതലായ ആഭരണങ്ങൾ കാഞ്ചനത്തിന്റെ അംശമല്ല. അതുപോലെ സർവം ശക്തിമയമായിരിക്കുന്നതിനാൽ ശക്തിയിലാകുന്നു എല്ലാം അടങ്ങിയിരിക്കുന്നത്. പക്ഷേ നേരെ വിപരീതമായി ശക്തി അതാത്മവസ്തുവിൽ അടങ്ങിപ്പോയി എന്നു സർവ്വജനങ്ങളും വാദിക്കുന്നു എന്നുമാണ് ഇവിടത്തെ അഭിപ്രായം.

---

## മനഃസിലെയ ശക്തിതത്വസിദ്ധി

ഗുരു:- ഹേ ശിഷ്യ! എന്റെ അഭിപ്രായം മാത്രമാണൊ? ഞാൻ ശക്തിയെ സ്ഥാപിപ്പാൻ ഉദാഹരിച്ച പദ്യങ്ങളുടെ കർത്താവായ വേദവ്യാസനും ശക്തിയെ അതീതവസ്തുവായിട്ടല്ലെ തീർച്ചപ്പെടുത്തിയത്. അതിന്നു ശ്രുതിയും ഞാൻ പറഞ്ഞുവെല്ലൊ. പിന്നെ ശാക്തമതം എന്ന് ഒരു മതംതന്നെ ലോകത്തിൽ ഉണ്ട്. ഹിന്ദുക്കൾ അതും ആചരിക്കുന്നുണ്ട്. ശക്തി ഈശ്വരനിൽ അടങ്ങിപ്പോയി എന്നുവരികിൽ ഈശ്വരനെ മാത്രം സേവിച്ചാൽ മതിയെല്ലൊ, ശക്തിയെ ആരാധിക്കേണമൊ? അതുകൊണ്ടും ശക്തി അതീതവസ്തുവാകുന്നു എന്നു സിദ്ധിക്കുന്നു. യോഗികളും ഇങ്ങിനെ പറയുന്നു.

മൂലാധാരാദാരഭ്യ ബ്രഹ്മരന്ധ്രപര്യന്തം സുഷുമ്നാ സൂര്യാഭാ
തന്മദ്ധ്യെ തടിൽകോടിസമാ മൃണാളതന്തുസൂക്ഷ്മാ കുണ്ഡലിനി
തത്ര തമോനിവൃത്തിഃ തദ്ദർശനാൽ സർവ്വപാപനിവൃത്തിഃ.

(എന്നു മണ്ഡലബ്രാഹ്മണോപനിഷത്ത്)

അൎത്ഥം:—മൂലാധാരംമുതൽ ബ്രഹ്മരന്ധ്രംവരെ സൂൎയ്യപ്രഭയായിട്ടു സുഷുമ്ന എന്ന ഒരു നാഡിയുണ്ട്. അതിന്റെ മദ്ധ്യത്തിൽ കോടിമിന്നൽപോലെ അതിസൂക്ഷ്മയായിട്ടു കുണ്ഡലിനീ എന്ന് ഒരു ശക്തിയുണ്ട്. ആ ശക്തിയുടെ ദൎശനത്തിങ്കൽനിന്നു സൎവ്വപാപനാശവും അജ്ഞാനനാശവും സംഭവിക്കുന്നു.

ദൃഷ്ട്വാതാംബ്രഹ്മവിൽഭൂയാൽ സച്ചിദാനന്ദരൂപിണീം;
തദാമായാദികംസൎവ്വം ദഗ്ദ്ധംഭവതിഭൂമിപ.

(എന്നു ദേവീഭാഗവതം).

അൎത്ഥം:—സച്ചിദാനന്ദസ്വരൂപിണിയായ ആ ശക്തിയെ കണ്ടിട്ടു ബ്രഹ്മജ്ഞാനിയായി ഭവിക്കും. അപ്പോൾ മായമുതലായതും എല്ലാം ദഹിച്ചുപോകുന്നു, വേദാന്തികളും ഒരു ശക്തിയുണ്ടെന്നു സമ്മതിക്കുന്നു.

ശക്തിരസ്ത്യൈശ്വരീകാചിൽ സൎവ്വവസ്തുനിയാമികാ
ആനന്ദമയമാരഭ്യ ഗൂഢാസൎവ്വേഷുവസ്തുഷു.

(എന്നു പഞ്ചദശപ്രകരണത്തിൽ പറഞ്ഞിരിക്കുന്നു).

അൎത്ഥം:—സൎവ്വചരാചരവസ്തുക്കളേയും നിയമിക്കുന്ന (ഇന്നത് ഇന്നപ്രകാരം ഇരിക്കട്ടെ എന്ന സ്ഥിതിയെ നിബന്ധിക്കുന്ന) ഒരു ഈശ്വരശക്തിയുണ്ട്. ആ ശക്തി ആനന്ദമയകോശംമുതൽ സൎവ്വവസ്തുക്കളിലും ഗൂഢയായിരിക്കുന്നു. ഈ ശ്ലോകംകൊണ്ടു സൎവ്വചരാചരങ്ങളേയും യഥായോഗ്യം കല്പിച്ചിരിക്കുന്നതും എല്ലാററിലും ഗൂഢയായിരിക്കുന്നതുമാണ് ശക്തി എന്നും സിദ്ധിക്കുന്നു. അതുകൊണ്ട് ഒരു വസ്തുവിൽ ഇരിക്കുന്നതുകൊണ്ട് ആ വസ്തുവിന്റെ ശക്തിയാണെന്നു തീൎച്ചപ്പെടുത്തിക്കൂടാ. ആ വസ്തുവിന്നും കാരണമായി അതീതമായിരിക്കുന്ന വസ്തുവാണ് ശക്തിയെന്നു വേദാന്തികളും സമ്മതിക്കുന്നു.

മൂലപ്രകൃതിരവികൃതിൎമ്മഹദാദ്യാഃ പ്രകൃതിവികൃതയഃ.

(എന്നു സാംഖ്യമതം)

അൎത്ഥം:—മൂലപ്രകൃതി (ശക്തി) അവികൃതിയാകുന്നു. അവികൃതി=വികൃതിയല്ലാത്തത്. വികൃതി=വികാരം. മൂലകൃതി ഒന്നിന്റേയും വികാരമല്ല. എന്നാൽ ഒന്നിൽനിന്നും ഉണ്ടായ

തല്ല എന്ന സാരം). മഹദാദികൾ പ്രകൃതിവികൃതികളാകുന്നു. (മഹത്തത്വം അഹങ്കാരം പഞ്ചതന്മാത്രകൾ മുതലായ എല്ലാ ലോകങ്ങളും പ്രകൃതിയുടെ വികൃതികളാകുന്നു). വികാരങ്ങളാകുന്നു (പ്രകൃതിയിൽനിന്ന് ഉണ്ടായവയാകുന്നു). ഇങ്ങിനെ സാംഖ്യന്മാർ പ്രകൃതിയെ (ശക്തിയെ) വേറിട്ടൊരു വസ്തുവായിട്ടുതന്നെ തീർച്ചപ്പെടുത്തിയിരിക്കുന്നു, എന്നുമാത്രമല്ല സൃഷ്ടിക്കുന്നതും രക്ഷിക്കുന്നതും സംഹരിക്കുന്നതും സകലം ചെയ്യുന്നതും പ്രകൃതി തന്നെ എന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. ശക്തി ഒന്നിൽ അടങ്ങിപ്പോയി. അതുകൊണ്ടു ശക്തിക്കല്ലാ പ്രാധാന്യം ആ വസ്തുവിന്നാണ് പ്രാധാന്യം എങ്കിൽ ഈ മഹാതത്വജ്ഞാനികൾ ശക്തിയെ പ്രധാനമായി പറവാൻ സംഗതിയില്ല. ഹിന്തുക്കളുടെ ഇടയിലുള്ള മഹാതത്വജ്ഞാനികൾ യോഗികളും സാംഖ്യന്മാരും വേദാന്തികളും ആകുന്നു. ഈ മൂന്നു കൂട്ടക്കാരും മേൽപ്രകാരം ശക്തിയെ പ്രതിപാദിച്ചിരിക്കുന്നു. ആ ശക്തിയെത്തന്നെയാകുന്നു പണ്ടു ദേവന്മാരും ദേവികളും അനേക മഹാന്മാരും ഉപാസിച്ചത്. നോക്കുക.

ദിവ്യംവൎഷസഹസ്രഞ്ച തപസ്തപ്ത്വാഹിമാചലെ
ദുൎഗ്ഗാചതൽപദംധ്യാത്വാ സൎവ്വപൂജ്യാബഭൂവഹ.

അൎത്ഥം:—ദുൎഗ്ഗാദേവി ആയിരം ദിവ്യസംവത്സരം ഹിമവൽപൎവ്വതത്തിലിരുന്നു ശക്തിയെ ധ്യാനിച്ചു തപസ്സുചെയ്തിട്ടു സൎവ്വപൂജ്യയായി ഭവിച്ചു.

സരസ്വതീതപസ്തപ്ത്വാ പൎവ്വതെഗന്ധമാദനെ
ലക്ഷവൎഷിഞ്ചദിവ്യഞ്ച സൎവ്വവന്ദ്യാബഭൂവസാ.

അൎത്ഥം:—സരസ്വതീദേവി ഗന്ധമാദനപൎവ്വതത്തിൽ ലക്ഷം ദിവ്യസംവത്സരകാലം തപസ്സിനെ ചെയ്തിട്ടു സൎവ്വവന്ദ്യയായി ഭവിച്ചു.

ലക്ഷ്മീൎയ്യുഗശതംദിവ്യം തപസ്തപ്ത്വാചപുഷ്കരെ.
സൎവ്വസമ്പൽപ്രദാത്രീച ജാതാദേവീനിഷേവണാൽ.

അൎത്ഥം:—ലക്ഷ്മീദേവി പുഷ്കരത്തിൽ നൂറു ദിവ്യയുഗം തപസ്സുകൊണ്ടു ശക്തിയുടെ സേവയെ ചെയ്തിട്ടു സൎവ്വസമ്പത്തിനേയും ദാനംചെയ്വാൻ സമൎത്ഥയായി ഭവിച്ചു.

സാവിത്രീമലയേതപ്ത്വാ പൂജ്യാവന്ദ്യാബഭൂവസാ
ഷഷ്ടിവഷസഹസ്രാണി ദിവ്യംധ്യാത്വാചതൽപദം.

അത്ഥം:— സാവിത്രീദേവി മലയപവ്വതത്തിൽ അറുപതിനായിരം ദിവ്യസംവത്സരം ശക്തിയെ ധ്യാനിച്ചിട്ടു പൂജ്യയായും വന്ദ്യയായും ഭവിച്ചു.

ശതമന്വന്തരംതപ്ത്വം ശങ്കരേണപുരാവിഭോ
ശതമന്വന്തരഞ്ചൈവ ബ്രഹ്മാശക്തിം ജജാപഹ
ശതമന്വന്തരം വിഷ്ണുസ്തപ്ത്വാപാതാബഭൂവഹ.

അത്ഥം:— ശിവൻ നൂറു മന്വന്തരകാലം പണ്ടു ശക്തിയെ ഭജിച്ചു. നൂറു മന്വന്തരകാലം ബ്രഹ്മാവു ശക്തിയെ ഭജിച്ചു. വിഷ്ണുവും നൂറു മന്വന്തരകാലം ശക്തിയെ ഭജിച്ചിട്ടാകുന്നു സവ്വലോകരക്ഷിതാവായി ഭവിച്ചത്.

ഏവം ദേവ്യാശ്ചതപസാ സവ്വേദേവാശ്ചപൂജിതാഃ
മുനയോ മനവോഭൂപാ ബ്രാഹ്മണാശ്ചൈവപൂജിതാഃ.

അത്ഥം:— ഇങ്ങിനെ ശക്തിയുടെ ഭജനംകൊണ്ടാകുന്നു സവ്വദേവന്മാരും മുനികളും മനുക്കളും രാജാക്കന്മാരും ബ്രാഹ്മണരും പണ്ടു പൂജിതന്മാരായിത്തീൎന്നത്.

തസ്മാൽസവ്വദ്വിജാഃ ശാക്താഃ നശൈവാന ച വൈഷ്ണവാഃ
ആദിശക്തിമുപാസന്തെ ഗായത്രീംവേദമാതരം.

അത്ഥം:— അതുകൊണ്ടു സവ്വബ്രാഹ്മണരും ശക്ത്യുപാസകന്മാരാകുന്നു. ബ്രാഹ്മണർ ശൈവന്മാരും അല്ല, വൈഷ്ണവന്മാരും അല്ലാ എന്തുകൊണ്ടെന്നാൽ, വേദമാതാവായി ആദിശക്തിയായിരിക്കുന്ന ഗായത്രിയെയാകുന്നു അവർ ഉപാസിക്കുന്നത്. ഹേ ശിഷ്യ! അതാതു വസ്തുക്കളുടെ ശക്തിയെന്നു പറയുന്നതുകൊണ്ടും ഈശ്വരന്റെ ശക്തി എന്നു പറയുന്നതുകൊണ്ടും ശക്തി ആ വസ്തുക്കളിലും ഈശ്വരനിലും അടങ്ങിപ്പോയി, ശക്തി എന്നു ഒന്നുവേറിട്ടില്ലാ, അതിന്നു പ്രാധാന്യവും ഇല്ലാ എങ്കിൽ രാജാക്കന്മാരും ബ്രാഹ്മണരും മഹാമുനികളും മനുക്കളും ദേവന്മാരും ദേവേശ്വരന്മാരും ഈശ്വരനെ മാത്രം ഉപാസിച്ചാൽ മതിയായിരുന്നുവെല്ലൊ. ശക്തിയെ ഉപാസിക്കുന്നു ആവശ്യം ലേശവും ഇല്ലല്ലൊ. ജലത്തെ സേവിച്ചാൽ

മതിയെല്ലോ. ജലത്തിലെ ശൈത്യത്തെ വേറെ സേവിക്കേണ്ട ആവശ്യമുണ്ടോ? അങ്ങിനെ ആരെങ്കിലും ചെയ്യുന്നുണ്ടോ? ഇല്ല. ആ സ്ഥിതിയിൽ ഈശ്വരനെ മാത്രം സേവിച്ച ശക്തി ഈശ്വരനിൽ അടങ്ങിപ്പോയി എന്നു വിചാരിക്കാതെ ബ്രഹ്മാദികളുടെ ഇടയിൽക്കൂടി ശക്ത്യുപാസന പ്രബലപ്പെട്ടിരിക്കുന്നതുകൊണ്ടു ശക്തിക്കു പ്രാധാന്യം പണ്ടെ പ്രസിദ്ധപ്പെട്ടിരിക്കുന്നു. ഞാനൊരു നൂതനമതത്തെ സ്ഥാപിപ്പാൻ പുറപ്പെട്ടതല്ലെന്ന് എല്ലാവരും വിചാരിപ്പാൻ അർഹന്മാരാകുന്നു.

ശിഷ്യൻ:—സ്വാമിൻ! ബ്രഹ്മാദികൾ അനേകകാലം തപസ്സു ചെയ്തിട്ടെ ശക്തിയുടെ പ്രസാദത്തിന്നു പാത്രമായിട്ടുള്ളു എന്ന് ഇവിടുന്ന് ഉദാഹരിച്ച ദേവീഭാഗവതശ്ലോകങ്ങൾകൊണ്ടു തെളിയുന്നു. അപ്പോൾ അല്പായുസ്സുകളായ മനുഷ്യർക്കു ശക്തിയുടെ പ്രസാദം സമ്പാദിപ്പാനും മുക്തി സാധിപ്പാനും കഴിയുന്നതല്ലെന്നു വരുന്നുവല്ലൊ.

ഗുരു:—ഹേ ശിഷ്യ! ബ്രഹ്മാദികളായ ദേവന്മാരും ദേവികളും മററും സൃഷ്ടിസ്ഥിതിസംഹാരാദികളായ മഹാസിദ്ധികൾക്കുവേണ്ടി തുനിഞ്ഞതുകൊണ്ടു കാലതാമസം നേരിട്ടതാകുന്നു. മുക്തിയെ മാത്രം ഇച്ഛിക്കുന്നപക്ഷം അതു ശീഘ്രം സിദ്ധിക്കും. തപസ്സുചെയ്തിട്ട് എന്നു പറഞ്ഞതുകൊണ്ടും ശങ്കിക്കേണ്ട. "മനസശ്ചേന്ദ്രിയാണാഞ്ച നിഗ്രഹഃപരമംതപഃ" അർത്ഥം:—ഇന്ദ്രിയങ്ങളുടേയും മനസ്സിന്റേയും നിഗ്രഹമാണ് മുഖ്യമായ തപസ്സ്. പട്ടിണി മുതലായ സാഹസകൃത്യങ്ങളല്ല.

ശിഷ്യൻ:- സ്വാമിൻ! ശക്തി ഭക്തന്മാർക്കു പ്രസാദിച്ച എന്നും ബ്രഹ്മാദികളെക്കൂടി സൃഷ്ടിച്ചതു ശക്തിയാണെന്നും മററും പറയുന്നതുകൊണ്ടു പുരുഷന്റേയൊ സ്ത്രീയുടേയൊ മററൊ രൂപത്തിലാകുന്നു ശക്തി എന്നും ശക്തി അഖണ്ഡസ്വരൂപിണിയല്ലെന്നും ചിലർക്കു വാദിപ്പാൻ സംഗതി വരുന്നുവെല്ലൊ.

ഗുരു:-ഈ വാദം ദൈവം ഉണ്ടെന്നു വിചാരിക്കുന്ന ഒരു മതക്കാരും പുറപ്പെടുവിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, എല്ലാ മതക്കാരും ദൈവം സൃഷ്ടിക്കുന്നു, രക്ഷിക്കുന്നു, ഭക്തന്മാരെ

അനുഗ്രഹിക്കുന്നു, പാപികളെ ദണ്ഡിക്കുന്നു എന്നു പറയുന്നു. ദൈവത്തെ സൎവ്വപിതാവായിട്ടും മാതാവായിട്ടും ബന്ധുവായിട്ടും പറയുന്നു. ഇങ്ങിനെ പറയുന്നതുകൊണ്ടു നിങ്ങളുടെ ദൈവവും സ്ത്രീയുടേയൊ പുരുഷൻേറയൊ മററൊ വല്ല രൂപത്തിലായിരിക്കേണം. ദൈവം അഖണ്ഡരൂപിയല്ലാ എന്നു പുറപ്പെടുവിക്കുന്ന എതുവാദത്തേയും സമാധാനിക്കുവാൻ ആസ്തികന്മാരെല്ലാം ബാദ്ധ്യസ്ഥന്മാരാകുന്നു.

ശിഷ്യൻ:—സ്വാമിൻ! ഒരു നിരീശ്വരനാണ് അങ്ങിനെയുള്ള വാദം പുറപ്പെടുവിക്കുന്നത് എന്നുവരികിൽ അവനേയും യുക്തിയുക്തമായി തൃപ്തിപ്പെടുത്താം. ശക്തിയാണ് ദൈവമെന്നു വിശ്വസിക്കുന്നപക്ഷം എന്ന് അങ്ങുന്നു പറകയുണ്ടായി.

ഗുരു:—ഹേ ശിഷ്യ! വായു വൃക്ഷത്തെ അടിയോടെ അടിച്ചു പുഴക്കുകയും മുറിക്കുകയും ചെയ്യുന്നു. വായുവിന്നു പുരുഷൻേറയൊ സ്ത്രീയുടേയൊ വേറെ വല്ല രൂപമൊ ഉണ്ടോ? വായു കയ്യോ കാലോ മഴുവൊ മററു വല്ല ആയുധമോ ധരിച്ചിട്ടുണ്ടോ? ഇല്ല. എങ്കിലും ദേഹംകൊണ്ടും ആയുധംകൊണ്ടും അധികസമയത്താൽ സാധിക്കപ്പെടേണ്ട വൃക്ഷോല്പാടനഖണ്ഡനകൃത്യങ്ങളെ ദേഹവും ആയുധവും ഇല്ലാതെ ഒരു മിനിട്ടുനേരംകൊണ്ടു വായു സാധിക്കുന്നുവെല്ലൊ. അത് ഇരിക്കട്ടെ. വായുവില്ലെങ്കിൽ നോം അരനാഴിക ജീവിച്ചിരിക്കയില്ലെല്ലൊ. ഉള്ളും പുറവും പ്രാണനായി നിന്നു വായു നമ്മെ രക്ഷിക്കുകയും ചെയ്യുന്നു. ഉഷ്ണിച്ചു തപിച്ചുകൊണ്ടിരിക്കുന്ന നേരം മന്ദമാരുതസേവ ചെയ്യുമ്പോൾ താപശാന്തിയേയും സുഖത്തേയും വായു നമുക്കു നൽകുന്നുവെല്ലൊ. വായു സ്ത്രീരൂപമായിട്ടൊ പുരുഷരൂപമായിട്ടൊ മററു വല്ല രൂപമായിട്ടൊ വിശറി എടുത്തു വീശീട്ടാണോ നമ്മുടെ താപത്തെ നീക്കി സുഖത്തെ നല്കുന്നത്? അല്ല രൂപവും യാതൊരു ഉപകരണവും (സാധനവും) ഇല്ലാതെ തന്നെ വായുവിന്ന് ഒരു വസ്തുവിനെ നശിപ്പിക്കാനും രക്ഷിപ്പാനും താപത്തെ ശമിപ്പിപ്പാനും സുഖത്തെ നൽകുവാനും കഴിയുന്നുവെല്ലൊ. ശക്തിയിൽനിന്നുണ്ടായ വായുവിന്നു (സ്പന്ദശക്തിക്കു)കൂടി തൻേറ വലിപ്പത്തിന്നു ഹാനികൂടാതെ മേൽ പറഞ്ഞ കൃത്യങ്ങൾക്കു കഴിയുമ്പോൾ വായുവിനേയും വായുവി

നെപ്പോലെയും മററും അനേക വിസ്മയസൃഷ്ടിക്കു ഹേതുഭൂതയായിരിക്കുന്ന ശക്തിക്കു തന്റെ അഖണ്ഡസ്വരൂപത്തിനു ഹാനികൂടാതെ തന്നെ സൃഷ്ടിപ്പാനും രക്ഷിപ്പാനും സംഹരിപ്പാനും ശാശ്വതാനന്ദത്തെ നല്കുവാനും കഴിയാതെ വരുമോ? കഴിയില്ലെങ്കിൽ ശക്തിയെന്ന് ഒരു പേരിന്നുതന്നെ അവകാശമില്ലല്ലൊ. എല്ലാററിന്നും കഴിയുന്നതുകൊണ്ടാകുന്നു ശക്തിയെന്നു പറയുന്നത്. തത്വജ്ഞന്മാർക്ക് അങ്ങിനെ പറഞ്ഞിട്ടും സന്തോഷം നില്ക്കാതെ പരാശക്തിയെന്നും ഘോഷിക്കുന്നു. അങ്ങിനെയുള്ള ശക്തിക്കു സ്ത്രീയിന്റെയൊ പുരുഷന്റെയൊ മറേറാ ഖണ്ഡരൂപത്തിലിരുന്നാലെ രക്ഷണാദി സകല കൃത്യങ്ങൾക്കും കഴിയൂ എന്നു വിചാരിക്കുന്നതു യുക്തിക്കും അനുഭവത്തിന്നും വിരോധമാകുന്നു. രൂപവും ഉപകരണവും കൂടാതെതന്നെ ശക്തിക്കു സകലത്തിന്നും കഴിയും. സ്ത്രീപുരുഷാദികളായ നാനാരൂപങ്ങളെക്കൊണ്ടു വേണ്ടുന്ന കൃത്യങ്ങൾ നടത്തേണമെങ്കിൽ അതിന്നും ശക്തിക്കു കഴിയും അപ്പോഴും തന്റെ അഖണ്ഡസച്ചിദാനന്ദാവസ്ഥയ്ക്കു ഹാനിയില്ല. ഇത് അസ്മാദൃക്കുകൾക്കു സമാധിയിൽ അനുഭവമാകുന്നു. ചിച്ഛക്തിയിൽ മനസ്സിനെ നിറുത്തുമ്പോൾ ആ ശക്തിയിൽനിന്നു വിഷ്ണുസ്വരൂപവും ശിവസ്വരൂപവും ഗണേശസ്വരൂപവും ശക്തിധരസ്വരൂപവും സരസ്വതി മുതലായ ദേവികളുടെ സ്വരൂപവും സിദ്ധാദികളുടെ സ്വരൂപങ്ങളും ചിലപ്പോൾ ഉത്ഭവിക്കുന്നു. ആ വക ദിവ്യരൂപന്മാർ സാധകനു വാക്കുകൊണ്ടും ഡാകൃതചേഷ്ടിതംകൊണ്ടും പല സഹായങ്ങളും ചെയ്യുന്നു. ആ ദിവ്യരൂപങ്ങൾ പിന്നെ ആ ജ്യോതിർമ്മയിയായ ശക്തിയിൽതന്നെ ലയിക്കയും ചെയ്യുന്നു. ഈ അനുഭവംകൊണ്ടു ശക്തിയുടെ അഖണ്ഡസ്വരൂപത്തിനു ഹാനി കൂടാതെതന്നെ സ്ത്രീപുരുഷാദി നാനാരൂപങ്ങളെക്കൊണ്ടു വേണ്ടുന്ന കൃത്യങ്ങൾ നടത്താൻ ശക്തിക്കു കഴിയുമെന്നും ശക്തിയിൽനിന്നാകുന്നു ബ്രഹ്മാദിദേവന്മാരും സമസ്തലോകങ്ങളും ഉണ്ടായത് എന്നും ശക്തിയിൽതന്നെ രക്ഷപ്പെടുന്നത് എന്നും എല്ലാം ശക്തിയിൽതന്നെ ലയിക്കുന്നത് എന്നും എല്ലാം ശക്തിമയംതന്നെ എന്നും ശക്തിയെ മാതാവെന്നും പിതാവെന്നും ബന്ധുവെന്നും മ

റവും പറയുന്നതിന്നു വിരോധമില്ലെന്നും സിദ്ധിക്കുന്നു. ഭൂമിയിൽനിന്നു പലവക ഭക്ഷണസാധനങ്ങളും ഔഷധങ്ങളും വൃക്ഷങ്ങളും ഉണ്ടാകയും ഭൂമിയിൽ വളരുകയും പ്രാണികൾക്ക് ഉപകാരമായിത്തീരുകയും ആ സസ്യാദികളും മററും ഭൂമിയിൽത്തന്നെ ലയിക്കയും ചെയ്യുന്നു. അതുകൊണ്ടു ഭൂമിയെ സസ്യാദികളുടെ മാതാവെന്നോ പിതാവെന്നോ ബന്ധുവെന്നോ പറയുന്നതും യുക്തംതന്നെ. ഭൂമി ഭക്ഷണാദിപദാൎത്ഥങ്ങളെ നമുക്കു നൽകി രക്ഷിക്കുന്നു എന്നു പറയുന്നതും യുക്തംതന്നെ. ആരിൽനിന്നു ജനിക്കുന്നുവോ അവരെ മാതാവെന്നും പിതാവെന്നും രക്ഷയ്ക്കുള്ള സാധനങ്ങൾ ആരിൽനിന്നു ലഭിക്കുന്നുവോ അവർ നമ്മുടെ രക്ഷിതാവാണെന്നും പറയുന്നതു ലോകസമ്പ്രദായമാണല്ലോ. സസ്യാദികളുടെ ഉല്പത്തിയും വൃദ്ധിയും ലയവും ഭൂമിയിൽനിന്നാണ്, ഭൂമിയിലാണ് എന്നു പറയുന്നതും വാസ്തവംതന്നെ. സസ്യാദികൾ മൃൺമയമാണെന്നു പറയുന്നതും യുക്തംതന്നെ, അല്ലെങ്കിൽ മണ്ണിൽ ലയിക്കുമൊ. മണ്ണല്ല ഇരിമ്പാണ് മരമാണ് ഫലമാണ് പുഷ്പമാണ് ഇലയാണ് എന്നിങ്ങിനെ ഭിന്നജാതികളായി നമ്മാൽ പറയപ്പെടുന്നതും രസംകൊണ്ടും വൎണ്ണംകൊണ്ടും ആകൃതികൊണ്ടും എല്ലാംകൊണ്ടും വ്യത്യാസപ്പെട്ടിരിക്കുന്നവയുമായ ഇരിമ്പു മരപുഷ്പഫലമാദികൾ മണ്ണിൽ ഇടുമ്പോൾ കാലക്രമംകൊണ്ടു ജീൎണ്ണിച്ചു മണ്ണായിത്തീരുന്നു. നമ്മുടെ ദേഹങ്ങളും ഭൂമിയിൽ കുഴിച്ചിടുമ്പോൾ മണ്ണായിത്തീരുന്നു. അതുകൊണ്ടു സസ്യാദികൾ മൃണ്മയമെന്നു പറയുന്നതും യുക്തംതന്നെ. അപ്പോലെ എല്ലാ ദേവന്മാരും ദേവികളും സകല ജീവികളും ശക്തിമയങ്ങളാകുന്നു. ശക്തിയിൽനിന്ന് ഉത്ഭവിക്കുന്നു. ശക്തിയാൽ രക്ഷപ്പെടുന്നു. ശക്തിയിൽ ലയിക്കുന്നു എന്നു പറയുന്നതും വാസ്തവംതന്നെ. സസ്യാദികൾ ഉത്ഭവിക്കുന്നതിന്നുമുമ്പും ഉത്ഭവിച്ചു പുഷ്ടിയോടുകൂടി ഇരിക്കുന്ന മദ്ധ്യകാലത്തിലും അവ ഭൂമിയിൽ ലയിക്കുമ്പോഴും മൂന്നു കാലത്തിലും ഭൂമി ഭൂമിതന്നെ. പൃഥ്വീഭാവത്തിന്നു (വലിപ്പത്തിന്നു) ഹാനിയില്ല. സസ്യാദികളുടെ ഉല്പത്തിക്കോ രക്ഷയ്ക്കോ വേണ്ടി ഭൂമി പെണ്ണായിട്ടോ ആണായിട്ടോ ഖണ്ഡരൂപത്തിലും ഇരിക്കുന്നില്ല. അപ്പോലെ ശക്തിയും സമസ്ത ച

രാചരജഗത്തിന്റെ ഉല്പത്തിസ്ഥിതിലയാദി സകലാവസ്ഥകളിലും പരിപൂൎണ്ണയായിത്തന്നെ ഇരിക്കുന്നു. ഭൂമിയിൽ പ്രയത്നം ചെയ്യുന്നവൻ സസ്യാദികളെ ലഭിക്കുന്നതുപോലെ മനസ്സിനെ ശക്തിയിൽ നിറുത്തി അഭ്യസിക്കുന്നവൻ സിദ്ധികളേയും മുക്തിയേയും ലഭിക്കുന്നു. പക്ഷഭേദദോഷവും പരാശക്തിയിൽ ആരോപിക്കുവാൻ തരമില്ല. ഭൂമി കൃഷിക്കാരന്നു മാത്രം ധാന്യസമ്പത്തിയെ നൽകി അതുകൊണ്ടു ഭൂമിക്കു സമദൃഷ്ടിത്വം ഇല്ലാ എന്നു പറയാമോ? പറഞ്ഞുകൂടാ. അന്നം ഭക്ഷിക്കുന്നവന്നു ക്ഷുത്തു മാറുന്നു. ജലത്തെ ആശ്രയിക്കുന്നവന്നു വെയിൽകൊണ്ടുള്ള താപവും ദാഹവും ശമിച്ചു കുളൎമ്മയുണ്ടാകുന്നു. തേജസ്സിനെ ആശ്രയിക്കുന്നവന്ന് ഇരുട്ടിനെ നീക്കി വെളിച്ചം കൊടുക്കുന്നു. ഔഷധം സേവിക്കുന്നവന്നു രോഗം മാറി ശരീരാരോഗ്യസൌഖ്യങ്ങൾ ഉണ്ടാകുന്നു. ശാശ്വതാനന്ദത്തെ ഭജിക്കുന്നവന്നു സംസാരദുഃഖം നശിച്ചു ശാശ്വതാനന്ദമുണ്ടാകുന്നു. അന്നത്തിന്നും ജലത്തിന്നും തേജസ്സിന്നും ഔഷധത്തിന്നും ഭൂമിക്കും വായുവിന്നും എപ്രകാരം പക്ഷഭേദം ഇല്ലയോ അപ്രകാരം ശാശ്വതാനന്ദത്തിന്നും (പരാശക്തിക്കും) പക്ഷഭേദമില്ല.

ശിഷ്യൻ:—എല്ലാം ശക്തിയിൽനിന്നുണ്ടായതാകയാൽ ശക്തിമയമാകുന്നു. പിന്നെന്തിന്നു ശക്തിയെ സേവിക്കുന്നു?

ഗുരു:—എല്ലാം ശക്തിമയമായിരിക്കുന്നതുകൊണ്ടുതന്നെയാണ് ശക്തിയെ സേവിക്കേണ്ടത്. നോക്കുക. എല്ലാ ദേഹവും അന്നമയമായിരിക്കുന്നതുകൊണ്ട് അന്നത്തെ സേവിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. അന്നത്തെ സേവിച്ചിട്ടില്ലെങ്കിൽ ദേഹം ക്ഷയിച്ചു ക്ഷയിച്ചു നശിച്ചുപോകുന്നു. അപ്പോലെ മനസ്സു സച്ചിദാനന്ദശക്തിയിൽനിന്നുണ്ടായ മനനശക്തിയായതുകൊണ്ട് അതിനെ സേവിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. അതു ചെയ്തിട്ടില്ലെങ്കിൽ മുക്തി (സംസാരദുഃഖനിവൃത്തി) ഉണ്ടാകയില്ല. അതുകൊണ്ടും സച്ചിദാനന്ദത്തിൽതന്നെ മനസ്സിനെ ലയിപ്പിക്കുക.

ശിഷ്യൻ:—വേദാന്തികൾ മനസ്സു ജഡദുഃഖാത്മകമായ അനാത്മാവാണ് എന്നു പിരിച്ചു തള്ളിയിരിക്കുന്നു. പിന്നെ ങ്ങിനെ അത് ആനന്ദാത്മകമായ ആത്മാവിൽ ചേരും?

ഗുരു:—ഇതിന്നു് ഉത്തരം ഞാൻ മുമ്പു പറഞ്ഞുപോയില്ലെ. വൎഷോപലം (കൽമാരി), മഞ്ഞുകട്ടി, ഉപ്പു്, ആവി മുതലായതു രൂപംകൊണ്ടു കട്ടയായും പുകപോലെയും ഇരിക്കുന്നു എങ്കിലും ജലമയങ്ങളാകുന്നു. അവ ജലത്തിൽ ലയിക്കയും ചെയ്യുന്നു. ഇരിമ്പും, ദേഹവും, സസ്യങ്ങളും, മണ്ണും തമ്മിൽ അനേക സംഗതികൊണ്ടു വ്യത്യാസപ്പെട്ടിരിക്കുന്നു. ഇരിമ്പിനേയും, ആടു മുതലായവയുടെ ദേഹങ്ങളേയും സസ്യങ്ങളേയും മനുഷ്യർ തിന്നുന്നു. അവ അവൎക്കു സ്വാദോടുകൂടിയും ഇരിക്കുന്നു. ശരീരപുഷ്ടിയേയും ചെയ്യുന്നു. വെറും മണ്ണിനെ വാരിത്തിന്നുന്നുണ്ടോ? തിന്നാൽ രുചിയുണ്ടോ? ഇല്ല. അതുകൊണ്ടു് ഇരിമ്പും, മണ്ണും, ദേഹങ്ങളും, സസ്യങ്ങളും ഒരെ വസ്തുവല്ലാ വെവ്വേറെയാണെന്നേ അഭിപ്രായപ്പെടുവാൻ തരമുള്ളു. എങ്കിലും ഇരിമ്പും സകല പ്രാണിദേഹങ്ങളും മണ്ണിൽ കഴിച്ചിടുമ്പോൾ മണ്ണായിത്തീരുന്നു (മണ്ണിൽ ലയിക്കുന്നു) അതുപോലെയും ഉപ്പു മുതലായവ ജലത്തിൽ ലയിക്കുംപോലെയും മനസ്സു ശാശ്വതാനന്ദത്തിൽ ലയിക്കുന്നു.

ആനന്ദാദ്ധ്യേവഖല്വിമാനിഭൂതാനി ജായന്തേ
ആനന്ദേനജാതാനിജീവന്തിആനന്ദംപ്രയന്ത്യഭിസംവിശന്തി
(എന്നു യജുൎവേദീയ തൈത്തരീയോപനിഷത്തു്)

അൎത്ഥം:—ആനന്ദത്തിങ്കൽനിന്നുതന്നെ ഈ ഭൂതങ്ങൾ ഉണ്ടാകുന്നു, ആനന്ദംകൊണ്ടുതന്നെ ഭൂതങ്ങൾ ജീവിക്കുന്നു, ഭൂതങ്ങൾ ആനന്ദത്തെക്കുറിച്ചു പുറപ്പെടുന്നു, ആനന്ദത്തെത്തന്നെ പ്രാപിക്കയും ചെയ്യുന്നു (ആനന്ദത്തിൽതന്നെ ലയിക്കുന്നു). എല്ലാം ആനന്ദത്തിങ്കൽനിന്നു് ഉണ്ടായതാകുന്നു എന്നും ആനന്ദത്തിൽ ലയിക്കുമെന്നും ശ്രുതിയിരിക്കെ മനസ്സു ഭിന്നവസ്തുവിൽനിന്നു് ഉണ്ടായതാണു്, അനാത്മാവാണു്, ദുഃഖാത്മകമാണു് എന്നു പിരിച്ചുതള്ളുന്നതു ശ്രുതിക്കും അനുഭവത്തിന്നും യുക്തിക്കും വിരോധം തന്നെ. വൎഷോപലത്തിന്റേയും മഞ്ഞുകട്ടിയുടേയും കട്ടിത്വം കണ്ടിട്ടു കല്ലാണു് വെള്ളമല്ലാ എന്നു പിരിച്ചു തള്ളുന്നതുപോലെ മനസ്സിന്റെ താല്ക്കാലികദുഃഖാദിവികാരത്തെ കണ്ടിട്ടു് അനാത്മാവാണു് ആത്മാവല്ലാ എന്നു പിരിച്ചു തള്ളുന്നതാകുന്നു. മനസ്സു ദുഃഖാത്മകമാണെങ്കിൽ എല്ലാവ്വോ

ഴം ദുഃഖിച്ചുകൊണ്ടുതന്നെ ഇരിക്കേണ്ടതാകുന്നു. അങ്ങിനെ കാണുന്നില്ല. ഇഷ്ടവസ്തുലാഭത്തിൽ സംസാരികളുടെ മനസ്സുതന്നെ വളരെ ആനന്ദിക്കുന്നു. സമാധിയിങ്കൽ യോഗികളുടെ മനസ്സും നിരതിശയാനന്ദമയമായിരിക്കുന്നു. ദുഃഖസ്വഭാവമാകുന്നു മനസ്സ് എങ്കിൽ ഇഷ്ടവസ്തുലാഭത്തിലും സമാധിയിലും ദുഃഖിക്കുകയാകുന്നു വേണ്ടത്. സ്വഭാവം സ്വരൂപമായതുകൊണ്ടു സ്വഭാവത്തെ മാററുവാൻ കഴികയില്ല. വേപ്പിൻെറ സ്വഭാവം കയ്പാകയാൽ അത് എല്ലാപ്പോഴും കച്ചുകൊണ്ടു ഇരിക്കുന്നു. ചിലപ്പോഴും മധുരിക്കുന്നില്ല. ഹേ ശിഷ്യ! അനുഭവത്തിന്നും ശ്രുതിക്കും യുക്തിക്കും വിരോധമായി മനസ്സിനെ അനാത്മാവായി തള്ളി അലയുന്ന കൂട്ടത്തിൽ നീ പെട്ടു കെട്ടുപോകാതെ മനസ്സ് ആനന്ദത്തിൽനിന്നു ജനിച്ചതാകയാൽ ആനന്ദസ്വരൂപമാകുന്നു മനസ്സ് ആനന്ദത്തിൽ ലയിക്കയും ചെയ്യും. അതുകൊണ്ടു സദാ മനസ്സിനെ ആനന്ദത്തിൽ ചേർക്ക. അപ്പോൾ ഉപ്പ് അപ്പിൽ ലയിക്കുന്നതുപോലെ മനസ്സ് ആനന്ദത്തിൽ ലയിക്കും. ആ ലയംതന്നെ രാജയോഗം, അതുതന്നെ സാക്ഷാൽകാരജ്ഞാനം, അതുതന്നെ മുക്തി, അതുതന്നെ അദ്വൈതം. ആനന്ദം എന്നും ആത്മാവ് എന്നും ബ്രഹ്മമെന്നും മററും പറയപ്പെടുന്നതു പരാശക്തിയെത്തന്നെയാകുന്നു. അതിന്നു പ്രമാണവും യുക്തിയും മുമ്പു പറഞ്ഞുപോയി. എങ്കിലും പ്രമാണപരായണന്മാൎക്ക് അല്പംകൂടി ഉദാഹരിച്ചുകൊള്ളുന്നു.

സച്ചിദാനന്ദരൂപാംതാം ഗായത്രീപ്രതിപാദിതാം നമാമി.

(എന്നു ദേവീഗീതം).

അൎത്ഥം:— സച്ചിദാനന്ദസ്വരൂപിണിയായും ഗായത്രിയാൽ പ്രതിപാദിക്കപ്പെട്ടും ഇരിക്കുന്ന ആ ശക്തിയെ ഞാൻ നമസ്കരിക്കുന്നു.

"സൈവജഗദണ്ഡമസൃജൽ തസ്യാ ഏവ ബ്രഹ്മാ അജീജനൽ വിഷ്ണുരജീജനൽ രുദ്രോജീജനൽ സൎവ്വേമരുൽഗണാ അജീജനൻ ഗന്ധൎവ്വാപ്സരസഃ കിന്നരാവാദിത്രവാദിനസ്സമന്താദജീജനൻ ഭോഗ്യമജീജനൽ സൎവ്വം ശാക്തമജീജനൽ അണ്ഡജംസ്വേദജമുൽഭിജ്ജം ജരായുജം യൽകിഞ്ചൈതൽപ്രാണി സ്ഥാ

വരജംഗമം മനുഷ്യമജാജനൽ സൈഷാപരാശക്തിഃ സൈവാത്മാ ബഹിരന്തരനുപ്രവിശ്യസ്വയമേകൈവ വിഭാതി യദസ്തി സന്മാത്രം യദ്വിഭാതി ചിന്മാത്രം യൽപ്രിയമാനന്ദം തദേതൽ സർവ്വാകാരാ പ്രജ്ഞാനം ബ്രഹ്മേതിവാ അഹംബ്രഹ്മാസ്മീതിവാ തത്വമസീത്യേവ സംഭാഷ്യതേ അയമാത്മാബ്രഹ്മേതിവായാ ഭാഷ്യതേസൈഷാ" എന്നു ബഹ്വൃചോപനിഷത്തിൽ പറഞ്ഞിരിക്കുന്നു.

അർത്ഥം:— ആ ശക്തിതന്നെ ജഗത്തിനെ സൃഷ്ടിച്ചത്. ആ ശക്തിയിൽനിന്നുതന്നെ ബ്രഹ്മാവും വിഷ്ണുവും രുദ്രനും ജനിച്ചത്. എല്ലാ ദേവസമൂഹങ്ങളും, ഗന്ധർവ്വന്മാരും, ദേവസ്ത്രീകളും, കിന്നരന്മാരും, വാദിത്രവാദികളും സർവ്വത്ര ആ ശക്തിയിൽനിന്നുതന്നെ ജനിച്ചത്. ഭോഗ്യവസ്തുവും ആ ശക്തിയിൽനിന്നുതന്നെ ജനിച്ചത്. ശക്തിയുള്ള എല്ലാ പദാർത്ഥവും ആ ശക്തിയിൽനിന്നുതന്നെ ജനിച്ചത്. അണ്ഡജവും (അണ്ഡത്തിൽനിന്നു ജനിക്കുന്ന പ്രാണികൾ=മത്സ്യാദികൾ) സ്വേദജവും (വിയർപ്പിൽനിന്നുണ്ടാകുന്ന പ്രാണികൾ=മൂട്ട (മുതലായവ) ഉൽഭിജ്ജവും (ഭൂമിയിൽനിന്നു മുളച്ചുണ്ടാകുന്നവ=സസ്യാദികൾ) ജരായുജവും (ഗർഭപാത്രത്തിൽനിന്നു ശിശുരൂപേണ ജനിക്കുന്നവ=മനുഷ്യമൃഗാദികൾ) ആയ ജംഗമവും സ്ഥാവരവും ആയി എന്തൊന്നുണ്ടോ അതൊക്കെ ആ ശക്തിയിൽനിന്നുതന്നെ ജനിച്ചത്. സൈഷാ പരാശക്തിഃ സാ ഏഷാ പരാശക്തിഃ എന്നു പദച്ഛേദം. ഇതിൽ സാ (ആ) എന്ന പദംകൊണ്ടു ചൈതന്യപ്രപഞ്ചത്തിന്റെ ഉല്പത്തിക്കും സ്ഥിതിക്കും ലയത്തിന്നും ആധാരഭൂതയായി അഖണ്ഡസച്ചിദാനന്ദസ്വരൂപിണിയായിരിക്കുന്ന പ്രസിദ്ധശക്തി എന്നർത്ഥമാകുന്നു. ഏഷാ (ഈ) എന്ന പദംകൊണ്ടു സമീപത്തെ കുറിക്കുന്നു. അതുകൊണ്ടു നമ്മുടെ ഹൃദയവാസിനിയായ ജീവശക്തി എന്നർത്ഥമാകുന്നു. ഈ രണ്ടുവിധത്തിലിരിക്കുന്നതും പരാശക്തിയാകുന്നു. സൈവാത്മാ. സാ ഏവ ആത്മാ എന്നു പദച്ഛേദം (ആ പരാശക്തിതന്നെ ആത്മാവ്) "ബഹിരന്തരനുപ്രവിശ്യസ്വയമേകൈവഭാതി" ഉള്ളിലും പുറത്തും വ്യാപിച്ച് ഒരേ ശക്തിതന്നെ തന്നിയെ ശോഭിക്കുന്നു. "യദസ്തിസന്മാത്രം യദ്വിഭാതി

ചിന്മാത്രം യൽപ്രിയമാനന്ദം തദേതൽ സർവ്വാകാരാ" (സത്തായിരിക്കുന്നത് ഏതൊ ചിത്തായി ശോഭിക്കുന്നത് ഏതൊ പ്രിയമായിരിക്കുന്ന ആനന്ദം ഏതൊ ആ എല്ലാ സ്വരൂപത്തിലിരിക്കുന്നതും പരാശക്തിയാകുന്നു). "പ്രജ്ഞാനംബ്രഹ്മേതിവാ" (പ്രജ്ഞാനം ബ്രഹ്മമാകുന്നു എന്ന മഹാവാക്യംകൊണ്ടൊ) "അഹം ബ്രഹ്മാസ്മീതിവാ" (ഞാൻ ബ്രഹ്മമാകുന്നു എന്ന മഹാവാക്യംകൊണ്ടൊ) "തത്ത്വമസീതിവാ" (നീ ബ്രഹ്മമാകുന്നു എന്ന മഹാവാക്യംകൊണ്ടൊ) "അയമാത്മാബ്രഹ്മേതിവാ" (ഈ ആത്മാ ബ്രഹ്മമാകുന്നു എന്ന മഹാവാക്യംകൊണ്ടൊ) "യാഭാഷ്യതെസൈഷാ" (യാതൊന്നു വ്യാഖ്യാനിക്കപ്പെടുന്നുവൊ അത് ഈ പരാശക്തിയാകുന്നു). ഇങ്ങിനെ ബഹ്വൃചോപനിഷത്തിലും മററും ഘോഷിച്ചിരിക്കുന്നു. അതുകൊണ്ടു മഹാവാക്യങ്ങളാൽ ബ്രഹ്മവാദികളാൽ വ്യവഹരിക്കപ്പെടുന്ന അഖണ്ഡസച്ചിദാനന്ദബ്രഹ്മവും പരാശക്തിതന്നെ. ഇരിമ്പുസൂചികാന്തത്തിൻെറ സാമീപ്യംകൊണ്ടു ചേഷ്ടിക്കുന്നു. ഇരിമ്പുസൂചിക്കു താനെ ചേഷ്ടിക്കുവാൻ കഴികയില്ല. അപ്പോലെ മായയ്ക്കു തനിയെ ചേഷ്ടിക്കുവാൻ കഴികയില്ല. ബ്രഹ്മത്തിൻെറ സാന്നിദ്ധ്യംകൊണ്ടു ചേഷ്ടിക്കുന്നതാകുന്നു എന്നു ബ്രഹ്മവാദികളാൽ പറയപ്പെടുന്ന മായയെന്നത് അപരാ എന്ന ശക്തിയാകുന്നു. സാംഖ്യന്മാർ ഈ അപരാ എന്ന ശക്തിയെ മൂലപ്രകൃതിയെന്നു പറയുന്നു. പരാശക്തിയെ പുരുഷൻ എന്നു പറയുന്നു.

ശിഷ്യൻ:—സ്വാമിൻ! ശരിതന്നെ. ബ്രഹ്മം ഒരു ശക്തിയല്ലെങ്കിൽ എങ്ങിനെ ബ്രഹ്മത്തിൻെറ സന്നിധാനമാത്രത്തിനാൽ മായ ചേഷ്ടിക്കും? ചേഷ്ടിക്കയില്ല. മായയ്ക്കു തനിയെ ചേഷ്ടിക്കുവാൻ കഴികയില്ലെന്നു ബ്രഹ്മവാദികൾ പറയുന്നു. ചേഷ്ടിക്കുവാൻ കഴിയാത്ത മായയെ ചേഷ്ടിപ്പിക്കുന്നു എങ്കിൽ ആ ബ്രഹ്മം എത്ര വലിയ ശക്തിയായിരിക്കേണം. അതുകൊണ്ടു ബ്രഹ്മം എന്നു പറയുന്നതിനേക്കാൾ ശ്രേഷ്ഠം പരാശക്തി എന്നു പറയുന്നതുതന്നെ. അതുകൊണ്ടു മേല്പറഞ്ഞ ശ്രുതികൾ പ്രബലശ്രുതികൾതന്നെ. ശക്തിയെ പ്രതിപാദിക്കുന്ന കാര്യത്തിൽ ശ്രുതികൾ ഇല്ലെങ്കിലും ഹാനിയില്ല. യുക്തികൊ

ണ്ടും അനുഭവംകൊണ്ടുംതന്നെ യുക്തിമാന്മാരായ ബുദ്ധിമാന്മാർ തൃപ്തിപ്പെട്ടും. ചരാചരലോകത്തെ സകലത്തേയും പരിശോധിക്കുമ്പോൾ ഏറെക്കുറെ എന്ന ഭേദത്തോടുകൂടി എല്ലാറ്റിനും ശക്തി കാണുന്നുണ്ട്. ആ ശക്തി ഏതിൽനിന്ന് ഉണ്ടായി? ശക്തിയിൽനിന്നല്ലേ ശക്തിയുണ്ടാവാൻ തരമുള്ളു. ശക്തിഭിന്നമായ (ശക്തിയില്ലാത്ത)തിൽനിന്നു ശക്തിയുണ്ടാകുമൊ? ഇല്ല. ഉണ്ടാകുമെങ്കിൽ മാവിൽനിന്നു തെങ്ങ് ഉണ്ടാകേണം. അഗ്നിയിൽനിന്ന് ഇരുൾ ഉണ്ടാകേണം. അമരയിൽനിന്നു തുമരയുണ്ടാകേണം. അങ്ങിനെ കാണുന്നില്ല. അതുകൊണ്ടു ശക്തിയിൽനിന്നുതന്നെ ശക്തിമയമായ സകലവും ഉണ്ടായത്. ആ ശക്തിതന്നെ ബ്രഹ്മം, ശക്തിതന്നെ ശിവൻ, ശക്തിതന്നെ വിഷ്ണു, ശക്തിതന്നെ ബ്രഹ്മാവ്, ശക്തിതന്നെ സർവ്വദൈവം.

കൈശ്ചിൽസാ ശിവഇത്യുക്താ കൈശ്ചിൽ ബ്രഹ്മേത്യുദാഹൃതം
കൈശ്ചിദ്വിഷ്ണുരിതിപ്രോക്താ കൈശ്ചിച്ഛൂന്യമിതിസ്മൃതാ
അർത്ഥഇത്യുദിതാകൈശ്ചിൽ കൈശ്ചിൽകാലഇതിസ്മൃതാ
കൈശ്ചിൽപ്രകൃതിപുംഭാവ വിഭാഗഇതിഭാവിതാ.

(എന്നു വാസിഷ്ഠം)

അർത്ഥം:— അതു (ആ ശക്തി) ചിലരാൽ ശിവൻ എന്നു പറയപ്പെട്ടിരിക്കുന്നു. ചിലരാൽ ബ്രഹ്മമെന്നു പറയപ്പെട്ടിരിക്കുന്നു. ചിലരാൽ വിഷ്ണു എന്നു പറയപ്പെട്ടിരിക്കുന്നു. ചിലരാൽ ശൂന്യം എന്നു പറയപ്പെട്ടിരിക്കുന്നു. ചിലരാൽ അർത്ഥം എന്നു പറയപ്പെട്ടിരിക്കുന്നു. ചിലരാൽ കാലം എന്നു പറയപ്പെട്ടിരിക്കുന്നു. ചിലരാൽ പ്രകൃതി എന്നും പുരുഷൻ എന്നും ഭാഗിച്ചു ഭാവിക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെ ശൈവാദി മതസ്ഥന്മാരാൽ ഒരേ തത്വത്തെ തന്നെയാകുന്നു നാനാ നാമങ്ങൾകൊണ്ടു പറയപ്പെടുന്നത്.

## മനഃസിദ്ധൌ മൂർത്തിഭേദസിദ്ധി.

ശിഷ്യൻ:— ഒരേ തത്വമായിരിക്കുമ്പോൾ രൂപഭേദത്തെ കല്പിപ്പാനും കലഹിപ്പാനും കാരണമെന്ത്?

ഗുരു:— ചില മതക്കാർ ശക്തിക്കു രൂപഭേദങ്ങളും കല്പിച്ചിരിക്കുന്നു. ഈ രൂപഭേദംകൊണ്ടും നാമഭേദംകൊണ്ടും ഭ്രമവും കലഹവും നേരിടുന്നു. നാമംകൊണ്ട് എന്താ ഭ്രമിപ്പാനുള്ളത്? നമുക്കുതന്നെ നാമം ഇല്ലല്ലൊ. ജനിക്കുമ്പോൾ വല്ല പേരും ഉണ്ടോ? ഇല്ല. അമ്മയപ്പന്മാരൊ മററൊ എന്തു പേരിട്ടുവൊ അതു ചൊല്ലി വിളിക്കുന്നു. ഈ വ്യഷ്ടിശരീരത്തിനുതന്നെ പേരില്ലാ. അപ്പോൾ സർവ്വാത്മാവിനു പേരിന്ന് അവകാശമുണ്ടൊ ഇല്ല. പേരില്ലാത്ത വസ്തുവിന്ന് എന്തുപേർ ഇട്ടാലും ആ വസ്തുവിനു മാററമില്ലല്ലൊ. ശർക്കരയ്ക്കു കാഞ്ഞിരക്കായ എന്ന് ഒരു പേർ നാട്ടുകാരെല്ലാംകൂടി കൊടുത്തതുകൊണ്ടു ശർക്കര കയ്ക്കുമൊ? ഇല്ല അല്പം ആലോചനയുള്ളവൎക്കു പേർനിമിത്തം ദൈവം വെവ്വേറെയാണെന്നു വിചാരിപ്പാൻ തരമില്ല. യഥാർത്ഥത്തിലെത്തിയാൽ സ്ഥാനരൂപാദിചിഹ്നങ്ങൾകൊണ്ടും ദൈവം വെവ്വേറെയാണെന്നു ഭ്രമിക്കയും കലഹിക്കയും ചെയ്കയില്ല. നോക്കുക. സുഷുപ്തിയിൽ (നല്ല ഉറക്കത്തിൽ) എത്തിയാൽ അപ്പോൾ ഹിന്ദുവിന്റേയും ബൌദ്ധന്റേയും ക്രിസ്ത്യന്റേയും മഹമ്മദന്റേയും സർവ്വമതക്കാരുടേയും സ്ത്രീബാലവൃദ്ധാവധി സകലജനത്തിന്റേയും അനുഭവം ഒന്നായിട്ടുതന്നെ ഇരിക്കുന്നു. ആ അവസ്ഥയെപ്പററി സംസാരിക്കുമ്പോൾ ഭിന്നാഭിപ്രായമാകട്ടെ സംശയമാകട്ടെ ഭ്രമമാകട്ടെ കലഹമാകട്ടെ ആൎക്കും ഇല്ല. സ്വപ്നാവസ്ഥയിൽ ഓരോരുത്തരുടെ അനുഭവം ഓരൊ വിധം ഇരിക്കുന്നു. ശരിയായിരിക്കുന്നില്ല. അപ്പോലെ മനസ്സിനെ ലയിപ്പിക്കുവാൻ വഴിയറിയാത്ത കൂട്ടരുടെ ധ്യാനസമയത്തിൽ സ്വപ്നത്തിലെപ്പോലെ സഗുണസ്വരൂപങ്ങൾ പലതും കാണുന്നു. അപ്പോൾ അവരവർ കണ്ടതാകുന്നു സാക്ഷാൽ ഈശ്വരസ്വരൂപം എന്നു അവരവർ വർണ്ണിച്ചു. ഇങ്ങിനേയും രൂപാദിഭേദംകൊണ്ടു മതഭേദത്തിനും മററും ഇടയായി. നിർവ്വികല്പത്തിൽ മനോലയത്തെ പ്രാപിച്ച കൂട്ടക്കാൎക്കു സുഷുപ്തിയിലെപ്പോലെ ഒരേ അനുഭവംതന്നെ. അവൎക്കു സ്ഥാനരൂപചിഹ്നാദികൾകൊണ്ടു ഭേദവും ഇല്ല, കലഹവും ഇല്ല, ഭ്രമവും ഇല്ല. എന്തുകൊണ്ടെന്നാൽ, ഈ നിലയിലെ മനസ്സാകുന്ന ലെൻസ്സു (ആദർശവിശേഷം) നിലയ്ക്കു നിന്നി

ട്ടുള്ളു. അപ്പോൾ സുഷുപ്തിയിലെപ്പോലെ എല്ലാവൎക്കും ഒരെ അനുഭവം തന്നെ. ഈ തുൎയ്യാവസ്ഥയിൽ എത്തുവാൻ കഴിയാത്ത മനസ്സാകുന്ന ലെൻസ്സിന്റെ സ്ഥിതിഭേദംകൊണ്ടും അനുഭവം വ്യത്യാസപ്പെട്ടുപോകുന്നു. ഇതിന്നു് ഒരു ദൃഷ്ടാന്തം പറയാം. ഒരു ഫോട്ടോഗ്രാഫർ (ഛായ എടുക്കുന്നവൻ) ഒരാളുടെ ഛായയെത്തന്നെ ചെറുതായിട്ടും വലിയതായിട്ടും എടത്തരത്തിലായിട്ടും വിരൂപമായിട്ടും സ്വരൂപമായിട്ടും എടുക്കുന്നു. ലെൻസ്സിന്റെ സ്ഥിതിഭേദംകൊണ്ടാകുന്നു ഒരെ ആളുടെ പ്രതിബിംബം (ഛായ)തന്നെ പലതരത്തിൽ തീൎന്നതു്. ബിംബഭൂതനായ ആ ആൾക്കു ചെറുപ്പമൊ വലിപ്പമൊ വിരൂപതയൊ മറെറാ അതാതുസമയത്തു് ഉണ്ടായിട്ടില്ല. ആ ആൾ ഒരെ ആകൃതിയിൽതന്നെയാകുന്നു ഇരിക്കുന്നതു്. അപ്പോലെ ദൈവവും ഒരേ പരിപൂൎണ്ണാവസ്ഥയിലിരിക്കുന്നു എങ്കിലും മനസ്സാകുന്ന ലെൻസ്സിന്റെ സ്ഥിതിഭേദംകൊണ്ടു പലതരത്തിൽ തോന്നിയതാകുന്നു. അതുകൂടാതെ ടെലസ്കോപ്പു (ദൂരദൎശനയന്ത്രം) ദൂരത്തുള്ള വസ്തുവിനെ അടുത്തു കാണിച്ചുകൊടുക്കുമ്പോലെ മനസ്സു ലോകാന്തരങ്ങളിലുള്ള ദേവന്മാരുടെ രൂപങ്ങളേയും അരികിൽ കാണിച്ചുകൊടുക്കുന്നു. ആ രൂപങ്ങളേയും അനുഭവസ്ഥന്മാർ ധ്യാനയോഗ്യങ്ങളായി വൎണ്ണിച്ചിട്ടുണ്ടു്. ഇങ്ങിനേയും മൂൎത്തിഭേദങ്ങളും ധ്യാനഭേദങ്ങളും ഉണ്ടായി കലഹവും ഉണ്ടാകുന്നു. പരമാത്മാവസ്ഥയിൽ എത്തുമ്പോൾ (അധിഷ്ഠാനത്തിൽ മനസ്സു ലയിക്കുമ്പോൾ (സുഷുപ്തിയിലെപ്പോലെ ഒരു മതക്കാൎക്കും നാമരൂപാദിഭേദഭ്രമങ്ങൾ ഇല്ല, ദുഃഖവും ഇല്ല, കലഹവും ഇല്ല. ജാഗ്രത്തിലും സ്വപ്നത്തിലും സൎവ്വമതക്കാരെയും ഓരെ സംഗതിവശാൽ ദുഃഖാദികൾ ബാധിച്ചുകാണുന്നുണ്ടു്. എന്തു ദുഃഖം ഉണ്ടെങ്കിലും അതു സുഷുപ്തിയിൽ ഇല്ല. ഇതു സകലമതക്കാൎക്കും അനുഭവമാകുന്നു. മനസ്സു ലയിച്ചതുകൊണ്ടാകുന്നു ദുഃഖം ഇല്ലാതെ ഇരുന്നതു് എന്നും എല്ലാ മതക്കാൎക്കും സമ്മതിക്കേണ്ടതായിരിക്കുന്നു. അപ്പോൾ എല്ലാ മതക്കാൎക്കും കലഹശമനവും ദുഃഖനിവൃത്തിയും (മുക്തിയും) വേണമെങ്കിൽ മനസ്സിനെ ലയിപ്പിക്കേണമെന്നു തീൎച്ചപ്പെട്ടു. അതുകൊണ്ടു മനസ്സിനെ സുഷുമ്നയിൽതന്നെ നിറുത്തു എന്നാൽ അതു പരമാത്മവസ്തുവിൽ ലയിക്കും.

ന. ഫ *

## മനഃസിദ്ധെയസ്നാനവ്രതപൂജാദിസിദ്ധി.

ശിഷ്യൻ:—സ്വാമിൻ! സത്തിൽ മനസ്സിനെ ലയിപ്പിക്കുന്ന കമ്മമല്ലെ സൽകമ്മം?

ഗുരു:—സത്തിൽ മനസ്സിനെ ലയിപ്പിക്കുന്ന കമ്മംതന്നെ സൽകമ്മം. മറെറാരു കമ്മത്താലും ദുഃഖനിവൃത്തിപൂവ്വകം സത്തിൽ ലയിപ്പാൻ കഴിയുന്നില്ലെല്ലൊ. അതുകൊണ്ടു തീത്ഥസ്നാനോപവാസാദി സൽകമ്മങ്ങൾ എന്നു പറയപ്പെട്ടുന്നതെല്ലാം വാസ്തവത്തിൽ ഇതുതന്നെ.

ഇഡനാഡീനദീപ്രോക്താ ശരീരെവത്തതെസദാ
പവനസ്യഗതിസ്തത്ര സവ്വതഃസ്നാനമുച്യതെ.
'സുഷുമ്നൈവപരംതീത്ഥം' 'സുഷുമ്നൈവപരാഗതിഃ'.

(എന്നു യോഗശിഖോപനിഷത്ത്)

അത്ഥം:— ഈ ശരീരത്തിൽ സുഷുമ്നാനാഡിയാകുന്ന നദിയുണ്ട്. അതിൽ വായു പ്രവേശിക്കുന്നതുതന്നെ സവ്വപ്രകാരത്തിലും സ്നാനം എന്നു പറയപ്പെട്ടുന്നത്. സുഷുമ്നതന്നെ മുഖ്യതീത്ഥം. സുഷുമ്നതന്നെ എല്ലാററിലുംവെച്ച് ഉൽകൃഷ്ടയായ ഗതി.

ഉപസമീപെയൊവാസൊ ജീവാത്മപരമാത്മനൊഃ
ഉപവാസഃസവിജ്ഞേയൊ നതുകായസ്യശോഷണം.

(എന്നു വരാഹോപനിഷത്ത്)

അത്ഥം:—ഉപ എന്ന പദത്തിന്നു സമീപം എന്നത്ഥമാകുന്നു. അപ്പോൾ ഉപവാസം എന്ന പദത്തിന്നു സമീപത്തിലുള്ള വാസം എന്നത്ഥം കിട്ടി. ജീവാത്മാപരമാത്മാക്കളുടെ സമീപവാസമാണ് ഉപവാസം എന്നാകുന്നു അറിയേണ്ടത്. പട്ടിണികിടന്നു ദേഹത്തെ ശോഷിപ്പിക്കുന്നതല്ല ഉപവാസം. ജീവാത്മപരമാത്മസാമീപ്യം മനോലയാഭ്യാസത്തിൽ സിദ്ധിച്ചുപോരുകുന്നു. പ്രാണൻെറ സുഷുമ്നാപ്രവേശവും മനോലയാരംഭത്തിൽ അഭ്യാസികൾക്ക് അനുഭവമാകുന്നു. ദേവാച്ചനം എന്നു പറയപ്പെട്ടുന്നതും മനോലയംതന്നെ. 'സവ്വകമ്മനിരാകരണമാവാഹനം നിശ്ചയജ്ഞാനമാസനം ചിദാദിത്യസ്വരൂപംദീപഃ' എന്നും മററും മണ്ഡലബ്രാഹ്മണോപനിഷത്തിൽ

പറഞ്ഞിരിക്കുന്നു. അർത്ഥം:—സർവ്വകർമ്മപരിത്യാഗമാകുന്ന ആവാഹനം. നിശ്ചയജ്ഞാനമാകുന്ന പീഠം. ചിൽപ്രഭയാകുന്ന ദീപം. സർവ്വകർമ്മപരിത്യാഗവും മററും മനോലയത്തിലെ വരികയുള്ളു. ദീപം കൊളുത്തിവെക്കാതെയും മണിയടിക്കാതെയും വാദ്യം കൊട്ടാതെയും കുഴൽ ഊതാതെയും മണിനാദവും ഭേര്യാദിനാദവും വേണുനാദവും ദീപാദിജ്യോതിസ്സും മനോലയാരംഭത്തിൽ ഉണ്ടാകുന്നുവെല്ലൊ. അതുകൊണ്ടു വാസ്തവത്തിലുള്ള പൂജ ഇതുതന്നെ. ഇതിന്നു പകരം മനുഷ്യർ ക്ഷേത്രാദികളിൽ വാദ്യാദികൾ കൊട്ടി ഘോഷിച്ചു പൂജിച്ചുവരുന്നു. അതല്ല പൂജയും യാഗവും പശുഹിംസയും ഹോമവും ജ്ഞാനവും യോഗവും മനസ്സിനെ ലയിപ്പിക്കുന്ന വിദ്യതന്നെ. കേൾക്കുക.

മദ്യംമസ്തകസംഭൂതം യസ്സ്യലംബികയാപിബേൽ
സഎശാക്തേയഇത്യുക്ത സ്തദന്യേവികലാഃസ്മൃതാഃ.     ൧
സുരാമിഷരസോന്മത്താ വേദശാസ്ത്രാർത്ഥനിന്ദകാഃ
സന്ത്യജേത്താംശ്ചമലിനാൻ ചണ്ഡാലാനിവസാധകഃ.     ൨
(എന്നു ശിവജ്ഞാനദീപികാ)

അർത്ഥം:— ൧. ലംബികായോഗംകൊണ്ടു (ഖേചരീമുദ്രകൊണ്ടു) തന്റെ ശിരസ്സിൽനിന്ന് ഇറങ്ങുന്ന മദ്യത്തെ യാതൊരുത്തൻ പാനംചെയ്യുമൊ അവനെയാകുന്നു ശാക്തേയൻ എന്നു പറയപ്പെട്ടത്. അങ്ങിനെ ചെയ്യാത്തവർ നിസ്സാരന്മാരാകുന്നു. എന്തുകൊണ്ടെന്നാൽ, ൨. മദ്യമാംസങ്ങളുടെ രസത്താൽ ഉന്മത്തന്മാരായിരിക്കുന്ന അവർ വേദശാസ്ത്രങ്ങളുടെ അർത്ഥത്തെ നിന്ദിക്കുന്നവരാകുന്നു. ആ മലിനന്മാരെ ചണ്ഡാലന്മാരെ എന്നപോലെ യോഗാഭ്യാസി ഉപേക്ഷിക്കേണം. ശിരസിസ്ഥിതമായ ചന്ദ്രമണ്ഡലത്തിൽനിന്നു പൊഴിയുന്ന അമൃതപാനമാകുന്നു മദ്യപാനം. അതിന്നുവേണ്ടി രസനയെ (നാവിനെ) വ്യോമചക്രത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നതാകുന്നു മാംസഭക്ഷണം. അതിന്നു പ്രമാണം.—

ഗോശബ്ദേനോദിതാജിഹ്വാ തൽപ്രവേശോഹിതാലുനീ
ഗോമാംസഭക്ഷണം തത്തു.     ൧
ജിഹ്വാപ്രവേശസംഭൂത വഹ്നിനോൽപാദിതഃഖലു

ചന്ദ്രാൽസ്രവതിയഃസാരഃ സാസ്യാദമരവാരുണീ. ൨
ഗോമാംസംഭക്ഷയേന്നിത്യം പിബേദമരവാരുണീം
കലീനംതമഹംമന്യേ ഇതരേ കുലഘാതകാഃ. ൩
(എന്നു ഹഠയോഗപ്രദീപികാ)

അൎത്ഥം:—൧. ഗോശബ്ദംകൊണ്ടു ജിഹ്വാ എന്നു പറയപ്പെട്ടിരിക്കുന്നു. അതിനെ (നാക്കിനെ) കപാലകുഹരത്തിൽ പ്രവേശിപ്പിക്കൽതന്നെ ഗോമാംസഭക്ഷണം. ൨. ആ ജിഹ്വാപ്രവേശംകൊണ്ടുണ്ടായ വഹ്നി ഹേതുവായിട്ടു ചന്ദ്രമണ്ഡലത്തിൽനിന്ന് ഒഴുകുന്ന സാരത്തെ മദ്യമെന്നു പറയുന്നു. നീ ഗോമാംസത്തെ നിത്യം ഭക്ഷിക്കേണം, നിത്യം മദ്യവും കുടിക്കേണം. അങ്ങിനെ ചെയ്യുന്നവൻ കുലീനൻ എന്നു ഞാൻ വിചാരിക്കുന്നു. ഇതരന്മാർ കുലഘാതകന്മാരാകുന്നു. (എന്നാൽ മേൽപ്രകാരം ചെയ്യാതെ മദ്യമാംസങ്ങളെ വെച്ചു പൂജിച്ച് അതിനെ കഴിക്കുന്നവർ കുളമാൎഗ്ഗത്തെ (ശാക്തേയത്തെ) കെടുക്കുന്നവരാകുന്നു എന്നു സാരം). മേൽപറഞ്ഞ പ്രമാണങ്ങൾകൊണ്ടു ലംബികായോഗത്താൽ അമൃതപാനം ചെയ്തുകൊണ്ടു മനസ്സിനെ ലയിപ്പിക്കുന്നതാകുന്നു ശാക്തേയം എന്നു സിദ്ധിച്ചു. ഇങ്ങിനെയുള്ള മനോലയം ഖേചരീമുദ്രകൊണ്ടോ മോക്ഷപ്രദീപത്തിൽ പറയപ്പെട്ട പ്രതിപദമാപൂൎണ്ണിമാ ദൃഷ്ടികളിൽ ഏതെങ്കിലും ഒന്നുകൊണ്ടോ പ്രാണായാമംകൊണ്ടോ സിദ്ധിക്കും. അപ്പോൾ മനസ്സ് എന്ന മനനശക്തിയെ യോഗത്താൽ അഖണ്ഡസച്ചിദാനന്ദപരാശക്തിയിൽ ലയിപ്പിക്കുന്നതാകുന്നു ശാക്തേയപൂജാ, ഇതുതന്നെ കുണ്ഡലിന്യഭ്യാസം, ഇതുതന്നെ മോക്ഷത്തിന്നുള്ള പൂജാ. പ്രമാണം.

രാഗാദ്യവയവോപേത മജ്ഞാനചക്രപാതകം
അവശന്തുകുമാൎഗ്ഗസ്ഥം ഹതാഹോതവ്യമാദരാൽ. ൧
ഏഷാനിൎവ്വാണപൂജേതി വിഖ്യാതായോഗിമണ്ഡലേ. ൨
(എന്നു ശിവജ്ഞാനദീപികാ)

അൎത്ഥം:—൧. രാഗദ്വേഷകാമക്രോധാദികളായ കരചരണാദ്യവയവങ്ങളുള്ളതുകൊണ്ടു ദുൎമ്മാൎഗ്ഗത്തിൽ പോയി സ്ഥിതിചെയ്യുന്നതും സ്വാധീനപ്പെടാത്തതും അജ്ഞാനിയും ആയ ദു

ഷ്ടപശുവിനെ (മനസ്സിനെ) വധിച്ച് ആദരവോടുംകൂടി ഹോമിക്കേണ്ടതാകുന്നു. ൨. യോഗിസമൂഹത്തിൽ ഇതു മോക്ഷപൂജാ എന്നു ശ്രുതിപ്പെട്ടിരിക്കുന്നു. "യോഗജ്യോതിഃകുണ്ഡ ചിത്താലാജ്യേണാബുദ്ധിഹോത്രാ" ഇത്യാദിയായ ഉപനിഷദ്വാക്യംകൊണ്ടും മനസ്സിനെ ലയിപ്പിക്കുന്ന പണിതന്നെ യാഗാദിസൽകർമ്മങ്ങൾ, മനോനിഗ്രഹംതന്നെ പശുഹിംസാ എന്നു തീച്ച്ചപ്പെടുന്നു. ഈ സൂക്ഷ്മം അറിയാതെ യാഗത്തിൽ പശുവിനെ കൊല്ലുന്നു! മഹാ അന്യായം. വിഷ്ണ്വവതാരമായ ബുദ്ധമുനിയാൽകൂടി പശുഹിംസ നിത്തൽ ചെയ്യപ്പെടുവാൻ കഴിയാത്ത സ്ഥിതിക്ക് എന്തിന്നു ഞാൻ അതിനെപ്പററി അധികം പറയുന്നു. മുനിവൃത്തിയെ കൈക്കൊള്ളുന്നതുതന്നെ യോഗ്യതാ എന്ന് അടങ്ങുവാൻ ദയ എന്നെ അനുവദിച്ചില്ല. അത് ഇരിക്കട്ടെ, പ്രകൃതം അനുസരിക്കുകതന്നെ. മനോലയത്തിന്നു (മുക്തിക്കു) ഹേതുഭൂതമായും ആത്മസ്ഥാനമായും ഇരിക്കുന്ന സുഷുമ്നാഗ്രത്തിൽ മൂലാധാരം മുതലായ ആധാരങ്ങളും ചന്ദ്രസൂൎയ്യാഗ്നികളും സഹസ്രാരപത്മവും മററും അടങ്ങിയിരിക്കുന്നു. കാശി, ചിദംബരം, ഹാലാസ്യം, രാമേശ്വരം, ഗോകൎണ്ണം മുതലായവയും അവിടംതന്നെ. അതിന്നു പ്രമാണം.

ആജ്ഞാചക്രാംബുജാഗ്രേതു ബ്രഹ്മഗ്രന്ഥിഃപ്രതിഷ്ഠിതാ
അതോപരിമഹാവൃത്തം ചതുർദ്വാരംപുരത്രയം
ദൃശ്യാദൃശ്യംസദസതാം യോഗായോഗയുജാമപി
സഹസ്രകമലംതത്ര സഹസ്രദളവൈഭവം
തത്രാസ്തേബൈന്ദവംസ്ഥാനം മഹാവിഭവവിസ്തരം
ഹിരണ്യകോശഇതിതൽ കൎണ്ണികാതസ്യമദ്ധ്യഗാ
തന്മദ്ധ്യേനിഷ്കളംധാമ ഹംസചക്രംപ്രതിഷ്ഠിതം
പൂൎണ്ണചക്രംനാദചക്രം സുധാമണ്ഡലസംജ്ഞകം
ദ്വാദശാന്തംമഹാകാശം സച്ചില്ലോകാധാരമാന്തരം
സുധാസിന്ധുമ്മണിദ്വീപ മൂൎദ്ധ്വമൂലന്തുതൽപരം
ശിവജ്ഞാനംജ്ഞാനപുരം നിഷ്കളംശബ്ദമണ്ഡലം
അന്തൎമ്മുഖംബാഹ്യപദം ബ്രഹ്മപീഠംകളാസ്പദം
മുക്തിഖണ്ഡംകാലഖണ്ഡ മഖണ്ഡംജ്ഞപ്തിമണ്ഡലം

പൂൎണ്ണാനന്ദംസൎവ്വപൂൎണ്ണ ചൈതന്യംശിവമന്ദിരം
ബിന്ദുതത്വംനാദജീവം കളാതത്വമനക്ഷരം
സദാനന്ദംചിദാനന്ദം മഹാനന്ദംസുഖായനം
തപസ്സത്വംപ്രതിജ്ഞാനം കൈവല്യംശൂന്യമക്ഷരം
ബോധചന്ദ്രംജ്ഞാനദീപ മത്രൈവിദ്ധ്യമഗോചരം
സിദ്ധാന്തംബ്രഹ്മസങ്കേത മേകാന്തംസൎവ്വകാരണം
അതത്വംസമയാതീതം വ്യോമതത്വംമഹൽകുലം
സംവിദ്രസംബ്രഹ്മക്രമ്മം ഹംസഗൎഭംതുരീയകം
അമൃതംനിൎവ്വികല്പഞ്ച യോഗചക്രംപരായണം
ബ്രഹ്മരന്ധ്രംവിയൽഭൃതം നിൎവ്വാണമിതിചക്ഷതെ
സോമസൂൎയ്യാനലാനാഞ്ച കലാനാമപിപാൎവ്വതി
മൂലാധാരാദിചക്രാണാ മന്തൎഭാവോത്രകഥ്യതെ
ഭ്രൂമദ്ധ്യംയോഗപീഠഞ്ച തീൎത്ഥംഗുരുപദംതഥാ
ശ്രീഗിരിശ്ച മഹാപത്മം സഭാപഞ്ചകസംജ്ഞിതം
ഗോകൎണ്ണംപുഷ്കരക്ഷേത്രം സിദ്ധസ്ഥാനംരസായനം
വാതാലയംസിദ്ധപദം പ്രയാഗാഖ്യംചിദംബരം
അപികാശിശ്മശാനഞ്ച ഹാലാസ്യംകമലാലയം
ശിവക്ഷേത്രംപഞ്ചനദം പഞ്ചകോശംമഹാപഥം
രാമായണംപുരാണാഖ്യം ചിന്താമണിഗ്രഹംതഥാ
കൈലാസഞ്ചചിദാകാശ മപിമുക്തംജനാർദ്ദനം
പഞ്ചയജ്ഞംസ്വാത്മവാസം അനന്തംസൎവ്വതോമുഖം
വിശ്വംഭരംസൎവ്വസഹ മുദ്ധ്യാനാഖ്യംപരാൽപരം
ഹംസാലയംഭാഗവതം മഹാലക്ഷ്മുഭാസ്കരം
അന്തൎമ്മുഖംസത്യപദ മിതിസംജ്ഞാഃപ്രകീൎത്തിതാഃ.

(എന്നു ശിവജ്ഞാനദീപികാ)

സുഷുമ്നാശൂന്യപദവീ ബ്രഹ്മരന്ധ്രംമഹാപഥം
ശ്മശാനംശാംഭവീമദ്ധ്യ മാൎഗ്ഗശ്ചേത്യേകവാചകാഃ.

(എന്നു ഹഠയോഗപ്രദീപികാ)

മേൽപറഞ്ഞ നാമങ്ങളെല്ലാം പുരികമദ്ധ്യം മുതൽ മൂൎദ്ധാവുവരേയുള്ള പരാകാശസ്ഥാനമായ സുഷുമ്നാഗ്രത്തിലുള്ള പേ

ളാകുന്നു. ഇത് അറിയാതെ കാശി മുതലായ സ്ഥലവിശേഷങ്ങൾ പുറമെയാകുന്നു എന്നു ധരിച്ചു ജനങ്ങൾ ഓടി ഓടി വലയുന്നു. രാമായണം, പുരാണം, ഭാഗവതം എന്ന പേരുകളുടെ അൎത്ഥം അറിയാതെ പുരാണകഥകളെ വായിച്ചു വായിച്ചു കാലംകഴിക്കുന്നു. ദശവിധം നാദം മുഴങ്ങുന്നതുകൊണ്ടല്ലേ 'നാദചക്രം' എന്നു പേർ? സുധാ (അമൃതം) പൊഴിയുന്ന സ്ഥാനമായതുകൊണ്ടല്ലേ 'സുധാമണ്ഡലം' എന്നു പേർ? ആനന്ദഫലനമായതുകൊണ്ടല്ലേ 'പൂൎണ്ണാനന്ദ'മെന്നു പേർ കൊടുത്തത്? ഇങ്ങിനെതന്നെ മററുള്ള നാമങ്ങളും അതാതനുഭവംനിമിത്തം യോഗികൾ കൊടുത്തതാകുന്നു. യോഗികൾതന്നെ തലയിലുള്ള ശക്തിയെ കണ്ടവർ. ആ പരിപൂൎണ്ണശക്തിതന്നെയാകുന്നു സകല മതക്കാരുടേയും ദൈവം. ആ ശക്തിസ്ഥാനമായ സുഷുമ്നാഗ്രത്തിന്നുതന്നേയാകുന്നു കാശി, ചിദംബരം, രാമേശ്വരം മുതലായ നാമങ്ങൾ കൊടുത്തിട്ടുള്ളത് എന്നു മേൽപറഞ്ഞ പ്രമാണംകൊണ്ടു സിദ്ധമായി. അതുകൊണ്ടു സുഷുമ്നാഗ്രത്തിൽ മനസ്സു ലയിച്ചാലെ 'കാശ്യാന്തുമരണാന്മുക്തി' കാശിയിൽ മരിച്ചാൽ മുക്തി എന്ന പ്രമാണം സാൎത്ഥകമാകയുള്ളു. രാമേശ്വരാദിപുണ്യക്ഷേത്രങ്ങളിലുള്ള ഗമനവും മനസ്സിന്റെ സുഷുമ്നയിലുള്ള ഗമനംതന്നെ. അതുതന്നെ തീൎത്ഥസ്നാനം. അതുതന്നെ പൂജാ. അതുതന്നെ യാഗം. അതുതന്നെ യോഗജ്ഞാനം. അതുതന്നെ സൽകൎമ്മം. അതുതന്നെ സൂൎയ്യോപാസനാ, 'സുഷുമ്നാസൂൎയ്യരൂപിണീ' എന്നു യോഗശിഖോപനിഷത്ത്. ഇതുകൊണ്ടും സുഷുമ്നയെത്തന്നെയാകുന്നു സൂൎയ്യൻ എന്നു പറഞ്ഞത് എന്നും സിദ്ധിച്ചു. അപ്പോൾ സുഷുമ്നയിൽ ശക്തിയെ ഉപാസിക്കുന്നതിന്നുപകരമാണ് ബാഹ്യസൂൎയ്യനിൽ ഗായത്രിയെ ഉപാസിക്കുന്നത് എന്നു തീൎച്ചപ്പെട്ടു. ഇങ്ങിനെ ഉപാസിക്കുന്നവരുടെ ഉപാസനാ മഴക്കാറിനാൽ സൂൎയ്യൻ മറയ്ക്കപ്പെടുമ്പോഴും രാത്രികാലത്തും മുടങ്ങിപ്പോകുന്നുവെല്ലോ. ഉദയാൽപരം പകലും കണ്ണിന്നു സൂൎയ്യരശ്മികൾ അസഹ്യമായിരിക്കുന്നതുകൊണ്ട് ഉപാസനയ്ക്കു വിഘ്നം നേരിടുന്നുവല്ലൊ. എന്നു മാത്രമല്ല നമ്മിൽ കുണ്ഡലിനീശക്തി എന്ന ഗായത്രിയില്ലെന്നും സൂൎയ്യങ്കലാണ് ആ ശക്തിയുടെ സ്ഥിതി എന്നും അവർ തീ

ച്ചുപ്പെടുത്തുന്നുവല്ലൊ. ഹേ ശിഷ്യ! അഗ്നി ബാഹ്യത്തിലും നമ്മിലും ഉണ്ട്. എങ്കിലും ബാഹ്യാഗ്നിയിൽ ലാജം, ധൂപം, നെയ്, പാൽമുതലായതു ഹോമിച്ചതുകൊണ്ടു നമ്മുടെ വിശപ്പു മാറുന്നില്ല. നമ്മുടെ ജഠരാഗ്നിയിൽ അവയെ ഹോമിക്കുമ്പോൾ നോം ഭക്ഷിക്കുമ്പോൾ മാത്രമെ ക്ഷുൽപീഡാദുഃഖത്തിൽനിന്നു നോം നിവൃത്തന്മാരായി തൃപ്തന്മാരായിത്തീരുന്നുള്ളു. അപ്രകാരം കുണ്ഡലിനീ എന്ന ഗായത്രിയെ സുഷുമ്നാമാൎഗ്ഗേണ നമ്മിൽ ദൎശിച്ചാലെ ദുഃഖത്തിൽനിന്നു നിവൃത്തന്മാരായി നിത്യതൃപ്തന്മാരായി നോം തീരുകയുള്ളു, ശക്തി സൂൎയ്യനിലും സൎവ്വത്തിലും വ്യാപിച്ചിരിക്കുന്ന അഖണ്ഡവസ്തുതന്നെ· അതിനു വാദമില്ല. പക്ഷെ ബാഹ്യാഗ്നിയിൽ ഹോമിക്കുന്നതുപോലെയാകുന്നു ബാഹ്യോപാസനാ. സുഷുമ്നയിൽ മനസ്സുവെക്കുന്നതായാൽ ഉപാസനയ്ക്കു ഒരുകാലത്തും വിഘ്നമില്ലെന്നല്ലാ എത്തേണ്ടിടിക്കിൽ എത്തുകയും ചെയ്യുന്നു (മുക്തന്മാരാകുന്നു).

സുഷുമ്നൈവപരംതീൎത്ഥം സുഷുമ്നൈവപരോജപഃ
സുഷുമ്നൈവപരംധ്യാനം സുഷുമ്നൈവപരാഗതിഃ.
'ദശഷാസ്സ്വന്യെന്യനിരൎത്ഥകാഃ.'

(എന്നു യോഗശിഖോപനിഷത്ത്)·

അൎത്ഥം:— സുഷുമ്നതന്നെ മുഖ്യതീൎത്ഥം. സുഷുമ്നതന്നെ മുഖ്യജപം. സുഷുമ്നതന്നെ മുഖ്യധ്യാനം. സുഷുമ്നതന്നെ ശാശ്വതാനന്ദപ്രാപ്തിമാൎഗ്ഗം. മറെറല്ലാം നിരൎത്ഥകങ്ങൾ. ഇങ്ങിനെ പറഞ്ഞത് എന്താകുന്നു എങ്കിൽ ഒരുവൻ ജലം ശീതസ്പൎശത്തോടുകൂടിയ വസ്തുവാണെന്ന് അറിയാത്തവനായാലും ഉപ്പു ജലത്തിൽ ലയിക്കുന്ന സാധനമാകുന്നു എന്ന് അറിവില്ലാത്തവനായാലും അവൻ ജലസ്ഥാനത്തിൽ ഉപ്പിനെ വെച്ചാൽ ഉപ്പു ജലത്തോടു ലയിക്കുന്നു, അപ്രകാരം ദൈവലക്ഷണമൊ മന്ത്രഭേദമൊ ധ്യാനഭേദമൊ ആത്മാനാത്മവിചാരജ്ഞാനമൊ വേദശാസ്ത്രാദികളൊ ഒന്നും·അറിയാത്തവനായാലും മനസ്സിൻെറ ഉല്പത്തിസ്വരൂപാദികൾ അറിയാത്തവനായാലും മനസ്സിനെ സുഷുമ്നയിൽ നിറുത്തുമ്പോൾ അതു ശാശ്വതാനന്ദത്തിൽ ലയിക്കുന്നു.

## മനഃസിദ്ധൌ ശാസ്ത്രാദിനിരാകരണസിദ്ധി

ഗുരു:—ഈ മനോലയാഭ്യാസത്തിന്നു വിഘ്നമായിരിക്കുന്നതുകൊണ്ടും പലവഴിക്ക് അലയിക്കുന്നതായിരിക്കുന്നതുകൊണ്ടുമാകുന്നു വേദശാസ്ത്രാദികളേയും മററും നിഷേധിച്ചത്. കേൾക്കുക.

പുരാണംഭാരതംവേദാഃ ശാസ്ത്രാണിവിവിധാനിച
പുത്രദാരാദിസംസാരോ യോഗാഭ്യാസസ്യവിഘ്നകൃൽ.

(ഇത് ഉത്തരഗീതയിൽ അൎജ്ജുനന്നു കൃഷ്ണൻ ഉപദേശിച്ചതാകുന്നു).

അൎത്ഥം:—പുരാണങ്ങളും വേദങ്ങളും ശാസ്ത്രങ്ങളും പുത്രൻ ഭാൎയ്യ മുതലായ സംസാരവും യോഗാഭ്യാസത്തിന്നു വിഘ്നമാകുന്നു.

ജ്ഞാനാമൃതേനതൃപ്തസ്യ കൃതകൃത്യസ്യയോഗിനഃ
നചാസ്തികിഞ്ചിൽകൎത്തവ്യ മസ്തിചേന്നസതത്വവിൽ.

(ഇതും ഉത്തരഗീതയിൽ കൃഷ്ണൻ അൎജ്ജുനന്ന് ഉപദേശിച്ചതാകുന്നു).

അൎത്ഥം:—യോഗജ്ഞാനംകൊണ്ടു തൃപ്തനായും അതുകൊണ്ടു കൃതാൎത്ഥനായും ഇരിക്കുന്ന യോഗിക്ക് ഒന്നും ചെയ്യപ്പെടേണ്ടതില്ല ചെയ്യപ്പെടേണ്ടതുണ്ടെന്നു വിചാരിക്കുന്നപക്ഷം അവൻ യഥാൎത്ഥത്തെ അറിയാത്തവനാകുന്നു.

ശിഷ്യൻ:—സൽഗുരോ! വാസ്തവം ഇങ്ങിനെ ഇരിക്കുന്നു എങ്കിലും പ്രവൃത്തിമാൎഗ്ഗത്തിൽ പ്രേരിക്കുന്ന പ്രസംഗത്തെ കേൾക്കാനാകുന്നു ബഹുജനങ്ങൾ കൂടുന്നത്.

ഗുരു:—അങ്ങിനെയല്ലെ? മാംസഭക്ഷണത്തിലും മദ്യപാനത്തിലും താല്പൎയ്യമുള്ള കൂട്ടരുടെ ഇടയിൽ മാംസം തിന്നുന്നതും മദ്യപാനംചെയ്യുന്നതും ശ്രേഷ്ഠമാണെന്നു ശ്രുതികളെ ഉദാഹരിച്ചു സ്ഥാപിക്കുമ്പോൾ ആ പ്രസംഗം കേൾക്കുന്നത് അവൎക്ക് അമൃതപ്രായമായിരിക്കും. അതുപ്പോലെ പ്രവൃത്തിമാൎഗ്ഗരതന്മാരുടെ ഇടയിൽ പ്രവൃത്തിമാൎഗ്ഗപരമായി പ്രസംഗിക്കുമ്പോൾ അത് അതിരസമായിരിക്കും. അതു കേൾപ്പാൻ അനേകജനങ്ങളും കൂടും. നിവൃത്തിമാൎഗ്ഗമായ യോഗം എവിടെ? ആ പ്രസംഗം എവിടെ?

## മനസ്സിലെത്തഭാഷാനിന്ദാഖണ്ഡനാദിസിദ്ധി

ശിഷ്യൻ:—സ്വാമിൻ! യോഗതത്വത്തെ മലയാളത്തിൽ പ്രകാശിപ്പിച്ചിട്ടും എന്താ ഫലം? എന്തായാലും ഭാഷയല്ലെ എന്നുപറഞ്ഞു മലയാളഭാഷയിലുള്ള ഗ്രന്ഥങ്ങളെ ചിലർ ഗണിക്കുന്നില്ല. അതുകൊണ്ടു ചിലമന്ദമതികൾ സംസ്കൃതഭാഷയിലുള്ളതു വായിച്ചാലെ ഫലമുള്ളു, ഭാഷയിലുള്ളതു വായിച്ചിട്ടു പ്രയോജനമില്ലാ എന്നു വിചാരിക്കുന്നു.

ഗുരു:— ഹേശിഷ്യ! ഇതു സംസ്കൃതഭാഷയിലുള്ള വൈദ്യഗ്രന്ഥംനോക്കി ചികിത്സിച്ചാലെ രോഗശാന്തിവരു; ഭാഷപ്പെടുത്തിയ വൈദ്യഗ്രന്ഥംനോക്കി ചികിത്സിച്ചാൽ ഔഷധം ഫലിക്കില്ലാ എന്നു വിചാരിക്കുമ്പോലെയും സ്ഫടികപാത്രത്തിൽ വെള്ളംകുടിച്ചാലെ ദാഹം ശമിക്കു മൺപാത്രത്തിൽ വെള്ളം കുടിച്ചാൽ ദാഹം ശമിക്കില്ലാ എന്നു വിചാരിക്കുമ്പോലെയും ഇരിക്കുന്നു. കഷ്ടം കഷ്ടം! നീ പറഞ്ഞമാതിരി ചിലക്കൂട്ടക്കാർ ഉണ്ട്. ആൎക്കും അൎത്ഥം അറിയരുത്. സംസ്കൃതഭാഷയിലും ആയിരിക്കേണം. അങ്ങിനെയുള്ള ഗദ്യമൊ പദ്യമൊ മൈഥുനവൎണ്ണനയായാലും വേണ്ടതില്ല മുക്തിക്കുള്ളതാകുന്നു ഇത് എന്നു പറഞ്ഞുകൊടുത്താൽ കണ്ണുചിമ്പി വിശ്വസിച്ചു ജപിക്കും. മഹാസാരോപദേശമായാലും മലയാളഭാഷയിലായിരുന്നാൽ അതിനെ ഗണിക്കയില്ല. അൎത്ഥം മനസ്സിലാകാതെ ഇരുന്നാൽ അതു വളരെ സാരമുള്ളതാകുന്നു എന്നാകുന്നു അവർ തീൎച്ചപ്പെടുത്തീട്ടുള്ളത്. കാൎയ്യം അറിയാത്തക്കൂട്ടർ എന്നെ പറയേണ്ടതുള്ളു. ഞാൻ തമിഴഭാഷയിലുള്ള യോഗഗ്രന്ഥങ്ങൾ വായിച്ചിട്ടാകുന്നു യോഗത്തിൽ ശ്രദ്ധാളുവായത്. കാൎയ്യം ഇന്നഭാഷയിലെ മനസ്സിലാക്കിക്കൂട എന്നില്ല.

ശിഷ്യൻ:— സിദ്ധഗുരൂപദേശംമാത്രം പോരെ യോഗം അറിവാൻ?

ഗുരു:—മതി. വൈദ്യൻെറ ഉപദേശംമാത്രം മതി വൈദ്യം അറിവാൻ. എന്നാൽ വൈദ്യഗ്രന്ഥം ഉപകാരമില്ലെന്നു വരുമൊ? അവന്നു കയ്യുമൊ? ഇല്ല. രുചിക്കയെയുള്ളു. അ

ല്പോലെയും കാമുകന്നു കാമിനീവർണ്ണനഗ്രന്ഥങ്ങൾപോലെയും യോഗിക്കു യോഗഗ്രന്ഥങ്ങൾ രുചിക്കയെയുള്ളു. ചിത്തൈകാഗ്ര്യത്തെ സമ്പാദിപ്പാൻ ശ്രമിക്കാതെ കേവലം ഗ്രന്ഥകാലക്ഷേപംകൊണ്ടുതന്നെ ജന്മസാഫല്യം വരുമെന്നുകരുതി ഗ്രന്ഥപാരായണം ചെയ്യുന്നതിനെ നിർത്തൽചെയ്വാൻവേണ്ടി തത്വഗ്രന്ഥങ്ങളേയും നിരാകരിച്ചതാകുന്നു. അതുകൊണ്ടു സുഷുമ്നാമാർഗ്ഗത്തിൽ മനസ്സിനെ നിറുത്തു. അതിന്നു കഴികയില്ലെങ്കിൽ സർവ്വഭാഷാജ്ഞാനംകൊണ്ടു സർവ്വലോകത്തെ ജയിച്ചവനായാലും മനോലയം സിദ്ധിക്കയില്ല. അതുകൊണ്ടാകുന്നു സകലത്തേയും അപ്രധാനമാക്കി ശക്തിദർശനഹേതുഭൂതമായ സുഷുമ്നയെ പ്രധാനമാക്കിപ്പറഞ്ഞത്. ഹേ ശിഷ്യ!

സോപാനഭൂതംമോക്ഷസ്യ മാനുഷ്യംപ്രാപ്യദുർല്ലഭം
യസ്താരയതിനാത്മാനം തസ്മാൽപാപതരോത്രകഃ
നരഃപ്രാപ്യേത്തരംജന്മ ലബ്ധ്വാചേന്ദ്രിയസൌഷ്ടവം
നവേത്ത്യാത്മഹിതംയസ്തു സഭവേൽബ്രഹ്മഘാതകഃ.

(എന്നു ഗാരുഡം).

അർത്ഥം:— ദുർല്ലഭമായും മോക്ഷത്തിന്നു കോണിപ്പടിയായും ഇരിക്കുന്ന മനുഷ്യജന്മത്തെ കിട്ടിയിട്ടുതന്നെ പരമാനന്ദപദവിയെ പ്രാപിപ്പിക്കാത്തവൻ ഏവനൊ അവനേക്കാൾ മഹാപാപി ഈ ലോകത്തിൽ ആരാണ്? ആരും ഇല്ല. (അവൻതന്നെ സകലപാപികളിലുംവെച്ചു മഹാപാപി). മനുഷ്യൻ ശ്രേഷ്ഠമായ ജന്മത്തെ ലഭിച്ചിട്ടും നേത്രാദീന്ദ്രിയങ്ങൾക്കു ഹാനിയില്ലാതെ ഇരുന്നിട്ടും ആത്മഹിതത്തെ ഏവൻ അറിയുന്നില്ലയൊ അവനാകുന്നു ബ്രഹ്മഹത്യാദോഷംചെയ്യുവൻ. ഹേ ശിഷ്യ! അതുകൊണ്ടു സുഷുമ്നാഗ്രത്തിൽതന്നെ മനസ്സിനെ നിറുത്തി ശാശ്വതാനന്ദത്തിൽ ലയിക്കു.

## മനഃസിദ്ധൌ സ്വതഃസിദ്ധി

ശിഷ്യൻ:—സ്വാമിൻ! യോഗത്തിലുള്ള അണിമാദിസിദ്ധിമാർഗ്ഗംകൂടി അല്പം കേട്ടാൽ കൊള്ളാം. സംസാരികൾ ഐശ്വര്യത്തിൽ ആശയുള്ളവരാകുന്നു. അവർക്കും യോഗത്തിൽ ആസക്തിയെ ഉണ്ടാക്കുവാൻ ഇതു നല്ല ഉപായമാകുന്നു.

ഗുരു:—ഹേ ശിഷ്യ! മോക്ഷമാൎഗ്ഗത്തിൽതന്നെ സിദ്ധികൾ ഉണ്ട്. അതിന്നു പ്രമാണം.

യഥാകാശീംസമുദ്ദിശ്യ ഗച്ഛൽഭിഃപഥികൈഃപഥി
നാനാതീൎത്ഥാനിദൃശ്യന്തെ തഥാമോക്ഷേതുസിദ്ധയഃ.

(എന്നു യോഗബീജത്തിൽ പറഞ്ഞിരിക്കുന്നു.)

അൎത്ഥം:—കാശിക്കുപോകുന്ന പാന്ഥന്മാരാൽ മാൎഗ്ഗത്തിൽ നാനാതീൎത്ഥങ്ങൾ എപ്രകാരം കാണപ്പെടുന്നുവൊ അപ്രകാരം മോക്ഷത്തിൽ യത്നിക്കുന്നവരാലും നാനാസിദ്ധികൾ ദൎശിക്കപ്പെടുന്നു. അതുകൊണ്ടു സിദ്ധിക്കുവേണ്ടി നാനാധ്യാനഭേദങ്ങളും മററും പറഞ്ഞു ജനങ്ങളെ എന്തിന്നു ഭ്രമിപ്പിക്കുന്നു. മോക്ഷമാൎഗ്ഗത്തിൽതന്നെ സിദ്ധികളുണ്ടല്ലൊ. അതുകൊണ്ടു മോക്ഷപരനായി ഭവിക്ക.

## മനസിലെ ജാതിഭേദാദിത്യാഗസിദ്ധി

ശിഷ്യൻ:—സ്വാമിൻ! മോക്ഷാൎത്ഥിയായ യോഗാഭ്യാസിക്കു ജാതിവൎണ്ണാശ്രമാചാരങ്ങളും പുത്രദാരാദിസംസാരവും ദേവദശാസ്ത്രാദികളും വിഘ്നമാണെന്നു പ്രമാണയുക്തിപുരസ്സരം അങ്ങുന്നു പ്രതിപാദിച്ചു. അങ്ങുന്നു ജാതിയും മററും ഉപേക്ഷിച്ചുകാണുന്നില്ല.

ഗുരു:—ഹേ ശിഷ്യ! ജാതിഭേദംമുതലായതു വിടുക എന്നുവെച്ചാൽ ഇപ്പോൾ മനുഷ്യരാൽ കല്പിക്കപ്പെട്ട ജാതികൾ എത്രയുണ്ടോ അവരുടെ എല്ലാവരുടേയും ചോറുതിന്നു നടക്കുക എന്നല്ല. അങ്ങിനെയാണെങ്കിൽ ശ്വപചൻ എന്നു പറയപ്പെടുന്നവൻ മഹമ്മദന്റെയും ക്രിസ്ത്യന്റെയും ഹിന്തുവിന്റെയും സകലരുടേയും ചോറുതിന്നും. അവനാകുന്നു ജാതിഭേദം ഇല്ലാത്ത ജ്ഞാനിയെന്നു പറയേണമെല്ലൊ. നായും എല്ലാവരുടേയും അന്നം തിന്നും. അപ്പോൾ നായിനേയും ജാതിഭേദം ഇല്ലാത്ത ജ്ഞാനി എന്നു പറയേണമെല്ലൊ. എല്ലാവരുടേയും ചോറു തിന്നുന്നവൻ ജാതിഭേദം ഇല്ലാത്തവൻ എന്നുമാത്രമായി അൎത്ഥം എടുത്തുകൂടാ. അറിവിനാൽ ജാതിമുതലായതുകൊണ്ടുള്ള ഭേദം മനസ്സിന്ന് ഇല്ലാതെ

ഇരിക്കേണമെന്നാകുന്നു പറഞ്ഞതിന്റെ സാരം. മനസ്സിനു ഭേദം ഉണ്ടാകുമ്പോൾ ഞാൻ ഉൽകൃഷ്ടജാതി, നീ നികൃഷ്ടജാതി എന്നു തമ്മിൽ തല്ലി നശിക്കുവാനും അനേക അജ്ഞാനകൎമ്മങ്ങൾക്കും ഇടവരുന്നു. യോഗികൾക്കു മനസ്സിന്ന് ആ ഭേദദൃഷ്ടിയില്ല. ഏതുവന്റെ അന്നം ഭക്ഷിക്കുന്നതിന്നും അവൎക്കു വിരോധമില്ല. പുത്രദാരാദ്യഭിമാനവും മനസ്സിന്നത്രെ എന്നാകുന്നു പറഞ്ഞതിന്റെ സാരം. മനസ്സിന്ന് അഭിമാനമുണ്ടെങ്കിലേ ദോഷമുള്ളു. നോക്കുക. ഒരുവനു ഭാൎയ്യയിൽ ആസക്തിയുണ്ടെങ്കിൽ സദാ അവളോടു സല്ലാപിച്ചു കാലംകഴിക്കുന്നു. വേണ്ടു കാൎയ്യങ്ങളും നോക്കുന്നില്ല. അവൾക്കു വശനായി കുടുംബത്തെയും ദ്രോഹിക്കുന്നു. അവൾ വല്ല പുരുഷന്മാരോടു സംസാരിച്ചുപോയാൽകൂടി അവളെ പൊത്തിപ്പിടിച്ചു പ്രഹരിക്കയും കലപ്പെടുത്തുകയുംകൂടി ചെയ്യുന്നു. ഇങ്ങിനെയും ചിലരെ കാണുന്നു. ഭാൎയ്യയിൽ ആസക്തിയില്ലെങ്കിൽ അവൾക്കു വശനായി കുടുംബത്തെ ദ്രോഹിക്കുന്നില്ല അവൾക്കു വല്ല ദുൎന്നടപ്പും കണ്ടാൽ അവളെ ഉപേക്ഷിച്ചു വേണ്ടു കാൎയ്യംനോക്കി സ്വസ്ഥനായിട്ടും ഇരിക്കുന്നു. ഇങ്ങിനെയും ചിലരെ കാണുന്നു. അപ്പോൾ സംസാരികളുടെ ഇടയിൽതന്നെ സ്ത്രീവിഷയം ഐഹികകാൎയ്യത്തിന്നും പരഗതിക്കും വിഘ്നമല്ലാതെ ഇരിക്കുന്നു. സംസാരികളുടെ ഇടയിൽതന്നെ സ്ത്രീവിഷയം ഇഹലോക സുഖത്തിന്നും പരലോകപ്രാപ്തിക്കും മഹാ വിഘ്നമായിട്ടും ഇരിക്കുന്നു. ഇങ്ങിനെതന്നെ സംസാരത്തിലുള്ള സകലവിഷയങ്ങളും ആസക്തിയില്ലായ്കയാൽ യോഗാഭ്യാസത്തിന്നു വിഘ്നമല്ലാതെയും ആസക്തിനിമിത്തം മഹാ വിഘ്നമായിട്ടും ഇരിക്കുന്നു. ഏതുവന്ന് ഏതിൽ ആസക്തിയുണ്ടോ അവൻ അതിൽ നല്ലവണ്ണം വേലചെയ്യും, അതു സാധിക്കയും ചെയ്യും. യോഗത്തിൽ ആസക്തിയുള്ളവൻ അതിൽ വേലചെയ്യും, അവന്ന് അതു സാധിക്കയും ചെയ്യും. സംസാരം വിഘ്നമായി വരികയില്ല. സംസാരത്തിൽ ആസക്തിയുള്ളവൻ അതിൽ വേലചെയ്യും, അവന്ന് അതു സാധിക്കും. കളി, പഠിപ്പിന്നു വിരോധിയാണെങ്കിലും പഠിപ്പിൽ ആസക്തിയുള്ള കുട്ടി കളിക്കുട്ടികളുടെ കൂട്ടത്തിൽ ഇരുന്നിട്ടും കളിച്ചിട്ടും പഠിപ്പിന്നു ഹാനി വരുത്തുന്നില്ലെന്നു

മാത്രമല്ല നല്ലവണ്ണം പഠിച്ചു പരീക്ഷയിൽ ജയിച്ച് ഉന്നതാധികാരിപദത്തെ പ്രാപിക്കുന്നു. അപ്പോലെ സംസാരം യോഗത്തിന്നു വിരോധിയാണെങ്കിലും മോക്ഷാൎത്ഥി സംസാരത്തിലിരുന്നിട്ടും ഭരണാദികൃത്യങ്ങൾ നടത്തിയിട്ടും യോഗത്തെ അഭ്യസിച്ചു മോക്ഷപദത്തെ പ്രാപിക്കുന്നു. കളിയിൽ ആസക്തിയുള്ള കുട്ടി കളികൊണ്ടു കാലം കഴിച്ചുകൂട്ടുന്നു, പഠിപ്പിന്നു ഹാനിയും വരുന്നു. അപ്പോലെ സംസാരവിഷയത്തിൽ ആസക്തിയുള്ള മനുഷ്യൻ അതുകൊണ്ടുതന്നെ കാലം കഴിച്ചുകൂട്ടുന്നു. യോഗാഭ്യാസത്തിന്നു ഹാനിയും വരുത്തുന്നു. ഇങ്ങിനെതന്നെ ശാസ്ത്രവാസനയുള്ളവനും ശാസ്ത്രാഭ്യാസങ്ങൾകൊണ്ടുതന്നെ കാലം കഴിക്കുന്നു. സിദ്ധോപദേശത്തെ അറിവാനും മനസ്സിനെ ലയിപ്പിപ്പാനും സംഗതി വരുന്നില്ല. സ്ത്രീയിലുള്ള ആസക്തി ഒരു കാമുകനെ അലയിപ്പിക്കുന്നതിനേക്കാൾ ശാസ്ത്രവാസനാ പഠിച്ചവരെ അലയിപ്പിക്കുന്നു. ഇത് എനിക്ക് ഒരു കാലത്ത് അനുഭവമായിരുന്നു. സ്ത്രീവിഷയാദികളെ തൃണംപോലെ ഞാൻ വിട്ടിട്ടും പിന്നെയും ശാസ്ത്രവാസന എന്നെ വലപ്പിച്ചിരുന്നു. അതുകൊണ്ടു ശാസ്ത്രം പഠിച്ചിട്ടില്ലല്ലൊ എന്നു ഭ്രമിക്കേണ്ടാ. ശാസ്ത്രങ്ങളെല്ലാം പഠിച്ചവരേക്കാൾ പഠിക്കാത്തവന്നാകുന്നു മനോലയാഭ്യാസം (യോഗം) നിൎവ്വിഘ്നമായി സാധിപ്പാൻ നല്ല തരം. നോക്കുക. ഇപ്പോഴും ഞാൻ ഇങ്ങിനെ ചില ഗ്രന്ഥങ്ങളെ പ്രചരിപ്പിക്കുന്നു. പഠിപ്പുള്ളതുകൊണ്ടല്ലെ ഗ്രന്ഥനിൎമ്മാണത്തിൽ സമയം കളവാൻ ഇടവരുന്നത്. എന്റെ ശിഷ്യൻ യോഗാനന്ദൻ എല്ലാപ്പോഴും യോഗാനന്ദത്തിൽതന്നെ സമയം കഴിക്കുന്നു. എന്തുകൊണ്ടെന്നാൽ, എന്നെപ്പോലെ പഠിപ്പില്ല. അതുകൊണ്ടു ഗ്രന്ഥനിൎമ്മാണത്തിൽ സമയം കളവാനും സംഗതിവരുന്നില്ല മനോലയസ്വരൂപമായ മോക്ഷത്തിന്നു വേദശാസ്ത്രാദികളുടെ പഠിപ്പ് ആവശ്യമില്ല. സംശയമില്ല.

---

## മനഃസിദ്ധവിദ്യാഭ്യാസഗുണസിദ്ധി.

ശിഷ്യൻ:—സ്വാമിൻ! എന്നാൽ പഠിപ്പുകൊണ്ടുള്ള ഗുണം എന്താകുന്നു?

ഗുരു:— താനനുഭവിച്ച പരമാനന്ദത്തെ പദ്യങ്ങൾകൊണ്ടും ഗദ്യങ്ങൾകൊണ്ടും യോഗിക്കു വൎണ്ണിക്കാം. അതു സാരഗ്രാഹികളായ ജനങ്ങൾക്ക് ഉപകാരമായിത്തീരും. ദേഹം നശിച്ചാലും കൃതി ജീവിച്ചിരിക്കുമെല്ലോ. ആ കൃതി കാണുമ്പോൾ ആനന്ദാസ്വാദവാഞ്ഛകൊണ്ട് അനുഭവനിഷ്ഠനായ യോഗിയെ അന്വേഷിച്ച് ഉപദേശം വാങ്ങി ആത്മാരാമന്മാരായിത്തീരാമെല്ലോ. യോഗഭിന്നങ്ങളായ വേദശാസ്ത്രാദികളുടെ പഠിപ്പു ദേഹഭരണത്തിന്ന് ഉപകാരമായിട്ടിരിക്കും. പഠിച്ച പഠിച്ച് ഉദ്യോഗം ഭരിച്ചിട്ടും മററു ചിലരെ പഠിപ്പിച്ചിട്ടും വൈദ്യം ചെയ്തിട്ടും വളരെ ധനം ജനങ്ങൾ സമ്പാദിച്ചു യഥാകാമം അനുഭവിച്ചിരിക്കുന്നതു നമുക്ക് അനുഭവമല്ലെ? ഹേ ശിഷ്യ! ഇതെല്ലാം ക്ഷണഭംഗുരമായിരിക്കുന്നതുകൊണ്ടു ശാശ്വതാനന്ദത്തിൽതന്നെ മനസ്സിനെ ലയിപ്പിക്കുക.

---

## മനഃസിദ്ധൌ വിജനസ്ഥിതിഹേതുസിദ്ധി.

---

ശിഷ്യൻ:— സ്വാമിൻ! സംസാരത്തിലിരുന്നിട്ടും യോഗം സാധിക്കാമെങ്കിൽ യോഗമഠം കെട്ടി വിജനസ്ഥലത്തിരുന്നു സദാ ചിലർ അഭ്യസിക്കുന്നു. അങ്ങിനെ ചെയ്യണമെന്നു യോഗശാസ്ത്രത്തിലും പറയുന്നുവെല്ലൊ. എന്താ അങ്ങിനെ വിധിക്കുവാൻ കാരണം?

ഗുരു:— ഹേ ശിഷ്യ! വ്യവഹാരകാൎയ്യങ്ങളെല്ലാം വിട്ട് ഏകനായി ഒരിടത്തിൽ ഇരുന്നു സദാ യോഗം അഭ്യസിക്കുമ്പോൾ വേഗത്തിൽ സിദ്ധിക്കും. അങ്ങിനെയല്ലെ ഒരു കൂപം കഴിച്ചു വെള്ളം വേഗത്തിൽ എടുക്കേണമെന്ന് ആഗ്രഹമുള്ളവൻ മററാരു പ്രവൃത്തി എടുക്കാതെ ഇടവിടാതെ കിളച്ചാൽ വേഗത്തിൽ വെള്ളം കാണും. ഒരു ദിവസം ഖനിത്രംകൊണ്ടു (കൈക്കോട്ടുകൊണ്ട്) ഒന്നു കിളയ്ക്കുക്, പിന്നെ പിറേറദിവസവും അങ്ങിനെ ഒന്നു കിളക്കുക, മററുള്ള സമയമെല്ലാം വേറെ വേല ചെയ്യുക ഇങ്ങിനെ ആയാൽ ജലം വേഗത്തിൽ കിട്ടുമോ? ഇല്ല. വളരെ കാലം വേണ്ടിവരും. എല്ലാ കാൎയ്യവും ഇങ്ങിനെതന്നെ. അതുകൊണ്ടാകുന്നു വിജനസ്ഥലത്തിരുന്നു സദാ യോഗം

അഭ്യസിപ്പാൻ വിധിച്ചതു്. ആ വിധി വളരെ നന്നായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇന്നു കണ്ടവരെ നാളെക്കു കാണുന്നില്ല. ആയുസ്സു് എത്ര അസ്ഥിരമായിട്ടിരിക്കുന്നു. അപ്പോൾ സാധിക്കേണ്ടതു കഴിയുന്നവേഗത്തിൽ സാധിക്കേണ്ടതല്ലെ. സംസാരത്തിലിരുന്നു യോഗത്തെ സാധിപ്പാൻ സാമൎത്ഥ്യമില്ലാത്തവൎക്കും സംസാരം വിട്ടു വിജനസ്ഥലത്തിരുന്നു് അഭ്യസിച്ചാൽ യോഗം സിദ്ധിക്കും. എങ്ങിനെയെന്നാൽ, വ്യവഹാരം വിട്ടു വിജനസ്ഥലത്തിലിരുന്നാൽ ഒരു ബാധയും ഇല്ലല്ലൊ. തന്റെ നിഷ്ഠയിൽതന്നെ തനിക്കിരിക്കാമെല്ലൊ. സംസാരത്തിലിരിക്കുമ്പോൾ എന്തെല്ലാം ബാധയുണ്ടു്? ഇഷ്ടന്മാരും ദുഷ്ടന്മാരും കുടുംബക്കാരും ബന്ധുക്കളും മററും പലരും ഓരോ സംഗതിവശാൽ വന്നു ബാധിക്കും. ആ ബാധയെ നീക്കി ആത്മനിഷ്ഠയെ സാധിക്കേണമെങ്കിൽ അതിധീരനും യോഗത്തിൽ അത്യന്തം ആശയുള്ളവനും ഉപായജ്ഞനും ആയിരിക്കേണം. വെള്ളക്കേടും വെയിൽകേടും ശത്രുപീഡയും കള്ളന്മാരുടെയും കാട്ടുമൃഗങ്ങളുടെയും മററും ബാധയും ഉള്ള സ്ഥലത്തു വിളയിറക്കി എടുക്കേണമെങ്കിൽ അതിന്നു തക്ക യോഗ്യനായിരിക്കേണം. യാതൊരു കേടും ഉപദ്രവവും ഇല്ലാത്ത സ്ഥലത്തു വിളയിറക്കി എടുപ്പാൻ അത്ര യോഗ്യനായിരിക്കേണമെന്നില്ല.

## മനഃസിദ്ധൌ യോഗസിദ്ധി.

ശിഷ്യൻ:— പരമഗുരോ! യോഗം സിദ്ധിക്കേണമെങ്കിൽ എത്ര കാലം അഭ്യസിക്കേണം?

ഗുരു:— ഹേ ശിഷ്യ! സാധകതാരതമ്യംപോലെ സിദ്ധിക്കുന്നതാകുന്നു. ഒരേ അഗ്നിതന്നെ ഉണങ്ങിയ വിറകിൽ വേഗത്തിൽ പിടിച്ചു ജ്വലിക്കുന്നു. പച്ചവിറകിൽ വളരെ താമസിച്ചിട്ടെ പ്രകാശിക്കുന്നുള്ളു. അപ്പോലെ ഒരേ ഉപദേശംതന്നെ യോഗ്യതയുള്ള സാധകനിൽ വേഗത്തിൽ ഒരു ദിവസത്തിലകമോ ഒരു പക്ഷത്തിലകമോ ഒരു മാസത്തിലകമോ ആറു മാ

സത്തിലകമോ ഒരു കൊല്ലത്തിലകമോ പ്രകാശിക്കുന്നു. യോഗ്യതയില്ലാത്ത സാധകനിൽ ദീർഘകാലംകൊണ്ടു പ്രകാശിക്കുന്നു. ഒരേ വിത്തിനെത്തന്നെ വിതച്ചാലും ഭൂമിഭേദംകൊണ്ടു ചില സ്ഥലത്ത് അധികം വിളയുന്നു. ചില സ്ഥലത്ത് അത്ര വിളയുന്നില്ല. അപ്പോലെ ഒരേ ഉപദേശംതന്നെ ചില സാധകന്മാൎക്കു സിദ്ധികളേയും മുക്തിയേയും കൊടുക്കുന്നു. ചിലൎക്കു മുക്തിയെ മാത്രം കൊടുക്കുന്നു.

---

## മനഃസിദ്ധൌ സപ്തഭൂമ്യാദിസിദ്ധി.

---

ശിഷ്യൻ:— സ്വാമിൻ! മനോലയത്തിലെല്ലാം അടങ്ങിയതുകൊണ്ട് ഇനി ചോദിക്കേണ്ടതില്ല എങ്കിലും യോഗത്തിന്റെ സപ്തഭൂമികളെ വിവരിച്ച് എഴുതി അയച്ചാൽ കൊള്ളാമെന്ന് ഒരു മിത്രം എനിക്ക് എഴുതിയിരിക്കുന്നു.

ഗുരു:— കേട്ടാലും. ൧. ശുഭേച്ഛാ, ൨. വിചാരണാ, ൩. തനുമാനസാ, ൪. സത്വാപത്തി, ൫. അസംസക്തി, ൬. പദാൎത്ഥാഭാവിനീ, ൭. തുൎയ്യഗാ. അൎത്ഥം:— ൧. ശുഭേച്ഛാ=മോക്ഷേച്ഛാ, ൨. വിചാരണാ=സാരാസാരവിചാരം (സാരമേതാണ് അസാരമേതാണ് എന്ന് ആലോചിച്ചറിയുക) ൩. തനുമാനസാ=തനുവായിരിക്കുന്ന മാനസത്തോടുകൂടിയത്, തനു=സൂക്ഷ്മം. മാനസം=മനസ്സ്. (അനേക വിഷയങ്ങളെ ഗ്രഹിച്ചുകൊണ്ടിരിക്കുന്ന മാനസം അതിനെയെല്ലാം വിട്ട് എപ്പോൾ സദാ ആത്മചിന്തയിൽ നില്ക്കുന്നുവോ അപ്പോൾ മാനസം സൂക്ഷ്മമായി. അങ്ങിനെ സൂക്ഷ്മരൂപമായ മാനസത്തോടു കൂടിയതുകൊണ്ടു തനുമാനസാ എന്നു പേർ. ഈ മൂന്നു ഭൂമികളും സാധനഭൂമികളാകുന്നു. ഇവയിൽ ഇരിക്കുന്ന യോഗിയെ സാധകൻ എന്നു പറയുന്നു), ൪. സത്വാപത്തി=സത്വത്തിങ്കൽ ആപത്തി, സത്വം=അന്തഃകരണം, ആപത്തി=ആവിൎഭവിക്കൽ (മനസ്സിൽ സച്ചിദാനന്ദവസ്തുവിന്റെ സ്ഫുരണം എന്നു താല്പൎയ്യം). ഈ ഭൂമി ഫലഭൂമിയാകുന്നു. ഇതിൽ ഇരിക്കുന്ന യോഗിയെ ബ്രഹ്മവിത്ത് എന്നു പറയുന്നു. ഈ ൪-ാം ഭൂമിയെ സമ്പ്രജ്ഞാതഭൂമി എന്നും പറയും, ൫. അസംസക്തി=സംസക്തിയോടുകൂടാത്തതു

കൊണ്ട് അസംസക്തി എന്ന പേർ. സംസക്തി (ആശ) ഇല്ലാത്തതുകൊണ്ട് ൫-ാംഭൂമിക്ക് അസംസക്തി എന്ന പേർ. ഇതിൽ ഇരിക്കുന്ന യോഗിയെ ബ്രഹ്മവിദ്വരൻ എന്ന പറയുന്നു, ൬. പദാൎത്ഥാഭാവനാ=യാതൊരു പദാൎത്ഥത്തെയും വിചാരിക്കാത്തതുകൊണ്ടു പദാൎത്ഥാഭാവനാ എന്ന പേർ. ഈ ൬-ാം ഭൂമിയിലിരിക്കുന്ന യോഗിയെ മറെറാരാൾ ഉണൎത്തിയാലെ സമാധിയിൽനിന്ന് ഉത്ഥാനം ചെയ്യയുള്ളൂ. ഈ യോഗിയെ ബ്രഹ്മവിദ്വരീയാൻ എന്ന പറയും, ൭. തുൎയ്യഗാ=തുൎയ്യത്തെ ഗമിച്ചതുകൊണ്ടു തുൎയ്യഗാ എന്ന പേർ. തുൎയ്യം=അഖണ്ഡസച്ചിദാനന്ദവസ്തു. ഈ ൭-ാം ഭൂമിയിലെത്തിയ യോഗിയെ ബ്രഹ്മവിദ്വരിഷ്ഠൻ എന്ന പറയുന്നു. ഈ വരിഷ്ഠനെ മറെറാരാൾ ഉണൎത്തിയാലും സമാധിയിൽനിന്ന് ഉണരുകയില്ല. താൻ താനേയും ഉണരുകയില്ല. ഈ ൭-ാം ഭൂമിയിൽ എത്തിയാൽ വിദേഹമുക്തിയായി. അതിന്നു പ്രമാണം.

വിദേഹമുക്തതാത്രൂക്താ സപ്തമീയോഗഭൂമികാ.

(എന്നു വാസിഷ്ഠം).

അൎത്ഥം:— ഏഴാമത്തെ യോഗഭൂമിയെ വിദേഹമുക്തി എന്നു പറയുന്നു. ൫, ൬, ൭ ഈ ഭൂമികളെ അസമ്പ്രജ്ഞാതഭൂമികൾ എന്നും പറയും. ൪, ൫, ൬ ഈ ഭൂമികളിൽ ഇരിക്കുന്നവരെ ജീവന്മുക്തന്മാർ എന്നു പറയും. സമാധി വിട്ടപ്പോൾ പ്രാണരക്ഷണത്തിന്നു മാത്രമായി സ്വേച്ഛയാലൊ പരേച്ഛയാലൊ ജീവൻെറ വ്യവഹാരമുണ്ട്. എങ്കിലും മുക്തന്മാർതന്നെ. അതുകൊണ്ടു ജീവന്മുക്തന്മാർ എന്നു പറയുന്നു. ഹേ ശിഷ്യ! സാരാസാരവിചാരണയെന്ന രണ്ടാം ഭൂമിയിൽനിന്നു സിദ്ധോപദേശമാകുന്ന സാരം എന്നറിഞ്ഞ് അതിനെ ഗ്രഹിക്കയാൽ 'തനുമാനസാ' എന്ന മൂന്നാംഭൂമി സിദ്ധിക്കുന്നു. അതിൽനിന്നു'സത്വാപത്തി' എന്ന നാലാം ഭൂമിയിലെത്തുന്നു. അതിൻെറ അഭിവൃദ്ധി താരതമ്യം തന്നെ മറവുള്ള മൂന്നു ഭൂമികളും. സാരം സിദ്ധമാൎഗ്ഗം (യോഗമാൎഗ്ഗം) ആകുന്നു എന്നു മുമ്പു തെളിയിച്ചിട്ടുണ്ട്. എന്നാൽ ഈ സാരമാൎഗ്ഗത്തെ വിട്ടു സ്ഥൂലകൎമ്മങ്ങളിൽ ഭ്രമി

പ്പാനുള്ള കാരണം കപടശാസ്ത്രത്തെ യഥാൎത്ഥമെന്നു തെററി ധരിച്ചിട്ടാകുന്നു. അതിന്നു പ്രമാണം.

ഇദംപാപമിദംപുണ്യ മിതിബിഭ്യതികൎമ്മഠാഃ
ദൃഷ്ട്വാകൈതവശാസ്ത്രാണി വാദംഭഘടിതാനിച
തേഷാംഗത്യന്തരംസിദ്ധം ജന്മമൃത്യുജരാസ്പദം
ചിത്തക്ഷോഭകരൈരുഗ്രൈ സ്തപോഭിശ്ചവ്രതൈസ്സദാ
മുഹ്യന്തിപ്രാണിനോദേവി വാഗുരേഷ്വണ്ഡജാഇവ
കാമധേനൗഗൃഹസ്ഥായാം ദോഗ്ദ്ധുമിച്ഛന്തിഗൎദ്ദഭാം
ജ്ഞാനദീപംമഹാജ്വാല മഭ്യാസസ്നേഹപൂരിതം
ഭ്രാജതേചമഹാപത്മെ സുഖസാദ്ധ്യംമനസ്വിനാം
ഏതൽസന്ത്യജ്യഹാചിത്രം നാനാസിദ്ധാന്തവാദിനഃ
തേഷാംനദൎശ്നീയന്തു മഹായോഗമിദംപ്രിയെ.

(എന്നു ശിവജ്ഞാനദീപികയിൽ പറഞ്ഞിരിക്കുന്നു).

അൎത്ഥം:— വാചാലന്മാരാൽ നിൎമ്മിക്കപ്പെട്ട കപടശാസ്ത്രങ്ങളെ കണ്ടിട്ട് 'ഇതു പാപം ഇതു പുണ്യം' എന്നിങ്ങിനെ കൎമ്മികൾ ഭയപ്പെടുന്നു. അവൎക്കുള്ള ഗതി ജനിക്കുക,മരിക്കുക, ജരിക്കുക എന്നതാകുന്നു. ഹേ ദേവി! വലയിൽ പക്ഷികൾ എന്നപോലെ ജനങ്ങൾ മനക്ഷോഭത്തെ ഉണ്ടാക്കുന്ന ഉഗ്രങ്ങളായ തപസ്സുകൾകൊണ്ടും വ്രതങ്ങൾകൊണ്ടും സദാ മോഹാലസ്യത്തിൽ പെട്ടുകൊണ്ടിരിക്കുന്നു. ഇച്ഛിച്ചതിനെ എല്ലാം കൊടുക്കുന്ന കാമധേനു കയ്യിലിരിക്കുമ്പോൾ കഴുതയെ കറക്കുവാൻ കാംക്ഷിക്കുന്നു. അഭ്യാസമാകുന്ന എണ്ണയാൽ പൂൎണ്ണമായി മഹാപ്രഭയോടുകൂടിയ ജ്ഞാനദീപം സഹസ്രാരപത്മത്തിൽ വിളങ്ങുന്നു. ഇതു ധീരന്മാൎക്ക സുഖമായി സാധിക്കപ്പെടാവുന്നതാകുന്നു. ഇതിനെ വിട്ടു നാനാ സിദ്ധാന്തവാദികളായിട്ടിരിക്കുന്നു. കഷ്ടം! ആശ്ചൎയ്യം! അവൎക്ക് ഈ മഹായോഗം ദൎശിക്കപ്പെടുവാൻ കഴിയുന്നതല്ല. (സാരമേറിയ യോഗത്താൽ തന്നിൽ വിളങ്ങുന്ന ജ്ഞാനദീപത്തെ കാണ്മാൻ സംഗതിയിരിക്കെ പണ്ഡിതന്മാനികളാൽ ഉണ്ടാക്കപ്പെട്ട കപടശാസ്ത്രങ്ങൾ കണ്ടു

യാഗവ്രതാദി നാനാ കമ്മങ്ങളിൽ ഭ്രമിക്കുന്നതു കാമധേനു കയ്യിലിരിക്കുമ്പോൾ കഴുതയെ കറപ്പാൻ കാംക്ഷിക്കുന്നതുപോലെയാകുന്നു. ആ കൂട്ടക്കു ജനനമരണാദി ദുഃഖംതന്നെ ഫലം. യോഗം സിദ്ധിക്കയില്ല) എന്ന് അഭിപ്രായം. അതുകൊണ്ടു ഞാൻ ഉപദേശിച്ചപ്രകാരം പ്രതിപൽദൃഷ്ടികൊണ്ടൊ അമാദൃഷ്ടികൊണ്ടൊ പൂർണ്ണിമാദൃഷ്ടികൊണ്ടു ഭ്രൂമദ്ധ്യത്തിൽതന്നെ മനസ്സിനെ നിറുത്തു. അതുതന്നെ സുഷുമ്നാവഴി. ആ വഴിക്കു സച്ചിദാനന്ദശക്തിയിൽ മനസ്സു ലയിച്ചുകൊള്ളും. നദിയിൽ ചെന്ന പ്രവാഹത്തിന്നു സമുദ്രത്തിൽ ചെന്നുചേരുവാൻ വഴി അന്വേഷിക്കേണമൊ? വേണ്ട. അപ്പോലെ ആ സ്ഥാനത്തിൽ ചെന്ന മനസ്സിന്ന് ആനന്ദസമുദ്രത്തിൽച്ചെന്നു ലയിപ്പാനും വഴി അന്വേഷിക്കേണ്ടാ. വേദവേദാന്ത ശാസ്ത്രാദികളുടെ ആവശ്യവും ഇല്ല. അഭ്യാസകാലത്തുമാത്രമെ അദ്ധ്വാനമുള്ളു. അനുഭവം തുടങ്ങിയാൽ യാതൊരു പ്രയത്നവും വേണ്ടാ. അതിന്നു പ്രമാണം.

നദൃഷ്ടിലക്ഷ്യാണിനചിത്തബന്ധോ
നദേശകാലൌ നചവായുരോധഃ
നധാരണാധ്യാനപരിശ്രമൊവാ
സമേധമാനെസതിരാജയോഗെ.

(എന്നു യോഗതാരാവലി).

അർത്ഥം: – രാജയോഗം വർദ്ധിച്ചുവരുമ്പോൾ ദൃഷ്ടിയേയും ലക്ഷ്യത്തിൽ നിറുത്തേണ്ടാ. മനസ്സിനേയും ബന്ധിക്കേണ്ടാ. വായുവിനേയും ഒതുക്കേണ്ടാ. ധാരണാധ്യാനങ്ങളിലും പരിശ്രമിക്കേണ്ടാ. ദേശകാലങ്ങളും ഇല്ല. (ഇന്ന ദേശത്ത് ഇന്ന സമയത്ത് എന്ന നിയമവും ഇല്ല. എന്നാൽ വല്ല ദിക്കിലും വല്ല സംസാരകാര്യത്തിൽ ഏർപ്പെട്ടിരിക്കുന്ന കാലത്തുംകൂടി അയത്നസിദ്ധമായി യോഗാനന്ദാനുഭവമുണ്ടാകും) എന്നഭിപ്രായം. അതുകൊണ്ടു യോഗംതന്നെ അത്യുൽകൃഷ്ടം. സൂക്ഷ്മത്തിലുള്ള ജ്ഞാനവും ഭക്തിയും സൽകമ്മവും യോഗത്തിൽ അടങ്ങിപ്പോയി.

അതിനാൽ യോഗിതന്നെ സൽകൎമ്മി, യോഗിതന്നെ പരമഭ ക്തൻ, യോഗിതന്നെ പരമജ്ഞാനി.

ശിഷ്യൻ:—സ്വാമിൻ! ഞാൻ ഭവാനാൽ അത്യന്തം അ നുഗ്രഹീതനായി. എൻെറ ചിത്തഭൂമിയിൽ വളൎന്നിരുന്ന സം ശയങ്ങളാകുന്ന വിഷവൃക്ഷങ്ങളെ പ്രമാണയുക്തി വചനങ്ങളാ കുന്ന ദിവ്യശസ്ത്രങ്ങൾകൊണ്ട് അങ്ങുന്നു ഖണ്ഡിച്ചുകളഞ്ഞു അവയുടെ സ്ഥാനത്തു യോഗജ്ഞാനമാകുന്ന കല്പലതയെ നട്ടു കയും ചെയ്തു. ഇനി അങ്ങയുടെ കാരുണ്യമാകുന്ന അമൃതത്തി ൻെറ വൎഷംകൊണ്ട് അത് അക്ഷയാനന്ദമാകുന്ന ഫലത്തെ എന്നെന്നും ഇനിക്കു നൽകുവാൻ അങ്ങെക്കു നമസ്കാരം. ഹെ ബ്രഹ്മാനന്ദസ്വാമിൻ! അങ്ങെക്കു നമസ്കാരം. ഹെ ശിവയോ ഗിൻ! അങ്ങെക്കു നമസ്കാരം. ഹെ ആദിനാഥശിഷ്യ! അങ്ങെ ക്കു നമസ്കാരം. ഹെ സിദ്ധമാൎഗ്ഗതത്വപ്രകാശക! അങ്ങെക്കു നമസ്കാരം. ഹെ അഹിംസാധൎമ്മപരിപാലക! ഹെ ദയാളൊ! ഹെ സിദ്ധഗുരൊ!

നമസ്കാരം! നമസ്കാരം!! നമസ്കാരം!!!

ഗുരു:—ഹെ ശിഷ്യ! ആനന്ദീഭവ, ആനന്ദീഭവ, ആന ന്ദീഭവ.

## മുൻഷിപ്പണി വിടുമ്പോൾ ഞാൻ കുട്ടികൾക്ക് ഉപദേശിച്ചനുഗ്രഹിച്ച പദ്യങ്ങൾ.

---

൧. പഠിപ്പുതന്നെ മനുജന്നു ഭൂഷണം
ഉടുപ്പുഭൂഷാദികളൊന്നുമല്ലഹൊ
മിടുക്കരായിട്ടു വരേണമെങ്കിലൊ
മടിച്ചിടാതങ്ങു പഠിച്ചുകൊള്ളുവിൻ.

൨. ഇല്ലെങ്കിലൊ നല്ല പഠിപ്പു ബാലരെ
പുല്ലിന്നു തുല്യം പുരുഷന്റെ ജന്മവും
ചൊല്ലാർന്നസൌഖ്യത്തിനു പാത്രമായിടാ
വല്ലാത്തദുഃഖത്തിനു പാത്രമായിടും.

൩. കുപ്പായവും തൊപ്പിയുമിട്ടുചെന്നാൽ
സൽപൂരുഷന്മാർ വകവെക്കയില്ലാ
അല്ലേതരപ്രാഭവകീർത്തിനേടാൻ
എപ്പോഴുമമ്പോടു പഠിച്ചുകൊൾവിൻ.

൪. മാതാവിനെപ്പോലിഹ രക്ഷചെയ്യും
താതന്നുതുല്യം ഹിതവും കഥിക്കും
ചേതസ്സിലാനന്ദമതീവ നൽകും
ഏതൊന്നു വിദ്യയ്ക്കുസമം നിനച്ചാൽ.

൫. ചാടീടൊല്ല കുളത്തിലും കുഴിയിലും
സ്നാനത്തിനായ് ചെല്ലുകിൽ
ഓടീടൊല്ല പതിച്ചു വല്ലപകടം
പററീടുമെൻ ശിഷ്യരേ!
കൂടീടൊല്ലൊരുകാലവും വികൃതിയാം
കൂട്ടത്തിലൊന്നിങ്കലും
നേടീടൊല്ല ധനത്തെ നീതിയെവെടി-
ഞ്ഞിട്ടൊന്നുകൊണ്ടെങ്കിലും.

൬. കേറീടൊല്ല ഫലത്തിനായ് മരമതിൽ
വീണീടുമെൻ ബാലരേ!
കേറീടിൻ ദിവസം പഠിപ്പിലതിനാൽ
കിട്ടും ഫലം നല്ലതു
മാറീടൊല്ലിഹ ദൈവചിന്തനയിൽനി-
ന്നോരേതുകാലത്തിലും
മാറീടിൻ ക്ഷണമിങ്ങു നിന്ദ്യമതിൽനി-
ന്നെല്ലാമെപ്പോഴും ശിഷ്യരേ!

൭. ദീനംപിടിക്കാതെ കഴിപ്പതിന്നായ്
ഊണിൻെറകാൎയ്യത്തിലതീവകൃത്യം
വേണം വിശക്കുന്നൊരുകാലമൂണും
ക്ഷീണിക്കിൽ ദേഹം സകലം നിരൎത്ഥം

൮. അന്നത്താൽ കുക്ഷിയൎദ്ധത്തെ
മന്ദംപൂരിച്ചുകൊള്ളുവിൻ
പിന്നെ കാൽവയർ വെള്ളത്താൽ
തന്നെ പൂരിക്കവേണ്ടതു.

൯. ഉറക്കവും വേണ്ടതുപോലെവേണം
മറക്കൊലാ നമ്മുടെ ഭാഷിതത്തെ
വെറുപ്പുകാട്ടീടരുതേവനോടും
ഉരച്ചിടേണം പ്രിയമേവനോടും.

൧൦. എല്ലാവരോടും പ്രിയമോടിരിപ്പിൻ
തല്ലൊല്ല കൊല്ലൊല്ലൊരുജന്തുവേയും
ഇല്ലാ അഹിംസയ്ക്കു സമാനധൎമ്മം
അല്ലൽപെടുത്തൊല്ലൊരുജീവിയേയും

൧൧. ഒരുജന്തുവിന്നുമൊരുപദ്രവത്തിനെ
കരണത്രയാദപി കൊടുത്തിടാത്തതു
പരമാമഹിംസയതിൽമീതെ ധൎമ്മമി-
ല്ലറിവിൻ നടപ്പിനതുപോലെയെപ്പോഴും.

൧൨. അച്ഛനമ്മനിജസോദരാദിയെ
നിശ്ചലം ദിവസമാദരിക്കണം
കച്ചിടൊല്ലവരെ ഭാൎയ്യമാരുടെ
തുച്ഛവാക്കുകൾ നിമിത്തമൊട്ടുമെ.

൧൩. നന്നായ്യുറിച്ച ബഹുയോഗ്യതകിട്ടിയാലും
കുന്നോളമിങ്ങു പണമങ്ങിനെ നേടിയാലും
വന്ദിച്ചിടായ്കിൽ ദിവസം ജഗദീശപാദം
നിന്ദ്യം മനുഷ്യരുടെ സൎവ്വമെന്നുമോൎക്കിൻ.

൧൪. ഇന്ദ്രപ്പട്ടം തൃണംപോൽ കരുതി മരുവിടും
യോഗിയാകുന്ന ഈ ഞാൻ
ഇന്നത്തോളം പഠിപ്പിപ്പതിനൊരുഗുരുവാ-
യെന്നെ നിങ്ങൾക്കു കിട്ടി
ഇന്നിക്കാലത്തെ യോഗാൽ സുഖമൊടനുദിനം
ഞാൻ കഴിക്കട്ടെ നിങ്ങൾ
നന്നായ് നിത്യം പഠിപ്പിൻ സുഖമൊടുമരുവിൻ
ദൈവമുണ്ടെന്നുമോൎക്കിൻ.

എന്നു ബ്രഹ്മാനന്ദസ്വാമി,
ശിവയോഗി.

B127
Rattnam

20 OCT 1938

MUL

034887